# അർത്ഥപരിണാമം മലയാളപദങ്ങളിൽ

കാലിക്കറ്റ് സർവ്വകലാശാലയിലെ മലയാള – കേരളപഠനവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി
സമർപ്പിക്കുന്ന ഗവേഷണപ്രബന്ധം

**സന്ധ്യ പി.പി.**

**മലയാള-കേരളപഠനവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**

**2018**

# SEMANTIC CHANGES IN MALAYALAM LEXICAL ITEMS

**Thesis submitted under the**
**Department of Malayalam and Kerala Studies**
**of Calicut University**
**for the Award of Doctor of Philosophy**


**SANDHYA P.P.**



**DEPARTMENT OF MALAYALAM AND KERALA STUDIES**
**UNIVERISTY OF CALICUT**


**2018**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദ ത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന **'അർത്ഥപരിണാമം മലയാള പദങ്ങളിൽ'** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീ ക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാ രത്തിനോ വേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യമായി ബോധിപ്പിക്കുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി
തിയ്യതി:

**സന്ധ്യ പി.പി.**

**ഡോ. സോമനാഥൻ പി.**
അസോസിയേറ്റ് പ്രൊഫസർ
മലയാള-കേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ മലയാള-കേരളപഠനവിഭാഗത്തിൽ പി.എച്ച്.ഡി. ബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന **'അർത്ഥ പരിണാമം മലയാളപദങ്ങളിൽ'** എന്ന ഈ പ്രബന്ധം **സന്ധ്യ പി.പി.** എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി

തിയ്യതി: **ഡോ. സോമനാഥൻ പി.**

# കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദ ത്തിനായി തയ്യാറാക്കിയ ഈ പ്രബന്ധത്തിന്റെ രചനയ്ക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകിയ എന്റെ ഗവേഷണമാർഗ്ഗദർശി ഡോ. സോമനാഥൻ പി. യോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പ്രബന്ധത്തിന്റെ പൂർത്തീകരണ ത്തിനായി പ്രോത്സാഹനം നൽകിയ വകുപ്പുമേധാവി ഡോ. എൽ തോമസുകുട്ടി, ഗവേഷണകാലയളവിൽ വകുപ്പദ്ധ്യക്ഷന്മാരായിരുന്ന ഡോ. അനിൽ വള്ളത്തോൾ, ഡോ. ഉമർ തറമേൽ എന്നിവരും നൽകിയ നിർലോഭമായ സഹായത്തിന് ഏറെ നന്ദിയുണ്ട്. ഗവേഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ തന്ന മലയാളവിഭാഗ ത്തിലെ മറ്റ് അദ്ധ്യാപകരായ ഡോ. ആർ.വി.എം. ദിവാകരൻ, ഡോ. എം.ബി.മനോ ജ്, ഡോ. കെ.എം. അനിൽ എന്നിവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്ക ട്ടെ. ഗവേഷണകാലയളവിൽ ആവശ്യമായ സഹായം നൽകിയ മലയാളവിഭാഗ ത്തിലെ ഓഫീസ് ജീവനക്കാരോടുള്ള എന്റെ കടപ്പാടും രേഖപ്പെടുത്തുന്നു.

ഗവേഷണം പൂർത്തിയാക്കാൻ വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയ ആദരണീയഗുരു ഡോ. ടി.ബി.വേണുഗോപാലപ്പണിക്കർ, ഗവേഷണത്തി നാവശ്യമായ ദത്തങ്ങൾ തന്നു സഹായിച്ച പ്രിയപ്പെട്ട അദ്ധ്യാപകൻ ഡോ. എൻ.ഗോപിനാഥൻനായർ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. ഗവേഷണ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകിയ സന്തോഷേട്ടനും അച്ഛനമ്മ മാർക്കും മക്കൾക്കും നന്ദി. പ്രബന്ധരചനയുടെ സമയത്ത് നിർദ്ദേശങ്ങൾ നൽകി സഹായിച്ച സുഹൃത്തുക്കളായ നീതുഗോപി, ബാബുരാജൻ മാഷ്, ദിവ്യ എം.ആർ, ജിഷി കോട്ടക്കുന്നിൻമേൽ, സൈനബ പെരുങ്ങോടൻ എന്നിവരോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.

റഫറൻസിനായി സൗകര്യങ്ങൾ ചെയ്തുതന്ന കാലിക്കറ്റ് സർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, സി.എച്ച്. മുഹമ്മദ്കോയ ലൈബ്രറി, തൃശ്ശൂർ അപ്പൻ തമ്പുരാൻ ലൈബ്രറി, കേരളസാഹിത്യഅക്കാദമി, കോഴിക്കോട് സെൻട്രൽ ലൈബ്രറി, കക്കോവ് വിജ്ഞാനോദയം വായനശാല എന്നിവിടങ്ങളിലെ ജീവന ക്കാർക്കും സമയബന്ധിതമായി പ്രബന്ധം ഡി.ടി.പി. ചെയ്തുതന്ന ബിന ഫോട്ടോ സ്റ്റാറ്റിലെ ബാലുവേട്ടനും മറ്റ് ജീവനക്കാർക്കും അതിയായ നന്ദി സമർപ്പിക്കുന്നു.

**സന്ധ്യ പി.പി.**

# ചുരുക്കെഴുത്ത് സൂചിക

| | | |
|---|---|---|
| അ. മ. നി. | - | അഭിനവമലയാളനിഘണ്ടു |
| എഡി. | - | എഡിറ്റർ |
| കേ. ഭാ. നി. | - | കേരളഭാഷാനിഘണ്ടു |
| ഗു.നി. | - | ഗുണ്ടർട്ട് നിഘണ്ടു |
| പ.മ.നി. | - | പച്ചമലയാളനിഘണ്ടു |
| പു. | - | പുറം |
| മ.ലെ. | - | മലയാളം ലെക്സിക്കൻ |
| വ്യാഖ്യാ. | - | വ്യാഖ്യാനം |
| ശ. താ. | - | ശബ്ദതാരാവലി |

# ഉള്ളടക്കം


**ആമുഖം** 1 – 7

**അദ്ധ്യായം 1 പദം, അർത്ഥം, അർത്ഥപരിണാമം : സങ്കൽപ്പനങ്ങൾ** 8 – 73

1.1. **പദം**

1.1.1. വൈയാകരണന്മാരുടെ പദനിർവ്വചനങ്ങൾ

1.1.2. പദം ഭാഷാശാസ്ത്രത്തിൽ

1.1.3. പദം നിഘണ്ടുവിൽ

**1.2. അർത്ഥം**

1.2.1. അർത്ഥസിദ്ധാന്തങ്ങൾ

1.2.1.1. അപോഹസിദ്ധാന്തം

1.2.1.2. അഭിഹിതാന്വയവാദം

1.2.1.3. അന്വിതാഭിധാനവാദം

1.2.1.4. സ്ഫോടസിദ്ധാന്തം

1.2.2. പാശ്ചാത്യമായ അർത്ഥസങ്കൽപ്പനങ്ങൾ

1.2.2.1. ഘടനാവാദം

1.2.2.2. ഘടനാനന്തരവാദം

1.2.3. അർത്ഥത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

1.2.4. അർത്ഥാധിഷ്ഠിത പദവിഭാഗങ്ങൾ

1.2.5. ശബ്ദവ്യാപാരങ്ങൾ

1.2.6. അർത്ഥവൈവിധ്യം

**1.3. ഭാഷാപരിണാമം**

1.3.1. ഭാഷാപരിണാമരീതികൾ

1.3.1.1. സ്വനിമികപരിണാമം

1.3.1.2. സ്വനപരിണാമം

1.3.1.3. വ്യാകരണതലപരിണാമം

1.3.1.4. സന്ധിതലപരിണാമം

1.3.1.5. അർത്ഥപരിണാമം

1.3.1.5.1. അർത്ഥപരിണാമത്തിന്റെ കാരണങ്ങൾ

1.3.1.5.2. അർത്ഥപരിവർത്തനരീതികൾ

**അദ്ധ്യായം 2 ആദാനപദങ്ങളിലെ അർത്ഥപരിണാമം** 74 – 139

2.1. അർത്ഥവികാസം സംഭവിച്ച പദങ്ങൾ

2.2. അർത്ഥസങ്കോചം സംഭവിച്ച പദങ്ങൾ

2.3. അർത്ഥാദേശം സംഭവിച്ച പദങ്ങൾ

**അദ്ധ്യായം 3 അർത്ഥപരിണാമത്തിന്റെ ഭാഷാവഴികൾ** 140 – 196

**3.1. വിവർത്തനവും സാങ്കേതികപദങ്ങളും**

**3.2. വാമൊഴി**

3.2.1. ദേശഭേദം

3.2.2. ശകാരവാക്കുകൾ

3.2.2.1. ശകാരവാക്കുകളായി മാറിയ ജന്തുനാമങ്ങൾ

3.2.3. ജാതിനാമങ്ങൾ

3.2.4. ബന്ധസൂചകപദങ്ങൾ

3.2.5. സ്ത്രീസംബോധനകൾ

3.2.6. ലിംഗഭേദം

3.2.7. കോഡുഭാഷ

3.2.7.1. തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ

3.2.8. കാമ്പസ്

3.2.8.1. അർത്ഥമാറ്റം വന്ന ക്രിയാപദങ്ങൾ

3.2.8.2. വിശേഷണപദങ്ങൾ

3.2.9. മാധ്യമസ്വാധീനം

3.2.9.1. പരസ്യം

3.2.9.2. സിനിമ

3.2.9.3. നവമാധ്യമങ്ങൾ

**അദ്ധ്യായം 4 അർത്ഥപരിണാമവും നിഘണ്ടുക്കളും** 197 – 259

**4.1. നിഘണ്ടുവും അർത്ഥവിവരണവും**

4.1.1. അർത്ഥമണ്ഡലം

4.2. അർത്ഥമാറ്റത്തെ രേഖപ്പെടുത്താത്തവ

4.3. അർത്ഥമാറ്റത്തെ വിവധതരത്തിൽ രേഖപ്പെടുത്തിയവ

4.4. അർത്ഥമാറ്റത്തെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാധാന്യം നൽകാത്തവ

4.5. മലയാളനിഘണ്ടുക്കളുടെ പരിമിതികൾ

**ഉപസംഹാരം** 260 – 267

**ഗ്രന്ഥസൂചി** 268 – 282

# ആമുഖം

ജീവത്ഭാഷകളെല്ലാം നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിലെ മാറ്റങ്ങൾക്കനുസൃതമായി ഭാഷയും മാറുന്നുണ്ട്. പുതിയ ആശയങ്ങൾക്കനുസരിച്ച് അവയെ ആവിഷ്ക്കരിക്കാനുള്ള പുതുപ്രയോഗങ്ങളും ഉണ്ടാകുന്നു. അതുപോലെ ആശയങ്ങൾ അപ്രസക്തമാകുന്നതിനു സമാന്തരമായി അതിന്റെ ആവിഷ്ക്കാരോപാധികളും നിഷ്ക്രമിച്ചെന്നും വരാം. കണ്ടുകിട്ടിയ പ്രാചീനകൃതിയായ 'രാമചരിത'ത്തിൽനിന്ന് പുതിയ കൃതികളിലേക്കെത്തുമ്പോൾ പദ്യത്തിലും ഗദ്യത്തിലും ഉപയോഗിച്ചിരിക്കുന്ന ഭാഷ വളരെയേറെ മാറിയതായി ഒറ്റനോട്ടത്തിൽത്തന്നെ കാണാം. സ്വനം, സ്വനിമം, രൂപിമം, പദം, അർത്ഥം എന്നീ തലങ്ങളിലെല്ലാം ഭാഷാപരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇവയിൽ പദത്തിന്റെ അർത്ഥതലത്തിന് സംഭവിക്കുന്ന പരിണാമമാണ് ഈ പ്രബന്ധത്തിന്റെ വിഷയം.

പ്രാചീനഭാരതീയാചാര്യന്മാരുടെ വാദമനുസരിച്ച് ഭാഷയുടെ ആത്മാവ് അർത്ഥവും ശരീരം ശബ്ദവുമാണ്. ശബ്ദാർത്ഥങ്ങൾ പരസ്പരം പുലർത്തുന്ന ബന്ധത്തെ ആശ്രയിച്ചാണ് ഭാഷാപ്രയോഗങ്ങളും ഉണ്ടാകുന്നത്. ശബ്ദാർത്ഥബന്ധം, പക്ഷേ വസ്തുതാപരമോ യുക്തിപരമോ ആയിരിക്കണമെന്നില്ല. ഒരു വാക്കിന് ശരിയായ അർത്ഥം ഒന്നല്ല, പലതുണ്ട്. പ്രയോഗസന്ദർഭമാണ് ഒരർത്ഥത്തെ ശരിയെന്നും മറ്റർത്ഥങ്ങളെ ശരിയല്ലാത്തതെന്നും വേർതിരിക്കുന്നത്. ഉപയോഗിക്കുന്ന സന്ദർഭം മാത്രമല്ല വ്യക്തികളുടെ താത്പര്യത്തിന്റെയും വ്യത്യാസമനുസരിച്ച് അർത്ഥങ്ങൾ മാറിക്കൊണ്ടേയിരിക്കുന്നു.

### പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും

ആശയസംവാദത്തിന്റെ ഒരു സന്ദർഭത്തിൽ പ്രയോഗിക്കുമ്പോൾ മാത്രമേ ശബ്ദത്തിന് അർത്ഥമുണ്ടാകുന്നുള്ളൂ. ശബ്ദം അർത്ഥജ്ഞാനത്തിനുള്ള ഉപാധിമാത്രമാണ്. അർത്ഥജ്ഞാനമാകട്ടെ ഉപാധികളിലൂടെയല്ലാതെ ഉണർത്താനാകുന്നുമി

ല്ല. അങ്ങനെ ശബ്ദവും അർത്ഥവും അന്യോന്യാശ്രിതമാകുന്നു. എന്നാൽ ഇത് സ്ഥിരമായി നിൽക്കണമെന്നില്ല. ഭാഷയിൽ ശബ്ദങ്ങൾക്ക് അർത്ഥപരിണാമം സാധ്യമാണെന്നല്ല, സ്വാഭാവികമാണെന്നാണ്. ഒരു ശബ്ദത്തിനുതന്നെ ഒന്നിൽക്കൂടുതൽ അർത്ഥങ്ങളുണ്ടാകുന്നതും സാധാരണമാണ്. ശബ്ദങ്ങളുടെ ഇത്തരം സവിശേഷതകൾ അർത്ഥപരിണാമത്തിനുള്ള സാധ്യതകൾ തുറന്നിടുന്നുണ്ട്. ഓരോ കാലത്തെയും സംസ്കാരത്തിന്റെ പ്രത്യേകതകൾ ഉൾക്കൊണ്ടിരിക്കുന്നവയാണ് പദങ്ങൾ. സാംസ്കാരികമാറ്റത്തിനനുസരിച്ച് കാലക്രമേണ ഒരേ പദത്തിന് അർത്ഥം വ്യത്യാസപ്പെട്ടും വരാം. ഒരു പദത്തിന് കാലാന്തരത്തിൽ വ്യത്യസ്തമായ അർത്ഥങ്ങൾ ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കുന്നതിന് കാലഘട്ടങ്ങളിലൂടെയുള്ള ആ വാക്കിന്റെ പ്രയാണകഥ പഠിക്കേണ്ടിയിരിക്കുന്നു. പദങ്ങളുടെ അർത്ഥപരിണാമത്തെക്കുറിച്ച് ചരിത്രാത്മകപ്രാധാന്യത്തോടെ വിലയിരുത്താനാണ് ഈ പ്രബന്ധം ലക്ഷ്യംവെക്കുന്നത്.

പദങ്ങളുടെ അർത്ഥപരിണാമത്തെക്കുറിച്ചും മലയാളത്തിലെ പദങ്ങളുടെ പരിണാമത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചും വിശദമായി പഠിക്കുന്നത് തീർത്തും പ്രസക്തമാണ്. അതാണ് ഈ പഠനത്തെ പ്രസക്തമാക്കുന്നത്.

**ഉപാദാനങ്ങൾ**

മലയാളപദങ്ങളുടെ അർത്ഥപരിണാമത്തെക്കുറിച്ചുള്ള ചരിത്രപരമായ പഠനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് നിഘണ്ടുക്കളെയാണ്. ഓരോരോ കാലഘട്ടത്തിലും പദങ്ങൾക്കുസംഭവിച്ച അർത്ഥപരിണാമം കണ്ടെത്തുന്നതിനായി അതതുകാലഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള സമ്പൂർണ്ണകൃതികളെയും ഗ്രന്ഥശേഖരങ്ങളെയും പഠനവിധേയമാക്കുകയെന്നത് ദുഷ്കരമാണ്. മിക്ക കാലഘട്ടങ്ങളിലും പദത്തിനുണ്ടായിരുന്ന അർത്ഥവിവക്ഷകളും മാറിയ അർത്ഥങ്ങളും രേഖപ്പെടുത്തുന്നത് നിഘണ്ടുക്കളിലാണ്. എന്നാൽ പ്രയോഗത്തിൽ വരുന്ന പദങ്ങളെ കാലഗണനാസൂചനയോടെ നിഘണ്ടുക്കളിൽ സന്നിവേശിപ്പിക്കുന്ന രീതി മലയാളത്തിൽ

നിലവിലില്ല. എങ്കിലും അതതുകാലത്തുണ്ടാകുന്ന നിഘണ്ടുക്കളിൽ പുതിയ പദങ്ങൾ കടന്നുവരുന്നുണ്ട്. അതിനാൽ ഈ പഠനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് നിഘണ്ടുക്കളെയാണ്. അർണ്ണോസ് പാതിരിയുടെ മലയാളം-പോർച്ചുഗീസ് നിഘണ്ടുവിനെയാണ് (1745) മലയാളത്തിലെ ആദ്യനിഘണ്ടുവായി കണക്കാക്കുന്നത്. എങ്കിലും സാഹിത്യകൃതികളെയും ചരിത്രകൃതികളെയുമെല്ലാം അവലംബമാക്കി ശാസ്ത്രീയമായി രചിക്കപ്പെട്ട ഗുണ്ടർട്ട്നിഘണ്ടു (1872), മലയാളത്തിലെ പ്രധാന നിഘണ്ടുവായ ശബ്ദതാരാവലി (1923), അതിനെത്തുടർന്നുണ്ടായ മലയാളമഹാനിഘണ്ടു (1965), പച്ചമലയാളനിഘണ്ടു (1975), അഭിനവമലയാളനിഘണ്ടു (1977), കേരളഭാഷാനിഘണ്ടു (1997) എന്നീ നിഘണ്ടുക്കളെയാണ് താരതമ്യപഠനത്തിന് ഉപാദാനമാക്കിയിട്ടുള്ളത്.

**പൂർവ്വപഠനങ്ങൾ**

പദത്തെയും അർത്ഥത്തെയും കുറിച്ചുള്ള സിദ്ധാന്തങ്ങൾ ലോകത്തിലെ മിക്കഭാഷകളിലും ഉണ്ടായിട്ടുണ്ട്. ഇത്തരം ചിന്തകളുടെ ഫലമായിത്തന്നെയാണ് മിക്കഭാഷകളിലും നിഘണ്ടുക്കളും രചിക്കപ്പെട്ടത്. പദവും അതിന്റെ അർത്ഥങ്ങളും അവതരിപ്പിക്കുന്ന നിഘണ്ടുക്കൾ താരതമ്യം ചെയ്യുമ്പോൾ അർത്ഥപരിണാമവും അതിലടങ്ങിയിട്ടുണ്ട് എന്നുപറയാം. എന്നാൽ നിഘണ്ടുക്കൾ അർത്ഥത്തെ വിവരിക്കുന്നതല്ലാതെ അർത്ഥവിചാരത്തിന്റെ മേഖലയിലേക്ക് വലുതായൊന്നും പ്രവേശിക്കുന്നില്ല. അതേസമയം പദത്തിന്റെ രൂഢാർത്ഥവും പദങ്ങൾ തമ്മിൽ ചേർന്നുണ്ടാകുന്ന യൗഗികാർത്ഥവും അതിന്റെ വകഭേദങ്ങളുമെല്ലാം വാഗർത്ഥചിന്തകർ പരിശോധിച്ചിട്ടുണ്ട്. അതുപോലെ വേദത്തെ മുൻനിർത്തിയാണെങ്കിലും പദങ്ങളുടെ പഴയ പ്രയോഗാർത്ഥത്തെയും അതിന്റെ വികാരങ്ങളെയും ആലോചിക്കുന്ന നിരുക്തം പോലുള്ള പഠനശാഖയും ഉണ്ടായിട്ടുണ്ട്. വാക്കിന്റെ അർത്ഥസംവേദനശക്തിയെ അഭിധ, ലക്ഷണ, വ്യഞ്ജന എന്നിങ്ങനെയും അവയാലുളവാകുന്ന അർത്ഥങ്ങളെ വാച്യം, ലാക്ഷണികം, വ്യംഗ്യം എന്നിങ്ങനെയും വകതിരിച്ചു പഠി

ക്കാൻ കാവ്യശാസ്ത്രകാരന്മാരും ഉത്സാഹിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അർത്ഥവും അതിന്റെ പരിണാമങ്ങളും ഭാഷാപഠനമേഖലയിൽ സജീവചർച്ചയ്ക്ക് വിഷയമായി ട്ടുണ്ട്. ഭാരതീയ അർത്ഥചിന്തയോളം പഴക്കമില്ലെങ്കിലും നിഘണ്ടുക്കളെക്കുറിച്ചും ഭാഷയിലെ രൂപിമങ്ങളെയും അവയുടെ അർത്ഥങ്ങളെക്കുറിച്ചും പാശ്ചാത്യനാടുക ളിലും പഠനങ്ങളുണ്ടായിട്ടുണ്ട്.

മലയാളത്തെ സംബന്ധിച്ചിടത്തോളം വേദബന്ധുവിന്റെ 'അർത്ഥവിജ്ഞാ നം' എന്ന കൃതിയിൽ അർത്ഥപരിവർത്തനസമ്പ്രദായങ്ങളെക്കുറിച്ച് ചർച്ച നട ത്തിയിട്ടുണ്ട്. അർത്ഥവിജ്ഞാനത്തിന്റെ പ്രാധാന്യം, ശബ്ദാർത്ഥങ്ങൾ, അവയുടെ സംബന്ധം, അതിനെപ്പറ്റിയുള്ള വിവിധവാദങ്ങൾ, അർത്ഥബോധനപ്രക്രിയ, ശബ്ദ ശക്തിവിചാരം, അർത്ഥപരിവർത്തനത്തിന്റെ കാരണം, സമ്പ്രദായം എന്നീ വിഷയ ങ്ങളെ ഒമ്പത് ഖണ്ഡങ്ങളായി ഈ കൃതിയിൽ വിവരിക്കുന്നുണ്ട്. ഡോ.ഗോദവർമ്മ യുടെ 'Indo-Aryan Loanwords in Malayalam' എന്ന ഗവേഷണപ്രബന്ധത്തിൽ സംസ്കൃതം, പ്രാകൃതം, നവീനഭാരതീയാര്യഭാഷാപദങ്ങളായ ഹിന്ദി, മറാഠി എന്നി വയിൽനിന്നും മലയാളത്തിലേക്ക് ആദാനം ചെയ്യപ്പെട്ട പദങ്ങളെ പഠനവിധേയമാ ക്കിയിട്ടുണ്ട്. Indo- Aryan Loanwords, Grammatical suffixes of the Loan words എന്നീ അദ്ധ്യായങ്ങൾക്കുപുറമെ മലയാളത്തിലേക്ക് ആദാനം ചെയ്യപ്പട്ട പദങ്ങളെ അനുബന്ധമായി നൽകിയിട്ടുണ്ട്. അർത്ഥപരിണാമം സംഭവിച്ച പദങ്ങളുടെ സാംസ്കാരിക സാഹചര്യങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം ഈ പഠനത്തിൽ നടന്നിട്ടില്ല. കുഞ്ചുണ്ണിരാജയുടെ 'ഭാഷാഗവേഷണം' (1963) എന്ന കൃതിയിലെ 'മലയാളത്തിലെ അർത്ഥം മാറിയ സംസ്കൃതശബ്ദങ്ങൾ' എന്ന ലേഖ നത്തിൽ പദങ്ങളുടെ അർത്ഥപരിണാമത്തെക്കുറിച്ചുള്ള സൂചനകൾ തരുന്നുണ്ടെ ങ്കിലും അർത്ഥപരിണാമത്തിന്റെ കാരണങ്ങളെക്കുറിച്ചോ ചരിത്രവസ്തുതകളെക്കു റിച്ചോ വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടില്ല. അർജ്ജുനൻവെള്ളായണിയുടെ 'ഗവേഷ ണമേഖല' (1972) എന്ന കൃതിയും പി.എം.ജോസഫിന്റെ 'പരകീയപദങ്ങൾ മലയാ

ളത്തിൽ' (1984) എന്ന കൃതിയും ഭാഷയിലേക്ക് വന്ന പരകീയപദങ്ങളെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. 'ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ' (2009) എന്ന കൃതിയിൽ വി.ആർ. പ്രബോധചന്ദ്രൻനായർ അർത്ഥപരിണാമത്തിനുള്ള കാരണങ്ങളെയും വിവിധതരത്തിലുള്ള അർത്ഥപരിണാമത്തെയുംകുറിച്ച് 'അർത്ഥവിജ്ഞാനം' എന്ന ലേഖനത്തിൽ പറയുന്നുണ്ട്. മലയാളത്തിലെ പദങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ വിനിമയത്തെക്കുറിച്ചും അർത്ഥമാറ്റത്തെക്കുറിച്ചും ഗൗരവമായ പഠനങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്.

**പഠനരീതിശാസ്ത്രം**

പലകാലങ്ങളിലായി രചിച്ച വ്യത്യസ്തനിഘണ്ടുക്കളിൽ നൽകിയിട്ടുള്ള അർത്ഥവിവരണങ്ങളെ താരതമ്യം ചെയ്ത് അർത്ഥപരിണാമം സംഭവിച്ച പദങ്ങളെ കണ്ടെത്തുകയാണ് പഠനത്തിന്റെ ആദ്യപടി. അത്തരം പദങ്ങളെ അർത്ഥവിജ്ഞാനത്തിന്റെയും നിഘണ്ടുവിജ്ഞാനത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുന്നു. പദത്തിന്റെ അർത്ഥവിവരണത്തെ താരതമ്യം ചെയ്തുകൊണ്ട് ഭാഷാപരമായും സാമൂഹികമായും സംഭവിച്ച മാറ്റങ്ങളെ നിർദ്ധാരണം ചെയ്യുന്ന രീതിയാണ് പഠനത്തിന് സ്വീകരിച്ചിരിക്കുന്നത്. ഓരോ പദത്തിന്റെയും ആവിർഭാവത്തിന്റെ ചരിത്രഘട്ടവും സാംസ്കാരികമുദ്രകളും സൂക്ഷ്മമായി അന്വേഷിക്കുന്ന സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രത്തേക്കാൾ അർത്ഥവിജ്ഞാനത്തിന്റെയും നിഘണ്ടുവിജ്ഞാനത്തിന്റെയും രീതിശാസ്ത്രങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടാണ് ഈ പഠനം പുരോഗമിക്കുന്നത്.

**പ്രബന്ധസ്വരൂപം**

ഈ പ്രബന്ധത്തെ നാല് അദ്ധ്യായങ്ങളായാണ് വിഭജിച്ചിരിക്കുന്നത്. 'പദം, അർത്ഥം, അർത്ഥപരിണാമം: സങ്കൽപ്പനങ്ങൾ' എന്ന ഒന്നാമദ്ധ്യായത്തിൽ പദം, അർത്ഥം തുടങ്ങിയ സങ്കൽപ്പനങ്ങളെയും അർത്ഥസിദ്ധാന്തങ്ങളെയും പരിശോധിച്ച് അർത്ഥപരിണാമം, അർത്ഥപരിണാമത്തിനുള്ള കാരണങ്ങൾ, അർത്ഥപരിണാ

മരീതികൾ എന്നിവയെയും വിശദമായി പ്രതിപാദിക്കുന്നു. പദത്തെ കോശിമത്തിന്റെ തലത്തിൽ വേർതിരിച്ചറിയുന്നതുവഴി സിദ്ധാന്തപരമായും വ്യാകരണപരമായും സൗകര്യങ്ങൾ ലഭിക്കുന്നതിനാൽ നിഘണ്ടുപദത്തെയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

'ആദാനപദങ്ങളിലെ അർത്ഥപരിണാമം' എന്ന രണ്ടാമദ്ധ്യായത്തിൽ സംസ്കൃതത്തിൽ നിന്ന് മലയാളത്തിലേക്ക് അർത്ഥമാറ്റത്തോടെ സ്വീകരിച്ച പദങ്ങളെയാണ് പ്രധാനമായും വിശകലനം ചെയ്യുന്നത്. അർത്ഥപരിണാമത്തിന്റെ സ്വഭാവമനുസരിച്ച് അർത്ഥവികാസം, അർത്ഥസങ്കോചം, അർത്ഥാദേശം എന്നിങ്ങനെ തരംതിരിച്ചാണ് ഈ അദ്ധ്യായത്തിൽ ചർച്ച നടത്തിയിട്ടുള്ളത്.

'അർത്ഥപരിണാമത്തിന്റെ ഭാഷാവഴികൾ' എന്ന മൂന്നാമദ്ധ്യായത്തിൽ ഭാഷയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് അർത്ഥമാറ്റം സംഭവിച്ച പദങ്ങളെയാണ് പഠനത്തിന് വിധേയമാക്കിയിട്ടുള്ളത്. സാഹിത്യം, വിമർശനം, സാങ്കേതിക സംജ്ഞകൾ, തർജ്ജമകൾ എന്നിങ്ങനെ ഭാഷാപ്രയോഗത്തിന്റെ സവിശേഷമേഖലകളിൽ പദത്തിന് നിഷ്കൃഷ്ടാർത്ഥങ്ങൾ ഉറച്ചുവരാൻ ഇടയായിട്ടുണ്ട്. നിലവിലുള്ള പദങ്ങളെത്തന്നെ സവിശേഷാർത്ഥത്തിൽ പ്രയോഗിക്കുന്നത് അർത്ഥപരിണാമത്തിന് ഇടനൽകുന്നു. വാമൊഴിയിൽ പ്രാദേശികഭേദം, തൊഴിൽ, ജാതി, ലിംഗം, ഗ്രൂപ്പുകൾ, കാമ്പസ്, മാധ്യമങ്ങൾ തുടങ്ങി ഓരോ വിഭാഗത്തിനിടയിലും ഭാഷാപദങ്ങൾക്ക് സവിശേഷ അർത്ഥങ്ങളുണ്ട്. അവയിൽ അർത്ഥമാറ്റത്തോടെ പ്രയോഗിക്കപ്പെടുന്ന പദങ്ങളുടെ സാമൂഹിക-സാംസ്കാരികപരിസരത്തെക്കൂടി വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

'അർത്ഥപരിണാമവും നിഘണ്ടുക്കളും' എന്ന നാലാമദ്ധ്യായത്തിൽ ഗുണ്ടർട്ട്നിഘണ്ടു (1872), ശബ്ദതാരാവലി (1923), മലയാളമഹാനിഘണ്ടു (മലയാളം ലെക്സിക്കൻ 1965), പച്ചമലയാളനിഘണ്ടു (1975), അഭിനവമലയാളനിഘണ്ടു (1977), കേരളഭാഷാനിഘണ്ടു (1997) എന്നിവയിലെ അർത്ഥവിവരണത്തെ പരി

ശോധിച്ചതിന്റെ വെളിച്ചത്തിൽ അർത്ഥപരിണാമം ഭാഷകസമൂഹത്തിൽ അംഗീകാരം നേടുന്നതിനെ ചരിത്രപരമായി വിശകലനം ചെയ്യുന്നു. അർത്ഥപരിണാമം സംഭവിച്ച പദങ്ങളെ നിഘണ്ടുക്കളിൽ രേഖപ്പെടുത്തിയതിന്റെയടിസ്ഥാനത്തിലുള്ള ചർച്ചയിൽ നിഘണ്ടുക്കളുടെ പോരായ്മകളെയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നാല് അദ്ധ്യായങ്ങളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങളും നിഗമനങ്ങളും ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്. അനുബന്ധമായി ഗ്രന്ഥസൂചിയും നൽകുന്നു.

# അദ്ധ്യായം 1

## പദം, അർത്ഥം, അർത്ഥപരിണാമം : സങ്കൽപ്പനങ്ങൾ

മലയാളത്തിലെ പദങ്ങളുടെ അർത്ഥപരിണാമത്തെക്കുറിച്ചുള്ള സൈദ്ധാന്തികപര്യാലോചനയിൽ പ്രാഥമികമായി നിർവ്വചിക്കേണ്ടിവരുന്ന രണ്ട് പരികൽപ്പനകളാണ് പദവും അർത്ഥവും. പാശ്ചാത്യരും പൗരസ്ത്യരുമായ ഭാഷാ-വ്യാകരണചിന്തകർ പലതരത്തിൽ ഇവയെ നിർവ്വചിക്കുകയും വിഭജിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വചനങ്ങൾക്കും വിശദീകരണങ്ങൾക്കുമപ്പുറമുള്ള തത്വചിന്താപരമായ സങ്കൽപ്പനങ്ങളായിട്ടാണ് ഇവ നിലകൊള്ളുന്നത്.

അർത്ഥം, പദം എന്നിവയെ യുക്തിസഹമായി നിർവ്വചിച്ചുകൊണ്ടല്ലാതെ അവയുടെ ഭൂത-ഭാവിവർത്തമാനങ്ങളിലേക്ക് കടക്കാനാവില്ല എന്നതുകൊണ്ടു തന്നെ അവയെ വിശദീകരിക്കാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്. പഴയ വൈയാകരണരും പുതിയ ഭാഷാശാസ്ത്രജ്ഞരും എന്നതുപോലെ ഇന്ത്യയിലെ സാഹിത്യശാസ്ത്രകാരന്മാരും പദം, അർഥം എന്നിവയെപ്പറ്റി അവരവരുടെ രീതിയിൽ ആലോചിച്ചിട്ടുണ്ട്. തത്വചിന്തയും ആത്മീയതയും ചേരുന്നതാണ് ഇന്ത്യൻ പശ്ചാത്തലത്തിലെ പദ-അർത്ഥസങ്കൽപ്പനങ്ങൾ എന്നതുകൊണ്ടുതന്നെ അത്തരം വസ്തുതകളും ഈ ചർച്ചയുടെ ഭാഗമാകുന്നുണ്ട്. ശബ്ദാർത്ഥങ്ങളെക്കുറിച്ചുള്ള പാശ്ചാത്യമായ ഉത്തരാധുനികചിന്തകൾകൂടി ചേരുമ്പോഴാണ് ഈ ചർച്ചയുടെ വ്യാപ്തിയും ഗൗരവവും വ്യക്തമാകുകയുള്ളൂ.

### 1.1. പദം

പ്രാഥമികമായി വ്യാകരണതലത്തിലുള്ള ഒരു സങ്കൽപ്പമാണ് പദം. ഇവ ഭാഷയാകുന്ന ഭണ്ഡാഗാരത്തിലെ നാണയങ്ങളാണ്. നിരവധി അർത്ഥമണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഈ സംജ്ഞയ്ക്ക് ശബ്ദതാരാവലിയിൽ നൽകിയ അർത്ഥ

ങ്ങൾ *കാൽച്ചുവട്, കാല്വെച്ച അടയാളം, വാക്ക്, രക്ഷ, അടയാളം, രശ്മി, വ്യാജം, വാസസ്ഥാനം, ഉത്സാഹം, വസ്തു, പാട്ട്, തറ, ചതുരംഗപ്പലകയിലെ വര, പദ്യത്തിന്റെ ഒരടി, ഉദ്യോഗം, സ്ഥാനം* (പത്മനാഭപിള്ള, 2015: 116) എന്നിവയാണ്. സാമാന്യാർത്ഥത്തിൽ ലളിതവും സുഗ്രാഹ്യവുമാണ് പദം. പക്ഷേ, വ്യാകരണസംവർഗം എന്ന നിലയിൽ വരുമ്പോൾ 'പദം' നിരവധി അഭിപ്രായവ്യത്യാസങ്ങൾക്ക് കാരണമാകുന്നു. പലപ്പോഴും ഇത് നിർവ്വചനത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങുന്നില്ല. പല സാമ്പ്രദായികവ്യാകരണങ്ങളിലും 'ശബ്ദം' എന്ന സംജ്ഞകൊണ്ട് നിർദ്ദേശിക്കുന്നതും പദത്തെത്തന്നെയാണ്. എഴുത്തിൽ അടുത്തടുത്ത് വരുന്ന രണ്ട് വിടവുകൾക്കിടയിലെ ഭാഷാസാമഗ്രിയാണിത്. ഇംഗ്ലീഷ്ഭാഷയിൽ ഇത് സംഗതമാണെങ്കിലും പല ഇന്ത്യൻഭാഷയിലും വാക്കുകൾ കൂട്ടിക്കൊളുത്തി വാക്യത്തിന്റെ അവസാനം വരെ നീളുന്ന ഒരു ശൃംഖലയായി പദങ്ങൾ എഴുത്തിൽ പ്രത്യക്ഷപ്പെടുന്നു.

### 1.1.1. വൈയാകരണന്മാരുടെ പദനിർവ്വചനങ്ങൾ

പ്രാചീനവൈയാകരണന്മാർ പദചർച്ച നടത്തിയിട്ടുണ്ടെങ്കിലും പലപ്പോഴും അർത്ഥത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് അത്തരം ചർച്ചകൾ നടന്നിട്ടുള്ളത്. പദത്തിന്റെ അനുപേക്ഷണീയസ്വഭാവം അതിന്റെ അർത്ഥബോധകശക്തിയായി കണ്ടുകൊണ്ട് വ്യാകരണത്തിൽ ചിന്തയുടെയും അർത്ഥത്തിന്റെയും സ്വതന്ത്രഘടകമായിട്ടാണ് പദത്തെ കണക്കാക്കിയിരുന്നത്. പദങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷാപഠനങ്ങൾ നടത്തപ്പെടുകയും വാക്യത്തെ പദങ്ങളുടെ സമാഹാരമായി കണക്കാക്കുകയും ചെയ്തു. ഒരു പ്രത്യേക പദം ഒരു പ്രത്യേക അർത്ഥം വഹിക്കുന്നു എന്ന ആശയം എല്ലാ പ്രാചീനഭാരതീയദർശനങ്ങളും വെച്ചുപുലർത്തിയിരുന്നു.

''നാമവിഭക്തിപ്രത്യയത്തിലോ ക്രിയാവിഭക്തിപ്രത്യയത്തിലോ അവസാനിക്കുന്നതും ഒരു നിശ്ചിതക്രമത്തിലുള്ളതുമായ അക്ഷരസമൂഹമെന്നുകൂടി രൂപപരമായി പദത്തെ നിർവ്വചിക്കാറുണ്ട്. തേ വിഭക്ത്യന്താ: പദം-ആവിഭക്ത്യന്തങ്ങളാണ് പദം (ന്യായസൂത്രം), സുപ്തിങന്തം പദം-സുബന്തങ്ങളും തിങന്തങ്ങളുമാണ് പദം,

നാമവിഭക്ത്യന്തങ്ങളും ക്രിയാവിഭക്ത്യന്തങ്ങളും എന്നർത്ഥം - പാണിനി...'' (ഉണി ത്തിരി, 2009: 18).

ആശയവിനിമയസന്ദർഭത്തിൽ പല വർണങ്ങളുടെ സമൂഹമായല്ല ഒരൊറ്റ ഏകകമായാണ് പദത്തെ നാം കാണുന്നത്. വാകൃത്തിലെ പദങ്ങൾ, അവയുടെ അർത്ഥങ്ങൾ, അവ തമ്മിലുള്ള അന്വയം എന്നിവകൊണ്ടാണ് വാക്യത്തിന്റെ അർത്ഥം നാം മനസ്സിലാക്കുന്നത്.

''ശബ്ദങ്ങൾ, ഉച്ചരിതശബ്ദങ്ങളിലൂടെ സ്വയം വെളിപ്പെടുന്ന മാനസികവ സ്തുക്കളാണെന്ന (ശബ്ദോപി ബുദ്ധിസ്ഥഃശ്രുതീനാം കാരണം പൃഥക്- 'വാക്യപ ദീയം' 1.46. ശബ്ദം ബുദ്ധിസ്ഥവും ശ്രുതികൾക്ക് പ്രത്യേകം കാരണവുമാണ്) മൗലികസത്യത്തിൽ ഭർത്തൃഹരി ഊന്നുന്നു. വക്താവ് പറയുന്നതും ശ്രോതാവ് കേൾക്കുന്നതുമായ ശ്രവ്യശബ്ദങ്ങളെക്കാൾ അല്പം കൂടുതലായ ഒന്നാണ് ശബ്ദം എന്ന വസ്തുത നമ്മുടെ പ്രാചീനചിന്തകർ അംഗീകരിച്ചിട്ടുണ്ട്. പദം നാദ ങ്ങളാൽ ഒന്നിച്ചുകൊണ്ടുവരപ്പെടുന്നതാണെങ്കിലും മനസ്സിൽ ഗ്രഹിക്കപ്പെടേണ്ടതാ ണെന്ന് യോഗസൂത്രഭാഷ്യത്തിൽ വ്യാസൻ വ്യക്തമായി പറയുന്നുണ്ട് (പദം പുനർനാദാനുസംഹാരബുദ്ധി നിർഗ്രാഹ്യം). ഒരു നിശ്ചിതക്രമത്തിലുള്ള നിത്യ മായ വർണങ്ങളുടെ സമൂഹമായി പദത്തെ കണക്കാക്കുന്ന മീമാംസകർപോലും അത് ഉച്ചരിതശബ്ദങ്ങളേക്കാൾ അധികമാണെന്ന് അംഗീകരിച്ചിട്ടുണ്ട്'' (ഉണി ത്തിരി, 2009: 104). ഇവിടെ പ്രാചീനവൈയാകരണന്മാർ പദം എന്ന ആശയത്തെത്ത ന്നെയാണ് ശബ്ദം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. പ്രകൃതിപ്രത്യയസമ്മിളിത മായ പദം സ്വതന്ത്രവും അർത്ഥനിവേദനക്ഷമവുമായ ഏകകമാണെന്ന് ഭാര തീയവൈയാകരണന്മാർ ഒരേ സ്വരത്തിൽ പറയുന്നു.

വാക്യങ്ങളുടെ അപഗ്രഥനത്തിന്റെ ഉൽപ്പന്നമായ പദത്തെ ഭാഷയുടെ ഏക കമായി പരിഗണിക്കാമെങ്കിലും യഥാർത്ഥത്തിൽ വാക്യമാണ് ഭാഷയുടെ ഏകകം

എന്നാണ് ഭർത്തൃഹരിയുടെ നിലപാട്. അതുകൊണ്ടുതന്നെ ഭർത്തൃഹരി പദത്തെ പ്രത്യേകമായി പരിഗണിക്കുന്നില്ല.

''ശബ്ദം സംയോഗംകൊണ്ടോ വിഭാഗംകൊണ്ടോ ആണ് ഉൽപ്പന്നമാകുന്നത്. ഉൽപ്പന്നമായ ശബ്ദത്തിൽനിന്ന് ശബ്ദത്തിന്റെ തരംഗങ്ങൾ ഉണ്ടാകുന്നു.

''ശ്രോത്രഗ്രാഹ്യാ ഗുണാഃ ശബ്ദഃ. ആകാശമാത്രാ

വൃത്തിഃ, സദ്വിവിധ - ധ്വന്യാത്മകോ വർണാത്മകശ്ച.''

(ശ്രോതം കൊണ്ട് ഗ്രഹിക്കാൻ പറ്റുന്ന ഗുണമാണ് ശബ്ദം. അത് രണ്ട് വിധമുണ്ട് - ധ്വന്യാത്മകവും വർണാത്മകവും). അതോടൊപ്പം പദത്തെക്കുറിച്ചുള്ള പരാമർശവും നടത്തുന്നുണ്ട്. 'ശക്തം പദം. അസ്മാദ് പദാദയമർത്ഥോ ബോധവ്യ ഇതീശ്വരസങ്കേത: ശക്തി'' (അന്നംഭട്ടൻ, 2009: 91).

അക്ഷരങ്ങൾ ചേർത്തുചൊല്ലുന്നത് പദംതന്നെ എന്ന് ഹെർമ്മൻ ഗുണ്ടർട്ട്. എന്നാൽ അക്ഷരങ്ങളെ എങ്ങനെയെങ്കിലും ചേർത്ത് ചൊല്ലിയാൽ പദമാകുന്നില്ല എന്നും ശ്രദ്ധിക്കണം. ഉദാഹരണമായി *ആൽന, *സൻത്യം, *അംവസരം ഇവയെയൊന്നും നാം പദമായി അംഗീകരിക്കുന്നില്ല. ഇവിടെ അക്ഷരങ്ങളെ വെറുതെ കൂട്ടിച്ചേർത്ത് പറഞ്ഞാൽ പദമാകുന്നില്ല എന്ന കാര്യം വ്യക്തമാണ്.

'മലയാഴ്മയുടെ വ്യാകരണ'ത്തിൽ പദത്തിനു നൽകുന്ന നിർവ്വചനം ഇങ്ങനെയാണ്. ''പദമെന്നത് ഗദശബ്ദങ്ങളാൽ ഉണ്ടാകുന്നതും പുറമെ കാണുന്ന വസ്തുക്കളെക്കുറിച്ച് നമ്മുടെ ഉള്ളിൽ തോന്നുന്ന രൂപങ്ങളുടെ അടയാളങ്ങളും ആകുന്നു. വാക്കിന്റെ സാന്നിധ്യം നമ്മുടെ വിചാരങ്ങളെയും ആഗ്രഹങ്ങളെയും തമ്മിൽത്തമ്മിൽ അറിയിക്കുന്നതുമാകുന്നു'' (ജോർജ്ജ് മാത്തൻ, 1969:54). തുടർന്ന് പൊന്ന് എന്ന പദവും പൊന്ന് എന്ന വസ്തുവും ആയിട്ട് യാതൊരു സാദൃശ്യവുമില്ലെന്നും പറയുന്നുണ്ട്. വെള്ളമെന്ന് നാം പറയുന്ന വസ്തുവിനെ തീ എന്ന് പറയുകയും തീ എന്നതിന് വെള്ളം എന്ന അർത്ഥം വരികയും ആകാം. വെള്ളം എന്ന

ശബ്ദത്തിന് വെള്ളം എന്ന വസ്തുവിന്റെ രൂപം മനസിൽ വരുത്താൻ സാധിക്കുന്നത് ആഗന്തുകസംബന്ധം കൊണ്ടാണെന്ന് പ്രസ്താവിച്ചുകൊണ്ട് ജോർജ്ജ് മാത്തൻ പദങ്ങളെ നാമം, വചനം, അവ്യയം എന്നിങ്ങനെ മൂന്നായി തിരിക്കുകയും ചെയ്യുന്നു.

''പദമെന്നാൽ പ്രയോഗിപ്പാൻ സജ്ജമായുള്ള ശബ്ദമാം'' എന്നാണ് കേരളപാണിനീയത്തിലെ പദനിർവ്വചനം. ''ഭക്ഷ്യപദാർത്ഥങ്ങളിൽ ചിലതിനെ പാകം ചെയ്തും ചിലതിനെ പച്ചയായും ഉപയോഗിക്കുന്നതുപോലെ ഭാഷയിൽ ചില ശബ്ദങ്ങളെ വിഭക്തിയോഗാദി സംസ്കാരം ചെയ്തും ചിലതിനെ യാഥാസ്ഥിതികമായും പ്രയോഗിക്കാറുണ്ട്. സംസ്കാരത്തോടു കൂടിയോ കൂടാതെയോ പ്രയോഗത്തിനു തയ്യാറുള്ള ശബ്ദമാണ് 'പദം' എന്നു പേർ'' (രാജരാജവർമ്മ, 2014: 107).

ഏ.ആർ. പദത്തിനും ശബ്ദത്തിനും ഒരേ ഉദാഹരണങ്ങളാണ് നൽകുന്നത്. ഒരൊറ്റ അക്ഷരത്തിന് മാത്രമായി പദവും ശബ്ദവുമാകാം എന്ന് പറഞ്ഞ് ഉം, ഏ, ഓ, ആ എന്നീ പദങ്ങളെ ഉദാഹരണങ്ങളായി നൽകുന്നു. എല്ലാ പദങ്ങളും ശബ്ദങ്ങളാണെങ്കിലും എല്ലാ ശബ്ദങ്ങളും പദങ്ങളല്ലെന്നുകൂടി ഏ.ആർ. പറയുന്നുണ്ട്. എന്നാൽ കൃതിയിലുടനീളം ശബ്ദമെന്നും പദമെന്നും മാറിമാറി പ്രയോഗിച്ചിട്ടുമുണ്ട്.

'വ്യാകരണമിത്ര'ത്തിലെ പദകാണ്ഡത്തിൽ പദത്തിന് പ്രത്യേകമായ നിർവ്വചനം ശേഷഗിരിപ്രഭു നൽകുന്നില്ല. എന്നാൽ സംസ്കൃതസിദ്ധാന്തങ്ങളെ പിൻപറ്റി വാക്കുകൾ വ്യുൽപ്പന്നങ്ങൾ എന്നും അവ്യുൽപ്പന്നങ്ങൾ എന്നും രണ്ട് വിധത്തിലുണ്ടെന്ന് പറയുന്നുണ്ട്. ''മന്നവൻ (മന്നിന്റെ സ്വാമി), അരമന (രാജാവിന്റെ മന), കുതിര (കുതിച്ചു ചാടുന്ന മൃഗം), ആട് (ആടിച്ചാടി കളിക്കുന്ന ജീവി) എന്നിങ്ങനെയുള്ള വാക്കുകളുടെ അർത്ഥം അവയുടെ അവയവങ്ങളിൽനിന്ന് ഗ്രഹിക്കുന്നതുകൊണ്ട് അവയെ വ്യുൽപ്പന്നശബ്ദങ്ങൾ എന്ന് പറയും. എന്നാൽ മന്ന്, മന, കുതിക്കുക, ആടുക, ചാടുക മുതലായ മൂലശബ്ദങ്ങളുടെ അർത്ഥം അവയവങ്ങ

ളിൽനിന്ന് അറിവാൻ കഴിയായ്കയാൽ അവ അവ്യുൽപ്പന്നശബ്ദങ്ങൾ ആകുന്നു. വ്യുൽപ്പന്നശബ്ദങ്ങൾ യൗഗികശബ്ദങ്ങളും അവ്യുൽപ്പന്നശബ്ദങ്ങൾ രൂഢപദങ്ങളും ആകുന്നു'' (ശേഷഗിരിപ്രഭു, 2003: 92). സംസ്കൃതപദങ്ങൾ ധാതുക്കളിൽനിന്നുണ്ടായവയാണെന്ന പ്രസിദ്ധമായ അഭിപ്രായത്തെ അതേപടി സ്വീകരിക്കുകയാണ് ശേഷഗിരിപ്രഭു ചെയ്തിരിക്കുന്നത്.

'വ്യാകിരപ്പതിന്നു തക്കതാം പദം' എന്നാണ് കോവുണ്ണിനെടുങ്ങാടിയുടെ പദ നിർവ്വചനം. സ്വതന്ത്രമായ അർത്ഥവും സ്വതന്ത്രമായ രൂപവുമുള്ള വർണസംഘാതമാണ് പദം എന്ന് കെ. സുകുമാരപിള്ളയും അഭിപ്രായപ്പെടുന്നു. ''സ്വതന്ത്രമായി പ്രയോഗിപ്പാൻതക്കരൂപം 'പദം' ഭൃശം'' എന്നാണ് 'കേരളഭാഷാവ്യാകരണ'ത്തിൽ പദനിർവ്വചനം നൽകുന്നത് (നമ്പൂതിരി, 2005: 65). വാക്യത്തിൽ സ്വതന്ത്രമായി പ്രയോഗിക്കാൻ തക്കവണ്ണം സജ്ജമാക്കിയ രൂപമാണ് പദം എന്ന ഈ നിർവ്വചനവും ഏ. ആറിന്റെ നിർവ്വചനവും സമാനമാണ്. 'കേരളഭാഷാവ്യാകരണ'ത്തിൽ ശബ്ദത്തെയും പദത്തെയും വേർതിരിച്ച് കാണിക്കുന്നുണ്ട്. ''സാർത്ഥകം വർണസംഘാതം 'ശബ്ദം' രൂഢികളൊക്കെയും'' (2005: 64) എന്ന ശബ്ദനിർവ്വചനത്തിലൂടെ ശബ്ദത്തെ വേർതിരിച്ചു കാണിക്കുന്നു. ഏതെങ്കിലും ഒരർത്ഥം സൂചിപ്പിക്കുന്ന വർണസമൂഹമാണ് ശബ്ദമെന്നും ശബ്ദങ്ങളെല്ലാം രൂഢികളാണെന്നും ഇന്ന ശബ്ദത്തിന് ഇന്ന അർത്ഥം എന്നത് ഓരോ ഭാഷക്കാരും സ്വന്തമായി നിശ്ചയിച്ചിട്ടുള്ളതാണെന്നും അഭിപ്രായപ്പെട്ടതിനുശേഷം ശബ്ദങ്ങളിൽ ചിലതിനെ പദമായി ഉപയോഗിക്കാവുന്നതാണ് എന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

ഈ നിർവ്വചനങ്ങൾ പരിശോധിച്ചാൽ അവയെല്ലാം വേർതിരിച്ചെടുക്കുന്ന പദലക്ഷണങ്ങളെ പ്രയോഗക്ഷമത, പ്രയോഗസ്വാതന്ത്ര്യം അർത്ഥയുക്തത, വാക്യഘടകത്വം, സ്വനസംഘാതത്വം എന്നിങ്ങനെ സംഗ്രഹിക്കാം. പദത്തെക്കുറിച്ചുള്ള ഓരോരോ നിർവ്വചനങ്ങളും അതാതുകാലത്തെ അറിവുകളെയും പ്രയോഗങ്ങളെയും മുൻനിർത്തി ഉണ്ടായതാണ്. വ്യാകരണമെന്നപോലെ ഭാഷാശാസ്ത്രവും പദത്തെ നിർവ്വചിക്കാൻ ശ്രമിച്ചിട്ടുണ്ട്.

### 1.1.2. പദം ഭാഷാശാസ്ത്രത്തിൽ

''ഭാഷയിലെ ഏറ്റവും ചെറിയ സ്വതന്ത്രരൂപം/അൽപതമസ്വതന്ത്രരൂപം (Minimum free form) എന്നാണ് ബ്ലൂംഫീൽഡ് പദത്തെ നിർവ്വചിക്കുന്നത്'' (പ്രബോധചന്ദ്രൻനായർ, 2009: 59). ഇതേ കൃതിയിൽത്തന്നെ 'നാണയങ്ങൾ മൂല്യ ങ്ങളുടെ എന്നോണം പദങ്ങൾ സങ്കേതങ്ങളുടെ സൂചനകളാണെ'ന്ന ബേക്കണിന്റെ അഭിപ്രായത്തെയും 'ഭാഷീയമായ ഭാവനാസൃഷ്ടികളാണ് വാക്കുകൾ' എന്ന മലി നോവിസ്കിയുടെ അഭിപ്രായത്തെയും സൂചിപ്പിക്കുന്നുണ്ട്. 'പൂർണഭാഷണത്തിനു പകരം നിൽക്കാൻ കഴിയുന്ന വചനവിഭാഗ'മെന്നും 'ആദേശസ്ഥാന'മെന്നുമുള്ള പാൽമറിന്റെ പദനിർവ്വചനങ്ങളെ 'പദസഞ്ജയം' എന്ന ലേഖനത്തിൽ സി.ജെ.റോ യിയും എടുത്തുകാണിക്കുന്നുണ്ട് (1984:78). പദത്തിന് മുൻപും പിൻപും നൈമി ഷികമായ വിരാമം സാധ്യമാണെന്നും ഭാഷാശാസ്ത്രത്തിൽ അംഗീകരിക്കുന്നു. പദം ഒരൊറ്റ രൂപിമത്തെയെന്നപോലെ സന്ധിചെയ്തതോ അല്ലാത്തതോ ആയ ഒന്നിലധികം രൂപിമങ്ങളെയും ഉൾക്കൊള്ളും. പദങ്ങൾ ചേർന്നാണ് വാക്യങ്ങൾ ഉണ്ടാകുന്നത്. ഒരു പദം ഉച്ചരിച്ചു തുടങ്ങിയാൽ അത് അവസാനിപ്പിച്ചിട്ടേ ഉച്ചാരണ ത്തിൽ വിടവോ നിർത്തലോ ഉണ്ടാകുന്നുള്ളൂ. ഇടയ്ക്ക് നിർത്തലില്ലാതെ ആന്ത രസ്ഥിരതയാർന്ന ഏകഘടകത്വം പദത്തിന്റെ സവിശേഷതയാണ്.

'ഭാഷാശാസ്ത്രദൃഷ്ടി'യിലൂടെ എന്ന കൃതിയിൽ പദത്തിന് പ്രബോധച ന്ദ്രൻനായർ നൽകുന്ന നിർവ്വചനം ശ്രദ്ധേയമാണ്. ''ഒന്നോ ഒന്നിലേറെയോ രൂപിമം ഉള്ളടങ്ങുന്ന വ്യാകരണികഘടകമാണ് പദം. ഏറിയകൂറും അർത്ഥത്തോട് ബന്ധ പ്പെടുത്താവുന്ന സ്വനസംയുക്തമോ സ്വനമോ ആണത് എന്ന് പറയാം. പദത്തിന്റെ വേരുകൾ ഒരേ സമയം അർത്ഥ-സ്വന-വ്യാകരണതലങ്ങളിൽ ഇറങ്ങിനിൽക്കുന്നു'' (2009: 59). ഇതേ കൃതിയിൽ അദ്ദേഹം മറ്റൊരു നിർവ്വചനം കൂടി നൽകുന്നുണ്ട്. ''വാക്യഘടനാതലത്തിലെ സ്ഥാനവിനിമയസാധ്യത അഥവാ ബാഹ്യമായ ചലന ക്ഷമത (Mobility), വർണഘടനാതലത്തിലെ അവിഭാജ്യതയുൾപ്പെടെയുള്ള

ആന്തരസ്ഥിരത എന്നീ സവിശേഷതകളോടെ ഭാഷണത്തിൽ ആവർത്തിക്കുന്ന രൂപമോ രൂപസംഹിതയോ ആണ് പദം'' (2009: 62). അവൾ നാളെ വരും എന്ന വാചകം 'അവൾ നാ വരും ളെ' എന്നെഴുതിയാൽ അർത്ഥം ലഭ്യമാവില്ല. വർണ്ണഘ ടനാതലം അതുകൊണ്ടുതന്നെ അവിഭാജ്യമാണ്. അതുപോലെ 'കുട്ടി കളിക്കുന്നത് ഞാൻ കണ്ടു' എന്നു പറയുന്നതും 'ഞാൻ കളിക്കുന്നത് കുട്ടി കണ്ടു' എന്നു പറയു ന്നതും തമ്മിൽ വലിയ അന്തരമുണ്ട്. പദങ്ങളെ സ്ഥാനം മാറ്റുക മാത്രമാണ് ഈ വാക്യത്തിൽ ചെയ്തിട്ടുള്ളതെങ്കിലും ലഭിച്ച അർത്ഥം വ്യത്യസ്തമായി.

### 1.1.3. പദം നിഘണ്ടുവിൽ

പദം എന്താണെന്ന ചോദ്യം ഭാഷാശാസ്ത്രരംഗത്ത് ഉയരാറുള്ളത് പ്രധാന മായും രൂപവിജ്ഞാനം, നിഘണ്ടുവിജ്ഞാനം, കോശിമവിജ്ഞാനം, വിവർത്തനവി ജ്ഞാനം എന്നീ മേഖലകളിലാണ്. ഇവയിൽ നിഘണ്ടുവിജ്ഞാനത്തിന്റെ അടി സ്ഥാനമാണ് നിഘണ്ടുപദം. രൂപമോ, എഴുതുന്ന രീതിയോ വർണഘടനയോ ആകാം നിഘണ്ടുപദത്തിന്റെ അടിസ്ഥാനം. അമ്മ, അമ്മയെ, അമ്മയോട്, അമ്മ യാൽ, അമ്മയുടെ, അമ്മയിൽ, അമ്മേ, തുടങ്ങിയ രൂപലേഖന-വർണതലങ്ങളിൽ വ്യത്യസ്തപദങ്ങളാണെങ്കിലും 'അമ്മ' എന്ന് എഴുതിക്കാണിക്കാവുന്ന ഒരേയൊരു കോശിമം എന്ന തരത്തിലാണ് 'അമ്മ' നിഘണ്ടുവിൽ ചേർത്തിരിക്കുന്നത്. ഇവിടെ അമ്മ ഒരു കോശിമമാണെന്നും അതിന് സന്ദർഭാനുസരണം ഉണ്ടാകുന്ന രൂപഭേദങ്ങളാണ് അമ്മയെ, അമ്മയോട് തുടങ്ങിയ പ്രത്യയങ്ങൾ ചേർന്ന രൂപം എന്നും പറയാം. അമ്മ എന്ന ശബ്ദത്തിന്റെ അർത്ഥം അവിടെയെല്ലാം നിയത മായി തന്നെ നില്ക്കുന്നുണ്ട്. വാക്യത്തിലെ മറ്റു പദങ്ങളോടുള്ള ബന്ധത്തിന് മാത്രമാണ് വ്യത്യാസമുള്ളത്. അർത്ഥത്തെ ഏകകമായി പരിഗണിക്കുകയാണ് കോശിമം ചെയ്യുന്നത്. നിഘണ്ടുവിൽ ഒരു ലക്ഷം പദങ്ങൾ ഉണ്ടെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇത്തരം കോശിമങ്ങളെ മാത്രമാണ്.

ഭാഷയെപ്പറ്റി അതത് ഭാഷകർക്കുള്ള സഹജാവബോധത്തിന്റെ അടിസ്ഥാനത്തിൽ പദത്തെ ഒരു ഏകകമായി കണക്കാക്കാം. രൂപിമം, പദസംഹിത, ഉപവാക്യം, വാക്യം എന്നീ ഘടകങ്ങൾക്കെല്ലാം തനതായ അർത്ഥം ഉള്ളതുകൊണ്ട് ഏറ്റവും ചെറുതോ, വലുതോ ആയ സാർത്ഥകഭാഷണഘടകം എന്ന പദനിർവ്വചനത്തെയല്ല ഇവിടെ സ്വീകരിക്കുന്നത്. പ്രത്യയം ചേർന്നതോ ചേരാത്തതോ ആയ അംഗമാണ് പദം എന്ന നിർവ്വചനത്തെയും സ്വീകരിക്കുന്നില്ല. പദം നിത്യോപയോഗത്തിലുള്ളതും യാദൃച്ഛികവുമായ ഭാഷണഖണ്ഡമാണ്. അതുകൊണ്ടുതന്നെ പദത്തെ കോശിമത്തിന്റെ തലത്തിൽ വേർതിരിച്ചറിയുന്നതു വഴി സൈദ്ധാന്തികമായും പ്രായോഗികമായും സൗകര്യങ്ങൾ ലഭിക്കുന്നു. അർത്ഥപരിണാമം ഭാഷാപ്രയോഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. കോശിമമാകട്ടെ സിദ്ധാന്തതലത്തിലാണ് നിലനിൽക്കുന്നത്. കോശിമത്തെ പ്രയോഗതലത്തിൽ പരിഗണിക്കേണ്ടതിനാൽ പദം എന്ന പരമ്പരാഗതസംജ്ഞയെത്തന്നെ സ്വീകരിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. കോശിമത്തെ കൃത്യമായി അറിയുന്നതിന് സഹായകരമായത് നിഘണ്ടുവാണ്. പദത്തിന്റെ ഇന്നത്തെ വിവക്ഷ എന്ത്, പ്രയോഗസാധ്യത എന്ത്, എന്നെല്ലാം അറിയാൻ നിഘണ്ടു സഹായിക്കുന്നു. അതുകൊണ്ട് നിഘണ്ടുക്കളെയും നിഘണ്ടുപദങ്ങളെയും പ്രഥമാകരങ്ങളായാണ് ഈ പ്രബന്ധത്തിൽ സ്വീകരിക്കുന്നത്.

### 1.2. അർത്ഥം

അർത്ഥമെന്ന സങ്കൽപ്പനംതന്നെ സങ്കീർണത നിറഞ്ഞതാണ്. പരിചിതമായ ഒന്നിനെ ചൂണ്ടിക്കാട്ടി അതിനോട് സാദൃശ്യമുള്ള മറ്റൊന്നിനെ കുറിക്കുകയാണ് നാം അർത്ഥവിവരണത്തിൽ പലപ്പോഴും ചെയ്യുന്നത്. ചിലപ്പോൾ പരിചിതഭാഷയിലേക്കുള്ള വിവർത്തനം ആകുന്നു അർത്ഥം. Book എന്ന പദത്തിന് പുസ്തകം എന്ന അർത്ഥം നൽകാനായി സ്വീകരിക്കുന്ന തന്ത്രം പരിചിതഭാഷയിലേക്കുള്ള വിവർത്തനമാണ്. പദത്തിന്റെ അർത്ഥം എന്നിടത്ത് സ്വഭാഷയിലേക്കുള്ള വിവർത്തനം എന്നാകുന്നു വിവക്ഷ.

വാക്കും അർത്ഥവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ആശയലോകത്ത് ഭാഷയുടെ സ്ഥാനത്തെ സംബന്ധിച്ചുമുള്ള ചിന്തകൾ പ്രാചീനഭാരതത്തിൽ ധാരാളമുണ്ടായിട്ടുണ്ട്. പാണിനി (ക്രി.മു. നാലാംനൂറ്റാണ്ട്). കാത്യായനൻ (ക്രി. മു. മൂന്നാം നൂറ്റാണ്ട്), പതഞ്ജലി (ക്രി. മു. രണ്ടാം നൂറ്റാണ്ട്) മുതലായ വൈയാക രണന്മാർ ശ്രദ്ധിച്ചിരുന്നത് പ്രധാനമായും പദങ്ങളുടെ സാധുരൂപങ്ങളുടെ നിഷ്പ ത്തിയിലായിരുന്നു. യാസ്കനും (ക്രി. മു. അഞ്ചാം നൂറ്റാണ്ട്) പ്രധാനമായും പദങ്ങ ളുടെ നിഷ്പത്തിയാണ് കൈകാര്യം ചെയ്തിരുന്നത്. വാക്യങ്ങളുടെ വിശദപഠനം ആരംഭിച്ചതും വ്യാഖ്യാനത്തിന്റെ നിയമങ്ങൾ വികസിപ്പിച്ചെടുത്തതും മീമാംസാ ദർശനമാണ്. അതിന്റെയടിസ്ഥാനത്തിലാണ് പദവും വാക്യവും തമ്മിലുള്ള ബന്ധ ത്തെക്കുറിച്ചും പദാർത്ഥബന്ധത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നുവന്നത്. ക്രിസ്തുവർഷം ആറും ഏഴും നൂറ്റാണ്ടുവരെ ഘടനാപഗ്രഥനത്തിന്റെ സൂക്ഷ്മതല ത്തിലേക്ക് ഇറങ്ങിവരുകയും നിയമങ്ങൾ ക്രോഡീകരിക്കുകയും ചെയ്യുന്ന തര ത്തിലുള്ള വ്യാകരണചരിത്രം ഭാരതീയഭാഷാപാരമ്പര്യത്തിലുണ്ടായിരുന്നു. യാസ്കനും എത്രയോ മുമ്പുതന്നെ ബ്രാഹ്മണഗ്രന്ഥങ്ങൾ അർത്ഥത്തെക്കുറിച്ചും ശബ്ദാർത്ഥബന്ധത്തെക്കുറിച്ചും ചർച്ച ചെയ്തിരുന്നെന്ന് 'യാസ്കന്റെ നിരു ക്തത്തിൽ' വേദബന്ധു സൂചിപ്പിക്കുന്നുണ്ട് (2004: 158). ബ്രാഹ്മണങ്ങളിലെ വചന ങ്ങളെ 'ഇതി വിജ്ഞായതേ' എന്ന് പറഞ്ഞുകൊണ്ടാണ് യാസ്കൻ ഉദ്ധരിച്ചിട്ടുള്ള ത്. പദത്തിന്റെ അർത്ഥം നിഷ്പാദിപ്പിക്കാൻ വേണ്ട രീതികളെ അദ്ദേഹം വിവരിക്കു ന്നുണ്ട്. ഏതെങ്കിലും പദത്തിൽ ആ പദത്തിന്റെ അർത്ഥംതന്നെ പറയുന്ന ധാതു ഉള്ളപ്പോൾ വ്യാകരണശാസ്ത്രത്തിലെ വിധി അനുസരിച്ച് വ്യുൽപ്പത്തി സിദ്ധിക്കാ മെന്ന് വന്നാൽ ആ പദങ്ങളുടെ നിർവ്വചനം സാമാന്യരീതിയിൽ നിർവ്വചിക്കാമെന്ന താണ് ഒരുരീതി. 'ധാതു' എന്ന പദത്തെ അതിനുദാഹരണമായി നൽകുന്നുണ്ട്. *ധാരണം ചെയ്യുക* എന്നാണ് 'ധാ' എന്നാൽ അർത്ഥം.

പദത്തിൽ കാണുന്ന അർത്ഥം ഏത് പദത്തിന്റേതിൽനിന്നും ഭിന്നമാണോ അഥവാ ശബ്ദത്തിന്റെ അർത്ഥം തരുന്ന ധാതുവിൽനിന്നും ആ പദം വ്യുൽപ്പാദിപ്പി

ക്കാൻ സാധിക്കാതെ വരുന്നുവോ, ആ പദത്തിന്റെ വേറെ വേറെ രൂപങ്ങളുമായി തുലനം ചെയ്യണം. എവിടെ സമാനത കാണുന്നുവോ അവിടെനിന്ന് നിർവ്വചനം ചെയ്യാം. 'രാജാ' എന്ന വാക്കിന്റെ നിഷ്പ്പത്തി *ശോഭിക്കുക* എന്നർത്ഥം വരുന്ന 'രാജ്' എന്ന ധാതുവിൽനിന്ന് നിഷ്പാദിപ്പിക്കാമെന്ന് യാസ്കൻ പറയുന്നുണ്ട്. ഒരു സമാനതയും കാണുന്നില്ലെങ്കിൽ അർത്ഥം നോക്കി ധാതുവിലും പദത്തിലും അക്ഷരത്തിന്റെ സമാനതയെ ആശ്രയിച്ച് നിർവ്വചിക്കലാണ് മൂന്നാമത്തെ രീതി. രൂപം എന്ന പദത്തിന്റെ വ്യുൽപ്പത്തി ഉദാഹരണമായി നൽകുന്നുണ്ട്. ഇങ്ങനെ പദ നിഷ്പത്തിയെക്കുറിച്ചുള്ള ചർച്ചയിൽ അർത്ഥത്തെക്കുറിച്ചുള്ള യാസ്കന്റെ വീക്ഷ ണങ്ങളും തെളിഞ്ഞു കാണുന്നു.

''അർത്ഥബോധകശക്തി പദങ്ങളിൽ സ്വയമേവ നിലീനമാണെന്നാണ് മീമാം സകമതം. ജൈമിനി പറയുന്നു: 'ഔൽപ്പത്തികസ്തു ശബ്ദസ്യാർത്ഥേന സംബന്ധഃ' (മീമാംസാസൂത്രം)- ശബ്ദത്തിന് അർത്ഥത്തോടുള്ള സംബന്ധം ഔൽപ്പത്തികമാണ്, സ്വാഭാവികമാണ് എന്നർത്ഥം'' (ഉണിത്തിരി, 2009: 9). ശബ്ദാർത്ഥ സംബന്ധം നിത്യമാണെന്ന് പറയുമ്പോൾ മീമാംസകർ ഉദ്ദേശിച്ചത് ആ ശബ്ദത്തിന്റെ ഉൽപ്പത്തി ഒരു വ്യക്തിയിൽ നിന്നാണെന്ന് കൃത്യമായി കണ്ടുപി ടിക്കാൻ കഴിയില്ലെന്നാണ്. ഇവിടെ ഔൽപ്പത്തികം എന്ന വാക്കിന് ശബരഭാഷ്യ ത്തിൽ അനശ്വരം, നിത്യം എന്നിങ്ങനെയാണ് അർത്ഥം നൽകുന്നത്. ഈ നിത്യത്വം രണ്ടുതരത്തിലാണ് വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത് - പരമ്പരാനിത്യത്വവും യോഗ്യതാനിത്യത്വവും. ഇവയെക്കുറിച്ച് കുഞ്ചുണ്ണിരാജ 'ഭാഷാചിന്തകൾ' എന്ന കൃതിയിൽ വിശദീകരിക്കുന്നുണ്ട്. ''നാം വാക്കുകളുടെ അർത്ഥം മനസ്സിലാക്കുന്നത് നമ്മുടെ മാതാപിതാക്കന്മാരും കാരണവന്മാരും മുതിർന്ന മറ്റുള്ളവരും നിത്യജീവി തത്തിൽ സംഭാഷണം ചെയ്യുന്നതുകേട്ടും അതാതുസന്ദർഭത്തോട് ബന്ധപ്പെട്ട നട പടികൾ കണ്ടും മറ്റുമാണ്. നമ്മുടെ മാതാപിതാക്കൾക്കും മറ്റും പദങ്ങളുടെ അർത്ഥം മനസ്സിലായത് അവരുടെ കാരണവന്മാരിൽ നിന്നാണ്. ഇങ്ങനെ ആലോ ചിച്ചു നോക്കിയാൽ പരമ്പരയായി നമുക്ക് കിട്ടിയതാണ് ശബ്ദാർത്ഥസംബന്ധ

ജ്ഞാനമെന്നും ഇതിനൊരു തുടക്കം കണ്ടെത്തുക സാധ്യമല്ലാത്തതിനാൽ ഇത് പ്രവാഹനിത്യമാണെന്നും വ്യക്തമാണ്'' (1960:28). ഇന്ന വാക്കിന് ഇന്ന അർത്ഥം എന്ന സാങ്കേതികനിയമമാണ് യോഗ്യതാനിത്യത്വം എന്നും അദ്ദേഹം വ്യക്തമാക്കുന്നു. ശബ്ദാർത്ഥസംബന്ധത്തിന്റെ നിത്യത്വം ജനകീയപ്രയോഗങ്ങളിൽനിന്നാണ് മനസിലാക്കേണ്ടതെന്ന കാര്യത്തിൽ വൈയാകരണരും മീമാംസകരോട് യോജിക്കുന്നു. വാക്കിന് ഉച്ചാരണഭേദത്താൽ മാറാനുള്ള സാദ്ധ്യതയുണ്ടെങ്കിലും മാറ്റമില്ലാത്ത വാക്കിന്റെ അവസ്ഥയാണ് സംവേദനം സാധ്യമാക്കുന്നത്. അതുകൊണ്ടാകാം ശബ്ദാർത്ഥങ്ങൾ തമ്മിലുള്ള ബന്ധം ഒരിക്കലും മാറിപ്പോകാത്തതാണെന്നും ശബ്ദം അർത്ഥത്തിനു പുറത്തല്ലെന്നും മീമാംസകന്മാർ പറഞ്ഞിട്ടുള്ളത്. സിദ്ധേ ശബ്ദാർത്ഥസംബന്ധേ ലോകത: (ശബ്ദാർത്ഥ സംബന്ധം ലോകത്തിൽനിന്ന് സിദ്ധമായിരിക്കേ) എന്ന കാത്യായനന്റെ വരികളും ഇതേ ആശയംതന്നെ പ്രകടിപ്പിക്കുന്നത് ഉദാഹരണം. ഓരോ ശബ്ദത്തിനും അർത്ഥം പ്രകടിപ്പിക്കാനുള്ള സ്വാഭാവികസാമർത്ഥ്യമുണ്ട്. ഈ സ്വാഭാവികസാമർത്ഥ്യത്തിനാണ് മീമാംസകർ 'യോഗ്യത' എന്ന് പറയുന്നത് (അർത്ഥബാധോ യോഗ്യത - തർക്കസംഗ്രഹം, പുറം 52). സാലികനാഥൻ വാക്യാർത്ഥമാത്രകവൃത്തി എന്നാണ് നിർവ്വചിച്ചതെന്ന് ഇന്ത്യൻ തിയറീസ് ഓഫ് മീനിങ്ങ് എന്ന കൃതിയിൽ കുഞ്ചുണ്ണി രാജ വ്യക്തമാക്കുന്നു (1998: 164).

നൈയായികരും വൈശേഷികരും ശബ്ദാർത്ഥനിത്യസിദ്ധാന്തത്തെ അംഗീകരിക്കുന്നില്ല. സങ്കേതപരമായ സംബന്ധത്തെയാണവർ മുന്നോട്ട് വെയ്ക്കുന്നത്. ശബ്ദാർത്ഥങ്ങളുടെ ബന്ധം ഔപചാരികവും പാരമ്പര്യജന്യവുമാണെന്നാണ് അവരുടെ അഭിപ്രായം. ശബ്ദത്തിൽ അർത്ഥം അന്തർഭവിച്ചിട്ടില്ല. രീതിയും പ്രചാരവുമാണ് അർത്ഥത്തെ നിർണ്ണയിക്കുന്നതിന്റെ അടിത്തറ. ശബ്ദവും അർത്ഥവും തമ്മിൽ തീയും പൊള്ളലുംപോലെ ഏതെങ്കിലും സ്വാഭാവികബന്ധമുണ്ടായിരുന്നെങ്കിൽ, ശബ്ദം അതുകൊണ്ടർത്ഥമാക്കുന്ന വസ്തുവുമായി സദാ സഹവർത്തിക്കുമായിരുന്നു. തീ എന്ന ശബ്ദം നാക്കിനെ പൊള്ളിക്കുന്നില്ല. കത്തിയെന്നു പറയു

മ്പോൾ വായ് മുറിയുന്നുമില്ല. ശബ്ദാർത്ഥനിത്യസംബന്ധത്തിനെതിരെ കൊണ്ടുവന്ന മറ്റൊരു വാദം ഇതാണ്. ശബ്ദങ്ങൾക്ക് വസ്തുക്കളുമായി നിത്യസംബന്ധമുണ്ടായിരുന്നെങ്കിൽ ഒരേ ശബ്ദങ്ങൾക്ക് എല്ലായിടത്തും ഒരേ അർത്ഥംതന്നെ ഉണ്ടാകണമായിരുന്നു. അതുപോലെ ഒരു വസ്തുവിനെ കുറിക്കുന്നതിന് ഭിന്നപദങ്ങളുപയോഗിക്കുന്നതും ശബ്ദാർത്ഥനിത്യസംബന്ധത്തിന് എതിരാണ്.

ഏതു പദത്തിനും ഏതർത്ഥവും വേണമെങ്കിൽ പ്രകാശിപ്പിക്കുവാനുള്ള കഴിവുണ്ടെന്നും ഒരു സങ്കേതം വഴി നിയന്ത്രിച്ചിട്ടാണ് ഭാഷയിലെ ശബ്ദാർത്ഥബന്ധം ഏറെക്കുറെ നിത്യമായി നിലനിൽക്കുന്നത് എന്നുമാണ് ചില വൈയാകരണന്മാർ വാദിക്കുന്നത്. വസ്തുയാഥാർത്ഥ്യത്തിൽനിന്ന് വ്യത്യസ്തമായതും തീർത്തും മാനസികനിർമ്മിതിയായതുമായ സത്താവിശേഷത്തെക്കുറിച്ചുതന്നെയാണ് എല്ലാവരും സൂചിപ്പിക്കുന്നത്. വാക്കിന്റെ അർത്ഥം ആരോപിതമോ ആപേക്ഷികമോ ആണെന്ന ചിന്താഗതിയാണ് ഇവരും വെച്ചു പുലർത്തുന്നത്.

### 1.2.1. അർത്ഥസിദ്ധാന്തങ്ങൾ

ഭാരതീയരും പാശ്ചാത്യരും അർത്ഥത്തെക്കുറിച്ച് നിരവധി സിദ്ധാന്തങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ശബ്ദാർത്ഥബന്ധം നിത്യമാണെന്ന് വാദിച്ചുപോന്ന ഭാരതീയചിന്തകർ അർത്ഥനിർണ്ണയത്തിൽ പ്രകരണാദികൾക്കുള്ള സ്ഥാനം യഥാർത്ഥത്തിൽ മനസ്സിലാക്കിയവരായിരുന്നു. ഭാരതീയമായ അർത്ഥസിദ്ധാന്തങ്ങളിൽ പ്രധാനമായത് അപോഹസിദ്ധാന്തം, അഭിഹിതാന്വയവാദം, അന്വിതാഭിധാനവാദം, സ്ഫോടസിദ്ധാന്തം തുടങ്ങിയവയാണ്.

#### 1.2.1.1. അപോഹസിദ്ധാന്തം

അർത്ഥത്തിന്റെ സത്ത നിഷേധാത്മകസ്വഭാവമുള്ളതാണെന്നും പദങ്ങൾക്ക് വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങളുമായി ഒരു ബന്ധവുമില്ലെന്നുമാണ് ബൗദ്ധതാർക്കികരുടെ അഭിപ്രായം. അവരുടെ അഭിപ്രായമനുസരിച്ച് പദങ്ങൾ തികച്ചും ആത്മനി

ഷ്ഠമായ വികൽപ്പങ്ങളോടാണ് നേരിട്ട് ബന്ധപ്പെടുന്നത്. ''ശബ്ദവും അർത്ഥവും ബുദ്ധിയിൽ പ്രത്യക്ഷപ്പെടുന്ന വികൽപ്പമാണെന്നും അവ തമ്മിലുള്ള ബന്ധവും ബൗദ്ധമാണെന്നും ദിങ്നാഗനെന്ന ബുദ്ധപണ്ഡിതൻ അഭിപ്രായപ്പെട്ടു'' (കുഞ്ചുണ്ണിരാജ, 1998:5). അതുകൊണ്ട് പദങ്ങളും ബാഹ്യവസ്തുക്കളും തമ്മിൽ യഥാർത്ഥത്തിൽ ബന്ധമുണ്ടാകുക സാധ്യമല്ല. അന്യാപോഹമാണ് (മറ്റുള്ളവയെ ഒഴിവാക്കൽ) അതിന്റെ സത്ത. 'ഗോ' ശബ്ദം പശു എന്ന മൃഗത്തെയല്ല യഥാർത്ഥ ത്തിൽ അർത്ഥമാക്കുന്നത്; പശുവല്ലാത്ത എല്ലാ വസ്തുക്കളുടെയും വർജ്ജനത്തെ യാണ്. ആനയല്ല, പട്ടിയല്ല, കുതിരയല്ല, പോത്തല്ല എന്നിങ്ങനെ മറ്റ് വികൽപ്പങ്ങ ളിൽനിന്ന് വ്യത്യസ്തമായ ഒരു വികൽപ്പമാണ് ഇതിന് അർത്ഥം നൽകുന്നത്.

ബൗദ്ധരുടെ അഭിപ്രായമനുസരിച്ച് ഒരു വസ്തുവിന്റെ കാൽപ്പനികബിംബ ത്തിന് പരസ്പരം വ്യത്യസ്തമായ യഥാർത്ഥബാഹ്യവസ്തുക്കളുമായി നേരിട്ടുള്ള ഒരു സമാന്തരതയുമില്ല. ഒരു പദത്തിന് യഥാർത്ഥമായ ഭാവാത്മകവസ്തുവിനെ കുറിക്കാൻ സാധ്യവുമല്ല. പദത്തിന്റെ അർത്ഥം മുഖ്യമായും സ്വാഭാവികമായും വികൽപ്പനമാണ്; വസ്തുനിഷ്ഠയാഥാർത്ഥ്യമല്ല. രണ്ടും തമ്മിലുള്ളത് കാര്യകാര ണബന്ധമാണ്. നിഷേധാത്മകവും സ്വയം വ്യത്യസ്തമാക്കുന്നതിനുവേണ്ടി മറ്റു കൽപ്പനകളുടെ വർജ്ജനം ഉള്ളടങ്ങിയിട്ടുള്ളതും തികച്ചും ആത്മനിഷ്ഠവുമായ കൽപ്പനയെയാണ് ശബ്ദം ഉൽപ്പാദിപ്പിക്കുന്നത് എന്നതാണ് അപോഹസിദ്ധാന്ത ത്തിന്റെ കാതൽ. ഇപ്രകാരം പദത്തിന്റെ അർത്ഥം അന്യാപോഹമായതുകൊണ്ട് അതിനെ കൽപ്പനകളുടെ വിജാതീയങ്ങളുടെ നിഷേധമായി പരിഗണിക്കേണ്ടതു ണ്ട്.

അർത്ഥത്തോടുള്ള നിഷേധാത്മകസമീപനത്തിന്റേതായ ഈ രീതിയെ കുമാരിലൻ, ഭാമഹൻ തുടങ്ങിയ പണ്ഡിതർ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ഈ സിദ്ധാന്തത്തിന് അനുകൂലമായ വാദങ്ങൾ ദുർബലവും ആരെയും ബോധ്യപ്പെടു ത്താൻ സാധിക്കാത്തതുമാണെന്ന് പ്രസ്താവിച്ചുകൊണ്ട് അവർ തള്ളിക്കളയുന്നു.

എങ്കിലും ആധുനികഭാഷാശാസ്ത്രജ്ഞരുടെ ചിന്താഗതികളിൽ അപോഹവാദത്തിന്റെ സ്വാധീനം കാണാവുന്നതാണ്. ഭാഷയിൽ പദങ്ങൾക്ക് വിധിപരമായ അർത്ഥമല്ല, ഇതരവ്യാവർത്തകത്വം മാത്രമാണുള്ളത് എന്ന ദെറിദയുടെ വാദത്തിന് പ്രേരണയായത് അപോഹസിദ്ധാന്തമാവാം.

### 1.2.1.2. അഭിഹിതാന്വയവാദം

മീമാംസകരിലെ ഭട്ടന്മാരാണ് അഭിഹിതാന്വയവാദത്തെ അംഗീകരിക്കുന്നത്. അവരുടെ വാദമനുസരിച്ച് പദങ്ങൾ ബോധിപ്പിക്കുന്ന പ്രത്യേകാർത്ഥങ്ങളുടെ സമാഹാരമാണ് വാക്യാർത്ഥം. ഒരു വാക്യം കേൾക്കുമ്പോൾ ആ വാക്യത്തിന്റെ അർത്ഥം മുഴുവനായി ആദ്യംതന്നെ വെളിപ്പെട്ടുവരുന്നില്ല. ആ വാക്യത്തിലുള്ള വ്യത്യസ്തപദങ്ങളുടെ അർത്ഥങ്ങൾ ഒന്നിനുപിറകെ ഒന്നായിട്ടാണ് മനസ്സിലാവുന്നത്. പിന്നീട് ആകാംക്ഷ, യോഗ്യത, സന്നിധി എന്നീ മൂന്ന് ഘടകങ്ങളനുസരിച്ച് ഈ അർത്ഥങ്ങൾ ഒന്നിച്ചുചേർക്കുകയും വാക്യാർത്ഥത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു.

#### 1.2.1.2.1. ആകാംക്ഷ

വാക്യത്തിലെ പദങ്ങൾ തമ്മിലുള്ള ആകാംക്ഷയെ സംബന്ധിച്ച നിബന്ധന ആദ്യമായി ആവിഷ്കരിച്ചത് മീമാംസകരാണ്. *ആഗ്രഹിക്കുക* എന്ന അർത്ഥത്തിലുള്ള 'കാംക്ഷ' എന്ന ധാതുവിൽനിന്നാണ് ആകാംക്ഷ നിഷ്പാദിപ്പിക്കപ്പെടുന്നത്. മറ്റൊരു പദത്തിന്റെ അഭാവത്തിൽ പൂർണമായ അർത്ഥം ബോധിപ്പിക്കാനാവാത്ത പദം ആകാംക്ഷ ഉള്ളതാണെന്ന് പറയാം. അർത്ഥപൂർത്തിക്കായി മറ്റുപദങ്ങളോ അവയുടെ അർത്ഥമോ അറിയാൻ ശ്രോതാവിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ആഗ്രഹമാണിത്. എല്ലാ ഭാഷകളിലും ചില പദങ്ങൾക്ക് അർത്ഥപൂർത്തീകരണത്തിന് മറ്റുപദങ്ങൾ ആവശ്യമായി വരാറുണ്ട്. ഒരു വാക്യം പറയുമ്പോൾ ഓരോരോ വാക്കും ഒന്നിനുപിറകേ ഒന്നായാണ് പറയുന്നത്. നാമം, ക്രിയ എന്നിവയുണ്ടാകുമ്പോഴാണ് അതൊരു വാക്യമായിത്തീരുന്നതും. 'രാമൻ' എന്നുമാത്രം പറയുമ്പോൾ

ആ കർത്താവ് എന്തു ചെയ്യുന്നു എന്നറിയാനുള്ള ആകാംക്ഷ ഉണ്ടാകുന്നു. ക്രിയ കൂടി ചേർത്തുകഴിയുമ്പോൾ വാക്യം പൂർത്തിയാകുന്നു. ഇങ്ങനെ ഒരു വാക്യത്തിൽ ഒരു പദത്തിനുശേഷം വേറേ ഏതുപദം ചേർത്താലാണോ അതിന്റെ അർത്ഥപൂർണത ലഭിക്കുന്നത് അതാണ് ആകാംക്ഷ. ഉദാഹരണമായി സകർമ്മക ക്രിയകൾ കർമ്മത്തെ ആകാംക്ഷിക്കുന്നു. പോകുക എന്നതിൽ 'ആര് പോകുക' എന്നതിനേ ആകാംക്ഷയുള്ളൂ. എന്നാൽ കാണുക എന്നതിൽ 'ആരെ/എന്തിനെ' എന്ന ആകാംക്ഷയുണ്ട്. ചേരുക എന്നതിലാകട്ടെ എന്തിനോട് അഥവാ എവിടെ എന്ന ആകാംക്ഷയ്ക്ക് പ്രസക്തിയുണ്ട്.

#### 1.2.1.2.2. യോഗ്യത

രണ്ട് പദങ്ങൾ പരസ്പരം ഇണങ്ങിനിന്ന് തെറ്റില്ലാത്തതരത്തിൽ അർത്ഥബോധത്തെ ഉളവാക്കുമ്പോൾ അവിടെ യോഗ്യത ഉണ്ടെന്നു പറയാം. 'വെള്ളം കൊണ്ട് നനയ്ക്കുന്നു' എന്നു പറയുമ്പോൾ വെള്ളം, നനയ്ക്കുക എന്നീ വാക്കുകൾ പരസ്പരം ചേർന്നുനിന്ന് യോഗ്യമായ ഒരർത്ഥത്തെ സൃഷ്ടിക്കുന്നു. എന്നാൽ 'തീകൊണ്ട് നനയ്ക്കുന്നു' എന്ന് പറയുമ്പോൾ അവിടെ പദങ്ങൾക്ക് തമ്മിൽ യോഗ്യതയില്ല. എന്നാൽ സവിശേഷമായ കാവ്യസന്ദർഭങ്ങളിൽ പ്രസക്തി ഉണ്ടാകുകയും ചെയ്യാം.

#### 1.2.1.2.3. സന്നിധി

വാചകത്തിന്റെ അർത്ഥബോധനത്തിന് അനുപേക്ഷണീയമായ മറ്റൊരു ഘടകമാണ് സന്നിധി അഥവാ ആസത്തി. ഒരു വാക്ക് ഉച്ചരിച്ചതിനുശേഷം വളരെ സമയം കഴിഞ്ഞാണ് അടുത്ത വാക്ക് ഉച്ചരിക്കുന്നതെങ്കിൽ അവിടെ പദങ്ങൾക്ക് തമ്മിൽ ആകാംക്ഷയും യോഗ്യതയുമുണ്ടായാലും സുഗമമായ അർത്ഥബോധം സാധ്യമാവില്ല. ഒരു വാക്യത്തിലെ വാക്കുകൾ തമ്മിൽ പറയുന്ന അവസരത്തിൽ ആവശ്യത്തിലധികം ഇടവേള ഇല്ലാതിരിക്കുന്നതാണ് സന്നിധി. വാക്യത്തിലെ പദങ്ങൾ ഒരേ സമയത്ത് സാമീപ്യത്തോടുകൂടി നിൽക്കുന്ന അവസ്ഥയാണ് യഥാർത്ഥ

ത്തിൽ സന്നിധി. പദങ്ങളുടെയോ അവയുടെ അർത്ഥങ്ങളുടെയോ തുടർച്ചയായ ചലനമാണ് സന്നിധി എന്ന് 'തന്ത്രവാർത്തിക'ത്തിൽ പറയുന്നതായി ഡോ. എൻ. വി. പി. ഉണിത്തിരി പരാമർശിക്കുന്നുണ്ട് (2009:61). പദങ്ങളുടെ ഏകകാലികമായ മാനസികഗ്രഹണമല്ല സന്നിധി. പടിപടിയായി അർത്ഥം ഗ്രഹിക്കുന്ന തരത്തിൽ അത് പ്രവർത്തിക്കുന്നു. ഇവയ്ക്കുപുറമെ പറയുന്ന വ്യക്തിയുടെ ഉദ്ദേശ്യം അഥവാ താത്പര്യം കൂടി വാചകത്തിന്റെ ശരിയായ അർത്ഥഗ്രഹണത്തിന് അനുപേക്ഷണീയമാണ്.

### 1.2.1.3. അന്വിതാഭിധാനവാദം

പ്രഭാകരന്റെ അന്വിതാഭിധാനവാദം മനുഷ്യരുടെ സാമാന്യമായ ഭാഷാവ്യവഹാരത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. പദങ്ങൾ യഥാർത്ഥമായ ഭാഷാഘടകമാണെങ്കിലും വാകൃസന്ദർഭത്തിലൊഴിച്ച് അവ അർത്ഥം ബോധിപ്പിക്കുന്നില്ലെന്ന് ഈ വാദക്കാർ സിദ്ധാന്തിക്കുന്നു. ''വ്യത്യസ്ത അർത്ഥങ്ങൾ പുലർത്തുന്ന പദങ്ങൾ വാചകത്തിലുണ്ടെങ്കിൽപ്പോലും വാചകത്തിന്റെ അർത്ഥബോധം പദങ്ങളുടെ അർത്ഥബോധത്തെ കവിഞ്ഞുനിൽക്കുന്നു എന്ന് പ്രഭാകരൻ പറയുന്നു ഒരു സന്ദർഭത്തിലും വാകൃത്തിലുമല്ലാതെ പദത്തിന് കേവലമായ ഒരർത്ഥത്തെ പ്രദാനം ചെയ്യാൻ കഴിയില്ല. ഒരു വാക്കിന് അർത്ഥമില്ലെന്ന് പ്രഭാകരൻ പറയുന്നില്ല. പക്ഷേ ഒരു വാകൃത്തിൽ ഉൾപ്പെട്ടിരിക്കുന്ന വാക്ക് അല്ലെങ്കിൽ ഓരോരോ പദങ്ങൾ അവയുടെ അർത്ഥം ആദ്യം സാധ്യമാക്കിയതിന് ശേഷമാണ് വാകൃത്തിന്റെ അർത്ഥം സാധ്യമാക്കുന്നത് എന്ന വാദത്തെയാണ് പ്രഭാകരൻ നിരാകരിക്കുന്നത്'' (ശ്രീകുമാർ, 1998:5).

ഇന്ത്യയിൽ പിന്നീടുണ്ടായ എല്ലാതരത്തിലുള്ള ഭാഷാശാസ്ത്രസിദ്ധാന്തങ്ങളെയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഈ രണ്ട് സിദ്ധാന്തങ്ങളും സ്വാധീനിച്ചിട്ടുണ്ട്. ഇവയെ നിരാകരിച്ചുകൊണ്ടാണ് ഭർത്തൃഹരി തന്റെ സ്ഫോടവാദം അവതരിപ്പിക്കുന്നത്.

### 1.2.1.4. സ്ഫോടസിദ്ധാന്തം

ഭാഷാശാസ്ത്രരംഗത്ത് ഇന്ത്യ നൽകിയ മികച്ച സംഭാവനയാണ് സ്ഫോടസിദ്ധാന്തം. ഇതനുസരിച്ച് പദമോ വാക്യമോ അനേകം വർണങ്ങളുടെയോ പദങ്ങളുടെയോ ക്രമത്തിൽ അടുക്കിവെയ്ക്കപ്പെട്ട സമാഹാരമല്ല. അഖണ്ഡവും അർത്ഥയുക്തവുമായ ഈ ഭാഷാചിഹ്നത്തെയാണ് സ്ഫോടമെന്ന് പറയുന്നത്. ''പാണിനി മഹർഷിക്ക് മുൻപ് ജീവിച്ചിരുന്ന സ്ഫോടായനൻ എന്ന വൈയാകരണനാണ് സ്ഫോടവാദത്തിന്റെ ഉപജ്ഞാതാവെന്ന് പറയപ്പെടുന്നു'' (ശ്രീകുമാർ, 1998: 3). ഏഴാം നൂറ്റാണ്ടിൽ ജീവിച്ച കവിയും തത്വചിന്തകനും വൈയാകരണനുമായ ഭർത്തൃഹരിയുടെ 'വാക്യപദീയ'ത്തിലാണ് സ്ഫോടത്തിന്റെ നിഷ്കൃഷ്ടവും ശാസ്ത്രീയവുമായ അപഗ്രഥനം പ്രത്യക്ഷപ്പെടുന്നത്. ഭാഷയുടെ അടിസ്ഥാനഘടകം വാക്യമാണ് എന്ന കാര്യത്തിലാണ് ഭർത്തൃഹരി ഊന്നൽ നൽകുന്നത്. ഒരർത്ഥത്തെക്കുറിക്കുന്ന കാലരഹിതവും അവിഭാജ്യവുമായ പ്രതീകമായി ഗണിക്കപ്പെടുന്ന സൂചകമാണ് സ്ഫോടം. പ്രപഞ്ചത്തിന്റെ ആധാരമായി ഭർത്തൃഹരി കണക്കാക്കുന്നത് ശബ്ദത്തെയാണ്. ശബ്ദത്തിന് അനശ്വരവും സർവ്വവ്യാപിയുമായ സാന്നിദ്ധ്യമുണ്ടെന്നദ്ദേഹം പറയുന്നു. ശബ്ദം അഥവാ സ്ഫോടമാണ് അർത്ഥത്തെ വെളിപ്പെടുത്തുന്നത്. അത് നാല് ഘട്ടങ്ങളിലായാണ് നടക്കുന്നത്. പരാ, പശ്യന്തി, മധ്യമ, വൈഖരി എന്നിവയാണവ. പര എന്ന മേഖല ശുദ്ധമായ അദ്വൈതാവസ്ഥയുടെ ആദിസ്വരൂപമാണ്. പശ്യന്തിയും ഏതാണ്ട് പരയ്ക്ക് തുല്യമാണ്. ശബ്ദവും അർത്ഥവും പശ്യന്തി എന്ന അവസ്ഥയിൽ പരസ്പരം ലയിച്ചു നിൽക്കുന്നു. മധ്യമയിൽ ഒരു വാചകം പറയുന്നയാൾക്ക് താൻ പറയുന്ന ചിന്തയും അതിനുപയോഗിക്കുന്ന വാക്കുകളും പരസ്പരം മാറ്റിനിർത്തി ചിന്തിക്കുവാൻ കഴിയും. ഒരു ആശയം പറയാൻവേണ്ടി ഉപയോഗിക്കുന്ന വ്യത്യസ്ത വാക്കുകളെയും അവയുടെ വ്യാകരണപരമായ സവിശേഷതകളെയും സ്വന്തം മനസ്സിൽ ക്രമമായി അടുക്കിവെക്കുന്ന പ്രക്രിയയാണ് മധ്യമയിൽ നടക്കുന്നത്. വാചകത്തിന്റെ ഏറ്റവും ബാഹ്യമായ പ്രകടനത്തെയാണ് വൈഖരി എന്നുപറയുന്നത്.

വാക്കും അർത്ഥവും തമ്മിലുള്ള ബന്ധം സ്ഥിരവും നിത്യവുമാണെന്ന് സ്ഫോടദർശനം വാദിക്കുന്നു. എല്ലാ വാക്കുകളും ലക്ഷ്യംവെയ്ക്കുന്ന പരമമായ ആശയത്തെ ഭർത്തൃഹരി ശബ്ദബ്രഹ്മം എന്നാണ് വിളിക്കുന്നത്. ''ഒരു അക്ഷരം അർത്ഥപൂർണമാകുന്നത് ഒരു വാക്കിലാണെന്നും, ഒരുവാക്ക് അർത്ഥമുള്ളതാകുന്നത് ഒരു വാക്യത്തിലാണെന്നും, വാക്യമാകട്ടെ ഒരു ഖണ്ഡികയിലാണ് അർത്ഥപൂർത്തിയുള്ളതാകുന്നതെന്നും, ഖണ്ഡിക ഒരു അദ്ധ്യായത്തിലും, അദ്ധ്യായം ഒരു പുസ്തകത്തിലും, പുസ്തകം ഒരു സമൂഹത്തിലും, സമൂഹം ഒരു രാജ്യത്തിലും, രാജ്യം ഒരു ഭൂമിയിലും, ഭൂമി ബ്രഹ്മാണ്ഡത്തിലും അർത്ഥപൂർത്തിയുള്ളതായിത്തീരുന്നു'' (ശ്രീകുമാർ, 1998:25). ഒരു വാക്യത്തിന്റെ അർത്ഥം തെളിയുന്നത് ഭാഷാരൂപത്തിലല്ലെന്നും അതിനുമുപരിയായി ഭാഷാശബ്ദങ്ങൾ സൃഷ്ടിക്കുന്ന അഖണ്ഡമായ ഒരു ചിഹ്നബോധമാണ് അർത്ഥമായി മനസ്സിൽ നിറയുന്നത് എന്നും ഭർത്തൃഹരി കരുതുന്നു. ഈ ചിഹ്നം ഏകവും അഖണ്ഡവുമാണ്.

'നാട്യശാസ്ത്ര'ത്തിൽ തുടങ്ങുന്ന ഭാരതീയസൗന്ദര്യശാസ്ത്രചിന്തയിലും അർത്ഥസംബന്ധിയായ അന്വേഷണം വ്യക്തമായി നടന്നിട്ടുണ്ട്. പദവും അർത്ഥവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആലോചിക്കുന്ന ധ്വനി, വക്രോക്തി, ഔചിത്യം എന്നീ ചിന്താധാരകൾ ഭാഷയ്ക്ക് സൗന്ദര്യതലവുമായുള്ള ബന്ധത്തെ വ്യക്തമായി അന്വേഷിക്കുന്നതാണ്. അർത്ഥത്തിന്റെ മൂന്ന് അടരുകളെക്കുറിച്ചുള്ള (അഭിധ, ലക്ഷണ, വ്യഞ്ജന) ധ്വനിസിദ്ധാന്തവും വർണതലം മുതൽ പ്രബന്ധതലം വരെ വ്യാപിച്ചുകിടക്കുന്ന വക്രോക്തിസിദ്ധാന്തവും പദങ്ങൾ അർത്ഥത്തെയും ഭാവത്തെയും നിർണ്ണയിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്ന ഔചിത്യചിന്തയും മുന്നോട്ടു വെക്കുന്ന വീക്ഷണം അർത്ഥത്തിലൂന്നുന്നതാണ്. ചുരുക്കത്തിൽ ഭാരതീയചിന്തയിൽ ഭാഷാഘടനയെക്കുറിച്ചും ഭാഷയുടെ താത്വിക ചിന്താബന്ധത്തെക്കുറിച്ചും ഭാഷയ്ക്ക് സൗന്ദര്യവുമായുള്ള ബന്ധത്തെക്കുറിച്ചും ഉണ്ടായ ചിന്തകൾ തീർത്തും വ്യത്യസ്തമായ വഴികളിലൂടെയാണ്.

### 1.4. പാശ്ചാത്യമായ അർത്ഥസങ്കൽപ്പനങ്ങൾ

വാക്കും വസ്തുവും തമ്മിലുള്ള ബന്ധം നൈസർഗികമോ വ്യവസ്ഥാപിതമോ എന്ന അന്വേഷണം പ്ലേറ്റോയുടെ കാലം മുതലേ പാശ്ചാത്യലോകത്തുണ്ടായിരുന്നു. അദ്ദേഹം വാക്കിനും വസ്തുവിനുമിടയിൽ ആശയത്തെ ഉപദർശിക്കുകയാണ് ചെയ്തത്. അരിസ്റ്റോട്ടിൽ ഭാഷയെ യുക്ത്യധിഷ്ഠിതമായാണ് ദർശിച്ചതും വിശകലനം ചെയ്തതും. പദരൂപങ്ങളുടെ ആവിർഭാവം നൈസർഗികമാണെന്നും അവ രൂപാന്തരപ്പെട്ട് നിലനിൽക്കുന്നത് വ്യവസ്ഥാപിതത്വത്തിലൂടെയാണെന്നുമാണ് അരിസ്റ്റോട്ടിൽ അഭിപ്രായപ്പെട്ടത്. ഭാഷയിലൂടെ പ്രകടിതമാകുന്ന ആശയങ്ങളുടെ ബന്ധവും ഈ ബന്ധം അറിവിന്റെ രൂപത്തെ നിർണ്ണയിക്കുന്നതെങ്ങനെയെന്നുമാണ് അരിസ്റ്റോട്ടിൽ കണ്ടെത്തിയത്. ഗ്രീക്ക് ചിന്തകർക്കുശേഷം വന്ന പാശ്ചാത്യ അർത്ഥസങ്കൽപ്പനങ്ങൾ പ്രധാനമായും ഘടനാവാദത്തോടും അനന്തരചിന്തകളോടും ബന്ധപ്പെട്ടാണ് വികസിച്ചത്.

#### 1.2.2.1. ഘടനാവാദം

ആധുനികകാലഘട്ടത്തിലെ സാഹിത്യനിരൂപണത്തിന്റെ സ്വഭാവത്തെ മാറ്റിത്തീർത്ത ഘടനാവാദം ഉടലെടുത്തത് ഫ്രാൻസിലാണ്. ഫെർഡിനാന്റ് ഡി സസ്യൂർ എന്ന പ്രശസ്തഭാഷാശാസ്ത്രജ്ഞന്റെ ഭാഷാദർശനമാണ് ഘടനാവാദത്തിന് സൈദ്ധാന്തികമായ അടിത്തറ നൽകിയത്. സംസ്കൃതമുൾപ്പെടെ ഒട്ടേറെ ഭാഷകളിൽ പാണ്ഡിത്യംനേടിയ അദ്ദേഹത്തിന്റെ ഭാഷാശാസ്ത്രചിന്തകളെ സഹപ്രവർത്തകർ അദ്ദേഹത്തിന്റെ മരണാനന്തരം ക്രോഡീകരിച്ച് 1916-ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം 'Course in General Linguistics' (1960) എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഭാഷയുടെ ഘടന മാത്രമാണ് സ്വതന്ത്രവും സർവ്വപ്രധാനവുമായ പ്രതിഭാസം എന്നാണദ്ദേഹത്തിന്റെ നിഗമനം.

നേർവിപരീതമായ ദ്വന്ദങ്ങളുടെ (Binary Opposites) പരികൽപ്പനയിലൂടെയാണ് ഭാഷ ആശയവിനിമയമെന്ന ധർമ്മം നിർവ്വഹിക്കുന്നതെന്ന് സസ്യൂർ

ചൂണ്ടിക്കാട്ടി. ഭാഷയെ ആശയപ്രകാശനത്തിനുതകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസ്ഥയായിക്കണ്ട സസ്യൂർ വ്യത്യസ്തതരം ചിഹ്നങ്ങളെ സാമൂഹികജീവിതത്തിന്റെ ഭാഗമായി പഠിക്കുന്ന ചിഹ്നവിജ്ഞാനീയമെന്ന ഒരു പുതിയ വിജ്ഞാനശാഖ വിഭാവനം ചെയ്തു. ചിഹ്നമെന്നാൽ കേവലം ശബ്ദമല്ല, മറിച്ച് സംസ്കാരത്തിൽ അർത്ഥസംപ്രേക്ഷണത്തിന് സഹായകമായ സൂചനയാണ്. അവ സ്വതന്ത്രമായ അർത്ഥം ഉൾക്കൊള്ളുന്നില്ല. ട്രാഫിക് സിഗ്നലിൽ കാണുന്ന ചുവപ്പ്, പച്ച, മഞ്ഞ എന്നീ അടയാളവും അതിന്റെ അർത്ഥവും തമ്മിൽ സ്വാഭാവികമായ ബന്ധമൊന്നുമില്ല. ഇവിടെ അടയാളത്തിന്റെയും അർത്ഥത്തിന്റെയും ബന്ധം മനസ്സിൽ തോന്നുന്നതോ യാദൃച്ഛികമോ (Arbitrary) ആണ്. യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നത് ഭാഷവഴിയാണ്. അത് മാത്രമേ യാഥാർത്ഥ്യബോധം നമ്മിൽ ഉളവാക്കുന്നുള്ളൂ എന്നും സസ്യൂർ അഭിപ്രായപ്പെടുന്നു. ഭാഷയിലെ ശബ്ദബന്ധങ്ങളെ അദ്ദേഹം ലാങ് എന്നും പരോൾ എന്നും രണ്ടായിതിരിക്കുന്നു.

#### 1.2.2.1.1. ലാങ്

ഭാഷണസമൂഹം ഉപയോഗപ്പെടുത്തുന്ന സമഗ്രമായ വ്യാകരണികവ്യവസ്ഥയെ സൂചിപ്പിക്കാൻ സസ്യൂർ ഉപയോഗിച്ച സംജ്ഞയാണ് ലാങ്. ഭാഷാപ്രയോക്താക്കളായ എല്ലാവരുമുൾപ്പെട്ട സമൂഹത്തിന് ഭാഷയെക്കുറിച്ചുള്ള ധാരണ എന്ന നിലയിൽ ഭാഷാബോധമോ ഭാഷാസ്വരൂപമോ ആണ് ലാങ് എന്നു പറയാം. ''ഒരു സുഘടിതസാമൂഹികപ്രതിഭാസവും പദാവലീവ്യാകരണവ്യവസ്ഥകളുടെ ആകെത്തുകയുമാണ് ലാങ്. അത് ഭാഷണനൈപുണി പ്രയോഗിക്കാൻ ഭാഷാപ്രയോക്താക്കളെ അനുവദിക്കത്തക്കവണ്ണം സമൂഹം സ്വീകരിച്ചിട്ടുള്ള അനുപേക്ഷണീയമായ ചിട്ടകളുടെ സമാഹാരമാണ്. വ്യക്ത്യതീതവും സാമൂഹികവുമായ ഒരു പ്രതിഭാസമോ വ്യക്തിഗതസവിശേഷതകളുടെയെല്ലാം ആകെത്തുകയിൽനിന്നുള്ള സാരഗ്രഹണമോ ആണത്; ഭാഷയിൽ പ്രസക്തമായ സകലവ്യവസ്ഥകളുടെയും ഘടനകളുടെയും സഞ്ചയം'' (ഗോപീചന്ദ് നാരംഗ്, 2013: 38).

#### 1.2.2.1.2. പരോൾ

പരോൾ എന്നതിന്റെ ആശയം സംസാരിക്കുന്ന ഭാഷ അഥവാ ഭാഷയുടെ പ്രയോഗം അല്ലെങ്കിൽ ഭാഷണം എന്നാണ്. അത് സംസാരിക്കുന്ന വ്യക്തിയുടെ അധികാരത്തിലുള്ളതാണ്. ''ലാങ് ഭാഷയുടെ തന്ത്രം മാത്രമാണ്. സിദ്ധാന്തങ്ങളുടെയും നിയമങ്ങളുടെയും മാനസികസങ്കൽപ്പം വ്യക്തിഗതമല്ലാത്തതും ഭാഷയുടെ ഓരോ പ്രയോഗത്തിന്റെയും സ്രോതസ്സുമാണ്. എന്നാൽ പരോൾ അതിന്റെ ദൈനംദിനസംസാരത്തിൽ പ്രകടമാകുന്ന യഥാർത്ഥപ്രയോഗവും അടിസ്ഥാനപരമായി ഭാഷയുടെ സമ്പൂർണ-അമൂർത്തസിദ്ധാന്തത്തിൽ അധിഷ്ഠിതവുമാണ്'' (ഗോപീ ചന്ദ് നാരംഗ്, 2013: 39).

#### 1.2.2.1.3. സൂചകം/സൂചിതം

ഭാഷയുടെ ഘടകമായ പദത്തിനെ സസ്യൂർ രണ്ടംശങ്ങളായി അപഗ്രഥിക്കുന്നു. ഒന്നാമത്തെ അംശം ഒരു ശബ്ദബിംബമോ സ്വനവ്യൂഹമോ ആണ്. അതിനെ സൂചകമെന്ന് വിളിക്കുന്നു (Signifier). പദം പ്രതിനിധാനം ചെയ്യുന്ന ആശയമാണ് സൂചിതം (Signified). ''സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം നൈസർഗികമല്ല. അത് കൽപ്പിതമായതിനാലാണ് ഭാഷയുടെ ഘടന നമുക്ക് പഠിക്കേണ്ടിവരുന്നത്. ഒരു പദത്തിന്റെ അർത്ഥം നിർണ്ണയിക്കുന്നത് ഭാഷാഘടനയിൽ അതിനുള്ള സ്ഥാനമാണ്. ഭാഷാഘടകങ്ങൾക്ക് ഇതരവ്യാവർത്തകത്വമേയുള്ളുവെന്നും നേരിട്ട് അർത്ഥബോധകത്വമില്ലെന്നും സസ്യൂർ പറഞ്ഞുവെച്ചത് ഈ അർത്ഥത്തിലാണ്'' (രാജേന്ദ്രൻ, 1997: 28). സസ്യൂറിന്റെ ഈ കൽപ്പനയിൽ വസ്തുവിന് ഒരു സ്ഥാനവുമില്ല. ഭാഷയിൽ ശബ്ദത്തിന് അർത്ഥമുണ്ടെങ്കിലും അത് ശബ്ദത്തിന് വസ്തുവുമായി ഒരുവിധത്തിലും ബന്ധമുള്ളതുകൊണ്ടല്ല, മറിച്ച് ശബ്ദം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന ഒരു വ്യവസ്ഥയുടെ ഭാഗമായതുകൊണ്ടാണ്. ഭാഷയിൽ വസ്തുക്കളെ തിരിച്ചറിയുന്നത് ബന്ധങ്ങളുടെ ഈ വ്യവസ്ഥ കാരണമാണ്. വൃക്ഷ

മെന്ന ശബ്ദത്തിന്റെ ധ്വന്യാത്മകബിംബവും വൃക്ഷത്തിന്റെ സങ്കൽപ്പവും തമ്മി ലുള്ള ഘടനാത്മകബന്ധമാണ് ഭാഷാശാസ്ത്രപരമായ ചിഹ്നത്തെ നിർമ്മിക്കുന്നത്. അതായത് വൃക്ഷമെന്ന ശബ്ദത്തിന്റെ ധ്വനികളും അതിന്റെ സങ്കൽപ്പങ്ങളും വൃക്ഷ മെന്ന വസ്തുവും തമ്മിൽ യാതൊരു ബന്ധവുമില്ല. 'വൃക്ഷ'ത്തിന് ഈ അർത്ഥം ഭാഷാഘടന നൽകിയതാണ്. സസ്യൂറിന്റെ പ്രധാനപ്പെട്ട ഒരു ആശയം ചിഹ്ന ത്തിന്റെ സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം സ്വതന്ത്രമായിട്ടാണെങ്കിൽ 'വൃക്ഷ'ത്തെ എല്ലാ ഭാഷയിലും വൃക്ഷം എന്നുതന്നെ പറയാമായിരുന്നു എന്നതാ ണ്. ലോകം മുഴുവൻ ഒരു ഭാഷതന്നെ സംസാരിക്കുമായിരുന്നു എന്നുമാണ്. എന്നാൽ അങ്ങനെയല്ലാത്തതുകൊണ്ടാണ് സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം സ്വതന്ത്രരൂപത്തിലാണെന്ന് സസ്യൂർ പറയുന്നത്.

''ഭാഷയെയും യാഥാർത്ഥ്യത്തെയും സംബന്ധിച്ച ചിന്തതന്നെ മാറ്റിമറിച്ച സസ്യൂറിന്റെ കേന്ദ്രീയചിന്ത ഇതാണ്: Language signifies reality by bestowing a particular linguistically structured ferm of conceptual organization upon it. ഭാഷ വർണ്ണിക്കുന്ന വസ്തുക്കൾ ഭാഷയുടെ വെളി യിൽനിൽക്കുന്ന യഥാർത്ഥവസ്തുക്കൾ അല്ല. മറിച്ച് ആ വസ്തുക്കളുടെ സങ്കൽപ്പ ങ്ങൾ ഭാഷയുടെ ഉള്ളിലാണ് ഉള്ളത്'' (ഗോപീചന്ദ് നാരംഗ്, 2013:54). സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം യാദൃച്ഛികവും വക്താവിന്റെ അധികാരത്തിലുള്ള തുമാണ്. അത് പാരമ്പര്യമായി ഭാഷ സംസാരിക്കുന്ന സമൂഹത്തിൽ സ്ഥാപിച്ചിരി ക്കുകയാണ്. ഭാഷ സാമൂഹികയാഥാർത്ഥ്യമാണ് എന്നതിനെ സസ്യൂർ മുറുകെ പിടിക്കുന്നു. ''കേവലം സാമൂഹികമായ ഒരു കൂട്ടത്തിനേ ചിഹ്നത്തെ സൃഷ്ടിക്കാനാവൂ. ഭാഷ ആദ്യന്തം സാമൂഹികമായ ഇടപാടാണ്. സൂചകവും സൂചിതവുമായുള്ള പരസ്പരബന്ധം പ്രകടമാവുന്നില്ലെങ്കിലും ഈ പ്രക്രിയ ഭാഷാ പരമായ സമൂഹത്തിനുള്ളിലാണ് നടക്കുന്നത്. ഏതൊരു സമൂഹവും ഭാഷയുടെ ചിഹ്നതന്ത്രമില്ലാതെ സ്ഥാപിക്കപ്പെടാൻ സാധ്യതയില്ല. അതിന്റെ ഉൽപ്പാദനരീതി

കളോ ജീവിതരീതികളോ അഥവാ സ്ഥാപനങ്ങളുടെ ഏതെങ്കിലും ധർമ്മമോ ഭാഷയില്ലാതെ സംഭാവ്യമല്ല. സസ്യൂർ പറഞ്ഞിട്ടുള്ളത് സമൂഹം നിലവിൽ വരുമ്പോൾ തന്നെ ഭാഷയും നിലവിൽ വരുന്നു എന്നാണ്'' (ഗോപീചന്ദ് നാരംഗ്, 2013: 52).

### 1.2.2.2. ഘടനാനന്തരവാദം

ഘടനാവാദത്തിന്റെ തുടർച്ചയും ഇടർച്ചയുമായാണ് അപനിർമ്മാണം കടന്നുവരുന്നത്. വാഗർത്ഥങ്ങളെക്കുറിച്ചുള്ള ചിന്തകൾ ദെറിദയുടെ അന്വേഷണമണ്ഡലത്തിലും കടന്നുവരുന്നുണ്ട്. ഭാഷയുടെ യഥാർത്ഥശക്തി തിരിച്ചറിയണമെങ്കിൽ ഭാഷയ്ക്ക് പുറത്തല്ല അകത്തുതന്നെ അന്വേഷിക്കണമെന്നും അദ്ദേഹം മനസ്സിലാക്കി. ഭാഷയ്ക്ക് പൂർവ്വനിശ്ചിതമായി ഒരർത്ഥമില്ലെന്നും അർത്ഥം എന്നത് വാക്കിൽ നിന്നും അനന്തമായി നീട്ടിവെക്കപ്പെടുന്ന ഒന്നാണെന്നുമാണ് ദെറിദ മുന്നോട്ടുവെക്കുന്ന പ്രധാന ആശയം. മാത്രമല്ല വാക്കുകൾക്ക് ഒരേ സമയം വിധിപരവും നിഷേധപരവുമായ അർത്ഥങ്ങളെ വഹിക്കാനുള്ള കഴിവുണ്ടെന്നും അദ്ദേഹം കണ്ടെത്തി (പോക്കർ, 1998: 81). ഭാഷയുടെ അടിസ്ഥാനംതന്നെ വാഗർത്ഥങ്ങളെ കേന്ദ്രീകരിച്ചായതിനാൽ ദെറിദയുടെ ഈ ആശയം ഭാഷകൊണ്ട് വിനിമയം ചെയ്യുന്ന മറ്റു തലങ്ങളേയും സാരമായി ബാധിച്ചു. ദെറിദയുടെ സിദ്ധാന്തം തത്വചിന്ത, സാഹിത്യനിരൂപണം, സൗന്ദര്യശാസ്ത്രം  എന്നീ മേഖലകളിലേക്ക് കൂടി വ്യാപിക്കുകയുണ്ടായി.

ഭാഷയെക്കുറിച്ചുള്ള പൂർവ്വധാരണകളെ തകിടം മറിച്ചുകൊണ്ട് ദെറിദ അവതരിപ്പിച്ച സംപ്രത്യയമാണ് എഴുത്ത്.  ഭാഷണം, എഴുത്ത് എന്നിങ്ങനെ ഭാഷയെ രണ്ടായിതിരിച്ച് ഭാഷണത്തിന് പ്രഥമവും എഴുത്തിന് ദ്വിതീയവുമായ സ്ഥാനം കൽപ്പിച്ചവരാണ് ദെറിദക്ക് മുമ്പുണ്ടായിരുന്ന ചിന്തകരെല്ലാം. എന്നാൽ എഴുത്താണ് ആദ്യമുണ്ടായതെന്നാണ് ദെറിദയുടെ വാദം. ഇതിന് ദെറിദ ഉദ്ദേശിക്കുന്ന അർത്ഥം ഭാഷയുടെ വികാസചരിത്രത്തിൽ ഭാഷണത്തിന് മുൻപേ എഴുത്തുണ്ടായി എന്നല്ല. മറിച്ച് എഴുത്ത് എന്ന സംപ്രത്യയം ഭാഷണം എന്ന സംപ്രത്യയത്തേക്കാൾ

ബൃഹത്തും അതിനെ ഉൾക്കൊള്ളാൻ പാകത്തിലുള്ളതുമാണ് എന്നാണ്. ഭാഷ യുടെ ആരംഭത്തിലുള്ളതും ഭാഷയെ മുഴുവൻ ഉൾക്കൊള്ളുന്നതുമായ ഈ സംപ്ര ദായത്തിന് ദെറിദ കൊടുക്കുന്ന പേര് Arche Writing എന്നാണ്. ഡോ.വി.സി. ശ്രീജൻ 'ആദിമാലേഖം' എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട് (ജോർജ്ജ്, എഡി. 1996: 65). എല്ലാ ഭാഷണത്തിലും എഴുത്തിലും അന്തർഭവിച്ച ഒരാദിമാലേഖമാണിത്. ഭാഷണത്തെ ഉൾക്കൊള്ളുക മാത്രമല്ല ഭാഷണത്തിന് അർത്ഥം നിർണ്ണയിക്കു ന്നതും ആദിമാലേഖമാണെന്നത്രേ ദെറിദയുടെ അഭിപ്രായം. ആദിമാലേഖ ത്തിൽനിന്നും നിരന്തരമായ ഉപയോഗത്തിലൂടെ വാക്കുകൾ ആർജ്ജിച്ചെടുക്കുന്ന അടയാളങ്ങളാണ് വാക്കുകളിൽ അനേകാർത്ഥം ഉണ്ടാക്കുന്നത് എന്നതാണ് ദെറിദ മുന്നോട്ടു വെക്കുന്ന മറ്റൊരാശയം. ഈ അടയാളത്തെ അദ്ദേഹം 'Trace' എന്നാണ് വിളിച്ചിരുന്നത്. വാക്കിനുള്ളിലുള്ള അസാന്നിധ്യങ്ങളുടെ സാന്നിധ്യത്തെയാണ് അടയാളം (Trace) എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

ഒരിക്കലും തീരാത്ത ഒന്നാണ് അർത്ഥോത്പാദനപ്രക്രിയ എന്നാണ് ദെ റിദയുടെ അഭിപ്രായം. സൂചകങ്ങളുടെ സ്ഥാനനിർണ്ണയം അസാധ്യമാണ് എന്ന തിനെക്കുറിക്കാൻ 'ഡിഫറാൻസ്' എന്ന വാക്കാണ് ദെറിദ ഉപയോഗിക്കുന്നത്. 'Writing and Difference' എന്ന ഗ്രന്ഥത്തിലാണ് ദെറിദ ഇതാവിഷ്കരിക്കുന്നത്. ഒരു ചിഹ്നവ്യവസ്ഥ എന്ന നിലയിലാണ് ഭാഷയെ ഘടനാവാദം സമീപിച്ചത്. ആശ യവും ശബ്ദബിംബവും ചേർന്നാണ് ചിഹ്നവ്യവസ്ഥ രൂപപ്പെടുന്നത്. മാങ്ങ എന്ന വാക്ക് ഒരു ശബ്ദബിംബവും അത് ഉണ്ടാക്കുന്ന ആശയവും ചേർന്നതാണ്. ഈ ശബ്ദബിംബത്തെ സൂചകമെന്നും ആശയത്തെ സൂചിതമെന്നുമാണ് സസ്യൂർ വിളി ക്കുന്നത്. എന്നാൽ സൂചകം വ്യക്തമായി നിർവ്വചിക്കപ്പെട്ട ഒരു സൂചിതത്തെയും വഹിക്കുന്നില്ല, മറിച്ച് സൂചിതത്തിന് കീഴിലൂടെ സൂചകങ്ങൾ നിരന്തരം വഴുതിമാറി ക്കൊണ്ടിരിക്കുകയാണെന്നതാണ് ദെറിദയുടെ അഭിപ്രായം. ഇവിടെ ഒരു സൂചിത ത്തിലും നിലയുറപ്പിക്കാതെ മറ്റ് സൂചകങ്ങളിലേക്കുള്ള സാധ്യതകൾ തുറന്നിടുന്ന

ചിഹ്നമായി സൂചകം മാറുന്നു. മറ്റർത്ഥങ്ങളുടെ നിഷേധത്തിലൂടെ വാക്കിന് അർത്ഥ മുണ്ടാകുന്നു എന്ന ആശയവും ദെറിദ മുന്നോട്ട് വെക്കുന്നുണ്ട്. അതായത് കണ്ണ് എന്ന വാക്കിന് നാം ആ അർത്ഥം കൽപ്പിക്കുന്നത് അത് ചെവിയോ നാവോ മൂക്കോ അല്ലെന്നുള്ള നിഷേധത്തിലൂടെയാണ് എന്നാണ് ദെറിദയുടെ വാദം.

വാക്കിൽനിന്നും അർത്ഥം അനന്തമായിനീട്ടിവെക്കുന്നു എന്നതും നിഷേധ ത്തിലൂടെ വ്യത്യാസത്തെ സൂചിപ്പിക്കുന്നു എന്നതും ഒരുമിച്ചുചേർത്താണ് ഡിഫ റാൻസ് എന്ന ആശയം ദെറിദ അവതരിപ്പിക്കുന്നത്. 'അന്തരം' എന്നാണ് വി. സി. ശ്രീജൻ ഇതിനെ മൊഴിമാറ്റിയത്. എന്നാൽ അന്തരത്തിന് *വ്യത്യാസം* എന്ന അർത്ഥം മാത്രം എടുത്താൽ പോരാ. *വ്യത്യാസം* എന്ന അർത്ഥത്തിൽ 'differ' ഉം *നീട്ടിവെക്കുക* എന്ന അർത്ഥത്തിൽ 'defer' ഉം ചേർത്ത് ദെറിദ പുതുതായി നിർമ്മിച്ച ഒരു സാങ്കേതികപദമാണ് 'Differance'. ഈ പദത്തിന്റെ ദൃശ്യപരവും ശ്രോതപരവുമായ സമീപനത്തെക്കുറിച്ച് ഡോ. പി. കെ. പോക്കർ സൂചിപ്പിക്കുന്നു. കാണുമ്പോൾ ഇതൊരു പുതിയ വാക്കാണ്. കേൾക്കുമ്പോൾ വ്യത്യാസമെന്ന അർത്ഥത്തിലാണ് നമ്മൾ മനസ്സിലാക്കുക. ഇങ്ങനെ ഭാഷയിൽ കാണാൻ മാത്രം കഴിയുന്ന, കേൾക്കാൻ മാത്രം കഴിയുന്ന ഒന്നായി ഈ പദം മാറുന്നുവെന്ന് പി.കെ. പോക്കർ നിരീക്ഷിക്കുന്നുണ്ട് (1998: 83).

എഴുത്തിന്റെ പ്രാധാന്യത്തെയും എഴുത്തിൽത്തന്നെ വാഗർത്ഥങ്ങളുടെ ബന്ധത്തെക്കുറിച്ചും തന്റെ വാദങ്ങൾ അവതരിപ്പിക്കവെ ദെറിദ മുന്നോട്ടു വെക്കുന്ന മറ്റൊരു ആശയമാണ് 'സ്വതന്ത്രലീല' (Free play). റൊളാങ് ബാർത്തിന്റെ പാഠസങ്കൽപ്പവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ദെറിദ ഇത് അവ തരിപ്പിക്കുന്നത്. ദെറിദയുടെ അഭിപ്രായത്തിൽ പാഠത്തിന് അർത്ഥം ഉൽപ്പാദിപ്പി ക്കാൻ സാധിക്കുന്നത് സൂചകങ്ങളുടെ 'സ്വതന്ത്രമായ ലീല' കൊണ്ടാണ്. പാഠമാ കുന്ന വലയിലെ ഓരോ കണ്ണിയും ഓരോ സൂചകമാണ്. ഈ സൂചകമാവട്ടെ അന

ന്തവും സ്വതന്ത്രവുമായ ലീലയിലേർപ്പെട്ടതുകൊണ്ട് ആ പാഠത്തിന് അർത്ഥ ത്തിന്റെ കേന്ദ്രം നഷ്ടപ്പെടുന്നു. ഭാഷയ്ക്ക് ഒന്നും അർത്ഥമാക്കാനില്ലെന്നുള്ള പരാ മർശങ്ങൾക്കും പല തെറ്റിദ്ധാരണകൾക്കും ഇത് വഴിവെച്ചു. എന്നാൽ സൂചകചല നത്തെ ഒരു യന്ത്രത്തിന്റെ ചലനസ്വാതന്ത്ര്യം എന്നുമാത്രം കണ്ടാൽ മതിയെന്നും പറഞ്ഞ് ഫുട്ബോൾ കളിയെ ഉദാഹരിച്ചുകൊണ്ട് വി. സി. ശ്രീജൻ ഇത് വ്യക്തമാ ക്കുന്നുണ്ട്. സൂചകങ്ങളുടെ ചലനം ഒരു ഫുട്ബോൾ കളിയാണെന്നിരിക്കെ അതിൽ പന്ത് കയ്യിലെടുത്ത് വലയിലേക്കെറിയാനോ കളത്തിലേക്ക് ഓടിമറയു വാനോ ഉള്ള സ്വാതന്ത്ര്യമില്ല. അത്തരം അസ്വാതന്ത്ര്യങ്ങൾ സൂചകചലനത്തിലും സങ്കൽപ്പിച്ചാൽ ദെറിദയുടെ സ്വതന്ത്രലീല എന്ന ആശയത്തെ ഏത് അർത്ഥവും പറയാവുന്ന ഒന്നായി കാണാനാവില്ലെന്ന് വി.സി. ശ്രീജൻ പറയുന്നു (ജോർജ്ജ്, എഡി. 1996: 68). ദെറിദയുടെ ഈ ചിന്തയും ലക്ഷണയും വ്യഞ്ജനയുമുണ്ടാകു ന്നത് വാച്യാർത്ഥത്തിൽ നിന്നാണെന്ന ഭാരതീയചിന്തയോട് സാധർമ്മ്യമുള്ളതാ ണ്.

വാക്ക്, അർത്ഥം എന്ന വ്യാവർത്തനവും വാഗർത്ഥസമ്പർക്കരീതിയുടെ വിവരണവും ഇന്ത്യയിൽ പണ്ടേ ചിന്താവിഷയമായിരുന്നു. സസ്യൂറിന്റെ ചിന്ത കൾക്ക് ഒരു പരിധിവരെ പ്രചോദനകേന്ദ്രമായത് അദ്ദേഹത്തിന്റെ സംസ്കൃത ഭാഷാപരിജ്ഞാനമായിരുന്നു. 'course'-ന് ആധാരമായ പ്രഭാഷണപരമ്പര നടത്തി യത് അദ്ദേഹം പത്തുകൊല്ലത്തോളം സംസ്കൃതം പഠിച്ചതിനുശേഷമായിരുന്നു എന്നും അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ കുറിച്ചെടുത്ത ക്ലാസ് നോട്ട് എഡിറ്റ് ചെയ്താണ് പുസ്തകമാക്കിയത് എന്നും 'സാഹിത്യസിദ്ധാന്തചർച്ച' എന്ന കൃതി യിൽ എം. എൻ. കാരശ്ശേരി അഭിപ്രായപ്പെടുന്നുണ്ട് (2017: 24).

വ്യാകരണകാരന്റെ വിഷയം ഭാഷകസമൂഹത്തിന്റെ ലാങ് ആണ്. ഭാഷ പഠി ച്ചെടുക്കുന്ന ഓരോ ആളും ഗ്രഹിച്ചെടുക്കാൻ ശ്രമിക്കുന്നത് സമൂഹത്തിന്റെ അവ ബോധത്തിലുള്ള ലാങിനെയാണ്. ''തങ്ങളുടെ അന്വേഷണവിഷയം ലാങ് ആണ്

എന്ന് പഴയവൈയാകരണന്മാർ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടാണവർ സാമാന്യവത്ക്കരണം, നിയമക്രോഡീകരണം, അവയുടെ ക്രമീകരണം എന്നിവയിൽ ശ്രദ്ധിച്ചത്. ഓരോ പ്രകൃതിയുമെടുത്ത് സാധുരൂപങ്ങൾ ചൊല്ലിപ്പഠിച്ചാൽ അന്തമുണ്ടാവില്ലെന്നൊരു കഥ 'മഹാഭാഷ്യ'ത്തിലുണ്ട്. ഇന്ദ്രൻ ശിഷ്യനായും ബൃഹസ്പതി ഗുരുവായും ചമഞ്ഞിട്ടുകൂടി ദിവ്യവർഷസഹസ്രങ്ങൾ കഴിഞ്ഞിട്ടും ഒരന്തവും വന്നില്ലത്രേ. ഏതാനും പ്രകൃതിയുടെ രൂപങ്ങൾമാത്രം പഠിച്ച് ശേഷമുള്ളവയെ അവയുടെ മാതൃകയിൽ ഉണ്ടാക്കിയെടുക്കാനുള്ള വിധികൾ പഠിച്ചാൽ മതിയെന്നായി തീരുമാനം. ഇങ്ങനെയാണത്രേ ആദ്യത്തെ വ്യാകരണകൃതി ജനിക്കുന്നത്'' (കാരശ്ശേരി, എഡി. 2017:25). വാഗർത്ഥബന്ധത്തെക്കുറിച്ചുള്ള സസ്യൂറിന്റെ ചിന്തകൾക്ക് പിൻബലമായത് ഇന്ത്യൻ സിദ്ധാന്തങ്ങളാണെന്ന് സസ്യൂറിന്റെ 'ഇന്ത്യൻ വേരുകൾ' എന്ന ലേഖനത്തിൽ വേണുഗോപാലപ്പണിക്കരും അഭിപ്രായപ്പെടുന്നുണ്ട്. ''വാഗർത്ഥബന്ധത്തെ ശക്തിയെന്ന് വിളിക്കുന്നു (ശക്തിശ്ചപദേന സഹ പദാർഥ സംബന്ധ:-സിദ്ധാന്തമുക്താവലി). ശബ്ദപദാർത്ഥപ്രത്യയം നൈസർഗികമല്ല, സാമയികമാണ് എന്ന് വൈശേഷികന്മാരും നൈയായികന്മാരും പറയുന്നു. ശബ്ദാർത്ഥബന്ധം പ്രകൃതി സിദ്ധമല്ലെന്നതിനു തെളിവായി 'ശബരഭാഷ്യ'ത്തിൽ ഒരു തമാശ പറയുന്നത് കാണാം. കത്തിയുടെ വായ്ത്തലയെപ്പറ്റി പറഞ്ഞാൽ വായ് മുറിയുന്നില്ല. മോദകത്തെപ്പറ്റി പറഞ്ഞാൽ നിറയുന്നുമില്ല. ഓരോരോ കൂട്ടർക്ക് ഒരേ കാര്യം പറയാൻ വേവ്വേറെ വാക്കുകളാണ് എന്നതും ശബ്ദാർത്ഥബന്ധത്തിന്റെ സാമയികത്വത്തിന് തെളിവായി ചൂണ്ടിക്കാട്ടുന്നുണ്ട്. 'സാമയിക:ശബ്ദാർത്ഥ സംപ്രത്യയോ, ന സ്വാഭാവികഃ ലുഷ്യാര്യമ്ലേച്ഛാണാം യഥാകാമം ശബ്ദവിനിയോഗാർത്ഥം പ്രത്യായാനായ പ്രവർത്തതേ'. നവ്യന്യായക്കാർ (16-ാം നൂറ്റാണ്ട്) സങ്കേതം എന്ന വാക്കുതന്നെയാണ്, സാമയികം എന്നല്ല ഉപയോഗിക്കുന്നത്'' (കാരശ്ശേരി, എഡി. 2017: 28).

ഡോ.വി.രാജീവും 'നവനിരൂപണം സിദ്ധാന്തവും പ്രയോഗവും' എന്ന കൃതിയിൽ ഘടനാവാദസിദ്ധാന്തത്തിന് ഭാരതീയസിദ്ധാന്തത്തിനോടുള്ള ആഭി

മുഖ്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ''വാഗർത്ഥബന്ധത്തെക്കുറിച്ചുള്ള വിശദ മായ പഠനം അതിപ്രാചീനകാലം മുതൽക്കുതന്നെ ഭാരതീയവൈയാകരണന്മാർ നടത്തിയിട്ടുണ്ട്. അഖണ്ഡാർത്ഥബോധത്തിലൂടെ സഫുടിച്ചു വരുന്നതാണ് അർത്ഥ ബദ്ധമായ സ്ഫോടമെന്ന് ഭർത്തൃഹരി വിശദമാക്കുന്നു. ഭാഷയുടെ സാമൂഹിക മായ ഉപയോഗത്തിലൂടെ മാത്രമേ അത് ലഭിക്കുകയുള്ളു. ഒരു വസ്തുവിനെ കുറി ക്കുന്ന ശബ്ദം ആ വസ്തുവിനോടൊപ്പം സ്വാഭാവികമായി നിലനിൽക്കുന്നതല്ല. സസ്യൂറിന്റെ ഭാഷാശാസ്ത്രത്തിലെ സൂചകസൂചിതബന്ധങ്ങൾതന്നെയാണ് ഭർത്തൃഹരിയുടെ സിദ്ധാന്തത്തിലെ ശബ്ദാർത്ഥബന്ധവും. വാക്യത്തിലെ ശബ്ദ ങ്ങൾക്ക് സമഗ്രമായ വാക്യാർത്ഥപ്രതീതി നൽകുവാൻ കഴിയില്ല എന്നും അഖണ്ഡ മായ വാക്യാർത്ഥബോധത്തിലൂടെ മാത്രമേ അർത്ഥപ്രതീതി ഉണ്ടാവുകയുള്ളൂ എന്നും ഭർത്തൃഹരി വിശദമാക്കുന്നതുതന്നെയാണ് ആധുനികഭാഷാശാസ്ത്ര ത്തിലെ ഘടനാത്മകചിന്തയും'' (രാജീവ്, 2015:31).

വാഗർത്ഥബന്ധത്തിന്റെ പൂർത്തീകരണം വാക്യത്തിലൂടെ പ്രകരണം വരെ നീളുന്നതാണെങ്കിലും അതിന്റെ തുടക്കം തീർച്ചയായും പദത്തിലാണ്. വ്യാകരണ ധർമ്മാനുഷ്ഠാനം നടത്തുന്ന പ്രത്യയങ്ങളും സാർത്ഥകമാണെങ്കിലും അവ സാമാ ന്യവൽക്കരിക്കാവുന്നതും വ്യാകരണത്തിന്റെ പരിധിയിൽ ഉള്ളതുമാണ്. എന്നാൽ കോശിമം എന്നു പരാവർത്തനം ചെയ്യാവുന്ന പദമാണ് സങ്കേതനിഷ്ഠവും സാമാ ന്യവൽക്കരണത്തിന് കുറച്ചുമാത്രം വഴങ്ങുന്നതും. അതുകൊണ്ട് ഈ പ്രബന്ധ ത്തിൽ അത്തരം പദാർത്ഥത്തെപ്പറ്റി മാത്രമാണ് വിചാരണ ചെയ്യുന്നത്.

### 1.2.3 അർത്ഥത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

ഒരു ശബ്ദത്തിന്റെ കൃത്യമായ അർത്ഥം നിർണയിക്കുന്നതിൽ പ്രകരണത്തി നുള്ള പ്രാധാന്യത്തെക്കുറിച്ച് പ്രാചീനവൈയാകരണന്മാർ ഊന്നിപ്പറഞ്ഞിട്ടുണ്ട്. പ്രകരണമെന്നാൽ *പ്രയോഗസന്ദർഭ*മെന്നർത്ഥം. ഒരു ശബ്ദപ്രയോഗത്തിന്റെ അർത്ഥം നിശ്ചയിക്കേണ്ടത് അതിന്റെ രൂപംകൊണ്ടു മാത്രമല്ല, പ്രകരണഘടക

ങ്ങൾ കൂടികണക്കിലെടുത്താണ് എന്ന് ഭർത്തൃഹരിയും സൂചിപ്പിച്ചിട്ടുണ്ട് (ശ്രീകുമാർ, എം, 1998:15). ശബ്ദത്തിന്റെ വാച്യാർത്ഥത്തെക്കുറിച്ച് സന്ദേഹം വരുമ്പോൾ സംയോഗം, വിയോഗം, സാഹചര്യം, വിരോധം, അർത്ഥം, പ്രകരണം, ലിംഗം, അന്യശബ്ദസാന്നിദ്ധ്യം, സാമർത്ഥ്യം, വിരോധം, ഔചിത്യം, ദേശം, കാലം, വ്യക്തി, സ്വരം മുതലായവ വിവക്ഷിതാർത്ഥജ്ഞാനത്തിന് ഹേതുക്കളാണെന്നും അദ്ദേഹം പറയുന്നുണ്ട്.

### 1.2.3.1 സംയോഗം

രണ്ട് വസ്തുക്കൾ തമ്മിൽ നിലനിൽക്കുന്നുണ്ടെന്ന് പൊതുവിൽ അറിയുന്ന സംബന്ധമാണ് സംയോഗം. ഉദാഹരണമായി നൽകുന്നത് *ധേനു* എന്ന ശബ്ദത്തെയാണ്. 'സവത്സാധേനു' എന്നാൽ *കന്നുകുട്ടിയോടുകൂടിയ പശു* എന്നും 'സകിശോരാ ധേനു' എന്നാൽ *കുതിരക്കുട്ടിയോടുകൂടിയ പെൺകുതിര* എന്നുമാണ് അർത്ഥം. സശംഖചക്രോഹരി' എന്ന പദത്തിൽ 'ഹരി'ശബ്ദം *വിഷ്ണു* എന്ന അർത്ഥത്തിൽ മാത്രം നിയന്ത്രിക്കപ്പെടുന്നു. ശംഖചക്രങ്ങൾ വിഷ്ണുവിന് മാത്രമാണുള്ളത്.

### 1.2.3.2 വിപ്രയോഗം

രണ്ട് വസ്തുക്കൾ തമ്മിൽ നിലനിൽക്കുന്നുണ്ടെന്ന സംബന്ധം ഇല്ലാതാകുന്നതാണ് വിപ്രയോഗം. 'അവത്സാധേനു' എന്നതിന് *കന്നുകുട്ടിയോടുകൂടിയല്ലാത്ത പശു* എന്ന അർത്ഥം ലഭിക്കുന്നത് വിപ്രയോഗം കൊണ്ടാണ്.

### 1.2.3.3. സാഹചര്യം

അന്യോന്യബന്ധമെന്നാണ് ഇവിടെ സാഹചര്യമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാമലക്ഷ്മണൻമാർ എന്നിടത്ത് 'ലക്ഷ്മണ' പദപ്രയോഗംകൊണ്ട് രാമന് ശ്രീരാമൻ എന്നാണ് വിവക്ഷ. അവിടെ *ബലരാമനെന്നോ പരശുരാമനെന്നോ*

അർത്ഥം ലഭിക്കുന്നില്ല. പരസ്പരം ബന്ധപ്പെട്ട രണ്ട് വസ്തുക്കൾ ദ്വന്ദ്വസമാസത്തിലെന്നപോലെ മനസ്സിലാക്കപ്പെടുകയാണ് ഇവിടെ.

**1.2.3.4. വിരോധിത**

ഇത് പ്രസിദ്ധമായ ശത്രുതയാണ്. 'കർണാർജ്ജുനൻമാർ' എന്ന പ്രയോഗത്തിൽ കർണന്റെ ശത്രുവെന്ന് പ്രസിദ്ധനായ അർജ്ജുനൻ പാണ്ഡവമധ്യമനാണ്. കാർത്തവീര്യാർജ്ജുനനല്ല.

**1.2.3.5. അർത്ഥം**

*ഉദ്ദേശ്യം* എന്നർത്ഥം. ഭാഷണം സ്വാഭാവികമായി ഉദ്ദേശ്യത്തോടുകൂടിയതാണ്. പദങ്ങളുടെ അർത്ഥങ്ങളെ വിശദീകരിക്കേണ്ടത് ഈ ഉദ്ദേശ്യം നിറവേറുന്ന തരത്തിൽ ആയിരിക്കണം.

**1.2.3.6. പ്രകരണം**

*സന്ദർഭ*മെന്നാണ് പ്രകരണത്തിന് അർത്ഥം. ദേവശബ്ദത്തിന് *രാജാവെന്നോ, ദൈവമെന്നോ* അർത്ഥം കൽപിക്കുന്നത് സന്ദർഭമാണ്. സൈന്ധവത്തിന് *ഉപ്പെന്നും കുതിരയെന്നും* അർത്ഥമുള്ളതുകൊണ്ട് 'സൈന്ധവം കൊണ്ടുവരൂ' എന്ന് പറയുമ്പോൾ ഭക്ഷണസമയമാണെങ്കിൽ *ഉപ്പെന്നും* യാത്രാവേളയിൽ *കുതിരയെന്നും* അർത്ഥം.

**1.2.3.7. ലിംഗം**

മറ്റൊരു സ്ഥലത്തുനിന്നു കിട്ടുന്ന സൂചന എന്നാണ് ലിംഗമെന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ലിംഗശബ്ദത്തെ ഒരു പദത്തിന്റെ അർത്ഥത്തെ നിയന്ത്രിക്കുന്നതിന് അതേ വാക്യത്തിലെ വിശേഷണം പോലുള്ള മറ്റൊരു പദമെന്നും വിശദീകരിക്കാറുണ്ട്. വിശേഷണമുപയോഗിക്കുന്നത് മറ്റേ അർത്ഥത്തെ നിരാകരിക്കാനാണ്. ഉദാഹരണത്തിന് 'കുപുതോ മകരധ്വജ' ഇവിടെ മകരധ്വജ ശബ്ദത്തിന്റെ

രണ്ടർത്ഥങ്ങളിൽ *(കാമദേവൻ, സമുദ്രം), കാമദേവൻ* എന്ന അർത്ഥമാണ് യോജിക്കുന്നത്.

**1.2.3.8. സാമീപ്യം**

അവ്യക്തമായ അർത്ഥങ്ങളിൽ ഒന്നുമായി മാത്രം യുക്തിസഹമായി സാമീപ്യമുള്ളതുകൊണ്ട് അർത്ഥം ലഭിക്കുന്നു. ''കരേണ രാജതേ നാഗ'' എന്നാണ് ജഗന്നാഥൻ നൽകുന്ന ഉദാഹരണം. *നാഗം കരം കൊണ്ട് ശോഭിക്കുന്നു* എന്നർത്ഥം. നാഗത്തിന് *ആന* എന്നും *പാമ്പ്* എന്നും അർത്ഥങ്ങളുണ്ടെങ്കിലും കരം എന്ന പദത്തിന്റെ സാമീപ്യത്താൽ *ആന* എന്ന അർത്ഥം ലഭിക്കുന്നു. സാമീപ്യവും സംയോഗത്തിന് സമാനമാണ്.

**1.2.3.9. സാമർത്ഥ്യം**

ഫലത്തിൽനിന്ന് അർത്ഥം അറിയപ്പെടുന്നു. 'മധുമത്ത: കോകില': എന്ന പ്രയോഗത്തിൽ മധുവിന് *വസന്ത*മെന്നാണ് അർത്ഥം, തേനെന്നല്ല. കാരണം വസന്തത്തിനുമാത്രമേ കുയിലിലെ മത്തനാക്കാൻ സാധിക്കുയുള്ളൂ.

**1.2.3.10.സ്വരം**

വേദവാക്യങ്ങളുടെ അർത്ഥം ഉദാത്താദി സ്വരഭേദങ്ങളെ ആശ്രയിച്ചിരിക്കുന്നു. മന്ത്രങ്ങൾ ചൊല്ലുമ്പോൾ സ്വരം പിഴച്ചതുകൊണ്ട് ജീവൻ നഷ്ടപ്പെട്ട വൃത്രന്റെ കഥ 'ശതപഥബ്രാഹ്മണ'ത്തിലുണ്ട്. സംസ്കൃതത്തിൽ ഒരു പദത്തിന്റെ അർത്ഥം നിർണയിക്കുന്നതിൽ സ്വരങ്ങളുടെ ഉചിതമായ പ്രയോഗം പ്രാധാന്യമർഹിക്കുന്നതാണ്.

ഇവയെക്കൂടാതെ ദേശം, കാലം, വ്യക്തി എന്നീ ഘടകങ്ങൾ കൂടി അർത്ഥത്തെ നിർണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ്. പ്രകരണമാണ് പലപ്പോഴും വാക്യങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നത്. ഒരു

ശബ്ദത്തെ അതിന്റെ മുഖ്യാർത്ഥത്തിൽ എടുക്കണമോ അപ്രധാനമായി എടുക്കണമോ ലാക്ഷണികമായി കാണണമോ എന്നെല്ലാം തീരുമാനിക്കുന്നതിൽ പ്രകരണത്തിന് വലിയ സ്ഥാനംതന്നെയുണ്ട്. 'വാക്യപദീയ'ത്തിൽ ഭർത്തൃഹരി ശബ്ദത്തിന്റെ അർത്ഥം നിർണയിക്കുന്നതിന് പ്രകരണഘടകങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്.

### 1.2.4. അർത്ഥാധിഷ്ഠിതമായ പദവിഭാഗങ്ങൾ

അർത്ഥം നിർണയിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ അടിസ്ഥാനമാക്കി പദങ്ങളെ നാല് വിഭാഗങ്ങളായി തിരിക്കാറുണ്ട്. അവ യൗഗികം (നിഷ്പന്നം), രൂഢം (സങ്കേതപ്രസിദ്ധം), യോഗരൂഢം (നിഷ്പന്നവും സങ്കേതപ്രസിദ്ധവും), യൗഗികരൂഢം (നിഷ്പന്നമോ സങ്കേതപ്രസിദ്ധമോ) എന്നിവയാണ്.

#### 1.2.4.1. യൗഗികം

നിരുക്തിയുടെ പ്രാധാന്യം നിലനിലർത്തിക്കൊണ്ടുള്ള പദമാണ് യൗഗികം. അവയവാർത്ഥമാണ് ഇതിന്റെ അർത്ഥം നിർണയിക്കുന്നത്. അവയവാർത്ഥങ്ങളുടെ അർത്ഥത്തിൽ കവിഞ്ഞതോ കുറഞ്ഞതോ ആയ ഒന്നും അതിന്റെ അർത്ഥത്തിൽ ഉൾപ്പെടുന്നില്ല. പാചകൻ എന്ന പദം ഉദാഹരണം. *പാചകം ചെയ്യുക* എന്ന അർത്ഥമുള്ള 'പച്' ധാതുവിൽനിന്നും കർത്താവിനെ കുറിക്കുന്ന 'അക' പ്രത്യയത്തിൽനിന്നുമാണ് ഈ പദത്തിന്റെ അർത്ഥം സിദ്ധിക്കുന്നത്.

#### 1.2.4.2. രൂഢം

ഒരു പദത്തിന് അതിന്റെ നിഷ്പത്തിയുമായി നേരിട്ട് ബന്ധമില്ലാത്ത അർത്ഥമുണ്ടാവുമ്പോൾ അതിനെ രൂഢമെന്ന് പറയുന്നു. ഉദാ:'ഗച്ഛതീതി ഗൗ'. ഗമിക്കുന്നതുകൊണ്ടാണ് ഗോവിന് ആ അർത്ഥം ലഭിച്ചതെങ്കിലും ഗമിക്കുന്നതെല്ലാം ഗോവല്ല.

**1.2.4.3. യോഗരൂഢം**

മുഴുവൻ പദത്തെ ഒന്നിച്ചെടുത്തുകൊണ്ടുള്ള അർത്ഥമാണിത്. ഇവിടെ പദത്തിന്റെ നിരുക്താർത്ഥവും സാങ്കേതികാർത്ഥവും ഒന്നായിത്തീർന്ന് അത് ഒരേ വസ്തുവിനെ കുറിക്കുന്നു. അതിനാൽ അത് ഭാഗികമായി നിഷ്പന്നവും ഭാഗികമായി സങ്കേതപ്രസിദ്ധവുമാണ്. ഉദാഹരണം 'പങ്കജം'. *താമര* എന്ന് രൂഢമായ, സാങ്കേതപ്രസിദ്ധമായ അർത്ഥം. *പങ്കത്തിൽനിന്ന് ജനിക്കുന്നത്* എന്ന അവയാർത്ഥവും ഇവിടെ ചേരും. എങ്കിലും പങ്കത്തിൽനിന്ന് ജനിക്കുന്ന താമരയിൽ മാത്രം ഈ അർത്ഥം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. രൂഢമായ അർത്ഥം നിരുക്താർത്ഥത്തേക്കാൾ ബലവത്താണെന്നത് എല്ലാ ഭാരതീയചിന്തകരും അംഗീകരിച്ച പ്രസിദ്ധനിയമമാണ്. രണ്ടർത്ഥവും ഒരു പദത്തിനുയോജിക്കുമെങ്കിലും കേൾക്കുന്ന മാത്രയിൽ ആദ്യം മനസ്സിലെത്തുന്നത് സങ്കേതപ്രസിദ്ധമായ അർത്ഥമാണ്. നിരുക്താർത്ഥം അപഗ്രഥനത്തിലൂടെ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ.

**1.2.4.4. യൗഗികരൂഢം**

ഇതിനെ രൂഢയൗഗികമെന്നും പറയും. അവയാർത്ഥങ്ങളിൽനിന്ന് നിരുക്തിപരമായോ സമുദായശക്തിയുടെ അടിസ്ഥാനത്തിൽ സങ്കേതസിദ്ധമായോ പദത്തിന്റെ അർത്ഥം നിർണയിക്കുമ്പോൾ ആ പദം യൗഗികരൂഢം. ഇവിടെ രണ്ടർത്ഥവും സ്വതന്ത്രമായി നിർണയിക്കപ്പെടുകയും പ്രത്യേകമായി ഗ്രഹിക്കപ്പെടുകയും ചെയ്യുന്നു. ഉദാഹരണത്തിന് 'അശ്വഗന്ധ' എന്ന പദം അവയാർത്ഥം നോക്കുമ്പോൾ *കുതിരയുടെ മണമുള്ളത്* എന്ന അർത്ഥമാണ് നൽകുന്നതെങ്കിൽ സാങ്കേതികാർത്ഥത്തിൽ അത് ഒരു പ്രത്യേക ചെടിയുടെ പേരാണ്. ഒരേ രൂപമുള്ള രണ്ടർത്ഥങ്ങളോടുകൂടിയ, യൗഗികമെന്നും രൂഢമെന്നുമുള്ള രണ്ട് പദങ്ങൾക്കുദാഹരണമായി ഇതിനെ കണക്കാക്കാം. ഈ വർഗ്ഗീകരണം പ്രധാനമായും നാമങ്ങൾക്കാണ് യോജിക്കുന്നത്.

### 1.2.5. ശബ്ദവ്യാപാരങ്ങൾ

ശബ്ദവും അർത്ഥവും തമ്മിലുള്ള സംബന്ധമാണ് ശബ്ദവ്യാപാരം. ഈ സംബന്ധം അർത്ഥത്തെക്കുറിക്കുന്നതിന് ശബ്ദത്തെ പ്രാപ്തിയാക്കുന്ന ശക്തി യാണെന്നാണ് കരുതപ്പെടുന്നത്. ആനന്ദവർദ്ധനൻ മൂന്ന്തരത്തിൽ ശബ്ദവ്യാപാ രത്തെ വർഗ്ഗീകരിക്കുന്നു. അഭിധ, ലക്ഷണ, വ്യഞ്ജന എന്നിവയാണവ. അവയ്ക്ക് വാച്യം, ലക്ഷ്യം, വ്യംഗ്യം എന്ന് മൂന്നുവിധം അർത്ഥവും കൽപ്പിച്ചു.

#### 1.2.5.1. അഭിധ

ഓരോ സാഹചര്യങ്ങളിലും വാക്കുകൾ ഓരോ അർത്ഥത്തെ സൂചിപ്പിക്കു ന്നു. എന്നാൽ എല്ലാ വാക്കുകൾക്കും ഒരു ആദ്യാർത്ഥം ഉണ്ടായിരിക്കും. പ്രക രണംകൊണ്ടും സന്ദർഭംകൊണ്ടും മലിനപ്പെടാതെ ഒരു പ്രാഥമികാർത്ഥബോ ധത്തെ ഉളവാക്കാൻ പദത്തിന് കഴിയുന്നുണ്ടെങ്കിൽ അതാണ് അഭിധാർത്ഥം. ഉദാ ഹരണത്തിന് 'അച്ഛൻ' എന്നാൽ *അച്ഛ*നെന്ന പൊതുവായ ഒരു ആശയത്തെ ഈ പദം അർത്ഥമാക്കുന്നു. ശബ്ദങ്ങളുടെ ഉച്ചാരണത്തിൽ അർത്ഥപ്രതീതി ഉണ്ടാകു ന്നതുകൊണ്ടുതന്നെ അതിന് അർത്ഥബോധകമായ വ്യാപാരം ഉണ്ടെന്ന് പറയാം. പദത്തിന്റെ വാച്യാർത്ഥം വെളിപ്പെടുത്താനുള്ള വ്യാപാരമാണ് അഭിധാവ്യാപാരം.

#### 1.2.5.2. ലക്ഷണ

ഒരു പദത്തെ അതിന്റെ പ്രധാനാർത്ഥത്തിനുപുറമെ മറ്റ് അർത്ഥങ്ങളെയും കുറിക്കാൻ ഉപയോഗിക്കാറുണ്ട്. അത്തരം ലാക്ഷണികപ്രയോഗങ്ങൾ എല്ലാ ഭാഷ കളിലും ഉള്ളതാണ്. മുഖ്യാർത്ഥത്തിൽനിന്ന് വ്യത്യസ്തമായതും എന്നാൽ ഏതെ ങ്കിലും വിധത്തിൽ അതുമായി ബന്ധപ്പെട്ട ഒരർത്ഥത്തെ കുറിക്കുന്നതുമായ പദ ത്തിന്റെ വ്യാപാരമാണ് ലക്ഷണ. ലക്ഷണയ്ക്ക് ആവശ്യമെന്ന് പിൽക്കാല സാഹി ത്യശാസ്ത്രജ്ഞർ അംഗീകരിച്ച മൂന്ന് നിബന്ധനകളെക്കുറിച്ച് 'ശബ്ദാർത്ഥസിദ്ധാ ന്തങ്ങൾ സംസ്കൃതത്തിൽ' എന്ന കൃതിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

- ''മുഖ്യാർത്ഥം സന്ദർഭത്തിൽ ചേരാതിരിക്കുക
- മുഖ്യാർത്ഥവും കൃത്യമായി ഉദ്ദിഷ്ടമായ അർത്ഥവും (ലക്ഷ്യാർത്ഥവും) തമ്മിൽ എന്തെങ്കിലും സംബന്ധമുണ്ടായിരിക്കുക
- ജനകീയപ്രയോഗംകൊണ്ടോ ലക്ഷണയെ ന്യായീകരിക്കുന്ന നിയതമായ ഏതെങ്കിലും പ്രയോജനംകൊണ്ടോ ലക്ഷ്യാർത്ഥം സാധൂകരിക്കപ്പെടും'' (ഉണ്ണിത്തിരി, 2009:189).

'ഗംഗായാം ഘോഷഃ' (ഗ്രാമം ഗംഗയിലാണ്) എന്നതാണ് ലക്ഷണയ്ക്കുള്ള സംസ്കൃതത്തിലെ പ്രസിദ്ധമായ ഉദാഹരണം. 'ഗംഗായാം' എന്ന പദത്തിന്റെ മുഖ്യാർത്ഥം *ഗംഗാനദിയിലെ*ന്നാണ്. ഗ്രാമത്തിന് ജലപ്രവാഹത്തിൽ നിലകൊള്ളാൻ സാധിക്കാത്തതുകൊണ്ടുതന്നെ *ഗംഗാതീരം* എന്ന അർത്ഥം ഇവിടെ സ്വീകരിക്കപ്പെടുന്നു. മുഖ്യാർത്ഥം സന്ദർഭത്തോട് പൊരുത്തപ്പെടാതെ വരുമ്പോഴാണ് ലാക്ഷിണാകർത്ഥം സ്വീകരിക്കുന്നത്.

ലക്ഷ്യാർത്ഥത്തിന് മുഖ്യാർത്ഥവുമായുള്ള അടുപ്പത്തിന്റെ തോതനുസരിച്ച് മൂന്നുതരം ലക്ഷണകൾ സാധ്യമാണ്.

**1.2.5.2.1. ജഹല്ലക്ഷണ (ജഹത്സ്വാർത്ഥലക്ഷണ):** 'ഗംഗായാംഘോഷഃ' എന്ന വാക്യത്തിൽ ഗംഗാപദത്തിന്റെ മുഖ്യാർത്ഥം ഒഴിവാക്കപ്പെടുകയും *ഗംഗാതീരം* എന്ന അർത്ഥം സ്വീകരിക്കപ്പെടുകയും ചെയ്യുന്നത് ജഹല്ലക്ഷണ. മുഖ്യാർത്ഥത്തെ ഒരളവുവരെ ത്യജിച്ച് സന്ദർഭത്തിന് ചേരുന്നവിധത്തിൽ അതുമായി ബന്ധപ്പെട്ട മറ്റൊരർത്ഥം സ്വീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

**1.2.5.2.2. അജഹല്ലക്ഷണ (അജഹത്സ്വാർത്ഥലക്ഷണ):** ഇവിടെ മുഖ്യാർത്ഥം കാര്യമായി പരിഷ്കരിക്കുന്നില്ല. സന്ദർഭംകൊണ്ടും അന്വയംകൊണ്ടും നിയന്ത്രിക്കപ്പെടുകയാണ് ചെയ്യുന്നത്. 'പാൽവന്നു' എന്ന് പറഞ്ഞാൽ *പാലുമായി ആൾ വന്നു* എന്ന അർത്ഥം ലഭിക്കുന്നത് അജഹല്ലക്ഷണ.

**1.2.5.2.3. ജഹദജഹല്ലക്ഷണ:** വാച്യാർത്ഥത്തിന്റെ ഒരു ഭാഗമോ വശമോ സ്വീകരിക്കുകയും മറ്റേത് തള്ളിക്കളയുകയുമാണ് ഇതിന്റെ രീതി. 'വസ്ത്രം കത്തി', 'ഗ്രാമം കത്തി' തുടങ്ങിയവ ഉദാഹരണങ്ങൾ. വസ്ത്രത്തിന്റെയും ഗ്രാമത്തിന്റെയും ഒരു ഭാഗം മാത്രമായിരിക്കും യഥാർത്ഥത്തിൽ കത്തിയത്. മുഖ്യാർത്ഥത്തിന്റെ ഒരു ഭാഗം ത്യജിച്ചുകൊണ്ട് മറുഭാഗം മാത്രം ലക്ഷിക്കപ്പെടുന്നതുകൊണ്ടാണ് ഈ പേരുവന്നത്.

**1.2.5.3. വ്യഞ്ജന**

മുഖ്യാർത്ഥത്തെയും ലക്ഷ്യാർത്ഥത്തെയും സംബന്ധിച്ച സിദ്ധാന്തത്തെ വിപുലപ്പെടുത്തിയത് ആനന്ദവർദ്ധനനാണ്. അഭിധാർത്ഥവും ലക്ഷണാർത്ഥവും കൂടാതെ വാക്കുകളും വാചകങ്ങളും ഓരോ സന്ദർഭങ്ങളിൽ നിരവധി അർത്ഥങ്ങളെ സാധ്യമാക്കുന്നുണ്ട്. കവിതയിലും കാവ്യാത്മകമായ പ്രയോഗങ്ങളിലും വാക്കിന്റെ അർത്ഥതലങ്ങളെ സാധ്യമാക്കാനുള്ള കഴിവിനെയാണ് വ്യഞ്ജന എന്ന് പറയുന്നത്. വാച്യാർത്ഥം എത്ര സുന്ദരമായാലും വ്യംഗ്യാർത്ഥസ്പർശമില്ലാത്ത കാവ്യത്തെ നല്ല കാവ്യമായി പരിഗണിക്കാനാവില്ല എന്നാണദ്ദേഹത്തിന്റെ മതം. കാവ്യത്തിന്റെ മേന്മ അത് വ്യംഗ്യാർത്ഥത്തിന് നൽകുന്ന പ്രാധാന്യത്തെ അവലംബിച്ചാണ് നിലകൊള്ളുന്നത്. വ്യഞ്ജകശബ്ദത്തിനും വ്യംഗ്യാർത്ഥത്തിനും 'ധ്വനി' എന്നാണ് ആനന്ദവർദ്ധനൻ പേരുനല്കിയത്. 'ധ്വനി'യെ കാവ്യാത്മാവായാണ് ആനന്ദവർദ്ധനൻ കണ്ടത്.

**1.2.6. അർത്ഥവൈവിധ്യം**

'സെമാന്റിക്സ്' എന്ന കൃതിയിൽ (ലീച്ച്, ജെഫ്രി, 1974:10) ഏഴുതരം അർത്ഥത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതിനെ പിൻപറ്റി 'ഭാഷാർത്ഥം' (1997:11) എന്ന കൃതിയിൽ ഡോ.ടി.ബി.വേണുഗോപാലപണിക്കർ അർത്ഥത്തെക്കുറിച്ചുള്ള ചർച്ച നടത്തിയിട്ടുണ്ട്. അദ്ദേഹം ഏഴ്തരത്തിൽ അർത്ഥത്തെ വർഗ്ഗീകരിക്കുന്നു.

### 1.2.6.1 അഭിധേയാർത്ഥം

യുക്തിനിഷ്ഠവും സങ്കൽപ്പനപരവുമായ അർത്ഥമാണ് അഭിധേയാർത്ഥം. ഭാഷയെപ്പറ്റി വിവരിക്കുമ്പോൾ അഭിധേയോർത്ഥവുമായി ബന്ധിപ്പിക്കാതെ പറയാൻ സാധിക്കില്ല. ഇതിന് വ്യാകരണവർണതലങ്ങളുമായി സങ്കീർണ്ണബന്ധമു ണ്ട്. വ്യാവർത്തകലക്ഷണങ്ങൾ വിവരിക്കുന്നത് ഇപ്രകാരമാണ്. 'ആൺ' എന്ന തിനെ 'മനുഷ്യൻ + പുരുഷൻ+ പ്രായപൂർത്തിയായത്' എന്ന് നിർവ്വചിക്കാം. ഒരു വാക്യത്തെ വ്യാകരിച്ച് അതിലെ പദങ്ങളുടെ പരസ്പരബന്ധം വെളിവാക്കിയാണ് നാം അർത്ഥം ഗ്രഹിക്കുന്നത്. ഭാഷണം കേൾക്കുന്ന ആൾ ഭാഷാസ്വനങ്ങളെ വ്യാകരണവുമായി ബന്ധിപ്പിച്ച് അർത്ഥവ്യാഖ്യാനം നടത്തി ആശയം ഗ്രഹിക്കുന്നു. അഭിധേയാർത്ഥപഠനത്തിൽ ഓരോ വാക്യത്തിന്റെയും അർത്ഥപ്രതിനിധാനം ഇതര വാക്യങ്ങളിൽനിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന അന്വേഷണ മാണ് നടത്തുന്നത്.

### 1.2.6.2. ലാക്ഷണികാർത്ഥം

അഭിധേയാർത്ഥത്തിന് പുറത്തുള്ള സംവേദനസാധ്യതകളെ ലാക്ഷണി കാർത്ഥത്തിൽപ്പെടുത്താം. 'സർപ്പം' എന്ന പദത്തിന് ക്രിസ്തീയവും പാശ്ചാത്യവു മായ സന്ദർഭത്തിൽ *സൂത്രശാലിത്വം, വൈഷയികത്വം, പൈശാചികത്വം* എന്നെല്ലാമുള്ള അർത്ഥം കൂടിയുണ്ട്. അഭിധ ഒന്നായിരിക്കെത്തന്നെ പദങ്ങൾ ലാക്ഷണികമായി പ്രതീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അതുപോലെ 'ആളൊരു കഴുതയാണ്' എന്നു പറയുമ്പോഴും ഇവിടെ ലാക്ഷണികാർത്ഥമാണ് സ്വീകരിക്കു ന്നത്.

''ഭാഷാപ്രയോഗത്തിൽ ലാക്ഷണികാർത്ഥത്തിന് വളരെ പ്രാധാന്യമുണ്ടെ ങ്കിലും ഭാഷയിൽ അതിന് ആനുഷംഗികത്വമുണ്ട്. വ്യക്തി, ദേശം, കാലം, സംസ്കാരം എന്നിവയനുസരിച്ച് ഇവിടെ അർത്ഥം മാറിക്കൊണ്ടിരിക്കും'' (വേണു ഗോപാലപ്പണിക്കർ, 1997:10).

#### 1.2.6.3. രീതിനിഷ്ഠാർത്ഥം

സാമൂഹികസാഹചര്യങ്ങളുമായി ബന്ധപ്പെട്ടതാണ് രീതി. ഭാഷയ്ക്കകത്തുള്ള പ്രത്യക്ഷതലങ്ങളും മാനങ്ങളും തിരിച്ചറിയുമ്പോഴാണ് രീതിനിഷ്ഠമായ അർത്ഥം ഗ്രഹിക്കുന്നത്. ഓരോ ഉച്ചാരണവും പ്രയോഗവും ഏത് രീതിയിൽപ്പെടുന്നു എന്ന് നിർണയിക്കുന്ന ഒരു അളവുകോൽ എല്ലാ ഭാഷയ്ക്കും ഉണ്ട്. പ്രാദേശിക-സാമൂഹികവ്യത്യാസങ്ങൾ, ഔപചാരികത, അനൗപചാരികത, സാധാരണത്വം, ഗ്രാമ്യത എന്നിവയെല്ലാം രീതിയെ നിർണയിക്കുന്നു. വ്യക്തി, സമുദായം, പ്രദേശം, കാലം (പഴക്കം, പുതുമ), മാധ്യമം, എഴുത്തുരീതി, പ്രസംഗം, സംഭാഷണം എന്നിങ്ങനെ പല ഘടകങ്ങളും രീതിയെ നിർണയിക്കുന്നവയാണ്. അഭിധയിൽ തുല്യതയുള്ള ഭാഷാംശങ്ങൾ രീതിയിൽ വ്യത്യാസപ്പെട്ടുവരാം.

വരമൊഴിയിൽ 'ശിശു' എന്ന പറയുന്നതും കാവ്യത്തിൽ 'പൈതൽ' എന്നു പറയുന്നതും പ്രാദേശികവ്യത്യാസമനുസരിച്ച് 'പിള്ള' എന്ന പറയുന്നതും രീതിനിഷ്ഠാർത്ഥത്തിനുദാഹരണമാണ്.

#### 1.2.6.4. വൈകാരികമായ അർത്ഥം

വക്താവിന്റെ വൈകാരികാവസ്ഥ, വിഷയത്തോടുള്ള മനോഭാവം, കേൾക്കുന്നയാളിനോടുള്ള മനോഭാവം ഇതൊക്കെ അഭിധവഴിയോ ലക്ഷണവഴിയോ, രീതി വ്യത്യാസം വഴിയോ ആവിഷ്ക്കരിക്കുമ്പോഴാണ് വൈകാരികാർത്ഥത്തിന്റെ പ്രസക്തി കൂടുന്നത്.

#### 1.2.6.5. സഹസംബന്ധാർത്ഥം

സഹസംബന്ധമായ അർത്ഥം പലപ്പോഴും അഭിധേയാർത്ഥത്തിന്റെ നിർദ്ധാരണത്തിൽനിന്ന് ജനിക്കുന്നതാണ്. ഒരു പദത്തിനോട് മറ്റൊരു പദം പ്രയോഗിച്ചാൽ സവിശേഷമായ ഒരർത്ഥം കിട്ടുന്നു. 'ചായയ്ക്ക് ഉഷ്ണമുണ്ട്' എന്ന് പ്രയോഗിക്കാറില്ല. 'ചായക്ക് ചൂടുണ്ട്' എന്നേ പറയുകയുള്ളൂ. രീതിവൈചിത്ര്യത്തിനും

ചമത്ക്കാരരചനയ്ക്കുമെല്ലാം സഹസംബന്ധാർത്ഥത്തിൽ തടസ്സം സൃഷ്ടിച്ച് കവിത രചിക്കുമ്പോൾ ഒരു സവിശേഷമായ അർത്ഥം സൃഷ്ടിക്കപ്പെടുന്നു. എൻ. വി. കൃഷ്ണവാര്യരുടെ 'ആനക്കാരൻ' എന്ന കവിത തുടങ്ങുന്നത് 'ആനചത്തു പോയ്' എന്നാണ്. 'ആന ചരിഞ്ഞു' എന്ന ഉപചാരത്തിന്റെ വേലിക്കെട്ട് ഇവിടെ തകർക്കപ്പെടുന്നു. മറ്റൊരു തരത്തിൽ ഇവിടെ അർത്ഥം ഉൽപ്പാദിപ്പിക്കപ്പെട്ടിരിക്കുന്നു.

### 1.2.6.6. സഹചര്യാർത്ഥം

അഭിധക്കപ്പുറത്തുള്ള എല്ലാ അർത്ഥവും സഹചര്യാർത്ഥമാണ്. ഓരോ സാഹചര്യത്തിനനുസരിച്ചും വാക്കുകളുടെ അർത്ഥം മാറിവരാം. രീതിനിഷ്ഠാർത്ഥത്തിനും ലാക്ഷണികാർത്ഥത്തിനുമെല്ലാം ഇതുമായി ബന്ധമുണ്ട്. ഓസ്ഗുഡ് 'ദ മെഷർമെന്റ് ഓഫ് മീനിങ്ങ്' (1957) എന്ന പുസ്തകത്തിൽ സന്തോഷ-സന്താപങ്ങൾ, നന്മ-തിന്മകൾ, കഠിന-മാർദ്ദവങ്ങൾ, സക്രിയ-നിഷ്ക്രിയങ്ങൾ എന്നിങ്ങനെ നാല് മാനദണ്ഡങ്ങൾ സ്വീകരിച്ച് സഹചാരിയായ അർത്ഥത്തെ അളക്കാനുള്ള പദ്ധതി ആവിഷ്കരിച്ചതിനെക്കുറിച്ച് വേണുഗോപാലപണിക്കർ സൂചിപ്പിക്കുന്നു. ഓരോ അക്ഷത്തിനും ഏഴ് ബിന്ദുക്കൾ തെരഞ്ഞെടുത്ത് ഓരോ വക്താവിന്റെയും പ്രതികരണം രേഖപ്പെടുത്തുകയാണ് രീതി. പദത്തെക്കുറിച്ചുള്ള പ്രതികരണം സന്തോഷ-സന്താപപരമായി ഉദാസീനമാണെങ്കിൽ ശൂന്യബിന്ദുവിലായിരിക്കും അതിന്റെ സ്ഥാനം. അനുസ്യൂതമായ നിരവധി സാധ്യതകളിൽ ഏതാനും ചിലത് തെരഞ്ഞെടുക്കുന്ന ഈ അളക്കൽ ഭാഗികമാണ്. ഓരോ ഭാഷാഘടകത്തിനുമുള്ള അർത്ഥമല്ല ഓരോന്നിനോടും ഓരോ വ്യക്തിക്കുമുള്ള പ്രതികരണവ്യത്യാസമാണ് അളക്കുന്നത് (വേണുഗോപാലപ്പണിക്കർ, 1997:13).

### 1.2.6.7. പ്രമേയാർത്ഥം

സഹചര്യാർത്ഥത്തിന്റെ അത്രതന്നെ വ്യക്തിനിഷ്ഠമല്ല പ്രമേയാർത്ഥം. വാക്യത്തിൽ ഏതെങ്കിലും ഭാഗത്തെ കൂടുതൽ പ്രാമുഖ്യപ്പെടുത്തുമ്പോൾ ഉണ്ടാ

കുന്ന അർത്ഥച്ഛായയാണ് പ്രമേയാർത്ഥം. ഇതിന്റെയടിസ്ഥാനത്തിലാണ് കർത്തരി പ്രയോഗത്തെയും കർമ്മണിപ്രയോഗത്തെയും വേർതിരിക്കുന്നത്.

അർഥത്തെ നിർണയിക്കുന്ന ഘടകങ്ങൾ, അർത്ഥാധിഷ്ഠിതമായ പദവിഭജനരീതി, ശബ്ദവ്യാപാരങ്ങൾ, അർത്ഥവൈവിധ്യം എന്നീ കാര്യങ്ങൾ ഇവിടെ വിചാരണക്കെടുത്തത് ഇവയെല്ലാം അർത്ഥമെന്ത്, അവ എങ്ങനെ മാറുന്നു എന്ന് മനസ്സിലാക്കാൻ സഹായകമാണ് എന്നതുകൊണ്ടാണ്. അർത്ഥത്തിന് മാറ്റം സംഭവിക്കുന്നതിൽ ഇവയ്ക്കെല്ലാമുള്ള പങ്ക് വളരെ പ്രധാനവുമാണ്.

ഭാഷയിലെ എല്ലാ അടരുകളിലും മാറ്റം സംഭവിക്കുന്നുണ്ട് എന്നത് അനുഭവസിദ്ധമാണ്. പല പരിണാമഘട്ടങ്ങളിലുള്ള ഭാഷാരൂപങ്ങളെ കണ്ടെത്താനും നമുക്ക് സാധിക്കും. അർത്ഥപരിണാമമാണ് ഇവിടെ സംഗതം എന്നതുകൊണ്ട് ഭാഷാപരിണാമത്തിന്റെ ഘട്ടങ്ങളെ സൂചിപ്പിക്കുക മാത്രം ചെയ്തുകൊണ്ട് അർത്ഥപരിണാമത്തിന്റെ വിവിധ തലങ്ങളെ വിശകലനം ചെയ്യുന്നു.

### 1.3. ഭാഷാപരിണാമം

ആശയവിനിമയങ്ങളുടെ ക്രിയാത്മകത അടയാളപ്പെടുത്തുന്നത് ഭാഷയിലൂടെയാണ്. വാമൊഴിയിലായാലും വരമൊഴിയിലായാലും അതതുകാലത്തിന്റെ ജീവനശക്തിയായാണ് ഭാഷ നിലനിൽക്കുന്നത്. ലോകത്തിന്റെ അറിവുവഴികൾ തിരിച്ചറിഞ്ഞ് പരിണമിക്കുക എന്നത് ഏതൊരു ജീവത്ഭാഷയുടെയും സ്വഭാവമാണ്. സ്വയം ചാലകമായ ഒരു നീരൊഴുക്കിനോടാണ് സപീർ ഭാഷയെ ഉപമിക്കുന്നതെന്ന് പ്രബോധചന്ദ്രൻനായർ 'ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ' എന്ന കൃതിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട് (2009: 167). ദൈനംദിനവ്യവഹാരങ്ങളിലൂടെ നിരന്തരം നവീകരിക്കപ്പെടുമ്പോഴാണ് ഭാഷയുടെ നിലനിൽപ്പ് സാധ്യമാകുന്നതുതന്നെ. ഈ മാറ്റംതന്നെയാണ് ഭാഷയെ സജീവമായി നിലനിർത്തുന്നതും. ഭാഷയുടെ എല്ലാതലത്തിലും മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. പ്രാചീനകൃതികളിലെയും ഇന്നത്തെകൃതികളിലെയും ഭാഷയെ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. 'രാമചരിത'

ത്തിലെ ഭാഷയല്ല ഇന്നത്തെ കവിതകളിൽ കാണുന്ന ഭാഷ. 'ഭാഷാകൗടലീയ' ത്തിലെ ഗദ്യഭാഷയിൽനിന്നും ഏറെ വ്യത്യസ്തമാണ് പുതിയ ഗദ്യഭാഷയും. ബാഹ്യതലത്തിലും ആന്തരികതലത്തിലും ഭാഷ നിരന്തരപരിണാമങ്ങൾക്ക് വിധേ യമായിക്കൊണ്ടിരിക്കുന്നു. സ്വനിമം, സ്വനം, വ്യാകരണം, സന്ധി, അർത്ഥം എന്നീ തലങ്ങളിലെല്ലാം ഈ മാറ്റം പ്രകടമാണ്.

### 1.3.1. ഭാഷാപരിണാമരീതികൾ

ഭാഷയിൽ സംഭവിക്കുന്ന പരിണാമങ്ങൾ ബാഹ്യം, ആന്തരം എന്ന രണ്ട് വകുപ്പുകളിൽപ്പെടുന്നു. കടംവാങ്ങലാണ് ബാഹ്യപരിണാമത്തിന്റെ കാരണം. ഭാഷ യിലെ അടിസ്ഥാനഘടകങ്ങളായ സ്വനിമം, സ്വനം, വ്യാകരണം, കോശം, അർത്ഥം എന്നീ തലങ്ങളിൽ സംഭവിക്കുന്ന മാറ്റം ആന്തരപരിണാമമാണ്. കടംവാങ്ങൽ കൂടു തലായും അർത്ഥമാറ്റത്തിന് കാരണമാകാറുണ്ടെങ്കിലും അർത്ഥപരിണാമം ആന്തര പരിണാമം തന്നെയാണ്.

#### 1.3.1.1. സ്വനിമിക പരിണാമം/സ്വനിമപരിണാമം

ഒരു പ്രത്യേകഭാഷയുടെ അപഗ്രഥനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന ആ ഭാഷയിലെ അടിസ്ഥാനശബ്ദമാത്രയാണ് സ്വനിമം. അർത്ഥവ്യത്യാസത്തിന് കാര ണമാകുന്ന സ്വനമാണിത്.

ഒരു ഭാഷയിലെ രണ്ടു വ്യത്യസ്ത കാലയളവിലെ സ്വനിമങ്ങളെ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള പല സ്വനിമങ്ങളും അപ്രത്യക്ഷപ്പെടുന്ന തായോ പുതിയ സ്വനിമങ്ങളോ, അവയുടെ ചേരുവകളോ പ്രത്യക്ഷപ്പെടുന്ന തായോ കാണാം. ഇതാണ് സ്വനിമികപരിണാമം. ഹകാരവും ഹകാരസംസർഗം കൊണ്ട് സൃഷ്ടിക്കപ്പെട്ട മഹാപ്രാണങ്ങളും മലയാളത്തിന്റെ സ്വനിമതലത്തിൽ വന്ന പരിണാമത്തിന് ഉദാഹരണമാണ്. പ്രാചീനമലയാളത്തിൽ ഇവ ഉണ്ടായിരു ന്നില്ല. സംസ്കൃതസ്വാധീനമാണ് ഈ സ്വനിമപരിണാമത്തിന് കാരണമായി ത്തീർന്നത്.

#### 1.3.1.2. സ്വനപരിണാമം

കാലാന്തരത്തിൽ ഒരു സ്വനത്തിന്റെ ഉച്ചാരണത്തിലും ധ്വനിയിലും സംഭവിക്കുന്ന വ്യതിയാനമാണ് സ്വനപരിണാമം. സ്വനപരിണാമം സംഭവിക്കുന്നത് സാവധാനത്തിലായതുകൊണ്ട് ദീർഘമായ കാലയളവിനുശേഷമാണ് അത് ശ്രദ്ധേയമാകുന്നത്. ''ധ്വനിവ്യതിയാനം (Sound change), ശീഘ്രസ്വനവ്യതിയാനം എന്നിങ്ങനെ ഇത് രണ്ട് തരത്തിലുണ്ട്. കാലക്രമേണ സ്വനത്തിന്റെ ഉച്ചാരണധ്വനികളിൽ സംഭവിക്കുന്ന വ്യതിയാനത്തെയാണ് ധ്വനിവ്യതിയാനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ധ്വനിവ്യതിയാനത്തോളം സാവധാനത്തിലല്ല ശീഘ്രസ്വനവ്യതിയാനം സംഭവിക്കുന്നത്'' (സോളി, ജോയ്പോൾ, 2015: 124). പഴയമലയാളത്തിൽ ഇരാമൻ, ഇരവി തുടങ്ങിയ രൂപങ്ങളിൽ പ്രചരിച്ചിരുന്ന പദം സംസ്കൃതസമ്പർക്കം ഏറിയേറി വന്നപ്പോൾ രാമൻ, രവി എന്നിങ്ങനെ പ്രയോഗിക്കാൻ തുടങ്ങിയത് സ്വനപരിണാമത്തിന് ഉദാഹരണമാണ്.

ഓരോ സ്വനത്തിനും ഓരോ ആവൃത്തിപരിധിയും വിതരണപരിധിയും ഉണ്ട്. വക്താവിന്റെ ഉദാസീനതയും ശ്രോതാവിന്റെ നിഷ്പക്ഷതയും ഈ പരിധികളെ മറികടക്കാൻ കാരണമായിത്തീരുന്നു. കാലാവസ്ഥാവ്യതിയാനവും ഉച്ചാരണാവയവങ്ങളുടെ രൂപമാറ്റങ്ങളും സ്വനപരിണാമത്തിന് ഹേതുക്കളാണ്. ശിശു സ്വാഭാവികമായി സ്വായത്തമാക്കുന്ന ഭാഷ മുതിർന്നുവരുന്നതോടെ നിരവധി വ്യതിയാനങ്ങൾ സംഭവിച്ചാണ് മുന്നേറുന്നത്. ഈ മാറ്റങ്ങളെയും സ്വനവ്യതിയാനത്തിലാണ് പെടുത്തുന്നത്.

ആശ്രിതം, അനാശ്രിതം എന്ന് രണ്ടുതരത്തിൽ സ്വനപരിണാമം നടക്കുന്നതായും 'ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും' എന്ന കൃതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ''എല്ലാ ശാബ്ദികപരിസരങ്ങളിലും സ്വനപരിണാമം സംഭവിക്കുന്നുവെങ്കിൽ അത്തരം പരിണാമത്തെ അനാശ്രിതം എന്നു വിളിക്കുന്നു. ചില പ്രത്യേക ശാബ്ദികപരിസരങ്ങളിൽ മാത്രമാണ് പരിണാമം സംഭവിക്കുന്നതെങ്കിൽ അതിനെ

ആശ്രിതം എന്നും വിളിക്കുന്നു. പരിണാമരീതിയുടെ അടിസ്ഥാനത്തിലും സ്വനപരി ണാമഭേദമുണ്ട്. വിബന്ധനം- ഒരു സ്വനം രണ്ടായി പിരിയുന്നരീതി. ഏകീകരണം- വിഭിന്നസ്വനങ്ങൾ ഒന്നാകുന്ന രീതി. ഈ രണ്ടു രീതികളും ചേർന്ന സ്വനപരിണാ മവും സംഭവിക്കാറുണ്ട്'' (സോളി, ജോയ്പോൾ, 2015: 125).

### 1.3.1.3. വ്യാകരണതലപരിണാമം

വ്യാകരണതലമെന്നതുകൊണ്ട് രൂപിമതലമാണ് ഉദ്ദേശിക്കപ്പെടുന്നത്. സ്വത ന്ത്രരൂപിമങ്ങളും ആശ്രിതരൂപിമങ്ങളും ഭാഷയിലുണ്ടെങ്കിലും ആശ്രിത രൂപിമങ്ങ ളുടെ ആഗമ-തിരോധാനം മൂലമുണ്ടാകുന്ന ഭാഷാപരിണാമങ്ങളെയാണ് വ്യാകര ണതലപരിണാമത്തിൽ പരിഗണിക്കുന്നത്. തലൈ, മലൈ, നിങ്കൾ, മരങ്കൾ എന്നൊക്കെ എഴുതിയിരുന്ന പദങ്ങൾ ഇന്ന് തല, മല, നിങ്ങൾ, മരങ്ങൾ എന്നായി മാറിയത് രൂപിമപരിണാമത്തിനുദാഹരണമാണ്.

> ''കാനനങ്കളിലരൻ കളിറുമായ് കരിണിയായ്
> കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടിനടന്ന-
> ന്റാനനം വടിവുള്ളാന വടിവായവതരി
> ത്താതിയേ! നല്ല വിനായകനെൻമൊരമലനേ''

'രാമചരിത'ത്തിലെ ഈ വരികളിൽ കാണുന്ന കാനനങ്കൾ, അന്റ്, ആതി തുടങ്ങിയ പദങ്ങൾ ഇന്ന് കാനനങ്ങൾ, അന്ന്, ആദി എന്നായി മാറിയത് വ്യാകരണ/രൂപിമപര മായ പരിണാമമാണ്.

### 1.3.1.4. സന്ധിതലപരിണാമം

സന്ധിതലപരിണാമം രണ്ട് തലത്തിൽ സംഭവിക്കുന്നു. ആകൃതിവ്യതിയാനം (Shape change), രൂപാന്തരം (Alternation). രൂപിമത്തിന്റെ രൂപത്തിന് വരുന്ന മാറ്റ ത്തെയാണ് ആകൃതിവ്യതിയാനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. 'പിടിത്തു' എന്ന രൂപം 'പിടിച്ചു' എന്നായി മാറിയത് ഇതിനുദാഹരണമാണ്. 'പിടി' എന്ന സ്വതന്ത്ര

രൂപിമവും 'തു' എന്ന ഭൂതകാല പ്രത്യയവും ചേർന്ന 'പിടിത്തു' താലവ്യാദേശം സംഭവിച്ച് 'പിടിച്ചു' എന്നായി മാറുകയും പ്രയോഗത്തിൽ വരികയും ചെയ്തു.

സന്ധിനിയമങ്ങളിലുണ്ടാകുന്ന പരിണാമങ്ങളാണ് രൂപാന്തരം. പരസ്പരബന്ധമുള്ള രണ്ട് പദങ്ങളിലെ വേർതിരിച്ച് കാണിക്കാവുന്ന ഒന്നോ അതിലധികമോ അംശങ്ങളിലുള്ള വ്യത്യാസങ്ങൾ അവയ്ക്കു സമാനമായ ജോഡികളിൽ ആവർത്തിക്കുന്നുവെങ്കിൽ അതിനെയാണ് രൂപാന്തരം എന്ന് പറയുന്നത്. സന്ധിതലത്തിൽ വരുന്ന ഈ വ്യതിയാനം ക്രമേണ നിയമപദവിയിലേക്ക് ഉയർത്തപ്പെടുകയും അത് ഭാഷയിൽ വ്യവസ്ഥാപിതമാകുകയും ചെയ്യുന്നു. മലയാളത്തിലെ പ്രാചീനവ്യാകരണഗ്രന്ഥങ്ങളിൽ കാണുന്ന പല സന്ധിനിയമങ്ങളും ഇന്ന് സ്വീകാര്യമല്ല. ലീലാതിലകത്തിലെ 'ലനയോകചപേഷുറ' എന്ന നിയമം മലയാളത്തിൽ ഇന്ന് നിലവിലില്ല. ഉദാഹരണത്തിന് കല് + പടി - കർപ്പടിയല്ല, കൽപ്പടിയാണ് മലയാളത്തിൽ.

**1.3.1.5. അർത്ഥപരിണാമം**

കൂടുതൽ പ്രയോഗവിധേയമാകുകയും കാലം നീങ്ങുകയും ചെയ്യുമ്പോൾ വാക്കിന്റെ അർത്ഥത്തിന് കൂടുതൽ സാരമായ മാറ്റങ്ങൾ ഉണ്ടാകുന്നു. ഏത് ഭാഷയിലെ പദസമ്പത്ത് പരിശോധിച്ചാലും ഇത് കാണാം. പല പഴയപദങ്ങളും നമ്മുടെ ഉപയോഗത്തിൽനിന്ന് തിരോധാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ അപ്രത്യക്ഷമായ പദങ്ങളിൽ ഒരു വിഭാഗം പിന്നീട് പ്രയോഗിക്കാതെ നശിച്ച് പോകുന്നു. ചില പദങ്ങൾ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് നിലനിന്നാലും മിക്കവാറും അവയുടെ രൂപവും ഭാവവും മാറിപ്പോയിരിക്കും. പഴയ വാക്കുകൾ വിസ്മൃതമായിപ്പോകുമ്പോൾ അതിനുപകരം പുതിയവ സ്വീകരിക്കപ്പെടുന്നു. ചുരുക്കം ചില പദങ്ങൾ അർത്ഥവ്യത്യാസമൊന്നും കൂടാതെ കാലഗതിയെ അതിലംഘിച്ച് നിലനിൽക്കാം. വാക്കുകളുടെ തിരോധാനം, നാശം, ജീവിതം, അതിജീവനം, ഉത്ഭവം തുടങ്ങിയവയെല്ലാം അർത്ഥപരിണാമത്തിന്റെ ഭാഷാശാസ്ത്രപരമായ കാരണങ്ങളാണ്.

ഓരോ ഭാഷയിലും ശൈശവദശ മുതൽ പ്രയോഗത്തിലിരുന്ന് നൂറ്റാണ്ടുകൾക്കുശേഷവും അതേയർത്ഥത്തിൽ പ്രയോഗിക്കപ്പെട്ട പദങ്ങൾ ഉണ്ടാകുക വളരെ കുറവാണ്. ഒരു പദം ആദ്യമായി പ്രയോഗിക്കപ്പെട്ടത് ഏതർത്ഥത്തിലാണെന്ന് കണ്ടുപിടിച്ച് അതിന്റെ എല്ലാപ്രയോഗങ്ങളെയും കണ്ടെത്തി പരിശോധിച്ച് സമകാലികവികാസം വരെയെത്തിയെങ്കിലേ അതിന്റെ ചരിത്രമാവുകയുള്ളൂ. ധാതുവിൽനിന്ന് വളരെ വ്യത്യാസപ്പെട്ട അർത്ഥത്തിലായിരിക്കാം ചിലപ്പോൾ ഓരോ പദവും നിലനിൽക്കുന്നത്. ഒരേ ധാതുവിൽനിന്നും അർത്ഥവ്യത്യാസമുള്ള വേറെ വാക്കുകൾ വളർന്നു വന്നിട്ടുള്ളത് ഇതിനുദാഹരണമാണ്. 'കേരളപാണനിനീയ'ത്തിൽ അത്തരം ചില ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്.

1. നല്ലു, നല്ല, നലം
2. വിടുക, വിടിരുക, വെടിയുക, വെട്ടുക, വിള്ളുക, വെടിക്ക
3. ചൂഴുക, ചുഴിയുക, ചുഴലുക

ഇതിലോരോ വിഭാഗവും മൂലപ്രകൃതിയിൽനിന്ന് വളർന്ന് വന്നതാണെന്നാണ് ഏ.ആറിന്റെ അഭിപ്രായം (രാജരാജവർമ്മ, 1997: 299).

വാക്കുകളുടെ അർത്ഥം ആദ്യമാദ്യം പരിച്ഛിന്നവും സാമാന്യസ്വഭാവത്തെ കുറിക്കുന്നതുമായിരിക്കും. പ്രയോഗങ്ങളാണ് അതിന്റെ അർത്ഥത്തിന് സ്പഷ്ടത നൽകുന്നത്. ഭാഷയുടെ പ്രാരംഭഘട്ടത്തിൽ വാക്കുകളുടെ എണ്ണം താരതമ്യേന പരിമിതമായിരിക്കും. ഓരോ വാക്കിനും അനേകം അർത്ഥങ്ങളുണ്ടാകുന്നത് പ്രയോഗവൈവിധ്യം കൊണ്ടാണ്. എന്നാൽ കാലക്രമേണ ഓരോ വാക്കും ഓരോ അർത്ഥത്തിൽ ഉറച്ചുപോകുന്നു. ആ അർത്ഥം മാറിക്കൊണ്ടേയിരിക്കാം. ഭാഷാപരിണാമത്തിന്റെ ഒരുതലം മാത്രമാണ് അർത്ഥപരിണാമം. അർത്ഥപരിണാമം സംഭവിച്ച പദങ്ങളെക്കുറിച്ച് ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നതിനാൽ ഇവിടെ ഭാഷാപരിണാമത്തിന്റെ മറ്റ് തലങ്ങളെ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അർത്ഥപരിണാമത്തിനുള്ള ഉദാഹരണം പിന്നീട് വിശദമാക്കുന്നുണ്ട്.

### 1.3.1.5.1. അർത്ഥപരിണാമത്തിന്റെ കാരണങ്ങൾ

അർത്ഥപരിണാമം സംഭവിക്കുന്നിനുള്ള കാരണങ്ങളെ വേദബന്ധു സൂചിപ്പിക്കുന്നുണ്ട്. ശബ്ദങ്ങളുടെ പ്രയോഗാധിക്യം, അലങ്കാരം, ഗുണസാമ്യം, പ്രയോഗത്തിൽ അവധാനക്കുറവ്, അജ്ഞാനം, അന്ധവിശ്വാസം, കാലഗതി, ദേശസ്നേഹം, ശുഭവും അശുഭവുമായ പ്രയോഗം, വ്യംഗ്യം, സ്നേഹാതിശയം, ഈർഷ്യാലുത, പ്രകരണം, ഭാഷാഭേദം, പ്രയത്നലാഘവം, പുനരുക്തി, അന്യഭാഷയിൽ നിന്നു പകർത്തിയതിന്റെ ഭാഷാന്തരം, സ്വരഭേദം എന്നിവയാണ് അവ. ഇവയെക്കൂടാതെ തെറ്റായ ധാരണ, ഓർമ്മക്കുറവ്, അസ്പഷ്ടമായ ഭാഷണം, അശുദ്ധപ്രയോഗം, പ്രമാദം, ആലസ്യം എന്നിവയും അർത്ഥത്തിന് മാറ്റമുണ്ടാക്കുന്നു എന്നും 'അർത്ഥവിജ്ഞാന'ത്തിൽ പ്രസ്താവിക്കുന്നുണ്ട് (വേദബന്ധു, 1972: 63). ആചാരഭാഷ, വൈകാരികതാപ്രാമുഖ്യം, വിലക്കുപദങ്ങൾ, ചരിത്രസംഭവങ്ങൾ, സ്ഥാപനനാമങ്ങൾ, ഉൽപ്പന്നനാമം, പദവിപര്യയം, അതിശുദ്ധി എന്നിവയും അർത്ഥപരിണാമത്തിനുള്ള കാരണങ്ങളാണ്. ഭാഷാഭേദം അർത്ഥപരിണാമത്തിന്റെ പ്രധാനകാരണമാണെന്ന് വേദബന്ധു ചൂണ്ടിക്കാണിച്ചെങ്കിലും പരിഗണിച്ചിട്ടില്ല.

#### 1.3.1.5.1.1. ശബ്ദങ്ങളുടെ പ്രയോഗാധിക്യം

ശബ്ദങ്ങളുടെ അധികമായ പ്രയോഗം നിമിത്തം അതിന്റെ ശക്തികുറയുന്നു. ആദ്യം ഏതർത്ഥത്തിൽ അതിന്റെ പ്രയോഗം നടന്നുവോ ആ അർത്ഥത്തിന്റെ മഹത്വം ഇടിയുന്നു ''കവിരാജൻ'' എന്ന പദം *കാവ്യം ചമയ്ക്കുന്നവരിൽ പരമശ്രേഷ്ഠനെന്ന* അർത്ഥത്തിലാണ് ആദ്യമായി പ്രയോഗിച്ചിരുന്നത്. എന്നാൽ 'കവിരാജൻ' *ആയുർവേദവൈദ്യശ്രേഷ്ഠൻ* എന്ന അർത്ഥത്തിലും പ്രയോഗിക്കപ്പെടുന്നുണ്ട്. വിദ്യായണ് 'വിദ്വാന്റെ'യും 'വൈദ്യന്റെ'യും മൂലശബ്ദം. രണ്ടാമത്തെ അർത്ഥം സങ്കുചിതമാണ്. അതുപോലെ *യജ്ഞം ചെയ്യുന്നവൻ* എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന യജമാനശബ്ദം *ഭൃത്യൻമാരുടെ മേലാവ്* എന്ന അർത്ഥത്തിലും ഉപയോഗിക്കപ്പെടുന്നു. യജ്ഞം ധാർമ്മികകർമ്മമായിരുന്നെന്ന് വേദ

ബന്ധു ചൂണ്ടിക്കാണിക്കുന്നുണ്ട്. 'സൈക്കിൾയജ്ഞം', 'നൂൽനൂൽപുയജ്ഞം', 'ഉപവാസ യജ്ഞം' എന്നിങ്ങനെ പ്രയോഗിച്ച് യജ്ഞത്തിന്റെ അർത്ഥത്തിൽ മാറ്റം വന്നത് ശബ്ദങ്ങളുടെ പ്രയോഗാധിക്യം എന്ന കാരണത്താലാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു (വേദബന്ധു, 1972:64).

**1.3.1.5.1.2 അലങ്കാരപ്രയോഗം**

അർത്ഥം സുഖകരവും ഹൃദയംഗമവുമാക്കാനായി അലങ്കാരങ്ങൾ പ്രയോഗിക്കാറുണ്ട്. ഈ അലങ്കാരം സാഹിത്യത്തിന് വിഷയവുമാണ്. ഇത്തരം ആലങ്കാരികപദങ്ങളുടെ പ്രയോഗം അർത്ഥപരിണാമത്തിന് ഹേതുവാണ്. 'കഴുത' എന്ന മൃഗത്തിന് ബുദ്ധിശക്തി കുറവായതുകൊണ്ട് മനുഷ്യനെ ബുദ്ധിഹീനനാക്കി പരിഹസിക്കാനും പഴിക്കാനും കഴുതയെന്ന പദത്തെ പ്രയോഗിക്കുന്നു. 'അവൻ കഴുതയാണ്' എന്ന് പറഞ്ഞാൽ *ബുദ്ധിശൂന്യൻ* എന്ന അർത്ഥം ലഭിക്കുന്നു. ഭീമൻ എന്ന ശബ്ദം *വലുതെന്ന* അർത്ഥത്തിലും പ്രയോഗിക്കപ്പെടുന്നുണ്ട്. പാണ്ഡവരിൽ വലിയവനും ശക്തനുമായതിനാലാവാം ഭീമൻ എന്ന പദത്തിന് *വലുതെന്ന* അർത്ഥം വന്നുചേർന്നത്.

വാച്യാർത്ഥത്തിനു പുറമെയുള്ള സംവേദനസാധ്യതയായ ലാക്ഷണികതയും ആലങ്കാരികതയും ഒന്നുതന്നെ. പിന്നീട് ലാക്ഷണികാർത്ഥത്തിന് വാച്യാർത്ഥത്തേക്കാൾ പ്രാധാന്യം വരുകയും ചെയ്യുന്നു. വിഷയലമ്പടനെ 'കോഴി' യെന്നു വിളിക്കുന്നതും പൈശാചികസ്വഭാവത്തോടുകൂടിയ ആളെ 'സർപ്പസന്തതി'യെന്ന് വിളിക്കുന്നതും ആലങ്കാരികപ്രയോഗങ്ങൾക്കുദാഹരണമാണ്. ഇത്തരത്തിലുള്ള ലാക്ഷണികപ്രയോഗങ്ങൾ മലയാളത്തിൽ നിരവധിയുണ്ട്.

ഒരിടത്തുനിന്ന് ലഭിക്കുന്ന വിവരങ്ങൾ പരസ്യമാക്കുന്നവരെ വിശേഷിപ്പിക്കാൻ 'റേഡിയോ', 'ആകാശവാണി' എന്നു ഉപയോഗിക്കുന്നത് ആലങ്കാരികപ്രയോഗത്തിനുദാഹരണമാണ്.

സ്വഭാവം കണക്കിലെടുത്ത് വ്യക്തികൾക്ക് ഇരട്ടപ്പേരുകൾ വരുന്നത് ലാക്ഷണികതയ്ക്ക് ഉദാഹരണമാണ്. പല കാര്യങ്ങളുടെയും സ്വാധീനം ഇത്തരം പേരുകൾക്ക് കാരണമാകാറുണ്ട്. അവയിൽ പുരാണം, സാഹിത്യം, സിനിമ, പ്രമുഖവ്യക്തികളുടെ സ്വഭാവം, മിത്തുകൾ, എന്നിവയെല്ലാം പെടുന്നു.

പുരാണകഥകളുടെ സ്വാധീനത നിലനിൽക്കുന്ന സമൂഹത്തിൽ ഇത്തരം പേരുകൾ കാണാം. അവ വ്യക്തിനാമങ്ങളായി മാത്രമല്ല, ഇരട്ടപ്പേരുകളായും നിലനിൽക്കുന്നുണ്ട്. സ്വഭാവം പരിഗണിച്ചാണ് ഈ പേരുകൾ വരുന്നത്. ഏഷണിപറയുന്നയാളെ നാരദനെന്നും അധികമായി ഉറങ്ങുന്നയാളെ കുംഭകർണ്ണൻ എന്നും വിളിക്കാറുണ്ട്. ഇത്തരത്തിലുള്ള പദങ്ങൾ നിരവധിയുണ്ട്.

| | | |
|---|---|---|
| ദുർവ്വാസാവ് | - | മുൻകോപി |
| താടക | - | ദുഷ്ട |
| മന്ഥര | - | ഏഷണിക്കാരി |

സാഹിത്യത്തിലെ അവിസ്മരണീയ കഥാപാത്രങ്ങളുടെ പേരിൽ ആളുകളെ വിളിക്കാറുണ്ട്. ദീനാമ്മ, എട്ടുകാലി മമ്മൂഞ്ഞ്, നാറാപിള്ള എന്നിവ ഉദാഹരണം. കാർട്ടൂൺ കഥാപാത്രങ്ങളുടെ പേരുകളും ഈ വകുപ്പിൽപ്പെടുന്നു. ഡാകിനി, കുട്ടൂസൻ, ലുട്ടാപ്പി, ശുപ്പാണ്ടി എന്നിവ ഉദാഹരണം. ചെകുത്താൻ, യക്ഷി, കുട്ടിച്ചാത്തൻ തുടങ്ങിയ നാമങ്ങളും ലാക്ഷണികമായി പ്രയോഗിക്കാറുണ്ട്.

സിനിമാകഥാപാത്രങ്ങൾ മറ്റൊരു ഉദാഹരണമാണ്. സ്ത്രീസ്വഭാവം പ്രകടിപ്പിക്കുന്ന ആണുങ്ങളെ പരാമർശിക്കുന്നതിനുവേണ്ടി 'ചാന്തുപൊട്ട്' എന്ന് പറയാറുണ്ട്. നാഗവല്ലി, കള്ളിയങ്കാട്ടുനീലി എന്നെല്ലാം എപ്പോഴും ദേഷ്യപ്പെടുന്ന സ്ത്രീകളെ പരമാർശിക്കുന്നു. മെലിഞ്ഞയാളെക്കുറിച്ച് ഇന്ദ്രൻസ്, വടിവേലു എന്നും പറയുന്നു. പ്രമുഖവ്യക്തികളുടെ പേരുകളിൽ മറ്റുള്ളവർ അറിയപ്പെടുന്നതും ആലങ്കാരികതയ്ക്ക് ഉദാഹരണമാണ്. സത്യസന്ധനായ ആളെ ഹരിശ്ച

ന്ദ്രൻ, ഗാന്ധിജി എന്നും വീരപരാക്രമികളായ സ്ത്രീകളെ ഝാൻസീറാണി, ഉണ്ണി യാർച്ച എന്നും വിളിക്കുന്നു.

#### 1.3.1.5.1.3. ഗുണസാമ്യം

പരിചിതമായ പദാർത്ഥങ്ങളുടെ ഗുണം മറ്റൊന്നിലുണ്ടെന്ന് കണ്ട് പ്രയോഗി ക്കുന്ന രീതിയാണിത്. 'തൊട്ടാവാടി' എന്നത് ഒരുതരം പുൽച്ചെടിയാണ്. തൊട്ടാൽ വാടുന്ന ഗുണത്തെ ആശ്രയിച്ച് വേഗത്തിൽ സങ്കടപ്പെടുന്നവരെയും ഇങ്ങനെ പരാ മർശിക്കാറുണ്ട്. ഇത് യഥാർത്ഥത്തിൽ ആലങ്കാരികപ്രയോഗംതന്നെ.

#### 1.3.1.5.1.4. അശ്രദ്ധ, അജ്ഞത

ഭാഷാരൂപത്തിന്റെ മൗലികാർത്ഥത്തെക്കുറിച്ചുള്ള അശ്രദ്ധകൊണ്ടും അർത്ഥപരിണാമം സംഭവിക്കാറുണ്ട്. അസാധ്യപണ്ഡിതൻ, ഭയങ്കര ഉറക്കം, ഗംഭീര പർവ്വതം എന്നിവ അശ്രദ്ധകൊണ്ട് അർത്ഥപരിണാമം സംഭവിച്ച പദങ്ങളാണെന്ന് 'ഭാഷാശാസ്ത്രദൃഷ്ടി'യിലൂടെ എന്ന കൃതിയിൽ പ്രബോധചന്ദ്രൻനായർ ഉദാഹരി ക്കുന്നു (2009:165). അസുരൻ എന്ന പദത്തിന്റെ അർത്ഥം ഇത്തരത്തിൽ അശ്രദ്ധ കൊണ്ടു സംഭവിച്ചതാണ്. അസുരനെന്നാൽ *ദേവൻ* എന്നായിരുന്നു അർത്ഥം. എന്നാൽ അസുരപദത്തെ തെറ്റായി വേർപിരിച്ച് അതിൽനിന്ന് സുരശബ്ദം നിഷ്പാദിപ്പിക്കുകയും പിന്നീട് സുരനല്ലാത്തവൻ (നസുര) എന്ന നിലയിൽ അസു രനെ കാണുകയും ചെയ്തതാണ് അർത്ഥം മാറുവാൻ കാരണം. അസുരശബ്ദ ത്തിന്റെ അർത്ഥമാറ്റത്തെക്കുറിച്ച് ഡോ.എൻ.ഗോപിനാഥൻനായർ അഭിപ്രായപ്പെടു ന്നതിങ്ങനെയാണ്. "ജന്മം നൽകുന്നവൻ അല്ലെങ്കിൽ ഈശ്വരൻ എന്ന് നിഷ്പ ന്നാർത്ഥമുള്ള അസുരപദം ശരിയായ അർത്ഥത്തിലുപയോഗിക്കുന്നത് ഇറാൻകാരാ ണ്. (അസൂൻരാതി ഇതി അസുര:) അസുരപദത്തിന്റെ 'ഋഗ്വേദ'ത്തിലെ പ്രയോ ഗവും ഈ അർത്ഥത്തിൽത്തന്നെ. ദേവൻമാരുടെ കൂട്ടത്തിൽ വരുണന് 'ഋഗ്വേദം' ഇന്ദ്രതുല്യമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. വരുണനെ പലപ്പോഴും സാമ്രാ ട്ടായി വ്യവഹരിക്കുന്നു. അദ്ദേഹത്തെക്കുറിക്കാൻ അസുരപദമാണ് 'ഋഗ്വേദം' ഉപ

യോഗിക്കുന്നത്. എന്നാൽ ദേവശത്രുക്കളെയാണ് ഭാരതീയർ അസുരപദംകൊണ്ട് വിവക്ഷിക്കുന്നത്. അതിന് ഹിംസാശീലത്തോട് കൂടിയവൻ (അസുഷ്ഠരമന്തേ) എന്ന് അർത്ഥവും കൽപ്പിച്ചു. ദിവ് ശബ്ദവുമായി ബന്ധപ്പെട്ട ദേവശബ്ദത്തിന് ക്രീഡാശീലൻ ഈശ്വരൻ എന്നൊക്കെയാണ് അർത്ഥം. ഈശ്വരൻ എന്ന അർത്ഥം നൽകാൻ ഇതിന് ശക്തിയില്ല. എന്നിട്ടും ഭാരതീയർക്ക് ഈശ്വരൻ ദേവനായി'' (ഗോപിനാഥൻനായർ, 2006: 17).

ശുദ്ധൻ എന്ന പദത്തിന് കളങ്കരഹിതൻ എന്ന അർത്ഥമുണ്ടായിരുന്നു. എന്നാൽ മണ്ടൻ, വങ്കൻ, വിഡ്ഢി എന്നീ അർത്ഥങ്ങൾ ഈ പദത്തിന് വരാൻ കാരണം പ്രയോഗത്തിലെ ശ്രദ്ധക്കുറവാണെന്ന് വേദബന്ധു പ്രസ്താവിക്കുന്നു. (വേദബന്ധു, 1972: 64).

അജ്ഞാനംകൊണ്ട് അർത്ഥപരിണാമം സംഭവിക്കുന്നതിന് ഉദാഹരണമാണ് പാഷണ്ഡം എന്ന പദം. ''പാഷണ്ഡശബ്ദം അശോകന്റെ കാലത്ത് ബൗദ്ധഭിക്ഷുവിനെ കുറിച്ചിരുന്നു. പിന്നീട് *ബുദ്ധമതവിരോധികൾ, നാസ്തികൻ, കപടസന്യാസി, വെളിവേഷംകൊണ്ട് ജനങ്ങളെ വഞ്ചിക്കുന്നവൻ, പിത്തലാട്ടക്കാരൻ* എന്നീ പല അർത്ഥത്തിലും പാഷണ്ഡശബ്ദം പ്രയോഗിച്ചു. തൻമൂലം ഇന്ന് അതിന്റെ സത്യാർത്ഥം മാറിപ്പോയി'' (വേദബന്ധു, 1972: 64).

തെറ്റായപദങ്ങൾ പ്രചരിക്കുകയും പിന്നീട് ഉപയോഗത്തിൽ അതേ തെറ്റ് ആവർത്തിക്കുകയും ചെയ്യുന്നതിനുദാഹരണമായി സാമ്രാട്ട്, പാന്ഥാവ്, പ്രാസംഗികൻ, മണലാരണ്യം എന്നീ പദങ്ങളെ എൻ.ഗോപിനാഥൻനായർ ഉദാഹരിക്കുന്നുണ്ട് (2006:30). ഈ പദങ്ങൾ ഇന്നും ഇതേ രീതിയിൽത്തന്നെ തെറ്റായി വ്യവഹരിച്ചു വരുന്നു.

**1.3.1.5.1.5. കാലഗതി**

കാലത്തിന്റെ മാറ്റംകൊണ്ട് അർത്ഥം മാറുന്നുണ്ട്. ദുഹിതൃശബ്ദം വേദത്തിൽ *പശുവിനെ കറന്ന് പാല് തയ്യാറാക്കുന്നവളെന്ന* അർത്ഥത്തിൽ പ്രയുക്തമാ

ണ്. ഇന്ന് *പുത്രി (കന്യ)* എന്നാണർത്ഥം. ഈ പദത്തെ കാലഗതികൊണ്ട് അർത്ഥം മാറിയതിന് ഉദാഹരണമായി വേദബന്ധു ചൂണ്ടിക്കാണിക്കുന്നു (1972:64).

**1.3.1.5.1.6. സ്വരഭേദം**

'അവൻ നല്ലവനാണ്' എന്ന വാക്യത്തിലെ സ്വരഭേദം മൂലം 'അവൻ ദുഷ്ട നാണെന്ന്' അർത്ഥം വരുത്താവുന്നതാണ്.

**1.3.1.5.1.7. ആദാനം**

ഭാഷാപരിണാമത്തിന്റെ പ്രധാനപങ്കും സംഭവിക്കുന്നത് ഇതരഭാഷകളിൽനി ന്നുള്ള കടംകൊള്ളൽ മുഖേനയാണ്. വ്യക്തികളോ, സമുദായങ്ങളോ രാഷ്ട്ര ങ്ങളോ സമ്പർക്കം പുലർത്തുന്നതിന്റെ ഫലമായി അവരുടെ ഭാഷകളിൽ ആദാന പ്രദാനങ്ങൾ അഥവാ കൊടുക്കൽവാങ്ങലുകൾ നടക്കാറുണ്ട്. ഒരു വ്യക്തിയുടെ ഭാഷ മറ്റൊരു ഭാഷാഭേദമോ ഭാഷയോ സംസാരിക്കുന്ന വ്യക്തിയുമായുള്ള സമ്പർക്കഫലമായി മാറ്റങ്ങൾക്ക് വിധേയമാകാം. കോഴിക്കോട് സ്ഥിരതാമസമാ ക്കുന്ന തൃശ്ശൂർക്കാരന്റെ ഭാഷ ക്രമേണ കോഴിക്കോടൻ ശൈലി സ്വീകരിച്ചുവെന്നു വരാം.

വ്യത്യസ്തഭാഷ സംസാരിക്കുന്നവർ ഒരേ പ്രദേശത്ത് താമസിക്കുകയാണെ ങ്കിൽ അധികാരം കൈവശമുള്ളവരുടെ ഭാഷ ഭരിക്കപ്പെടുന്നവരുടെ ഭാഷയെ ക്രമേണ കീഴടക്കും. വർണസങ്കൽപ്പം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നീ അധികാരാവസ്ഥകളെ ഭരിക്കപ്പെടുന്നവരുടെ അബോധം അന്ധമായി സ്വീകരിക്കു ന്നതുപോലെ അധികാരികളുടെ ഭാഷയെയും സ്വീകരിക്കുന്നു.

ഉയർന്ന സാംസ്കാരികനിലവാരമുള്ളവരുടെ ജീവിതസമ്പ്രദായത്തെ സ്വീക രിക്കുന്നത് അവരുടെ ഭാഷയോടുള്ള മതിപ്പുകാരണമാണ്. ഇംഗ്ലീഷിൽനിന്നും സംസ്കൃതത്തിൽനിന്നും മലയാളത്തിലേക്ക് കടന്നുവന്ന പദങ്ങൾ ഉദാഹരണം. മുഖം എന്ന പദത്തിന് പകരം സംഭാഷണഭാഷയിൽ നിരവധി വാക്കുകൾ മലയാള

ത്തിലുണ്ടെങ്കിലും മുഖം തന്നെ നാം സംഭാഷണഭാഷയിലും സ്വീകരിച്ചു. മലയാളത്തിൽ മുഖത്തെക്കുറിക്കുന്ന പദങ്ങളെ വാമൊഴിയിൽപ്പോലും പലയിടങ്ങളിലും ഒഴിവാക്കപ്പെടുന്നു. അച്ഛൻ, അമ്മ, മാമൻ എന്നീ സംബോധനകൾക്ക് പകരം ഡാഡി, മമ്മി, അങ്കിൾ എന്നായി മാറിത്തുടങ്ങിയിട്ടുണ്ട്. പക്കി പക്ഷിയായതും അന്തി സന്ധ്യയായതും ഇക്കാരണത്താലാണ്.

**1.3.1.5.1.8. മാനസികകാരണങ്ങൾ**

പുതിയ അറിവുകൾ വന്നുചേരുമ്പോൾ നിലവിലുള്ള ബന്ധപ്പെട്ട ഭാഷാരൂപങ്ങൾതന്നെ അവയെയും കുറിക്കാനുപയോഗിക്കുക എന്നത് വളരെ എളുപ്പമുള്ള കാര്യമാണ്. ആശയസംബന്ധമാണവിടെ സഹായകമായി നിൽക്കുന്നത്. പഴയ അതേ ഭാഷാരൂപം തന്നെയോ പുതിയ പരിഷ്കൃതരൂപമോ പുതിയ ആശയത്തെ പ്രതിനിധാനം ചെയ്യാൻ ഉപയോഗിക്കുന്നു. അങ്ങനെ ഭാഷാരൂപത്തിന് ആദ്യമുണ്ടായിരുന്ന പ്രത്യേകാർത്ഥം ദുർബലമായിപ്പോകുകയും സാമാന്യവൽക്കരിക്കപ്പെടുകയും ചെയ്യുന്നു. സങ്കീർണത കുറയ്ക്കുവാനുള്ള മനസ്സിന്റെ ആശയമാണതിനു പ്രധാന കാരണം.

എള്ളിൽനിന്നുണ്ടാക്കുന്ന നെയ്യാണ് എണ്ണ. ഇന്ന് വെളിച്ചെണ്ണ, മണ്ണെണ്ണ തുടങ്ങിയ ദ്രവരൂപങ്ങളെയും സൂചിപ്പിക്കാൻ എണ്ണ എന്ന പദം ഉപയോഗിക്കുന്നു. ഏതെണ്ണയാണ് എന്ന് വേർതിരിച്ച് പറയുകയാണ് ചെയ്യുന്നത്. സങ്കീർണത കുറയ്ക്കുക എന്നതാണ് ഇത്തരം ആശയത്തിന്റെ കാരണം. വ്യാപ്തി, സങ്കോചം, ഉന്നതി, സാമിപ്യം തുടങ്ങിയ വകുപ്പുകളിൽപ്പെടുന്ന അർത്ഥപരിണാമദൃഷ്ടാന്തങ്ങളിൽ പലതിനും അടിസ്ഥാനം പ്രസക്തപദങ്ങളിൽ അനുഭവപ്പെടുന്ന വല്ല സാമ്യത്തെയും കുറിച്ചുള്ള ബോധമാവാം എന്ന് പ്രബോധചന്ദ്രൻനായർ അഭിപ്രായപ്പെടുന്നു. കളിഭ്രാന്ത് എന്ന പ്രയോഗമുണ്ടായതിന് കാരണം മാനസികതലമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട് (2009: 164).

#### 1.3.1.5.1.9. ചുറ്റുപാടിൽ സംഭവിക്കുന്ന മാറ്റങ്ങൾ

ചുറ്റുപാടിൽ സംഭവിക്കുന്ന മാറ്റങ്ങൾ അർത്ഥപരിണാമത്തിന്റെ ഒരു പ്രധാന കാരണമാണെന്ന് 'ഭാഷാശാസ്ത്രപരിചയ'ത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിന് ഉദാഹരണമായി നൽകുന്ന വസ്തുതകൾ ഇവയാണ്. ''കവർപാൽ, സീറ്റ് കവർ, സ്റ്റാമ്പൊട്ടിച്ച കവർ എന്നിവിടങ്ങളിൽ കവർ വ്യത്യസ്ത വസ്തുക്കളെ സൂചിപ്പിക്കുന്നു. ചിറകോ ഇലയോ ഭൂർജവൃക്ഷത്തൊലിയോ ആയിരുന്ന 'പത്രം' ഇന്ന് മിക്കപ്പോഴും 'ദിനപ്പത്രം' എന്ന അർത്ഥത്തിൽ ആണ് ഉപയോഗിക്കുന്നത്. ലാറ്റിനിൽ 'Pinna' തൂവലായിരുന്നു. അത് പേനയെക്കുറിക്കാൻ ഉപയോഗിച്ചു തുടങ്ങി. Steel pen, Fountain pen, Ball pen എന്നിങ്ങനെ പേനകൾ പലതായി'' (പ്രബോധചന്ദ്രൻനായർ, 2009:38).

#### 1.3.1.5.1.10. സാംസ്കാരികം

'ശിങ്കിടി', 'കൈമണി', 'ശ്ലോകത്തിൽ കഴിക്കുക', 'കേളികൊട്ട്', 'നാന്ദി', 'ധനാശി', 'ഭരതവാക്യം', 'കൊട്ടിക്കാലശം' മുതലായ പ്രയോഗങ്ങളുടെ അർത്ഥം കഥകളി, നാടകം, മേളം തുടങ്ങിയ കലാരൂപങ്ങളുടെ മണ്ഡലത്തിൽനിന്നാണ് കടന്നുവന്നത്.

#### 1.3.1.5.1.11. വൈകാരികതാപ്രാമുഖ്യം

ദൈർഘ്യവും ദൃഢതയും പതിവിൽക്കൂടുതൽ വരുന്ന തരത്തിലുള്ള ഉച്ചാരണമാറ്റവും മൂലം ഭാഷാപ്രയോഗത്തിന്റെ അർത്ഥം അനുഭവവേദ്യമാകുന്ന വിധത്തിൽ മാറ്റാൻ സാധിക്കും.

ഉദാ : ദൈർഘ്യവർദ്ധനവ് : പതു......ക്കെ, പെട്ടെ....ന്ന്

ദൃഢതാധിക്യം - കുത്തിക്കൊലപ്പെടുത്തിക്കുത്തിനുറുക്കി.

#### 1.3.1.5.1.12. സാമൂഹികം/ആചാരഭാഷ

സാമൂഹികമായ സ്ഥിരീകരണം മൂലമുള്ള ഉച്ചനീചത്വം, ആരാധനാസംബന്ധമായ ചിട്ടകൾ എന്നിവയിൽ നിന്നാണ് ആചാരഭാഷ എന്ന് പറയാറുള്ള പല പ്രയോഗങ്ങളും ഉണ്ടായത്. 'അമൃതേത്ത്' - *രാജകീയ ഭക്ഷണം*, 'പള്ളിയറ' - *രാജാവിന്റെ കിടപ്പുമുറി* തുടങ്ങിയവ ഉദാഹരണം.

#### 1.3.1.5.1.13. വിലക്ക്

ഭയം, ബഹുമാനം, ലജ്ജ, മാന്യതാസങ്കൽപ്പം, ഔചിത്യബോധം ഇവയിൽ എന്തിന്റെയെങ്കിലും അടിസ്ഥാനത്തിൽ ചില വാക്കുകൾക്കും പ്രയോഗങ്ങൾക്കും വിലക്ക് കൽപ്പിച്ച് പകരം മറ്റുചില പദങ്ങളെ ഉപയോഗിക്കുന്നു.

മരണത്തെക്കുറിക്കാൻ പലപ്പോഴും വളച്ചുകെട്ടി പ്രയോഗിക്കാറുണ്ട്. കഥകഴിയുക, വടിയാവുക, കാലയവനികക്കുള്ളിൽ മറയുക, ദിവംഗതനാവുക തുടങ്ങിയവ ഉദാഹരണം. ലൈംഗികാവയവങ്ങൾ, വിസർജ്ജനം, സംഭോഗം, ഗർഭധാരണം തുടങ്ങിയവയെ പലപ്പോഴും വളച്ചുകെട്ടിയ പ്രയോഗങ്ങൾ കൊണ്ടാണ് സൂചിപ്പിക്കാറുള്ളത്. ഇത് വരമൊഴിയേക്കാൾ വാമൊഴിയിലാണ് അധികമായി കാണുന്നത്. ഇത്തരം പ്രയോഗങ്ങളും പദങ്ങളുടെ അർത്ഥപരിണാമത്തിന് കാരണമായിത്തീരുന്നു.

#### 1.3.1.5.1.14. ചരിത്രസംഭവങ്ങൾ

സൂര്യനെല്ലി, കിളിരൂർ എന്നീ സ്ഥലങ്ങൾ ഇന്ന് മലയാളിയുടെ മനസ്സിൽ പെൺവാണിഭത്തെ കുറിക്കുന്നവയാണ്. *അതിക്രൂരമായി ലൈംഗികചൂഷണത്തിനിരയായവരുടെ ഇടം* എന്ന അർത്ഥത്തിൽ ഈ സ്ഥലങ്ങൾ കുപ്രസിദ്ധങ്ങളാണ്. കുംഭകോണം എന്ന സ്ഥലപ്പേര് അഴിമതിയെ സൂചിപ്പിക്കുന്നതും ഇത്തരത്തിലാണ് (ഗിരീഷ് പി.എം, 2012 : 83) ഐസ്ക്രീംപാർലർ കേസിനുശേഷം 'ഐസ്ക്രീം'

എന്ന പ്രയോഗം പലപ്പോഴും പീഡനവുമായി ബന്ധപ്പെട്ട അർത്ഥം സംവേദനം ചെയ്യുന്നു. ഇവിടെയെല്ലാം അനുഭവങ്ങളാണ് അർത്ഥത്തെ സൃഷ്ടിച്ചെടുക്കുന്നത്.

**1.3.1.5.1.15. സ്ഥാപനനാമങ്ങൾ**

'കോടമ്പാക്കം പ്രതിസന്ധിയിലാണ്' എന്ന വാചകത്തിൽ ദക്ഷിണേന്ത്യ യിലെ സിനിമാവ്യവസായത്തെയും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയുമാണ് സൂചിപ്പിക്കുന്നത്. കോഴിക്കോടുള്ള ഒരു സ്ഥാപനമാണ് 'കുതിരവട്ടം'. മലബാ റിലെ തന്നെ പ്രധാനപ്പെട്ട മാനസികാരോഗ്യകേന്ദ്രം സ്ഥിതിച്ചെയുന്നതിവിടെയാ ണ്. ഈ സ്ഥാപനത്തിന്റെ പേര് പറഞ്ഞ് കളിയാക്കുക ഒരു അസ്വാഭാവികസംഭവമ ല്ല. അവനെ കുതിരവട്ടത്തേക്കയയ്ക്കണം എന്ന് പറയുമ്പോൾ അവന്റെ അസുഖ മെന്താണെന്ന് പറയേണ്ട ആവശ്യമേ വരുന്നില്ല. ഇതേരീതിയിൽത്തന്നെ പ്രയോഗി ക്കപ്പെടുന്ന മറ്റൊരു സ്ഥലമാണ് 'ഊളമ്പാറ'. സ്ഥാപനങ്ങളാണ് ഈ സ്ഥലനാമ ങ്ങൾക്ക് ഇത്തരം ഒരർത്ഥം കൽപ്പിച്ചുകൊടുക്കാൻ കാരണമായത് (ഗിരീഷ് പി.എം, 2012 : 83). കാഞ്ചിപുരം എന്ന സ്ഥലനാമം പട്ടിന്റെ നിർമ്മാണത്തിൽ മുന്നിട്ടു നിൽക്കുന്നതുകൊണ്ട് കാഞ്ചിപുരം എന്ന് പറഞ്ഞാൽ നമുക്കാദ്യം ലഭിക്കുന്ന അർത്ഥം പട്ട് എന്നാണ്. പിന്നീട് മാത്രമേ സ്ഥലപ്പേരിനെക്കുറിച്ച് ചിന്തിക്കുക കൂടി ചെയ്യുന്നുള്ളൂ.

**1.3.1.5.1.16. സ്ഥലപ്പേരുകൾ**

പലപ്പോഴും പ്രശസ്തരായ വ്യക്തികളെ സൂചിപ്പിക്കാൻ സ്ഥലപ്പേരുകൾ മാത്രം പറയാറുണ്ട്. വാമൊഴിയിലാണ് ഇത് അധികവും സംഭവിക്കുന്നത്. സാഹി ത്യത്തിലും രാഷ്ട്രീയരംഗത്തും സിനിമാരംഗത്തുമുള്ളവരാണ് കൂടുതലായും ഇത്തരത്തിലറിയപ്പെടുന്നത്. അഴീക്കോട് എന്ന് പറയുമ്പോൾ സുകുമാർ അഴീ ക്കോടിനെയും തുഞ്ചൻ, ചെറുശ്ശേരി എന്നിവ യഥാക്രമം തുഞ്ചത്ത് രാമാനുജനെഴു ത്തച്ഛനെയും ചെറുശ്ശേരി നമ്പൂതിരിയെയും സൂചിപ്പിക്കുന്നു. ഇതുപോലെ സാഹി ത്യരംഗത്ത് നിരവധിയാളുകൾ പരമാർശിക്കപ്പെടുന്നുണ്ട്. തകഴി, എരുമേലി, കക്ക ട്ടിൽ, പെരുമ്പടവം, കാവാലം, വയലാർ കടമ്മനിട്ട തുടങ്ങിയവർ ഉദാഹരണം.

രാഷ്ട്രീയരംഗത്ത് പിണറായി, ചെന്നിത്തല, കുമ്മനം തുടങ്ങിയവരും സ്ഥലപ്പേരിലറിയപ്പെടുന്നു. സിനിമാരംഗത്തും ഇത്തരത്തിൽ പരാമർശിക്കപ്പെടുന്ന വരുണ്ട്. ജഗതി, മാള, നെടുമുടി, കൊട്ടാരക്കര എന്നിങ്ങനെ പരാമർശിക്കുന്നത് യഥാക്രമം ജഗതിശ്രീകുമാറിനെയും മാളഅരവിന്ദനെയും നെടുമുടിവേണുവി നെയും കൊട്ടരക്കരശ്രീധരൻനായരെയുമാണ്.

**1.3.1.5.1.17. ഉൽപ്പന്നനാമം**

ഒരു പ്രത്യേക ഉൽപ്പന്നം മറ്റ് ഉൽപ്പന്നങ്ങളെക്കുറിക്കുന്ന തരത്തിൽ സ്ഥായി യായി മാറുന്നു. 'അവൻ മാരുതി വാങ്ങി' എന്ന് പറഞ്ഞാൽ കാറാണ് വാങ്ങിയത് എന്ന അർത്ഥം ലഭിക്കുന്നു. എന്നാൽ അത് മാരുതി കമ്പനിയുടേതായിക്കൊള്ളണ മെന്നില്ല. 'കാർ' എന്ന ഉദ്ദേശത്തിനുവേണ്ടിയാണ് 'മാരുതി' എന്ന് പ്രയോഗിച്ചിരി ക്കുന്നത്. സിഗരറ്റിനെക്കുറിക്കാൻ സാധാരണക്കാർ സിസ്സർ എന്നു പറഞ്ഞിരുന്നത് മറ്റൊരുദാഹരണമാണ്. ഏത് കമ്പനിയുടേതായാലും അതിനെയെല്ലാം സിസ്സർ എന്ന് വ്യവഹരിക്കപ്പെടുന്നു. നീലത്തിനെ കുറിക്കാൻ 'ഉജാല'യെന്നും പേസ്റ്റിനെ കുറിക്കാൻ 'കോൾഗേറ്റ്' എന്നും പശയ്ക്ക് 'ഫെവിക്കോൾ' (Fevicol) എന്നും വ്യവഹരിക്കപ്പെടുന്നത് ഉൽപ്പന്നനാമം സ്ഥായിയായിപ്പോകുന്നതിനുദാഹരണമാ ണ്. പൂർവ്വാനുഭവങ്ങളിൽനിന്ന് വെളിച്ചമുൾക്കൊണ്ടുകൊണ്ടാണ് മനുഷ്യർ പുതിയ കാര്യങ്ങളെ മനസ്സിലാക്കുന്നത് (ഗിരീഷ് പി.എം, 2012 : 82).

**1.3.1.5.1.18 പദവിപര്യയം**

മലയാളത്തിൽ പദവിപര്യയത്തിന്റെ കാരണങ്ങൾ പലതാണ്. അവയിൽ ഏറ്റവും പ്രധാനം പദസാദൃശ്യമാണ്. *ധാരണ, നാശം, വൈപരീത്യം, വ്യത്യാസം* എന്നിവയാണ് വിപര്യയത്തിന്റെ അർത്ഥം. വിപര്യായം എന്നും അതിനെ പറയാം. അതായത് *വ്യത്യസ്തമായ അഥവാ യോജിക്കാത്ത പര്യായം* എന്നർത്ഥം. ആവി ഷ്ക്കരിക്കാനുദ്ദേശിക്കുന്ന ആശയത്തെ സംവഹിക്കാൻ ഉചിതമായ പദത്തിന്റെ

സ്ഥാനത്ത് അത് തന്നെയാണെന്ന തോന്നൽ അഥവാ അതിന്റെ പര്യയമാണെന്ന ധാരണ മൂലം മറ്റൊരു പദം പ്രയോഗിക്കപ്പെടുന്നു. ഇതാണ് പദവിപര്യയം. രണ്ടു പദം യഥാർത്ഥത്തിൽ വ്യത്യസ്തമാണെന്നിരിക്കേ അവ അഭിന്നമാണെന്ന തോന്നൽ കർത്താവിനുണ്ടാകുന്നത് പദബോധക്കുറവുകൊണ്ടുതന്നെയാണ്. അതു കൊണ്ട് ഉദ്ദിഷ്ടപദത്തിന്റെ സ്ഥാനത്ത് അയാൾ ഉപയോഗിക്കുന്നത് മറ്റൊരു പദമായിരിക്കും. പദാർത്ഥബോധമില്ലാത്ത ഉദ്യോഗസ്ഥരും മാധ്യമപ്രവർത്തകരും നിരവധി വിപര്യയങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഉദാഹരണത്തിന് *അധികമാവുക* എന്ന അർത്ഥത്തിൽ 'അധികരിക്കുക' എന്ന് പ്രയോഗിക്കാറുണ്ട്. രോഗം അധികരിച്ചു എന്നു പറയുന്നത് ശ്രദ്ധേയമാണ്. എന്നാൽ അധികരിക്കുക എന്നതിന് *ആസ്പദമാക്കുക* എന്നാണർത്ഥം. 'പുസ്തകത്തെ അധികരിച്ച് സംസാരിക്കുക' എന്നാൽ *പുസ്തകത്തെ ആസ്പദമാക്കി സംസാരിക്കുക* എന്നർത്ഥം. 'ഹാർദ്ദം' എന്നതിന്റെ സ്ഥാനത്ത് 'ഹാർദ്ദവം' എന്ന് പ്രയോഗിക്കുന്നതും പദവിപര്യയത്തിനുദാഹരണമാണ്. ഇത്തരം പ്രയോഗങ്ങൾ പിന്നീടുള്ള തലമുറയുടെ ഭാഷയെ സാരമായി ബാധിക്കുന്നു.

#### 1.3.1.5.1.19 അതിശുദ്ധി

''ഭാഷയിലെ ശരിയായ രൂപങ്ങൾ ശരിതന്നെയോ എന്ന സംശയത്താൽ ചിലർ പരിഷ്ക്കരിക്കുന്നതിന് അതിശുദ്ധി എന്നുപറയും. വിഡ്ഢിത്തം, ഭോഷത്തം മുതലായവ ചിലർ വിഡ്ഢിത്വം, ഭോഷത്വം എന്നൊക്കെ എഴുതുന്നത് അതിശുദ്ധി മൂലമാണ്''(നമ്പൂതിരി, 2002:96).

#### 1.3.1.5.2. അർത്ഥപരിവർത്തനരീതികൾ

ഒരു ശബ്ദം ഒരർത്ഥത്തിൽ മാത്രമല്ല നാം ഉപയോഗിക്കുന്നത്. അങ്ങനെയായിരുന്നെങ്കിൽ ഒരിക്കലും അർത്ഥത്തെക്കുറിച്ച് സംശയിക്കാനിടവരില്ലായിരുന്നു. മുൻപ് പ്രസ്താവിച്ച കാരണങ്ങൾ കൊണ്ട് പദങ്ങൾക്ക് സംഭവിക്കുന്ന അർത്ഥപരി

ണാമം അർത്ഥവ്യാപ്തി, അർത്ഥസങ്കോചം, അർത്ഥാപകർഷം, അർത്ഥാദേശം, അർത്ഥന്യൂനത, അർത്ഥസാമീപ്യം, അർത്ഥാതിശയം എന്നിങ്ങനെ പലതരത്തിൽ സംഭവിക്കുന്നു. അർത്ഥത്തെക്കുറിച്ചും അർത്ഥപരിവർത്തനത്തെക്കുറിച്ചും പഠനം നടത്തിയ വേദബന്ധു അർത്ഥപരിവർത്തനരീതികൾ ആറെണ്ണമാണെന്ന് പറയുന്നു. അർത്ഥവ്യാപകത്വം, അർത്ഥസങ്കോചം, അർത്ഥവിസ്താരം, അർത്ഥാദേശം, അർത്ഥോത്ക്കർഷം, അർത്ഥാപകർഷം എന്നിവയാണവ (1972:49). അർത്ഥവ്യാപകത്വവും അർത്ഥവിസ്താരവും യഥാർത്ഥത്തിൽ ഒന്നുതന്നെയാണ്. ബി.സി. ബാലകൃഷ്ണൻ അർത്ഥപരിവർത്തനരീതികൾ പത്തുതരത്തിലുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. അർത്ഥവ്യാപ്തി, അർത്ഥപരിമിതി, സമീപാർത്ഥബന്ധം, അർത്ഥസാദൃശ്യം, ധ്രുവീകരണം, വിവേചകധർമ്മലോപം, ആലങ്കാരികപ്രയോഗം, ശിഷ്ടോക്തി, അധഃകരണം, അർത്ഥോന്നമനം എന്നിവയാണവ. ഇവയെ അദ്ദേഹം വിശദമാക്കിയിട്ടില്ല. എന്നാൽ 'ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ' എന്ന ഗ്രന്ഥത്തിൽ വ്യാപ്തി, സങ്കോചം, ഉന്നതി, അപകർഷം, അർത്ഥസാമിപ്യം, അതിശയോക്തി, ന്യൂനോക്തി, വിലക്ക്, വിരുദ്ധോക്തി എന്നിങ്ങനെ ഒൻപതുതരത്തിൽ അർത്ഥപരിണാമം സംഭവിക്കാമെന്ന് പ്രബോധചന്ദ്രൻനായർ പ്രസ്താവിക്കുന്നു (2009:154). അതിശയോക്തി, വിലക്ക്, വിരുദ്ധോക്തി, ന്യൂനോക്തി എന്നിവ യഥാർത്ഥത്തിൽ അർത്ഥപരിണാമം സംഭവിക്കുന്നതിനുള്ള കാരണങ്ങളാണ്.

**1.3.1.5.2.1. അർത്ഥവ്യാപകത്വം/അർത്ഥവ്യാപ്തി**

എണ്ണ എന്ന പദത്തിന് ആദ്യകാലത്ത് *എള്ള് ആട്ടിയെടുക്കുന്ന ദ്രവം* എന്നു മാത്രമായിരുന്നു അർത്ഥം. (എൾ+ നെയ് = എൺനെയ് > എണ്ണെ > എണ്ണ) പിൽക്കാലത്ത് വെളിച്ചെണ്ണ, കടുകെണ്ണ എന്നീ പ്രയോഗങ്ങൾ നടപ്പിലായപ്പോൾ ഏതുതരം ദ്രവവും എണ്ണയായി. എള്ളിൽനിന്ന് എടുക്കുന്ന എണ്ണ എള്ളെണ്ണ എന്ന പേരിലും അറിയപ്പെട്ടു തുടങ്ങി. തൈലവും ഇതുപോലെ തിലത്തിന്റെ സത്തുമാത്രമായിരുന്നു. (എള്ളിന്റെ സത്ത്). ധാന്വന്തരതൈലം, പിണ്ഡതൈലം തുടങ്ങി

നിരവധി തൈലങ്ങൾ ഉണ്ടായപ്പോൾ തൈലത്തിന്റെ അർത്ഥത്തിന് വ്യാപ്തി വന്നു. ഒരു നിയതമായ അർത്ഥത്തെ സൂചിപ്പിച്ചിരുന്ന പദം അതിനോട് ബന്ധപ്പെട്ട മറ്റ് ആശയങ്ങളെക്കൂടി സൂചിപ്പിക്കത്തക്കവിധം അർത്ഥവ്യാപ്തിയുള്ള പദമായി മാറുകയാണിവിടെ. കാശ്, ചക്രം, പണം എന്നീ നാണയങ്ങൾ പിന്നീട് സമ്പത്ത് എന്ന അർത്ഥത്തിൽ വ്യാപ്തമായി. ഇന്ന് പണത്തെ *രൂപ, സമ്പത്ത്* എന്നീ അർത്ഥത്തിൽ പ്രയോഗിക്കുന്നു. ചെമ്പ് ആദ്യകാലത്ത് ലോഹത്തിന്റെ പേരായിരുന്നു. പിന്നീട് ചെമ്പുകൊണ്ടുണ്ടാക്കിയ വലിയ പാത്രങ്ങൾക്ക് ചെമ്പ് എന്ന പേര് വന്നു. ക്രമേണ ചെമ്പുപാത്രങ്ങൾക്ക് പകരം അലൂമിനിയം കൊണ്ടുള്ള പാത്രങ്ങളായപ്പോഴും വലിയപാത്രങ്ങളെ ചെമ്പ് എന്നുതന്നെ പറയുന്നു. വട്ടച്ചെമ്പ് എന്ന പ്രയോഗത്തിൽ ഇന്ന് ചെമ്പെന്ന ലോഹമേയില്ല.

ചിലയിടത്ത് അർത്ഥത്തിന്റെ ഗുണപ്രധാനമായ ഭാവം വിവക്ഷിതമായിരിക്കുകയില്ല. ശബ്ദത്തിന്റെ ഒരർത്ഥം വിക്ഷിതമാവുകയും ആ വിവക്ഷിതാർത്ഥം പിന്നീട് വികസിക്കുകയും ചെയ്യുന്നു. പ്രകൃഷ്ടോവീണായാം ആണ് 'പ്രവീണ'. വീണ വായിക്കുന്നതിൽ സമർത്ഥയാണ് 'പ്രവീണ'. എന്നാൽ ഈ ശബ്ദം അതിന്റെ സങ്കുചിത അർത്ഥമായ വീണവായന എന്ന വിശേഷത ഉപേക്ഷിച്ച് ഏത് കൃത്യത്തിലും സമർത്ഥയായ/സമർത്ഥനായ ആളെ കുറിക്കാൻ ഉപയോഗിച്ചു. പ്രവീണൻ, കുശലൻ എന്നീ പദങ്ങൾ *സമർത്ഥൻ* എന്നായത് അർത്ഥവിസ്താരം കൊണ്ടാണ്. 'കുശല'ശബ്ദത്തിന്റെ അർത്ഥം *ദർഭ ഛേദിക്കുന്നതിനുള്ള യോഗ്യത* എന്നായിത്തീർന്നതും ഇതേ രീതിയിലാണ്.

ഒരു തരത്തിൽ സാമാന്യവത്ക്കരണമാണ് അർത്ഥവ്യാപ്തി. അർത്ഥവ്യാപ്തി തന്നെയാണ് അർത്ഥവിസ്താരം, അർത്ഥവികാസം, അർത്ഥവിപുലനം എന്നിങ്ങനെ അറിയപ്പെടുന്നതെങ്കിലും വേദബന്ധു അർത്ഥവ്യാപ്തിയേയും അർത്ഥവിസ്താരത്തേയും വേറെവേറെ പരിഗണിച്ചിട്ടുണ്ട്.

#### 1.3.1.5.2.2. അർത്ഥസങ്കോചം

അർത്ഥവികാസത്തേക്കാൾ സാധാരണമായി കാണപ്പെടുന്നത് അർത്ഥ സങ്കോചമാണ്. മിന്നുന്ന ഏത് വസ്തുവിനെയും കുറിക്കാൻ ആദ്യം ഉപയോഗിച്ചി രുന്ന 'മീൻ' എന്ന പദം മത്സ്യത്തിന്റെ പര്യായമായി മാറിയപ്പോൾ അതിന്റെ അർത്ഥമണ്ഡലത്തിന് സങ്കോചം സംഭവിച്ചു. അർത്ഥസങ്കോചമുണ്ടാകുവാനുള്ള കാരണം വേദബന്ധു സമർത്ഥിക്കുന്നുണ്ട്. ''ഒരു ശബ്ദം അതിന്റെ അർത്ഥത്തിന്റെ വിഷയത്തിൽ പ്രവൃത്തി നിമിത്തമായി ക്രിയയെയാണ് ആശ്രയിക്കേണ്ടതെങ്കിൽ വ്യവഹാരം സുഖകരമാകില്ല. അതുകൊണ്ട് വ്യാപകവും നാനാരൂപവുമായ അർത്ഥത്തിൽനിന്ന് ശബ്ദം താഴോട്ട് വന്ന്, ലോകവ്യവഹാരമാകുന്ന ഇടുങ്ങിയ കുഴലിലൂടെ കടന്ന് ഏതെങ്കിലും ഒരു അർത്ഥത്തിൽ ഉറയ്ക്കുന്നു. ലോകം മറ്റ് അർത്ഥങ്ങൾ മറയ്ക്കുന്നില്ലെങ്കിലും വ്യവഹാരത്തിൽ പ്രയോഗിക്കുവാൻ കഷ്ടത അനുഭവിക്ക നിമിത്തം അവയെ പുറകോട്ടു തള്ളിക്കളയുന്നു'' (വേദബന്ധു, 1972: 51). അർത്ഥത്തിന്റെ മൂലസ്വരൂപം എന്തുതന്നെയായാലും മനുഷ്യർ സൗക ര്യാർത്ഥം അർത്ഥത്തിന്റെ വ്യാപ്തി കുറച്ച് ഏതെങ്കിലും ഒരു പദാർത്ഥത്തിൽ ഉറ പ്പിക്കുന്നു.

ജലം, അംബുജം, മലയജം തുടങ്ങി നിരവധി പദങ്ങൾ അർത്ഥസങ്കോച ത്തിനുദാഹരണമാണ്. ജലത്തിൽ ജനിച്ചതിൽ ഏറ്റവും ശ്രദ്ധേയമായതും ആരു ടേയും മനസ്സിൽ ആകർഷണം തോന്നിക്കുന്നതിനാലുമാവാം ജലജം, അംബുജം എന്നിവയുടെ അർത്ഥം *താമര*യെന്ന് രൂഢിയായത്. മലയജം ചന്ദനമായതിനു കാരണവും ഇതുതന്നെ. ഇങ്ങനെ വ്യാപകമായ അർത്ഥത്തിൽനിന്ന് ശബ്ദം ഏതെങ്കിലും ഒരർത്ഥത്തിൽ മാത്രം ഉറയ്ക്കുന്നതാണ് അർത്ഥസങ്കോചം. കവി ശബ്ദത്തെ *ക്രാന്തദർശി* എന്ന അർത്ഥത്തിൽ വൈദികർ പ്രയോഗിച്ചുവന്നു എന്ന് 'യജുർവേദ'ത്തിൽ സൂചനയുള്ളതായി (യജുർവേദം 40.8) വേദബന്ധു ചൂണ്ടിക്കാ ണിക്കുന്നു (1972: 59). 'മഹാഭാഷ്യ'ത്തിലും ആ അർത്ഥം പ്രസിദ്ധമാണ്. എന്നാൽ *ലോകത്തിൽ കാവ്യം ചമയ്ക്കുന്നവനെന്ന* അർത്ഥത്തിൽ ആ ശബ്ദം ഉറച്ചു.

മൃഗശബ്ദവും വേദത്തിൽ എല്ലാ മൃഗങ്ങളെയും സൂചിപ്പിച്ചിരുന്നു. 'വാത്മീകീരാമായണ'ത്തിൽ മൃഗം സിംഹമാണ്. സംസ്കൃതത്തിൽ മൃഗം *മാൻ* എന്ന അർത്ഥത്തിൽ പ്രയോഗത്തിലുണ്ട്. മലയാളത്തിൽ മാനിനെ മാത്രമല്ല അതേ ഗണത്തിൽപ്പെടുന്ന മറ്റുജീവികളെയും മൃഗമെന്ന് വ്യവഹരിച്ചു. ഒരു ശബ്ദം വിശേഷമായ അർത്ഥത്തിൽ വ്യവഹാരത്തിനുവേണ്ടി നിയന്ത്രിക്കപ്പെടുമ്പോൾ ആ അർത്ഥബോധം മാത്രമുണ്ടാകുന്നു.

**1.3.1.5.2.3. അർത്ഥാദേശം**

ഒരു ശബ്ദത്തിന്റെ പ്രധാനപ്പെട്ട അർത്ഥം മാറി, പകരം മറ്റൊരർത്ഥം വരുന്നതാണ് അർത്ഥാദേശം. വിവരത്തിന് *ജ്ഞാനം, ദ്വാരം* എന്നീ രണ്ടർത്ഥങ്ങൾ ശബ്ദതാരാവലി നൽകുന്നുണ്ട്. സമകാലികപ്രയോഗത്തിൽ വിവരത്തിന് *ജ്ഞാനം* എന്ന അർത്ഥമേ കാണുന്നുള്ളൂ. ഉദാഹരണത്തിന് 'മൂക്കിന് വിവരമുണ്ട്' എന്ന് പ്രയോഗിക്കാറില്ല.

'ഭയങ്കരം' ഭയപ്പെടുത്തുന്നതിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദമായിരുന്നെങ്കിൽ ഇന്ന് *ഗംഭീരം* എന്ന അർത്ഥമാണുള്ളത്. 'ഭയങ്കരകല്യാണം', 'ഭയങ്കരവേദന', 'ഭയങ്കരസംഭവം' തുടങ്ങിയ പ്രയോഗങ്ങളിൽ *ഗംഭീരം, വലിയ* എന്നൊക്കെയാണർത്ഥം.

സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് കടന്നുവന്നിട്ടുള്ള മിക്കപദങ്ങളുടെയും മൂലാർത്ഥം നഷ്ടപ്പെട്ട് പുതിയ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. സംസ്കൃതത്തിൽ ഉപന്യാസത്തിന് *കൽപ്പിതകഥ* എന്നാണർത്ഥമെങ്കിൽ മലയാളത്തിൽ *നിബന്ധം* എന്ന അർത്ഥമാണ്. ഇത്തരത്തിലുള്ള നിരവധി വാക്കുകൾ ഭാഷയിലുണ്ട്. അവയെ തുടർന്നുള്ള അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിക്കുമെന്നതിനാൽ ചുരുക്കുന്നു.

#### 1.3.1.5.2.4. അർത്ഥോന്നതി/അർത്ഥോൽക്കർഷം

സാമാന്യമായ ആശയത്തെക്കുറിച്ചിരുന്ന പദം കൂടുതൽ ഉയർന്ന നിലയിലുള്ള ആശയത്തെക്കുറിക്കാൻ ഉപയോഗിക്കുന്നതാണ് അർത്ഥോന്നതി. ഭടൻ എന്ന പദത്തിന് അർത്ഥോന്നതിയാണ് സംഭവിച്ചതെന്ന് വി.ആർ. പ്രബോധചന്ദ്രൻനായർ 'ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ' എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നുണ്ട് (2009: 160). കുഞ്ചൻ നമ്പ്യാരുടെ

> ''ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
> വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതംവരൂ''

എന്ന വരികളിൽ ഭടൻ എന്നതിന് *കൂലിപ്പണിക്കാരൻ, നിരക്ഷരനായ സാധാരണക്കാരൻ* എന്നെല്ലാമാണ് അർത്ഥമെന്നും പിന്നീട് *ജീവൻപോലും രാജ്യത്തിന് ഉഴിഞ്ഞുവെച്ച ദേശാഭിമാനി* എന്ന നിലയിൽ അർത്ഥത്തിന് ഉന്നതി കൈവന്നെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. മറ്റുദാഹരണങ്ങളും നൽകുന്നുണ്ട്. ചെറുക്കൻ, പയ്യൻ എന്നീ പദങ്ങൾ *വരൻ* എന്ന അർത്ഥത്തിലും കള്ളൻ, കഴുവേറി എന്നിവ വാത്സല്യസൂചകമായും പ്രയോഗിച്ചത് അർത്ഥോന്നതിതന്നെ. പ്രാകൃതപദമായ 'കോട്ഠാര'ത്തിന്റെ ആദ്യ അർത്ഥം *ധാന്യപ്പുര*യായിരുന്നെങ്കിൽ പിന്നീട് *രാജഗൃഹം* എന്ന അർത്ഥത്തിലായി പ്രയോഗം. *ചാരം* എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന ഭസ്മത്തിന് *വിഭൂതി* എന്ന അർത്ഥം കൈവന്നതും അർത്ഥോന്നതിക്കുദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സാഹസം എന്ന പദം അർത്ഥോൽക്കർഷത്തിനുദാഹരണമാണെന്ന് വേദബന്ധു അഭിപ്രായപ്പെടുന്നു (1972: 61). ''സാഹസത്തിന്റെ പ്രാചീനമായ അർത്ഥം വേദത്തിൽ കാണുന്നത് *ബലം* എന്നാണ്. അതിനാലാവാം സത്സാഹസം എന്നു വ്യവഹരിക്കാനിടയായത്. 'മനുഷ്യമാരണം, സ്തേയം, പരദാരാഭിമർഷണം, പാരുഷ്യം, അനൃതംചൈവസാഹസം പഞ്ചധാസ്മൃതം' എന്നാണ് പഴയ കോശകാരന്മാരുടെ വ്യാഖ്യാനം. ഇതെല്ലാം സ്വയമേവ അപകർഷാർത്ഥമാണ്. എന്നാൽ 'സാഹസം നിമിത്തം പ്രസാദിച്ചു' എന്നി

ടത്ത് സാഹസം സ്ഥിരവ്രതത്തിന്റെയും ‘കാണേണമെന്നുള്ള സാഹസമുണ്ടെങ്കിൽ’ എന്ന ‘കൃഷ്ണഗാഥാ’പ്രയോഗത്തിൽ ഉറച്ച ശ്രദ്ധയുടെയും പര്യായമാണ്. ഇവിടെ അപകർഷമായ ശബ്ദം ഉൽക്കർഷമായി മാറുന്നു.

**1.3.1.5.2.5. അർത്ഥാധഃകരണം/അർത്ഥാപകർഷം**

ഒരു പദത്തിന്റെ അർത്ഥം താണനിലയിലുള്ള ആശയത്തെയോ അർത്ഥത്തെയോ കുറിക്കുന്നതാണ് അർത്ഥാധഃകരണം. ഇതിനെ അർത്ഥാപചയം, അർത്ഥാപകർഷം, എന്നെല്ലാം പറയാറുണ്ട്. അർത്ഥോന്നതിയുടെ വിപരീതദിശയിലുള്ള പ്രക്രിയയാണ് അർത്ഥാപകർഷം. മതം, സംസ്കാരം, ആചാരം എന്നിവയുടെ പ്രഭാവമാണ് അർത്ഥാപകർഷത്തിന് കാരണമെന്ന് വേദബന്ധു അഭിപ്രായപ്പെടുന്നുണ്ട്.

മാളിക എന്ന അർത്ഥത്തിൽ പ്രാചീനമലയാളത്തിൽ ഉപയോഗിച്ചിരുന്ന മാടം എന്ന പദത്തിന് *ചെറ്റക്കുടിൽ* എന്ന അർത്ഥമായത് അർത്ഥാപകർഷത്തിനുദാഹരണമാണ്. ‘പൂജ്യം’ എന്നതിന്റെ അർത്ഥം *ബഹുമാന്യം* എന്നതിൽനിന്നു മാറി ശൂന്യം എന്നായതും ‘പുച്ഛം’ *വാൽ* എന്ന അർത്ഥത്തിൽനിന്നും മാറി *നിന്ദ* എന്നായതും അർത്ഥാപകർഷത്തിന്റെ മറ്റുദാഹരണങ്ങളാണ് എന്നും വേദബന്ധു അഭിപ്രായപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ അർത്ഥാദേശമാണ് മാടം, പുച്ഛം എന്നീ പദങ്ങൾക്ക് സംഭവിച്ചത്. *മാളിക* എന്നത് ഉൽക്കർഷാർത്ഥവും *കുടിൽ* എന്നത് അപകർഷാർത്ഥവുമാണെന്ന് പറയുന്നതിന് പരിമിതിയുണ്ട്. പൂജ്യം എന്ന പദത്തിന് അർത്ഥവികാസമാണ് സംഭവിച്ചത്. ‘പൂജ്യനായ വ്യക്തി’ എന്നിടത്ത് *ബഹുമാന്യൻ* എന്ന അർത്ഥം തന്നെയാണ് നിലനിൽക്കുന്നത്. *ശൂന്യം* എന്ന അർത്ഥത്തിലും പ്രസക്തിയുള്ളതിനാൽ അർത്ഥവികാസം തന്നെയാണിത്.

**1.3.1.5.2.6. അർത്ഥസാമീപ്യം**

ചില പദങ്ങൾ അവയുമായി ബന്ധമുള്ളതോ സാമീപ്യമുള്ളതോ ആയ ആശയത്തെ കുറിക്കാൻവേണ്ടി ഉപയോഗിക്കുന്നതാണ് അർത്ഥസാമീപ്യം. ഒരംശം

മാത്രം പറഞ്ഞുകൊണ്ട് പൂർണമായ ആശയത്തെ മനസ്സിലാക്കുന്ന രീതി, അല്ലെ ങ്കിൽ അതേ അർത്ഥത്തിലോ, ഉദ്ദേശ്യത്തിലോ ഉള്ള മറ്റൊരു പദം കൊണ്ട് അർത്ഥം മനസ്സിലാക്കൽ എന്നിവയെല്ലാം അർത്ഥസാമീപ്യത്തിൽപെടുന്നു. 'ചൊട്ട മുതൽ ചുടലവരെ' എന്ന ചൊല്ലിൽ ജനനത്തെയും മരണത്തെയുമാണ് ചൊട്ട, ചുടല എന്നീപദങ്ങളെക്കൊണ്ടുദ്ദേശിച്ചത്. 'ടോൾസ്റ്റോയിയെ പഠിക്കുന്നു', 'വള്ള ത്തോളിനെ പഠിക്കുന്നു' എന്നെല്ലാം പറയുമ്പോൾ ടോൾസ്റ്റോയിയുടെയും വള്ള ത്തോളിന്റെയും കൃതികളെ പഠിക്കുന്നു എന്നാണ് വിവക്ഷ. പഴഞ്ചൊല്ലുകളിലും ശൈലികളിലുമാണ് അർത്ഥസാമീപ്യം കൂടുതലായും കണ്ടുവരുന്നത്. അർത്ഥസാമീപ്യത്തെ പലപ്പോഴും അർത്ഥപരിണാമത്തിന്റെ പരിധിയിൽപ്പെടു ത്താൻ സാധ്യമാവില്ല.

**1.3.1.5.2.7. അർത്ഥാതിശയം**

സാമാന്യവ്യവഹാരത്തിലിരിക്കുന്ന പദം കൂടുതൽ ശക്തമായ ആശയത്തെ ഉൾക്കൊള്ളാനാവുംവിധം കരുത്താർജിക്കുന്നതാണ് അർത്ഥാതിശയത്തിൽ സംഭ വിക്കുന്നത്. അർത്ഥാതിശയത്തിൽ പുതുതായുണ്ടാകുന്ന അർത്ഥത്തിനോ ആശയ ത്തിനോ പഴയ അർത്ഥവുമായി തീരെ ബന്ധമില്ലാതെയും വരാം. വാമൊഴിയിൽ അർത്ഥപരിണാമം സംഭവിച്ച ധാരാളം പദങ്ങളുണ്ട്. ഇവയെ അർത്ഥാതിശയ ത്തിന്റെ പരിധിയിൽപ്പെടുത്താം. കാച്ചുക (*കൊല്ലുക* എന്ന അർത്ഥത്തിൽ), കണ്ണു കടി (*അസൂയ*), വാരുക (*കളിയാക്കുക*), വീഴുക, വളയുക (*കീഴ്പ്പെടുക*) തുടങ്ങി യവ ഉദാഹരണം.

അർത്ഥപരിണാമം സംഭവിക്കുന്ന രീതികളെയാണ് മേൽവിവരിച്ചത്. അർത്ഥാപകർഷവും അർത്ഥോൽക്കർഷവും മാനസികമായ ചിന്തയുടെ ഭാഗമാ യാണ് വരുന്നത്. ചില പദങ്ങൾ തെറിവാക്കുകളായി പരിഗണിക്കപ്പെടുന്നത് അർത്ഥാപകൃഷ്ടത്തിനുദാഹരണമാണ്. അർത്ഥാതിശയമെന്നത് സൂക്ഷ്മപരിശോ ധനയിൽ അർത്ഥാദേശം തന്നെയാണ്. അർത്ഥസങ്കോചം, അർത്ഥവികാസം,

അർത്ഥാദേശം, അർത്ഥാപകൃഷ്ടം, അർത്ഥോൽക്കർഷം എന്നീ അഞ്ചുവർഗ്ഗീകരണങ്ങളിൽ ഉൾപ്പെടുത്തിയാണ് ഈ പ്രബന്ധത്തിൽ പദങ്ങളെ വിശകലനം ചെയ്യുന്നത്.

മലയാളത്തിൽ പ്രയോഗത്തിലുള്ള വലിയൊരളവ് പദങ്ങൾക്കും പരിണാമം സംഭവിച്ചിട്ടുണ്ട്. അത്തരം പദങ്ങളെ വിശദീകരിക്കാനാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ ശ്രമിക്കുന്നത്. എന്നാൽ മലയാളത്തിൽ നിലവിൽ പ്രയോഗത്തിലുള്ള പദങ്ങളിൽ ഭൂരിഭാഗവും അന്യഭാഷാപദങ്ങളാണ്. അതുകൊണ്ടുതന്നെ ആദാനപദങ്ങളെക്കുറിച്ച് പറയാതെ അർത്ഥപരിണാമത്തെക്കുറിച്ചുള്ള ചർച്ച പൂർത്തിയാവില്ല. മലയാളത്തിലെ അക്ഷരമാല മുതൽ സാഹിത്യപ്രസ്ഥാനങ്ങൾ വരെ - ആട്ടക്കഥ, ചമ്പു, മഹാകാവ്യം, മണിപ്രവാളം, സന്ദേശകാവ്യം മുതലായവ - സംസ്കൃതത്തിന്റെ സ്വാധീനഫലമായിട്ടാണ് ഉണ്ടായിട്ടുള്ളത്. മലയാളത്തിന്റെ വ്യാകരണഘടനയെപ്പോലും മാറ്റിമറിച്ചത് സംസ്കൃതവുമായുള്ള ബന്ധമാണ്. അതുകൊണ്ടുതന്നെ മലയാളത്തിലേക്ക് കടന്നുവന്ന ആദാനപദങ്ങളിൽ സംസ്കൃതത്തിൽനിന്നും കടന്നുവന്നിട്ടുള്ളവയിൽ അർത്ഥപരിണാമം സംഭവിച്ചവയെ മാത്രമാണ് രണ്ടാമദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നത്.

## അദ്ധ്യായം 2

# ആദാനപദങ്ങളിലെ അർത്ഥപരിണാമം

വസ്തുക്കളെയും വസ്തുതകളെയും കുറിച്ചുള്ള മനുഷ്യന്റെ അറിവ് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഈ അറിവ് ആവിഷ്ക്കരിക്കുന്നതിന് പുതിയ പദങ്ങളും ആവശ്യമായിവരുന്നു. ഏത് ജീവത്ഭാഷയിലെയും പദസഞ്ജയം അനുക്രമമായി വികസിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണവും ഇതാണ്. പദങ്ങളെ ആദാനം ചെയ്യുന്നതിന്റെ കാരണവും ഇതുതന്നെ. ഒരു പ്രത്യേക സാഹചര്യത്തിൽ ഒരാൾക്ക് തന്റെ പ്രാഥമികഭാഷയിൽ ഒരു പ്രത്യേക അർത്ഥത്തെ വ്യവഹരിക്കുവാൻ പര്യാപ്തമായ പദങ്ങൾ ഇല്ലെന്നു തോന്നുകയും ദ്വിതീയഭാഷയിൽ അത് ഉള്ളതായി മനസ്സിലാക്കുകയും ചെയ്യുമ്പോൾ തന്റെ വ്യവഹാരത്തിന് അയാൾ അവയെ സ്വീകരിക്കുന്നു. ഇങ്ങനെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്കോ, ഒരു ഉപഭാഷയിൽനിന്ന് മറ്റൊരു ഉപഭാഷയിലേക്കോ ഒരു വ്യക്തിഭാഷയിൽനിന്ന് മറ്റൊരു വ്യക്തിഭാഷയിലേക്കോ ചില ഭാഷാമൂലകങ്ങൾ സ്വീകരിക്കുന്നതിനാണ് ആദാനം എന്ന് പറയുന്നതെന്ന് 'മലയാളത്തിലെ പരകീയ പദങ്ങൾ' എന്ന കൃതിയിൽ ഡോ.പി.എം.ജോസഫ് നിർവ്വചിക്കുന്നുണ്ട് (1984:17).

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം പദതലത്തിൽ മറ്റു ഭാഷകളുടെ നുഴഞ്ഞുകയറ്റം/കലർപ്പ് വളരെ കൂടുതലാണ്. സമ്പർക്കത്തിലായ മിക്ക ഭാഷകളിൽനിന്നും മലയാളത്തിലേക്ക് പദങ്ങൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, അറബി, പേർഷ്യൻ തുടങ്ങി പല ഭാഷകളിലെയും പദങ്ങളെ നാം ഇന്ന് പ്രയോഗിക്കുന്നുണ്ട്. അന്യഭാഷാപദങ്ങൾ ആദാനം ചെയ്യപ്പെടുന്നത് പലമാർഗ്ഗങ്ങളിലൂടെയാണ്. കടംകൊള്ളൽ, പ്രത്യയയോഗം, പുതുപദനിർമ്മിതി തുടങ്ങിയവ അവയിൽ പ്രധാനമാണ്. ഏത് ഭാഷയിലും പദതലത്തിലാണ് കൂടുതൽ അയവുള്ളത് എന്നതിനാൽത്തന്നെ പദാദാനമാണ് കൂടുതലായും

സംഭവിക്കുന്നത്. മലയാളത്തിലെ ഭൂരിഭാഗം വരുന്ന പദങ്ങളും സംസ്കൃതത്തിൽനിന്ന് സ്വീകരിക്കപ്പെട്ടവയാണ്. രൂപം മാറ്റിയവ, ലിംഗഭേദംവരുത്തിയവ, അന്ത്യത്തിൽ പ്രത്യയഭേദം വരുത്തിയവ, ഭാഷാപ്രത്യയം ചേർത്തവ, സന്ധിഭേദത്തോടെ സ്വീകരിച്ചവ, യാതൊരു രൂപഭേദവും കൂടാതെ സ്വീകരിച്ചവ എന്നിങ്ങനെ ഭാഷയിലെ സംസ്കൃതപദങ്ങളെ സാമാന്യമായി തരംതിരിക്കാം. സ്വീകരിക്കപ്പെടുന്ന ഭാഷയിലെ സ്വനഘടനയ്ക്ക് മാറ്റംവരാത്ത രീതിയിലുള്ള പദങ്ങളാണ് തത്സമങ്ങൾ. സ്വനഘടനയ്ക്ക് മാറ്റം വന്ന രീതിയിൽ സ്വീകരിക്കപ്പെട്ട പദങ്ങളാണ് തത്ഭവങ്ങൾ.

മലയാളത്തിലെ പരകീയപദങ്ങളെക്കുറിച്ച് ആദ്യമായി പരാമർശിച്ചത് ഡോ. ഹെർമ്മൻ ഗുണ്ടർട്ടാണ്. അദ്ദേഹത്തിന്റെ 'മലയാളം - ഇംഗ്ലീഷ് നിഘണ്ടു'വിൽ (1872) പരകീയപദങ്ങളെ മാതൃകകൾ സഹിതം എടുത്ത് പറഞ്ഞിട്ടുണ്ട്. സംസ്കൃതം, ഹിന്ദി, മറാഠി, സുറിയാനി, അറബിക്, പോർത്തുഗീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്നും ആദാനം ചെയ്യപ്പെട്ടിട്ടുള്ള പദങ്ങളെയും ഗുണ്ടർട്ട് എടുത്തുകാണിക്കുന്നുണ്ട്. എന്നാൽ പ്രാകൃതപദങ്ങളെ സംസ്കൃതപദങ്ങളുടെ അപഭ്രംശമായാണ് ഗുണ്ടർട്ട് എടുത്ത് കാണിച്ചിട്ടുള്ളത്. മലയാളത്തിലെ ആര്യഭാഷാപദങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയത് ഡോ. ഗോദവർമ്മയാണ്. സംസ്കൃതം, പ്രാകൃതം, നവീനഭാരതീയാര്യഭാഷകളായ ഹിന്ദി, മറാഠി എന്നിവയിൽനിന്നും മലയാളത്തിലേക്ക് ആദാനം ചെയ്യപ്പെട്ട പദങ്ങളെയാണ് 'ഇൻഡോ-ആര്യൻ ലോൺ വേർഡ്സ് ഇൻ മലയാളം' എന്ന ഗവേഷണപ്രബന്ധത്തിൽ ഗോദവർമ്മ പഠനവിധേയമാക്കിയിട്ടുള്ളത്. കുഞ്ചുണ്ണിരാജയുടെ 'ഭാഷാഗവേഷണം' എന്ന കൃതിയിലും ആഗതപദങ്ങളുടെ അർത്ഥമാറ്റത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

മുഖ്യമായും വൈദികബ്രാഹ്മണരാണ് കേരളീയരുടെ സംസ്കൃതസമ്പർക്കത്തിന് വഴിതെളിയിച്ചതെന്ന് 'മലയാളത്തിലെ പരകീയപദങ്ങൾ' എന്ന കൃതിയിൽ പി.എം.ജോസഫ് സൂചിപ്പിക്കുന്നുണ്ട് (1984: 221). ജ്യോതിശാസ്ത്രം, തച്ചുശാ

സ്ത്രം, തർക്കം, വേദാന്തം, വൈദ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അവർ രചിച്ച കൃതികളും അവയിലെ ആര്യഭാഷാപദങ്ങളും മലയാളത്തിലേക്ക് ആദാനം ചെയ്യപ്പെട്ടു. സംസ്കൃതവിഭക്ത്യന്തങ്ങളായ ശബ്ദങ്ങൾ ആദ്യകാലകൃതികളിൽ കാണാമെങ്കിലും പിന്നീട് പദങ്ങൾ മാത്രം ഉപയോഗിക്കപ്പെട്ടുതുടങ്ങി. സംസ്കൃതവുമായുള്ള സജീവസമ്പർക്കം അതിഖരമൃദൂഷ്മാക്കളുടെ ഉച്ചാരണം ശരിക്കുമനസിലാക്കാനും അവയ്ക്ക് ഭാഷയിൽ സ്ഥാനം ലഭിക്കാനും കാരണമായി. ഭാഷയിലെ സംസ്കൃതസ്വാധീനം ഇത്രയധികം വർദ്ധിക്കുവാൻ കാരണം സംസ്കൃതത്തിലുള്ള ഇതിഹാസകാവ്യങ്ങൾ ഭാഷയിലേക്ക് കടന്നുവന്നതുകൊണ്ടാണെന്ന് 'കണ്ണശ്ശനും മലയാളസാഹിത്യവും' എന്ന ലേഖനത്തിൽ പുതുശ്ശേരി രാമചന്ദ്രൻ അഭിപ്രായപ്പെടുന്നുണ്ട് (ഗോപാലകൃഷ്ണൻ നടുവട്ടം, എഡി. 2015: 274). പത്താംശതകത്തിനുശേഷമുള്ള കേരളീയജീവിതശൈലിയിൽ ഹിന്ദുമതത്തിനും കലകൾക്കും വിദ്യാഭ്യാസസമ്പ്രദായത്തിനും ജീവിതവീക്ഷണത്തിനുമെല്ലാം മേൽക്കൈ ലഭിച്ചത് സംസ്കൃതസ്വാധീനത്തിന്റെ ഫലമാണെന്ന് നടുവട്ടം ഗോപാലകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. പദ്യസാഹിത്യത്തിൽ ഭാഷാസംസ്കൃതയോഗമായ മണിപ്രവാളം അരങ്ങേറിയതും പുരാണകഥാസ്വാധീനവുമെല്ലാം പൊതുജനങ്ങളുടെ വിദ്യാഭ്യാസത്തിൽ സംസ്കൃതഭാഷയ്ക്കും സാഹിത്യത്തിനും മലയാളഭാഷയിൽ തമിഴിനേക്കാൾ പ്രാധാന്യം ലഭിക്കാൻ കാരണമായി എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു (2015:148).

ഇന്ന് ഭാഷയിൽ ഉപയോഗിക്കപ്പെടുന്ന സംസ്കൃതപദങ്ങളെയും ഭാഷാപദങ്ങളെയും വേർതിരിച്ചറിയാൻ കഴിയാത്തവിധമായിത്തീർന്നിട്ടുണ്ട്. തത്സമമായി സ്വീകരിക്കപ്പെട്ട പദങ്ങൾക്കുതന്നെ സംസ്കൃതത്തിൽ നിരവധി അർത്ഥങ്ങൾ ഉണ്ടായിരിക്കുകയും അവയിൽനിന്ന് ഒർത്ഥത്തിൽ മാത്രം മുഖ്യമായി സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സ്വീകരിക്കപ്പെട്ട ആ അർത്ഥത്തിൽ മാത്രം മലയാളത്തിൽ ആ പദം രൂഢിയായിത്തീരുകയും ചെയ്തു. ഉദാഹരണമായി 'ആസ്പദം' എന്ന പദത്തിന് മലയാളത്തിലുള്ള അർത്ഥം *ആധാരം/ആശ്രയം* എന്നൊക്കെയാ

ണ്. എന്നാൽ ആസ്പദത്തിന്റെ പല അർത്ഥങ്ങളിൽ ഒന്നു മാത്രമാണത്. *സ്ഥലം, രംഗം, ഇരിപ്പിടം, മുറി, വാസസ്ഥലം, പദവി* തുടങ്ങി നിരവധി അർത്ഥങ്ങൾ ആ പദത്തിന് സംസ്കൃതത്തിലുണ്ട്.

അതുപോലെ നിരവധി സംസ്കൃതപദങ്ങൾ അർത്ഥമാറ്റങ്ങളോടെയും മല യാളത്തിൽ പ്രയോഗത്തിലുണ്ട്. സംസ്കൃത-മലയാളനിഘണ്ടുവിനെ (ബാലകൃ ഷ്ണൻ, ലീലാദേവി, 1973) പ്രഥമാകാരമായി സ്വീകരിച്ചുകൊണ്ട് അർത്ഥമാറ്റ ത്തോടെ പ്രയോഗിക്കപ്പെടുന്ന സംസ്കൃതപദങ്ങൾക്ക് മലയാളനിഘണ്ടുക്കളിൽ നൽകിയ അർത്ഥവും അതോടൊപ്പം സമകാലികപരിസരത്തിൽ അവയുടെ ഉപ യോഗവും താരതമ്യപ്പെടുത്തിക്കൊണ്ടാണ് ഈ അദ്ധ്യായത്തിന്റെ രചന നടത്തിയി രിക്കുന്നത്.

## 2.1. അർത്ഥവികാസം സംഭവിച്ച പദങ്ങൾ

പദങ്ങൾക്ക് സംസ്കൃതത്തിൽ പ്രയോഗത്തിലുള്ള അർത്ഥങ്ങൾക്കുപുറമെ ഭാഷയിൽ പുതിയ അർത്ഥവുംകൂടി വന്നുചേർന്നിട്ടുണ്ട്. ഇത്തരം പദങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**അധര** - 1) *താഴെയുള്ള, കീഴ്പ്പോട്ട്ചാഞ്ഞ*
2) *ഹീനവാദിയായ, നിന്ദ്യമായ*
3) *കീഴ്ച്ചുണ്ട്, ദേഹത്തിന്റെ കീഴ്ഭാഗം*
4) *പ്രസംഗം, മറുപടി* (1973: 27).

സംസ്കൃതത്തിൽ അധരമെന്ന പദത്തിന് *കീഴ്ച്ചുണ്ട്, താഴെയുള്ള* എന്നൊ ക്കെയാണർത്ഥം. കീഴ്ച്ചുണ്ടിനെ അധരമെന്നും മേൽച്ചുണ്ടിനെ ഓഷ്ഠമെന്നും സംസ്കൃതത്തിൽ വേർതിരിച്ചു പറയുന്നുണ്ട്. എന്നാൽ നാം അവയെ വേർതിരിച്ച് കാണിക്കാറില്ല. കീഴ്ച്ചുണ്ടിനെയും മേൽച്ചുണ്ടിനെയും ഒരുമിച്ച് അധരം എന്ന് മല യാളത്തിൽ വ്യവഹരിക്കുന്നു. മലയാളനിഘണ്ടുക്കളിൽ അധരത്തിന്റെ സംസ്കൃ

താർത്ഥത്തെ സ്വീകരിച്ചിട്ടുണ്ടെങ്കിലും വ്യവഹാരത്തിൽ അധരം ചുണ്ടാണ്. താഴ്ത്തിക്കെട്ടുക എന്നതിന് അധരീകരിക്കുക എന്നും പ്രയോഗിക്കാറുണ്ട്. ശബ്ദ താരാവലിയിൽ അധരമെന്ന പദത്തിന്റെ നിരുക്തം നൽകിയിരിക്കുന്നത് *ധരിക്കാത്തത്* എന്നാണ്.

**അധികരിക്കുക**

അധികരണം എന്ന പദത്തിന് സംസ്കൃത-മലയാളനിഘണ്ടുവിൽ നൽകിയ അർത്ഥങ്ങൾ താഴെ കൊടുക്കുന്നു.

**അധികരണം** -1) *പാത്രം, ആധാരം, ആശ്രയം*

2) *വ്യാകരണത്തിലെ അധികരണകാരകം*

3) *നിയമം, അധികാരദാനം, രാജകീയാധാരം*

4) *ചേർച്ച, സംബന്ധം, സൂചന*

5) *വിഷയം, കാര്യം*

6) *നീതിന്യായകോടതി*

7) *അവകാശം*

8) *വ്യവഹാരം* (1973: 28)

അധികരിക്കുക എന്നാൽ *ഏതെങ്കിലും ഒന്നിനെക്കുറിക്കുക, അതിനെപ്പറ്റി* എന്നൊക്കെ അർത്ഥമുണ്ട്. *ആധാരം, ആസ്പദം* എന്നീ സംസ്കൃതാർത്ഥങ്ങളെ മലയാളത്തിലും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ *അധികമാകുക* എന്ന അർത്ഥത്തിൽ ഈ പദത്തെ ഭാഷയിൽ പ്രയോഗിക്കാറുണ്ട്. 'രോഗം അധികരിച്ചു', 'അധികരിച്ച ശമ്പളച്ചെലവ്' എന്നീ പ്രയോഗങ്ങൾ മലയാളത്തിൽ സർവ്വസാധാരണമാണ്. 'ഒരു വിഷയത്തെ അധികരിച്ച് സംസാരിക്കുക' എന്നിടത്ത് *ആശ്രയിച്ച്, ആധാരമാക്കി* എന്നീ അർത്ഥങ്ങളാണെങ്കിലും അധികമാകുക എന്ന പദത്തിന്റെ സാദൃശ്യം കൊണ്ട് ഈ പദത്തിനും *വർദ്ധിക്കുക* എന്ന അർത്ഥത്തിൽക്കൂടി മലയാളത്തിൽ പ്രയോഗമുണ്ട്. ഈ പ്രയോഗം തെറ്റാണെന്ന് നിഘണ്ടുക്കളിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**അന്തരീക്ഷം** - *ഭൂമിക്കും സ്വർഗത്തിനും ഇടയിലുള്ള പ്രദേശം, ആകാശം, വായുമണ്ഡലം, ജീവിതത്തെ മൂന്നാക്കി ഭാഗിച്ചാൽ മധ്യഭാഗം* (1973: 50)

അന്തരീക്ഷത്തിന് സംസ്കൃതാർത്ഥങ്ങൾക്ക് പുറമെ *ചുറ്റുപാട്, പരിസ്ഥിതി* എന്നീ അർത്ഥങ്ങളിലാണ് മലയാളത്തിൽ പ്രയോഗം. 'ആ വീട്ടിലെ അന്തരീക്ഷം അത്ര സുഖമുള്ളതല്ല' എന്ന് പ്രയോഗിക്കാറുണ്ട്. *ചുറ്റുപാട്/സാഹചര്യം* എന്ന അർത്ഥമാണ് ഇവിടെ വിവക്ഷിക്കുന്നത്. *വായുമണ്ഡലം* എന്ന അർത്ഥത്തിന്റെ വികാസമാണിത്.

**അന്തേവാസി** -1) *വിദ്യാഭ്യാസത്തിനു വേണ്ടി ഗുരുവിനോടൊത്ത് വസിക്കുന്നവൻ, ശിഷ്യൻ*

2) *ഗ്രാമത്തിന്റെ അന്തത്തിൽ വസിക്കുന്നവൻ, ചണ്ഡാളൻ* (1973:52).

അന്തേവാസി എന്ന പദത്തിന് സംസ്കൃതത്തിൽ *ഗുരുവിന്റെ സമീപത്ത് വസിക്കുന്നവൻ, ചണ്ഡാളൻ* തുടങ്ങിയ അർത്ഥങ്ങളുണ്ടായിരുന്നു. ഈ പദത്തിന് അർത്ഥസങ്കോചം സംഭവിച്ച് *ഗുരുവിന്റെ സമീപത്ത് വസിക്കുന്ന ശിഷ്യൻ* എന്ന അർത്ഥത്തിൽ മാത്രം ഒതുങ്ങി എന്ന് വെള്ളായണി അർജ്ജുനൻ 'ഗവേഷണമേഖല' എന്ന കൃതിയിൽ ചൂണ്ടിക്കാണിക്കുന്നു (1962: 54) എന്നാൽ ഗുരുവിന്റെ സമീപത്ത് വസിച്ചുകൊണ്ട് പഠിക്കുക എന്ന രീതി ഇന്ന് മാറിയിട്ടുണ്ടെങ്കിലും അന്തേവാസി എന്ന പദം പ്രയോഗത്തിലുണ്ട്. 'അവൻ ഹോസ്റ്റലിലെ അന്തേവാസിയാണ്' എന്ന പ്രയോഗത്തിൽ *താമസക്കാരൻ* എന്ന അർത്ഥമാണുള്ളത്. *ശിഷ്യൻ, ചണ്ഡാളൻ* എന്നീ അർത്ഥങ്ങൾ അന്തേവാസി എന്ന പദത്തിന് ഇന്ന് നിലനിൽക്കുന്നില്ല. ഈ പദത്തിൽ *താമസം* എന്ന അർത്ഥത്തിനാണ് പിന്നീട് പ്രാബല്യം വന്നത്.

**അന്യായം** - *നീതിപൂർവ്വമല്ലാത്തത്, നിയമാനുസൃതമല്ലാത്തത്* (1973:59)

നീതിപൂർവ്വമല്ലാത്തത് എന്നാണ് അന്യായത്തിന്റെ നിരുക്താർത്ഥം. എന്നാൽ അന്യായക്കാരൻ, അന്യായം കൊടുത്തു എന്നീ പ്രയോഗങ്ങൾ മലയാള

ത്തിലുണ്ട്. കോടതിയിൽ ഹർജി നൽകുന്നയാളാണ്/ ആവലാതിബോധിപ്പിക്കുന്ന യാളാണ് അന്യായക്കാരൻ. അന്യായം കൊടുത്തു എന്നതിനർത്ഥം *ഹർജിനൽകി* എന്നുമാണ്. *അനീതി* എന്ന അർത്ഥത്തിലും അന്യായം മലയാളത്തിൽ പ്രയോഗ ത്തിലുണ്ട്. 'അവൻ അന്യായം പ്രവർത്തിച്ചു' എന്നിടത്ത് *ന്യായമല്ലാത്തത്* എന്ന് തന്നെയാണ് അർത്ഥം. സംസ്കൃതത്തിൽ ഈ പദത്തിനുള്ള അർത്ഥത്തിനുപുറമെ അധികാർത്ഥം കൂടി മലയാളത്തിൽ അന്യായത്തിനുണ്ട്. ശബ്ദതാരാവലിയിൽ 'അന്യായത്തടവ്', 'അന്യായപ്പെടുക' എന്നീ ലേഖകങ്ങൾ നൽകിയിട്ടുണ്ട്. 'അന്യാ യത്തടവ്' *ന്യായക്കേടായി തടവിൽവെയ്ക്കലും* 'അന്യായപ്പെടുക' *ഹർജികൊടു ക്കുക*യുമാണ്. *അന്യായത്തെ നീതിപീഠത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നവൻ* എന്ന അർത്ഥത്തിലാണ് ഹർജിനൽകുന്നയാളെ അന്യായക്കാരൻ എന്നുപറയുന്ന ത്. എന്നാൽ അന്യായത്തിന് *കേസ്* എന്നർത്ഥം വരുമ്പോൾ അർത്ഥവികാസംകൂടി സംഭവിച്ചതായി കാണാം.

**അഭ്യാസം -** 1) *ആവർത്തനം*
2) *ശിക്ഷ*
3) *പരിശീലനം*
4) *ഒരു വിഷയത്തെപ്പറ്റി ആവർത്തിച്ചുറപ്പിക്കൽ*
5) *പഠിപ്പ്*
6) *അടുപ്പം*
7) *ഗുരുമുഖത്ത് നിന്ന് കേട്ട് പഠിക്കൽ*
8) *ഗുണനക്രിയ* (1973: 80)

ആഭ്യാസത്തിന് *ആവർത്തനം, പഠിപ്പ്, ശിക്ഷ* എന്നീ അർത്ഥങ്ങൾ മലയാള ത്തിൽ സ്വീകരിച്ചിട്ടുണ്ട്. 'വിദ്യാഭ്യാസ'ത്തിൽ ഈ അർത്ഥങ്ങളെല്ലാം ഉള്ളടങ്ങിയി ട്ടുണ്ട്. മെയ്യഭ്യാസത്തിൽ *പരിശീലനം* എന്ന അർത്ഥം തന്നെ. എന്നാൽ അഭ്യാസ ത്തിന് ഈ അർത്ഥങ്ങളെക്കൂടാതെ അധികാർത്ഥം കൂടി മലയാളത്തിലുണ്ട്. 'നീ അധികം അഭ്യാസമെടുക്കരുത്', 'അഭ്യാസം കാണിക്കുക' എന്നിടത്ത് *അതിബുദ്ധി,*

*കുസൃതി* എന്നീ അർത്ഥങ്ങളാണ് അഭ്യാസത്തിനുള്ളത്. മെയ്യഭ്യാസവുമായാണ് ഈ അർത്ഥത്തിന് ചേർച്ചയുള്ളതെങ്കിലും ഇത് ഭാഷയിൽ മാത്രമുള്ള അർത്ഥമാണ്.

**അവധി -** 1) *അതിര്*
2) *മട, അള, കുഴി*
3) *അനുഷ്ഠാനം*
4) *തവണ, സമയം*
5) *അവസാനം*
6) *മര്യാദ*
7) *ബലം* (1973: 104)

അവധിയെന്ന പദത്തിന് ഇന്ന് *ഒഴിവ്* എന്നതാണ് പ്രഥമാർത്ഥം. 'നാളെ സ്കൂളിന് അവധിയാണ്' എന്ന് പറഞ്ഞാൽ *നാളെ സ്കൂളിന് ഒഴിവാണ്* എന്നാണർത്ഥമാക്കുന്നത്. 'പരമാവധി' എന്ന പദത്തിൽ മാത്രം *അതിര്* എന്ന അർത്ഥം നിലനിൽക്കുന്നുണ്ട്. *മട, അള, കുഴി* തുടങ്ങിയ മറ്റർത്ഥങ്ങൾ അവധിക്ക് മലയാളത്തിലില്ല. മട, അള, കുഴി എന്നീ പദങ്ങൾ ഭാഷയിലുള്ളവയാണ്. അതുകൊണ്ടു തന്നെ ഈയർത്ഥങ്ങളെക്കുറിക്കാൻ ഭാഷയിലേയ്ക്ക് മറ്റുപദങ്ങളെ സ്വീകരിക്കേണ്ട ആവശ്യമില്ല. സാഹിത്യത്തിൽ മാത്രം ചിലപ്പോൾ ഇവയുടെ പര്യായപദങ്ങളെ ഉപയോഗിക്കേണ്ടി വരാമെന്നേയുള്ളൂ. എന്നാൽ *അതിർത്തി, അവസാനം, അറ്റം* എന്നീ അർത്ഥങ്ങൾ തന്നെയാണ് അവധിക്ക് ശബ്ദതാരാവലിയിലും മലയാളമഹാനിഘണ്ടുവിലുമെല്ലാം നൽകിയിട്ടുള്ളത്. 'അവധിക്കാലം', 'അവധി പ്രഖ്യാപിച്ചു', 'അവധി എടുത്തു', 'ശമ്പളത്തോടുകൂടിയ അവധി' എന്നീ പ്രയോഗങ്ങളിലെല്ലാം *ഒഴിവെന്ന* അർത്ഥം തന്നെ നിലനിൽക്കുന്നു. *തവണ* എന്ന അർത്ഥത്തിലും അവധി പ്രയോഗത്തിലുണ്ട്. 'പല അവധി പറഞ്ഞെങ്കിലും പണം കൊടുക്കാൻ പറ്റിയില്ല' എന്നിടത്ത് *തവണയും ഒഴിവും* അർത്ഥമായെടുക്കാം.

**ആധാരം** - 1) *ഊന്ന്, സഹായം*

2) *നിലനിർത്തുന്ന ശക്തി*

3) *പാത്രം, സംഭരണി*

4) *മരത്തിന്റെ തടം*

5) *ചിറ, അണ*

6) *തോട്, സ്ഥാനം*

സംസ്കൃതത്തിൽ ആധാരത്തിനുള്ള അർത്ഥങ്ങളിൽ നിന്ന് *ഊന്ന്, സഹായം* എന്നീ മലയാളത്തിലേക്ക് സ്വീകരിക്കപ്പെട്ടു. മറ്റുള്ള അർത്ഥങ്ങൾ മലയാളത്തിൽ പ്രയോഗത്തിലില്ല. എന്നാൽ ഒരു അധികാർത്ഥം കൂടി മലയാളത്തിൽ ഈ പദത്തിനുണ്ട്. *വിലയ്ക്കോ, പാട്ടമായോ വാങ്ങിയ വസ്തുവിനെ സംബന്ധിക്കുന്ന പ്രമാണം* എന്ന അർത്ഥം മലയാളത്തിൽ പ്രയോഗത്തിലുള്ളതാണ്. *Suport, document, Bond* എന്നിവയാണ് ഗുണ്ടർട്ട് ഈ പദത്തിന് നൽകിയിരിക്കുന്ന അർത്ഥങ്ങൾ (1962: 101). ഭൂസ്വത്തിനെ സംബന്ധിച്ച രേഖകളെക്കുറിക്കാൻ ഈ പദം ഉപയോഗിക്കുന്നതിനുദാഹരണങ്ങളാണ് 'അടിയാധാരം', 'കീഴാധാരം', 'ആധാരമെഴുത്ത്', 'ആധാരമെഴുത്തുകാരൻ' എന്നിവ. നിയമാനുസൃതമായ ഉറപ്പ് അടിയാധാരം പോലുള്ള പദങ്ങളിൽ കാണാം. യഥാർത്ഥത്തിൽ ഇത് *അടിസ്ഥാനം* എന്ന അർത്ഥത്തിന്റെ നീട്ടിവെക്കൽ തന്നെയാണ്.

**ആഭാസം** - 1) *മോടി, പ്രകാശം, തിളക്കം*

2) *പ്രതിഫലനം*

3) *സാമ്യം, തുല്യത എന്നീ അർത്ഥത്തിൽ സംസ്കൃതപദങ്ങളുടെ അവസാനത്തിൽ ഉപയോഗിക്കുന്നു.*

4) *ആകൃതി, സാമ്യം, ഭൂതം*

5) *അസത്യമോ അവിശ്വസനീയമോ ആയ കാഴ്ച*

6) *മിഥ്യാകാരണത്തോടുള്ള സാമ്യം*

7) *ഉദ്ദേശ്യം, ലക്ഷ്യം* (1973: 143)

*ആഭാസിക്കുന്നത്/തോന്നുന്നത്, ശോഭ, മിഥ്യാജ്ഞാനം, യഥാർത്ഥമല്ലാത്തത്* എന്നീ അർത്ഥങ്ങളിൽ മലയാളത്തിലും ഈ പദം പ്രയോഗത്തിലുണ്ട്. വിരോധാഭാസം എന്ന അലങ്കാരത്തിൽ വിരോധംതോന്നിക്കലാണ്. എന്നാൽ ആഭാസം എന്നതിന് *അസഭ്യം, മോശപ്പെട്ടത്* എന്നീ അർത്ഥങ്ങൾ കൂടി ഇതിന്റെ വിപുലനമായി വന്നുചേർന്നിട്ടുണ്ട്. 'ആഭാസൻ', 'ആഭാസത്തരം' എന്നീ പ്രയോഗങ്ങളിൽ *അസഭ്യം* എന്ന അർത്ഥത്തിനാണ് പ്രധാന്യം.

**ആർത്തി -** 1) *വേദന, സങ്കടം, മനോവേദന*

2) *വില്ലിന്റെ തല,*

3) *നാശം, രോഗം* (1973: 148)

*വ്യസനം, ദുഃഖം, വേദന* എന്നിവ ഈ പദത്തിന്റെ പര്യായമായി സംസ്കൃതത്തിൽ ഉപയോഗിക്കുന്നു. എന്നാൽ മലയാളത്തിൽ ആഹാരത്തിനോടുള്ള അധികമായ അഭിനിവേശത്തിനെയാണ് നാം ആർത്തി എന്ന് പറയുന്നത്. *ദുഃഖം* എന്ന അർത്ഥത്തിലും ഈ പദത്തെ മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്. ആർത്തം എന്നാൽ നമുക്ക് ദുഃഖം തന്നെ. 'ആർത്തി പിടിച്ച കുട്ടി' എന്ന പ്രയോഗത്തിൽ *ഭക്ഷണത്തോടുള്ള അഭിനിവേശം* എന്ന അർത്ഥമാണ് സ്വീകാര്യം. ഭക്ഷണത്തോട് മാത്രമല്ല, എന്തിനോടും ആക്രാന്തം കാണിക്കുന്നവനെയും 'ആർത്തി പിടിച്ചവൻ' എന്ന് പറയാറുണ്ട്. 'പണത്തിനോട് ആർത്തി കാണിക്കുക' എന്ന് പ്രയോഗിക്കാറുണ്ട്.

ആർത്തിക്ക് *വ്യസനം, ദുഃഖം, രോഗം* എന്നിവയാണർത്ഥമെന്നും മലയാളത്തിൽ ഈ പദത്തിന്റെ അർത്ഥം *ആഹാരത്തിനുള്ള വലിയ ആഗ്രഹം, കൊതി, വലിയ വിശപ്പ്* എന്നിവയാണെന്നും ശബ്ദതാരാവലിയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട് (2015: 283). അത്യാഗ്രഹം, ദുരാഗ്രഹം എന്നിവ ദുഃഖഹേതുക്കളാകാം എന്ന തോന്നലിൽ നിന്നാകാം ഈ പദത്തിന് അർത്ഥപരിണാമം സംഭവിച്ചത്

**ഇന്ധനം -** 1) *കത്തിക്കൽ, കൊളുത്തൽ*

2) *വിറക്, തടി* (1973: 163)

കത്തിക്കാനുപയോഗിക്കുന്ന ദ്രവങ്ങളെയെല്ലാം ഇന്ന് മലയാളത്തിൽ ഇന്ധനം എന്ന് വിളിക്കുന്നുണ്ട്. മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നിവ കത്തുന്ന ദ്രവങ്ങളായതുകൊണ്ടാവാം ഇന്ധനങ്ങൾ എന്ന് വ്യവഹരിക്കുന്നത്. എന്നാൽ വിറക്, തടി എന്നിവയെ ഇന്ന് ഇന്ധനം എന്ന് പൊതുവായി വ്യവഹരിക്കുന്നില്ല. കത്തിക്കൽ എന്നതിൽ നിന്നുമാറി കത്തുന്നതിനുപയോഗിക്കുന്ന വസ്തുവാണിന്ന് ഇന്ധനം. ശബ്ദതാരാവലിയിൽ ഇന്നും ഇന്ധനത്തിനർത്ഥം *വിറക്* എന്നു തന്നെയാണ്. അഗ്നി ചേരുമ്പോൾ കത്തിജ്ജ്വലിക്കുന്നതിനാലാണ് വിറകിനെ ഇന്ധനം എന്ന് വിളിക്കുന്നതെന്ന സൂചനയും നൽകിയിട്ടുണ്ട്. തീകത്തിക്കുന്നതിനുപയോഗിക്കുന്ന പുല്ലും തീ കത്തിക്കുക എന്ന പ്രവൃത്തിയും ഇന്ധനം തന്നെയെന്ന് ശബ്ദതാരാവലിയിൽ സൂചിപ്പിക്കുന്നുണ്ട് (2015: 315).

**കമ്പം** - *ഇളക്കം, വിറയൽ, ചലനം* (1973: 229)

കമ്പത്തിന് സംസ്കൃതത്തിൽ പ്രയോഗത്തിലുള്ള അർത്ഥങ്ങൾ മലയാളത്തിലുമുണ്ട്. എന്നാൽ *ആഗ്രഹം* എന്ന അർത്ഥം അധികമായി വന്നുചേർന്നതാണ്. 'എനിക്കവളോട് കമ്പം തോന്നി' എന്ന പ്രയോഗം വാമൊഴിയിലുണ്ട്. കമ്പം എന്നതിന് *ആഗ്രഹം* എന്ന അർത്ഥം ഇവിടെയുണ്ടെങ്കിലും ഇളക്കം എന്നതിന്റെ നീട്ടിവെക്കലാണ് ഈ അർത്ഥം എന്ന് സൂക്ഷിച്ചുനോക്കുമ്പോൾ മനസ്സിലാക്കാം. 'എന്താ അവളെ കാണുമ്പോ ഒരിളക്കം?' എന്ന ചോദ്യത്തിലും ആഗ്രഹം എന്നുതന്നെയാണ് ധ്വനി.

**കൃത്യം** - 1) *ചെയ്യേണ്ടത്, കർത്തവ്യം, കാര്യം*
2) *ജോലി, വ്യവസായം, പ്രവർത്തനം, കാര്യഭാരം*
3) *പ്രയോജനം, ഉദ്ദേശ്യം, ലക്ഷ്യം*
4) *അഭിലാഷം, കാരണം* (1973: 27)

കുറ്റകൃത്യം എന്ന പദത്തിൽ *ചെയ്യുക* എന്ന അർത്ഥമാണുള്ളത്. ''ചെയ്യപ്പെടേണ്ടത്, കരണീയമായത് എന്നീ അർത്ഥങ്ങളിൽ സംസ്കൃതത്തിൽ പ്രയോഗം.

മലയാളത്തിൽ കണിശമായി, ശരിക്ക് എന്നിങ്ങനെ ദ്രവ്യത്തിന്റെയോ സമയത്തി ന്റെയോ അളവിനെക്കുറിക്കാനും പ്രയോഗം'' (ബാലകൃഷ്ണൻ, 1994: 319). 'കൃത്യം 10 മണിക്ക് പരിപാടി തുടങ്ങുന്നതാണ്', 'കൃത്യമായ കണക്കെടുക്കണം' എന്നീ വാക്യങ്ങളിൽ *കണിശം* എന്ന അർത്ഥമാണുള്ളത്. എന്നാൽ സംസ്കൃതാർത്ഥ ങ്ങളെ ഒഴിവാക്കിയിട്ടില്ല. മലയാളത്തിൽ ഈ പദത്തിന് അർത്ഥവികാസമാണ് സംഭ വിച്ചിട്ടുള്ളത്.

**ക്ഷണം -** 1) *നിമിഷം, ഒരു സെക്കന്റിൽ 4/5 ഭാഗത്തിനു തുല്യമായ സമയം*
2) *വിശ്രമസമയം*
3) *അവസരം*
4) *ഉത്സവം, ഹർഷം*
5) *ആശ്രയം, സേവനം*
6) *കേന്ദ്രം, മധ്യഭാഗം* (1973: 283)

*നിമിഷം, അവസരം* എന്നീ അർത്ഥങ്ങൾ മലയാളത്തിലും സ്വീകരിക്കപ്പെട്ടു. 'ക്ഷണനേരം', 'ക്ഷണനിമിഷം' എന്നിവ *നിമിഷം* എന്ന അർത്ഥത്തിന് ഉദാഹരണ മാണ്. എന്നാൽ ക്ഷണത്തിന് *ക്ഷണിക്കുക/ വിരുന്നിന് വിളിക്കുക* എന്ന അർത്ഥം കൂടിയുണ്ട്. 'ക്ഷണിക്കപ്പെട്ട അതിഥി', 'ക്ഷണിക്കാതെ വരുക', 'ക്ഷണക്കത്ത്' തുട ങ്ങിയ ഉദാഹരണങ്ങളിൽ *വിളിക്കുക* എന്ന അർത്ഥമാണുള്ളത്. സംസ്കൃതത്തിൽ ക്ഷണത്തിന് ഈ അർത്ഥമില്ല.

**താമസം -** 1) *കറുത്ത, ഇരുണ്ട, അന്ധകാരമായ, ഇരുട്ടിനെ സംബന്ധിച്ച*
2) *പ്രകൃതിയുടെ മൂന്നു ഗുണങ്ങളിൽ ഒന്ന് (തമോഗുണം)*
3) *അജ്ഞാനി*
4) *ഏതെങ്കിലും ചീത്തസ്വഭാവമുള്ള* (1973: 971)

''തമസ്സുമായി ബന്ധപ്പെട്ടത്, അജ്ഞത, മൗഢ്യം എന്നിങ്ങനെ പദാർത്ഥം. മലയാളത്തിൽ രണ്ട് പുതിയ അർത്ഥങ്ങൾ 1) കാലവിളംബം, താമസിച്ചുവന്നു,

കാലതാമസം ഇത്യാദി ഉദാഹരണം 2) കുടിയിരിക്കുക, പാർക്കുക - 'താമസസൗകര്യം ഇല്ലാത്ത പട്ടണം', 'ഇപ്പോൾ വീട്ടിലല്ല താമസം', 'താമസ സ്ഥലം അകലെയാണ്'. 'താമസിക്കുക' എന്ന ക്രിയാരൂപത്തിനും ഈ അർത്ഥം കാണുന്നു'' (ബാലകൃഷ്ണൻ, 1994: 320).

**ദാഹം -** 1) *ദഹനം*

2) *ചുട്ടുപഴുത്ത ചുവപ്പുനിറം*

3) *കത്തലിന്റെ ഉത്തേജകത്വം*

4) *താപം, സന്താപം* (1973: 398)

ദാഹം എന്ന പദത്തിന് *ജലതൃഷ്ണ* എന്ന അർത്ഥമാണ് ഭാഷയിലുള്ളത്. 'പൈദാഹശാന്തിക്കുപായങ്ങളില്ല','ദാഹിക്കുന്നു ഭഗിനീ' എന്നീ പ്രയോഗങ്ങളിൽ *ജലതൃഷ്ണയെന്ന* അർത്ഥമാണ്. ഗുണ്ടർട്ട് ദാഹത്തിന് *ദഹനമെന്നും തൃഷ്ണയെന്നും* രണ്ട് അർത്ഥങ്ങൾ നൽകിയിട്ടുണ്ട് (1962: 183). ശബ്ദതാരാവലിയിൽ *ദഹിപ്പിക്കൽ, ചൂട്, കടുംചുവപ്പ്, ജലതൃഷ്ണ* എന്നീ അർത്ഥങ്ങളും നൽകിയിരിക്കുന്നു. ദാഹം കെടുത്തുക എന്നതിന് *ആഗ്രഹം ശമിപ്പിക്കുക* എന്ന അർത്ഥവും കൂടി കൊടുത്തിരിക്കുന്നു (2015: 1024). ശവദാഹം എന്ന പ്രയോഗത്തിൽ മാത്രമാണ് മലയാളത്തിൽ *ദഹനം* എന്ന അർത്ഥമുള്ളത്. അതിനാൽ ദാഹമെന്ന പദത്തിന് അർത്ഥവികാസമാണ് സംഭവിച്ചതെന്ന് പറയാം. ചൂടിനെ ശമിപ്പിക്കുക എന്ന ക്രിയയുമായി ബന്ധപ്പെട്ട് തന്നെയാണ് ദാഹത്തിന് *ജലതൃഷ്ണ* എന്ന അർത്ഥവും കൈവന്നിട്ടുള്ളത്.

**ദക്ഷിണ -** 1) *വലത് ഭാഗത്ത്*

2) *തെക്കേദിക്കിൽ*

3) *ബ്രാഹ്മണർക്കുള്ള ഉപഹാരം*

4) *കാഴ്ചവസ്തു, ഉപഹാരം, ദാനം*

5) *കറവപ്പശു* (1973: 389)

ദക്ഷിണയെന്ന പദത്തിന് സംസ്കൃതത്തിൽ *യോഗ്യമായ, കുശലമായ, സമർത്ഥമായ, വലതുവശത്തുള്ള, തെക്കുള്ള* എന്നീ അർത്ഥങ്ങളും ദക്ഷിണാ യെന്ന ആകാരാന്തപദത്തിന് *ഉപഹാരം* എന്നുമാണ് സംസ്കൃതത്തിൽ അർത്ഥം. എന്നാൽ ഉപഹാരമെന്ന അർത്ഥത്തിലുള്ള 'ദക്ഷിണാ'യെ ചുരുക്കി പ്രയോഗിക്കു കയും അതേ അർത്ഥം സ്വീകരിക്കുകയും ചെയ്തു. മലയാളത്തിൽ ആകാരാന്തപദ ങ്ങൾ പ്രയോഗത്തിലില്ലാത്തതാണിതിനു കാരണം.

**ധർമ്മം** - 1) *മതം, മതാചാരങ്ങൾ*
2) *നിയമം, നീതി*
3) *മതപരമോ സദാചാരമോ ആയ ഗുണം, നല്ല പ്രവൃത്തി*
4) *സത്യം*
5) *ഭക്തി*
6) *സദാചാരനിഷ്ഠ*

ധർമ്മമെന്ന പദത്തിന്റെ അർത്ഥപരിണാമത്തക്കുറിച്ച് ഡോ.ബി.സി.ബാലകൃ ഷ്ണൻ അഭിപ്രായപ്പെടുന്നതെങ്ങിനെയാണ്. "ധർമ്മം < കടമ/ന്യായം, മതപര മായ ആചാരം, തത്വദർശനം .... എന്നിങ്ങനെ വളരെ വ്യാപ്തിയുള്ള അർത്ഥതല ത്തിൽ വ്യാപ രിക്കുന്ന പദം. മലയാളത്തിൽ *ദാനം* എന്നും അർത്ഥം. ഈ അർത്ഥം സംസ്കൃതത്തിൽ ഈ പദത്തിനുള്ള അർത്ഥവ്യാപ്തിക്കുള്ളിൽ ഒതുങ്ങുന്നതാ ണെങ്കിലും *ഭിക്ഷകൊടുക്കുക* എന്ന അർത്ഥത്തിൽ സംസ്കൃതത്തിൽ പ്രയോഗം കാണുന്നില്ല. ധർമ്മം കൊടുക്കുക, ധർമ്മക്കാരൻ (പിച്ചക്കാരൻ) തുടങ്ങിയ പ്രയോ ഗങ്ങൾ" (1994: 321) കുഞ്ചുണ്ണിരാജയും ധർമ്മത്തിന് *പിച്ച (ഭിക്ഷ)* യെന്നു കൂടി മലയാളത്തിൽ അർത്ഥമുണ്ടെന്ന് പറയുന്നുണ്ട്. "ധർമ്മക്കാരൻ പിച്ചക്കാരനാണ്, വലിയ ധാർമ്മികനായിക്കൊള്ളണമെന്നില്ല" എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു ണ്ട് (1962: 113). മറ്റുള്ളവർക്ക് ദാനം നൽകുന്നത് നല്ല പ്രവൃത്തിയായതുകൊ ണ്ടാവാം ദാനം ചെയ്യുന്നതിന് *ധർമ്മംകൊടുക്കുക* എന്നുകൂടി അർത്ഥം വന്നത്.

**പണം**

ഒരു നാണയത്തിന്റെ പേരാണിത്. ഒരു കാലത്ത് നാലുചക്രം വിലവരുന്നതും വെള്ളിയിൽ ഉണ്ടാക്കിയിരുന്നതുമായ ഒരു തിരുവിതാംകൂർ നാണയമായിരുന്നു പണം. ഇന്ന് കാശ്, സമ്പത്ത് എന്ന അർത്ഥത്തിൽ വികാസം പ്രാപിച്ചു. പണമെന്ന നാണയം ഇല്ലാതായിത്തീരുകയും *കാശ്* എന്ന അർത്ഥത്തിൽത്തന്നെ പ്രയോഗം നിലനിൽക്കുകയും ചെയ്തതാണ് ഇതിനുകാരണം.

**പൂജ്യം** - *ആദരണീയനായ, ബഹുമാന്യനായ* (1973: 543)

പൂജ്യപദത്തിന് സംസ്കൃതാർത്ഥത്തിൽ ഭാഷയിലും പ്രയോഗമുണ്ട്. 'പൂജ്യനായ ഗുരു' എന്ന പ്രയോഗത്തിൽ *ബഹുമാന്യൻ* എന്ന അർത്ഥം തന്നെ. എന്നാൽ ഗുണിക്കുമ്പോഴും മറ്റും സംഖ്യകൾ വരാത്ത സ്ഥാനത്ത് ശൂന്യം എന്നു കാണിക്കുന്ന അടയാളത്തിനാണ് പൂജ്യമെന്ന പ്രയോഗം കൂടുതലായുമുള്ളത്. ഈ അർത്ഥം സംസ്കൃതത്തിലില്ല. അവിടെ ശൂന്യമെന്നാണ് പ്രയോഗം. പൂജ്യത്തിന് *ശൂന്യം* എന്ന അർത്ഥത്തിലാണ് ഭാഷയിൽ പ്രയോഗമെന്ന് കുഞ്ചുണ്ണിരാജ നിരീക്ഷിക്കുന്നു (1962: 115).

**പ്രകടനം** - *പ്രകടിപ്പിക്കൽ, വ്യക്തമാക്കൽ, തുറക്കൽ* (1973: 553)

പ്രകടിപ്പിക്കാൻ വേണ്ടി നടത്തുന്ന ജാഥയെയും പ്രകടനം എന്ന് പറയുന്നു. 'അവന്റെ പ്രകടനം നന്നായിരുന്നു' എന്ന് പറയുമ്പോൾ പ്രകടിപ്പിക്കൽ എന്നത് ക്രിയാനാമമാണെങ്കിൽ അവരുടെ 'പ്രകടനം' എന്നിടത്ത് ഒരു സംഭവത്തെ സൂചിപ്പിക്കുന്നു. 'ഒരു പ്രകടനം വരുന്നുണ്ട്' എന്ന പ്രസ്താവത്തിൽ വ്യക്തമാക്കലോ തുറക്കലോ കേൾവിക്കാരനിൽ ഉദിക്കുന്നില്ല.

**പ്രതി** - 1) *നേർക്ക്, ലക്ഷ്യമാക്കി*

2) *എതിരായി, വിപരീതമായി*

3) *തുല്യമായി, അനുരൂപമായി*

4) *അടുത്തായി, നേരെ, തോറും* (1973: 561)

ഈ അർത്ഥങ്ങൾ മലയാളത്തിലും 'പ്രതി' എന്ന ശബ്ദത്തിനുണ്ട്. എന്നാൽ നാമമായും മലയാളത്തിൽ ഈ പദം ഉപയോഗിക്കപ്പെടുന്നു. കുറ്റാരോപിതനെ പ്രതി എന്ന് പറയുന്നു. 'പ്രതിയെ വിസ്തരിക്കുക', 'പ്രതിഭാഗം' എന്നീ പ്രയോഗങ്ങൾ ഉദാഹരണം. വാദിക്കെതിരായ 'പ്രതിവാദി' എന്നതിന്റെ ചുരുക്കമാണ് ഇവിടെ പ്രതി. ഇത് പ്രധാനപ്പെട്ട അർത്ഥമായി മാറിയിട്ടുമുണ്ട്. പ്രതിദിനത്തിൽ പ്രതി ഉപസർഗമായി ഉപയോഗിക്കുന്നു. പ്രതിയെന്ന ഉപസർഗത്തിന് *നേർക്ക്, മാറ്റം, പകരം, തോറും, പല, സാദൃശ്യം, സംബന്ധം, കുറിച്ച്* എന്നീ അർത്ഥങ്ങളും പ്രതിയെന്ന നാമത്തിന് *പകർപ്പ്, ഒരു സങ്കടം ബോധിപ്പിച്ചാൽ അതിന് ഉത്തരം പറയേണ്ടുന്നവൻ, മറുപടി, പരിഹാരം, നിയമം* എന്നീ അർത്ഥങ്ങളും ശബ്ദതാരാവലിയിൽ കൊടുത്തിട്ടുണ്ട് (2015: 1286). പ്രതിയെന്ന പദം നാമമായി വരുന്നത് ഭാഷയിൽ മാത്രമാണ്.

**പ്രഥമൻ**

*ഒന്നാമത്തേത്* എന്നർത്ഥം. *ഒന്നാമത്തേത്, മുഖ്യമായ* എന്നീ അർത്ഥങ്ങൾ മലയാളത്തിലും കാണുന്നുണ്ട്. എന്നാൽ ഒരു അധികാർത്ഥം കൂടെ ഈ പദത്തിന് മലയാളത്തിൽ കാണുന്നു. പായസത്തെക്കുറിക്കാൻ വേണ്ടി ഈ പദം ഉപയോഗിക്കുന്നു. അടപ്രഥമൻ, പഴപ്രഥമൻ, ചക്കപ്രഥമൻ എന്നിവ ഉദാഹരണം. സദ്യയിൽ ഒന്നാമനായതുകൊണ്ടാവാം ഈ പദം പായസത്തെക്കുറിക്കുന്നത്. പ്രഥമൻ എന്ന പദത്തിന് അർത്ഥപരിണാമം സംഭവിച്ചതായി കുഞ്ചുണ്ണിരാജ പരാമർശിക്കുന്നുണ്ട്. "*ഒന്നാമൻ* എന്നാണ് സംസ്കൃതത്തിൽ അർത്ഥം. നമ്മുടെ പ്രഥമൻ മധുരക്കറിയാണ്. സദ്യയിൽ അതിന് സ്ഥാനം ഒടുവിൽ മാത്രമാണ്താനും. പ്രാധാന്യത്തിൽ മുമ്പനാണ് എന്നതായിരിക്കാം ഇതിന്റെ പ്രാഥമ്യത്തിനു കാരണം" (1962: 115).

**പ്രമാദം -** 1) *അവഹേളനം, അശ്രദ്ധ, അനവധാനത*

2) *ഉന്മാദം, ഭ്രാന്ത്*

3) *തെറ്റ്, പിഴ, തെറ്റായ തീരുമാനം*

4) *അനിഷ്ടസംഭവം, ദൗർഭാഗ്യം, അത്യാഹിതം* (1973: 586)

സംസ്കൃതത്തിലുള്ള ഈ അർത്ഥങ്ങൾ മലയാളത്തിൽ ഇതേ പദത്തിനില്ല. 'പ്രമാദമായ കേസ്' എന്ന വാക്യംതന്നെ ഉദാഹരണം. *പ്രസിദ്ധമായ കേസ്* എന്ന അർത്ഥമാണ് ഇവിടെ വിവക്ഷ. പ്രമാദത്തിന് മലയാളത്തിൽ *അസാധാരണമായ ഔത്സുക്യം ഉണ്ടാക്കുന്നത്, ഭയങ്കരമായത്* എന്നീ അർത്ഥങ്ങളും ഉണ്ടെന്ന് ഡോ. ബി.സി. ബാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നുണ്ട് (1994: 324). ഭാഷയിൽ *വലിയ* എന്ന അർത്ഥത്തിൽ പ്രയോഗം കാണുന്നത് തമിഴിന്റെ പ്രേരണകൊണ്ടാണെന്നാണ് കുഞ്ചുണ്ണിരാജയുടെ അഭിപ്രായം (1962: 116). പ്രമാദത്തിന് സംസ്കൃതത്തിൽ *ഓർമ്മക്കേട്, ചെയ്യേണ്ടതു ചെയ്യാതിരിക്കൽ, മൂഢത, തെറ്റായ അഭിപ്രായം, അനവധാനം* എന്നീ അർത്ഥങ്ങളാണുള്ളതെന്നും മലയാളത്തിൽ *വലിയഭയത്തിനു കാരണമായത്, ആഘോഷം* എന്നീ അർത്ഥങ്ങളുണ്ടെന്നും പത്മനാഭപിള്ള രേഖപ്പെടുത്തുന്നു (2015: 1297). പ്രമാദത്തിന് *Intoxication, madness* എന്നീ അർത്ഥങ്ങളുണ്ടായിരുന്നെന്നും മലയാളത്തിൽ *grand scale* എന്ന അർത്ഥമാണെന്നും ഗോദവർമ്മയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 'കല്യാണം പ്രമാദമായി നടന്നു' എന്ന് ഉദാഹരിക്കുന്നുമുണ്ട് (2017: 103). പ്രമാദത്തിന്റെ തമിഴിലെയും സംസ്കൃതത്തിലെയും അർത്ഥത്തെ നാം സ്വീകരിച്ചു.

ഭ്രമം - 1) *ചുറ്റും ചലിക്കൽ, അലഞ്ഞുതിരിയൽ*
2) *കറങ്ങൽ, വട്ടംചുറ്റൽ*
3) *ഭ്രമണം*
4) *വഴിപിഴക്കൽ*
5) *തെറ്റ്*
6) *കുഴപ്പം*
7) *നീർച്ചുഴി*
8) *കുശവന്റെ ചക്രം*
9) *തിരികല്ല്*
10) *കടച്ചിൽയന്ത്രം* (1973: 667)

ഭ്രമത്തിന് ഭാഷയിൽ *തെറ്റിദ്ധാരണ* എന്നും *ആഗ്രഹം* എന്നുമുള്ള അർത്ഥ ങ്ങളിൽ പ്രയോഗങ്ങളുണ്ട്. 'കഥകളിഭ്രമ'ത്തിൽ *അതിയായ ആഗ്രഹം, താല്പര്യം* എന്നീ അർത്ഥങ്ങളാണുള്ളത്. മതിഭ്രമത്തിന് *തെറ്റിദ്ധാരണ*യെന്നും അർത്ഥം. സംസ്കൃതത്തിലെ അർത്ഥം ഈ പദത്തിന് ഭാഷയിലില്ല. എന്നാൽ ഭ്രമണം എന്ന പദത്തിന് *കറങ്ങൽ* എന്നർത്ഥമുണ്ട്. ആസക്തിക്കും അന്ധമായ പ്രേമത്തിനും ഭാഷയിൽ ഭ്രമമെന്ന് പറയുമെന്ന് കുഞ്ചുണ്ണിരാജ അഭിപ്രായപ്പെടുന്നുണ്ട് (1962 : 118). ഭ്രാന്തം, ഉൽഭ്രാന്തം, ഭ്രാന്ത്, തനിഭ്രാന്ത് എന്നിവയുടെ അർത്ഥവിപുലനം പോലെയാണ് ഈ പദത്തിന്റെയും അർത്ഥവികാസം.

**മത്സര** - 1) *അസൂയ*
2) *വൈരാഗ്യം, ശത്രുത*
3) *അലങ്കാരം*
4) *അത്യാഗ്രഹം*
5) *ക്രോധം*
6) *കൊതുക്* (1973 : 675)

സംസ്കൃതഭാഷയിലുള്ള ഈ അർത്ഥങ്ങൾ 'മത്സര'ത്തിന് മലയാളത്തിലു മുണ്ട്. 'മദമത്സരം' എന്ന പ്രയോഗത്തിൽ ഈ അർത്ഥമാണുള്ളത്. എന്നാൽ *ബല പരീക്ഷ, സാമർത്ഥ്യം തെളിയിക്കുന്നതിനുള്ള ശ്രമങ്ങൾ* എന്നീ അർത്ഥങ്ങൾ മല യാളത്തിൽ ഈ പദത്തിന് അധികമായുണ്ട്. മത്സരിക്കുക എന്ന ക്രിയാരൂപം മല യാളത്തിൽ സാധാരണമാണ്. 'ഫുട്ബോൾമത്സരം', 'പ്രസംഗമത്സരം' തുടങ്ങിയവ യിൽ അസൂസയയോ, വൈരാഗ്യമോ അല്ല, അവരുടെ കഴിവ് തെളിയിക്കുന്നതി നുള്ള അവസരമാണ്.

**മോഹം** - 1) *ചൈതന്യരാഹിത്യം, മോഹാലസ്യം*
2) *പരിഭ്രമം*
3) *മൂർഖത, അജ്ഞാനം, ഉൻമാദം*
4) *തെറ്റ്, മറവി, അശുദ്ധി*

5) *ആശ്ചര്യം, അത്ഭുതം*

6) *കഷ്ടത, വേദന* (1973: 733)

മോഹമെന്ന പദത്തിന് *ജഡമാകുന്ന* എന്നും *ആകർഷകമായ* എന്നും അർത്ഥങ്ങൾ സംസ്കൃതത്തിൽത്തന്നെയുണ്ട്. അതിൽനിന്നായിരിക്കാം മോഹത്തിനും *ആഗ്രഹം* എന്ന അർത്ഥം കടന്നുവന്നിട്ടുണ്ടാവുക. *ബോധക്കേട്* എന്ന അർത്ഥത്തിൽ 'മോഹിച്ചു വീണു', 'മോഹം തെളിഞ്ഞു' തുടങ്ങിയ പ്രയോഗങ്ങൾ പ്രാചീനകൃതികളിൽ കാണാവുന്നതാണ്. മോഹാലസ്യമെന്ന പദത്തിൽ *ചൈതന്യരാഹിത്യ*മെന്ന അർത്ഥം ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും *ആഗ്രഹം* എന്നത് മലയാളത്തിൽ അധികമായി വന്നിട്ടുള്ളതാണ്. പ്രയോഗവശാൽ മോഹത്തിന് *ആഗ്രഹം* എന്നുമാത്രമായിത്തീർന്നിരിക്കുന്നു അർത്ഥം. മോഹിപ്പിക്കുന്നത്, ബോധം കളയിക്കുന്നത്, ആകർഷണം, അതിനോടുള്ള മനോഭാവം മോഹം. ഈ വഴിക്കായിരിക്കണം അർത്ഥപരിണാമം.

**മന്ത്രി –** *മന്ത്രിക്കുന്നവൻ സചിവൻ, രാജാവിന്റെ ഉപദേശകൻ* (1973 : 686)

കഥകളിലുള്ള മന്ത്രി രാജാവിന്റെ ഉപദേശകൻതന്നെയാണ്. എന്നാൽ ഇന്ന് രാജതുല്യമായ പദവിയിൽ നിൽക്കുന്നവരാണ് മന്ത്രിമാർ. *ഭരണകാര്യങ്ങളിൽ രാജാവിനെ സഹായിക്കുന്നയാൾ* എന്നാണ് ശബ്ദതാരാവലിയിൽ ഈ പദത്തിന്റെ അർത്ഥം (2015 : 1381). കഥകളിൽ രാജാവിനെ ഉപദേശിക്കുകയും തന്ത്രങ്ങൾ മന്ത്രിക്കുകയും ചെയ്തിരുന്നത് മന്ത്രിയായിരുന്നു. ഇന്ന് ഭരണകാര്യങ്ങൾ നടത്തുന്നയാളാണ് മന്ത്രി.

**മേധാവി –** 1) *പണ്ഡിതൻ, വളരെ അറിവുള്ളവൻ, നല്ല ഓർമ്മശക്തിയുള്ളവൻ*

2) *പ്രജ്ഞയോടുകൂടിയവൻ*

3) *മഹർഷി*

4) *തത്ത*

5) *മാദകപാനീയം* (1973 : 730)

സംസ്കൃതത്തിലുള്ള ഈ അർത്ഥങ്ങളേക്കാൾ *തലവൻ* എന്ന അർത്ഥത്തിലാണ് മലയാളത്തിൽ ഈ പദം ഉപയോഗിക്കപ്പെടുന്നത്. മേധയുള്ളവൻ ആണ് മേധാവിയെങ്കിലും ഒരു സ്ഥാപനത്തിന്റെയോ സംഘടനയുടെയോ പ്രധാനിയായ ആളെ നാം മേധാവി എന്ന് പറയുന്നു. അവിടെയുള്ളവരേക്കാൾ കൂടുതൽ ബുദ്ധിമാനായതുകൊണ്ടല്ല, ആ പദവി ലഭിക്കുന്നതും. 'സൈനികമേധാവി', 'വിദ്യാഭ്യാസവകുപ്പുമേധാവി' എന്നിവ ഉദാഹരണം. ഇവിടെ *മേലധികാരി* എന്ന അർത്ഥമാണ് ഈ പദം ഉൾക്കൊള്ളുന്നത്. എന്നാൽ മേധ എന്നതിന് അർത്ഥമാറ്റമില്ല.

**വർത്തമാനം** - 1) *സ്ഥിതിചെയ്യുന്ന, വർത്തിക്കുക*

2) *ജീവിക്കുന്ന, ജീവനുള്ള, സമകാലീനമായ*

3) *തിരിയുന്ന, കറങ്ങുന്ന, ഭ്രമണം ചെയ്യുന്ന*

4) *വ്യാകരണത്തിൽ - വർത്തമാനകാലം* (1973: 806)

മലയാളത്തിൽ വർത്തമാനത്തിന് *സംസാരം, സംഭാഷണം,* എന്നീ അർത്ഥങ്ങൾ കൂടി കാണാം. 'അവർ തമ്മിൽ വർത്തമാനം പറഞ്ഞു' എന്നതിന് *സംസാരിച്ചു* എന്നർത്ഥം. അതുകൂടാതെ പ്രാദേശികമായി 'എന്തൊക്കെയുണ്ട് വർത്തമാനം' എന്ന് കുശലം ചോദിക്കുന്ന പതിവും നമുക്കിടയിലുണ്ട്. വർത്തമാനമെന്ന പദത്തിന് അർത്ഥവിസ്താരം സംഭവിക്കുകയാണ് ചെയ്തത്.

**വികൃതി** - 1) *മാറ്റം*

2) *യദൃച്ഛാ, അസ്വാഭാവികമോ യാദൃച്ഛികമോ ആയ സാഹചര്യം*

3) *രോഗം*

3) *ക്ഷോഭം, കോപം, ദ്വേഷം* (1973 : 827)

*കുസൃതി*യെന്ന അർത്ഥത്തിലാണ് ഈ പദത്തിന് മലയാളത്തിൽ പ്രചാരം. 'വികൃതിക്കുട്ടി' മറ്റുള്ളവരെ ഉപദ്രവിക്കുന്നവനാണ്. വികാരം എന്ന പദവും ഇതേ തരത്തിൽ അർത്ഥമാറ്റം സംഭവിച്ച പദമാണ്. വികൃതിയും, വികാരവും സംസ്കൃതത്തിൽ *മാറ്റം* എന്ന അർത്ഥത്തിലുള്ള പദങ്ങളാണ്. വർണവികാരമെന്നാൽ വർണ

ങ്ങൾക്ക് സംഭവിക്കുന്ന മാറ്റമാണ്. ഈ അർത്ഥങ്ങൾ ഭാഷയിലും നിലനിൽക്കുന്നുണ്ട്. എന്നാൽ *ഭാവവികാരം (Emotion)* എന്ന അർത്ഥം കൂടി വികാരത്തിന് ഭാഷയിലുണ്ട്. വികൃതമെന്ന പദത്തിൽ *മാറ്റ*മെന്ന അർത്ഥം സ്പഷ്ടമാണെങ്കിലും വികൃതിക്ക് *കുസൃതി, ഉപദ്രവം* എന്നീ അർത്ഥങ്ങൾ കൂടി ഭാഷയിൽ കൈവന്നിട്ടുണ്ട്. വികാരവും, വികൃതിയും അർത്ഥവിസ്താരം സംഭവിച്ച പദങ്ങളാണ്.

**വിശേഷം -** 1) *പ്രത്യേകതയുള്ള, സമൃദ്ധമായ, തിരിച്ചറിവ്*
2) *രോഗനിലയിൽ വരുന്ന ഗുണകരമായ രോഗശമനം*
3) *അവയവം, ഇനം*
4) *ശ്രേഷ്ഠത, വ്യക്തിത്വം*
5) *തിലകം*
6) *മറ്റൊരു വാക്കിന്റെ അർത്ഥത്തിൽ വ്യത്യാസം വരുത്തുന്ന വാക്ക്*
(1973 : 855)

സാമാന്യത്തിൽനിന്ന് വ്യത്യസ്തമായതാണ് വിശേഷം. 'വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം' എന്നിടത്ത് *വിശേഷപ്പെട്ട കാര്യങ്ങൾ, വാർത്തകൾ* എന്നെല്ലാമാണ് അർത്ഥം. ഈ അർത്ഥവും സംസ്കൃതവഴിക്കുതന്നെ. എന്നാൽ ഗർഭാവസ്ഥയെക്കുറിക്കാൻ വിശേഷമെന്ന പ്രയോഗം സാധാരണമായിത്തീർന്നിട്ടുണ്ട്. ഈ അർത്ഥത്തിലുള്ള പ്രയോഗം ഒരു ആനുഷംഗികാർത്ഥം സ്വീകരിക്കലാണ് എന്ന ധാരണ വിട്ടുപോയിട്ടില്ല. അത് രൂഢിയായിട്ടില്ല. യഥാർത്ഥത്തിൽ പ്രത്യേകമായതോ കൂടുതലോ കുറവോ ആയ ഗുണം തന്നെയാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. ഈ അർത്ഥത്തിന്റെ നീട്ടിവെക്കലായിത്തന്നെയാണ് *ഗർഭാവസ്ഥയെന്ന* അർത്ഥവും കടന്നുവന്നിട്ടുള്ളത്. വിശേഷമുണ്ടോ എന്ന് ഒരു വിവാഹിതയോട് ചോദിക്കുമ്പോൾ ഗർഭമെന്നാണ് വിവക്ഷ.

**വൃത്തി -** 1) *സ്ഥിതി, നിലനിൽപ്പ്*
2) *വാസം, പ്രത്യേകനിലയിലായിരിക്കൽ*
3) *അവസ്ഥ, നില*

4) *ഗതി, രീതി*

5) *പ്രവൃത്തി, ചലനം*

6) *പെരുമാറ്റം, സ്വഭാവം*

7) *തൊഴിൽ, പണി, ഉദ്യോഗം, (ജീവിതവൃത്തി, നിത്യവൃത്തി)*

8) *ജീവിതമാർഗം, ആദായം കിട്ടാനുള്ള വഴി* (1973 : 867)

*ശുചിത്വം* എന്ന അർത്ഥത്തിൽ നാം വൃത്തി എന്ന് പ്രയോഗിക്കാറുണ്ട്. 'വൃത്തിയുള്ള', 'വൃത്തികേടാക്കുക' എന്നിവ ഉദാഹരണം. സംസ്കൃതത്തിൽ വൃത്തിയ്ക്ക് ഈ അർത്ഥം ഇല്ലതന്നെ. എന്നാൽ *നിലനിൽപ്പ്, തൊഴിൽ* തുടങ്ങിയ അർത്ഥങ്ങളെ മലയാളത്തിലും സ്വീകരിച്ചിട്ടുണ്ട്. നിത്യവൃത്തി, ജീവിതവൃത്തി, എന്നിടത്ത് സംസ്കൃതാർത്ഥം തന്നെയാണുള്ളത്.

സാധു - 1) *നല്ലവൻ, ഗുണവാൻ*

2) *മുനി, യോഗി*

3) *വ്യാപാരി*

4) *ബുദ്ധ-ജൈനസന്യാസി*

5) *പണം കൊടുക്കുന്നവൻ* (1973: 988)

*സന്യാസി* എന്ന അർത്ഥത്തിൽ സാധു എന്ന പ്രയോഗം മലയാളത്തിലുമുണ്ട്. പാവപ്പെട്ടവനെയും അനുകമ്പനീയനെയും നല്ലസ്വഭാവമുള്ളവരെയുമെല്ലാം സാധു എന്ന് പറയാറുണ്ട്. 'അവൻ സാധുവാണ്' എന്ന് പറയുമ്പോൾ അവൻ *സാമ്പത്തിക ശേഷി കുറഞ്ഞവനാണെന്നോ, നല്ലസ്വഭാവമുള്ളവനാണെന്നോ, മറ്റുള്ളവർക്ക് ശല്യം ചെയ്യാത്തവനാണെന്നോ* ഒക്കെ അർത്ഥമാക്കാറുണ്ട്. ചിലപ്പോഴൊക്കെ *കാര്യപ്രാപ്തി കുറഞ്ഞയാൾ* എന്നും അർത്ഥം വരാം. അവ സന്ദർഭം പോലെ സ്വീകരിക്കപ്പെടാം. *സാമ്പത്തികശേഷി കുറഞ്ഞത്* എന്ന അർത്ഥം പിന്നീട് വന്നു ചേർന്നതാണ്. ഈ രാജ്യത്ത് ആദ്യം വന്നത് അഹിംസയിൽ വിശ്വസിച്ചിരുന്ന ബുദ്ധ-ജൈന സന്യാസിമാർ ആയിരുന്നു. അവർ നിരുപദ്രവികളും പരി

ഗ്രഹം ശീലിക്കുന്നവരുമായതിനാൽ സാധുവിന് പിൽക്കാലത്ത് *പാവം* എന്നായി അർത്ഥം സങ്കോചിച്ചു എന്ന് പി.എം. ജോസഫ് അഭിപ്രായപ്പെടുന്നുണ്ട് (1984: 239).

**സംസാരം -** 1) *മാർഗ്ഗം, വഴി*

2) *ലൗകികജീവിതത്തിന്റെ മാർഗ്ഗം, പ്രാപഞ്ചികജീവിതം, ലോകം*

3) *ലോകാന്തരപ്രാപ്തി, പുനർജന്മം, അന്യദേശപ്രാപ്തി*

4) *പ്രപഞ്ചമായ* (1973: 947)

*സംഭാഷണം, വർത്തമാനം* എന്നിവ ഈ പദത്തിന് മലയാളത്തിലുള്ള അധികാർത്ഥങ്ങളാണ്. 'ക്ലാസിൽ സംസാരിക്കരുത്', 'അവളുടെ സംസാരം നന്നായിട്ടുണ്ട്' തുടങ്ങിയ പ്രയോഗങ്ങളിൽ *സംഭാഷണം* എന്ന അർത്ഥംതന്നെ. 'സംസാരമാം സാഗരത്തിൽ അംസാന്തം മുങ്ങൊലാ' എന്ന വരികളിൽ *ലൗകികജീവിത*മെന്ന അർത്ഥമാണ്.

## 2.2. അർത്ഥസങ്കോചം സംഭവിച്ച പദങ്ങൾ

നിരവധി അർത്ഥങ്ങളുള്ള സംസ്കൃതപദത്തിന്റെ ഏതെങ്കിലും ഒരർത്ഥത്തിൽ മാത്രം രൂഢിയായിത്തീർന്ന പദങ്ങളെയാണ് ഈ വിഭാഗത്തിലുൾപ്പെടുത്തിയിരിക്കുന്നത്.

**അദ്ധ്യക്ഷൻ -** 1) *ഒരു കാര്യത്തിൽ പ്രത്യേകാധികാരം ലഭിച്ച*

2) *പ്രത്യക്ഷമായിട്ടുള്ള, കാണപ്പെടുന്ന* (1973: 30)

*മുഖ്യവ്യക്തി, യജമാനൻ, അധികാരി, പ്രധാനി* എന്നീ അർത്ഥങ്ങളിൽ ഈ പദം പ്രയോഗിച്ചിരുന്നു. 'വാരണാദ്ധ്യക്ഷന്മാർ', 'ധനാദ്ധ്യക്ഷന്മാർ' എന്നീ പ്രയോഗങ്ങൾ പ്രാചീനകൃതികളിലുണ്ട്. അദ്ധ്യക്ഷന് *ദൃക്സാക്ഷി* (*Visible dear to eye, overseer*) എന്ന അർത്ഥം ഗുണ്ടർട്ട്നിഘണ്ടുവിലും നൽകിയിട്ടുണ്ട് (1962: 50).

അദ്ധ്യക്ഷൻ എന്ന പദത്തിന് *ദൃക്സാക്ഷി* എന്ന അർത്ഥം ഭാഷയിൽ പ്രയോഗത്തിലില്ല. എന്നാൽ *സഭാപതി, ഭരണവകുപ്പിന്റെ തലവൻ* എന്നീ അർത്ഥ

ങ്ങളിൽ ഈ പദം ഉപയോഗിക്കപ്പെടുന്നുണ്ട്. 'വകുപ്പദ്ധ്യക്ഷൻ' എന്നിടത്ത് *അധി കാരി* എന്ന അർത്ഥവും കാണാം. ഇന്ത്യൻഭാഷകളിൽ ഈ അർത്ഥമാറ്റം പൊതുവേ ഉണ്ട്.

**അവതരണം** -1) *കളിക്കാൻ വെള്ളത്തിലിറങ്ങൽ, കൽപ്പടവ് ഇറങ്ങിവരൽ*

2) *അവതാരം, പെട്ടെന്ന് പ്രത്യക്ഷമാകൽ*

3) *പുണ്യതീർത്ഥം*

4) *ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേയ്ക്ക് തർജ്ജമ ചെയ്യൽ, ആമുഖം, ഉദാഹരണം* (1973: 103)

രണ്ടാമത്തെ അർത്ഥത്തെയാണ് മലയാളത്തിലേക്ക് സ്വീകരിച്ചിട്ടുള്ളത്. വിഷ്ണുവിന്റെ അവതാരം എന്നിടത്ത് *അവതരിക്കുക* എന്ന അർത്ഥമുണ്ട്. എന്നാൽ അവതരണം എന്നത് ക്രിയാനാമമായിത്തീർന്നു. *അവതരിപ്പിക്കൽ* എന്ന തായി അവതരണത്തിനർത്ഥം. *സദസ്യരുടെമുമ്പിൽപ്രദർശിപ്പിക്കുക* എന്ന അർത്ഥ ത്തിലാണ് അവതരണം എന്ന പദം പ്രയോഗിക്കപ്പെടുന്നത്.

**അവശ** - 1) *സ്വതന്ത്രമായ, അനുസരണമില്ലാത്ത, കീഴ്പ്പെടാത്ത*

2) *ശക്തിഹീനമായ, കാമാദികളെക്കൊണ്ടു പരവശയായ* (1973: 107).

അവശയെന്ന പദത്തിന് *ക്ഷീണിച്ച, ശക്തിയില്ലാത്ത* എന്നീ അർത്ഥങ്ങളാണ് മലയാളത്തിലുള്ളത്. *സ്വതന്ത്രമായ, അനുസരണമില്ലാത്ത* എന്നീ അർത്ഥങ്ങളിൽ പ്രയോഗമില്ല.

**അഹി** - 1) *പാമ്പ്*

2) *സൂര്യൻ*

3) *രാഹു*

4) *വൃത്രാസുരൻ*

5) *മേഘം*

6) *ദുഷ്ടൻ*

7) *തെമ്മാടി, വഴിപോക്കൻ*

8) *ഈയം*

9) *ആയില്യം* (1973: 127)

സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് സ്വീകരിക്കപ്പെട്ടപ്പോൾ അർത്ഥസങ്കോചം സംഭവിച്ച പദമാണ് അഹി. *പാമ്പ്* എന്ന അർത്ഥത്തിലാണ് ഈ പദത്തിന്റെ പ്രയോഗം. ഗുണ്ടർട്ട്നിഘണ്ടുവിൽ *പാമ്പ്* എന്ന ഒരു അർത്ഥം മാത്രമേ നൽകിയിട്ടുള്ളൂ. എഴുത്തച്ഛന്റെ കൃതികളിലും 'അഹി' *പാമ്പ്* തന്നെ. ശബ്ദതാരാവലിയിൽ സംസ്കൃതാർത്ഥങ്ങളെ അതേപടി ആവർത്തിച്ചിട്ടുണ്ടെങ്കിലും പ്രയോഗത്തിൽ *പാമ്പ്* എന്ന അർത്ഥം മാത്രമേ ഭാഷയിലുള്ളൂ. വരമൊഴിയിൽ, വിശേഷിച്ചും കവിതയിൽ മാത്രമേ ഈ പദം പ്രയോഗിക്കാറുള്ളൂവെങ്കിലും അർത്ഥനിയന്ത്രണം ശ്രദ്ധേയമാണ്.

**ആഡംബരം**

ആഡംബരം എന്ന പദത്തിന് സംസ്കൃതത്തിൽ ധാരാളം അർത്ഥങ്ങളുണ്ട്. *ഗംഭീരശബ്ദം, ആനയുടെ നിലവിളി, ബാഹ്യമോടി, മിഥ്യായോജനം, യുദ്ധരംഗത്തുപയോഗിക്കുന്ന വലിയ ചെണ്ട, പടഹം, അഹങ്കാരം, കോപം, വികാരാവേശം, കോലാഹലം, വാദ്യഘോഷം* എന്നിവയെല്ലാം ആഡംബരത്തിന്റെ അർത്ഥങ്ങളാണ് (1973:134). 'ആഡംബരം കാണിക്കുക' എന്നാൽ മലയാളത്തിൽ ആർഭാടം കാണിക്കലാണ്. ആഡംബരം കാണിക്കുന്നതിനു വേണ്ടിയാണ് പലപ്പോഴും നാം മുൻപറഞ്ഞ കാര്യങ്ങളെല്ലാം ചെയ്യുന്നത്.

ആഡംബരത്തിന് സംസ്കൃത-മലയാളനിഘണ്ടുവിലുള്ള അർത്ഥങ്ങൾ ശബ്ദതാരാവലിയിലും കാണുന്നുണ്ടെങ്കിലും അദ്ദേഹം നൽകിയ ഉദാഹരണവാക്യം ഈ പദത്തെ കൃത്യമായി നിർവ്വചിക്കുന്നു. ഇതേ അർത്ഥംതന്നെയാണ് മലയാളത്തിലെ ആഡംബരത്തിനുള്ളത്. ''നിത്യവും ആഹാരം വേണമെന്നത് ആവശ്യം. അതിന് സദ്യയുടെ വട്ടങ്ങൾ വേണമെന്നത് ആഡംബരം'' (2015: 259).

**ആസ്പദം -** 1) *സ്ഥലം, രംഗം, ഇരിപ്പിടം, മുറി*

2) *വാസസ്ഥലം, വിഷയം, പാത്രം*

3) *പദവി, നില, സ്ഥാനം*

4) *പ്രൗഢി, അധികാരം, ഉദ്യോഗം*

5) *വ്യവസായം, തൊഴിൽ*

6) *ഊന്ന്, ആശ്രയം* (1973: 156)

ആസ്പദമെന്ന പദത്തിന് സംസ്കൃതത്തിലുള്ള നിരവധി അർത്ഥങ്ങളിൽ ഒടുവിൽ നൽകിയ അർത്ഥം മാത്രമാണ് മലയാളത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. *ആധാരം, ആശ്രയം, താങ്ങ്, കാരണം* എന്നീ അർത്ഥങ്ങളിലാണ് മലയാളത്തിൽ ഈ പദം ഉപയോഗിക്കപ്പെടുന്നത്. *സ്ഥാനം, ഇരപ്പിടം* എന്നീ അർത്ഥങ്ങളും ശബ്ദ താരാവലിയിൽ നൽകിയിട്ടുണ്ട് (2015: 296).

**ഐശ്വര്യം -** 1) *പരമാധികാരം, സാർവ്വഭൗമത്വം*

2) *ശക്തി, അധികാരം*

3) *അധീശഭേദം*

4) *സമൃദ്ധി*

5) *സർവ്വവ്യാപിത്വം* (1973: 213)

ധനം, മാനം, ശ്രീ എന്നിവയുള്ള അവസ്ഥയ്ക്കാണ് ഐശ്വര്യം എന്ന് പറയുന്നത്. *സമ്പത്ത്, ശുഭം, ധനം, മാനം എന്നിവയുള്ള അവസ്ഥ* എന്നാണ് ശബ്ദതാരാവലിയിൽ ഈ പദത്തിന് നൽകിയിട്ടുള്ള അർത്ഥം. ഐശ്വര്യത്തിന് *ഈശ്വരഭാവം,* പര *മാധിപത്യം, അധികാരം, ശക്തി, ധനസമൃദ്ധി,* എന്ന് അർത്ഥവികാസം സംഭവിച്ചിട്ടുണ്ടെന്നും പത്മനാഭപിള്ള രേഖപ്പെടുത്തിയിട്ടുണ്ട് (2015:429). എന്നാൽ ഈ അർത്ഥങ്ങൾ ഈ പദത്തിന് സംസ്കൃതത്തിൽ ഉള്ളതുതന്നെയാണ്. അവയ്ക്കു പകരം *ശ്രീ, ധനസമൃദ്ധി, ശുഭം* എന്നീ അർത്ഥങ്ങളിലേക്ക് മാറുകയാണുണ്ടായത്. *സമൃദ്ധി/ശ്രീ* എന്ന അർത്ഥത്തിലാണ് ഭാഷയിൽ ഈ പദത്തിന് വ്യവഹാരമുള്ളത്.

**കലം -** 1) *ഒരു തരം മൺപാത്രം (മൺകലം)*

2) *ഒരു ധാന്യ അളവ്*

3) *കപ്പൽ, തോണി (കലമോടുമവരൾ - കപ്പലോട്ടക്കാർ)*

*കലമറുക്കുക - കപ്പലുകൾ നശിപ്പിക്കുക*

*(കാന്തളൂർശാലൈ കലമറുപ്പ് പ്രസിദ്ധം)*

4) *ആഭരണം, രേവതി നക്ഷത്രം, ഇല, സ്ഥാനം* (2015: 505)

ഭക്ഷണം പാകം ചെയ്യുന്നതിനുവേണ്ടിയുള്ള പാത്രത്തിനാണ് കലം എന്ന് പറയുന്നത്. കലത്തിന് *ഒരു അളവ്* എന്ന അർത്ഥമുണ്ടായിരുന്നു. 'മലയാള ഗദ്യം വികാസവും പരിണാമവും' എന്ന കൃതിയിൽ ഇതേക്കുറിച്ചുള്ള പരാമർശമുണ്ട്. ''ക്ഷേത്രത്തിൽ ഒരാണ്ടിൽ ഇരുപതും ഇരുപത്തഞ്ചും കലം വിതയ്ക്കാവുന്ന ഭൂമി ശാസനം വഴി നൽകിയിരിക്കുന്നതിന്റെ തെളിവുകളുണ്ട്. കൂടാതെ ഗ്രാമത്തിലെ തന്നെ പത്ത് കലം വിതയ്ക്കാവുന്ന നിലവും രണ്ട് പുരയിടങ്ങളും അമ്പലത്തിലെ ചെലവുകൾക്കായി നീക്കിവെച്ചിരിക്കുന്നതിനെക്കുറിച്ചും ശാസനത്തിൽ പ്രതിപാദിക്കുന്നു'' (ഫബീന, 2016: 16). 'വാഴപ്പള്ളിശാസന'ത്തിലാണ് കലത്തിന് *അളവ്* എന്ന അർത്ഥമുണ്ടായിരുന്നത്. കലംപാട് എന്നാൽ ഒരു കലം വിത്ത് വിതയ്ക്കാവുന്ന ഇടമായിരുന്നു.

കൊല്ലം 255 (1079) കന്നി 19-ാം തിയ്യതി പെരുന്നയിൽ ക്ഷേത്രത്തിൽ കൊത്തി വെച്ചിട്ടുള്ള ഒരു ശാസനത്തെക്കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള 'കേരള ഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ ശാസനത്തിലും 'കലം' അളവിനെക്കുറിക്കുന്നു. ''ഇത്തിരുനാൾക്കണത്താർക്കു ഞാവൽക്കാട്ടു എതിരൻ കവിരൻ കളത്തിനാലൊടിയാകിന്റ പൂമി ഇരുന്നൂറ്റുക്കലത്തിന്മേലും, മുഞ്ഞുനാടുടൈയ ആതിച്ചൻ കോതൈക്കും എതിരൻ കവിരൻ കൊടുത്ത നെൽ ആയിരം പറൈയും വിറ്റിരട്ടിച്ച ഇരായിരം പറൈനെല്ലും ആട്ടാണ്ടും കന്നി ഞായിറ്റോറും ആയിരം പിരാമ്മണരൈ അമിർതു ചെയ്യിപ്പതാക തിരുനാൾക്കണത്താർ പൊതുവാൾ കൈയിൽ അട്ടികൊടുത്താൻ എതിരൻ കവിരൻ'' (1962: 81).

ഇതിന്റെ വിശദീകരണത്തിൽ അദ്ദേഹം കലത്തിന്റെ അളവ് '6 മരയ്ക്കാൻ' ആണ് എന്ന് വിശദമാക്കുന്നുണ്ട്.

കലശം എന്ന സംസ്കൃതപദത്തിൽ നിന്നാണ് കലം എന്ന പദത്തിന്റെ സ്വീകരണം. കലശത്തിന് *മൺകുടം, ജലപാത്രം* എന്നിങ്ങനെ അർത്ഥങ്ങൾ. ക്ഷേത്രത്തിൽ നടത്തുന്ന ആചാരത്തെയും കലശം എന്നുപറയും. കലം മൺപാത്ര വും. എന്നാൽ മൺപാത്രത്തിനു പുറമെ ലോഹങ്ങൾ കൊണ്ടുണ്ടാക്കിയ പാത്രങ്ങ ളെയും കലമെന്ന് വ്യവഹരിക്കപ്പെടുന്നുണ്ട്. ചെമ്പ്, അലുമിനിയം എന്നിവ കൊണ്ടുണ്ടാക്കിയ പാത്രങ്ങളും കലം തന്നെ.

**കല്യാണം -** 1) *സൗഭാഗ്യം, ആനന്ദം, നൻമ, സമൃദ്ധി, മംഗളം*

2) *ഗുണം*

3) *ഉത്സവം*

4) *സ്വർണ്ണം*

5) *സ്വർഗ്ഗം* (1973: 238)

സംസ്കൃതത്തിൽ മംഗളകരമായ എല്ലാറ്റിനെയും കുറിക്കാൻ കല്യാണം എന്ന് പ്രയോഗിക്കാറുണ്ട്. മലയാളത്തിൽ നാം *വിവാഹം* എന്ന അർത്ഥത്തിലാണ് 'കല്യാണം' എന്ന പദം ഉപയോഗിക്കുന്നത്. വിവാഹം മംഗളകരമായ കാര്യംതന്നെ യാണ്. എന്നാൽ മറ്റു സന്തോഷകരമായ കാര്യങ്ങളെ കല്യാണമെന്ന് നാം പറയു ന്നില്ല. എഴുത്തച്ഛൻ 'അദ്ധ്യാത്മരാമായണ'ത്തിൽ 'കല്യാണമിതുമൂലം വന്നു കൂടു മല്ലോ' എന്ന് പ്രയോഗിച്ചത് രണ്ടർത്ഥത്തിലുമാണ്. എന്നാൽ ഇന്ന് *വിവാഹം* എന്ന തിൽ ഉറച്ചു പോയിരിക്കുന്നു ഈ പദം.

**തന്ത്രം** - 1) *നെയ്ത്തുതറി*

2) *നൂൽ*

3) *വസ്ത്രം നെയ്യുന്നതിനുള്ള പാവ്*

4) *ഭാവി തലമുറ*

5) *രൂപരേഖ*

6) *അവിച്ഛിന്നമായ പരമ്പര*

7) *മുഖ്യവിഷയം*

8) *മുഖ്യമായ സിദ്ധാന്തം*

9) *പരാധീനത*

10) *വൈജ്ഞാനികകൃതി*

11) *അധ്യായം*

12) *തന്ത്രസംഹിത*

13) *ഒന്നിൽകൂടുതൽ കാര്യങ്ങളുടെ കാരണം*

14) *മന്ത്രവിദ്യ*

15) *മുഖ്യോപചാരം*

16) *മരുന്നുകൾ*

17) *ശപഥം*

18) *വേഷഭൂഷ*

19) *പ്രവൃത്തിക്കേണ്ട ശരിയായ രീതി*

20) *രാജാവിന്റെ അനുചരവർഗം*

21) *സർക്കാർ ഭരണം*

22) *സൈന്യം*

23) *കൂട്ടം*

24) *വീട്*

25) *അലങ്കാരം*

26) *സമ്പത്ത്*

27) *പ്രസന്നത* (1973: 366)

*ദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനും അമാനുഷിക ശക്തി ലഭിക്കുന്നതിനും മറ്റുമുള്ള മന്ത്രവർണനം* എന്ന അർത്ഥത്തിലാണ് 'തന്ത്രം' എന്ന പദത്തിന് മലയാളത്തിൽ പ്രചാരം. *കൗശലം, സൂത്രം, ഉപായം* എന്നീ അർത്ഥങ്ങളുമുണ്ട്. 'ചാണക്യതന്ത്രം' എന്ന പദം ഉദാഹരണം.

**ധിഷണ** - 1) *പ്രസംഗം*

2) *സ്തുതി, പ്രശംസ*

3) *ധാരണ, ബുദ്ധിശക്തി*

4) *ഭൂമി*

5) *പാത്രം* (1973: 428)

*ബുദ്ധി* എന്ന ഒരേ ഒരു അർത്ഥത്തിൽ മാത്രം ഭാഷയിൽ ധിഷണ പ്രയോഗിക്കപ്പെടുന്നു. *പ്രശംസ, ഭൂമി, പാത്രം* എന്നീ അർത്ഥങ്ങളെ നിരാകരിക്കപ്പെട്ടതിനാൽ അർത്ഥസങ്കോചം സംഭവിച്ച പദമാണ് ധിഷണ.

**പത്രം** - 1) *ഇല*

2) *പുഷ്പദളം, താമരയില*

3) *എഴുത്തോല, കടലാസ്, എഴുത്ത്, പ്രമാണം*

4) *ഘനം കുറഞ്ഞലോഹത്തകിട്*

5) *പക്ഷിയുടെ ചിറക്*

6) *അമ്പിന്റെ തൂവൽ*

7) *വാഹനം*

8) *ചന്ദനാദി സുഗന്ധവസ്തുക്കളുടെ ലേപനം*

9) *വാളിന്റെയോ കത്തിയുടെയോ അലക്* (1973: 489)

*ഇല, ഓല, എഴുത്തോല, ചിറക്* എന്നീ അർത്ഥങ്ങൾ ഈ പദത്തിൽ നിലനിൽക്കുന്നുണ്ടെങ്കിലും *ദിനപ്പത്രം* എന്ന അർത്ഥത്തിനാണ് പ്രാമുഖ്യം. 'ഇന്ന് പത്രം വന്നോ' എന്ന ചോദ്യത്തിൽ *ദിനപ്പത്ര*മെന്നാണ് വിവക്ഷ. 'പത്രാധിപർ', 'പത്രവാർത്ത' തുടങ്ങി നിരവധി പ്രയോഗങ്ങൾ മലയാളത്തിലുണ്ട്. ആയുർവ്വേദരംഗത്ത് *ഇല* എന്ന അർത്ഥത്തിലാണ് പ്രസക്തി. താലീസപത്രം എന്നിടത്ത് താലീസത്തിന്റെ ഇലയാണ്. പത്രത്തിന് *ദിനപ്പത്രം* എന്ന അർത്ഥം മുഖ്യമായി വന്നിട്ടുണ്ടെങ്കിലും നിഘണ്ടുക്കളിൽ നൽകിയ ആദ്യ അർത്ഥം *ഇല* തന്നെയാണ്.

**ഭാണ്ഡം -** 1) *പാത്രം, കലം, ചട്ടി*

2) *പെട്ടി, പെട്ടകം*

3) *ഉപകരണം, ആയുധം*

4) *സംഗീതോപകരണം*

5) *വസ്തുക്കൾ, സാധനങ്ങൾ, കച്ചവടസാധനങ്ങൾ*

6) *സാധനങ്ങളുടെ കെട്ട്*

7) *നിധി, സമ്പാദ്യം*

8) *നദീതടം*

9) *കുതിരക്കോപ്പ്*

10) *വിദൂഷകത്വം*

11) *ഹാസ്യാനുകരണം* (1973 : 648)

ഭാണ്ഡത്തിന് സംസ്കൃതത്തിൽ *കുടം, പാത്രം* എന്നീ അർത്ഥങ്ങളാണെന്നും മലയാളത്തിൽ സാധനങ്ങൾ കൂട്ടിപ്പൊതിഞ്ഞതാണ് ഭാണ്ഡമെന്നും പി. എം. ജോസഫും അഭിപ്രായപ്പെടുന്നുണ്ട് (1984: 233). *സാധനങ്ങളുടെ കെട്ട്* എന്ന അർത്ഥം സംസ്കൃത-മലയാളനിഘണ്ടുവിലും നൽകിയിട്ടുണ്ട്. മലയാളത്തിൽ ഭാണ്ഡത്തിന് *മാറാപ്പ്* എന്ന അർത്ഥമാണുള്ളതെന്ന് ശബ്ദതാരാവലിയിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. 'ഭാണ്ഡം കെട്ടുക' എന്ന ശൈലിക്ക് *സ്ഥലം വിടുക* എന്നും 'ഭാണ്ഡമെടുപ്പിക്കുക' എന്നതിന് *പിച്ചയെടുപ്പിക്കുക* എന്നുമാണർത്ഥമെന്നും സൂചിപ്പിച്ചിട്ടുണ്ട് (2015 :1345). *മാറാപ്പ്* എന്ന അർത്ഥത്തിന് മാത്രമാണ് മലയാളത്തിൽ പ്രസക്തിയും പ്രയോഗവുമുള്ളത്.

**മംഗലം -** 1) *ശുഭമായ, ഭാഗ്യകരമായ, മംഗളകാരിയായ*

2) *ശ്രേയസ്കരമായ*

3) *ആനന്ദം, ക്ഷേമം*

4) *ആശിർവ്വാദം, അനുഗ്രഹം* (1973:670)

മംഗളകരമായ എല്ലാ പ്രവൃത്തികളെയും 'മംഗലം' എന്ന് ഇന്ന് പ്രയോഗിക്കപ്പെടുന്നില്ല. *വിവാഹം* എന്ന അർത്ഥത്തിൽ ഈ പദത്തിന്റെ അർത്ഥം ചുരുങ്ങിയി

രിക്കുന്നു. 'മംഗലം' (വടക്കൻകേരളം) പ്രാദേശികഭേദം കൂടിയാണ്. വിവാഹത്തെ ക്കുറിക്കാൻ 'മംഗലം കഴിക്കുക' എന്ന് വടക്കൻകേരളത്തിൽ പ്രയോഗിക്കാറുമുണ്ട്. പ്രാദേശികഭേദത്തിൽ മാത്രം പ്രയോഗത്തിലിരുന്ന ഈ അർത്ഥം സാർവ്വത്രിക മായി ഉപയോഗിക്കപ്പെടുകയാണുണ്ടായത്.

**മാനസിക -** *മനസ്സിൽനിന്നുത്ഭവിച്ച, മനസ്സിനെ സംബന്ധിച്ച, ആത്മീയമായ* (1973: 796)

*മനസ്സിനെ സംബന്ധിച്ച* എന്നുതന്നെയാണ് മാനസിക എന്ന പദത്തിന് ശബ്ദതാരാവലിയിലെയും അർത്ഥം. എന്നാൽ മാനസികം അസുഖമാണ്. *ഭ്രാന്ത്* എന്ന അർത്ഥത്തിലാണ് മാനസികം എന്ന പദത്തിന് പ്രചാരം. മാനസികരോഗം എന്നതിനെ ചുരുക്കി 'മാനസികം' എന്ന് മാത്രം പ്രയോഗിക്കാറുണ്ട്. 'അവന് മാന സികമാണ്' എന്ന് പറയുമ്പോൾ *ഭ്രാന്ത്* എന്നാണ് വിവക്ഷ. ഇംഗ്ലീഷിൽ വാമൊഴി യായി Mental disorder എന്നതിന് Mental എന്നുമാത്രം പറയുന്നു. ഇതേ രീതിത ന്നെയാണ് ഭാഷയിലും സ്വീകരിക്കപ്പെട്ടത്.

**വാർത്ത** - 1) *വാസം*
2) *ചെയ്തികൾ, വൃത്താന്തം*
3) *ഉപജീവനമാർഗ്ഗം*
4) *കൃഷി*
5) *വഴുതനച്ചെടി* (1973 : 822)

*വൃത്താന്തം* എന്ന അർത്ഥത്തിൽ മലയാളത്തിൽ ഈ പദം രൂഢിയായി ത്തീർന്നു. മറ്റർത്ഥങ്ങൾ മലയാളത്തിലേക്ക് സ്വീകരിക്കപ്പെട്ടിട്ടില്ല. അതിനാൽ ഭാഷ യിൽ അർത്ഥസങ്കോചം വന്ന പദമാണിത്.

**വ്യവസായം** - 1) *പ്രയത്നം, ഊർജ്ജം, ശക്തി*
2) *തീരുമാനം, നിശ്ചയം*
3) *പ്രവൃത്തിനിർവ്വഹണം*

4) *തൊഴിൽ, വാണിജ്യം*

5) *പെരുമാറ്റം, സ്വഭാവം*

6) *പദ്ധതി, ഉപായം*

7) *വീമ്പിളക്കൽ* (1973 : 882)

വ്യവസായമെന്ന പദത്തിന് *നിശ്ചയദാർഢ്യമുള്ള, പരിശ്രമശീലമുള്ള, ശക്തി യുള്ള* എന്നീ അർത്ഥങ്ങളും സംസ്കൃതത്തിലുണ്ട്. അസംസ്കൃതവസ്തുക്കൾ ഉപ യോഗിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നതാണ് വ്യവസായം. 'കുടിൽവ്യവ സായം' ഉദാഹരണം. വ്യവസായം (Industry) നടത്തുന്നയാളാണ് ഭാഷയിൽ വ്യവ സായി. സംസ്കൃതത്തിലെ *ഉദ്യമം* എന്ന അർത്ഥം മലയാളത്തിൽ ഈ പദത്തിനി ല്ല. വ്യവസായം നടത്തുന്നയാളെ സംസ്കൃതത്തിൽ *വ്യവഹാരി* എന്ന് വിളിക്കുന്നു. സംസ്കൃത-മലയാളനിഘണ്ടുവിൽ വ്യവഹാരി എന്ന പദത്തിന്റെ അർത്ഥം *വ്യവ സായം നടത്തുന്ന* എന്നാണ് (1973 : 883).

**ശുശ്രൂഷ -** 1) *ശ്രവിക്കുന്നതിനുള്ള ആഗ്രഹം*

2) *സേവനം, ശുശ്രൂഷ*

3) *കർത്തവ്യപാലനം, അനുസരണ*

4) *ബഹുമാനം*

5) *പറച്ചിൽ* (1973: 922)

*ശ്രവിക്കുന്നതിനുള്ള ആഗ്രഹം* എന്നതാണ് ശുശ്രൂഷയുടെ പ്രധാന അർത്ഥം. ഈ അർത്ഥം മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നില്ല. എന്നാൽ സേവനം ചെയ്യാനുള്ള ആഗ്രഹം എന്നതിൽനിന്നും ഉണ്ടായ *പരിചരണം* എന്ന അർത്ഥത്തിലാണ് ഈ പദം മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത്. *സേവനം, പരി ചരണം* എന്നീ അർത്ഥത്തിലേക്ക് ഭാഷയിൽ ഈ പദം സങ്കോചിച്ചു.

**സജ്ജനം -** 1) *കെട്ടൽ*

2) *വസ്ത്രം ധരിക്കൽ*

3) *തയ്യാറാകൽ, സജ്ജീകരിക്കൽ*

4) *കാവൽക്കാരൻ, രക്ഷാപുരുഷൻ*

5) *കടത്തുകടവ്*

6) *നല്ലവൻ* (1973:955)

'സജ്ജാ' എന്നതിന് *വസ്ത്രം, അലങ്കാരം* എന്നീ അർത്ഥങ്ങളും സംസ്കൃതത്തിലുണ്ട്. 'സജ്ജീകരണം' എന്നതിനെ *തയ്യാറാക്കുക* എന്ന അർത്ഥത്തിൽ ഭാഷയിലേക്ക് സ്വീകരിച്ചിട്ടുണ്ട്. 'സജ്ജമാകുക' എന്ന പ്രയോഗവും സംസ്കൃതാർത്ഥത്തിൽ മലയാളത്തിലുണ്ടെങ്കിലും സജ്ജനം എന്നത് *നല്ലജനം, നല്ലവൻ* എന്നീ അർത്ഥത്തിൽ മാത്രം പ്രയോഗിക്കപ്പെടുന്നു. സത്ജനം എന്ന രീതിയിലാണ് ഈ പദം ഭാഷയിലേക്ക് കടന്നുവന്നത്.

**സ്നേഹം -** 1) *പ്രിയം, ഇഷ്ടം*

2) *എണ്ണമയം*

3) *ഈർപ്പം*

4) *എണ്ണപോലെയിരിക്കുന്ന വസ്തു*

5) *ശുക്ലം* (1973: 1035)

*ഇഷ്ടം പ്രിയം, പ്രേമം* എന്നീ അർത്ഥങ്ങളിലാണ് മലയാളത്തിലുള്ള പ്രയോഗങ്ങൾ. 'സ്നേഹമാണഖിലസാരമൂഴിയിൽ', 'സ്നേഹിക്കുക', 'സ്നേഹസമ്പന്നൻ', 'സ്നേഹിതൻ' തുടങ്ങിയവ ഉദാഹരണം. എന്നാൽ വരമൊഴിയിൽ മാത്രമുള്ള സ്നിഗ്ധത എന്ന പദത്തിന് *പ്രിയം* എന്ന അർത്ഥത്തിലും *എണ്ണമയം* എന്ന അർത്ഥത്തിലും പ്രയോഗമുണ്ട്.

### 2.3. അർത്ഥാദേശം സംഭവിച്ച പദങ്ങൾ

സംസ്കൃതത്തിൽ പ്രയോഗത്തിലുള്ള അർത്ഥങ്ങളെ സ്വീകരിക്കാതെ അതുമായി ബന്ധമുള്ളതോ തീർത്തും വ്യത്യസ്തമായതോ ആയി മലയാളത്തിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങളെയാണ് ഈ വിഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ളത്.

**അനുവാദം-** 1) *അനുസരണം, ആവർത്തിച്ചുപറയൽ*

2) *സിദ്ധമായ താത്പര്യം പ്രദർശിപ്പിക്കൽ*

3) *വ്യാഖ്യാനിക്കൽ, വിവർത്തനം ചെയ്യൽ* (1973: 44)

*ആവർത്തനം, പരാവർത്തനം, വിവർത്തനം* എന്നീ അർത്ഥങ്ങളാണ് അനുവാദത്തിന് സംസ്കൃതത്തിലുള്ളത്. ഹിന്ദിയിലും അനുവാദത്തിന് *വിവർത്തനം* എന്ന അർത്ഥം തന്നെ. എന്നാൽ *അനുമതി, സമ്മതം* എന്നീ അർത്ഥത്തിലാണ് അനുവാദം മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത്. 'അനുവാദമില്ലാതെ അകത്ത് കടക്കരുത്', 'മൗനാനുവാദം', 'അനുവദനീയമല്ല' എന്നീ പ്രയോഗങ്ങളിൽ *സമ്മതം* എന്നാണർത്ഥം. സംസ്കൃതത്തിൽ ഈ പദത്തിനുള്ള അർത്ഥങ്ങളൊന്നും മലയാളത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ അനുവാദം അർത്ഥാദേശം സംഭവിച്ച പദമാണ്. ഒരു പക്ഷേ അനുമതിയുമായി കൂടിക്കുഴഞ്ഞുപോയതകാം.

**അന്തി**

സന്ധ്യയെന്ന പദത്തിന്റെ തത്ഭവമാണ് അന്തി. സന്ധ്യാസമയത്തെക്കുറിക്കാൻ വേണ്ടിയാണ് ആ പദം ഉപയോഗിച്ചിരുന്നതും. എന്നാൽ സന്ധ്യാസമയത്തെക്കുറിക്കാൻ മോന്തി എന്ന് (മൂവന്തി) പ്രയോഗിച്ചു തുടങ്ങി. പിന്നീട് മോന്തി സന്ധ്യയെയും അന്തി രാത്രിയെയും കുറിക്കാൻ ഉപയോഗിച്ചു. നിഘണ്ടുക്കളിൽ ഈ പദത്തിന് നൽകിയിട്ടുള്ള അർത്ഥം സന്ധ്യാസമയം എന്നുതന്നെയാണ്.

അന്തിയ്ക്ക് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് *സന്ധ്യ* എന്നു തന്നെ. എന്നാൽ അന്തിയായി എന്നിടത്ത് *Its too late* എന്ന് അർത്ഥം നൽകിയിട്ടുമുണ്ട് (1962: 57). ശബ്ദതാരാവലിയിലും ഈ പദത്തിന് *സന്ധ്യാസമയം* എന്നർത്ഥം നൽകിയിരിക്കുന്നു. സന്ധ്യയ്ക്ക് കത്തിക്കുന്ന വിളക്കിനെ അന്തിത്തിരി എന്നും പരാമർശിച്ചിരിക്കുന്നു (2015: 137). ഭാഷയിൽ അന്തി രാത്രിയും മോന്തി സന്ധ്യയുമാണ്. പ്രാദേശിക ഭേദത്തിൽ സന്ധ്യയെ വൈകുന്നേരമായും അന്തിയെ രാത്രിയായും പരാമർശിക്കാറുണ്ട്.

**അപൂർവ്വം** - 1) *മുൻപുണ്ടായിട്ടില്ലാത്ത, പുതിയ*

2) *അസാധാരണമായ, വിശേഷമായ*

3) *ചുരുക്കമായ, അറിഞ്ഞിട്ടില്ലാത്ത* (1973: 64)

പൂർവ്വം എന്ന പദത്തിന് *മുൻപ്* എന്ന അർത്ഥമുള്ളതുകൊണ്ട് അപൂർവ്വത്തിന് *മുൻപുണ്ടായിട്ടില്ലാത്ത* എന്ന അർത്ഥമാണ് സംസ്കൃതത്തിൽ സ്വീകാര്യമായിട്ടുള്ളത്. പൂർവ്വത്തിന് *കിഴക്ക്* എന്നൊരർത്ഥമുള്ളതിനാൽ *കിഴക്കേതല്ലാത്തത്* എന്ന അധികാർത്ഥം ശബ്ദതാരാവലിയിൽ ഈ പദത്തിന് നൽകിയിട്ടുണ്ട്. എന്നാൽ അപൂർവ്വത്തിന് *വല്ലപ്പോഴും, അസാധാരണം* എന്നീ അർത്ഥങ്ങളാണിന്നുള്ളത്. 'ആ ജീവിയെ അപൂർവ്വമായിട്ടേ കാണാറുള്ളൂ'. 'അവൻ അപൂർവ്വമായേ കരയാറുള്ളൂ' തുടങ്ങിയ ഉദാഹരണങ്ങളിൽ *വല്ലപ്പോഴും* എന്ന അർത്ഥമാണുള്ളത്.

**അബദ്ധം** - *കെട്ടപ്പെടാത്ത, സ്വാതന്ത്ര്യമുള്ള, തെറ്റായ, അർത്ഥമില്ലാത്ത* (1973: 68)

*തെറ്റ്* എന്ന അർത്ഥത്തെ മലയാളത്തിൽ സ്വീകരിക്കപ്പെട്ടു. *കെട്ടപ്പെടാത്ത* എന്ന അർത്ഥത്തിൽ സംസ്കൃതത്തിൽ ഈ പദം ഉപയോഗിച്ചിരുന്നു. *തെറ്റ്* എന്നതിൽക്കവിഞ്ഞ് *വിഡ്ഢിത്തം* അഥവാ *അമളി* എന്ന അർത്ഥത്തിലാണ് ഇന്ന് മലയാളത്തിൽ അബദ്ധം പ്രയോഗിക്കപ്പെടുന്നത്. 'എനിക്കൊരബദ്ധം പറ്റി' എന്ന് പറയുമ്പോൾ *വിഡ്ഢിത്തം* എന്നാണുദ്ദേശിക്കുന്നത്.

**അംശം**

*ഭാഗം, ഒന്നിന്റെ പലഭാഗങ്ങളിൽ ഒന്ന്, വിഭാഗം* എന്നീ അർത്ഥത്തിലാണ് സംസ്കൃതത്തിൽ ഈ പദം ഉപയോഗിക്കുന്നത്. *പങ്ക്, ഓഹരി, ഭിന്നസംഖ്യ, ഭിന്നസംഖ്യയിലെ ഛേദം* തുടങ്ങിയ അർത്ഥങ്ങളിൽ ഈ പദം മലയാളത്തിലും പ്രയോഗത്തിലുണ്ട്. എന്നാൽ താലൂക്കിന്റെ ഒരു ഭാഗം എന്ന രീതിയിൽ റവന്യൂഭരണത്തിനുവേണ്ടി ഉണ്ടാക്കിയ ഭൂവിഭാഗത്തിൽ ഏറ്റവും ചെറുതിനെക്കുറിക്കാൻ വേണ്ടിയും അംശം എന്ന പദം പ്രയോഗിക്കാറുണ്ട്. *താലൂക്കിന്റെ ഒരു ഭാഗം* എന്ന അർത്ഥമാണെങ്കിലും അംശം സവിശേഷ ഭാഷാപ്രയോഗമായി മാറിയിട്ടുണ്ട്.

**അവർണ്ണൻ**

അവർണ്ണ എന്ന പദത്തിന് *വർണ്ണമില്ലാത്ത* എന്ന അർത്ഥമാണ് സംസ്കൃത-മലയാളനിഘണ്ടുവിലുള്ളത്. വർണ്ണത്തിന് ജനനം മൂലമുണ്ടാകുന്ന ഉച്ചനീചത്വങ്ങളെ കുറിക്കുന്ന ബ്രാഹ്മണ-ക്ഷത്രിയാദിഭേദം കുറിക്കുന്ന അർത്ഥം കൂടി ഉള്ളതുകൊണ്ട് *താഴ്ന്നജാതിയിൽപ്പെട്ടവൻ* എന്ന അർത്ഥമാണുള്ളത്. സവർണ്ണൻ എന്ന പദത്തിന്റെയും അർത്ഥം ഇതേ രീതിയിൽതന്നെയാണ് വിനിമയം ചെയ്യപ്പെടുന്നത്. സവർണ്ണ എന്ന പദത്തിന് *ഒരേ നിറത്തിലോ ജാതിയിലോ ഉള്ള, തുല്യമായ, ചാതുർവർണ്യത്തിൽപ്പെട്ട, ഭിന്നവർഗ്ഗത്തിലുള്ളതല്ലാത്ത* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015: 1701). അവിടെയും *ഉന്നതകുലജാതൻ* എന്ന അർത്ഥം കാണുന്നില്ല.

**അവകാശം** - 1) *അവസരം, സന്ദർഭം*

2) *ഇട, സമയം, സ്ഥലം, ഇടവേള*

3) *പഴുത്, ഹേതു* (1973: 101)

*സ്ഥലം, ഇടം* എന്നിവയാണ് ഈ പദത്തിന് സംസ്കൃതത്തിലുള്ള മുഖ്യ അർത്ഥമെന്ന് മലയാളമഹാനിഘണ്ടുവിൽ പരാമർശിച്ചിരിക്കുന്നു (1965: 754, വാല്യം 1). ഇതേ പുറത്തിൽതന്നെ അവകാശത്തിന് *സന്ദർഭം/അവസരം* എന്ന അർത്ഥം മലയാളത്തിൽ പ്രയോഗമുണ്ടായിരുന്നതിനുദാഹരണവും നൽകിയിട്ടുണ്ട്.

''പണ്ടു ഞാൻ ചെയ്തോരു പുണ്യഫലോദയം
കൊണ്ട് കാൺമാൻ അവകാശവും വന്നിത്''

എന്നിടത്ത് *അവസരം* എന്നാണർത്ഥം. ഇന്ന് അവകാശത്തിന് *നിയമപ്രകാരം കിട്ടാനുള്ള അർഹത* എന്നാണർത്ഥം. 'കൈവശാവകാശം', 'കുടികിടപ്പവകാശം', 'അവകാശതർക്കം', 'അവകാശി', 'സ്വത്തവകാശം' എന്നീ പ്രയോഗങ്ങൾ മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത് *അർഹത* എന്ന അർത്ഥത്തിൽ ആണ്. എന്നാൽ സാവ

കാശം എന്ന ഒരു പദത്തിൽ സംസ്കൃതാർത്ഥങ്ങളുടെ സാന്നിദ്ധ്യം കാണാവുന്ന താണ്. *വേണ്ടത്ര സമയമെടുത്ത്, ഇട, സമയം* എന്നീ അർത്ഥങ്ങൾ സാവകാശ ത്തിൽ നിലനിൽക്കുന്നു.

**അവരോധം** - 1) *വിരോധം, തടസ്സം*

2) *അന്തഃപുരം*

3) *രാജഗൃഹത്തിലെ അന്തഃപുരത്തിൽ താമസിക്കുന്ന സ്ത്രീ, രാജപത്നിമാർ*

4) *വേലി*

5) *ഉപരോധം*

6) *സൂക്ഷിപ്പുകാരൻ* (1973: 106)

*തടസ്സം, അന്തഃപുരം* എന്നീ അർത്ഥമാണിതിന് സംസ്കൃതത്തിൽ. *കിരീട ധാരണം, അരിയിട്ടുവാഴ്ച* എന്നീ അർത്ഥത്തിലാണ് മലയാളത്തിൽ പ്രയോഗം. ഒരു വ്യക്തിയെ ഒരു സ്ഥാനത്ത് അവരോധിച്ചാൽ ആ സ്ഥാനം വിട്ട് പോകാൻ സ്വാതന്ത്ര്യമില്ലെന്നതായിരിക്കാം ഇതിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. ''പരദേശങ്ങ ളിൽനിന്ന് പെരുമാക്കന്മാരെ കൊണ്ടുവന്ന് ഇവിടെ പെരുമാളായി അവരോധിച്ചിരു ന്നുവെന്നും മറ്റുമുള്ള കഥകൾ അവരോധശബ്ദാർത്ഥജിജ്ഞാസുക്കൾ ശ്രദ്ധിക്കേ ണ്ടതാണ്. അവിരോധമായി, ആരുടെയും എതിർപ്പില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതി നാൽ അവിരോധിക്കൽ അവരോധിക്കലായി മാറിയെന്നും വന്നുകൂടായ്കയില്ല. അവിരോധമായി തെരഞ്ഞെടുക്കുന്നതിനെപ്പറ്റി പഴയ ശാസനങ്ങളിൽ പ്രസ്താവം കാണാം'' (കുഞ്ചുണ്ണിരാജ, 1962:107). *സൈന്യംകൊണ്ട് വളയൽ* എന്ന അർത്ഥ ത്തിൽ ചരിത്രകൃതികളിൽ അവരോധിച്ചു എന്ന പ്രയോഗമുള്ളതായി ലെക്സി ക്കനിൽ സൂചനയുണ്ട്.

**അവസ്ഥ** - 1) *താമസസ്ഥലം*

2) *ഗ്രാമം*

3) *കോളേജ്, സ്കൂൾ* (1973: 108)

*സ്ഥിതി* എന്ന അർത്ഥത്തിലാണ് അവസ്ഥയുടെ മലയാളത്തിലെ പ്രയോഗങ്ങൾ. 'കാലാവസ്ഥ' എന്ന പദത്തിലും ഇതേ അർത്ഥംതന്നെ. സംസ്കൃതത്തിലുള്ള അർത്ഥങ്ങൾ മലയാളത്തിൽ ഈ പദത്തിന് പ്രയോഗത്തിലില്ല. അർത്ഥാദേശം സംഭവിച്ച പദമാണിതെന്ന് പറയാം. *ആഡംബരം, മോടി* എന്നീ അർത്ഥങ്ങളിലും ഈ പദം മലയാളത്തിൽ പ്രയോഗിക്കാറുണ്ട്. 'അവൻ വലിയ അവസ്ഥയിലാണ്' എന്ന പ്രയോഗത്തിൽ *നല്ല സ്ഥിതിയിലാണെ*ന്നർത്ഥം. എന്നാൽ അവസ്ഥാനം, അവസ്ഥിതി എന്നീ പദങ്ങളുടെ അർത്ഥത്തിലാണ് അവസ്ഥ മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നതെന്ന് കുഞ്ചുണ്ണിരാജ അഭിപ്രായപ്പെടുന്നു. ''അവസ്ഥാനം എന്ന പദത്തിന് *സ്ഥിതി, വീട്, താമസസ്ഥലം* എന്നീ അർത്ഥങ്ങളുണ്ട്. അവസ്ഥിതിയുടെയും അർത്ഥം *സ്ഥിതി, ഇരുപ്പ്, നില* എന്നിവയാണ്'' (കുഞ്ചുണ്ണിരാജ 1964: 109).

**ആഘോഷം** - *വിളി, ആഹ്വാനം, പ്രാർത്ഥിക്കൽ* (1973: 132)

ആഘോഷത്തിന് മലയാളത്തിലുള്ള അർത്ഥം *ഉത്സവം, കൊണ്ടാടൽ* എന്നിവയാണ്. 'വിവാഹാഘോഷം', 'പെരുന്നാളാഘോഷം' എന്നിവ ഉദാഹരണം. ''ആഘോഷം/ആ-ഘുഷ്/-*വിളിച്ചു പറയൽ, ഉച്ചത്തിൽ അറിയിക്കൽ, കോലാഹലം* എന്നൊക്കെ മൂലഭാഷയിൽ അർത്ഥം. മലയാളത്തിൽ *ഉത്സവം, ആഡംബരം, മോടി* എന്നീ അർത്ഥങ്ങളിലും പ്രയോഗം. 'മകളുടെ കല്യാണം ആഘോഷിച്ചു', 'ജന്മദിനാഘോഷം', 'ആഘോഷപരിപാടികൾ' എന്നിങ്ങനെ പ്രയോഗം. ആഘോഷിക്കുക എന്ന ക്രിയാരൂപത്തിലും ഈ അർത്ഥവികാസം കാണാം'' (ബാലകൃഷ്ണൻ, 1994: 317). എന്നാൽ ആഘോഷത്തിന് അർത്ഥാദേശമാണ് സംഭവിച്ചിട്ടുള്ളത്. സംസ്കൃതത്തിലെ അർത്ഥങ്ങളെ മലയാളത്തിലേക്ക് സ്വീകരിച്ചിട്ടില്ല. ആഘോഷണം എന്ന പദത്തിന്റെ സംസ്കൃതാർത്ഥം *പരസ്യമായ പ്രഖ്യാപനം* എന്നാണ്. *കോലാഹലം, ആൾക്കൂട്ടത്തിൽ നിന്നുള്ള ശബ്ദം (ഉച്ചത്തിൽ വിളിച്ചുപറയൽ)* എന്നിവയാണ് ശബ്ദതാരാവലിയിൽ ആഘോഷത്തിന് നൽകിയ ആദ്യ അർത്ഥം. തുടർന്ന്

നൽകിയ *ഉത്സവം, കൊണ്ടാടൽ, ആഡംബരം, മോടി* എന്നീ അർത്ഥങ്ങളിലാണ് ആഘോഷത്തിന് മലയാളത്തിൽ പ്രചാരം. ഉത്സവത്തിൽ ഘോഷം ഉണ്ടാകാറുള്ളതുകൊണ്ടാവാം ഈ പദത്തിനു അർത്ഥാദേശം സംഭവിച്ചത്.

**ആദർശം -** 1) *കണ്ണാടി, മുഖക്കണ്ണാടി*

2) *ഏതിൽ നിന്ന് പകർത്തിയെടുക്കുന്നുവോ ആ മുഖ്യഗ്രന്ഥം, മാതൃക, മൂലം, ഇനം (ആദർശഗ്രന്ഥം)*

3) *ഒരു പുസ്തകത്തിന്റെ പകർപ്പ്*

4) *വ്യാഖ്യാനം, നിരൂപണം* (1973: 137)

*ദർശിക്കാനുള്ളത്* എന്ന അർത്ഥത്തിലാണ് ആദർശത്തിന് സംസ്കൃതത്തിൽ *കണ്ണാടി* എന്ന അർത്ഥം കാണുന്നത്. *മാതൃക* എന്ന അർത്ഥത്തിൽ ആദർശം പ്രയോഗത്തിലുണ്ട്. 'ആദർശകൃതി', 'ആദർശപുരുഷൻ' എന്നിവ ഉദാഹരണം. *കണ്ണാടി* എന്ന അർത്ഥം മലയാളത്തിലേക്ക് സ്വീകരിക്കപ്പെട്ടിട്ടില്ല. ദർശം കാണലാണെങ്കിലും ആദർശം മലയാളത്തിൽ അധികാർത്ഥപ്രയോഗത്തിലുള്ള പദമാണ്. 'ആദർശധീരൻ', 'ആദർശം മുറുകെ പിടിക്കുന്നവൻ', 'പാർട്ടിയുടെ ആദർശം' എന്നീ പ്രയോഗങ്ങളിൽ *മാതൃക* എന്ന അർത്ഥത്തിന്റെ നീട്ടിവെക്കലാണ്. കണ്ണാടി മുറുകെപ്പിടിക്കുന്നവനല്ല ആദർശവാൻ. എന്നാൽ ശബ്ദതാരാവലിയിൽ നൽകിയ അർത്ഥങ്ങളും സംസ്കൃതാർത്ഥത്തെ പിൻപറ്റിയുള്ളതാണ്. *മുഖക്കണ്ണാടി, മൂലമാതൃക, കൈയെഴുത്തു പ്രതി, ഉൽകൃഷ്ടലക്ഷ്യം* എന്നീ അർത്ഥങ്ങളാണ് ഈ പദത്തിന് നൽകിയിട്ടുള്ളത് (2015: 264). ഈ പദത്തിന്റെ അർത്ഥാദേശം മലയാളത്തിൽ മാത്രമല്ല, സംസ്കൃതത്തിൽത്തന്നെയുള്ളതാണ്. 'ആദർശം തന്നിലെ സങ്കൽപ്പഛായകണ്ടാദരിച്ചെത്രനാൾ പോക്കണം ഞാൻ' 'നിമിഷം' എന്ന കവിതയിൽ ശങ്കരക്കുറുപ്പ് *കണ്ണാടി* എന്ന അർത്ഥംതന്നെയാണ് സ്വീകരിച്ചിരിക്കുന്നത്.

**ആർജ്ജവം** - *കളവില്ലായ്മ, നേര്, സത്യം, അവക്രത, വണക്കം, സരളത* (1973: 148)

*സരളത* എന്ന അർത്ഥത്തിനു പുറമെ *ഊർജ്ജസ്വലത* എന്ന അർത്ഥം കൂടി മലയാളത്തിൽ ഈ പദത്തിന് വന്നു ചേർന്നിട്ടുണ്ട്. വിശേഷിച്ചും വാമൊഴിയിൽ. ആർജ്ജവത്തിന് ഊർജ്ജവുമായുള്ള സാമ്യമാവാം ഇതിനു കാരണം.

**ആലാപനം** - *വർത്തമാനം പറയൽ, സംസാരിക്കൽ*

ആലാപം - സംസാരം, സംഭാഷണം, വർത്തമാനം, സൂചന, വിവരണം (1973: 150)

ആലപിക്കുക എന്നതിന് മലയാളത്തിലുള്ള അർത്ഥം *പാടുക* എന്നാണ്. *പാടുക, രാഗം വിസ്തരിക്കുക* എന്നിവയാണ് ഈ പദത്തിന് ശബ്ദതാരാവലിയിലും നൽകിയിട്ടുള്ള അർത്ഥം (2015: 286) *പറയുക, സംഭാഷണം ചെയ്യുക* എന്നീ അർത്ഥങ്ങളും നൽകിയിട്ടുണ്ട്. എങ്കിലും 'നിന്റെ ആലാപനം നന്നായിരുന്നു' എന്നു പറയുമ്പോൾ *പാട്ട് പാടിയത് നന്നായിരുന്നു* എന്ന അർത്ഥമാണ് ലഭിക്കുന്നത്. പാട്ടോ, പദ്യമോ അല്ലാതെ ഒന്നും മലയാളത്തിൽ ആലപിക്കുകയില്ല.

**ആസക്തി**

*ബന്ധം, ഭക്തി, സ്നേഹം, ഉറപ്പ്, പ്രവർത്തനം* എന്നീ അർത്ഥങ്ങളാണ് ഈ പദത്തിന് സംസ്കൃതത്തിൽ ഉള്ളത് (1973:155). എന്നാൽ *വലിയ ആഗ്രഹം, അനുരക്തി, താൽപര്യം* എന്നീ അർത്ഥങ്ങളിലാണ് ഭാഷയിൽ പ്രയോഗം. ഭക്തിയുണ്ടായാലും സ്നേഹമുണ്ടായാലും ഈ വികാരം തോന്നാം എന്നതിനാലാവാം ആസക്തി എന്നതിന് *താൽപര്യം, അനുരക്തി* എന്നീ അർത്ഥങ്ങൾ ഭാഷയിൽ കൈവന്നത്.

**ഉദ്ദേശം**

"*ലക്ഷ്യം, ചൂണ്ടിക്കാണിക്കൽ, തീർച്ചപ്പെടുത്തൽ, വിസ്തരിക്കൽ* എന്നൊക്കെ മൂലഭാഷയിൽ അർത്ഥം. മലയാളത്തിൽ ഏകദേശം, മിക്കവാറും, ഏറെക്കുറെ എന്നിങ്ങനെ ഊഹിച്ചു പറയാവുന്ന കണക്കിനെ കുറിക്കാനും പ്രയോഗം" (ബാലകൃഷ്ണൻ, 1994: 318). മലയാളനിഘണ്ടുക്കളിലെല്ലാം *ലക്ഷ്യം*

എന്ന അർത്ഥം ഉദ്ദേശത്തിന് നൽകിയിട്ടുണ്ട്. *Pointing out, intension, aim* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് ഉദ്ദേശത്തിന് നൽകിയത്. *ഏകദേശം* എന്ന അർത്ഥം പ്രാദേശികഭേദമാണെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രാദേശികഭേദത്തിൽ മാത്രം പ്രചാരത്തിലിരുന്ന ഈ അർത്ഥം ഗുണ്ടർട്ട്നിഘണ്ടുവിനു ശേഷം മറ്റ് നിഘണ്ടുക്കളിലും വ്യാപകമായി. ഇപ്പോൾ ഉദ്ദേശ്യം എന്ന പദമാണ് *ലക്ഷ്യം* എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നത്.

**ഉന്മേഷം -** 1) *കണ്ണ്തുറക്കൽ (ചിമ്മൽ)*
2) *വീശൽ, തുറക്കൽ, വികസിക്കൽ*
3) *പ്രകാശം, ശോഭ*
4) *ഉണർത്തൽ, ഉയർത്തൽ, ദൃശ്യമാകൽ* (1973:186).

കണ്ണ്തുറക്കുക എന്ന പ്രവൃത്തിയെയല്ല ഉന്മേഷം എന്നതുകൊണ്ട് ഭാഷയിൽ ഉദ്ദേശിക്കുന്നത്. *ഉത്സാഹം, ഉണർവ്* എന്നീ അർത്ഥങ്ങളാണ്. പ്രകാശം, ശോഭ, കണ്ണ് തുറക്കൽ, ഉണർത്തൽ എന്നിവയെല്ലാം ഉത്സാഹത്തിൽ ഉള്ളടങ്ങിയിട്ടുണ്ട്.

**ഉപാധി -** 1) *വഞ്ചന, കാപട്യം, കൃത്രിമരേഖയുണ്ടാക്കൽ*
2) *ചതി, ആൾമാറാട്ടം*
3) *തിരിച്ചറിയുന്ന ഗുണം, പ്രത്യേകത*
4) *പദവി, പരിഹാസപ്പേര്*
5) *പരിധികൽപ്പിക്കൽ, വ്യവസ്ഥ*
6) *ഉദ്ദേശം, അവസരം, ലക്ഷ്യം*
7) *പൊതുഫലമുണ്ടാക്കുന്ന പ്രത്യേക കാരണം*
8) *കുടുംബം പുലർത്താൻ താൽപര്യമുള്ളവൻ* (1993:197).

*മാർഗ്ഗം* എന്ന അർത്ഥത്തിലാണ് ഭാഷയിൽ ഉപാധി എന്ന പദം പ്രയോഗിക്കപ്പെടുന്നത്. 'പ്രശ്നത്തിനുള്ള ഉപാധി കണ്ടെത്തണം' എന്നിടത്ത് *മാർഗ്ഗം, പോംവഴി*

എന്നീ അർത്ഥങ്ങളാണുള്ളത്. സംസ്കൃതത്തിലെ *വ്യവസ്ഥ* എന്ന അർത്ഥവും ചിലയിടത്ത് കാണാവുന്നതാണ്. ശബ്ദതാരാവലിയിൽ സംസ്കൃതാർത്ഥങ്ങളെ നൽകുകയാണ് ചെയ്തിട്ടുള്ളതെങ്കിലും *ഉപായം, മാർഗ്ഗദർശനം* എന്നീ മലയാളാർത്ഥങ്ങളെക്കൂടി നൽകിയിട്ടുണ്ട് (2015:374).

**കലാപം** 1) *ഭാണ്ഡം, കെട്ട്*

2) *സാധനങ്ങളുടെ കൂട്ടം*

3) *മയിലിന്റെ പീലി*

4) *സ്ത്രീയുടെ ആഭരണം*

5) *ആഭരണം*

6) *ആനയുടെ കഴുത്തിൽ കെട്ടുന്ന കയറ്*

7) *ആവനാഴി*

8) *അമ്പ്*

9) *ചന്ദ്രൻ*

10) *ബുദ്ധിമാൻ, വിവേകി*

11) *ഒരേവൃത്തത്തിൽ എഴുതിയ കവിത* (1973: 236)

കലാപം എന്ന പദത്തിന്റെ അർത്ഥങ്ങൾ സംസ്കൃതത്തിൽ ഉള്ളതിൽ നിന്നും വളരെ വ്യത്യസ്തമായാണ് പ്രയോഗത്തിലുള്ളത്. മലയാളത്തിലെ *കൂട്ടമായലഹള* എന്ന അർത്ഥത്തോട് സാമ്യമുള്ള ഒരർത്ഥംപോലും സംസ്കൃതത്തിൽ ഈ പദത്തിനില്ല. ഈ അർത്ഥങ്ങളോട് യാതൊരു ബന്ധവുമില്ലാത്ത അർത്ഥമാണ് മലയാളത്തിൽ ഈ പദത്തിന് പ്രയോഗത്തിലുള്ളത്. കൂട്ടം, ആധിക്യം എന്നിവ കലാപത്തിന് അത്യാവശ്യമാണ് എന്ന തോന്നലിൽ നിന്നാകാം ഈയർത്ഥം കൈവന്നത്.

കലാപം എന്നതിന് *കലഹം, വഴക്ക്, കുഴപ്പം, പടയോട്ടം* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015: 507). ഒറ്റയാൾ പോരാട്ടം കലാപമാവില്ല എന്ന വസ്തുത ശബ്ദതാരാവലീകാരൻ ശ്രദ്ധിച്ചില്ല. ഈ

അർത്ഥങ്ങളെക്കൂടാതെ സംസ്കൃത-മലയാളനിഘണ്ടുവിലുള്ള അർത്ഥങ്ങളും ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ട്. എന്നാൽ *കലഹം, വഴക്ക്* എന്നീ അർത്ഥങ്ങളിൽ ഈ പദം ഭാഷയിൽ രൂഢിയായിത്തീർന്നിട്ടുണ്ട്.

**കാഷ്ഠം** - *തടി*

''*തടി, വിറക്* എന്നീ അർത്ഥങ്ങൾക്കുവേണ്ടിയാണ് ഈ പ്രാകൃതപദം സംസ്കൃതത്തിൽ ഉപയോഗിച്ചിരുന്നതെങ്കിൽ മലയാളത്തിലെത്തിയപ്പോൾ ആ അർത്ഥത്തോടൊപ്പം തന്നെ മലം (വിശേഷിച്ചും പക്ഷിമൃഗാദികളുടെ) എന്നൊരു പുതിയ അർത്ഥം കൂടി വന്നുചേർന്നു'' (അർജ്ജുനൻ വെള്ളായണി, 1972: 56). മലയാളത്തിലും *തടി/വിറക്* എന്ന അർത്ഥത്തിൽ ഈ പദം പ്രയോഗിച്ചിരുന്നു. 'നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും' എന്ന എഴുത്തച്ഛന്റെ പ്രയോഗത്തിലും *മരക്കഷ്ണം* എന്നർത്ഥം. 'കാക്കക്കാഷ്ഠം' എന്ന പദത്തിൽ *മലം* എന്ന അർത്ഥം തന്നെ.

**ഗോഷ്ഠി** - 1) *സഭ, സംഘം, സമുദായം*

2) *ജൽപനം*

3) *ബന്ധുവർഗ്ഗം*

4) *ഏകാങ്കനാടകം* (1973: 316)

മുഖംകൊണ്ടും മറ്റും ആക്ഷേപിക്കാനായി കാണിക്കുന്ന വൈകൃതത്തിനാണ് നാം ഗോഷ്ഠി എന്ന് പറയുന്നത്. *കോട്ടി (വികൃതിത്തരം എന്നതിന്റെ സംസ്കൃതീകരണം), ഭംഗിയില്ലാത്ത പ്രവൃത്തി* എന്നാണ് ശബ്ദതാരാവലിയിൽ ഈ പദത്തിന് നൽകിയ അർത്ഥം. ഗോഷ്ഠിയുടെ സംസ്കൃതാർത്ഥങ്ങളൊന്നും മലയാളത്തിൽ സ്വീകരിക്കപ്പെട്ടിട്ടില്ല.

**ചക്രം**

ചക്രാകൃതിയിലുള്ള ഒരു തിരുവിതാംകൂർ നാണയമായിരുന്നു ചക്രം. നാല് ചക്രം ഒരു പണവും ഏഴ് പണം ഒരു രൂപയുമായിരുന്നു. പഴയ തിരുവിതാംകൂർ

ഭാഗത്ത് 'കയ്യിൽ ചക്രമില്ല' എന്ന് ഇപ്പോഴും പ്രയോഗിക്കാറുണ്ട്. അവിടെ പണം എന്ന അർത്ഥമാണുള്ളത്. *വണ്ടിയുടെ ഉരുൾ, ഗതി, വൃത്തം* എന്നീ അർത്ഥങ്ങളിലാണ് കൂടുതൽ പ്രയോഗം. 'വണ്ടിച്ചക്രം', 'കാലചക്രം' (കാലത്തിന്റെ ഗതി) തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം.

ഗൗരവം - 1) *ഗുരുത്വം, ഭാരം*
2) *ഉയർന്നമൂല്യം*
3) *ബഹുമാനം, പരിഗണനം*
4) *ബഹുമാന്യത, പ്രൗഢി*
5) *ശല്യം*
6) *ദൈർഘ്യം*
7) *ആഴം, ഗഹനത* (1973: 317)

*നർമ്മാദികൾക്ക് വഴങ്ങാത്ത മാനസികാവസ്ഥ*യെയാണ് ഭാഷയിൽ ഗൗരവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. 'ഗൗരവംകാണിക്കുക' എന്നതിൽ *Serious* എന്നാണ് അർത്ഥം. ഗുരുനാഥന്മാരുടെ മനോഭാവവുമായി ബന്ധപ്പെട്ടുതന്നെയാണ് ഈ പദത്തിന് ഭാഷയിൽ അർത്ഥാദേശം സംഭവിച്ചത്. പഴയകാലത്ത് ഗുരുവിനോട് തമാശപറയുകയോ ചിരിക്കുന്ന ഗുരുനാഥനെയോ സങ്കൽപ്പിക്കാൻപോലും സാധ്യമായിരുന്നില്ല. ഗുരുനാഥന്റെ ഭാവത്തിനുതുല്യമായി ഭാവം പ്രകടിപ്പിക്കുന്നതിനെ പിന്നീട് ഗൗരവം എന്ന് പറയാൻ തുടങ്ങി.

**ചതുർത്ഥി**

ചതുർത്ഥി എന്നതിന് സംസ്കൃതത്തിൽ *നാല്* എന്നാണർത്ഥം. *വാവ് കഴിഞ്ഞ് നാലാം ദിവസം* എന്നും അർത്ഥമുണ്ട് (1973:328). ഭാഷയിൽ *അശുഭകരമായത്, കാണാൻ കൊള്ളാത്തത്* എന്നീ അർത്ഥങ്ങളിലാണ് പ്രയോഗം. വിനായകചതുർത്ഥി ദിവസത്തിൽ ചന്ദ്രനെ കാണുന്നവർക്ക് ചീത്തപ്പേര് കേൾക്കും എന്ന വിശ്വാസം നമുക്കിടയിലുണ്ട്. ഇതിൽനിന്നാണ് ദൃഷ്ടിച്ചുകൂടായ്മ എന്ന രീതിയിൽ

'അവനെ എനിക്ക് ചതുർത്ഥിയാണ്' എന്ന പ്രയോഗം വന്നിട്ടുള്ളതും. 'ചതുർത്ഥി കണ്ടവനെപ്പോലെ' എന്ന പ്രയോഗവും ഇതേ അർത്ഥത്തിൽ ഭാഷയിലുണ്ട്. ആചാരവുമായി ബന്ധപ്പെട്ടുവന്ന അർത്ഥപരിണാമമാണിത്.

**ജന്മി**

*സൃഷ്ടി, ജീവി* എന്നൊക്കെ സംസ്കൃതാർത്ഥം (1973:348). മലയാളത്തിൽ *ഉടമയുള്ളവൻ, ഭൂമി അന്യർക്ക് പാട്ടത്തിനോ ഒറ്റിക്കോ മറ്റോ കൊടുത്ത് അതിൽ നിന്ന് കൃഷിചെയ്യാതെ ആദായമെടുക്കുന്നയാൾ* എന്നിങ്ങനെയാണ് അർത്ഥവികാസം എന്ന് ബാലകൃഷ്ണൻ ബി.സി. അഭിപ്രായപ്പെടുന്നുണ്ട് (1994:320). എന്നാൽ മലയാളത്തിൽ *സൃഷ്ടി, രീതി* എന്നീ അർത്ഥങ്ങളിൽ പ്രയോഗമില്ലാത്തതുകൊണ്ടുതന്നെ അർത്ഥാദേശമാണ് ഈ പദത്തിന് സംഭവിച്ചിട്ടുള്ളത് എന്നു പറയാം. 'ജന്മികരം', 'ജന്മിത്തം', 'ജന്മിഭോഗം' എന്നീ പ്രയോഗങ്ങളിൽ മലയാളത്തിലുള്ള അർത്ഥമാണ് ഈ പദത്തിനുള്ളത്. 'ജന്മിക്കരം' എന്നത് കുടിയാന്മാരിൽ നിന്ന് ജന്മി പിരിച്ചെടുക്കുന്ന ഒരുതരം നികുതിയാണ്. ജന്മിയുടെ അവസ്ഥയാണ് 'ജന്മിത്തം'. ജന്മിക്കുള്ള അവകാശമാണ് 'ജന്മിഭോഗം'.

**തർക്കം -** 1) *ഭാവന, ഊഹം, നിശ്ചയം*

2) *ചർച്ച*

3) *സന്ദേഹം*

4) *ന്യായം*

5) *അഭിലാഷം*

6) *കാരണം* (1973: 369)

തർക്കശാസ്ത്രമെന്നത് ന്യായശാസ്ത്രവും തർക്കം ചോദ്യം ചെയ്യലുമാണ്. തർക്കത്തിന് ശബ്ദതാരാവലിയിലും ഇതേ അർത്ഥങ്ങൾ തന്നെ. എന്നാൽ തർക്കക്കാരൻ എന്ന പദത്തിന് *തർക്കിക്കുന്നശീലമുള്ളവൻ* എന്ന് അർത്ഥം നൽകിയിട്ടുണ്ട്. *വാദിക്കുക, വിരോധിക്കുക* എന്നീ അർത്ഥങ്ങളാണ് മലയാളത്തിൽ ഈ പദ

ത്തിനുള്ളത്. 'തർക്കുത്തരം പറയുക' എന്ന പ്രയോഗം ഇതിൽനിന്നും വന്നതാണ്. ധിക്കരിച്ചുകൊണ്ട് മറുപടി പറയുന്നതിനെയാണ് തർക്കുത്തരം എന്ന് പറയുന്നത്. മലയാളത്തിൽ ഭാവനയ്ക്കും, ഊഹത്തിനും ചർച്ചയ്ക്കുമൊടുവിൽ നടക്കുന്ന വാഗ്വാദങ്ങളെയാണ് തർക്കമെന്നതുകൊണ്ടുദ്ദേശിക്കുന്നത്. തർക്കമെന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗിക്കുന്ന മറ്റൊരുപദമായ 'വക്കാണ'ത്തിന്റെ അർത്ഥപരിണാമത്തെക്കുറിച്ച് പി.എം. ജോസഫ് അഭിപ്രായപ്പെടുന്നതിങ്ങനെയാണ്. ''മലയാളത്തിൽ വക്കാണം എന്നൊരു പദമുണ്ട്. *വഴക്ക്* എന്ന അർത്ഥത്തിലാണ് അത് പ്രചരിച്ചിട്ടുള്ളത്. പ്രാകൃതത്തിലെ അതിന്റെ മാതൃകയായ 'വക്ഖാണ' എന്നതിന് *ഒരു കഥയുടെ പൊരുൾ തിരിച്ച് വിശദീകരിക്കുക* എന്നേ അർത്ഥമുള്ളൂ. മാതൃഭാഷയിൽ ആ പദത്തിനില്ലാത്ത ഒരു അർത്ഥമാണ് മലയാളത്തിലുള്ളത്. ഒരേവേദിയിലിരുന്ന് ജൈന-ബുദ്ധ-ഹിന്ദുമതക്കാർ തങ്ങളുടെ മതതത്വങ്ങൾ വക്കാണിച്ചപ്പോൾ പലപ്പോഴും അത് വഴക്കിൽ കലാശിച്ചിട്ടുണ്ടാകും. അങ്ങനെ വക്കാണത്തിന് പുതിയ ഒരു അർത്ഥം കൂടി കൈവന്നു'' (1984:29).

**ധാരാളം**

ധാരാ എന്ന പദത്തിന് *ഒഴുക്ക്, മഴപൊഴിയൽ, മൂർച്ചയുള്ള വായ്ത്തല* എന്നിങ്ങനെയാണ് മൂലഭാഷയിലെ അർത്ഥം. ഈ പദത്തിന്റെ മലയാളരൂപമാണ് ധാരാളം. *വളരെയധികം, വേണ്ടതിലധികം* എന്നാണ് അർത്ഥം. 'മഴ ധാരാളം പെയ്യുന്നുണ്ട്' എന്നതിൽ *വേണ്ടതിലധികം* എന്നർത്ഥം. ധാരാളത്തിന് അർത്ഥപരിണാമം സംഭവിച്ചിട്ടുണ്ടെന്ന് കുഞ്ചുണ്ണിരാജ 'ഭാഷാഗവേഷണം' എന്ന കൃതിയിൽ പ്രസ്താവിക്കുന്നുണ്ട്. ''ധാരാളം സംസ്കൃതത്തിൽ മൂർച്ചയുള്ളതാണ്. ഭാഷയിൽ വളരെ എന്ന അർത്ഥത്തിലാണ് പ്രയോഗം. ചില പ്രദേശങ്ങളിൽ ധാരാളം എന്നും ധാർളം എന്നും പറയുന്നത് കേൾക്കാം. ധാരായായി വീഴുക എന്നതിൽ നിന്നാകാം ഈ പദം വന്നത്''. ഉദാഹരണമായി അദ്ദേഹം 'ശ്രീകൃഷ്ണചരിത'ത്തിലെ വരികളും നൽകുന്നുണ്ട് (1962:110).

''ഉത്താളധാരാളമതായ ദുഗ്ധം
മുഗ്ദ്ധാനനം കൊണ്ടു പരിഗ്രഹിക്കും''

'ധാരാളിത്തം' (*നിയന്ത്രണമില്ലാതെ ചെലവു ചെയ്യുന്ന ശീലം*), 'ധാരാളി' (*കൂടുതലായി ചെലവാക്കുന്നവൻ*) എന്നീ പ്രയോഗങ്ങൾ ഭാഷയിൽ സാധാരണമാണ്. തമിഴിലും ഈ അർത്ഥത്തിൽ ധാരാളം (ദാരാളം) എന്നവാക്കുണ്ട്.

**ധൂർത്ത് -** 1) *കൗശലമുള്ള, കപടമായ, തെമ്മാടിയായ*
2) *കുസൃതിയുള്ള, അപകടകാരിയായ* (1973: 430)

*നിയന്ത്രണമില്ലാത്ത ചെലവ്, ധാരാളിത്തം* എന്നീ അർത്ഥങ്ങളിലാണ് മലയാളത്തിൽ ധൂർത്ത് എന്ന പദത്തിന്റെ പ്രയോഗം. 'ധൂർത്തൻ' നിയന്ത്രണമില്ലാതെ പണം ചെലവാക്കുന്നയാളാണ്. കള്ളനും ചതിയനുമാണ് സംസ്കൃതത്തിൽ ധൂർത്തൻ. *അനാവശ്യമായി പണം ധൂർത്തടിച്ചു കളയുന്ന ധാരാളി* എന്ന അർത്ഥത്തിലാണ് ഭാഷയിൽ ഈ പദത്തിന്റെ പ്രയോഗമെന്ന് കുഞ്ഞുണ്ണിരാജ ചൂണ്ടിക്കാണിക്കുന്നുണ്ട് (1962:113).

*ചതിയൻ, കള്ളൻ, സൂത്രശാലി, വിടൻ, താന്തോന്നി* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിലും ഈ പദത്തിന് നൽകിയിട്ടുണ്ട്. എന്നാൽ *മുതലുനശിപ്പിക്കുന്നവൻ, ചെലവാളി* എന്നിവയാണ് മലയാളത്തിൽ ഈ പദത്തിന്റെ അർത്ഥമെന്ന് ഈ നിഘണ്ടുവിൽ വേർതിരിച്ചുതന്നെ നൽകിയിരിക്കുന്നു (2015: 1044).

**ധൃതി -** 1) *എടുപ്പ്*
2) *ഉടമസ്ഥത*
3) *നിലനിർത്തൽ*
4) *സ്ഥിരിത*
5) *പൗരുഷം*
6) *ധൈര്യം*
7) *തൃപ്തി*
8) *യാഗം* (1973: 431)

ധൃതിമത് എന്ന വാക്കിന് *ധൈര്യമുള്ള, തീരുമാനത്തിൽനിന്നും ഇളകാത്ത* എന്നീ അർത്ഥങ്ങളും നൽകിയിരിക്കുന്നു. മലയാളത്തിൽ *വേഗത, തിടുക്കം* എന്നീ അർത്ഥങ്ങളിലാണ് ഈ പദത്തിന്റെ പ്രയോഗം. 'ധൃതിപ്പെട്ട് പോവുക' എന്നാൽ തിടുക്കപ്പെട്ട് പോവുകതന്നെയാണ്. ഗുണ്ടർട്ടും ധൃതിക്ക് *ഉറച്ച, ദൃഢതയുള്ള* എന്നീ അർത്ഥങ്ങൾതന്നെയാണ് നൽകിയിരിക്കുന്നത്. എന്നാൽ ശബ്ദതാരാവലി യിൽ 'ദ്രുത' എന്ന ധാതുവുമായി ബന്ധപ്പെടുത്തിയാണ് ധൃതിയെന്ന പദത്തിന് അർത്ഥം നൽകിയിരിക്കുന്നത്. *ധൃതി (ദ്രുത) - വേഗം, ബദ്ധപ്പാട്, തിടുക്കം* എന്നി ങ്ങനെ അർത്ഥം നൽകിയിരിക്കുന്നു. ധൃതിയെന്ന മറ്റൊരു ലേഖകവും കൂടി നൽകി സംസ്കൃതാർത്ഥങ്ങളെ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് *സന്തോഷം, ധൈര്യം, ധാരണ* എന്നീ അർത്ഥങ്ങളിൽ മലയാളത്തിൽ ഈ പദം പ്രയോഗിക്കപ്പെ ടുന്നില്ല. *തിടുക്കം* എന്ന അർത്ഥത്തിൽ ഉറച്ച് പോയിരിക്കുന്നു. ധൃതിയെ തത്ഭവ മാക്കി 'ധിറുതി' എന്നും പ്രയോഗിക്കാറുണ്ട്.

**നിയമനം -** 1) *നിയന്ത്രണം, ശിക്ഷ, അടിച്ചമർത്തൽ*
2) *പരിധിവെക്കൽ, അതിർത്തികൽപ്പിക്കൽ*
3) *മാനം കെടുത്തൽ*
4) *ബോധം, സ്ഥിരനിയമം* (1973: 453)

സംസ്കൃതത്തിൽ നിയമിതമെന്ന പദത്തിന് *നിയന്ത്രിക്കപ്പെട്ട, ഭരിക്കപ്പെട്ട, അനുശാസിക്കപ്പെട്ട, ഉറപ്പിച്ച* എന്നീ അർത്ഥങ്ങളാണുള്ളത് (1973: 453). *നിയോഗി ക്കുക* എന്ന അർത്ഥത്തിലാണ് മലയാളത്തിൽ 'നിയമനം' എന്ന് പ്രയോഗിക്കപ്പെടു ന്നത്. 'സർക്കാർ ജോലിയിലേക്ക് നിയമനം ലഭിച്ചു.' 'നിയമനനടപടികൾ കൈക്കൊള്ളുന്നില്ല' എന്നീ വാക്യങ്ങളിൽ നിയമിക്കുക എന്നതിന് *നിയോഗിക്കുക* എന്നാണർത്ഥം. നിയമനം ലഭിച്ച വ്യക്തിയെക്കുറിക്കാൻ നിയമിതനായി എന്നും പ്രയോഗിക്കാറുണ്ട്. നിയമനത്തിന്റെ അനുബന്ധാർത്ഥത്തിൽത്തന്നെയാണ് നിയമി തവും മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത്. സംസ്കൃതത്തിൽ ഈ പദത്തി

നുള്ള അർത്ഥങ്ങളിൽ ഒന്നിനെപ്പോലും ഭാഷയിൽ സ്വീകരിച്ചിട്ടില്ല. അർത്ഥാദേശം സംഭവിച്ച പദങ്ങളാണ് നിയമനവും നിയമിതവും എന്ന് പറയാം.

**പരിഭാഷ -** 1) *സംഭാഷണം, സംസാരം*

2) *നിന്ദിക്കൽ, ആക്ഷേപം, അപമാനം, അസഭ്യം*

3) *സാങ്കേതികസംജ്ഞാശാസ്ത്രം*

4) *ഗ്രന്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ചുരുക്കപ്പേരുകളുടെ വിവരണം*

5) *പാണിനിയുടെ അന്യസൂത്രങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള സൂത്രങ്ങളുടെ പ്രയോഗരീതി* (1973: 502)

പരിഭാഷയുടെ അർത്ഥം *തർജ്ജമ/ വിവർത്തനം* എന്നാണ്. സംസ്കൃതത്തിൽ പരിഭാഷയ്ക്ക് നൽകിയ ഒരർത്ഥവും മലയാളത്തിൽ പ്രയോഗത്തിലില്ല. *തർജ്ജമ* എന്ന അർത്ഥത്തിൽ സംസ്കൃതത്തിൽ ഉള്ളപദം 'അനുവാദം' എന്നാണ്.

**പരിഭ്രമം -** 1) *അലച്ചിൽ*

2) *ചുറ്റിക്കറങ്ങൽ*

3) *അതിവചനം*

4) *പ്രലോഭനം, അബദ്ധം* (1973: 503)

*ചുറ്റിനടപ്പ്, കറക്കം* എന്നീ അർത്ഥങ്ങളിൽ പരിഭ്രമണം ആണ് ഭാഷയിൽ ഉപയോഗിക്കപ്പെടുന്നത്. *ആകുലപ്പെടുക, ഉഴലുക, തിടുക്കപ്പെടുക, അന്ധാളിക്കുക* എന്നീ അർത്ഥങ്ങളിലാണ് പരിഭ്രമം എന്ന പദം പ്രയോഗിക്കപ്പെടുന്നത്. *ഹർഷം മുതലായവ നിമിത്തം കർത്തവ്യകർമ്മങ്ങളിലുള്ള ത്വരാവിശേഷം, ഉഴൽച, കുഴപ്പം* എന്നിവയാണ് ശബ്ദതാരാവലിയിലെ അർത്ഥങ്ങൾ (2015: 1182). സംസ്കൃതത്തിൽ *ചുറ്റി സഞ്ചരിക്കുക* എന്നാണർത്ഥമെന്നും സൂചിപ്പിച്ചിരിക്കുന്നു.

**പാഷാണം** - *കല്ല്, പാറ* (1973: 526)

*വിഷം* എന്ന അർത്ഥത്തിലാണ് പാഷാണത്തിന് ഇന്ന് പ്രയോഗമുള്ളത്. പോഷണം ചെയ്യപ്പെടുന്നത്/ പൊടിക്കപ്പെടുന്നത് എന്നിങ്ങനെ വിവരണം നൽകി

ക്കൊണ്ടാണ് പാഷാണത്തിന്റെയർത്ഥം ശബ്ദതാരാവലിയിൽ വിവരിക്കുന്നത്. 'പാഷ'ത്തിന് *അന്യനെ ഉപദ്രവിക്കുന്നത്* എന്നും 'അണ'ത്തിന് *ശബ്ദിക്കുന്നത്* എന്നും മറ്റൊരു നിരുക്താർത്ഥം കൂടി നൽകിയിട്ടുണ്ട്. ഭാഷയിൽ *കല്ല്, പാറ* എന്നീ അർത്ഥങ്ങൾ ഇല്ലാതാവുകയും *വിഷം* എന്ന അർത്ഥത്തിൽ രൂഢിയായിത്തീരുകയും ചെയ്തു.

**പുച്ഛം -** 1) *വാൽ*
2) *രോമങ്ങളുള്ളവാൽ*
3) *മയിലിന്റെ വാൽ*
4) *പിൻഭാഗം*
5) *അറ്റം* (1973: 584)

സംസ്കൃതത്തിൽ ഈ പദത്തിന് *വാൽ, അഗ്രം* എന്നീ അർത്ഥങ്ങളാണുള്ളതെങ്കിലും മലയാളത്തിൽ അതേ അർത്ഥത്തിലല്ല ഇന്നുള്ള വിനിമയം. *വെറുപ്പ്, നിന്ദകലർന്ന വെറുപ്പ്* എന്നീ അർത്ഥങ്ങളാണ് മലയാളത്തിൽ ഈ പദത്തിനുള്ളത്. *നിന്ദിക്കുക* എന്ന അർത്ഥത്തിലാണ് പുച്ഛിക്കുക എന്ന് പ്രയോഗിക്കപ്പെടുന്നത്. പുച്ഛത്തിന് *വാൽ* എന്ന അർത്ഥമായിരുന്നെന്ന് ഗോദവർമ്മയും സൂചിപ്പിക്കുന്നുണ്ട്. (2017: 42). എന്നാൽ പൃച്ഛാ, പൃച്ഛിതം എന്നീ സംസ്കൃതപദങ്ങൾക്ക് തുല്യമായി പാലിയിൽ പുച്ഛാ, പുച്ഛിതം എന്നുണ്ട്. അതിൽനിന്നാണ് മലയാളത്തിലെ 'പുച്ഛം' എന്നുറപ്പിക്കാം. *ചോദ്യം ചെയ്യാവുന്നത്, പരിഹാസ്യം* എന്നാണ് പാലിയിൽ ഈ പദത്തിന്റെ അർത്ഥം. പരിഹാസ്യം എന്നതിൽ നിന്നാണ് *നിന്ദിക്കുക* എന്ന അർത്ഥം മലയാളത്തിലേക്ക് കടന്നുവന്നത്.

**പൂതി -** 1) *നാറ്റമുള്ള, അഴുകിയ, ദുർഗന്ധംവമിക്കുന്ന*
2) *മലിനജലം, പഴുപ്പ്, ചലം* (1973: 544)

*ആഗ്രഹം, കൊതി* എന്നീ അർത്ഥങ്ങളിലും അല്പം നിന്ദാർത്ഥത്തിലും ഭാഷയിൽ പൂതിയെന്ന പ്രയോഗമുണ്ട്. ഇത് പ്രാദേശികഭേദമാകും. എന്നാൽ സംസ്കൃതത്തിലുള്ള അർത്ഥങ്ങൾ ഭാഷയിൽ പ്രയോഗത്തിലില്ല.

**പ്രതിസന്ധി** - 1) *പുനസ്സമാഗമം*

2) *ഗർഭാശയത്തിലേക്കുള്ള പ്രവേശനം*

3) *രണ്ട് കാലഘട്ടങ്ങളുടെ മധ്യകാലസംക്രമണം*

4) *വിരാമം* (1973: 570)

*തടസ്സം, ദുർഘടം* തുടങ്ങിയ അർത്ഥങ്ങളിലാണ് ഈ പദം മലയാളത്തിൽ പ്രയോഗിക്കപ്പെടുന്നത്. പ്രതികൂലസാഹചര്യത്തെക്കുറിച്ചും പ്രതിസന്ധിയെന്ന് പറയാറുണ്ട്. *പ്രതികൂലദശാസന്ധി, ദുർഘടഘട്ടം, വീണ്ടുമുള്ളഘടന* എന്നീ അർത്ഥങ്ങളാണ് ഈ പദത്തിന് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015: 1290).

**പ്രസംഗം** - 1) *ആസക്തി*

2) *ഐക്യം*

3) *അവിവാഹിതമായ മൈഥുനം*

4) *തൊഴിൽ*

5) *വിഷയം*

6) *അവസരം*

7) *ദൈവയോഗം*

8) *സന്ദർഭം*

9) *തർക്കം*

10) *ഉപസംഹാരം* (1973: 591)

''സന്ദർഭം മാത്രമാണ് സംസ്കൃതത്തിൽ. പ്രഭാഷണമാണ് നമ്മുടെ പ്രസംഗം'' എന്ന് കുഞ്ചുണ്ണിരാജ അഭിപ്രായപ്പെടുന്നുണ്ട് (1962: 116). *ഒരു സംഗതിയെപ്പറ്റി പറയുമ്പോൾ അതു സംബന്ധിച്ച് വല്ല കഥയോ വർത്തമാനമോ ഉണ്ടായിത്തീരൽ, ഏതെങ്കിലും വിഷയത്തെപ്പറ്റി സദസിൽ വെച്ചു നൽകുന്ന ഉപദേശം* എന്നാണ് പ്രസംഗത്തിന് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ള അർത്ഥം (2015: 1301). *സന്ദർഭം* എന്ന സംസ്കൃതാർത്ഥം പരാമർശിച്ചിട്ടേയില്ല. എങ്കിലും പ്രസംഗവശാൽ എന്നിടത്ത് സംസ്കൃതത്തെ തുടർന്ന് *സന്ദർഭവശാൽ* എന്നഅർത്ഥം തന്നെ

യാണ് സ്വീകരിക്കുന്നത്. എന്നാൽ 'പ്രാസംഗികൻ', 'വാചാപ്രസംഗം' എന്നീ പ്രയോഗങ്ങളിൽ സന്ദർഭം എന്ന അർത്ഥമില്ല.

**പ്രായം** - 1) *വിയോഗം, ദൂരെപ്പോകൽ, മരണം*

2) *നിരാഹാരം കൊണ്ടുള്ള മരണം, വ്രതമനുഷ്ഠിക്കൽ*

3) *ഏറ്റവും വലിയ ഭാഗം*

4) *ആധിക്യം* (1973:602)

*വയസ്സ്* എന്ന അർത്ഥമാണ് മലയാളത്തിൽ പ്രായത്തിനുള്ളത്. 'പ്രായം തികഞ്ഞു', 'പ്രായപൂർത്തിയായി' എന്നിങ്ങനെ മലയാളത്തിൽ കൂടുതൽ പ്രയോഗങ്ങൾ. 'അവർ സമപ്രായക്കാരാണ്' എന്നിടത്തും *വയസ്സ്* എന്നു തന്നെ അർത്ഥം. പ്രായത്തിന് സംസ്കൃതത്തിൽ *ആധിക്യം* എന്ന അർത്ഥമുണ്ടെങ്കിലും 'പ്രായാധിക്യ'ത്തിന് മലയാളത്തിലുള്ള വിവക്ഷ 'പ്രായക്കൂടുതൽ' എന്നാണ്. ഇവിടെയും *വയസ്സ്* എന്നുതന്നെയാണ് അർത്ഥം.

**പ്രാരാബ്ധം** - 1) *ആരംഭിക്കപ്പെട്ടത്, തുടങ്ങപ്പെട്ടത്, കാര്യം, പ്രവൃത്തി, വ്യവസായം*

2) *ഭാഗ്യം, നിയതി* (1973: 605)

*തുടങ്ങിയത്, തുടക്കം, ഏറ്റെടുത്ത പ്രവൃത്തി, വിധി* എന്നിങ്ങനെ സംസ്കൃതത്തിൽ അർത്ഥങ്ങൾ. മലയാളത്തിൽ *ദുഃഖം, ദാരിദ്ര്യം, ക്ലേശം, ലോകജീവിതവുമായി ബന്ധപ്പെട്ട ദുരിതം* എന്നും അർത്ഥങ്ങൾ. 'വലിയ പ്രാരാബ്ധം', 'പ്രാരാബ്ധക്കാരൻ' ഇത്യാദിപ്രയോഗങ്ങൾ ഉദാഹരണം.

**ഫലിതം**

*കായ്ക്കുന്നത് (മരം), നേടിയത്, ഉണ്ടാക്കിയത്* എന്നൊക്കെയാണ് സംസ്കൃതത്തിലുള്ള അർത്ഥങ്ങൾ (1973: 616). എന്നാൽ മലയാളത്തിൽ *നേരമ്പോക്ക്, തമാശ* എന്ന് അർത്ഥം. 'നമ്പ്യാരുടെ ഫലിതം', 'ഫലിതബിന്ദുക്കൾ'

എന്നിടത്തെല്ലാം *തമാശ* എന്നർത്ഥം. ഇവിടെ ചിരിപ്പിക്കുന്ന വാക്കും പ്രവൃത്തിയുമാണ് ഫലിതം. ഫലിതക്കാരൻ ഫലിതം പറയുന്നയാളാണ്. *ഫലമുള്ള, കായ്ച്ച* തുടങ്ങിയ അർത്ഥത്തിൽ ഫലിതപദത്തിന് ഭാഷയിൽ പ്രയോഗമില്ല. ഭാഷാപ്രയോഗത്തിലൂടെ ചിരിയെന്ന ഫലം കിട്ടുന്നതിനാലാവാം ഫലിതം എന്നതിന് *തമാശ* യെന്ന അർത്ഥം കാണുന്നത്. ബൗദ്ധികമായ വിനോദങ്ങളാണ് യഥാർത്ഥത്തിൽ ഫലിതം. ബുദ്ധികൊണ്ട് ഫലിക്കുന്നത് എന്ന രീതിയിലും ഫലിതം എന്ന പദത്തിന് *തമാശ*യെന്ന അർത്ഥം ലഭിക്കുന്നു.

**ബദ്ധ** - *കെട്ടപ്പെട്ട, കെട്ടിയ, ബന്ധിക്കപ്പെട്ട, കാൽവിലങ്ങിട്ട, പിടിച്ച, യോജിച്ച*

(1973 :617)

(ബദ്ധ-കെട്ടപ്പെട്ട, പാട്- സ്ഥിതി) എന്നീ ഘടകപദങ്ങളുടെ അർത്ഥങ്ങൾ ചേർത്ത് കെട്ടപ്പെട്ട അവസ്ഥ എന്നാണ് ഭാഷയിൽ ഉപയോഗിക്കപ്പെടുന്നത്. *തിടുക്കപ്പെട്ട്* എന്ന അർത്ഥത്തിലാണ് മലയാളത്തിൽ ഈ പദം പ്രയോഗിക്കുന്നത്. കെട്ടപ്പെടുക എന്ന അർത്ഥത്തിലല്ല, *ത്വരിതഗതിയിൽ* എന്നാണർത്ഥമെന്ന് കുഞ്ഞുണ്ണിരാജ അഭിപ്രായപ്പെടുന്നുണ്ട് (1973 : 117).

**ഭയങ്കരം** - *പേടിപ്പിക്കുന്ന, ഭീകരമായ, ആപത്കരമായ, ആപത്തുണ്ടാക്കുന്ന*

(1973 : 643)

ഭയങ്കരമെന്നാൽ *ഭയം ഉണ്ടാക്കുന്നത്* എന്നാണർത്ഥം. എന്നാൽ *വളരെ, വലിയ* എന്നീ അർത്ഥങ്ങളിൽ ഈ പദം വ്യവഹരിക്കപ്പെടുന്നുണ്ട്. 'ഭയങ്കര സുന്ദരി', 'ഭയങ്കരസംഭവം' തുടങ്ങിയ ഉദാഹരണങ്ങളിൽ *വളരെ വലിയ* എന്ന അർത്ഥമാണുള്ളത്. ഇതിനോടനുബന്ധിച്ച് 'ഭീകരസംഭവം' എന്നും ഇന്ന് പ്രയോഗത്തിൽ വന്നിട്ടുണ്ട്. അവിടെയും *വലിയ* എന്നുതന്നെ അർത്ഥം. 'നീയൊരു ഭയങ്കരൻതന്നെ', 'നീയൊരു ഭീകരൻതന്നെ' എന്നെല്ലാം സാധാരണപ്രയോഗങ്ങളായി മാറുകയും *വലിയ* എന്ന അർത്ഥം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഗുണ്ടർട്ട് ഭയങ്കരത്തിന്

*Terrific* എന്നാണർത്ഥം നൽകിയിരിക്കുന്നത് (1962: 695). ശബ്ദതാരാവലിയിലും *ഭയം ഉണ്ടാക്കുന്ന, ആപത്കരമായ* എന്നീ അർത്ഥങ്ങൾ തന്നെ (2015:1540). ഇംഗ്ലീഷിലെ വാമൊഴിപ്രയോഗങ്ങളിലും 'Terribly good' എന്നും 'awfully beautiful' എന്നും പ്രയോഗങ്ങളുണ്ട്. ഇവയുടെ സ്വാധീനം ഭയങ്കരം എന്ന പദത്തിന്റെ അർത്ഥാദേശത്തിന് കാരണമായിട്ടുണ്ടാവാം.

**ഭംഗി** – 1) *വേഗത്തിൽ പൊട്ടുന്ന, ഭംഗുരമായ, സ്ഥായിയല്ലാത്തപൊട്ടൽ, എല്ലുപൊട്ടൽ, ഭേദനം*

2) *അലയ്ക്കൽ*

3) *തിര*

4) *വെള്ളപ്പൊക്കം, ഒഴുക്ക്*

5) *വളഞ്ഞുതിരിഞ്ഞ വഴി*

6) *വക്രോക്തി*

7) *ഒഴികഴിവ്, കളിപ്പിക്കൽ*

8) *ചതിവ്, വഞ്ചന*

9) *വ്യംഗ്യോക്തി*

10) *നേരമ്പോക്ക്*

11) *പദം*

12) *ഇടവേള*

13) *ലജ്ജ* (1973:640).

മലയാളത്തിലുള്ള *അഴക്* എന്ന അർത്ഥം സംസ്കൃതത്തിൽ ഈ പദത്തിനില്ല. 'ഭംഗിയുള്ള പൂവ്', 'ഭംഗിയായി പാടി', 'ഭംഗിയുള്ള ഉടുപ്പ്' എന്നീ പ്രയോഗങ്ങളിൽ ഭംഗിയ്ക്ക് *മനോഹരം* എന്നർത്ഥം. സംസ്കൃതത്തിൽ ഭംഗിയ്ക്ക് നൽകിയ അർത്ഥങ്ങൾ 'ഭംഗം' എന്ന വാക്കിന് ചേരുമായിരിക്കാം. ഈ അർത്ഥങ്ങളൊന്നും തന്നെ മലയാളഭാഷയിൽ ഭംഗി എന്ന പദത്തിനു പകരം ഉപയോഗിക്കപ്പെടുന്നുമില്ല.

'ഭാഷാഗവേഷണം' എന്ന കൃതിയിലും ഭംഗിയ്ക്ക് *തിരമാല, വളവ്* എന്നീ അർത്ഥങ്ങളാണ് സംസ്കൃതത്തിലെന്ന് ചൂണ്ടിക്കാണിക്കുന്നുണ്ട് (1962:117). ഭാഷയിൽ *സൗന്ദര്യം* എന്ന അർത്ഥത്തിൽ ഈ പദം രൂഢിയായിത്തീർന്നിട്ടുണ്ട്.

**ഭാഗവതർ**

ഭാഗവതഃ - *വിഷ്ണുഭക്തൻ*

ഭാഗവതം - *വിഷ്ണുവിനെ സംബന്ധിക്കുന്ന* (1973: 647).

ഭാഗവതർ നമുക്ക് പാട്ടുകാരനാണ്. *ഗായകൻ* എന്ന അർത്ഥത്തിനുപരി ഭക്തിഗാനങ്ങളുടെ ആലാപനം നടത്തുന്നയാളാണ് ഭാഗവതർ. *ഭക്തൻ* എന്ന അർത്ഥത്തിന്റെ നീട്ടിവെക്കലായാണ് ഈ അർത്ഥവും കടന്നുവന്നതെങ്കിലും ഭാഗവതർ ഭക്തനായിക്കൊള്ളണമെന്നില്ല എന്ന് കുഞ്ചുണ്ണിരാജ നിരീക്ഷിക്കുന്നുണ്ട് (1962:117). ഭഗവത് ഭക്തന്മാരുടെ കീർത്തനങ്ങളാണ് ഈ അർത്ഥത്തിന് ഹേതുവായത്. ഇന്ന് 'ഭാഗവതർ' എന്ന പദത്തെ പരിഹാസത്തിനായും പ്രയോഗിക്കാറുണ്ട്. പാട്ട് പാടുന്നയാളെ കളിയാക്കുന്നതിനായി 'ഭാഗവതരാ'ണോ എന്ന് ചോദിക്കാറുണ്ട്. 'വലിയ ഭാഗവതാരാണെന്നാണ് വിചാരം' എന്ന പ്രയോഗത്തിലും പരിഹാസത്തിന്റെ അംശം കാണാം.

**മര്യാദ-** 1) *സീമ, അതിര്, ഭാഗം, അതിർത്തി, തീരം*

2) *അന്ത്യം, അവസാനം, ഉദ്ദേശ്യം*

3) *കര*

4) *ചിഹ്നം, അതിരടയാളം*

5) *നിയമനടപടി*

6) *സത്പ്രവൃത്തി, ഔചിത്യത്തിന്റെ അതിര്*

7) *കരാറ്, ഉടമ്പടി* (1973: 691)

സംസ്കൃതത്തിലുള്ള അർത്ഥങ്ങളൊന്നുംതന്നെ ഇന്ന് ഈ പദത്തിന് ഭാഷയിൽ ഇല്ല. *ന്യായമായത്, ശരിയായത്* എന്നിങ്ങനെയാണ് മര്യാദയുടെ അർത്ഥ

ങ്ങൾ. 'അവർ മര്യാദക്കാരനാണ്', 'മര്യാദയ്ക്ക് സംസാരിക്കണം' തുടങ്ങിയ പ്രയോഗങ്ങളിൽ *ശരിയായരീതിയിൽ പെരുമാറുക* എന്നർത്ഥമാണുള്ളത്. ആശയം വിട്ടുനടക്കാത്ത മാന്യനാണ് മര്യാദക്കാരൻ എന്നും അതിർത്തിവിട്ട് ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിക്കുന്നതാണ് മര്യാദ എന്നും കുഞ്ചുണ്ണിരാജ വ്യക്തമാക്കുന്നു (1972 : 118). ഇവിടെ *അതിർത്തി* എന്ന അർത്ഥത്തിന്റെ വികാസം കാണാവുന്നതാണ്. അതിരുകടക്കാത്ത പെരുമാറ്റംതന്നെ. എന്നാൽ മലയാളത്തിൽ അർത്ഥാദേശം സംഭവിച്ച പദമാണിത്.

**മാതൃക** - 1) *മാതാവിൽനിന്ന് വന്നിട്ടുള്ള, അനന്തരാവകാശമായി ലഭിച്ചിട്ടുള്ള,*
2) *മാതാവിനെ സംബന്ധിച്ച*

മാതൃകയ്ക്ക് *മാതാവ്, അമ്മൂമ്മ, വളർത്തമ്മ, ഉത്ഭവസ്ഥാനം, ദേവമാതാവ്* എന്നീ അർത്ഥങ്ങളാണുള്ളത്. *അനുകരണീയമായത്, കണ്ടുപഠിക്കത്തക്കത്* എന്നീ അർത്ഥത്തിലാണ് മലയാളത്തിൽ ഈ പദത്തിന് പ്രയോഗമുള്ളത്. 'മാതൃകയായിത്തീരുക', 'മാതൃകാദ്ധ്യാപകൻ' എന്നിവ ഉദാഹരണം.

**മാധ്യമം** - *മദ്ധ്യഭാഗത്തോട് ബന്ധമുള്ള, കേന്ദ്രീകൃതമായ, മധ്യത്തിലുള്ള* (1973 : 705).

മാധ്യമികയുടെയും അർത്ഥം ഇതു തന്നെ. മാധ്യമത്തിന് *മീഡിയ (വിനിമയം)* എന്ന അർത്ഥമാണ് ഭാഷയിലുള്ളത്. കേന്ദ്രീകൃതമെന്ന അർത്ഥം ലുപ്തമായിരിക്കുന്നു. മധ്യത്തിൽ നിൽക്കുന്നത് എന്നതിൽ നിന്നാണ് *മീഡിയ* എന്ന അർത്ഥം ഭാഷയിൽ കൈവന്നത്.

**മേഖല** - 1) *അരഞ്ഞാണം, കടിബന്ധം, ചുറ്റിക്കെട്ടുന്ന വസ്തു*
2) *സ്ത്രീകളുടെ അരഞ്ഞാണം*
3) *ബ്രഹ്മചാരികൾ അരയിൽ കെട്ടുന്ന പുല്ലുകൊണ്ടുണ്ടാക്കിയ അരഞ്ഞാണം*
4) *പർവ്വതത്തിന്റെ ചരിവ്*
5) *അരക്കെട്ട്, വാൾതൂക്കിയിടാനുള്ള അരപ്പട്ട* (1973:729)

*ഭൂവിഭാഗം, പ്രദേശം* എന്നീ അർത്ഥങ്ങളിലാണ് മേഖല എന്ന പദത്തിന് ഭാഷയിൽ പ്രയോഗം. ഹിന്ദിയിൽ *വരമ്പ്* എന്ന അർത്ഥം കാണാം. ഇത് *അര ഞ്ഞാണം* എന്ന അർത്ഥത്തിന്റെ വിപുലനമാകാം. ഇത്തരത്തിലുള്ള അർത്ഥത്തിൽ നിന്നായിരിക്കാം *ഭൂഭാഗം (Zone)* എന്ന അർത്ഥം വന്നത്. 'വനമേഖല', 'തീരപ്രദേ ശമേഖല' തുടങ്ങിയവ ഉദാഹരണം. കവിതയിലോ മറ്റോ അല്ലാതെ, *അരഞ്ഞാണം* എന്ന അർത്ഥം ഭാഷയിലില്ലെങ്കിലും ശബ്ദതാരാവലിയിലെ പ്രാഥമികാർത്ഥം ഇതു തന്നെയാണ്.

**യജമാനൻ** - 1) *യാഗം നടത്തുന്നവൻ, യാഗത്തിനുള്ള ചെലവ് വഹിക്കുന്നവൻ*

2) *യാഗം നടത്തിക്കുന്നവൻ*

3) *രക്ഷാധികാരി, ധനവാൻ* (1973: 736)

ഇതേ പുറത്തിൽ തന്നെ 'യജുർവേദ'ത്തിന് *യാഗത്തിൽ ഉപയോഗിക്കുന്ന മന്ത്ര*മെന്നും 'യജന'ത്തിന് *യാഗാനുഷ്ഠാനം* എന്നും അർത്ഥം കൊടുത്തിട്ടുണ്ട്. വേദക് നിഘണ്ടുവിലും 'യജ' എന്ന ധാതുവിന് *To Sacrifice, Amystery* എന്നീ അർത്ഥങ്ങൾ നൽകിയിരിക്കുന്നു (സൂര്യകാന്ത, 1981: 436). മലയാളത്തിൽ *ഉടമ സ്ഥൻ* എന്ന അർത്ഥത്തിലാണ് യജമാനപദം ഉറച്ചുപോയിരിക്കുന്നത്. ഭൃത്യരെ നിയമിച്ച് അവരെക്കൊണ്ട് പണിയെടുപ്പിക്കുന്ന മേലാളൻ ആണ് യജമാനൻ. യാഗം നടത്തുന്ന മേലാളർ എന്നതിൽ നിന്ന് *മേലാളർ* എന്ന അർത്ഥം മാത്രം ഭാഷയിലേക്ക് കടന്നുവന്നതാണ് ഈ പദത്തിന്റെ അർത്ഥാദേശത്തിന് കാരണം.

**രാഷ്ട്രീയം** - *രാജ്യത്തെ സംബന്ധിച്ച* (1973: 762)

*രാജ്യത്തെ സംബന്ധിച്ച (National)* എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന ഈ പദം ഇന്ന് *Political* എന്ന അർത്ഥത്തിലാണ് പ്രയോഗിക്കപ്പെടുന്നത്. 'പ്രാദേ ശികരാഷ്ട്രീയം', 'കക്ഷിരാഷ്ട്രീയം', 'രാഷ്ട്രീയപ്രവർത്തകൻ', 'രാഷ്ട്രീയകാര്യ ങ്ങൾ' തുടങ്ങിയ പ്രയോഗങ്ങളിൽ *Political* എന്ന അർത്ഥത്തിനാണ് സ്വീകാര്യത.

**വിവരം -** 1) *പിളർപ്പ്, ദ്വാരം*

2) *ഇടവേള, ഇടയ്ക്കുള്ള സ്ഥലം*

3) *ഏകാന്തസ്ഥലം*

4) *ന്യൂനത, ദുർബലസ്ഥാനം*

5) *മുറിവ്*

5) *ഒൻപത്* (1973 : 851)

*അറിവ്, ജ്ഞാനം* എന്നീ അർത്ഥത്തിലാണ് നാം മലയാളത്തിൽ വിവരം എന്ന് പ്രയോഗിക്കുന്നത്. കൂടാതെ 'അസുഖവിവരം' എന്ന പ്രയോഗവും മലയാളത്തിൽ കാണുന്നു. *ദ്വാരം, ഇടവേള* എന്നീ അർത്ഥത്തിൽ ഭാഷയിൽ പ്രയോഗിക്കുന്നില്ല. 'ഡോക്ടറോട് വിവരം പറയുക' എന്നതിൽ *വസ്തുതാവിവരണം* എന്ന അർത്ഥവും 'വിവരാവകാശം' എന്നിടത്ത് *അന്വേഷണം* എന്ന അർത്ഥവും കാണുന്നു. ഈ അർത്ഥങ്ങൾ വിവരത്തിന് സംസ്കൃതത്തിലില്ല. വിവരമെന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ മലയാളത്തിൽ പ്രയോഗത്തിലുള്ള അർത്ഥങ്ങൾ ശബ്ദതാരാവലിയിലില്ല എന്നതും ശ്രദ്ധേയമാണ്. അദ്ദേഹം സംസ്കൃതനിഘണ്ടുകാരനെ പിൻതുടരുന്നതായി കാണാം.

**വിവർത്തനം -** 1) *കറങ്ങൽ, കറക്കം*

2) *ഭ്രമണം*

3) *തിരിച്ചുവരവ്*

4) *താഴോട്ടുള്ള പോക്ക്*

5) *നിലനിൽപ്*

6) *ബഹുമാനപൂർവ്വമുള്ള വന്ദനം*

7) *പല ജൻമങ്ങളിൽക്കൂടി കടന്നുപോകൽ*

8) *അവസ്ഥാനന്തരം* (1973 : 852)

*തർജ്ജമ* എന്ന അർത്ഥത്തിലാണ് വിവർത്തനത്തിന് മലയാളത്തിലുള്ള പ്രയോഗം. സംസ്കൃതത്തിൽ ഈ പദത്തിനുള്ള അർത്ഥത്തെ തിരസ്കരിക്കു

കയും പുതിയ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുകയും ചെയ്തു. അനുവാദം എന്ന പദമാണ് സംസ്കൃതത്തിൽ *തർജ്ജമ* എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നത്. 'വിവർത്തനപ്രക്രിയ' എന്നതിൽ *Explanation* എന്ന അർത്ഥവുമുണ്ട്.

**ശാസ്ത്രം -** 1) *ആജ്ഞ, നിർദ്ദേശം, കൽപ്പന, വിധി*

2) *വേദവിധി, ധർമ്മശാസ്ത്രത്തിന്റെ കൽപന*

3) *മതഗ്രന്ഥം, വേദം*

4) *വിദ്യാവിഭാഗം, ജ്ഞാനം*

5) *പുസ്തകം, ഗ്രന്ഥം*

6) *സിദ്ധാന്തം* (1973: 910)

*സയൻസ്* എന്ന് ഇന്ന് വ്യവഹരിക്കുന്ന തരത്തിലുള്ള അർത്ഥം മാത്രമല്ല സംസ്കൃതത്തിൽ ഈ പദത്തിനുണ്ടായിരുന്നത്. *ധർമ്മഗ്രന്ഥം, വൈദികവിധി, നിയന്ത്രിതമായജ്ഞാനം* എന്ന് ശബ്ദതാരാവലി. *ശാസിക്കുന്നത് (പഠിപ്പിക്കുന്നത്)* എന്നർത്ഥമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. *ആജ്ഞ, ഭരണം* എന്നീ അർത്ഥങ്ങളും കാണാം. (2015: 1651).

**ശല്യം -** 1) *കുന്തം, ശൂലം*

2) *ബാണം, ശരം*

3) *മുള്ള്, കുറ്റി, ഉടക്കുളി*

4) *ശരീരത്തിൽ വേദന ജനിപ്പിക്കുന്ന ഉപകരണം*

5) *ഹൃദയഭേദകമായ ദുഃഖം*

6) *അസ്ഥി*

7) *കാഠിന്യം, കഷ്ടത*

8) *പാപം, കുറ്റം*

9) *വിഷം* (1973: 902)

*ഉപദ്രവം* എന്ന അർത്ഥത്തിലാണ് മലയാളത്തിൽ 'ശല്യം' എന്ന പദത്തിന്റെ പ്രയോഗം. 'ശല്യക്കാരൻ', 'ശല്യം ചെയ്യുക' എന്നീ പ്രയോഗങ്ങളിൽ *ഉപദ്രവിക്കുക*

എന്നാണർത്ഥം. കുന്തം, ശൂലം, മുള്ള് എന്നിവയെല്ലാം വേദനിപ്പിക്കുന്നവയായതു കൊണ്ടാവാം *ഉപദ്രവം* എന്ന അർത്ഥത്തിൽ 'ശല്യം' ഭാഷയിലേക്ക് കടന്നുവന്നത്.

**ശമ്പളം**

ശമ്പളത്തിന്റെ സംസ്കൃതാർത്ഥം *യാത്രക്കുവേണ്ട ഒരുങ്ങൽ* എന്നാണ്. *Provender or provisions for a journey* എന്നായിരുന്നു ശമ്പളത്തിന്റെ അർത്ഥമെന്ന് ഗോദവർമ്മ ചൂണ്ടിക്കാണിക്കുന്നു (2017: 85). യാത്രയ്ക്കുവേണ്ടി ഒരുക്കുന്ന വിഭവങ്ങളെ 'ശംബല'എന്നാണ് പറയുന്നതെന്ന് പി.എം.ജോസഫ് അഭിപ്രായപ്പെടുന്നുണ്ട് (1984:233). ഇന്ന് *വേതനം* എന്ന അർത്ഥത്തിലാണ് മലയാളത്തിൽ പ്രയോഗം. *പ്രതിമാസവേതനം* എന്നാണ് കൃത്യമായ അർത്ഥം. അന്നന്നത്തെ പ്രതിഫലത്തിന് ശമ്പളമെന്ന് പറയാറില്ല.

**ശിക്ഷ** - *പഠിക്കുക, അധ്യയനം ചെയ്യുക, അറിവ് സമ്പാദിക്കുക* (1973: 910).

ശിക്ഷണം പഠിപ്പിക്കലും ശിക്ഷകൻ അധ്യാപകനും വിദ്യാർത്ഥിയുമാണ്. മലയാളത്തിൽ ശിക്ഷ ദണ്ഡനമാണ്. ശിക്ഷിക്കുക എന്നതിന് ഗുണദോഷിക്കുക, അടിക്കുക, കൊല്ലുക എന്നീ അർത്ഥങ്ങളും ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ട്. (2015: 1651) 'സർവ്വശിക്ഷാ അഭിയാൻ' എന്നിടത്ത് *ശിക്ഷ വിദ്യാഭ്യാസം ചെയ്യിക്കലാണ്.* ഹിന്ദിയിലും ശിക്ഷയ്ക്ക് *വിദ്യാഭ്യാസമെന്ന* അർത്ഥം തന്നെയാണ്. *പഠനം* എന്ന അർത്ഥം ഇന്നും ശിക്ഷക്ക് നിലനിൽക്കുന്നുണ്ടെങ്കിലും ശിക്ഷിക്കുക എന്നതിന്റെ ആദ്യ അർത്ഥം മലയാളത്തിൽ *ദണ്ഡന*മാണ്.

**സങ്കടം -** 1) *ഇടുങ്ങിയ വഴി, ഇടുക്ക്*

2) *പ്രയാസം, അപകടം* (1973: 951)

മലയാളത്തിൽ *ദുഃഖമെന്ന* അർത്ഥമാണുള്ളത്. *പ്രയാസം, അപകടം* എന്നിവയെല്ലാം സങ്കടത്തിനുള്ള കാരണങ്ങളാണ്. *ഇടുങ്ങിയ വഴി* എന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗമേയില്ല.

**സഖാവ്**

സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ തമ്മിൽ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദമാണിത്. *കൂട്ടുകാരൻ* എന്ന അർത്ഥത്തിലുള്ള ഈ പദം ഇന്ന് *കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരൻ* എന്ന അർത്ഥത്തിലേക്ക് മാറിയിരിക്കുന്നു. മലയാളത്തിൽ *Comrade* എന്നതിനു തുല്യമായ പദമാണിത്.

**സന്ദർഭം** - 1) *ഒന്നിച്ചു കോർക്കൽ, സജ്ജീകരിക്കൽ*

2) *ശേഖരിക്കൽ, യോജിപ്പിക്കൽ*

3) *തുടർച്ച, സ്ഥിരത*

4) *നിർമ്മാണം, ഘടന*

5) *രചന, സാഹിത്യസൃഷ്ടി* (1973: 962)

*അവസരം* എന്നാണ് മലയാളത്തിലർത്ഥം. 'സന്ദർഭത്തിനനുസരിച്ച്', 'സന്ദർഭോചിതം' തുടങ്ങിയവ ഉദാഹരണം. അർത്ഥാദേശം സംഭവിച്ച പദമാണ് സന്ദർഭം. *മാലകെട്ടൽ, യോജിപ്പിക്കൽ, നിർമ്മാണം, രചന* എന്നീ അർത്ഥങ്ങളിൽ ഈ പദം പ്രയോഗിക്കപ്പെടുന്നില്ല. സന്ദർഭത്തിന് സംസ്കൃതത്തിലുള്ള പദം 'പ്രകരണം' എന്നാണ്.

**സാവധാനം**

*അവധാനത്തോടു കൂടി* അഥവാ *ശ്രദ്ധയോടുകൂടി* എന്നാണ് സാവധാനത്തിന്റെ അർത്ഥം. സാവധാനത്തിന് *Circumspectly (സൂക്ഷ്മദൃഷ്ടിയോടെ), attention (ശ്രദ്ധ), quiet (ശാന്തമായി)* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962:727). സാവധാനത്തിന് ശബ്ദതാരാവലിയിൽ *ശ്രദ്ധാപൂർവ്വം, പതുക്കെ, ശ്രദ്ധ, ശാന്തത, താമസം* എന്നീ അർത്ഥങ്ങളാണുള്ളത് (2015:713).

ഗുണ്ടർട്ട്നിഘണ്ടുവിൽ *ശ്രദ്ധ* എന്ന അർത്ഥത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ശബ്ദതാരാവലിയിൽ *പതുക്കെ* എന്ന അർത്ഥവും കൂടി കാണാം.

ഒരു കാര്യം ശ്രദ്ധാപൂർവ്വം ചെയ്യുമ്പോഴാണ് പതുക്കെയാവുന്നത്. എന്നാൽ ഈ വാക്കിന്റെ അർത്ഥത്തിൽ നിന്ന് ശ്രദ്ധ പിന്നീട് ഇല്ലാതാവുകയും പതുക്കെ മാത്രമായിത്തീരുകയും ചെയ്തു. 'പാമ്പ് സാവധാനം ഇഴഞ്ഞുപോയി' എന്ന് പ്രയോഗിക്കുമ്പോൾ *പതുക്കെ* എന്ന അർത്ഥം മാത്രമേ ലഭിക്കുന്നുള്ളൂ. ഇവിടെ വേഗക്കുറവിനെയാണ് 'സാവധാനം' എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

**സൗജന്യം** - 1) *നന്മ, ദയ, വിനയം*

2) *മഹാമനസ്കത, ദാനശീലം*

3) *അനുകമ്പ, ദയാശീലം*

4) *സ്നേഹം, ചങ്ങാത്തം* (1973: 1020)

സംസ്കൃതത്തിൽ *സുജനസ്വഭാവ*മെന്നും *മഹാനസ്തകത*യെന്നുമെല്ലാം അർത്ഥമുള്ള സൗജന്യം മലയാളത്തിൽ *വെറുതെ കിട്ടുക (free)* എന്ന അർത്ഥത്തിൽ ഉറച്ചുപോയിരിക്കുന്നു. 'സുജനം' എന്നത് നല്ലവനും ഗുണവാനും ദാനശീലനുമാണ്. ദാനശീലതയിൽ നിന്നുതന്നെയാണ് സൗജന്യം എന്ന പദത്തിന് *വെറുതെ കിട്ടുക* എന്ന അർത്ഥം കൈവന്നത്.

**സംരംഭം** - *തീക്ഷ്ണം, ക്ഷോഭം, ഊർജ്ജം, അഹങ്കാരം, ധിക്കാരം* (1973: 943).

സംസ്കൃതത്തിൽ *സമരം, കോപം* എന്നൊക്കെയാണർത്ഥമെങ്കിലും. ഭാഷയിൽ *ആരംഭാർത്ഥത്തിൽ* അപൂർവ്വമായി പ്രയോഗിച്ചുകാണാറുണ്ട്. ആരംഭം, പ്രാരംഭം എന്നീ പദങ്ങളുടെ സാദൃശ്യം നോക്കിയാണ് പ്രയോഗം എന്ന് കുഞ്ചുണ്ണി രാജ അഭിപ്രായപ്പെടുന്നു (1962: 123). മലയാളത്തിൽ *ആരംഭം* എന്ന അർത്ഥത്തിൽ ഈ പദം രൂഢിയായിത്തീർന്നു.

**സംവരണം** - 1) *മൂടൽ, മറയ്ക്കൽ*

2) *ഒളിച്ചുവെക്കൽ*

3) *ഒഴികഴിവ്, വേഷം മാറ്റം* (1973: 944)

*Reservation* എന്ന അർത്ഥത്തിലാണ് സംവരണത്തിന്റെ മലയാളത്തിലുള്ള പ്രയോഗം. ഒരു തരത്തിൽ *മൂടി, മറവ്* എന്നീ അർത്ഥങ്ങളുടെ തുടർച്ച തന്നെയാണിത്. പ്രത്യേകവിഭാഗങ്ങൾക്കായുള്ള മാറ്റിവെയ്ക്കലാണ് സംവരണം. *രഹസ്യം, ചിത്തവൃത്തി നിരോധനം, വിവാഹത്തിനു വരനെ തെരഞ്ഞെടുക്കൽ* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ടെങ്കിലും (2015:1693) *മാറ്റിവെക്കൽ* എന്ന അർത്ഥത്തിലാണ് ഈ പദത്തിന് ഭാഷയിൽ പ്രയോഗമുള്ളത്.

**സംസ്ഥാനം** - 1) *കൂട്ടം, ശേഖരം*

2) *അണുക്കളുടെ സമൂഹം*

3) *സ്ഥാനം*

4) *രൂപം, ആകൃതി*

5) *നിർമ്മാണം*

6) *സാമീപ്യം*

7) *സാധാരണ വാസസ്ഥലം*

8) *സ്ഥിതിചെയ്യുന്ന സ്ഥലം*

9) *നാൽക്കവല*

10) *അടയാളം, ലക്ഷണം*

11) *മരണം* (1973: 949)

*പൊതുവായ വാസസ്ഥലം, രാജ്യം, പ്രവിശ്യ* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015:1696). *രാഷ്ട്രത്തിന്റെ വിഭാഗം (State)* എന്ന അർത്ഥത്തിൽ മാത്രമാണ് ഭാഷയിൽ പ്രയോഗിക്കുന്നത്.

മൂലാർത്ഥത്തിൽ വലിയ വ്യതിയാനമൊന്നും കൂടാതെ അതേപടി ഭാഷയിലേക്ക് ധാരാളം വാക്കുകളെ സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. അർത്ഥമാറ്റത്തോടെ ഭാഷയിലേക്ക് കടന്നുവന്ന വാക്കുകൾക്ക് രൂപത്തിൽ സാരമായ വ്യത്യാസമൊന്നുമില്ലെന്നു പറയാം. തത്സമങ്ങളായിവന്ന ഈ പദങ്ങളിൽ നിന്ന് ഭാഷയിലേക്ക് സ്വീകരിക്കപ്പെട്ടപ്പോൾ അർത്ഥങ്ങൾ ചില മേഖലകളിലേക്ക് മാത്ര

മായി ഒതുങ്ങിനിൽക്കുന്നു. അർത്ഥത്തിന്റെ സൂക്ഷ്മതലത്തെയോ സവിശേഷതലത്തെയോ സംവദിക്കാൻവേണ്ടിയാണ് അന്യഭാഷാപദങ്ങളെ നാം സ്വീകരിച്ചിട്ടുള്ളത്. ഉദാഹരണത്തിന് വെള്ളം എന്ന പദം ഭാഷയിൽ ഉണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ ഈ പദം തീർത്ഥമെന്നോ അംബുവെന്നോ ഉള്ള സവിശേഷാർത്ഥത്തെ പ്രകടിപ്പിക്കാൻ പര്യാപ്തമാവാറില്ല. അംബു എന്ന വാക്ക് ജലത്തിന്റെ പര്യായമാണ്. അംബുവിന് നിരവധി അർത്ഥങ്ങൾ സംസ്കൃതത്തിലുണ്ട്. *ജലം, സുഗന്ധമുള്ളത് ജന്മകുണ്ഡലിനിയിലെ പന്ത്രണ്ട് സ്ഥാനങ്ങളിൽ നാലാമത്തേത്, നാല് എന്ന സംഖ്യ* എന്നീ അർത്ഥങ്ങളിൽ ജലം എന്ന ആശയത്തെമാത്രമാണ് സ്വീകരിച്ചത്. ഗദ്യത്തേക്കാൾ പദ്യത്തിൽ മാത്രമായി ഉപയോഗിക്കാനായും നിരവധി സംസ്കൃത പദങ്ങളെ ഭാഷയിലേക്ക് കടംകൊണ്ടിട്ടുണ്ട്. 'അഹി' എന്ന പദം ഉദാഹരണം.

സംസ്കൃതാർത്ഥങ്ങളെ അതേപടി പ്രാധാന്യത്തോടെ പ്രയോഗിക്കുകയും ഭാഷയിൽ പുതിയ അർത്ഥംകൂടി നൽകുകയും ചെയ്തിട്ടാണ് സംസ്കൃതപദങ്ങളെ മലയാളത്തിലേക്ക് സ്വീകരിച്ചത്. ഭാഷയിലേക്ക് വന്ന ഇത്തരം പദങ്ങളുടെ അർത്ഥവികാസം മലയാളത്തിൽ മാത്രം സംഭവിച്ച ഒന്നല്ല. ശിക്ഷ, അദ്ധ്യക്ഷൻ തുടങ്ങിയ നിരവധി പദങ്ങൾക്ക് മറ്റു ഭാഷകളിലും (ഹിന്ദി, കന്നട) അർത്ഥവികാസം സംഭവിച്ചിട്ടുണ്ട്. ഭാരതത്തിലേയും വിദൂരപൂർവ്വദേശങ്ങളിലേയും നിരവധിഭാഷകളിൽ സംസ്കൃതം ചെലുത്തിയിരുന്ന സ്വാധീനം വളരെവലുതാണെന്ന് പി.എം. ജോസഫ് അഭിപ്രായപ്പെടുന്നുണ്ട് (1984:42). പ്രമാദം എന്ന പദത്തിന് *തെറ്റ്* എന്ന അർത്ഥം സംസ്കൃതത്തിലുണ്ട്. *പ്രശസ്തമായത്* എന്ന അർത്ഥത്തിൽ തമിഴിലും ഈ പദത്തിന് പ്രയോഗമുണ്ട്. ഭാഷയിൽ ഈ രണ്ടർത്ഥങ്ങളും പ്രയോഗിക്കുന്നതിനാൽ 'പ്രമാദം' മലയാളത്തിൽ അർത്ഥവികാസം സംഭവിച്ച പദങ്ങളാണ്.

അർത്ഥാദേശത്തോടെ ഭാഷയിലേക്ക് വന്ന പലപദങ്ങളും അർത്ഥസാമ്യതകൊണ്ടും രൂപസാമ്യതകൊണ്ടും അർത്ഥമാറ്റം സംഭവിച്ചതാണെന്ന് മനസ്സിലാക്കാം. അക്രമത്തെ ആക്രമണവുമായി ബന്ധപ്പെടുത്തിയും മംഗലത്തെ മാംഗല്യവുമായും

ഭ്രമത്തെ ഭ്രമണവുമായും ബന്ധപ്പെടുത്തിയുമാവാം നാം മനസ്സിലാക്കിയത്. ഇത്തരത്തിൽ നിരവധിപദങ്ങൾ അർത്ഥാദേശത്തിന് വിധേയമായിട്ടുണ്ട്. സംസ്കൃതാർത്ഥങ്ങളെ നീട്ടിവെച്ചും ലാക്ഷണികമായെടുത്തുകൊണ്ടും അവയിൽ നിന്ന് പുതിയ അർത്ഥങ്ങൾ നിർമ്മിച്ചെടുത്തിട്ടുമുണ്ട്. *കേൾക്കാനുള്ള ആഗ്രഹം* എന്ന അർത്ഥത്തിലുള്ള ശുശ്രൂഷയ്ക്ക് *പരിചരണം* എന്നർത്ഥം വന്നത് ഇത്തരത്തിൽ അർത്ഥത്തിന്റെ നീട്ടിവെക്കലായിട്ടാവാം. ആദേശിക്കപ്പെട്ട അർത്ഥങ്ങൾ വളരെ വ്യത്യസ്തമായി തോന്നാമെങ്കിലും അവിടെയെല്ലാം മൂലാർത്ഥത്തിന്റെ ചെറിയ ഒരംശം സൂക്ഷ്മനിരീക്ഷണത്തിലൂടെ മനസ്സിലാക്കാവുന്നതാണ്.

സംസ്കൃതത്തിൽ നിന്നും ഭാഷയിലേക്ക് കടന്നുവന്ന പദങ്ങളെമാത്രമാണ് ഈ അദ്ധ്യായത്തിൽ വിശകലനവിധേയമാക്കിയത്. എന്നാൽ ഭാഷയിലുള്ള പദങ്ങൾക്ക് അർത്ഥപരിണാമം സംഭവിച്ചതിന് വിവർത്തനമേഖലയും സാങ്കേതികപദങ്ങളുമെല്ലാം വഴിയൊരുക്കിയിട്ടുണ്ട്. ജാതീയമായും പ്രാദേശികഭേദത്തിനനുസരിച്ചും പുതുപദസ്വാധീനത്താലും മറ്റും വാമൊഴിയിലും വിവിധപ്രയോഗമേഖലകളിലും പദങ്ങളുടെ അർത്ഥത്തിന് സംഭവിച്ച പരിണാമത്തെയാണ് തുടർന്നുവരുന്ന അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്.

# അദ്ധ്യായം 3

# അർത്ഥപരിണാമത്തിന്റെ ഭാഷാവഴികൾ

വിവർത്തനം ലക്ഷ്യഭാഷയെ സമ്പുഷ്ടമാക്കുന്ന പ്രക്രിയയാണെന്ന് പറയാമെങ്കിലും അതൊട്ടും ലളിതമായ സംഗതിയല്ല. മറ്റൊരു ഭാഷയിലെ പദങ്ങൾക്കും ശൈലികൾക്കും പ്രയോഗങ്ങൾക്കും സമാനമായ പദങ്ങളും ശൈലികളും പ്രയോഗങ്ങളും സ്വന്തം ഭാഷയിൽ കണ്ടെത്തുക ശ്രമകരമാണ്. ഭാഷകൾ തമ്മിലുള്ള ഘടനാപരമായ വ്യത്യാസവും സാമൂഹിക-സാംസ്കാരികതലങ്ങളിലുള്ള അന്തരവും ഇതിനു പ്രയാസമുണ്ടാക്കുന്നു. മൂലഭാഷയിലെ ഒരു പദത്തിന്റെ അർത്ഥവ്യാപ്തിയും ആ പദത്തിന് പകരം വെയ്ക്കാവുന്ന ലക്ഷ്യഭാഷാപദത്തിന്റെ അർത്ഥവ്യാപ്തിയും മിക്കപ്പോഴും ചേർന്നുപോകണമെന്നില്ല. നിഘണ്ടുക്കളിൽ അർത്ഥരൂപേണ നൽകുന്ന സമാനപദങ്ങൾക്കുപോലും പരിമിതികളും ഉണ്ടാകാം. അവ വേർതിരിച്ചു മനസ്സിലാക്കുവാൻ നിഘണ്ടുകാരനും വിവർത്തകനും സാധിക്കേണ്ടതാണ്.

## 3.1 വിവർത്തനവും സാങ്കേതികപദങ്ങളും

ഏതൊരു ഭാഷയിലേയും പദങ്ങളുടെ അർത്ഥപരിണാമത്തിൽ സ്വാധീനം ചെലുത്തുന്ന പ്രധാനപ്പെട്ട ഘടകങ്ങളാണ് വിവർത്തനവും സാങ്കേതികപദനിർമ്മിതിയും. മറ്റൊരു ഭാഷയിലെ ആശയത്തെ നാം സ്വീകരിക്കുമ്പോൾ ആ ആശയത്തിനു തത്തുല്യമായി പ്രയോഗിച്ച പദങ്ങളെ ലക്ഷ്യഭാഷയിൽ കണ്ടെത്തുകയാണ് വിവർത്തനത്തിൽ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. തത്തുല്യമായ പദം ലക്ഷ്യഭാഷയിൽ നേരത്തെ പ്രയോഗത്തിലുണ്ടെങ്കിലും കാര്യം എളുപ്പമാണ്. അത് കണ്ടെത്താൻ ഒരു ദ്വിഭാഷാനിഘണ്ടു സഹായകമാകും. എന്നാൽ തുല്യപദങ്ങൾ ഭാഷയിൽ പ്രയോഗത്തിലില്ലങ്കിൽ അത്തരം പദങ്ങൾ രൂപീകരിക്കേണ്ട നിലവന്നുചേരും. അത്തരം ഘട്ടങ്ങളിൽ ഉദ്ദിഷ്ടാശയത്തിന് നിരക്കുന്ന സമാനമായ പദങ്ങൾ കണ്ടെ

ത്തുകയാണ് ഒരു പോംവഴി. സമാനാർത്ഥകമായ പദത്തെ നിർദ്ദിഷ്ടാർത്ഥത്തിൽ ഉറപ്പിച്ചെടുക്കുമ്പോൾ പ്രയോഗത്തിലുള്ള പദത്തിന് അർത്ഥപരിണാമം, മിക്കപ്പോഴും അർത്ഥവികാസം സംഭവിക്കുകയാണ് ചെയ്യുന്നത്.

സാമാനാർത്ഥകമായ പദങ്ങൾ ലഭ്യമല്ലെങ്കിൽ നിലവിലുള്ള പദങ്ങളെ കൂട്ടിച്ചേർത്ത് പുതിയ പദസൃഷ്ടി നടത്തേണ്ടി വരും. ചിലപ്പോൾ പുതിയ പദരൂപീകരണമായിരിക്കും വേണ്ടിവരുക. ഇതൊന്നും സാധ്യമല്ലാത്തപ്പോൾ മൂലഭാഷാപദത്തെ തത്ഭവമായോ തത്സമമായോ സ്വീകരിക്കുന്നു. ചുരുക്കത്തിൽ വിവർത്തനം ലക്ഷ്യഭാഷയിലെ പദമണ്ഡലത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്ന പ്രക്രിയയായി മാറുന്നു. സാങ്കേതികപദങ്ങളുടെ കാര്യത്തിലും ഇതേപോലെ നടപ്പുള്ള പദങ്ങളെ പുതിയ അർത്ഥത്തിൽ പ്രയോഗിക്കുകയോ പദാദാനം നടത്തുകയോ പുതിയ പദസംഹിതയുണ്ടാക്കുകയോ ചെയ്യേണ്ടിവരുന്നു. അങ്ങനെ ഭാഷാപദകോശവും അർത്ഥമണ്ഡലവും വികസിക്കുന്നു.

അർത്ഥത്തെ മൂലപാഠത്തിൽനിന്ന് ലക്ഷ്യപാഠത്തിലേക്ക് മാറ്റി പ്രതിഷ്ഠിക്കുകയാണ് യഥാർത്ഥത്തിൽ വിവർത്തനത്തിലെ പ്രക്രിയ. ഒരുഭാഷ അന്യഭാഷകളിലെ പദങ്ങളും പ്രയോഗങ്ങളും കടംകൊള്ളുമ്പോൾ സ്രോതഭാഷയിൽ അതതു ഭാഷാണാംശങ്ങൾക്കുള്ള അർത്ഥത്തെ ഏറ്റക്കുറച്ചിലില്ലാതെ ലക്ഷ്യഭാഷയിലേക്ക് പകർത്താനാവില്ല. പലപ്പോഴും വിവർത്തനത്തിൽ കാണുന്ന ഒരു പ്രശ്നം അർത്ഥപ്രതിപാദനത്തിൽ ലക്ഷ്യഭാഷയിലെ വാക്കുകൾ സ്രോതഭാഷയിലെ പല പദങ്ങൾക്കും അർത്ഥമായി ആവർത്തിച്ചുനൽകേണ്ടി വരും എന്നതാണ്. സ്രോതഭാഷയിലെ ഒരുപദത്തിന് അനവധി പര്യായങ്ങൾ ഉണ്ടാകാം. സമാനമായ ലക്ഷ്യഭാഷാപദത്തിനും കുറെ പര്യായങ്ങൾ കാണാം. സമാനമായിരിക്കുമ്പോഴും അർത്ഥമണ്ഡലത്തിൽ ഓരോ പദവും സൂക്ഷ്മമായി വ്യത്യാസപ്പെടുന്നുണ്ട്. ഇവയിൽ ഒന്നിനുപകരം മറ്റൊന്ന് തിരഞ്ഞെടുക്കുക അതിനാൽത്തന്നെ തീർത്തും പ്രയാസകരമാണ്. ഉദാഹരണത്തിന് അഭിമാനം, ഗർവ്വം, ദർപ്പം എന്നീ ലേഖകങ്ങൾക്കെല്ലാം ഇംഗ്ലീ

ഷിൽ *Pride* എന്ന അർത്ഥം നൽകേണ്ടിവന്നേക്കാം. ഇത്തരത്തിൽ പര്യായപദ ങ്ങൾക്കെല്ലാം ഒരേപദം തന്നെ പകരപദമായി നൽകേണ്ടിവരാറുണ്ട്. വിവർത്തന ത്തിന്റെ പ്രശ്നത്തിനുപുറമെ ഇത് അർത്ഥമാറ്റത്തിനുകൂടി വകനൽകുന്നതാണ്.

വിവർത്തനത്തിൽ ലക്ഷ്യഭാഷയിലെ പദത്തിനുപകരം സാങ്കേതികപദങ്ങ ളെയോ പുതുപദങ്ങളെയോ ഒക്കെ ഉപയോഗിക്കാറുണ്ട്. പലപ്പോഴും ഇംഗ്ലീ ഷിൽനിന്നും സംസ്കൃതത്തിൽനിന്നും കടംകൊണ്ടവയാണ് ഭാഷയിലെ മിക്ക സാങ്കേതികസംജ്ഞകളും. സസ്യശാസ്ത്രം, ജന്തുശാസ്ത്രം, രസതന്ത്രം, ഭൂമിശാ സ്ത്രം, ഗണിതം, ചരിത്രം, ഭൗതികശാസ്ത്രം, ഭൂവിജ്ഞാനം, രാഷ്ട്രതന്ത്രം, സാഹിത്യം തുടങ്ങി വിജ്ഞാനത്തിന്റെ വിവിധമേഖലകളിൽ അദ്ധ്യാപനത്തിനും ഗ്രന്ഥനിർമ്മാണത്തിനുമായി ധാരാളം പദങ്ങളെ സാങ്കേതികപദങ്ങളായി ഉപയോ ഗിക്കുന്നുണ്ട്. സംസ്കൃതപ്രകൃതിയോട് മലയാളപ്രത്യയങ്ങൾ ചേർത്തുണ്ടാക്കിയ പദങ്ങൾ, മലയാളഭാഷയുടെ വർണഘടനയ്ക്കനുയോജ്യമായി അല്പം രൂപഭേദം മാത്രം വരുത്തി സ്വീകരിച്ച പദങ്ങൾ, ലിപിപരിവർത്തനം വരുത്തി പ്രയോഗിക്ക പ്പെട്ട പദങ്ങൾ, പുതുപദനിർമ്മിതി എന്നിങ്ങനെ അവയെ തരംതിരിക്കാവുന്നതാണ്. Photosynthesis എന്നതിന് പ്രകാശസംശ്ലേഷണം എന്ന പദം പകരം നൽകുന്നത് പുതുപദനിർമ്മിതിക്ക് ഉദാഹരണമാണ്. ഇത്തരത്തിൽ ഭാഷയിൽ നിരവധി പുതുപ ദങ്ങൾ കടന്നുവന്നിട്ടുണ്ട്. ഭാഷാശാസ്ത്രത്തിൽ സ്വനിമം, രൂപിമം തുടങ്ങിയവയും വ്യാകരണത്തിൽ കൃത്ത്, കാരകം, തദ്ധിതം, ആഖ്യ, ആഖ്യാതം, മുറ്റുവിന, പറ്റു വിന എന്നിവയെല്ലാം ഒരു പ്രത്യേക അർത്ഥത്തെ മാത്രം വഹിക്കുന്നതിന് തക്കരീ തിയിൽ പ്രയോഗിക്കപ്പെടുന്നവയാണ്. ഇങ്ങനെ ഭാഷയിലെ ഓരോ മേഖലയിലും അർത്ഥസ്ഥിരതയോടെ നിൽക്കുന്ന ധാരാളം സാങ്കേതികപദങ്ങളെ കാണാവുന്ന താണ്. ഇത്തരം പദങ്ങൾക്ക് അർത്ഥപരിണാമം സംഭവിക്കുന്നത് വളരെ സാവധാന ത്തിലായിരിക്കും.

എന്നാൽ ഇവയെക്കൂടാതെ വിവർത്തനത്തിന്റെ ഭാഗമായി അർത്ഥപരിണാമം സംഭവിച്ച പദങ്ങളുമുണ്ട്. ഉദാഹരണത്തിന് 'വൃത്തം' എന്നതിന് *വട്ടം* എന്നാണർത്ഥം. ഗണിതത്തിലും വട്ടത്തെ വൃത്തം എന്നു രേഖപ്പെടുത്തുന്നുണ്ടെങ്കിലും പദ്യത്തിൽ വൃത്തം വട്ടമല്ല. *meter* എന്ന അർത്ഥത്തിലേക്കു കൂടി വികസിക്കുന്നതുകാണാം. പദ്യത്തിന്റെ അളവുകോലിൽ നിന്ന് പുറത്തേക്ക് പോകാതിരിക്കൽ എന്ന രീതിയിലാവാം ഇവിടെ 'വൃത്ത'ത്തിന് അർത്ഥവികാസം സംഭവിച്ചത്. ഈ രീതിയിൽത്തന്നെയാണ് 'അലങ്കാര'ത്തിന്റെയും അർത്ഥവിവക്ഷ. ഇത്തരത്തിൽ ധാരാളം പദങ്ങളെ സാങ്കേതികസംജ്ഞകളായി പ്രയോഗിക്കുന്നുണ്ട്.

സാഹിത്യവിമർശനത്തിന്റെ മേഖലയുമായി ബന്ധപ്പെട്ട് സാങ്കേതികപദങ്ങളായി പ്രയോഗിക്കപ്പെടുന്നവയാണ് വ്യവഹാരം, സംസ്കാരം, സ്വത്വം, ആധുനികത, ഇടം, പ്രത്യയശാസ്ത്രം, കാമന, പ്രതിനിധാനം, ശരീരം, ജാതി, ലിംഗം, പുരാവൃത്തം, പാരമ്പര്യം, ലൈംഗികത തുടങ്ങിയവ.

**വ്യവഹാരം**

'വ്യവഹാര' എന്ന പദത്തിന് *നിർവ്വഹണം, വിരുദ്ധവാദം, വിവാദം, സ്ഥിതി, തീർപ്പുകൽപിക്കൽ, ന്യായം, കൂടിക്കഴിയൽ, തമ്മിൽകലഹം, കർമ്മം, പ്രവൃത്തി, കുസീദം, പെരുമാറ്റം, പരാതി, തൊഴിൽ, വ്യാപാരബന്ധം, ഓടമരം* എന്നീ അർത്ഥങ്ങളാണ് സംസ്കൃത-മലയാളനിഘണ്ടുവിൽ നൽകിയിട്ടുള്ളത് (1973:883). വ്യവഹാരം എന്ന പദത്തിന് *കോടതിയിൽ വാദിക്കപ്പെടുന്നത്, തർക്കം, വഴക്ക്, ഇടപാട്, വ്യാപാരം, നടപടി, തൊഴിൽ, നാട്ടുനടപ്പ്, പെരുമാറ്റം, ഓടമരം, നീതി, ഭരണം* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ട് (2015:1631). ഇതോടൊപ്പം വ്യവഹാരദർശനം കേസുവിസ്താരവും വ്യവഹാരസ്ഥലം കോടതിയും വ്യവഹാരക്കാരൻ തേർച്ചക്കാരനുമാണെന്ന് ശബ്ദതാരാവലിയിൽ സൂചനയുണ്ട്. ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ Discourse എന്ന പദത്തിന് *talk, dessertation,*

*or treatise on a academic subject, a lecture or sermon, A connected series of utterances; a text, speak or write a length* എന്നൊക്കെ അർത്ഥം കാണുന്നു (2006:231).

പ്രയോഗത്തിന്റെയടിസ്ഥാനത്തിൽ 'വ്യവഹാരം' എന്ന പരികൽപ്പനയ്ക്ക് വ്യത്യസ്താർത്ഥങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. സാഹിത്യം, കല, സംസ്കാരം തുടങ്ങിയ മേഖലകളിൽ നിരൂപണപദ്ധതിയുടെ ഭാഗമായി 'വ്യവഹാരം' എന്ന പരികൽപ്പന കടന്നുവന്നിട്ടുണ്ട്. കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ പഠനപദ്ധതിയായി മാറിയിട്ടുണ്ട് 'വ്യവഹാരം'. വ്യവഹാരങ്ങൾ വിനിമയങ്ങളാണ്. വക്താവിനും ശ്രോതാവിനുമിടയിൽ വ്യവഹാരങ്ങൾ പ്രവർത്തിക്കുന്നു. ഭാഷാപരവും ഭാഷേതരവുമായ ചിഹ്നങ്ങളും പ്രതീകങ്ങളും വ്യവഹാരത്തിലുൾപ്പെടുന്നു. വാമൊഴി-വരമൊഴി സംവാദങ്ങളും പ്രയോഗങ്ങളുമെല്ലാം വ്യവഹാരം തന്നെ. Discourse എന്ന പദത്തിന് ഫൂക്കോ *പ്രബന്ധം, പാഠകം* എന്നൊക്കെ ശബ്ദകോശാർത്ഥം നൽകുന്നുണ്ടെങ്കിലും വിമർശനത്തിന് പ്രാപ്തമാക്കുന്ന ഭാഷാസങ്കൽപ്പനമായാണ് വ്യവഹാരത്തെ അദ്ദേഹം അംഗീകരിക്കുന്നതെന്ന് പി. പി. രവീന്ദ്രൻ വിശദമാക്കുന്നുണ്ട് (2012:18). കാര്യകാരണബന്ധമുളവാക്കുന്ന ഏത് ആഖ്യാനവും വ്യവഹാരമാണ്. സംവദിക്കാനുള്ള മാധ്യമം എന്ന നിലയിലേക്ക് ഈ പദത്തിന് അർത്ഥവികാസം സംഭവിച്ചിട്ടുണ്ട്.

**സംസ്കാരം**

അർത്ഥവികാസം സംഭവിച്ച മറ്റൊരു പരികൽപ്പനയാണ് 'സംസ്കാരം'. ഈ പദത്തിന് ശബ്ദതാരാവലിയിൽ *ശുദ്ധീകരണം, ശുദ്ധി, വിദ്യാഭ്യാസംകൊണ്ടും മറ്റും മനസ്സിനുണ്ടാകുന്ന പ്രഭാവം, ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി, പൂർത്തിയാക്കൽ, അലങ്കാരം, കറതീർക്കൽ, പാകപ്പെടുത്തൽ, അടക്കം ചെയ്യൽ (ശവസംസ്കാരം)* എന്നീ അർത്ഥങ്ങൾ നൽകിയിട്ടുണ്ട് (2015:1696). 'സംസ്കാരരഹി

തൻ' അഥവാ 'സംസ്കാരഹീനൻ' എന്നതിന് *ഉപനയിക്കാത്ത ബ്രാഹ്മണൻ, സംസ്കാരമില്ലാത്തവൻ* എന്നീ അർത്ഥങ്ങളും നൽകിയിരിക്കുന്നു. ഷോഡശസംസ്കാരത്തെക്കുറിച്ചുള്ള സൂചനയും ശബ്ദതാരാവലി നൽകുന്നുണ്ട്.

ഒരു ഭാഗത്ത് കലാസാഹിത്യസംബന്ധിയായ സവിശേഷമണ്ഡലം എന്ന നിലയിൽ സൗന്ദര്യശാസ്ത്രപരമായും മറ്റൊരുഭാഗത്ത് ആചാരാനുഷ്ഠാനസമ്പ്രദായങ്ങളും ആചാരക്രമങ്ങളും ഉൾപ്പെട്ട ജീവിതരീതി എന്ന നിലയിലുമാണ് പത്തൊമ്പതാംനൂറ്റാണ്ടിൽ സംസ്കാരത്തെ മനസ്സിലാക്കപ്പെട്ടുപോന്നത്. അറിവ്, വിദ്യാഭ്യാസം എന്നിവ സംസ്കാരത്തിന്റെ ഭാഗമാകുകയും അറിവില്ലാത്തയാളെ സംസ്കാരരഹിതൻ എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നു.

ആധുനികതാവാദത്തിന്റെ ഒരു പ്രധാന ആശയമായിരുന്നു സംസ്കാരം. ആധുനികതയ്ക്കകത്തും പുറത്തും സംസ്കാരം എന്ന വാക്കിന്റെ അർത്ഥവും ആശയങ്ങളും പരിണാമത്തിന് വിധേയമായിക്കൊണ്ടേയിരുന്നു. ആദ്യകാലത്ത് ആധുനികത സംസ്കാരത്തെക്കണ്ടത് പ്രകൃതിക്കെതിരായുള്ളതും പ്രകൃതിയിൽനിന്ന് വിട്ട് നിൽക്കുന്നതുമായ മനുഷ്യകേന്ദ്രീകൃത ശക്തിയായിട്ടാണെന്ന് 'സംസ്കാരനിർമ്മിതി' എന്ന കൃതിയിൽ കെ.എം. അനിൽ അഭിപ്രായപ്പെടുന്നുണ്ട് (2017:64). സംസ്കാരത്തെക്കുറിച്ചുള്ള റെയ്മണ്ട്‌വില്യംസിന്റെ ആശയങ്ങളെ അദ്ദേഹം ഈ കൃതിയിൽ വിശദമാക്കുന്നുണ്ട്. തുടർന്ന് ഒരർത്ഥത്തിൽ സംസ്കാരം എന്നത് മനുഷ്യാസ്തിത്വം തന്നെയാണെന്നും വ്യക്തമാക്കുന്നു. ''മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നങ്ങളെ മാത്രം കൈകാര്യം ചെയ്യുകയല്ല സംസ്കാരം ചെയ്യുന്നത്. മറിച്ച് മനുഷ്യജീവിതത്തിന്റെ സമഗ്രതയാണ് സംസ്കാരം. മനുഷ്യന്റെ ഉൽപ്പാദന-പ്രത്യുല്പാദന വ്യവസ്ഥകളെ അപ്പാടെ ഉൾക്കൊള്ളുന്നതാണ് സംസ്കാരം. അങ്ങനെ വരുമ്പോൾ സംസ്കാരത്തിനകത്ത് രണ്ട് പുതിയ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നതായി കാണാം. 1. മനുഷ്യാതിജീവനത്തിന്റെയും മനുഷ്യാസ്തിത്വത്തിന്റെയും ആകെത്തുകയാണ് സംസ്കാരം. 2. അത് മനുഷ്യജീവിതവുമായിബന്ധ

പ്പെട്ട എല്ലാ വ്യവഹാരങ്ങളെയും ഉൾക്കൊള്ളുന്നു'' (2017:71). ഈ രണ്ട് പരികൽപ്പനകളോടും കൂടിയാണ് നാം ഇന്ന് സംസ്കാരത്തെ വായിച്ചെടുക്കുന്നത്.

**സ്വത്വം**

ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളുമായി ബന്ധം പുലർത്തുന്നതും ജീവിതത്തോടൊപ്പം പരിണമിക്കുന്നതുമായ അസ്ഥിരഘടകത്തെയാണ് സാമാന്യമായി സ്വത്വം എന്ന് വ്യവഹരിക്കുന്നത്. *തനിയ്ക്കു താൻമതിയെന്നുള്ള സ്ഥിതി, തന്റേതാണെന്നഭാവം, മമത (സ്വത്വബുദ്ധി), ഉടമസ്ഥാവകാശം, സ്വയംസത്ത* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ സ്വത്വത്തിന് നൽകിയിട്ടുണ്ട് (2015:1764). സ്വത്വം എന്നതിന് തത്തുല്യമായി ഇന്ന് വ്യവഹരിക്കപ്പെടുന്ന ഇംഗ്ലീഷ്പദം 'identity' ആണ്. *സമാനം* എന്നർത്ഥമുള്ള 'idem' എന്ന ലാറ്റിൻപദത്തിൽ നിന്നാണ് 'identity' എന്ന ഇംഗ്ലീഷ്പദം ഉണ്ടായത്. സമാനാർത്ഥകമായ പലപദങ്ങളെയും സൂചിപ്പിക്കത്തക്ക വിധം 'സ്വത്വം' പരിണമിച്ചുകൊണ്ടിരിക്കുന്നു.

ഒരുവനെ അനന്യമാക്കുന്ന ഘടകങ്ങളിൽ പരമപ്രധാനമാണ് സ്വത്വം. 'സ്വ' എന്ന സംസ്കൃതധാതുവിൽ നിന്ന് നിഷ്പ്പന്നമായ ഈ വാക്ക് മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ അസ്തിത്വവുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ സ്വത്വം ആത്മവത്തയോടാണ് ബന്ധപ്പെട്ടുനിൽക്കുന്നത്. ഗോത്രം, വർഗ്ഗം, ലിംഗം തുടങ്ങിയ സാമൂഹികവും സാംസ്കാരികവും ജീവശാസ്ത്രപരവുമായ സംവർഗങ്ങളുമായി ബന്ധപ്പെട്ടതാണ് സ്വത്വത്തിന്റെ ഭിന്നമാനങ്ങൾ. സ്വത്വത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങളിലുണ്ടാകുന്ന മാറ്റങ്ങളും പ്രതിസന്ധികളുമെല്ലാം ഒരാളുടെ സ്വത്വാനുഭവങ്ങളിൽ പ്രതിഫലിക്കും. ആധുനികതയുടെ ആവിർഭാവത്തോടെയാണ് സാഹിത്യത്തിൽ സ്വത്വാന്വേഷണം എന്ന ആശയത്തിന് പ്രസക്തി കൈവരുന്നത്. *Self, Individuality, Personality* എന്നീ പദങ്ങൾ സ്വത്വത്തിന്റെ സമാനാർത്ഥപ്രയോഗങ്ങളാണ്. ദേശീയമോ വൈയക്തികമോ സാംസ്കാ

രികമോ ആയ തനത് വിശ്വാസങ്ങൾ ആർജ്ജിച്ചിട്ടുള്ള ജനതയും സ്വത്വത്തിന്റെ ഭാഗമായി മാറുന്നു.

പ്രത്യയശാസ്ത്രം, കാമന, ശരീരം, ലിംഗം, ജാതി തുടങ്ങിയവയ്ക്കെല്ലാം അർത്ഥത്തിൽ വലിയമാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ലെങ്കിലും ഇവയ്ക്കെല്ലാം സാഹിത്യവിമർശനത്തിൽ അർത്ഥപരമായി പുതിയ മാനങ്ങളുണ്ടായിട്ടുണ്ട്. വ്യത്യസ്ത ജീവിതമണ്ഡലങ്ങളിൽ സാധാരണവും സ്വാഭാവികവുമായും ഉപയോഗിക്കാറുള്ള വാക്കുകളും പ്രയോഗവിശേഷങ്ങളും അതതു മണ്ഡലത്തിൽ മാത്രമേ സമുചിതമാവുകയുള്ളൂ. മാനകരൂപങ്ങളെ പ്രസക്തഭാഗത്ത് മാത്രം അർത്ഥഭേദത്തോടെ സ്വീകരിക്കുകയും അല്ലാത്തിടത്ത് പുത്തൻപദസംഹിതകളെ മെനഞ്ഞെടുത്തുപയോഗിക്കുകയും ചെയ്യുന്ന രീതി വിവർത്തനത്തിലും സാങ്കേതികസംജ്ഞകളുടെ കാര്യത്തിലും കാണാവുന്നതാണ്. കമ്പ്യൂട്ടറിന്റെ വരവോടെ 'മൗസ്' എന്നതിനെ നാം എലിയുമായുള്ള രൂപസാദൃശ്യത്തെ അടിസ്ഥാനമാക്കി 'മൗസ്' എന്നു തന്നെ സ്വീകരിക്കുകയും കമ്പ്യൂട്ടറിന്റെ മറ്റുള്ള ഭാഗങ്ങളെ പുതിയ പ്രയോഗങ്ങളിലൂടെ അതേപടി വിവർത്തനം ചെയ്യാതെ സ്വീകരിക്കുകയും ചെയ്തു.

വിവർത്തനത്തിലൂടെയും സാങ്കേതികമായും കടന്നുവന്ന പദങ്ങൾക്ക് അർത്ഥപരിണാമം സംഭവിക്കുന്നതിന്റെ സന്ദർഭം രേഖപ്പെടുത്താൻ കഴിഞ്ഞേക്കാം. എന്നാൽ വാമൊഴിയിലൂടെ പ്രചരിച്ച പലപദങ്ങളുടെ അർത്ഥമാറ്റം കൃത്യമായി കടന്നുവന്ന സന്ദർഭം രേഖപ്പെടുത്താൻ സാധിക്കാതെ വരുന്നു.

### 3.2. വാമൊഴി

ഒരു ഭാഷയുടെ സ്വത്വം എന്നത് ആ ഭാഷയിലെ പദങ്ങളും ശൈലികളും ഈണവും പ്രാദേശികസംസ്കൃതിയുടെ അടയാളങ്ങളുമെല്ലാം ചേർന്ന ആ ഭാഷയുടേത് മാത്രമായ സവിശേഷതകളാണ്. പ്രാദേശികമായി മാത്രം പ്രചരിക്കുന്ന പദങ്ങൾ, ഉച്ചാരണലാഘവം വരുത്താൻ രൂപമാറ്റം ചെയ്യപ്പെട്ട പദങ്ങൾ, വർണവിപര്യയങ്ങൾ, ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ, സ്വകീയസർവ്വനാമ

ങ്ങൾ, ബന്ധസൂചകപദങ്ങൾ എന്നിവയെല്ലാം ഭാഷയുടെ സ്വത്വത്തെ നിർണിയിക്കുന്ന ഘടകങ്ങളാണ്.

കാലം, മതം, ജാതി, പ്രായം, സ്ത്രീപുരുഷഭേദം, തൊഴിൽ, വിദ്യാഭ്യാസനിലവാരം തുടങ്ങിയ മാനങ്ങളിൽ ഒരേ ഭാഷക്കുള്ളിലും ദേശത്തിനുള്ളിലും ഉച്ചാരണം, വ്യാകരണം, പദാവലി, അർത്ഥം എന്നീ തലങ്ങളിൽ വ്യത്യാസം പ്രകടിപ്പിക്കുന്ന പലതരം ഭാഷാഭേദങ്ങൾ കാണാം. കാലം, ദേശം, സമുദായം, വിദ്യാഭ്യാസം, ജാതി, തൊഴിൽ എന്നിവയുടെ മുദ്രകൾ വ്യക്തമായി കാണുന്നത് വാമൊഴിയിലാണ്. ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസം ഉണ്ടാക്കുന്ന ഇത്തരം സാമൂഹികാവസ്ഥകളെ സാമൂഹികചരങ്ങൾ എന്നാണ് ഭാഷാശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. ഭാഷണത്തെ ശ്രദ്ധേയമാക്കുന്ന വിധത്തിൽ സ്വാധീനിക്കുന്ന സാമൂഹികവസ്തുതയാണിത്. ജാതി, മതം, പ്രായം, ലിംഗം, എന്നിങ്ങനെയുള്ള വ്യക്തിപരമായ വിശേഷങ്ങളെയും അങ്ങനെയാണ് പരിഗണിക്കുന്നത്. അതിനു പുറമെ പത്രഭാഷ, പരസ്യഭാഷ, രാഷ്ട്രീയഭാഷ, സാഹിത്യഭാഷ, സാങ്കേതികപദങ്ങൾ എന്നിങ്ങനെ എല്ലാ തരത്തിലുള്ള വ്യവഹാരങ്ങളുടെയും വ്യത്യാസംകൊണ്ട് ഭാഷയിൽ സംഭവിച്ച അർത്ഥപരിണാമത്തെക്കുറിച്ച് വിശദീകരിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

ഒരു പ്രത്യേക ഭാഷയോ, ഭാഷാഭേദമോ സംസാരിക്കുകയും ഒരേ സാംസ്കാരികസ്വത്വം പങ്കിടുകയും ചെയ്യുന്ന ജനങ്ങളുടെ കൂട്ടായ്മയെ ഭാഷകസമൂഹം എന്ന് വിളിക്കാം. ഓരോ ഭാഷകസമൂഹത്തിലും പ്രാദേശികവും സാമൂഹികവുമായ കൂട്ടായ്മകൾക്കപ്പുറം ചെറിയ ചെറിയ കൂട്ടായ്മകളും ഉണ്ട്. ഒരേ പദം തന്നെ വ്യത്യസ്തവിഭാഗങ്ങൾ വ്യത്യസ്താർത്ഥത്തിൽ പ്രയോഗിക്കുന്നതും കാണാം. സാമൂഹികചരങ്ങൾക്കനുസരിച്ച് ഉച്ചാരണം, വ്യാകരണരൂപം, വാക്യഘടന എന്നിവയിലെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും വാക്കുകളിലാണ് കൂടുതൽ വൈവിധ്യം കാണാൻ സാധിക്കുന്നത്. ഓരോ പദവും ഓരോ കൂട്ടായ്മയുടെ സാഹചര്യത്തിൽ സംവേദനം ചെയ്യുന്ന അർത്ഥത്തിൽ നിന്ന് പ്രചരിക്കപ്പെടു

മ്പോൾ വ്യത്യസ്തമായ അർത്ഥമായിരിക്കാം കൂട്ടായ്മയ്ക്ക് പുറത്ത് പ്രബലമായിട്ടുള്ളത്. ഒരേ പദങ്ങൾ ഒരു കൂട്ടായ്മയുടെ പുറത്തേക്ക് പ്രചരിക്കുമ്പോൾ ചിലപ്പോൾ പുതിയ അർത്ഥത്തോടുകൂടി സംവേദനം ചെയ്യുകയും അത് പ്രതിഷ്ഠ നേടുകയും ചെയ്യാം. ഉദാഹരണത്തിന് വമൊഴിയിൽ ഇന്ന് പ്രചാരത്തിലുള്ള ഒരു പദമാണ് 'ഊള'. 'അവനൊരു ഊളയാണ്' എന്ന് പറഞ്ഞാൽ *വഷളനാണ്* എന്നാണർത്ഥം. ഈ പദത്തിന് ശബ്ദതാരാവലിയിൽ നൽകിയ അർത്ഥങ്ങൾ *അഴുക്ക്, ചളി, ഊതിവീർത്ത വയറ്, ഒരു വള്ളിച്ചെടി, കിടാവ്, ഓടൽ, കറുനരിയുടെ ഓരിയിടൽ* എന്നിവയാണ് (2015: 400). 'ഊളനില'ത്തിന് *ഊഷരഭൂമി, വളംകുറഞ്ഞ നിലം* എന്നീ അർത്ഥങ്ങളുമുണ്ട്. എന്നാൽ മലപ്പുറം ഭാഷാഭേദത്തിൽ വഷളൻ എന്ന അർത്ഥത്തിൽ ഈ പ്രയോഗം ഉണ്ട്. അവ പ്രചരിക്കുകയും അതോടൊപ്പം ഒന്നിനും കൊള്ളാത്ത എന്ന അർത്ഥവും കൂടിച്ചേർന്ന് *വഷളൻ* എന്ന അർത്ഥം വ്യാപകമാവുകയും ചെയ്തു.

ഇതുപോലെ പ്രാദേശികഭേദങ്ങൾ, ജാതിപ്പേരുകൾ, ജന്തുനാമങ്ങൾ സ്ത്രീപരാമർശനാമങ്ങൾ, ബന്ധസൂചകനാമങ്ങൾ, കോഡുഭാഷകൾ, ഗ്രൂപ്പുകൾക്കിടയിൽ മാത്രമുള്ള പ്രയോഗങ്ങൾ എന്നിവയെല്ലാം അതത് കൂട്ടായ്മയ്ക്ക് പുറത്തേക്ക് വ്യാപിച്ച് അർത്ഥമാറ്റത്തിന് വിധേയമായിട്ടുണ്ട്. കൂടാതെ സിനിമ, പത്രം, നവമാധ്യമങ്ങൾ എന്നിവയിലൂടെ കൂട്ടായ്മയുടെ അതിരുകൾ ഭേദിച്ച് ഭാഷയിൽ നിരവധി പദങ്ങൾ അർത്ഥമാറ്റത്തോടെ പൊതുസമ്മതി നേടിയെടുക്കുന്നു.

### 3.2.1. ദേശഭേദം

ഒരു സമൂഹത്തിന്റെ വൈയക്തികവും സാമൂഹികവുമായ സ്വത്വത്തെ പ്രാദേശികതയുടെ അടിസ്ഥാനത്തിൽത്തന്നെ വ്യവച്ഛേദിച്ചറിയാൻ കഴിയുന്നതുകൊണ്ട് സ്വത്വനിർണ്ണയത്തിൽ ഭാഷയ്ക്ക് പ്രാധാന്യം ലഭിക്കുന്നുണ്ട്. വടക്കൻ, തെക്കൻ എന്നിങ്ങനെ മലയാളത്തിലെ പ്രാദേശികഭേദങ്ങളെ വേർതിരിച്ചിട്ടുണ്ട്. പണ്ട് വിഭിന്നദേശങ്ങളിൽ താമസിച്ചിരുന്നവർ തമ്മിൽ പരസ്പര സമ്പർക്കം കുറവായിരുന്നു.

ഓരോ ദേശത്തും തനത് സ്വഭാവത്തോടുകൂടിയ ഭാഷണശീലം വളർന്നുവന്നത് സമ്പർക്കരാഹിത്യംകൊണ്ടാണെന്ന് പ്രഭാകരവാര്യർ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (1997:71). കേരളം പഴയകാലത്ത് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ വിഭജിക്കപ്പെട്ടതുകൊണ്ടുതന്നെ കേരളത്തിലെ ഭാഷകൾ എല്ലാം മലയാളമായിരുന്നെങ്കിലും ഭാഷകൾ തമ്മിലുള്ള വ്യത്യാസം ധാരാളമായിരുന്നു. ഒരേ പദങ്ങൾ തന്നെ വിവിധ ഭാഷാഭേദങ്ങളിൽ വ്യത്യസ്താർത്ഥത്തിൽ പ്രയോഗിച്ചിരുന്നു. ചെടികളുടെയും പൂക്കളുടെയും മത്സ്യത്തിന്റെയുമെല്ലാം പേരുകൾ ദേശവ്യത്യാസത്തിനനുസരിച്ച് പ്രയോഗിക്കുന്നത് ഉദാഹരണം. മലപ്പുറം ജില്ലയിൽ മല്ലിക എന്നുവിളിക്കുന്ന പൂവിനെ കോഴിക്കോട്ടുകാർ ചെട്ടി എന്നാണ് വിളിക്കുന്നത്. കേരളത്തിന്റെ വടക്കുള്ളവർ മത്തിയെന്നും തെക്കുള്ളവർ ചാളയെന്നും ഒരേ മത്സ്യത്തെത്തന്നെയാണ് വ്യവഹരിക്കുന്നത്. ഒരേ പദത്തിന് വ്യത്യസ്തദേശങ്ങളിൽ വ്യത്യസ്തപദപ്രയോഗം കാണുന്നതിന് മറ്റുദാഹരണമാണ് പപ്പായയുടേയും കപ്പയുടേയും വിവിധ പേരുകൾ. ചാടുക എന്ന പദത്തിന് വടക്കൻകേരളത്തിൽ പ്രത്യേകിച്ച് കണ്ണൂർ, തലശ്ശേരി ഭാഗങ്ങളിൽ *കളയുക* എന്നാണർത്ഥമെങ്കിൽ കേരളത്തിന്റെ തെക്കുഭാഗത്തേക്ക് *മുകളിലേക്ക്കുതിക്കുക* എന്നാണ് അർത്ഥം. തെക്കൻഭാഷയിലെ അർത്ഥത്തെ മാനകമലയാളം ഏറ്റെടുക്കുകയും *മുകളിലേക്ക്കുതിക്കുക* എന്ന അർത്ഥത്തിന് സ്വീകാര്യത ലഭിക്കുകയും ചെയ്തു. എന്നാൽ നിഘണ്ടുക്കളിൽ ഈ രണ്ടർത്ഥങ്ങളെയും ഉൾപ്പെടുത്തേണ്ടി വരും. ഇതുപോലെ മധ്യകേരളത്തിൽ 'പട്ടി' പെൺനായയാണ്. എന്നാൽ വടക്കോട്ട് പെൺനായയെയും ആൺനായയെയും 'പട്ടി' എന്നുതന്നെ പറയുന്നു. മലപ്പുറത്തുകാർക്ക് 'നായ' ആണും 'പട്ടി' പെണ്ണുമാണ്. ഈ വ്യത്യാസം വ്യാപകമായിത്തീർന്നിട്ടുണ്ട്.

തിരുവനന്തപുരത്തുകാർക്ക് 'അപ്പി' കുട്ടിയാണെങ്കിൽ വടക്കോട്ട് 'അപ്പി' കുട്ടികളുടെ മലത്തെയാണ് സൂചിപ്പിക്കുന്നത്. ഈ അർത്ഥവ്യത്യാസം പല തമാശകൾക്കും വഴിയൊരുക്കിയിട്ടുണ്ടെങ്കിലും ആ പദത്തിന് നിഘണ്ടുവിൽ രണ്ടർത്ഥവും നൽകേണ്ടിവരികയും പദത്തിന് അർത്ഥവികാസം സംഭവിക്കുകയും

ചെയ്തിട്ടുണ്ട്. ചൊങ്കൻ, മൊഞ്ചൻ, ചുള്ളൻ, കുട്ടപ്പൻ എന്നിവയെല്ലാം പുതുതലമുറയ്ക്കിടയിൽ സൗന്ദര്യമുള്ളയാളെ വിശേഷിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്നവയാണെങ്കിലും ഇവ വ്യത്യസ്ത പ്രദേശങ്ങളിലെ പദങ്ങളാണ്. ഇവ ദേശവ്യത്യാസമില്ലാതെ ഇന്ന് പ്രയോഗിക്കുന്നുണ്ട്.

**ചിമ്മിണി**

വടക്കേമലബാറിൽ 'ചിമ്മിണി' എന്ന വാക്കിന് *മണ്ണെണ്ണ*യെന്നാണർത്ഥം. തെക്കർക്ക് റാന്തൽവിളക്കാണ് 'ചിമ്മിണി'. ചിമ്മിണി അഥവാ ചിമ്മിനിക്ക് ഇന്ന് *പുകക്കുഴൽ* എന്നാണർത്ഥം. വടക്കരുടെ ചിമ്മിനി കത്തിക്കാനുപയോഗിക്കുന്ന ഇന്ധനമാണെങ്കിൽ തെക്കരുടേത് ഇന്ധനം ഒഴിച്ച് തിരിയിട്ട് കത്തിക്കുന്ന ഉപകരണമാണ്. പൊതുവായി അത് പുകക്കുഴലും. ഇംഗ്ലീഷിന്റെ കടന്നുകയറ്റമാണ് ചിമ്മിനിക്ക് *പുകക്കുഴലെന്ന* അർത്ഥം ഭാഷയിൽ വരാൻ കാരണം. ഓട്ടുകമ്പനികളുടെ പുകക്കുഴലിനെ ചിമ്മിനിയെന്നാണ് പറഞ്ഞിരുന്നത്. പിന്നീട് അടുക്കളയിലെ പുകക്കുഴലിനെയും ചിമ്മിനി എന്ന് വ്യവഹരിച്ചുതുടങ്ങി.

**തൊണ്ടി**

വടക്കർക്ക് തൊണ്ടി വയസ്സായ സ്ത്രീകളാണ്. തൊണ്ടൻ എന്നാൽ *വയസ്സൻ* എന്നുമർത്ഥം. 'കള്ളനെ തൊണ്ടിസഹിതം പിടിച്ചു' എന്നതിലെ 'തൊണ്ടി' *മോഷ്ടിക്കപ്പെട്ട സാധന*മാണ്. വയസ്സനും കെളവനും തൊണ്ടനും മുതുക്കനുമെല്ലാം പ്രായമായവരെ പരാമർശിക്കാൻ ഉപയോഗിക്കുന്നവയാണെങ്കിലും അവയെല്ലാം നിന്ദയോടുകൂടി പരാമർശിക്കുന്ന പദങ്ങളായിത്തീർന്നുട്ടുണ്ട്.

ഭാഷാഭേദത്തിൽ മാത്രം പ്രചാരത്തിലുണ്ടായിരുന്ന പദങ്ങൾ ഇന്ന് പൊതുസമൂഹത്തിനിടയിൽ ഉപയോഗിക്കപ്പെടുകയും അവ സ്വീകാര്യമാവുകയും ചെയ്തതിന് മറ്റൊരുദാഹരണമാണ് ബുദ്ധിയില്ലായ്മയുമായി ബന്ധപ്പെട്ട് മലപ്പുറം ഭാഷാ

ഭേദത്തിൽ പ്രചാരത്തിലുള്ള പദങ്ങൾ. ഇവ ഇന്ന് നവമാധ്യമങ്ങളിലൂടെ പ്രചാരത്തിലാവുകയും അർത്ഥവികാസം നേടുകയും ചെയ്തിട്ടുണ്ട്.

*എന്തുപറഞ്ഞാലും മനസിലാകാത്തയാൾ* എന്ന അർത്ഥത്തിൽ മലപ്പുറം ഭാഷാഭേദത്തിൽ ഉപയോഗിക്കുന്ന പദമാണ് 'മൊയന്ത്'. 'മൊയന്ത്' എന്നതിന് വിറകിന്റെ കനമ്പ് എന്നാണർത്ഥം. *വിറകിന്റെ കനമ്പ്* ഒരു രീതിയിലും പണിത്തരത്തിന് ഉപകാരമില്ലാത്തതും ബുദ്ധിമുട്ടിക്കുന്ന തരത്തിലുമുള്ളതാണ്. അതുപോലെ മൃഗങ്ങളുടെ വായിൽനിന്ന് വരുന്ന ഉമിനീരാണ് 'നോള'. കുട്ടികളുടെ വായിൽ നിന്നും ഉമിനീര് വരാറുണ്ട്. അവർക്ക് അത് നിയന്ത്രിക്കാൻ സാധ്യവുമല്ല. വിശേഷ ബുദ്ധിയില്ലാത്ത കുട്ടികളുടെ വായിൽനിന്നും ഉമിനീര് അനിയന്ത്രിതമായി വരാറുണ്ട്. നിയന്ത്രണവിധേയമാക്കാൻ കഴിയാത്തതുകൊണ്ടുതന്നെ അത് വിശേഷബുദ്ധിയില്ലായ്മയെ സൂചിപ്പിക്കുന്നു. വിശേഷബുദ്ധി മൃഗങ്ങൾക്കും കുറവാണ് എന്ന രീതിയിലാണ് 'നോള' എന്ന പദത്തെ *ബുദ്ധിയില്ലാത്തവൻ* എന്നർത്ഥത്തിൽക്കൂടി പ്രയോഗിക്കാൻ തുടങ്ങിയത്.

പറയുന്ന കാര്യങ്ങളെ പെട്ടെന്ന് മനസ്സിലാക്കാത്തയാളെ 'ട്യൂബ്ലൈറ്റ്' എന്നു വിളിക്കാറുണ്ട്. സ്വിച്ചിട്ടാൽ ഉടനെ തന്നെ ട്യൂബിലൈറ്റ് കത്താറില്ല. ഈ ലാക്ഷണികാർത്ഥത്തെ നീട്ടിവെച്ചുകൊണ്ടാണ് പറയുന്ന കാര്യങ്ങളെ വേഗത്തിൽ മനസ്സിലാക്കാത്തയാളെ 'ട്യൂബ്ലൈറ്റ്' എന്ന് പരാമർശിക്കുന്നത്. ഇവയോടൊപ്പം, 'മന്തിപ്പ്', 'മണ്ങ്ങൻ', 'അവ', 'കുഞ്ഞാപ്പു', 'അരപ്പിരി', 'പതിനാലണ', 'അന്തംകമ്മി', 'അന്തക്കേട്' എന്നിവയെല്ലാം *ബുദ്ധിക്കുറവുള്ളത്* എന്ന അർത്ഥത്തിൽ മലപ്പുറം ഭാഷാഭേദത്തിൽ പ്രയോഗത്തിലുള്ള പദങ്ങളാണ്.

ഭാഷകസമൂഹത്തിനുള്ളിൽ ജീവിക്കുന്ന വ്യത്യസ്ത ഉപസമൂഹങ്ങൾക്ക് പ്രാദേശികതയെക്കുറിച്ച് വ്യത്യസ്ത ഭാഷാമനോഭാവവും ഭാഷയുടെ അനുഭവലോകത്തെക്കുറിച്ച് വൈവിധ്യമാർന്ന സമീപനങ്ങളുമാണ് ഉള്ളത്. അതുകൊണ്ടുതന്നെ ഭാഷാഭേദവൈവിധ്യത്തെ പൂർണ്ണമായി മനസ്സിലാക്കാനും ഉൾക്കൊള്ളാനും

സാധിച്ചെന്നു വരില്ല. സാമൂഹികവൈവിധ്യങ്ങളെ ചിത്രീകരിക്കുവാൻവേണ്ടി പ്രാദേശികഭാഷാഭേദങ്ങളെ ഉപയോഗിക്കാൻ എഴുത്തുകാർ ശ്രമിക്കാറുണ്ട്. പ്രാദേശികഭാഷാഭേദപ്രയോഗരീതികളിലൂടെ സാമൂഹികവും സാംസ്കാരികവുമായ സമന്വയം കൂടി സാധ്യമാകുന്നുണ്ട്. പ്രേദേശത്തിന്റെ അതിരുകൾ ഭാഷയെ സ്വാധീനിക്കാമെങ്കിലും പ്രദേശത്തിന്റെയും ഭാഷയുടെയും അതിർത്തി ഒന്നാകണമെന്നില്ല. പ്രദേശികഭാഷാഭേദങ്ങളെ അതിന്റെ തനിമയോടെ അവതരിപ്പിക്കുന്നതിലൂടെ വാക്കുകളുടെ അർത്ഥം പൊതുസമൂഹത്തിനിടയിൽ എത്തിപ്പെടുകയും അർത്ഥപരിണാമത്തിനുകൂടി കാരണമായിത്തീരുകയും ചെയ്യുന്നു.

### 3.2.2. ശകാരവാക്കുകൾ

സമൂഹത്തിന്റെ സംസ്ക്കാരവുമായും മനഃശ്ശാസ്ത്രവുമായും ഇഴുകിച്ചേർന്ന ഘടകമാണ് ശകാരവാക്കുകൾ അഥവാ തെറിപ്പദങ്ങൾ. മലയാളത്തിൽ നിർമ്മിക്കപ്പെട്ട തെറിപ്പദങ്ങളിലധികവും നാമങ്ങളാണ്. സാമൂഹികരാഷ്ട്രീയ വ്യവസ്ഥിതികളാണ് ജാതീയമായ പദങ്ങളെ അപകൃഷ്ടാർത്ഥത്തിൽ പ്രയോഗിക്കാൻ കാരണമായത്. ഉദാഹരണത്തിന് തെക്കർ പുലയരെ താഴ്ത്തിക്കെട്ടിപ്പറയാനായി ഉപയോഗിക്കുന്ന പദമാണ് 'പൂച്ച്'. 'നീ പോടാ പൂച്ചേ' എന്നുവിളിച്ചാൽ അർത്ഥമാക്കുന്നത് 'നീ പോടാ പുലയാ' എന്നാണ്. പമ്മിനടക്കുക, കട്ടെടുക്കുക എന്നീ സ്വഭാവങ്ങളാണ് ഇതിൽ ആരോപിക്കപ്പെടുന്നത്. താഴ്ന്നവിഭാഗക്കാരായ ആളുകൾക്ക് മൃഗനാമങ്ങൾ പേരായി ഇടുന്ന പതിവും എൺപതുകൾക്ക് മുൻപുണ്ടായിരുന്നു. മയിൽ, നത്ത് മുതലായ പേരുകൾ ഉദാഹരണം. ജന്തുനാമങ്ങളെ ശകാരവാക്കുകളായി ഉപയോഗിക്കുന്ന രീതിയും പൊതുസമൂഹത്തിനിടയിലുണ്ട്.

#### 3.2.2.1. ശകാരവാക്കുകളായി മാറിയ ജന്തുനാമങ്ങൾ

ശാരീരികമായ പ്രതിരോധത്തേക്കാൾ എതിരാളിയെ മാനസികമായി തളർത്തുന്നതിനുവേണ്ടി ഉപയോഗിക്കുന്നവയാണ് ശകാരവാക്കുകൾ. ജാതി, വർണം, സ്വഭാവവൈകല്യം, ശാരീരികവൈകല്യം എന്നിവയെയെല്ലാം ഇതിനായി

ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവയ്ക്കുപുറമെ ദേഷ്യം പ്രകടിപ്പിക്കാനായി ഉപയോഗിക്കുന്ന പദവിഭാഗമാണ് ജന്തുനാമങ്ങൾ. ധാരാളം മൃഗനാമങ്ങളെ നാം തെറിപ്പദങ്ങളായി ഉപയോഗിക്കാറുണ്ട്. ഇത്തരത്തിൽ ഉപയോഗിക്കുന്ന ഒരു ജന്തുവാണ് പട്ടി/നായ. ഭാഷയിൽ കൂടുതലായും ശകാരവാക്കായി ഉപയോഗിക്കപ്പെടുന്ന ജന്തുനാമം ഇതാണെന്നുപറയാം. മനുഷ്യനോട് ഏറ്റവും അടുത്ത ജന്തുവായിരിക്കുമ്പോൾത്തന്നെ ഇതിനെ മോശപ്പെട്ടതാണെന്ന് കരുതുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. നമ്മുടെ സംസ്കാരത്തിൽ ഉറഞ്ഞുകൂടിയ ജന്തുവിരോധവും മൃഗങ്ങളെ ശകാരപദങ്ങളായി ഉപയോഗിക്കാൻ കാരണമായിത്തീർന്നിട്ടുണ്ട്. ജന്തുക്കൾ മനുഷ്യരുടെ അടിമായണ് എന്ന ചിന്താഗതിയാണ് ഇത്തരത്തിൽ അർത്ഥാപകർഷം സംഭവിക്കാൻ കാരണമായത്. ഭാരം ചുമക്കുക എന്നതും നുകം വലിക്കുക എന്നതും കാവൽ കിടക്കുക എന്നതുമെല്ലാം അടിമജോലികളാണ്. അതുകൊണ്ടാണ് കഴുത, പോത്ത്, നായ എന്നീ പദങ്ങൾ അപകൃഷ്ടാർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടത്. ഇതേ രിതീയിലല്ല ആന, പശു, ആട് എന്നീ പദങ്ങളെ പ്രയോഗിക്കുന്നത് എന്നും കാണാം. ശാരീരിക സാമ്യം കൊണ്ട് ആന എന്ന പദത്തെ ചിലപ്പോൾ കളിയാക്കുന്നതിനുവേണ്ടി ഉപയോഗിക്കാറുണ്ടെങ്കിലും അത് എല്ലാവരേയും പൊതുവെ പരാമർശിക്കുന്നില്ല. എന്നാൽ കഴുത, പോത്ത്, നായ എന്നീ ശകാരവാക്കുകൾ പൊതുവെ വിളിക്കാൻ ഉപയോഗിക്കുന്നവയാണ്. സ്വഭാവവുമായി പൊരുത്തപ്പെടുത്തി മൂർഖൻ, കോഴി, ചീങ്കണ്ണി, ചീറ്റപ്പുലി, കൂറ എന്നിവയും ശകാരപദങ്ങളായി സ്വീകരിക്കാറുണ്ട്. ഇവയെല്ലാം ഈ പദങ്ങളുടെ അർത്ഥത്തിന് അപകർഷത വരുത്തുന്നതിനുകൂടി കാരണമായിത്തീർന്നിട്ടുണ്ട്.

### 3.2.3. ജാതിനാമങ്ങൾ

ജാതികളും ഉപജാതികളുമായി ശ്രേണീകരിക്കപ്പെട്ട ഒരു സാമൂഹികഘടനയാണ് കേരളത്തിലുള്ളത്. കുലത്തൊഴിലിന്റെ അടിസ്ഥാനത്തിലായിരുന്നു കേരളത്തിൽ ജാതി നിർണ്ണയിക്കപ്പെട്ടിരുന്നത്. ഭാഷയിലും ആചാരങ്ങളിലും സംസ്ക്കാര

ങ്ങളിലുമെല്ലാം ജാതിഭേദം കൂടുതൽ പ്രകടമാവാൻ തുടങ്ങിയത് പിന്നീടായിരുന്നു. ജാതിശ്രേണീബദ്ധമായ കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയാന്തരീക്ഷം ഭാഷയുടെ വിനിമയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷയുടെ എല്ലാ വ്യവഹാരമേഖലകളിലും ഈ ബോധം പ്രവർത്തിക്കുന്നുണ്ട്. വരേണ്യകീഴാളവ്യവസ്ഥയുടെ ഭാഗമായി വരേണ്യരുടെ ഭാഷയും സംസ്ക്കാരവും നല്ലതും കീഴാളന്റേത് മോശവുമാണെന്ന ധാരണ പ്രബലമായിത്തീർന്നു. കീഴാളജാതിനാമങ്ങളും അവരുടെ പദങ്ങളുമെല്ലാം മറ്റുള്ളവരുടെ കണ്ണിൽ മൂല്യം കുറഞ്ഞതായി തോന്നാൻ ജാതിശ്രേണീബദ്ധമായ സാമൂഹികബോധം കാരണമായി. ഇത് ജാതിനാമങ്ങളുടെതന്നെ അർത്ഥമാറ്റത്തിന്/അപകർഷത്തിന് കാരണമായിട്ടുണ്ട്.

**കണക്കൻ**

ഈ പദം വടക്കേമലബാറിലെ ഒരു ജാതിപ്പേരാണ്. ഗുണ്ടർട്ട്നിഘണ്ടു മാത്രമാണ് കണക്കൻ ജാതിനാമമാണെന്ന സൂചന നൽകിയിട്ടുള്ളത്. ഗുണ്ടർട്ട് *Accoutant, A class of slaves* എന്നീ അർത്ഥങ്ങൾ നൽകിയിരിക്കുന്നു (1962:207). 'ഭാഷാകൗടലീയ'ത്തിൽ *അക്കൗണ്ടന്റ്* എന്ന അർത്ഥത്തിൽതന്നെയാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നതെന്ന് ഇളംകുളം കുഞ്ഞൻപിള്ള 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിൽ രേഖപ്പെടുത്തുന്നുണ്ട് (1969:144). *കണക്ക് പഠിച്ചവൻ, കണക്കെഴുത്തുകാരൻ, കണക്കിൽ മിടുക്കൻ* എന്നീ അർത്ഥങ്ങളാണ് ഈ പദത്തിന് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015:460).

ഈ സമൂഹം ഗണിതമറിയാവുന്നവരും കച്ചവടസമൂഹവും കാർഷികസമൂഹവുമായിരുന്നതിന്റെ സൂചനയാണ് നിഘണ്ടുക്കൾ തരുന്നത്. പിൽക്കാലത്ത് ഉച്ചനീചത്വത്തിന്റെ പേരിൽ തരംതാഴ്ത്തപ്പെട്ടപ്പോൾ കണക്കറിയാവുന്നവർ എന്ന തരത്തിലല്ല അവർ അറിയപ്പെട്ടത്, പുലയരുടെ വിഭാഗത്തിൽപെട്ടവരായാണ്. വാമൊഴിയിൽ ജാതിപ്പേരുമാത്രമല്ല *പിശുക്കൻ, മോശക്കാരൻ* എന്നീ അർത്ഥങ്ങളിൽകൂടി കണക്കൻ എന്ന പദത്തിന് ഭാഷയിൽ വിവക്ഷയുണ്ട്.

**കുശവൻ/കൊശവൻ**

ഒരു ജാതിനാമമാണ് കുശവൻ. കുംഭാരൻ എന്നും ഇവർ അറിയപ്പെടുന്നു. മൺപാത്രനിർമ്മാണമാണിവരുടെ പ്രധാനതൊഴിൽ. 'കുംഭാരകരൻ' എന്നാണ് സംസ്കൃതത്തിൽ പ്രയോഗം. ഈ പദത്തിന് *മൺപാത്രമുണ്ടാക്കുന്ന ഒരു ജാതിക്കാർ, ഒരു പക്ഷി, ബ്രാഹ്മണന് വേശ്യയിൽ ഉണ്ടായ പുത്രൻ, അമ്പലവാസിക്ക് വേലക്കാരിയിൽ ഉണ്ടായ പുത്രൻ, പാമ്പ്* എന്നീ അർത്ഥങ്ങളാണ് സംസ്കൃത-മലയാളനിഘണ്ടുവിൽ നൽകിയിട്ടുള്ളത് (1973:285). ശബ്ദതാരാവലിയിൽ *കുടം ഉണ്ടാക്കുന്നവൻ* എന്ന അർത്ഥമാണ് നൽകിയിട്ടുള്ളത് (2015:611). എന്നാൽ ഇന്ന് *ഒന്നിനും കൊള്ളാത്തവൻ* എന്ന അർത്ഥത്തിലാണ് ഈ പദത്തിന്റെ വിവക്ഷ. 'നീ പോടാ കൊശവാ', 'കൊശവൻ' എന്നിവ ഇന്ന് ശകാരവാക്കുകളാണ്. 'നഖക്ഷതങ്ങൾ' എന്ന മലയാള സിനിമയിൽ നായകകഥാപാത്രത്തെ നിരവധി സന്ദർഭങ്ങളിൽ ശകാരിക്കുന്നത് കൊശവൻ എന്നാണ്.

കൊശവൻ എന്ന പദത്തിന്റെ അർത്ഥമാറ്റത്തിനുള്ള കാരണത്തെക്കുറിച്ച് എം.എൻ.കാരശ്ശേരി 'തെളിമലയാളം' എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നതിങ്ങനെയാണ്. ''ചാവേർയുദ്ധത്തിൽനിന്ന് പിന്തിരിഞ്ഞ് ഓടിയവരെ തേടിപ്പിടിച്ച് കൊശവൻമാരെക്കൊണ്ട് ചോറ് കൊടുപ്പിച്ച് ആ കൂട്ടത്തിൽ ചേർത്ത് കൊശവപ്പണി എടുപ്പിക്കുന്നതാണ് പ്രതിവിധി. ഇതിനാലാവാം *ചുണകെട്ടവൻ, ഉശിരില്ലാത്തവൻ, വൃത്തികെട്ടവൻ* എന്നെല്ലാമർത്ഥമുള്ള കൊശവൻ എന്ന പ്രയോഗം നടപ്പായത്.'' (2008:89).

ചിറയ്ക്കൽ ടി.ബാലകൃഷ്ണൻ നായരുടെ 'കേരളഭാഷാഗാനങ്ങൾ' എന്ന കൃതിയുടെ ഒന്നാംഭാഗത്തിൽ ചേർത്തുകാണുന്ന 'കുശവന്റെ പേടി' എന്ന നാടൻപാട്ടിൽ കുശവന്റെ ഭീരുത്വത്തെ നർമ്മരസത്തോടെ ചിത്രീകരിച്ചിട്ടുണ്ട്.

''മേലേവരമ്പൂടെ നടന്നൂകൊശവൻ
താഴേ കണ്ടത്തൂടെ നായും നടന്നൂ

മൂളുന്നു നായി മുരളുന്നു നായി
പാഞ്ഞു കൊശവനടുക്കള പുക്കൂ
തള്ളക്കലം കൊണ്ട് മീതെ കമിഴ്ത്ത്
വാതിലടച്ചിറ്റ് മാറൊണി മേട്
ആമെന്നുഞ്ചൊല്ലി പടിക്കലും ചെല്ല്
ആണിന്റെ കൂക്കൊന്ന് കൂക്ക് കൊശത്തീ
നായ് നിലം ചായുമ്പോളെന്നെ വിളിക്ക്.'' (1993: 72)

ഈ വരികളെ ഉദ്ധരിച്ചുകൊണ്ട് *ഒന്നിനും കൊള്ളരുതാത്തവൻ* എന്ന അർത്ഥത്തിൽ കുശവൻ എന്ന പ്രയോഗം നിലവിൽവന്നതിന് കാരണം ഭയമാണെന്ന് 'മലബാറിലെ കുംഭാരൻമാരുടെ നാട്ടറിവുകൾ' എന്ന പ്രബന്ധത്തിൽ ഡോ.എം.കെ. പ്രേമരാജൻ അഭിപ്രായപ്പെടുന്നുണ്ട് (2006: 39). *ബുദ്ധിയില്ലാത്തവൻ/വിഡ്ഢി* എന്ന അർത്ഥത്തിലാണ് കൊശവൻ എന്ന പദത്തെ ഭാഷയിൽ പ്രയോഗിക്കുന്നത്. മനുഷ്യരെ ഒരു പുരോഗമനസമുദായമാക്കിതത്തീർക്കുന്നതിൽ വളരെയധികം പങ്ക് വഹിച്ചവരാണ് യഥാർത്ഥത്തിൽ കുശവർ. മണ്ണിൽ ജോലിചെയ്യുന്നതും ദേഹത്ത് ചെളി പുരളുന്നതും മോശമാണെന്നുള്ള ഒരു സങ്കൽപ്പം ഉണ്ടാക്കിയെടുക്കാൻ സവർണ്ണജാതിബോധത്തിന് സാധിച്ചിട്ടുണ്ട്. അതിന്റെ ഫലമായാണ് ഈ പദത്തിന് അർത്ഥാപകർഷം സംഭവിച്ചത്.

**ചെറുമൻ**

ഫ്യൂഡൽവ്യവസ്ഥിതിയുടെ ഭാഗമായാണ് 'ചെറുമൻ' എന്ന പദത്തിനും അർത്ഥപകർഷം സംഭവിച്ചത്. *കുട്ടി, അടിമ, പുലയൻ* എന്നീ അർത്ഥങ്ങൾ ഈ പദത്തിനുണ്ടെങ്കിലും ശകാരവാക്കായി ഈ ജാതിപ്പേരും പ്രയോഗിക്കപ്പെടുന്നത് കാണാം. ഫ്യൂഡൽവ്യവസ്ഥിതിയുടെ ഭാഗമായി ചേറിലും ചെളിയിലും പണിയെടുക്കുന്നവരെ ഇകഴ്ത്തിക്കെട്ടുന്നതിന്റെ ഫലമായാണ് ഈ പദത്തിനും മൂല്യച്യുതി സംഭവിച്ചത്.

**പണ്ടാരം**

പപ്പടം ഉണ്ടാക്കുന്ന ജാതിക്കാരെയാണ് മധ്യകേരളത്തിൽ പണ്ടാരം എന്ന് വിളിക്കുന്നത്. *ഭിക്ഷയാചിച്ചു നടക്കുന്ന ജാതി* എന്ന അർത്ഥമുണ്ടെങ്കിലും തെക്കരും വടക്കരുമെല്ലാം പപ്പടമുണ്ടാക്കുന്നവരെയാണ് പണ്ടാരം അഥവാ പണ്ടാരൻ എന്ന് വിളിക്കുന്നതെന്ന് ഫിലിപ്പ് മണിമല അഭിപ്രായപ്പെടുന്നുണ്ട്. (1980:26). ഭണ്ഡാരം എന്നിതിന്റെ തത്ഭവമായും പണ്ടാരം എന്ന് പ്രയോഗിക്കുന്നുണ്ട്. കുടിയാന്മാർ സർക്കാരിന് നൽകിയിരുന്ന നികുതിയുടെ പേര് പണ്ടാരക്കരം എന്നായിരുന്നു. സർക്കാർകാര്യങ്ങളെ പണ്ടാരക്കാര്യം എന്നും പറഞ്ഞിരുന്നു. ഭൂമിയും ധനവുമമെല്ലാം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് 'പണ്ടാരമടക്കുക' എന്നാണ് പറഞ്ഞിരുന്നത്. സ്വത്തും ധനവുമെല്ലാം നശിച്ചുപോകട്ടെ എന്ന ധ്വനിയാണ് പിന്നീട് 'പണ്ടാരമടങ്ങുക' എന്ന പദത്തിന് ഉണ്ടായിത്തീർന്നത്. ഭണ്ഡാരം നല്ല അർത്ഥത്തിലും തത്ഫലമായ പണ്ടാരം മോശം അർത്ഥത്തിലുമാണ് പിന്നീട് വ്യവഹരിക്കപ്പെട്ടത്. ക്ഷേത്രങ്ങളിലും പള്ളികളിലും കാണിക്കയിടാനായി സ്ഥാപിച്ചിട്ടുള്ള കുറ്റിയും പണ്ടാരമാണ്. ക്ഷേത്രങ്ങളിലെ കുറ്റിയെ നാം ഭണ്ഡാരം എന്നു തന്നെ തത്സമമായി പ്രയോഗിക്കുന്നു. സംസ്കൃതപദത്തെ തത്സമമായി സ്വീകരിക്കാനുള്ള ശേഷി ഭാഷയ്ക്ക് കൈവരുന്നതിനു മുന്നേ തന്നെ പണ്ടാരം തത്ഭവമായി നാം സ്വീകരിച്ചിട്ടുണ്ട്. വസൂരിബാധിച്ച് മരണമടഞ്ഞ ജഡത്തെ അന്ന് പണ്ടാരമടക്കുകയാണ് ചെയ്തിരുന്നത്. മറ്റുള്ളവരോട് 'നീ പണ്ടാരംപിടിച്ച് പോകട്ടെ' എന്ന് പറയുന്നത് *വസൂരിവരട്ടെ* എന്ന അർത്ഥത്തിലായിരുന്നു. *വൃത്തികെട്ടവൻ, ശല്യക്കാരൻ* എന്നീ അർത്ഥത്തിലും പണ്ടാരം ഇന്ന് പ്രയോഗത്തിലുണ്ട്. വസൂരിരോഗവുമായി ബന്ധപ്പെട്ടും 'പണ്ടാരം' എന്ന പദം പ്രയോഗത്തിലുണ്ടായിരുന്നു. 'അവനൊരു പണ്ടാരമാണ്' എന്നതിന് *ബുദ്ധിമുട്ടിക്കുന്നവൻ, ശല്യക്കാരൻ* എന്നൊക്കെയാണ് വിവക്ഷ.

**ചെറ്റ**

ദളിത്പരിതസ്ഥിതിയുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് ചെറ്റ എന്ന പദത്തിന്റെയും നിഷ്പത്തി. *വള്ളികൊണ്ടോ ഓലകൊണ്ടോ മെടഞ്ഞുണ്ടാക്കിയ വസ്തു, പാവപ്പെട്ടവന്റെ വീട്, മറ, തീക്കൊള്ളി, വൈക്കോൽ, ഹീനൻ, നികൃഷ്ടൻ* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ ഈ പദത്തിന് നൽകിയിട്ടുണ്ട്. (2015:410) ദളിതന്റെ സ്വപ്നങ്ങളും വേദനകളും ഇടർച്ചകളും ലൈംഗികതയും എല്ലാം ഉൾപ്പെടുന്ന അവന്റെ വീടാണ് യഥാർത്ഥത്തിൽ ചെറ്റക്കുടിൽ എന്നും അവൻ താമസിച്ചിരുന്ന ഇടത്തിന്റെ പേരിനെയാണ് വർത്തമാനകാലസമൂഹം പൊരുളറിയാതെ അവഹേളിക്കുന്ന വാക്കായി ഉപയോഗിക്കുന്നതെന്നും 'വിശ്വവിഖ്യാത തെറി' എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട് (ലിജിത്ത് പി. ദാസ്, എഡി. 2016: 12).

ചീത്തയായ വസ്തുക്കളെയും വീടിനെയും ആളുകളെയും എല്ലാം ഈ പദംകൊണ്ട് വ്യവഹരിക്കുന്നതിനാൽ വസ്തുനാമമായും വ്യക്തിനാമമായും പ്രയോഗിക്കപ്പെടുന്നുണ്ട്. ഹീനതയെയും ആഭാസത്തരത്തെയും ചെറ്റത്തരമെന്നും പറയുന്നു. ഇത്തരത്തിൽ 'ചെറുമച്ചാള' എന്ന പ്രയോഗവും ഭാഷയിലുണ്ട്. ചെറ്റ, തെണ്ടി, പെറുക്കി, നക്കി മുതലായവ മനുഷ്യരെ താഴ്ത്തിക്കെട്ടിപ്പറയാൻ വേണ്ടി ഉപയോഗിക്കുന്ന പദങ്ങളാണിന്ന്.

**തോട്ടി**

സമൂഹത്തിലെ മറ്റൊരു വിഭാഗമാണ് തോട്ടി. വരേണ്യവിഭാഗത്തിന്റെ മാലിന്യങ്ങളെല്ലാം വൃത്തിയാക്കുക എന്ന പ്രവൃത്തിചെയ്യുന്നവരാണവർ. *മലമൂത്രാദികൾ നീക്കിക്കളഞ്ഞ് ഭവനശുദ്ധി വരുത്തുന്ന തൊഴിലാളി* എന്ന അർത്ഥമാണ് ശബ്ദതാരവലിയിൽ നൽകിയത് (2015: 974). തോട്ടിപ്പണി ചെയ്യുന്നവർക്ക് മലവുമായുള്ള സമ്പർക്കമുള്ളതുകൊണ്ടും മലമെന്നത് വൃത്തിഹീനമായതാണെന്ന ധാരണയാലുമാണ് ഈ പദത്തിന് അർത്ഥാപകർഷം വന്നത്. തോട്ടിയുടെയും ആ പ്രവൃ

ത്തിയുടെയും ദയനീയ കാണാതെ അവരെ സമൂഹം അകറ്റിനിർത്തിയതിനാലാവാം ഈ പദവും അപകൃഷ്ടാർത്ഥത്തിൽ ഉറച്ചുപോയത്. നീളം കൂടുതലുള്ള ആളുകളെ കളിയാക്കുന്നതിനുവേണ്ടിയും തോട്ടി എന്ന് പ്രയോഗിക്കാറുണ്ട്. അത് തോദനം ചെയ്യുന്നതിനുള്ള ഉപകരണവുമായുള്ള രൂപസാദൃശ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

**കഴുവേറി**

പത്തൊൻപതാംനൂറ്റാണ്ടിൽ നിലനിന്നിരുന്ന ശിക്ഷാവിധിയായിരുന്നു കഴുവേറ്റൽ. കൊച്ചീരാജ്യത്തിലെ പഴയ ശിക്ഷാവിധികളെക്കുറിച്ച് 'പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം' എന്ന കൃതിയിൽ പി.ഭാസ്ക്കരനുണ്ണി പ്രസ്താവിക്കുന്നതോടൊപ്പം കഴുവേറ്റലിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ജാതിവ്യത്യാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ശിക്ഷാവിധികളും നടപ്പിലാക്കിയിരുന്നതെന്നും അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. വേലായുധൻ പണിക്കശ്ശേരിയുടെ 'കേരളചരിത്രപഠനങ്ങൾ' എന്ന കൃതിയിൽ കഴുവേറ്റലിനെക്കുറിച്ച് ബർത്തോലോമ്യയുടെ ദൃക്സാക്ഷി വിവരണമുണ്ട് (1980:33). കാർത്തികതിരുനാൾമഹാരാജാവിന്റെ കാലത്ത് ലക്ഷ്മീനടയിൽവെച്ച് ഒരു ഈഴവനെ കഴുവേറ്റിയതിന്റെ വിവരണമാണത്. ശൂദ്രന്റെ മൂന്ന് തേങ്ങ മോഷ്ടിച്ചതിന്റെ പേരിലായിരുന്നു കഴുവേറ്റൽ. അതിനെക്കുറിച്ചുള്ള വിവരണം ഇപ്രകാരമാണ്. ''മുതുകിന്റെ അടിയിൽനിന്ന് കഴുത്തറ്റംവരെ കൂർത്ത ഒരു ഇരുമ്പുകമ്പികയറ്റി അതിന്റെ താഴത്തെ അറ്റം ഒരു തൂണിൽ ചേർത്ത് തറച്ച് സ്റ്റൂളിൽ നിർത്തുന്നതാണ് കഴുവേറ്റുന്നതിന്റെ രീതി. വേദനയും വിശപ്പും ദാഹവും കൊണ്ട് എരിപൊരികൊള്ളും. ആരും ഒരിറ്റുവെള്ളം പോലും കൊടുക്കില്ല. അങ്ങനെ ചെയ്താൽ രാജകോപത്തിന് ഇടയാകും. മൂന്നുനാൾകൊണ്ടേ ചാവുകയുള്ളൂ. ഈ രീതിക്ക് ചിത്രവധമെന്ന് സംസ്കൃതത്തിലും ഉഴച്ചുകൊല്ലലെന്ന് മലയാളത്തിലും പറയും. ചാതുർവർണ്യത്തിൽപ്പെടാത്തവരെ മാത്രമേ ഇങ്ങനെ വധിക്കുകയുള്ളൂ'' (1980: അതേപു.)

വരേണ്യകീഴാളവ്യവസ്ഥയുടെ ഭാഗമായി വരേണ്യഭാഷ നല്ലതും കീഴാള ന്റേത് മോശവുമാണെന്ന ധാരണ സമൂഹത്തിൽ പ്രബലമാണ്. കീഴാളന്റെ ജീവിത വുമായി ബന്ധപ്പെട്ടുകൊണ്ട് നിലനിന്ന വാക്കുകളെല്ലാം മോശമാണെന്ന് കരുതിവ ന്നു. കാർഷികസംസ്കൃതിയുടെ ഭാഗമായി സമൂഹം കീഴാളരെന്നു കരുതിയിരുന്ന ജനതയെ മ്ലേച്ഛരായി ചിത്രീകരിക്കുകയും അവരുടെ ഭവനത്തെയും ആചാരങ്ങ ളെയും മോശമായി കൽപ്പിക്കുകയും ചെയ്തു. വരേണ്യരുടെ സംസ്കൃതപദങ്ങൾ മികച്ചതും സാധാരണക്കാരന്റെ തനിദ്രാവിഡപദങ്ങൾ അശ്ലീലവുമായിത്തീരാൻ ഇത് കാരണമായിട്ടുണ്ട്. ഉൽകൃഷ്ടഭാഷ, അപകൃഷ്ടഭാഷ എന്നിങ്ങനെ രണ്ടുതരം ഭാഷകളെക്കുറിച്ച് ലീലാതിലകത്തിൽ പരാമർശമുണ്ട്. സംസ്കൃതകേന്ദ്രീകൃതമായ ഉൽകൃഷ്ടഭാഷ വരേണ്യജനതയുടെയും അപകൃഷ്ടഭാഷ സാധാരണക്കാരുടെയും മൊഴിയെയും സൂചിപ്പിക്കുന്നു (ശൂരനാട് കുഞ്ഞൻപിള്ള, 2011:42).

### 3.2.4. ബന്ധസൂചകപദങ്ങൾ

സംസ്ക്കാരവും ഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ മറ്റൊരു പ്രതിഫലന മാണ് ബന്ധസൂചകപദങ്ങൾ. സാമൂഹികവ്യത്യാസംമൂലം വൈവിധ്യം കാണി ക്കുന്ന മേഖലയാണിത്. ഭാഷാഭേദവും ജാതിഭേദവുമെല്ലാം ബന്ധസൂചകപദങ്ങളെ ബാധിക്കാറുണ്ട്. അച്ഛനെന്നും അപ്പച്ചനെന്നും ബാപ്പയെന്നും ഉപ്പയെന്നും സംബോ ധനചെയ്യുന്നത് ഉദാഹരണം. ഇംഗ്ലീഷ് ഭാഷയുടെ അതിപ്രസരം ഇന്ന് അച്ഛനെ 'ഡാഡി'യും അമ്മയെ 'മമ്മി'യുമാക്കി. നമുക്ക് 'മാമൻ' (Uncle) അച്ഛന്റെ സഹോദ രിയുടെ ഭർത്താവോ അമ്മയുടെ സഹോദരനോ ആണ്. അച്ഛന്റെ ജ്യേഷ്ഠൻ വല്യ ച്ഛനും അനിയൻ ചെറിയച്ചനുമാണെങ്കിൽ അച്ഛന്റെ എല്ലാ സഹോദരൻമാരെയും 'Uncle' എന്ന് വിളിക്കുന്ന രീതിയാണ് പാശ്ചാത്യർക്കുള്ളത്. അതിനെ അനുകരിച്ച് അങ്കിൾ, കസിൻ എന്നീ ബന്ധസൂചകപദങ്ങൾ ഭാഷയിലും പൊതുവായി പ്രയോ ഗിക്കപ്പെട്ടുവരുന്നുണ്ട്.

ഇംഗ്ലീഷിന്റെ സ്വാധീനം മറ്റു പദങ്ങളിലും കാണാം. ആൺകുട്ടിയെ 'ഡാ' എന്നും പെൺകുട്ടിയെ 'ഡി' എന്നും സംബോധന ചെയ്തിരുന്നെങ്കിൽ ഇന്ന് ആൺ-പെൺഭേദമെന്യേ 'ഡാ' എന്ന് വിളിക്കാറുണ്ട്. സഹോദരനെ ബ്രദറിന്റെ ചുരുക്കമായ ബ്രോ എന്നും സഹോ എന്നും വിളിക്കുന്നു. സിസ്റ്റർ എന്നതിന്റെ ചുരുക്കരൂപമായ 'സിസ്' എന്നതും സംബോധനയാണ്. കൂട്ടുകാർ തമ്മിൽ മച്ചൂ, അളിയാ എന്നീ സംബോധനകളും കാണാം. ഇവ പുതുതലമുറയുടെയിടയിലാണ് നിലനിൽക്കുന്നത്. എന്നാൽ അർത്ഥപരിണാമം സംഭവിച്ച ചില ബന്ധസൂചകപദങ്ങളുണ്ട്.

**അണ്ണാച്ചി**

കേരളത്തിന്റെ തെക്കുഭാഗങ്ങളിൽ മൂത്തസഹോദരനെയാണ് അണ്ണൻ, അണ്ണാച്ചി എന്നെല്ലാം വിളിക്കുന്നത്. ആ വിളി ബഹുമാനപൂർവ്വവുമാണ്. തമിഴിന്റെ സ്വാധീനമാവാം ഇത്തരം ബന്ധസൂചകപദങ്ങളെ കേരളത്തിലും സ്വീകരിക്കാൻ കാരണമായത്. കാരണം തമിഴർ സഹോദരനെ അണ്ണൻ എന്നാണ് വിളിക്കുന്നത്. *ജ്യേഷ്ഠൻ* എന്നാണ് ഈ പദത്തിന് ശബ്ദതാരാവലിയെയും അർത്ഥം (2015:88).

വടക്കൻകേരളത്തിൽ തമിഴരെ കുറിക്കാനാണ് അണ്ണാച്ചി എന്ന പദം ഉപയോഗിക്കുന്നത്. ആക്രിസാധനങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടി കേരളത്തിലേക്ക് വന്നിരുന്നവരായിരുന്നു തമിഴരിൽ അധികവും. വൃത്തിഹീനരായി നടക്കുന്ന അത്തരക്കാരെയാണ് അണ്ണാച്ചിയെന്ന് വിളിക്കാറുള്ളത്. കുളിക്കാതെ നടക്കുന്ന കുട്ടിയോട് 'എന്താ നീ അണ്ണാച്ചിയെപ്പോലെ നടക്കുന്നത്' എന്ന് ചോദിക്കുമ്പോൾ *വൃത്തിഹീനൻ* എന്ന അർത്ഥമാണ് ധ്വനിപ്പിക്കുന്നത്. തമിഴരോടുള്ള മലയാളികളുടെ മനോഭാവം കൂടി പ്രകടമാകുന്ന പദമാണിത്.

**അമ്മായി/അമ്മായിയമ്മ**

അച്ഛന്റെ സഹോദരിയെയും അമ്മയുടെ സഹോദരന്റെ ഭാര്യയെയും അമ്മായി എന്ന് വിളിക്കാറുണ്ട്. ഇത് ജാതിഭേദമനുസരിച്ച് വ്യത്യാസപ്പെടാറുമുണ്ട്.

ചിലയിടങ്ങളിൽ അപ്പച്ചിയെന്നും മാമിയെന്നും വിളിക്കുന്നത് അമ്മായിയെയാണ്. അമ്മായിയമ്മയെയും അമ്മായി എന്നാണ് വിളിക്കുന്നതെന്ന് ശബ്ദതാരാവലി യിലും രേഖപ്പെടുത്തിയിട്ടുണ്ട് (2015: 185).

'അമ്മായി ചമയുക' എന്ന ശൈലിയുടെ അർത്ഥം *അഹങ്കരിച്ച് നടക്കുക* എന്നാണ്. എന്നാൽ അമ്മായിയെന്ന പദത്തിന് *ദുർനടപ്പുകാരിയെന്ന* അർത്ഥ ത്തിൽക്കൂടി പ്രയോഗമുണ്ട്. 'ആറാം തമ്പുരാൻ' എന്ന സിനിമയിൽ 'അമ്മായി യുടെ വീട്' എന്ന് പറയുന്നത് വേശ്യാലയത്തെയാണ്. അതിൽ 'അമ്മായിയുടെ വീട്ടിലേക്ക് പോവുക' എന്ന ശൈലിതന്നെയുണ്ട്. മലയാളത്തിലെ നിരവധി സിനിമ കളിൽ ഈ പ്രയോഗം കാണാവുന്നതാണ്. മറ്റുള്ളവരെയെല്ലാം നിയന്ത്രിച്ച് കൊണ്ടുനടക്കുന്നയാളെയും 'അമ്മായി' എന്ന് തമാശപോലെ വിളിക്കാറുണ്ട്.

അമ്മായിയുടെ മകളെയോ മകനെയോ വിവാഹം കഴിക്കുന്ന ഏർപ്പാട് എല്ലാ മതസ്ഥർക്കിടയിലുമുണ്ട്. ഇപ്പോഴും ഈ രീതിയിൽ വിവാഹം കഴിക്കാറുണ്ട്. അമ്മായിയുടെ മകൾ 'മുറപ്പെണ്ണാണ്'. അവളെ വിവാഹം കഴിക്കുന്ന സമ്പ്രദായമു ണ്ട്. ഈ വിവാഹസമ്പ്രദായമാണ് ഭർത്താവിന്റെയോ ഭാര്യയുടെയോ അമ്മയെ 'അമ്മായിയമ്മ' എന്ന് വിളിക്കാൻ കാരണമായത്. ഇന്ന് അമ്മായിയുടെ മകളെയോ മകനെയോ വിവാഹം കഴിച്ചിട്ടില്ലെങ്കിലും ഭർത്താവിന്റെ അമ്മയെ/ഭാര്യയുടെ അമ്മയെ അമ്മായിയമ്മ എന്നുതന്നെ എല്ലാവരും വിളിക്കുന്നു. അതുകൊണ്ടുതന്നെ ഈ പദം അർത്ഥവികാസം സംഭവിച്ചതാണെന്നു പറയാം.

**മാമൻ**

അമ്മയുടെ സഹോദരങ്ങളെ കുറിക്കുന്ന ചാർച്ചപ്പേരാണ് മാമൻ. അമ്മയുടെ മൂത്തതോ ഇളയതോ എന്നതിനുസരിച്ച് ചെറിയ, വലിയ എന്നീ വിശേഷണങ്ങളും ഉപയോഗിക്കാറുണ്ട്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവരെല്ലാം അമ്മ യുടെ മൂത്തതോ ഇളയതോ ആയ പുരുഷന്മാരെ മാമൻ എന്നാണ് വിളിക്കാറുള്ളത്. മാമൻ വിളി അന്യനായ ഒരാൾക്ക് സാങ്കൽപ്പികബന്ധുത്വപദവി നേടിക്കൊടുക്കു

ന്നുണ്ടെന്ന് പി.എം.ഗിരീഷ് നിരീക്ഷിക്കുന്നുണ്ട്. ഒരു സ്ത്രീ സ്വന്തം കുട്ടിയെ ക്കൊണ്ട് അന്യപുരുഷനെ മാമൻ എന്ന് വിളിപ്പിക്കുന്നതിലൂടെ ഫലത്തിൽ ആ സ്ത്രീക്ക് സഹോദരീപദവി ലഭിക്കുന്നുണ്ടെന്ന് കൂടി അദ്ദേഹം അഭിപ്രായപ്പെടുന്നു (2001 : 38).

എന്നാൽ മാമൻ എന്ന പദത്തെ അപകൃഷ്ടാർത്ഥത്തിൽകൂടി പ്രയോഗിക്കാറുണ്ട്. 'മാമാപ്പണി' എന്ന പ്രയോഗം ഇതിനുദാഹരണമാണ്. *കൂട്ടിക്കൊടുപ്പുകാരൻ* എന്ന അർത്ഥത്തിൽ കൂടി ഈ പദം പ്രചാരത്തിലാവുന്നതിന് സിനിമകൂടി കാരണമായിട്ടുണ്ട്.

**തന്ത, തള്ള**

അച്ഛനെയും അമ്മയെയും സൂചിപ്പിക്കാൻ തന്തയെന്നും തള്ളയെന്നും സ്വാഭാവികമായി ഉപയോഗിച്ചിരുന്നെങ്കിൽ ഇന്ന് ഈ പദങ്ങൾക്ക് അർത്ഥാപകർഷം സംഭവിച്ചിട്ടുണ്ട്. തന്തയും തള്ളയും ശകാരവാക്കുകളായിത്തീർന്നിട്ടുണ്ട്. തന്തയെന്ന പദത്തിന് ശബ്ദതാരാവലിയിൽ *അച്ഛൻ* എന്ന അർത്ഥം നൽകിയിട്ടുണ്ടെങ്കിലും താണജാതിക്കാർ പറയുന്നത് എന്നുകൂടി ചേർത്തിട്ടുണ്ട് (2015: 903). തന്ത എന്ന പദം തന്ന, നൽകിയ എന്ന അർത്ഥത്തിൽ തമിഴരും ഉപയോഗിക്കുന്നു. ഇതേരീതിയിൽ അർത്ഥാപകർഷം സംഭവിച്ച മറ്റൊരു പദമാണ് 'തള്ള'. *അമ്മ* എന്നാണ് അർത്ഥം. കുമാരാശാന്റെ ഒരു കവിതയുടെ പേര് 'തള്ളയും കുട്ടിയും' എന്നാണ്. നവോത്ഥാനകാലത്തിനുശേഷമാണ് ഈ പദങ്ങൾക്ക് അപകർഷം സംഭവിച്ചത് എന്നതിന് ഈ കവിതയുടെ പേര് തന്നെ തെളിവാണ്. *അമ്മ* എന്ന അർത്ഥത്തിലാണ് ആശാൻ 'തള്ള' എന്ന് പ്രയോഗിച്ചത്. 'അമ്മയോടുള്ള ബഹുമാനം അന്ന് 'തള്ള'ക്കുമുണ്ടായിരുന്നു. 'നിന്റെ തന്ത', 'നിന്റെ തള്ള', 'തന്തയില്ലാത്തവൻ' എന്നീ ശകാരവാക്കുകളിൽ അപകൃഷ്ടാർത്ഥത്തിലാണ് ഈ പദങ്ങൾ കാണുന്നത്. ബന്ധസൂചകപദങ്ങളിൽ തന്ത, തള്ള, മാമൻ, അമ്മായി, അണ്ണാച്ചി എന്നിവയ്ക്ക് അർത്ഥാപകർഷമാണ് സംഭവിച്ചത്.

### 3.2.5. സ്ത്രീസംബോധനകൾ

ലൈംഗികതയുമായി ബന്ധപ്പെട്ട് സ്ത്രീകളെ ശകാരിക്കാനുപയോഗിക്കുന്ന നിരവധി പദങ്ങൾ ഭാഷയിലുണ്ട്. സ്ത്രീകളെ അധിക്ഷേപിക്കുന്നതിനായി ഉപയോഗിക്കുന്ന ശകാരവാക്കുകൾ മുഴുവനും ലൈംഗികതയുടെ അടിസ്ഥാനത്തിൽ മാത്രമുള്ളതാണ്.

**ആട്ടക്കാരി, കൂത്തച്ചി, തേവിടിച്ചി**

ഒരു കാലത്ത് *നർത്തകി* എന്ന അർത്ഥത്തിൽ മാത്രം ഉപയോഗിക്കപ്പെട്ടിരുന്ന ഈ പദം *തോന്ന്യാസക്കാരി* എന്ന അർത്ഥത്തിലാണ് ഇന്ന് പ്രയോഗത്തിലുള്ളത്. എന്നാൽ ആട്ടക്കാരൻ എന്ന പദത്തിന് അർത്ഥാപകർഷം സംഭവിച്ചിട്ടുമില്ല. ആട്ടക്കാരൻ എന്ന പദത്തിന് ശബ്ദതാരാവലിയിൽ *കഥകളിനടൻ, ആടുന്നവൻ, നടൻ എ*ന്നീ അർത്ഥങ്ങളാണെങ്കിൽ (2015: 258) ആട്ടക്കാരിക്ക് *ആടുന്നവൾ, നർത്തകി, കുഴഞ്ഞാടുന്നവൾ, തോന്ന്യാസക്കാരി* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. ഇതേയർത്ഥം എല്ലാ മലയാളനിഘണ്ടുക്കളിലും പിൻതുടരുന്നു. ആട്ടക്കാരിയെന്ന പദത്തിന് അർത്ഥാപകർഷം സംഭവിച്ചെങ്കിലും അതിന്റെ പുല്ലിംഗപദത്തിന് യാതൊരു അർത്ഥമാറ്റവും സംഭവിച്ചിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

ആട്ടക്കാരിയെന്ന പദത്തിന്റെയതേരീതിയിലാണ് കൂത്തച്ചി, തേവിടിച്ചി എന്നിവയ്ക്കും അർത്ഥപരിണാമം സംഭവിച്ചത്. മണിപ്രവാളകൃതികളുടെ സ്വാധീനം ഈ പദങ്ങളുടെ അർത്ഥമാറ്റത്തിന് കാരണമായിത്തീർന്നിട്ടുണ്ട്. ഇളംകുളം കുഞ്ഞൻപിള്ളയാണ് പ്രാചീനസാഹിത്യകൃതികളിലെ നായികമാർ ദേവദാസികളാണെന്നും അവർ കേരളക്ഷേത്രങ്ങളിലെ നൃത്തക്കാരികളായിരുന്നുവെന്നും സിദ്ധാന്തരൂപേണ സമർത്ഥിച്ചതെന്ന് 'ദേവദാസികളും സാഹിത്യചരിത്രവും' എന്ന കൃതിയിൽ പി.സോമൻ അഭിപ്രായപ്പെടുന്നുണ്ട്. പ്രാചീനമണിപ്രവാളകൃതികൾക്ക് വ്യാഖ്യാനം എഴുതിത്തുടങ്ങുന്നതിനുമുൻപുതന്നെ മണിപ്രവാളനായികമാർ ദേവദാസികളാണോ എന്ന സംശയം ഇളംകുളത്തിനുണ്ടായിരുന്നു എന്നും മരുമക്ക

ത്തായലൈംഗികജീവിതത്തെയും അതിന്റെ പ്രതിഫലനമായ മണിപ്രവാളസാഹിത്യത്തെയും നിരീക്ഷിച്ച ഇളംകുളം മണിപ്രവാളകൃതികളുടെ വ്യാഖ്യാനത്തിൽ നായികമാരുടെ ചരിത്രപരമായ സ്വത്വം കണ്ടെത്താൻ ശ്രമിച്ചപ്പോൾ തേവിടിച്ചി പ്രസ്ഥാനസിദ്ധാന്തം ആവിഷ്ക്കരിക്കുകയാണ് ചെയ്തതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ''രസികൻമാരായ നമ്പൂതിരിമാരുടെ ക്ഷേത്രഭരണം, മൂരിക്കുട്ടൻമാരായി അധഃപതിച്ച പിഴാരക്കയ്യൻമാരുടെയും 'പട്ട'കളുടെയും ഉപദേശം, സുഖലോലുപന്മാരായ നാടുവാഴികളുടെ മേൽക്കോയ്മ, ക്ഷേത്രപരിസരങ്ങളിലെ ജീവിതം ഇവയെല്ലാം ഒത്തുചേർന്നപ്പോൾ തേവടിച്ചിപദം അതിവേഗം ദുഷിക്കുന്നതിനിടയായി'' (ഇളംകുളം കുഞ്ഞൻപിള്ള, 1963: 81). തേവടിയാൾ, തേവരടിയാൾ, അടികൾ എന്നീ പദങ്ങൾ ശാസനങ്ങളിലും കാണുന്നുണ്ട്. കൊല്ലവർഷം 19 മുതൽ 60 വരെ (എ.ഡി 844-885) കേരളചക്രവർത്തിയായിരുന്ന സ്ഥാണുരവികുലശേഖരന്റെ മകൾ പേരിനോട് 'അടികൾ' ചേർത്തുകാണുന്നതുകൊണ്ട് ദേവദാസി ആയിരിക്കാനാണ് സാധ്യതയെന്ന് പി.സോമൻ സംശയിക്കുന്നു. രാജാക്കൻമാർ ദേവദാസികളെ ഭാര്യമാരായി സ്വീകരിക്കുകയും സ്വപുത്രിമാരെ ദേവദാസികളായി ക്ഷേത്രങ്ങൾക്ക് സംഭാവന നൽകുകയും പതിവുണ്ടായിരുന്നു. ഓടനാട് കേരളവർമ്മയുടെ ഭാര്യ നർത്തകിയായ ചെറുകര കുട്ടത്തിയായിരുന്നു. അവളുടെ മകളാണ് 'ഉണ്ണിയച്ചീചരിത'ത്തിലെ നായിക. മലബാറിലെ 'ചോക്കൂർശാസന'പരാമർശമാണ് ദേവദാസികളെ കുറിക്കുന്ന ആദ്യരേഖ. കൂത്തത്തികൾ, കൂത്തികൾ, കൂത്തസ്ത്രീകൾ, ആടുംപാത്രങ്ങൾ, തളിച്ചേരിപ്പൊണ്ടുകൾ, തളിനങ്ങകൾ, കുടിക്കാരികൾ, നങ്ങച്ചികൾ എന്നീ പേരുകളിലെല്ലാം ദേവദാസികൾ അറിയപ്പെട്ടിരുന്നെന്നും ഉണ്ണിച്ചിരുതേവി, ചാക്യാർകൂത്തിലെ കൂത്തസ്ത്രീയാണെന്നും പി.സോമൻ അഭിപ്രായപ്പെടുന്നുണ്ട് (2009 : 41).

ദക്ഷിണേന്ത്യൻ ക്ഷേത്രനാഗരികതയുടെയും ദേവദാസീസമ്പ്രദായത്തിന്റെയും മാതൃകകൾ കേരളസാംസ്ക്കാരികചരിത്രത്തിൽ വിന്യസിച്ചത് ഇളംകുളം കുഞ്ഞൻപിള്ളയാണെന്നും ഇതാണ് തെറ്റായ വ്യാഖ്യാനത്തിന് വഴിയൊരുക്കിയ

തെന്നും കൂടി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ദേവന്റെ അടിയാൾ പിന്നീട് ഭരണാധികാരികളുടെ മുഴുവൻ അടിയാളായിത്തീരുകയായിരുന്നു. *നൃത്തം ചെയ്യുന്നവൾ, ദേവന്റെ അടിയാൾ* എന്നീ അർത്ഥങ്ങളിൽ വ്യാപരിച്ചിരുന്ന ഈ പദം ഇന്ന് *വൃത്തികെട്ട ജീവിതം നയിക്കുന്നവൾ, വേശ്യ* എന്നീ അർത്ഥങ്ങളിലേക്ക് അപകൃഷ്ടമായിത്തീർന്നിട്ടുണ്ട്. ഇന്ന് സ്ത്രീകളെ ശകാരിക്കുമ്പോൾ കൂത്തച്ചി, കൂത്തിച്ചി, തേവിടിച്ചി എന്നിങ്ങനെ വിളിക്കുന്നു. എന്നാൽ ഭാഷയിൽ വേശ്യയെന്ന പദത്തെ മൃദൂക്തി* യായി ഉപയോഗിക്കുന്ന രീതിയും കാണാവുന്നതാണ്. 'ലൈംഗികത്തൊഴിലാളി' എന്ന പദം ഉദാഹരണം.

**ചരക്ക്**

സ്ത്രീകളെ പരാമർശിക്കുന്നതിനുവേണ്ടി അസഭ്യമായി ഉപയോഗിക്കുന്ന പദമാണ് ചരക്ക്. *Goods, Different Movable or Valuable Things* എന്നാണ് ചരക്കിന് ഗുണ്ടർട്ട് നൽകുന്ന അർത്ഥം (1962: 315). *സാധനം, കച്ചവടത്തിനുള്ള സാധനങ്ങൾ, ഓടുകൊണ്ടുള്ള വലിയ പാത്രം* എന്നീ അർത്ഥങ്ങളിൽ ഭാഷയിൽ സാധാരണ പ്രയോഗിക്കാറുണ്ടെങ്കിലും സ്ത്രീയെക്കൂടി വസ്തുവത്ക്കരിക്കുന്ന രീതിയിൽ അധികാർത്ഥത്തിൽ ഈ പദത്തിന് പ്രയോഗമുണ്ട്. *സംഭോഗത്തിനുവേണ്ടിയുള്ള വസ്തു* എന്ന രീതിയിലാണ് ഈ പദത്തിന് അപകർഷം സംഭവിച്ചിരിക്കുന്നത്. ഇതേയർത്ഥത്തിൽ 'പീസ്' എന്ന പ്രയോഗവും വാമൊഴിയിലുണ്ട്. സിനിമയുടെ സ്വാധീനമാണ് 'പീസി'ന്റെ പ്രചാരത്തിനു കാരണം. 'നോക്കെടാ ഒരു ചരക്ക്', 'അതാ ഒരു പീസ്' എന്നിങ്ങനെ സ്ത്രീകളെ പരാമർശിക്കുന്നതിലൂടെ ഈ അർത്ഥമാണ് സംവേദനം ചെയ്യപ്പെടുന്നത്.

**വെടി**

സ്ത്രീകളെ പരാമർശിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന അശ്ലീലപദങ്ങളിൽ കൂടുതൽ പുതിയ പദമാണ് 'വെടി'. ഇല്ലാത്ത കാര്യങ്ങളെക്കുറിച്ച് സംസാരി

* വസ്തുതാതീവ്രതയെ രൂക്ഷതകുറച്ചുകൊണ്ട് സൂചിപ്പിക്കാൻ പര്യാപ്തമായ പദപ്രയോഗമാണ് മൃദൂക്തി.

ക്കുന്നതിനെയും പൊങ്ങച്ചം പറയുന്നതിനെയും 'വെടി' എന്ന് പറഞ്ഞിരുന്നെങ്കിലും ആ അർത്ഥത്തേക്കാൾ ഇന്ന് അശ്ലീലാർത്ഥത്തിൽ ഈ പദത്തിന് പ്രചാരം ലഭിച്ചിട്ടുണ്ട്. വെടിയെന്ന ധാതുവിന് *ഉപേക്ഷിക്കുക* എന്നും വെടിയെന്ന നാമത്തിന് *വെടിമരുന്ന് പ്രയോഗം, തുപ്പാക്കി, നേരമ്പോക്ക് പറച്ചിൽ, ഭയം, ഇടി, വെളി* എന്നീ അർത്ഥങ്ങളും ശബ്ദതാരാവലിയിൽ നൽകിക്കാണുന്നു (2015 : 1610). 'വെടിവെക്കുക' എന്നതിന് *മൈഥുനംചെയ്യുക* എന്ന അർത്ഥം ഗ്രാമ്യഭാഷയിലുണ്ടെന്നും ശബ്ദതാരാവലിയിൽ സൂചനയുണ്ട്. ഇതിന്റെ തുടർച്ചയെന്നോണമാണ് *വ്യഭിചാരിണി* എന്ന അർത്ഥം ഈ പദത്തിന് കൈവന്നിട്ടുള്ളത്. എന്നാൽ ഈ പദം സ്ത്രീകളെ പരാമർശിക്കുന്നതിനുവേണ്ടി മാത്രമാണ് ഉപയോഗിക്കുന്നത്. ലൈംഗികപ്രക്രിയയെ കുറിക്കുന്നതിനുവേണ്ടി വെടിയെന്ന് പ്രയോഗിക്കുന്നത് ആ ക്രിയയുമായുള്ള സാമ്യപ്പെടുത്തലായിട്ടാണ്.

### 3.2.6. ലിംഗഭേദം

ഭാഷയിൽ നിലനിൽക്കുന്ന ലിംഗവിവേചനത്തിന് സമൂഹത്തിന്റെ അധികാരഘടനയുമായി ബന്ധമുണ്ട്. സാമൂഹികനിലകളിലുള്ള വ്യത്യാസം, ലിംഗാടിസ്ഥാനത്തിലുള്ള വിഭജനം, ശരീരഘടന, പെരുമാറ്റരീതി, എന്നിവ ഭാഷയിലെ ലിംഗവിവേചനത്തിനിടവരുത്തുന്ന കാരണങ്ങളാണെന്ന് ട്രഡ്ഗിൽ ചൂണ്ടാക്കാണിക്കുന്നുണ്ടെന്ന് പി.എം.ഗിരീഷ് 'അധികാരവും ഭാഷയും' എന്ന കൃതിയിൽ അഭിപ്രായപ്പെടുന്നു (2001: 51). പുരുഷകേന്ദ്രിതമായ ഭാഷാപ്രപഞ്ചം തന്നെയാണ് മലയാളത്തിലും കാണുന്നത്. ശബ്ദം, പദം, അർത്ഥം, വ്യാകരണം, ശൈലികൾ, പഴഞ്ചൊല്ലുകൾ എന്നിങ്ങനെ ഭാഷയുടെ എല്ലാതലത്തിലും ആൺകോയ്മയുടേതായ ലിംഗാവബോധം പ്രകടമാണ്. ലിംഗാവബോധത്തിന്റെ അടിസ്ഥാനത്തിൽ അർത്ഥമാറ്റം സംഭവിച്ച ഒരു പദമാണ് 'ഒൻപത്.'

**ഒൻപത്**

സ്ത്രീ/പുരുഷൻ എന്നിവ ജീവശാസ്ത്രപരമാണെങ്കിൽ ആണത്തം/ പെണ്ണത്തം എന്ന ലിംഗകൽപ്പന ചില പ്രത്യേക സ്വഭാവസവിശേഷതകളെയും പെരുമാറ്റരീതികളെയും ആധാരമാക്കിക്കൊണ്ടുള്ള സാമൂഹികസൃഷ്ടിയാണ്. സ്ത്രീയുടെയും പുരുഷന്റേയും സ്വഭാവത്തെക്കുറിച്ച് ഓരോ സമൂഹത്തിലും ഓരോ സങ്കൽപ്പമുണ്ട്. കളമൊഴി, തേൻമൊഴി, കിളിമൊഴി എന്നൊക്കെ സ്ത്രീ ശബ്ദത്തിനും കടലിന്റെ ഇരമ്പൽപോലെ ഗൗരവമായതെന്ന് പുരുഷന്റെ ശബ്ദ ത്തിനും സാമ്യം കൽപിക്കാറുണ്ട്. പെൺശബ്ദമുള്ള പുരുഷനെയും ആൺശബ്ദ മുള്ള സ്ത്രീയെയും സമൂഹത്തിൽ അപഹാസ്യരായിക്കാണാറുണ്ട്. മൂന്നാംലിംഗ ക്കാർക്ക് പരിഗണന ലഭിച്ചിട്ടുണ്ടെങ്കിലും ശിശുവിന്റെ ജനനംമുതൽതന്നെ ആൺ-പെൺ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ചില അവകാശങ്ങളും അധി കാരങ്ങളും പുരുഷനും സ്ത്രീയ്ക്കും വെവ്വേറെ കൽപ്പിച്ചുകൊടുക്കുകയും ചിലത് നിഷേധിക്കപ്പെടുകയും ചെയ്യുന്നു. സാമൂഹികമായും സാംസ്കാരികമായും സ്ത്രീയെയും പുരുഷനെയും വിവേചനപ്പെടുത്തുന്ന സാമൂഹികപ്രതിഭാസമാണ് ലിംഗകൽപ്പന.

എട്ടിനും പത്തിനും ഇടയിലുള്ള സംഖ്യയാണ് ഒൻപത്. പത്തിന് ഒന്ന് കുറവ് എന്നരീതിയിലാവാം ഈ പദവും ഏതെങ്കിലും ഒരു സ്വഭാവം കുറവുള്ള യാളെ കളിയാക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ കാരണമായത്. പത്ത് എന്ന തിന് തികഞ്ഞതായാണ് കൽപ്പിക്കുന്നത്. 'പത്തുംതികഞ്ഞ് പ്രസവിക്കുക' എന്ന പ്രയോഗം ഉദാഹരണം. സ്ത്രീസ്വഭാവം പ്രകടിപ്പിക്കുന്ന പുരുഷനെയാണ് ഒൻപത് എന്ന് പരാമർശിക്കുന്നത്. ഇത്തരത്തിലുള്ള മറ്റു പദങ്ങളാണ് 'ആണും പെണ്ണും കെട്ടവൻ', 'ശിഖണ്ഡി', 'ഹിജഡ' മുതലായവ. പുരുഷത്വത്തിന്റെ പതനത്തെ യാണ് ഇവിടെ സൂചിപ്പിക്കുന്നത്. സ്ത്രീസ്വഭാവം പ്രകടിപ്പിക്കുന്ന പുരുഷനെ സംബോധനചെയ്യാൻ വേണ്ടി ഉപയോഗിക്കുന്ന മറ്റൊരു പദമാണ് 'ചാന്തുപൊട്ട്'.

ഈ പദം സമൂഹത്തിനിടയിൽ പ്രചാരത്തിലായത് 'ചാന്തുപൊട്ട്' എന്ന മലയാള സിനിമയോടെയാണ്.

ചില കാര്യങ്ങൾ നാടൻഭാഷയിൽ പറഞ്ഞാൽ തെറിയാകാറുണ്ട്. വാമൊഴിയിൽ ഉപയോഗിക്കുന്ന തനിമലയാളപദങ്ങളെ പൊതു ഇടങ്ങളിൽ പ്രയോഗിക്കാതിരിക്കുന്നതിന്റെ ഒരു കാരണം ഇതാണ്. ഉദാഹരണത്തിന് ലിംഗം എന്ന സംസ്കൃതവാക്ക് മാനകഭാഷയിൽ ഉപയോഗിക്കാമെങ്കിലും വാമൊഴിയിൽ അതിനെ സൂചിപ്പിക്കുന്ന പദങ്ങളെ തെറിയായി നാം മാറ്റിനിർത്തുന്നു.

നിതംബം, സ്തനം മുതലായവ സഭായോഗ്യമായിരിക്കുകയും അതേ അർത്ഥം നൽകുന്ന ചന്തി, കുണ്ടി, മുല എന്നീ പദങ്ങൾ സഭായോഗ്യമല്ലാതിരിക്കുകയും ചെയ്യുന്നത് ഭാഷയിലെ വർഗബോധത്തിന്റെ ഫലമായാണ്. 'മയിര്' എന്ന പദത്തിന്റെ അർത്ഥം *രോമം* എന്നാണ്. തമിഴിലും ഈ അർത്ഥം നിലനിൽക്കുന്നുണ്ട്. 'രോമാഞ്ചംകൊള്ളു'ന്നതിന് 'കോൾമയിർ' എന്ന പ്രയോഗവും ഉണ്ടായിരുന്നെങ്കിലും ഇന്ന് 'മയിര്' എന്ന പദത്തെ ഭാഷയിൽ തെറിവാക്കായി മാത്രം ഉപയോഗിക്കപ്പെടുന്നു.

മനുഷ്യരുടെ രഹസ്യാവയവങ്ങളെയും അവയുമായി ബന്ധപ്പെട്ട വിസർജ്ജനം, മൈഥുനം എന്നീ പ്രവൃത്തികളെയും മറച്ചുവെച്ചു പറയുന്നരീതി വാമൊഴിയിൽ കാണാം. അപ്പോൾ ഭാഷയിലെ പദങ്ങൾക്കു പകരം അന്യഭാഷയെ, പ്രത്യേകിച്ച് ഇംഗ്ലീഷിനെ ആശ്രയിക്കാറുണ്ട്. ഇത് ഏത് ഭാഷക്കാരുടെയും ഇടയിലുള്ള പ്രവണതയാണ്. ഇംഗ്ലീഷുകാർപോലും 'To pass the Urine' എന്നോ Urinate എന്നോ പ്രയോഗിക്കാറില്ല. 'Go to bathroom' എന്നോ To wash the hands' എന്നോ ആണ് പറയുന്നത്. നമ്മളും ഇംഗ്ലീഷിനെ ആശ്രയിക്കാറുണ്ട്. എന്നാൽ എളുപ്പത്തിനുവേണ്ടി ഉപയോഗിക്കുന്ന പദങ്ങളാണ് 'ഒന്നും' 'രണ്ടും'. മൂത്രമൊഴിക്കാനായി പോകുന്നതിനെ സൂചിപ്പിക്കാൻ 'ഒന്നെ'ന്നും മലവിസർജ്ജനത്തെ സൂചിപ്പിക്കാൻ 'രണ്ടെ'ന്നും പറയാറുണ്ട്.

സ്ത്രീകളുടെ ആർത്തവവുമായി ബന്ധപ്പെട്ടും നിരവധി പദങ്ങൾ ഭാഷയിൽ പ്രയോഗത്തിലുണ്ട്. ആർത്തവസമയത്തെ സൂചിപ്പിക്കാനായി വാമൊഴിയിൽ ഉപയോഗിച്ചിരുന്ന 'പുറത്താവുക' എന്ന പദത്തിന് പകരം ഇംഗ്ലീഷ് വാക്കാണ് ഇന്ന് പ്രയോഗത്തിലുള്ളത്. മാസമുറ 'പിരീയഡ്സ്' ആകുമ്പോൾ അത് നല്ലവാക്കായിത്തീരുന്നു. ആ പദം സാർവ്വത്രികമായിത്തീരുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാമൊഴിയിൽത്തന്നെ നിരവധി പദങ്ങൾ ഈയർത്ഥത്തിൽ ലാക്ഷണികമായി പ്രയോഗത്തിലുണ്ട്. പുതുതലമുറയുടെയിടയിലാണ് അവയ്ക്ക് കൂടുതൽ പ്രചാരം. സമരം, ലീവ്, ഒഴിവ്, കൊടിപൊക്കുക, റെഡ് അലർട്ട്, ക്യൂട്ടക്സ്കുപ്പി പൊട്ടുക, ആന്റിവരുക, ഔട്ട് ഓഫ് കവറേജ്, പരിധിക്കുപുറത്ത് തുടങ്ങിയവ ആർത്തവത്തെ സൂചിപ്പിക്കാനായി പുതുതലമുറ ഉപയോഗിക്കുന്നവയാണ്. അവ ഇന്ന് പൊതുസമൂഹവും ഉപയോഗിച്ച് പ്രചാരത്തിലായിട്ടുണ്ട്.

വ്യക്തിയുടെ എല്ലാത്തരം ഇടപെടലുകളെയും നിയന്ത്രിക്കുന്നത് സമൂഹമാണ്. ഈ നിയന്ത്രണം സാമൂഹികോൽപ്പന്നമായ ഭാഷയിലും സ്വാഭാവികമായും കടന്നുവരുന്നു. മറയ്ക്കണമെന്ന് സമൂഹം നിഷ്കർഷിക്കുന്ന ചില അവയവങ്ങൾ ശരീരത്തിലുള്ളതുപോലെ മാന്യതയുടെ പേരിൽ മറച്ചുവെയ്ക്കുന്ന ചിലപദങ്ങളും ശൈലികളും എല്ലാ ഭാഷകളിലുമുണ്ട്. ഇവയെ വിലക്കുചൊല്ലുകൾ എന്ന് മലയാളത്തിലും ടാബുവേർഡ്സ് എന്ന് ഇംഗ്ലീഷിലും വ്യവഹരിക്കുന്നു എന്ന് പി.എം ഗിരീഷ് വ്യക്തമാക്കുന്നു (2015:140). അശ്ലീലപദങ്ങൾ, ലൈംഗികകാര്യങ്ങൾ, ലൈംഗികാവയവത്തെക്കുറിച്ചുള്ള പരാമർശങ്ങൾ, സ്വയംഭോഗസൂചനകൾ, വിസർജ്ജനകാര്യങ്ങൾ, മരണം, ചില ആചാരങ്ങൾ, ദുരന്തം, കഠിനരോഗം എന്നിവയെക്കുറിച്ച് തുറന്ന് പറഞ്ഞുകൂടാ എന്ന് വരുന്നു. ഇത്തരം സാമൂഹികവിലക്ക് പലപ്പോഴും വിലക്കപ്പെട്ട ആശയത്തെ സാമാന്യരൂപം ഉപയോഗിച്ച് പ്രകാശിപ്പിക്കുന്നതിന് കാരണമാകുന്നു എന്ന് 'വിലക്കുപദങ്ങളുടെ സാമൂഹികഭാഷാസ്വഭാവം' എന്ന ഗവേഷണപ്രബന്ധത്തിൽ ഫ്രാൻസിസ് ടി.എ. വിശദമാക്കുന്നുണ്ട് (1995: 49). ഭാഷയിൽ കോഡുഭാഷ രൂപപ്പെടുന്നതിന്റെ കാരണവും ഇത്തരം വിലക്കുകളാണ്.

### 3.2.7. കോഡുഭാഷ

ഭാഷയിലെ പദാവലികളെയും ആശയങ്ങളെയും പ്രയോഗങ്ങളെയും പരസ്പരം തിരിച്ചറിയുന്നത് കൂട്ടായ്മയിലുള്ളവർ തമ്മിലുള്ള ധാരണ മുഖേനയാണ്. കൃഷി, കൈത്തൊഴിലുകൾ, മറ്റ് ഉപജീനമാർഗ്ഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പദങ്ങൾ ഭാഷയിൽ ഉണ്ടായിട്ടുണ്ട്. മനുഷ്യർ കൂട്ടായ അധ്വാനവേളയിൽ ഉച്ചരിക്കുന്ന സവിശേഷശബ്ദങ്ങൾക്ക് അതാത് സാംസ്ക്കാരികസവിശേഷതകൾ കൂടി ഉണ്ടാകും. ഈ പദങ്ങൾ കൊണ്ടുദ്ദേശിക്കുന്ന ആശയാവലികളെ തിരിച്ചറിയുകയും പ്രയോഗിക്കുകയും ചെയ്യുമ്പോൾ അവ ഒരു പ്രത്യേക കൂട്ടായ്മയുടെ ഭാഷയായിത്തീരുന്നു.

#### 3.2.7.1 തൊഴിലുമായി ബന്ധപ്പെട്ട പദങ്ങൾ

പ്രാദേശികകൂട്ടായ്മക്കും സാമുദായികകൂട്ടായ്മക്കും പുറമെ ചെറിയ ചെറിയ കൂട്ടായ്മകൾ വേറെയും ഉണ്ട്. തെയ്യം കലാകാരൻമാരായ മലയസമുദായം ഉൾപ്പെടെയുള്ള ചില ജാതിവിഭാഗങ്ങളിൽ ദേവതാനുഷ്ഠാനവുമായി ബന്ധപ്പെട്ട സ്വകാര്യപദങ്ങളുണ്ട്. വാമൊഴിയിലാണ് ഇത്തരം പദങ്ങൾ പ്രചാരത്തിലാവുന്നത്. കോഡുഭാഷയെക്കുറിച്ച് പി.എം.ഗിരീഷ് അഭിപ്രായപ്പെടുന്നതിങ്ങനെയാണ്. ''യഥാർത്ഥഭാഷയെ മറച്ചുവെച്ച് അതിനപ്പുറമുള്ള ആശയങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഭാഷയാണ് കോഡുഭാഷ. ഭാഷണസന്ദർഭത്തിൽ ഉൾപ്പെടുന്ന ചിലരുടെ യഥാർത്ഥ അർത്ഥവും ആശയവും മനസിലാക്കരുതെന്ന ഗൂഢലക്ഷ്യമാണ് ഇത്തരമൊരു ഭാഷാരീതി രൂപപ്പെടാൻ കാരണം. ഭാഷയുടെ ചില സാധ്യതകളെയാണ് ഇവിടെ ഉപയോഗിക്കുന്നത്. ആര് ആരോട് സംസാരിക്കുന്നു, ഭാഷണം നടക്കുന്ന പശ്ചാത്തലം, വിഷയം എന്നിവ കോഡുഭാഷയിൽ പ്രധാനമാണ്. കോഡുഭാഷയ്ക്ക് മുൻകൂട്ടി നിശ്ചയിക്കപ്പെട്ട അർത്ഥങ്ങളുണ്ടാവും.'' (മാർക്കോസ് വി.പി. എഡി.2010: 101). വർക്ഷോപ്പ് ജോലിക്കാർക്കിടയിലുള്ള കോഡുഭാഷയിൽ ഇത്തരത്തിലുള്ള പദങ്ങൾ ധാരാളമുണ്ട്.

അസുഖം ബാധിച്ച് കിടപ്പിലായവരെ പരാമർശിക്കുന്നതിനുവേണ്ടി 'കട്ടപ്പുറത്ത്' എന്ന് പറയാറുണ്ട്. കേടുവന്ന വാഹനം ജാക്കിവെച്ച് പൊന്തിച്ച് കുറെനാളെടുത്താണ് നന്നാക്കാറുള്ളത്. അങ്ങനെ കേടുവന്ന വാഹനത്തെക്കുറിച്ച് വണ്ടികട്ടപ്പുറത്താണെന്ന് പറയാറുണ്ട്. ഇത് പിന്നീട് അസുഖം ബാധിച്ച വ്യക്തികളെയും സൂചിപ്പിക്കാനായി ഉപയോഗിച്ചുതുടങ്ങി.

ബസ്യാത്രക്കിടയിലും മറ്റും സംഭവിക്കുന്ന പീഡനശ്രമങ്ങളെ പരാമർശിക്കുന്നതിന് 'ജാക്കിവെക്കുക' എന്നാണ് പറയാറ്. സ്ത്രീകളുടെ നിതംബത്തെ സൂചിപ്പിക്കുന്നതിനുവേണ്ടി 'ബാക്ക്എഞ്ചിൻ', 'ഹൗസിങ്ങ്' എന്നും സ്ത്രീകളുടെ സ്തനത്തെ സൂചിപ്പിക്കുന്നതിനുവേണ്ടി 'ഹെഡ്ലൈറ്റ്', 'ബോണറ്റ്' എന്നും പ്രയോഗങ്ങളുണ്ട്.

വാഹനത്തിനുള്ളിൽ തന്നെ അധികമായി സൂക്ഷിക്കുന്ന ചക്രത്തെയാണ് സ്റ്റെപ്പിനി എന്ന് പറയുന്നത്. പുരുഷന്റെ പരസ്ത്രീബന്ധത്തെ കുറിക്കാൻ വേണ്ടിയും ഈ പദം ഉപയോഗിക്കാറുണ്ട്. ഇതേയർത്ഥത്തിൽ പൊതുസമൂഹത്തിൽ ഉപയോഗിക്കപ്പെടുന്ന മറ്റൊരു പദമാണ് 'Keep'. *സൂക്ഷിക്കുക* എന്ന അർത്ഥത്തിലുള്ള ഈ പദത്തിന് *സ്ത്രീയോ പുരുഷനോ ആരുമറിയാതെ കൊണ്ടുനടക്കുന്ന മറ്റൊരുത്തൻ/മറ്റൊരുത്തി* എന്ന അർത്ഥത്തിലാണ് പ്രയോഗം. ഇംഗ്ലീഷിൽ 'keep' ന് ഈ അർത്ഥം ഇല്ലാത്തതുകൊണ്ടുതന്നെ ഇത് മലയാളത്തിലെ അർത്ഥമാറ്റമാണ്.

'ഓയൽസീൽ ലീക്ക്' എന്നത് വയറിളക്കത്തെയും ആർത്തവത്തെയും കുറിക്കുന്നു. 'സുനാമി' എന്ന പദവും വയറിളക്കത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. 'കാറ്റ്പോവുക' എന്നാൽ മരണത്തെയാണ് സൂചിപ്പിക്കുന്നത്. ചക്രത്തിന്റെ കാറ്റുപോകലുമായി ബന്ധപ്പെട്ടാണ് ഈ പദത്തിന്റെ പ്രയോഗമെങ്കിലും മനുഷ്യരുടെ ശ്വാസം നിലയ്ക്കലിനോടു കൂടി ബന്ധിപ്പിച്ചാണ് *മരണം* എന്ന അർത്ഥം ലഭിക്കുന്നത്. ശ്വാസം എന്നത് യഥാർത്ഥത്തിൽ കാറ്റുതന്നെയാണ്. വർക്ക്ഷോപ്പ്

ജോലിയുമായി ബന്ധപ്പെട്ടുവന്ന ഇത്തരം പദങ്ങൾ ഇന്ന് ശൈലികളായിത്തീർന്നി ട്ടുണ്ട്. ഒരു ഗ്രൂപ്പിനിടയിൽ മാത്രമല്ലാതെ പൊതുസമൂഹത്തിലും ഈയർത്ഥത്തിൽ ഇവ പ്രയോഗിക്കപ്പെടുന്നുണ്ട്. അങ്ങനെ അർത്ഥപരിണാമം സംഭവിക്കുന്നതിൽ കോഡുഭാഷകളും കൂടി പങ്ക് വഹിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇവ ശൈലിക ളായി മാറുകയാണ് ചെയ്തത്. അർത്ഥമാറ്റത്തിന് കാരണമാകുന്നുണ്ടെങ്കിലും പുതുപദപ്രചാരണം കൂടിയാണിത്.

പൂള്, ചീള്, ചൊറ എന്നിവ ആശാരിപ്പണിയുമായി ബന്ധപ്പെട്ട് അർത്ഥമാറ്റം വന്നിട്ടുള്ളവയാണ്. മരത്തിന്റെ ചെറിയ കഷ്ണങ്ങളാണവ. മരക്കഷ്ണങ്ങൾക്കിട യിൽ വെക്കുന്ന ചെറിയ കഷ്ണമാണ് 'പൂള്'. മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവ ശ്യമായി ഇടപെടുന്നയാളെ 'പൂള്' എന്ന് വിളിക്കാറുണ്ട്. മരങ്ങളുടെ ഒഴിവാക്കിയ ചെറിയ കഷ്ണമാണ് ചീള്. നിസാരകാര്യങ്ങളെക്കുറിച്ച് 'ചീള്' എന്നാണ് പറയു ന്നത്. അതുകൊണ്ടുതന്നെ 'അതൊരു ചീള് കേസാണ്' എന്ന് പറയുന്നത് *നിസാരം* എന്ന അർത്ഥത്തിൽതന്നെ. എത്രതന്നെ മിനുസമാക്കിയാലും ശരിയാവാത്ത മര ക്കഷണമാണ് 'ചൊറ'. ഇത്തരം മരക്കഷണങ്ങൾ ആശാരിമാരെ ബുദ്ധിമുട്ടിക്കുന്ന തിന്റെ ഭാഗമായാണ് *ബുദ്ധിമുട്ടിക്കുന്നത്* എന്ന അർത്ഥത്തിൽ ഈ പദം മറ്റു സന്ദർഭത്തിലും പ്രയോഗിക്കപ്പെട്ടു തുടങ്ങിയത്.

പെയിന്റർമാരുടെ ജോലിയുമായി ബന്ധപ്പെട്ടാണ് 'പുട്ടിയിടുക' എന്ന പദം കടന്നുവന്നത്. മുഖത്ത് കൂടുതലായി പൗഡറും ക്രീമുമെല്ലാം പുരട്ടുന്നതിനെ പരാ മർശിക്കാനായി പരിഹാസ്യരൂപേണ പുട്ടിയിടുക എന്നു പറയാറുണ്ട്. പെയിന്റടി ക്കുന്നതിനുമുമ്പായി ചുമരിനെ മിനുസമാക്കുന്നതിനുവേണ്ടി ചുമരിലെ ചെറിയ ചെറിയ ദ്വാരങ്ങൾ അടയ്ക്കുന്നതിനാണ് പുട്ടിയിടുക എന്നു പറയുന്നത്.

ഓരോ ഗ്രൂപ്പുകൾക്കിടയിലും മാത്രം ഉപയോഗിക്കപ്പെട്ടിരുന്ന ഇത്തരം പദ ങ്ങൾ പിന്നീട് പൊതുസമൂഹത്തിലും പ്രചരിക്കപ്പെടുന്നതോടെ അവ പുതിയ അർത്ഥത്തിലും കൂടി വ്യവഹരിക്കപ്പെടുന്നു.

### 3.2.8. ക്യാമ്പസ്

കോഡുഭാഷ കൂടുതലായി ഉപയോഗിക്കപ്പെടുന്ന മറ്റൊരു മേഖലയാണ് ക്യാമ്പസ്. സമൂഹത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങൾ ഭാഷയിൽ പ്രതിഫലിക്കാറുണ്ടെങ്കിലും ഈ മാറ്റങ്ങൾ വളരെ വേഗത്തിൽ സ്വാധീനിക്കുന്നത് ക്യാമ്പസ് ഭാഷയിലാണ്. സാങ്കേതികവിദ്യയുടെ വളർച്ച, പുതിയ വിജ്ഞാനശാഖകളുടെ വികാസം, സാമൂഹ്യബന്ധങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ എന്നീ ഘടകങ്ങളെല്ലാം വളരെ പെട്ടെന്ന് പിടിച്ചെടുക്കുകയും പ്രയോഗത്തിൽ വരുകയും ചെയ്യുന്നത് സമൂഹത്തിന്റെ പരിഛേദങ്ങളിലൊന്നായ കോളേജ്ക്യാമ്പസിലാണ്.

പല സമൂഹങ്ങളിൽനിന്ന് കടന്നുവന്ന് മറ്റൊരു നവസമൂഹമായി മാറുന്നവരാണ് ക്യാമ്പസിലെ അംഗങ്ങൾ. അതുകൊണ്ടുതന്നെ അവരുടെ ഭാഷകളിൽ വ്യത്യസ്ത ജാതിമതദേശങ്ങളുടെ സങ്കരം സാധ്യമാണ്. സമപ്രായക്കാരുടെ കൂട്ടായ്മയാണത്. സന്ദർഭം, പ്രാദേശികത, പ്രായം, ലിംഗം, വ്യക്തിസവിശേഷതകൾ, വിനോദതത്പരത, പുതുമയോടുള്ള അഭിനിവേശം, വ്യത്യസ്തരാകാനുള്ള താത്പര്യം, നിലവിലുള്ള പെരുമാറ്റച്ചട്ടങ്ങളെ എതിർക്കാനുള്ള വാസന എന്നീ ഘടകങ്ങളെ ക്യാമ്പസ്ഭാഷയുടെ ഘടകങ്ങളായി പി.എം.ഗിരീഷ് പരിഗണിക്കുന്നുണ്ട് (2011 : 46). ഈ ഘടകങ്ങൾ ക്യാമ്പസ്ഭാഷയെ വ്യത്യസ്തമാക്കുന്നുണ്ട്.

ഓരോ ക്യാമ്പസിലും ഓരോ ഭാഷയാകാം. വ്യത്യസ്ത കോഡുകളുമാവാം. മാനകഭാഷയിലൂടെ പരിചയിച്ച അർത്ഥത്തിനു പുറമെ ഭാഷയിൽ പുതിയ പരീക്ഷണങ്ങൾ കാണുന്നതും ക്യാമ്പസിലാണ്. പദങ്ങളുടെ അർത്ഥമാറ്റത്തെ ആദ്യം സ്വാഗതം ചെയ്യുന്നതും ക്യാമ്പസുകളാണെന്നു പറയാം. പരസ്യങ്ങൾ, സിനിമകൾ, നവമാധ്യമങ്ങൾ എന്നിവയോട് കൂടുതൽ അടുപ്പം പുലർത്തുന്നവരും പുതുതലമുറയായതുകൊണ്ടുതന്നെ ഇവയിലൂടെയെല്ലാം അർത്ഥമാറ്റത്തിനു വിധേയമായ പദങ്ങൾ ക്യാമ്പസിലാണ് ആദ്യം പ്രായോഗികമാകുന്നത്.

**3.2.8.1. അർത്ഥമാറ്റം വന്ന ക്രിയാപദങ്ങൾ**

നാമപദങ്ങളെ അപേക്ഷിച്ച് ക്രിയാപദങ്ങൾ ഭാഷയിൽ വളരെ കുറവാണ്. പുതിയ സന്ദർഭത്തെക്കൂടി ഉൾപ്പെടുത്തിയും മാറ്റം വരുത്തിയും ഉള്ളക്രിയാപദ ങ്ങളെത്തന്നെ പ്രയോഗിക്കുന്നതിലൂടെയും പല ക്രിയകൾക്കും അർത്ഥമാറ്റം സംഭ വിച്ചിട്ടുണ്ട്.

**അടിപൊളി**

*നന്നായിട്ടുണ്ട്* എന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗിക്കുന്ന പദമാണ് അടിപൊളി. ആദ്യമൊക്കെ ഈ വാക്കിന് നശിപ്പിക്കുക എന്ന പ്രതീതിയാണുണ്ടാ യിരുന്നത്. സംവേദനം ചെയ്യേണ്ട ആശയവുമായി ഒരു പൊരുത്തവുമില്ലാത്ത പദരൂ പമാണ് അടിപൊളി. അടിക്കുക, പൊളിക്കുക എന്നീ ക്രിയകളുടെ ധാതുരൂപങ്ങ ളാണ് അടിയും പൊളിയും. ഇവ ചേർന്ന അടിപൊളി എന്ന പദത്തിന് *നന്നായി ട്ടുണ്ട്* എന്നാണ് അർത്ഥമാക്കുന്നത്. തല്ലുക, പൊളിക്കുക എന്നീ ക്രിയകളുടെ ധാതുരൂപങ്ങൾ ചേർന്ന തല്ലിപ്പൊളി എന്ന പദവും ക്യാമ്പസിൽ പ്രചാരത്തിലുണ്ട്. പഴയ വാഹനങ്ങളെ പൊളിച്ചുതകർക്കുന്ന പ്രക്രിയയുമായാണ് തല്ലിപ്പൊളി എന്ന പദത്തിന് ബന്ധമുണ്ടായിരുന്നത്. തല്ലിപ്പൊളിയും അടിപൊളിയും ഫലത്തിൽ ഒന്നുതന്നെയാണെങ്കിലും വിരുദ്ധാർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നവയാണ്. അടി ക്കുക എന്നതിനു പകരമായി 'തല്ലുക' പ്രയോഗിക്കുന്നുണ്ടെങ്കിലും ഈ പദങ്ങ ളുടെ ഉത്തരപദമായി പൊളിചേർന്നപ്പോൾ സംഭവിച്ച അർത്ഥമാറ്റം പദങ്ങൾക്ക് സമൂഹം നൽകുന്ന സവിശേഷാർത്ഥത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കാൻ തക്കതാണ്. ജീവിതത്തിന്റെ മുരടിപ്പിനെ തകർക്കുക എന്ന ആശയത്തിൽ നിന്നാവാം ഈ പദത്തിനും മാറ്റം വന്നത്. കോളേജ് ക്യാമ്പസുകളിൽ അടിക്കലും പൊളിക്കലുമെല്ലാം സ്ഥിരസംഭവങ്ങളാവാറുണ്ട്. എതിരാളികളെ അടിച്ചോടിക്കുക എന്നത് സ്ഥിരമാകുകയും 'അടിച്ച്പൊളിക്കെടാ' എന്നാഹ്വാനം ചെയ്യുന്ന ഗ്രൂപ്പു കളും എല്ലാമാവാം ഈ പദത്തിന്റെ അർത്ഥമാറ്റത്തിന് കാരണമായിത്തീർന്നത്.

പുതുതലമുറയ്ക്ക് പുതിയവസ്ത്രവും പരിപാടികളും പാട്ടുമെല്ലാം 'അടിപൊളി'യാണിന്ന്.

അടിപൊളിയെന്ന പദവും ഇന്ന് പഴകിത്തുടങ്ങി. ഇപ്പോൾ പൊളിക്കുക മാത്രമാണ് പ്രചാരത്തിലുള്ളത്. 'പുതിയ പടം പൊളി', നിന്റെ ഡാൻസ് പൊളി, 'പരീക്ഷ പൊളിച്ചു' എന്നൊക്കെയാണ് ക്യാമ്പസിലെ പ്രയോഗങ്ങൾ. ഇതേയർത്ഥത്തിൽത്തന്നെ 'തകർക്കുക'യും 'തിമർക്കുക'യും പ്രയോഗിക്കപ്പെടുന്നുണ്ട്. ഇവയ്ക്ക് അർത്ഥവികാസം സംഭവിച്ചിട്ടുണ്ടെന്ന് പറയാം. *പൊടിക്കുക, നശിപ്പിക്കുക, ഉടയ്ക്കുക, അടിയ്ക്കുക* എന്നിവയാണ് ശബ്ദതാരാവലിയിൽ 'തകർക്കുക' എന്നതിന്റെ അർത്ഥം (2015 : 891). കുട്ടികൾ ശബ്ദകോലാഹലത്തോടുകൂടി തുള്ളിച്ചാടുന്നതിനെയും 'തകർക്കുക' എന്ന് പറയുമെന്ന് ശബ്ദതാരാവലിയിൽ സൂചിപ്പിക്കുന്നു.

ഉദ്ഘാടനം 'അടിച്ചുപൊളിച്ചു'

ഗാനമേള 'തിമർത്തു'

പരീക്ഷ 'പൊളിച്ചു'

ഡ്രസ്സ് 'മിന്നി'

പുതിയ 'പടം കലക്കി'

നിന്റെ 'കവിത കിടുക്കി'.

ഡാൻസ് 'തകർത്തു'

ഈ ക്രിയാപദങ്ങളെല്ലാം തന്നെ *ഉഷാറായി, നന്നായി* എന്നീ അർത്ഥത്തിൽ ഇന്ന് പൊതുസമൂഹവും ഉപയോഗിക്കുന്നവയാണ്. മാധ്യമങ്ങളും അവയ്ക്ക് ആക്കം കൂട്ടുക്കുന്നു.

**കത്തുക**

*തീപിടിക്കുക, ജ്വലിക്കുക, എരിയുക* എന്നീ അർത്ഥങ്ങളിൽ പ്രചരിച്ചിരുന്ന 'കത്തുക' എന്ന പദത്തിന് *മനസിലാക്കുക* എന്ന അർത്ഥംകൂടി കൈവരാൻ

കാരണം ക്യാമ്പസുകളിലെ പ്രയോഗമാണ്. 'തമാശകത്തുക' എന്ന ശൈലി ഇതിലൂടെ പ്രചാരത്തിലായതാണ്. 'ബൾബ് കത്തുക'യ്ക്ക് *മനസിലാവുക* എന്ന അർത്ഥം നിലവിലുണ്ട്. സ്വിച്ചിട്ടാൽ ഉടൻ തന്നെ ബൾബ് കത്തും. അതുപോലെ പറഞ്ഞ കാര്യത്തെ വേഗത്തിൽ മനസിലാക്കിയാൽ 'ബൾബ് കത്തി' എന്ന് പറയും. വേഗത്തിൽ മനസിലാക്കാത്തയാളെ 'ട്യൂബ്ലൈറ്റ്' എന്നും പറയാറുണ്ട്. ഇതും ലാക്ഷണികമായി കടന്നുവന്നിട്ടുള്ളതാണെങ്കിലും ഇന്ന് പൊതുവിൽ പ്രചാരത്തിലായ ശൈലികളാണ്.

**കലക്കുക**

*വെള്ളത്തിലിട്ട് കലക്കുക, അലസിപ്പിക്കുക* എന്നീ അർത്ഥങ്ങൾ ഈ പദത്തിനുണ്ട്. 'നാരങ്ങവെള്ളം കലക്കുക' എന്നിടത്ത് *അലിയിപ്പിക്കലും* ഗർഭംകലക്കുക എന്നിടത്ത് *അലസിപ്പിക്കലുമാണ്* അർത്ഥം. എന്നാൽ കലക്കുക എന്നതിന് *നന്നായിട്ടുണ്ട്, ഉഷാറായിട്ടുണ്ട്* എന്നീ അർത്ഥങ്ങളിലും പ്രയോഗങ്ങൾ ഭാഷയിൽ നടപ്പിലുണ്ട്. 'കലക്കിയിട്ടുണ്ടല്ലോ' എന്ന് പറയുമ്പോൾ *ഉഷാറായി* എന്നാണ് സമകാലികവ്യവഹാരങ്ങളിലെ അർത്ഥം. ഈയർത്ഥം സിനിമകളിലും പരസ്യങ്ങളിലും നവമാധ്യമങ്ങളിലുമെല്ലാം സ്വീകാര്യമായിത്തീർന്നിട്ടുമുണ്ട്. സ്റ്റേജുഷോകളിൽ സ്ഥിരപദമാണ് 'കലക്കുക' എന്നത്. അപകൃഷ്ടാർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിരുന്ന ഇത്തരം ധാരാളം ക്രിയാപദങ്ങൾക്ക് ഉൽക്കർഷം സംഭവിച്ചിട്ടുണ്ട്. അവയെ താഴെ ചേർക്കുന്നു.

**ചീറുക**

*കലഹിക്കുക, കോപിക്കുക, മുറുമുറുക്കുക, ഊതുക* എന്നിവയാണ് ഈ പദത്തിന് ശബ്ദതാരാവലിയിൽ നൽകിയ അർത്ഥം (2015: 808). 'പരിപാടി ചീറിയിട്ടുണ്ട്' എന്നതിന് *മികച്ചതായിട്ടുണ്ട്* എന്നാണ് അർത്ഥം. 'നിന്റെ വണ്ടി ചീറിയിട്ടുണ്ടല്ലോ' എന്ന് പുതുതലമുറ പ്രയോഗിക്കാറുണ്ട്. 'പാമ്പ് ചീറുക' എന്നായിരുന്നു

മുൻപ് ഈ പദത്തിന് പ്രയോഗമെങ്കിൽ ഇന്ന് ഉൽക്കർഷാർത്ഥത്തിൽ പദത്തിന് മാറ്റംവന്നു.

**ചൂണ്ടുക**

*നിർദ്ദേശിക്കുക, ചൂണ്ടിക്കാണിക്കുക, തെറ്റുവില്ലിൽ കല്ലുവെച്ച് തെറ്റുക, വിളക്കിലെ തിരിനീട്ടുക, അന്യരെ അൽപ്പാൽപ്പമായി വേദനിപ്പിക്കുക, തട്ടിയെടുക്കുക, അപഹരിക്കുക* എന്നിവയാണ് ശബ്ദതാരാവലിയിലെ അർത്ഥം. (2015 : 817). മോഷ്ടിക്കുക എന്ന അർത്ഥത്തിൽ ഈ പദത്തിന് പ്രചാരം വന്നത് അടുത്തകാലത്താണ്.

**ചെത്തുക**

*മുറിക്കുക* എന്നാണീ പദത്തിന്റെ അർത്ഥം. *കള്ളെടുക്കാനായി തെങ്ങിന്റെയും മറ്റും കൂമ്പു മുറിക്കുക, വെട്ടി സമനിരപ്പാക്കുക, കനം കുറയ്ക്കുക, കൊയ്യുക* എന്നിവയാണ് ശബ്ദതാരാവലിയിലെ അർത്ഥം (2015: 822). ചെത്തുകാരൻ എന്നു വിളിച്ചിരുന്നത് തെങ്ങുചെത്തി കള്ളെടുക്കന്നയാളെയാണ്. ചെത്തുപണി, ചെത്തുതൊഴിലാളി, ചെത്തുതെങ്ങ്, ചെത്തുപന എന്നിങ്ങനെ നിരവധി പദങ്ങൾ ഇതുമായി ബന്ധപ്പെട്ട അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു. എന്നാൽ ഈ പദത്തിന്റെ സന്ദർഭം മാറ്റിപ്രയോഗിച്ച് *മധുരഭാഷണം നടത്തുക, ഷൈൻചെയ്യുക* എന്നീയർത്ഥങ്ങൾ നിർമ്മിച്ചെടുത്തത് ക്യാമ്പസാണ്.

**വളയ്ക്കുക**

*ചൊവ്വില്ലാതാക്കുക, കുനിയ്ക്കുക, അകപ്പെടുത്തുക, മോഷ്ടിക്കുക, ചുറ്റിക്കുക, തടുക്കുക, ചുറ്റുംമറയ്ക്കുക, വളച്ചുകെട്ടിപ്പറയുക, വളച്ചുവിടുക,* എന്നിവയാണ് ഈ പദത്തിന്റെ ശബ്ദതാരാവലിയെ അർത്ഥം. കമ്പിവളയ്ക്കുക എന്നതുകൊണ്ട് നമ്മുടെ ഇഷ്ടാനുസരണം മെരുക്കിയെടുക്കുക എന്നാണ് ഉദ്ദേശിക്കുന്നത്. ഇഷ്ടത്തിനനുസരിച്ച് മാറ്റിയെടുക്കൽ, അകപ്പെടുത്തൽ എന്നതിൽനിന്നാണ് വള

യ്ക്കുക എന്നതിന് പ്രണയവുമായി ബന്ധപ്പെട്ട അർത്ഥം കൈവന്നത്. 'അവൻ അവളെ വളച്ചു' എന്നിടത്ത് *അവൾ അകപ്പെട്ടു* എന്നാണ് അർത്ഥമാക്കുന്നത്.

**തള്ളുക**

*ഉന്തുക, തിക്കുക, ഉപേക്ഷിക്കുക, മാറ്റിവെക്കുക, നീക്കുക, അംഗീകരിക്കാതിരിക്കുക* എന്നീ അർത്ഥങ്ങളിലെല്ലാം തള്ളുക എന്ന പദം പ്രയോഗിക്കപ്പെടുന്നുണ്ട്. ഈ ക്രിയക്ക് പുതിയൊരർത്ഥം കൂടി കൈവന്നിട്ടുണ്ട്. *ഉള്ള കാര്യത്തെ പെരുപ്പിച്ച് പറയുക, പൊങ്ങച്ചം കാണിക്കുക, നുണപറയുക* എന്നീ അർത്ഥങ്ങളെക്കൂടി ഈ പദം ധ്വനിപ്പിക്കുന്നു. ആളുകൾക്കിടയിലിരുന്ന് പൊങ്ങച്ചം പറയുന്ന വ്യക്തിയോട് നീ നല്ല തള്ളലാണല്ലോ, തള്ളാണല്ലോ എന്നൊക്കെ കളിയാക്കി ചോദിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇത് വാക്കുകൾകൊണ്ടുള്ള തള്ളലാണ്.

കളിയാക്കുക എന്ന അർത്ഥത്തിലും ധാരാളം ക്രിയാപദങ്ങൾ ഇന്ന് ഭാഷയിലുണ്ട്. ക്യാമ്പസുകളിൽ *കളിയാക്കുക* എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നവയാണ് ആക്കുക, താങ്ങുക, വെക്കുക, ഊതുക, ഊഞ്ഞാലാട്ടുക, വാരുക, പുഴുങ്ങുക എന്നിവ. ഇവയുടെ നിഘണ്ടുവിലെ അർത്ഥങ്ങൾ താഴെ കൊടുക്കുന്നു.

**ആക്കുക** - *ആകുക എന്നതിന്റെ പ്രയോജകരൂപം, നിയമിക്കുക, ഏർപ്പെടുത്തുക, കൊണ്ടുചെന്നുവിടുക, ഏൽപ്പിക്കുക, വയ്ക്കുക* (2015: 250).

**താങ്ങുക** - *സഹായിക്കുക, വഹിക്കുക, സഹിക്കുക, പിൻതാങ്ങുക, ഊന്നു കൊടുക്കുക, സൂക്ഷിക്കുക, രക്ഷിക്കുക* (2015: 922).

**വെക്കുക** - *എന്തെങ്കിലും വസ്തു എവിടെയെങ്കിലും സ്ഥാപിക്കുക, നടുക, സമർപ്പിക്കുക, നിക്ഷേപിക്കുക, പണയം കൊടുക്കുക, സൂക്ഷിക്കുക, വിചാരിക്കുക, എടുക്കുക, ആക്കുക, സംഭോഗം ചെയ്യുക.* (2015 : 1610)

**ഊതുക** - *കുഴൽവിളിക്കുക, പ്രവർത്തിപ്പിച്ച് കാറ്റുണ്ടാക്കുക, കാറ്റടിക്കുക, തീ ജ്വലിക്കുക, സ്ഫുടം വെയ്ക്കുക, വീങ്ങുക, വദന സുരതം ചെയ്യുക* (2015 : 395)

**വാരുക** - *ശേഖരിക്കുക, കീറുക, മുറിക്കുക, മൂർച്ചയുള്ള സാധനംകൊണ്ട് വരയിടുക, കുത്തിവലിക്കുക, ചീകുക* (2015: 1552).

**പുഴുങ്ങുക** - *വെള്ളത്തിലിട്ട് വേവിക്കുക, ആവിയിൽ വേവിക്കുക,* (2015 : 1248)

*കളിയാക്കുക* എന്ന അർത്ഥം ഈ പദങ്ങൾക്കൊന്നുംതന്നെ നിഘണ്ടുവിൽ നൽകിക്കാണുന്നില്ല. എന്നാൽ 'അവനെയൊന്ന് ആക്കിയതാ', 'അവനിട്ടൊന്ന് താങ്ങി', 'എന്നെ വാരിയതാണല്ലോ', എന്നീ പ്രയോഗങ്ങൾ വാമൊഴിയിൽ *കളിയാക്കുക* എന്ന അർത്ഥത്തിലുള്ളവയാണ്.

പൊതുസമൂഹത്തിലും ശീലങ്ങളുമായി ബന്ധപ്പെട്ടും ചില ക്രിയാപദങ്ങൾക്ക് പുതിയ അർത്ഥങ്ങൾ കൂടി കൈവന്നിട്ടുണ്ട്

**കുടി**

വെള്ളമോ വെള്ളത്തിന്റെ രൂപത്തിലുള്ള വസ്തുക്കളോ വായിലൊഴിച്ച് ഇറക്കുന്നതാണ് കുടിക്കുക എന്ന പ്രക്രിയ. വെള്ളം കുടിക്കുന്നതിനെ പരാമർശിക്കാനാണ് ആദ്യം കുടി, കുടിക്കുക എന്നീ പദങ്ങൾ ഉണ്ടായതെങ്കിലും ഇന്ന് കുടി മദ്യപാനത്തെ സൂചിപ്പിക്കാനായിട്ടാണ് കൂടുതലായും ഉപയോഗിക്കുന്നത്. 'നീ കുടിച്ചിട്ടുണ്ടോ', 'അവൻ കുടിയനാണ്', എന്നീ വാക്യങ്ങളിൽ 'കുടി' മദ്യാപാനത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. മറ്റുള്ളവയാണെങ്കിൽ അവയെക്കൂടി ചോദ്യത്തിൽ ഉൾപ്പെടുത്തേണ്ടിവരുന്നു. 'നീ ചായകുടിച്ചോ'? 'വെള്ളം കുടിക്കണം'' എന്നിവ ഉദാഹരണം. കുടിയുടെ അതേ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന മറ്റു ക്രിയാപദങ്ങളാണ്

വീശുക, മോന്തുക, പൂശുക, അടിക്കുക, അകത്താക്കുക എന്നിവ. മദ്യപാനത്തിനു പകരമായി ഈ പദങ്ങളെല്ലാം പ്രയോഗത്തിലുണ്ട്. *തേയ്ക്കുക, കുമ്മായമടിക്കുക, ചായമടിക്കുക, അണിയുക* എന്നിവയാണ് പൂശുകയുടെ നിഘണ്ടുവിലെ അർത്ഥം (2015: 1257). *മദ്യാപനം* എന്ന അർത്ഥം ഈ പദത്തിന് പിന്നീട് വന്നതാണ്. പാത്രം മുഖത്ത് ചേർത്ത് വലിച്ചുകുടിക്കുന്നതാണ് മോന്തൽ. കള്ള്മോന്തി കുടിക്കാറുണ്ടായിരുന്നു. മോന്തുക മാത്രമായി പ്രയോഗിച്ചാലും ഭാഷയിൽ മദ്യപാനം എന്ന സൂചനമാത്രം ലഭിക്കുന്നു. 'വാളുവെക്കുക' എന്ന ശൈലികൂടി വന്നത് മദ്യപാനവുമായി ബന്ധപ്പെട്ടാണ്. മദ്യം കഴിച്ചയാൾ ചർദ്ദിക്കുന്നതാണ് 'വാള്വെക്കൽ', 'ഫിറ്റ്' എന്ന ഇംഗ്ലീഷുപദവും മദ്യപാനവുമായി ബന്ധപ്പെടുത്തി പ്രയോഗിക്കാറുണ്ട്. *ഫിറ്റിന് തക്കതായ, യോജിച്ച* എന്നീ അർത്ഥങ്ങളാണ് ഇംഗ്ലീഷിലുള്ളത്. പെട്ടെന്ന് തളർന്നുപോകുന്ന അസുഖത്തെയും 'ഫിറ്റ്സ്' എന്നു പറയാറുണ്ട് (രാമലിംഗ പിള്ള, 2002:1675 Vol. II). ഫിറ്റ്നസ് എന്നതിന്റെ ചുരുക്കമായ ഫിറ്റ് എന്ന പദത്തിനർത്ഥം *ആരോഗ്യം* എന്നാണെങ്കിൽ കള്ള്കുടിച്ച് അവശനായ ആളെകുറിക്കാനാണ് 'ഫിറ്റ്' എന്ന് ഉപയോഗിക്കുന്നത്. വെള്ളം, താമര, പാമ്പ് മുതലായവ തമാശരൂപേണ മദ്യപാനികളെ സൂചിപ്പിക്കാനായി ഉപയോഗിക്കാറുള്ളവയാണ്.

മദ്യപാനവുമായി ബന്ധപ്പെട്ട് മലയാളത്തിൽ പ്രയോഗിക്കപ്പെടുന്ന ഇംഗ്ലീഷ് പദങ്ങളാണ് peg, quarter, half, full എന്നിവ. *ആപ്പ്, മരയാണി* എന്നീ അർത്ഥങ്ങളാണ് പെഗ്ഗിനുള്ളത്. മദ്യം കുടിക്കുന്ന അളവായി പിന്നീടാണ് അർത്ഥം ലഭിക്കുന്നത്. ഭാഷയിൽ ഈ പദത്തിന് *മരയാണി* എന്ന അർത്ഥമേ ഇല്ല. ഇവയ്ക്കെല്ലാം മദ്യപാനധ്വനികൂടി ഭാഷയിൽ ലഭിച്ചിട്ടുണ്ട്. മദ്യത്തിന്റെ വകഭേദങ്ങളെ സൂചിപ്പിക്കാനായി മദ്യപർ പറയുന്ന ഓമനപ്പേരുകളും പുതിയ അർത്ഥധ്വനി ഉണ്ടാക്കുന്നവയാണ്. 'എട്ടടിവീരൻ', 'നാണംകുണുങ്ങി', 'പോക്കറ്റുനക്കി', 'നിലംപതി', 'മണവാട്ടി', 'സ്പീഡ്', 'പടയപ്പ', 'ആനമയക്കി', 'കൊട്ടുവടി', 'ചുറ്റിപ്പിടി' തുടങ്ങിയവ ഉദാഹരണം. ഇവ ഒരു പ്രത്യേകഗ്രൂപ്പിനിടയിൽ മാത്രം പ്രത്യേക അർത്ഥത്തിൽ

സംവേദനം സാധ്യമാക്കുന്ന പദങ്ങളാണ്. മദ്യത്തിന്റെ വകഭേദങ്ങൾക്ക് ഇത്തരം പേരുകൾ വന്നത് ആലങ്കാരികമായിട്ടാണെങ്കിലും അവ പുതിയ അർത്ഥത്തെക്കൂടി ധ്വനിപ്പിക്കുന്നുണ്ട്.

**വലി**

വലിയെന്ന പദത്തിന് *പുകവലി* എന്ന അർത്ഥംകൂടി കൈവന്നിട്ടുണ്ട്. *തടിയും മറ്റും വക്കയിട്ട് പിടിച്ച് കൊണ്ടുപോവുക, പൊന്നും മറ്റും യന്ത്രത്തിലിട്ട് പിടിച്ച് കമ്പിയാക്കുക, പറിക്കുക, ഉൾക്കൊള്ളുക, ആകർഷിക്കുക, ഇഴുക്കുക, പ്രക്ഷേപിക്കുക* എന്നീ അർത്ഥങ്ങൾ വലിയ്ക്കുകയ്ക്ക് ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ട് (2015: 1531). *ഉൾക്കൊള്ളുക* എന്ന അർത്ഥമാണ് പുകവലിയിൽ സ്വീകാര്യമായതെങ്കിലും 'വലി' എന്നുമാത്രം പറയുമ്പോൾ *പുകവലി* എന്ന അർത്ഥമാണ് വിവക്ഷിക്കുന്നത്. *മോഷ്ടിക്കുക, കള്ളക്കണക്കുണ്ടാക്കുക* എന്നീ അർത്ഥത്തിലും വലിക്കുക എന്ന് പറയാറുണ്ട്.

. മിക്ക ക്രിയകളും ലൈംഗികതയുമായി ബന്ധപ്പെട്ടുകൂടി പ്രയോഗിക്കപ്പെടുന്നവയാണ്. ലൈംഗികക്രിയകളെ സൂചിപ്പിക്കാനായി പ്രത്യേകക്രിയാപദങ്ങൾ ഇല്ല എന്നതും ഭാഷയുടെ പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ സന്ദർഭാനുസരണം ഏത് ക്രിയയെയും അശ്ലീലമായി ഉപയോഗിക്കാറുണ്ട്. അടിക്കുക എന്ന ക്രിയയെ പലപ്പോഴും ലൈംഗികപ്രക്രിയയായി പ്രയോഗിക്കുന്നത് ഉദാഹരണം.

**അടിക്കുക** എന്ന പദത്തിന്റെ വ്യത്യസ്താർത്ഥങ്ങൾ ഇവയാണ്.

| | | |
|---|---|---|
| തല്ലുക | - | വടിയെടുത്തടിക്കുക |
| മുട്ടുക | - | മണിയടിക്കുക, ബെല്ലടിക്കുക (മണിയടിക്കുക എന്നതിന് കാര്യസാധ്യത്തിനുവേണ്ടി സന്തോഷിപ്പിക്കുക എന്ന അർത്ഥം കൂടിയുണ്ട്) |
| പൂശുക | - | വെള്ളയടിക്കുക |

| | | |
|---|---|---|
| അപഹരിക്കുക | - | കൊള്ളയടിക്കുക/അടിച്ചുമാറ്റുക |
| അച്ചടിക്കുക | - | നാണയമടിക്കുക |
| തൂക്കുക | - | മുറ്റമടിക്കുക |
| അലക്കുക | - | തിരുമ്മുക |
| കിന്നാരം പറയൽ | - | പഞ്ചാരയടിക്കുക |

*ചെയ്യുക* എന്ന അർത്ഥത്തിൽ അനുപ്രയോഗമായും 'അടിയ്ക്കുക' പ്രയോഗിക്കുന്നു. പോക്കടിക്കുക, മണിയടിക്കുക, ലൈനടിക്കുക, ഗോളടിക്കുക, കോപ്പിയടിക്കുക എന്നിവ ഉദാഹരണം. ഇവയ്ക്കുപുറമെ കുമ്മനടി, പിണുവടി, ദീപയടി എന്നിങ്ങനെ നാമങ്ങളോടുകൂടെയും അടിക്കുക ചേർക്കുന്നുണ്ട്. ഈ അർത്ഥങ്ങൾക്കെല്ലാം പുറമെയാണ് ലൈംഗികക്രിയയായി 'അടിക്കുക' എന്ന പദത്തെ പ്രയോഗിക്കുന്നത്. വെട്ടുക, തൊലിക്കുക, മുട്ടുക, മേയുക എന്നീ പദങ്ങളെയും സംഭോഗപ്രവൃത്തികളെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്നുണ്ട്. ദൈനംദിനവ്യവഹാരത്തിലെ മറ്റു പ്രവൃത്തികളെ സൂചിപ്പിക്കുന്ന ക്രിയാപദങ്ങളെ ലൈംഗികക്രിയകളുമായി ബന്ധിപ്പിച്ച് തെറിപ്പദങ്ങളാക്കി ഉപയോഗിക്കപ്പെടുന്നുണ്ട്. ക്രിയകൾക്ക് പുതിയ അർത്ഥം ലഭിക്കുന്നതിനുകൂടി ഇത്തരം പ്രയോഗങ്ങൾ വഴിയൊരുക്കുന്നു.

**3.2.8.2. വിശേഷണപദങ്ങൾ**

കാമുകിയെ 'കരളേ' എന്ന് വിളിക്കുന്നതുപോലെ പ്രയോഗത്തിലുള്ള മറ്റൊരുപദമാണ് 'ചങ്ക്'. ഹൃദയം എന്ന അർത്ഥത്തിന് പുറമേ *ഉറ്റസുഹൃത്ത്* എന്ന അർത്ഥത്തിലാണ് ക്യാമ്പസുകളിൽ ഈ പദത്തിന്റെ പ്രയോഗം. ക്യാമ്പസുകളിലൂടെ പ്രചരിച്ച മറ്റു പദങ്ങളാണ് കത്തി, പാര, തണ്ട്, കഞ്ഞി, ചളി, തറ തുടങ്ങിയവ. അറുക്കുന്നതിനും മുറിക്കുന്നതിനുമുള്ള മൂർച്ചകൂടിയ ആയുധമാണ് കത്തി. പൊങ്ങച്ചം പറയുന്നയാളെ കത്തിയെന്ന് പറയുന്നു. മറ്റുള്ളവരെ ശല്യപ്പെടുത്തുന്നതുകൊണ്ടാവാം ഇങ്ങനെ പ്രയോഗമുണ്ടായത്. ചിലയിടത്ത് കൊടുവാൾ എന്നും പ്രയോഗിക്കാറുണ്ട്. മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുക എന്നാണ് 'പാര' എന്നതു

കൊണ്ടും ഉദ്ദേശിക്കുന്നത്. യഥാർത്ഥത്തിൽ പാരയും കത്തിപോലെ ഒരു ഉപകരണ മാണ്. ഇരുമ്പുകൊണ്ടുണ്ടാക്കിയ അറ്റം കൂർത്ത ആയുധമാണത്. ഇരുമ്പുപാര, കട്ട പ്പാര, തേങ്ങാപ്പാര എന്നിവ ഉദാഹരണം. മറ്റൊരു ഉപകരണമാണ് ബ്ലെയ്ഡ്. മലയാ ളത്തിൽ ബ്ലെയ്ഡിന് *കൊള്ളപ്പലിശ* എന്ന അർത്ഥമുണ്ട്. ഈ പദം ക്യാമ്പസിലല്ല പ്രചാരത്തിലുള്ളതും. പലിശയുടെ ആധിക്യത്തെക്കുറിക്കാനാണ് ഈ പദം ഉപ യോഗിക്കുന്നത്. ഇതും ഉപദ്രവം എന്ന രീതിയിൽത്തന്നെ വന്ന അർത്ഥവികാസ മാണ്.

കഞ്ഞി എന്ന പദംകൊണ്ട് നാം വിവക്ഷിക്കുന്ന ആഹാരസാധനത്തിന്റെ പേര് ഇപ്പോഴും അത് തന്നെയാണ്. 'കഞ്ഞികുടിമുട്ടുക', 'ഉള്ള കഞ്ഞിയിൽ പാറ്റ വീഴുക' എന്നിവയെല്ലാം ഭക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് നിലനിൽക്കുന്ന ശൈലികളാണ്. എന്നാൽ 'ആളൊരു കഞ്ഞിയാണ്' എന്ന പ്രയോഗത്തിലെത്തിയ പ്പോൾ *ചുണകെട്ടവൻ, ഉശിരില്ലാത്തവൻ, ഒന്നിനും കൊള്ളാത്തവൻ* എന്നൊക്കെ യായി മാറി അർത്ഥം. കഞ്ഞിയെന്ന ഭക്ഷണത്തോടുള്ള അപകർഷതാബോധം മാത്രമല്ല ഈ പദത്തിന്റെ അർത്ഥമാറ്റത്തിന് കാരണമായിത്തീർന്നത്. ഉപ്പോ പുളിയോ എരിവോ ഒന്നും ഇല്ലാത്ത ഒരു ഭക്ഷണമാണ് കഞ്ഞി. ഒരു രുചിയും ഇല്ലാത്തത് എന്ന ലാക്ഷണികാർത്ഥത്തിൽനിന്നാവാം ഒരു അഭിപ്രായവും പറ യാത്തയാളെ കഞ്ഞി എന്നു വിളിക്കാൻ തുടങ്ങിയത്.

മലയാളത്തിലേക്ക് കടന്നുവന്ന അന്യഭാഷാപദങ്ങളിൽ കൂടുതലും സംസ്കൃതത്തിൽ നിന്നായിരുന്നെങ്കിൽ ഇപ്പോൾ ഇംഗ്ലീഷിനാണ് ആ സ്ഥാനം ലഭി ച്ചിട്ടുള്ളത്. നിത്യോപയോഗത്തിൽ നിരവധി ഇംഗ്ലീഷുപദങ്ങൾ നാം പ്രയോഗിക്കാ റുണ്ട്. ഇംഗ്ലീഷുപദങ്ങളുടെ സ്വാധീനം ക്യാമ്പസ്ഭാഷയിലാണ് കൂടുതലും ദൃശ്യമാ കുന്നത്. സാങ്കേതികവിദ്യയുടെ വളർച്ച ഇതിന് ആക്കംകൂട്ടി. അർത്ഥമാറ്റത്തോടെ ക്യാമ്പസുകളിൽ പ്രയോഗിക്കപ്പെടുന്ന ഇംഗ്ലീഷുപദങ്ങൾ നിരവധിയാണ്. ആപ്ലി ക്കേഷൻ എന്ന പദത്തിന് *അപേക്ഷ* എന്നാണർത്ഥമെങ്കിലും *പ്രണയാഭ്യർത്ഥന*

എന്ന അർത്ഥം വാമൊഴിയിൽ വന്നത് ക്യാമ്പസുകളിലൂടെയാണ്. 'മിസ്സ്' എന്ന പദം അവിവാഹിതയെ കുറിക്കുന്നതിനുപുറമെ അദ്ധ്യാപികയെക്കൂടി സൂചിപ്പിക്കുന്നു. ഇത്തരത്തിൽ പുതിയ അർത്ഥത്തിൽ പ്രയോഗിക്കുന്ന ധാരാളം ഇംഗ്ലീഷുപദങ്ങൾ ക്യാമ്പസിൽ പ്രചാരത്തിലുണ്ട്.

| | | |
|---|---|---|
| സെറ്റപ്പ് | - | *പ്രണയിനി* |
| കളർ | - | *വെളുത്ത പെൺകുട്ടി* |
| കണ്ട്രി | - | *സംസ്ക്കാരമില്ലാത്തവൻ* |
| ഫിഗർ | - | *സുന്ദരി* |
| ഡെയ്ഞ്ചർ | - | *വിവാഹിതരുടെ നെറ്റിയിലെ സിന്ദൂരം* |
| ഒബ്സർവേഷൻ | - | *വായ്നോട്ടം* |
| വെയ്റ്റ് | - | *ഗൗരവം* |
| ലൈൻ | - | *കാമുകൻ /കാമുകി* |
| വൈറസ് | - | *മറ്റുള്ളവരെ ശല്യപ്പെടുത്തുന്നയാൾ* |
| റിങ്ങ്ടോൺ | - | *കുട്ടിയുടെ കരച്ചിൽ* |

പുതുവ്യവഹാരങ്ങൾ ഭാഷയിൽ വരുത്തുന്ന പരിണാമങ്ങളും അതിലൂടെ അത് സമൂഹപരിണാമത്തിന് കൂടി പ്രേരകമാവുന്നതും സവിശേഷ ശ്രദ്ധയർഹിക്കുന്നുണ്ട്. സമൂഹവും മാധ്യമങ്ങളും പദങ്ങളുടെ പുതിയ അർത്ഥം സ്വീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നത് എങ്ങനെയാണെന്ന അന്വേഷണം, വ്യവഹാരങ്ങൾ സമൂഹസൃഷ്ടിക്ക് എങ്ങനെ പ്രേരകമാകുന്നു എന്ന അറിവിലേക്ക് നയിക്കുന്നു. ഒപ്പം ഭാഷയുടെ പുത്തൻവിനിമയസങ്കേതങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുന്നു.

### 3.2.9. മാധ്യമസ്വാധീനം

ക്യാമ്പസിൽ മാത്രമല്ല പൊതുസമൂഹത്തിനിടയിലും നവമാധ്യമങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. പുതുവ്യവഹാരങ്ങളും പുതുപദങ്ങളും ഭാഷയിൽ സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും മാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നു

ണ്ട്. പരസ്യങ്ങൾ, പത്രമാധ്യമങ്ങൾ, മൊബൈൽഫോൺ, ഇന്റർനെറ്റ്, വാട്സ്ആപ്പ്, ഫെയ്സ്ബുക്ക് എന്നിവയിലൂടെയെല്ലാം ഭാഷ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടേയിരിക്കുന്നു. വ്യാകരണനിയമങ്ങളെയും ഭാഷാനിബന്ധനകളെയും പരമ്പരാഗത ധാരണകളെയും അവ പൊളിച്ചെഴുതുന്നു. വാക്കുകളുടെ നിയതാർത്ഥം എന്നത് അപ്രസക്തമാവുകയും ഓരോ വ്യവഹാരത്തിനകത്തും വാക്കുകൾ അവയുടെ പുതിയ അർത്ഥം നേടിയെടുക്കുകയും ചെയ്യുന്നുണ്ട്. മാധ്യമസ്വാധീനത്തിന്റെ ഫലമായി അർത്ഥമാറ്റം വന്ന പദങ്ങളെയാണ് ഇനി വിശകലനം ചെയ്യുന്നത്.

### 3.2.9.1 പരസ്യം

സമകാലിക സാമൂഹിക വ്യവഹാരങ്ങളിൽ കമ്പോളവിനിമയത്തെ നിർണയിക്കുന്ന ഘടകമാണ് പരസ്യങ്ങൾ. കമ്പനിയോ വ്യക്തിയോ സംഘടനകളോ തങ്ങളുടെ ഉൽപ്പന്നത്തെ സംബന്ധിച്ച് നൽകുന്ന അറിയിപ്പാണ് പരസ്യങ്ങൾ. പദവ്യതിയാനം, അക്ഷരമെഴുത്തിലെ വ്യതിയാനം, ഭാഷാഭേദവ്യതിയാനം, സന്ദർഭവ്യതിയാനം, അർത്ഥവ്യതിയാനം എന്നിവയെല്ലാം പരസ്യങ്ങളെ ശ്രദ്ധേയമാക്കാറുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണനം ലക്ഷ്യംവെക്കുന്നതുകൊണ്ടുതന്നെ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി പരമ്പരാഗതമായി ഉപയോഗിക്കുന്ന വാക്കുകളുടെ പ്രയോഗസന്ദർഭം മാറ്റി ഉപയോഗിക്കുന്ന രീതി പരസ്യങ്ങളുടെ സ്വഭാവമാണ്. പരസ്യങ്ങൾ വ്യത്യസ്തമാകുന്നതോടൊപ്പം അവയിലുപയോഗിക്കുന്ന പദങ്ങൾക്കും അർത്ഥപരിണാമം സംഭവിക്കുന്നുണ്ട്.

**ഇടിവെട്ട്**

ഈസ്റ്റേൺ കറിപൗഡറിന്റെ പരസ്യത്തിൽ 'ഇടിവെട്ട്' എന്ന പദത്തെ അർത്ഥമാറ്റത്തോടെയാണ് പ്രയോഗിച്ചിരിക്കുന്നത്. ഇടിയും മിന്നലും ഉണ്ടാകുമ്പോൾ കേൾക്കുന്ന ശബ്ദമാണ് ഇടിവെട്ട്. അത് ഗംഭീരവുമാണ്. 'നല്ല നാടൻ ഇടിവെട്ട് മീൻകറി' എന്ന വാചകം ഉപഭോക്താക്കളുടെ മനംകവർന്നതോടെ *ഗംഭീരം* എന്ന അർത്ഥത്തിൽ ഈ പദത്തിന് പ്രചാരം സിദ്ധിച്ചിട്ടുണ്ട്. 'ഇടിവെട്ട് സാധനം',

'ഇടിവെട്ട് സിനിമ', 'ഇടിവെട്ട് പരിപാടി' എന്നീ പ്രയോഗങ്ങൾ സാർവ്വത്രികമാവുകയും ഇന്ന് എല്ലാവരുടെയും ഇടയിൽ ഈ പദം സാധാരണമായിത്തീരുകയും ചെയ്തിട്ടുണ്ട്.

**കിടു**

ടി.വി ചാനലുകളിലും റിയാലിറ്റിഷോകളിലും സാധാരണമായി ഉപയോഗിക്കുന്ന ഒരു പദമാണ് കിടു. കിടിലൻ എന്ന പദവും ഇതേയർത്ഥം തന്നെയാണ് സംവേദനം ചെയ്യുന്നുത്. അടിപൊളി പോയി പൊളി എന്ന് മാത്രമായതുപോലെ കിടിലൻ എന്നതിന്റെ ചുരുക്കമായാണ് ഈ പ്രയോഗവും ഉണ്ടായിട്ടുള്ളത്. 'ചപ്പാത്തിക്കൊപ്പം ജിഞ്ചർ പിക്കിളിന്റെ കിടുകിടാ ടച്ച്' എന്ന പ്രയോഗം അർത്ഥമാറ്റത്തിന് കാരണമായിട്ടുണ്ട്. 'കിടുകിടാ നടുങ്ങി', 'കിടുകിടാ വിറച്ചു' എന്നീ പ്രയോഗങ്ങൾ ഭാഷയിൽ മുൻപും ഉണ്ടായിരുന്നെങ്കിലും അവിടെ *ഭയം ജനിപ്പിക്കുക* എന്ന അർത്ഥമാണ് ഉണ്ടായിരുന്നത്. കിടു, കിടിലൻ, കിടുകിടാ എന്നിവ *ഉഷാർ, സൂപ്പർ* എന്നീ അർത്ഥങ്ങളെ വിനിമയം ചെയ്യുന്നു.

**കാതണി**

കാതിലണിയുന്ന ആഭരണങ്ങൾക്ക് കമ്മൽ, കാതില എന്നൊക്കെ പറഞ്ഞിരുന്നെങ്കിൽ അവയ്ക്ക് പകരം ഇന്നുപയോഗിക്കുന്ന മറ്റൊരു പദമാണ് കാതണി. ''കാതിലണിയൂ സുവർണ്ണ ഗീതങ്ങൾ, കാതണി ഉത്സവം' എന്ന വാചകത്തിൽ കമ്മലിനെക്കുറിക്കാനാണ് 'കാതണി' എന്ന് പ്രയോഗിച്ചത്. കാതുകുത്തിനെ 'കാതണി ഉത്സവം' എന്നും വിശേഷിപ്പിച്ചു. കമ്മൽ, കാതില എന്നിവയക്ക് പകരം കാതണി എന്നുകൂടി പ്രയോഗിക്കപ്പെടാൻ തുടങ്ങി. അർത്ഥമാറ്റത്തേക്കാൾ ഇത് പുതുപദനിർമ്മിതിയ്ക്കുദാഹരണമാണ്.

**കാജൽ**

കൺമഷി, കരിമഷി എന്നിവയ്ക്ക് പകരം പുതുതലമുറ 'കാജൽ' എന്നാണ് പ്രയോഗിക്കുന്നത്. കരി ഉപയോഗിച്ച് കണ്ണെഴുതിയിരുന്നപ്പോഴാണ് കരി

മഷി എന്ന് പറഞ്ഞിരുന്നത്. പിന്നീടാണ് കൺമഷി സാർവ്വത്രികമായത്. കൺമഷി യുടെ ബ്രാൻഡ് ആയ 'ശിങ്കാർ' പ്രസിദ്ധമായതോടെ കൺമഷിക്ക് പകരം ശിങ്കാർ എന്നുമാത്രം പ്രയോഗിക്കാൻ തുടങ്ങി. നീലത്തിനു പകരം ഉജാലയെന്നായതുപോ ലെ. ശിങ്കാറും കൺമഷിയുമെല്ലാം ഇന്ന് 'കാജൽ' എന്ന പദത്തിൽ ഉള്ളടങ്ങിയിരി ക്കുന്നു. കൺമഷിയ്ക്ക് ഹിന്ദിയിൽ പറയുന്ന പേരാണ് 'കാജൽ'. ഹിമാലയ കാജൽ, ഐടെക്സ് കാജൽ, ലാക്മി കാജൽ എന്നീ ബ്രാന്റുകൾ വന്നതോടെ കൺമഷിയെ കാജൽ എന്നുമാത്രം പറഞ്ഞുതുടങ്ങി. ഇവിടെ അർത്ഥമാറ്റം സംഭ വിച്ചിട്ടില്ലെങ്കിലും പദങ്ങളുടെ പ്രയോഗസന്ദർഭം മാറ്റിമറിച്ച് പുതുമയും മൗലിക തയും കൊണ്ടുവന്നിട്ടുണ്ട്. ഇത്തരം പുതുമയുടെ സ്വീകാര്യത പലയിടത്തും അർത്ഥപരിണാമത്തിനുകൂടി കാരണമായിത്തീരാറുണ്ട്.

### 3.2.9.2. സിനിമ

ഭാഷയിലും സംസ്ക്കാരത്തിലും ഇന്ന് സജീവമായി ഇടപെടുന്ന ഒരു മാധ്യ മമാണ് സിനിമ. സാങ്കേതികപുരോഗതിയുടെ സ്വാധീനം സിനിമയിലും പ്രകടമാ ണ്. ഓരോ സിനിമയും നമ്മുടെ ഭാഷയിലും സംസ്ക്കാരത്തിലും ഇടപെടുന്നത് കുറഞ്ഞകാലത്തേക്കാണെങ്കിലും അവയിലെ പല പ്രയോഗങ്ങളും ഭാഷയിൽ സജീവമാകുകയും ക്രമേണ ഇത് ക്ലീഷേയായി അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

അശ്ലീല സിനിമകളുമായി ബന്ധപ്പെട്ട് മലയാളത്തിൽ അധികാർത്ഥം ലഭിച്ച പദങ്ങളാണ് 'നീല'/'ബ്ലൂ', 'പീസ്', 'കമ്പി', 'തുണ്ട്' എന്നിവ. 'നീലച്ചിത്രം', (ബ്ലൂഫി ലിം), 'കമ്പിപ്പടം', 'ഉച്ചപ്പടം' എന്നിവയെല്ലാം അശ്ലീലസിനിമകളെ പരാമർശിക്കുന്ന വയാണ്. 'പീസ്' എന്ന ഇംഗ്ലീഷുപദത്തിന് *കഷ്ണം* എന്നാണ് അർത്ഥമെങ്കിൽ മല യാളത്തിൽ ആ അർത്ഥത്തിനു പുറമേ ലൈംഗികതയുമായി ബന്ധപ്പെട്ടും വ്യവഹ രിക്കപ്പെടുന്നുണ്ട്. സ്ത്രീകളെ അശ്ലീലച്ചുവയോടുകൂടി പരാമർശിക്കുന്നതിനും 'പീസ്' എന്ന് ഉപയോഗിക്കാറുണ്ട്. ലൈംഗികവീഡിയോകളെയും 'പീസ്' എന്ന് പറയാറുണ്ട്. 'കല്യാണരാമൻ' എന്ന സിനിമയിൽ 'പീസ്' എന്ന പദത്തെ തമാശരൂ

പേണ അവതരിപ്പിക്കുന്ന ഒരു രംഗമുണ്ട്. തേങ്ങ പൊട്ടിക്കുന്നതിനിടയിൽ കല്യാണവീട്ടിലെ ജോലിക്കാരി വലിയ ചരക്കുപാത്രത്തിലേക്ക് വീഴുമ്പോൾ എന്താണാ ശബ്ദം എന്ന മുത്തശ്ശന്റെ ചോദ്യത്തിന് തേങ്ങപൊട്ടിച്ചപ്പോൾ ഒരു 'പീസ്' വെള്ളത്തിൽ വീണതാണെന്ന് സലിംകുമാർ മറുപടി പറയുന്നു. അവിടെ *തേങ്ങയുടെ കഷ്ണം* എന്ന അർത്ഥത്തിനു പുറമെ അശ്ലീലാർത്ഥം കൂടി ചേരുമ്പോഴാണ് അത് തമാശയാകുന്നത്.

ജനപ്രിയ സിനിമകളിലെ ഡയലോഗുകൾ അർത്ഥമാറ്റത്തിന് കാരണമായി ത്തീർന്നിട്ടുണ്ട്. ഉദാഹരണത്തിന് കമ്മീഷണർ എന്ന സിനിമയിലെ സുരേഷ്ഗോപി യുടെ ഡയലോഗ് 'പുല്ല്' എന്ന പദത്തെ തെറിയാക്കിമാറ്റുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 'പോലീസ് ഞങ്ങൾക്കുപുല്ലാണ്' എന്ന മുദ്രാവാക്യം മുമ്പേ ഭാഷയിലുണ്ടായിരുന്നെങ്കിലും 'ഫ പുല്ലേ' എന്ന ഡയലോഗ് ഹിറ്റായതോടുകൂടി മറ്റുള്ളവരെ തെറിവിളിക്കാൻ 'പുല്ലേ' എന്ന് ഉപയോഗിക്കുന്നത് സജീവമായി.

സിനിമകളിലെ നിരന്തരോപയോഗിത്തലൂടെ അർത്ഥമാറ്റം സംഭവിച്ച പദങ്ങളാണ് ശശി, സോമൻ എന്നിവ. അബദ്ധം പറ്റുമ്പോൾ ശശിയായി അല്ലെങ്കിൽ സോമനായി എന്ന് പുതുതലമുറ പറയാറുണ്ട്. 'ചതിക്കാത്ത ചന്തു', 'അമർ അക്ബർ ആന്റണി', 'കട്ടപ്പനയിലെ ഋത്വിക് റോഷൻ' തുടങ്ങിയ ചിത്രങ്ങളിൽ ശശിയെന്ന പദത്തെ അർത്ഥമാറ്റത്തോടെ നിരവധിതവണ പ്രയോഗിച്ചിട്ടുണ്ട്. ഈ പദം പല പുതിയ സിനിമകളിലും ഇന്ന് പ്രയോഗിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നത് പുതിയ അർത്ഥത്തിലാണ്. കൊച്ചുകുട്ടികൾപോലും അബദ്ധം പറ്റിയാൽ 'ശശിയായി' എന്നാണ് പുതിയ പ്രയോഗം. പലപ്പോഴും അബദ്ധം ചെയ്യുന്ന കഥാപാത്രങ്ങൾക്കോ ഹാസ്യകഥാപാത്രങ്ങൾക്കോ ശശിയെന്ന പേര് നൽകിക്കാണാറുണ്ട്. നന്ദനം എന്ന സിനിമയിൽ ജഗതിയുടെ കഥാപാത്രത്തിന്റെ പേരും ശശിയാണ്. ഇത്തരം കഥാപാത്രങ്ങളാവാം ഈ പേരിന്റെ അർത്ഥമാറ്റത്തിൽ സ്വാധീനം ചെലുത്തിയത്.

സന്തോഷ്പണ്ഡിറ്റിന്റെ സിനിമകളുടെ വരവോടുകൂടിയാണ് 'പണികിട്ടുക', 'പണിപാളുക' എന്നീ ശൈലികൾ നമുക്കിടയിൽ സ്ഥായിയാത്തീർന്നത്. പാളുക എന്നതിന് *തെന്നുക* എന്നാണർത്ഥം. 'കത്തി കയ്യിൽനിന്ന് പാളിപ്പോയി' എന്ന് വാമൊഴിയിൽ പ്രയോഗവുമുണ്ട്. അവിടെ അർത്ഥമാറ്റം കാണുന്നില്ലെങ്കിലും 'പണി കിട്ടുക' എന്നിടത്ത് അർത്ഥാദേശം സംഭവിച്ചതായി കാണാം. പണി എന്നതിന് *ജോലി* എന്നും കിട്ടുക എന്നതിന് *ലഭിക്കുക* എന്നുമാണ് അർത്ഥം. 'പണികിട്ടുക' ജോലികിട്ടുകയുമാണ്. സാധാരണക്കാർ ജോലികിട്ടുക എന്നതിന് പകരം പണികി ട്ടുക എന്ന് പറയാറുമുണ്ട്. എന്നാൽ *ബുദ്ധിമുട്ടുക* എന്നാണ് പണികിട്ടുക എന്ന തിന്റെ പുതിയ അർത്ഥം. 'എട്ടിന്റെ പണി' എന്ന പ്രയോഗവും സുപരിചിതമാണ്.

സിനിമകളിലൂടെ അർത്ഥാദേശം സംഭവിച്ച മറ്റൊരു പദമാണ് തേയ്ക്കുക. തേയ്ക്കുക, തേപ്പ് എന്നിവ *പ്രണയിച്ച് പറ്റിക്കുക* എന്ന അർത്ഥത്തിലാണ് സംവേ ദനം ചെയ്യപ്പെടുന്നത്. *പൂശുക, പുരട്ടുക, ഉരച്ച് വെടിപ്പാക്കുക, മിനുസമാക്കുക* എന്നിവയാണ് നിഘണ്ടുവിൽ ഈ പദത്തിനുള്ള അർത്ഥം (2015: 966). 'പ്രേമം', 'മഹേഷിന്റെ പ്രതികാരം', 'കട്ടപ്പനയിലെ ഋത്വിക്റോഷൻ' തുടങ്ങിയ പുതിയ സിനിമകളിൽ തേയ്ക്കുക എന്നത് *പ്രണയവഞ്ചന*യാണ്. 'നൈസായിട്ടങ്ങ് തേച്ചു' എന്ന പ്രയോഗം ഇന്ന് പുതുതലമുറയുടെയിടയിൽ സാർവ്വത്രികമാവാൻ കാരണമാ യത് സിനിമയും നവമാധ്യമങ്ങളുമാണ്.

സിനിമയിലെ പ്രയോഗങ്ങളിലൂടെ വന്ന മറ്റൊരു പദമാണ് 'മരണമാസ്'. 'കൊലമാസ്' എന്നും പറയാറുണ്ട്. 'അവൻ സംഭവമാണ്' എന്നതിനുപകരം 'അവൻ പുലി'യാണ് എന്ന് പ്രയോഗിക്കാറുണ്ടായിരുന്നു. ഇപ്പോൾ അതിനു പകരം 'മരണമാസ്' എന്നാണ് പ്രയോഗം.

പുതുസിനിമകൾ മാത്രമല്ല, പഴയസിനിമകളിലെ പ്രയോഗങ്ങളും അർത്ഥമാ റ്റത്തിന് കാരണമായിട്ടുണ്ട്. പരപുരുഷബന്ധമുള്ള സ്ത്രീകളെ 'ഡ്രൈവിങ്ങ് സ്കൂൾ' എന്ന് വിളിക്കുന്നതും 'ഐ ലവയു' എന്നതിന് പകരം 'ശുക്-രി-യാ'

എന്നും 'വൺ-ഫോർ-ത്രി' എന്നും പരാമർശിച്ചതും സിനിമകളിൽക്കൂടിയാണ്. ഇവ കുറച്ചുകാലത്തേക്ക് മാത്രമേ ജനഹൃദയങ്ങളിൽ നിലനിൽക്കാറുള്ളൂ. അതേ ആശയത്തിൽ പുതിയപദങ്ങൾ വരുമ്പോൾ പുതിയതിനെ സ്വീകരിക്കുകയും പഴയ തിനെ ഒഴിവാക്കുകയും ചെയ്യുന്നു.

### 3.2.9.3. നവമാധ്യമങ്ങൾ

മാധ്യമകേന്ദ്രിതമായ സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. മനുഷ്യന്റെ ചിന്തയും പ്രവൃത്തിയും സ്വപ്നവും മൂല്യബോധവുമെല്ലാം ചിട്ടപ്പെടുത്തുന്നതിൽ വലിയൊരു സ്ഥാനം മാധ്യമങ്ങൾക്കുണ്ട്. ബ്ലോഗിലൂടെയും ട്വിറ്ററിലൂടെയും, ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിലൂടെയും പ്രചരിക്കുന്ന മെസേജുകളാണ് ഇന്ന് പുതിയ ഭാഷയുടെ അടിസ്ഥാനഗ്രന്ഥങ്ങൾ എന്ന് പറയാം. ഇത്തരം പുതിയ പദങ്ങൾ നമ്മുടെ സംസാരഭാഷയിലേക്ക് വളരെ പെട്ടെന്നാണ് നുഴഞ്ഞുകയറുന്നത്.

സമൂഹമാധ്യമങ്ങളുടെ വരവോടെയാണ് മൊബൈൽഫോണിന്റെയും ഇന്റർനെറ്റിന്റെയും സഹായത്തോടെ ഒരു വ്യക്തിയുടെ ആശയം ലോകത്തിനുമുന്നിൽ അവതരിപ്പിക്കാനുള്ള സാധ്യത കൂടുതലായത്. ഇഷ്ടമുള്ള ഭാഷയിലും ശൈലിയിലും ആശയങ്ങൾ കൈമാറുന്നതിന് ഒരു വിലക്കുമില്ല. സൗഹൃദങ്ങളും കുടുംബബന്ധങ്ങളുമെല്ലാം മൊബൈലിലൂടെ മാത്രമായിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് പുതിയ ധാരാളം പദങ്ങൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുകയും പല പദങ്ങൾക്കും അർത്ഥമാറ്റം സിദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

രാഷ്ട്രീയവിഷയങ്ങൾ ഏറ്റവുമാദ്യം ചർച്ചാവിഷയമാകുന്നത് നവമാധ്യമങ്ങളിലാണ്. അർത്ഥപരിണാമത്തിന് സമാന്തരമായി ഭാഷയിൽ പദപരിണാമം കൂടി സംഭവിക്കുന്നുണ്ട്. പഴയ അർത്ഥത്തെ വൈവിധ്യത്തോടുകൂടി പുതുപദങ്ങളിലൂടെ അവതരിപ്പിക്കുന്നതും കാണാം. അങ്ങനെ പുതുപദങ്ങളും, അർത്ഥമാറ്റം

സംഭവിച്ച ക്രിയകളുമെല്ലാം സജീവമായി പ്രയോഗിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. അത്തരം പുതുപദങ്ങളാണ് കുമ്മനടി, പിണുവടി, ഉമ്മനടി എന്നിവ.

**കുമ്മനടി**

*പൊതുഗതാഗത സംവിധാനത്തിലോ സ്വകാര്യവാഹനത്തിലോ ടിക്കറ്റി ല്ലാതെ യാത്ര ചെയ്യുക, ക്ഷണിക്കാത്ത പരിപാടിയിൽ പങ്കെടുക്കുക, വലിഞ്ഞുകയ റിവരുക* എന്നീ അർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടുന്ന പദമാണ് കുമ്മനടി. പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ ആദ്യ മെട്രോയാത്രയിൽ ബി.ജെ.പി അധ്യക്ഷൻ കുമ്മനം രാജശേഖരൻ ക്ഷണിക്കാതെ വന്ന് യാത്രചെയ്ത സംഭവം മാധ്യമങ്ങൾ വാർത്തയാക്കിയിരുന്നു. ഈ സംഭവത്തിനുശേഷമാണ് ക്ഷണിക്കാതെ വരുന്ന യാളെ കുമ്മനടിക്കുക എന്ന് പറയാൻ തുടങ്ങിയത്. ഹോട്ടലുകളിലും മറ്റും 'കുമ്മ നടി പാടില്ല' എന്ന് എഴുതിവെച്ചിരിക്കുന്നത് ഈ അർത്ഥത്തിലാണ്.

**പിണുവടി**

അമാനുഷിക കാര്യങ്ങൾ ചെയ്യുമെന്ന് സ്വയം പൊക്കിപ്പറയുന്നതിനെ പരാ മർശിക്കാനാണ് 'പിണുവടി' എന്ന് പ്രയോഗിക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജ യന്റെ മംഗലാപുരത്തെ പ്രസംഗവുമായി ബന്ധപ്പെട്ടാണ് ഈ പദം സോഷ്യൽമീ ഡിയയിൽ സജീവമായത്.

കുമ്മനടി, പിണുവടി എന്നീ വാക്കുകളുടെ അതേ രീതിയിൽ നിർമ്മിച്ചെ ടുത്ത പദമാണ് ഉമ്മനടി. പൊങ്ങച്ചം പറയുന്നതിനെയാണ് 'ഉമ്മനടി' എന്നു പറയാ റുള്ളത്. ഇതേ രീതിയിൽ നിർമ്മിച്ചെടുത്ത ഏറ്റവും പുതിയ പദമാണ് 'ദീപയടി'. *മറ്റൊരാളുടെ സാഹിത്യസൃഷ്ടിയെ കോപ്പിയടിക്കുക* എന്ന അർത്ഥത്തിൽ നവമാ ധ്യമങ്ങളിലൂടെ ശ്രദ്ധേയമായ പദമാണിത്. ദീപാനിശാന്തിന്റെ കവിതക്കോപ്പിയടി യുമായി ബന്ധപ്പെട്ടാണ് ഈ പദം *കോപ്പിയടി* എന്ന അർത്ഥത്തിൽ പ്രയോഗിക്ക പ്പെടുന്നത്.

**പൊങ്കാലയിടുക**

പഴയവാക്ക് പുതിയ അർത്ഥം കൈവരിക്കുന്നതിനുദാഹരണമാണ് 'പൊങ്കാലയിടുക'. മതപരമായ മൂല്യത്തെയും ആചാരാനുഷ്ഠാനങ്ങളെയും വെളിപ്പെടുത്തുന്ന ഒരു പദമാണ് പൊങ്കാല. ഈയർത്ഥം ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും മറ്റൊരർത്ഥത്തിൽക്കൂടി ഈ പദം നവമാധ്യമങ്ങളിൽ കാണപ്പെടുന്നു. *കുറ്റാരോപണം* എന്ന അർത്ഥമാണ് പുതുതായി ഈ പദത്തിന് കൽപ്പിക്കപ്പെട്ടിട്ടുള്ളത്. 'ആ പ്രശ്നത്തിന് എന്റെ മേലിൽ പൊങ്കാലയിടാൻ വരേണ്ട' എന്നിടത്ത് *കുറ്റാരോപണം, അധിക്ഷേപിക്കൽ* എന്നീ അർത്ഥങ്ങളാണുള്ളത്. പൊങ്കാലയിടുക എന്നതിന് അർത്ഥമാറ്റത്തിന് വിധേയമാകുന്നതോടൊപ്പം ശൈലിയായിത്തീരുകയാണുണ്ടായത്. ഭാഷയിലെ വാച്യമായ അക്ഷരാർത്ഥത്തിനുപരിയായി ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥത്തെക്കൂടി വഹിക്കുന്ന പദങ്ങളാണ് ശൈലികൾ. ഭാഷയിലെ വ്യാകരണഘടനയെക്കൂടി ലംഘിക്കുന്ന തരത്തിലാണ് ശൈലികളുടെ സ്വഭാവം. 'പൊങ്കാല'യെന്ന സംഭവവുമായോ 'ഇടുക' എന്ന ക്രിയയുമായോ ബന്ധമില്ലാത്ത ഒരർത്ഥമാണ് 'പൊങ്കാലയിടുക' എന്ന ശൈലിയുടെ ധ്വനിക്കുന്നത്. ശൈലികളെ അർത്ഥപരിണാമത്തിന്റെ വകഭേദമായി പരിഗണിക്കാനാവില്ലെങ്കിലും പദത്തിന്റെ അർത്ഥമണ്ഡലത്തിൽ വികാസം വരുത്തുന്നതിൽ ശൈലികൾക്കും പങ്കുണ്ടെന്ന് പറയാം.

അർത്ഥപരിണാമത്തിന് കാരണമായിത്തീരുന്ന മറ്റൊരുഘടകമാണ് ചുരുക്കെഴുത്തുകൾ. ചുരുക്കെഴുത്തുപദങ്ങൾ ഭാഷയിൽ നിരവധിയുണ്ടാവാറുണ്ട്. മെസേജുകളാണ് ചുരുക്കെഴുത്തുകളെ കൂടുതൽ പ്രസക്തമാക്കിയത്. അത്തരം ചുരുക്കെഴുത്തുകളിൽ ചിലതാണ് കമ്മി, സംഘി, കോങ്കി, സുഡാപ്പി എന്നിവ. കമ്മ്യൂണിസ്റ്റുകാരൻ 'കമ്മി'യും സംഘപരിവാറുകാരൻ 'സംഘി'യും കോൺഗ്രസുകാരൻ 'കോങ്കി'യും എസ്.ഡി.പി.ഐക്കാരൻ 'സുഡാപ്പി'യുമാണ്. ലീഗുകാരെ പരാമർശിക്കാൻ 'മൂരി'യെന്നും പ്രയോഗിക്കാറുണ്ട്. *കുറവ്* എന്ന അർത്ഥത്തിൽ

കമ്മിയെന്ന് ഭാഷയിൽ ആദ്യമേ പ്രയോഗമുണ്ടായിരുന്നു. ഇന്ന് കമ്മ്യൂണിസ്റ്റുകാരൻ എന്നതിലേക്ക് മാറിയിട്ടുണ്ട് 'കമ്മി'യെന്ന പദം. ഇവ രണ്ടും വ്യത്യസ്തപദങ്ങളാണെങ്കിലും *കുറവ്* എന്ന അർത്ഥത്തിലുള്ള 'കമ്മി'യെന്ന പദം പ്രചാരലുപ്തമായിക്കൊണ്ടിരിക്കുന്നത് കാണാം. ചുരുക്കെഴുത്തുകൾ അർത്ഥപരിണാമത്തിന് പ്രധാനകാരണമാകാറില്ലെങ്കിലും ഭാഷയുടെ മാറ്റത്തിന്റെ ഒരു ഭാഗമാണിവയും.

സമൂഹമില്ലാതെ ഭാഷയില്ല എന്നതുകൊണ്ടുതന്നെ ഓരോ സമൂഹത്തിന്റെയും സംസ്കാരത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചും ആവശ്യങ്ങൾക്കനുസരിച്ചുമാണ് പുതിയ പദങ്ങൾ രൂപം കൊള്ളുന്നത്. പുതിയ പദങ്ങൾ പലപ്പോഴും ഉണ്ടാകുന്നില്ല. ഉള്ള പദങ്ങളുടെ അർത്ഥത്തെ നേരിയ വ്യത്യാസത്തോടെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അത്തരം പദങ്ങളുടെ ഉപയോഗം സമൂഹത്തിൽ കൂടുതലാവുകയും പുതിയ അർത്ഥങ്ങൾ രൂഢിയായിത്തീരുകയും ചെയ്യുന്നു.

ഭാഷയിലും സംസ്ക്കാരത്തിലുമുള്ള വൈവിധ്യങ്ങൾ അറിയാൻ സാധിക്കുന്നത് വാമൊഴിയിലൂടെയാണ്. ഭാഷയുടെ ചൈതന്യത്തെ അതേപടി പ്രതിഫലിപ്പിക്കുന്നതും വാമൊഴിയാണ്. നാട്ടുഭാഷയോട്/വാമൊഴിയോട് പുച്ഛമുണ്ടായിരുന്ന കാലഘട്ടങ്ങളിൽ അവ ഔപചാരികരൂപങ്ങളിലേക്ക് കടന്നുവരാറുണ്ടായിരുന്നില്ല. നിരക്ഷരരുടെ നാവിൽനിന്ന് വീഴുന്ന വികലശബ്ദങ്ങളായാണ് വാമൊഴിയായി കണക്കാക്കിയിരുന്നത്. ചരിത്രത്തെയും സംസ്ക്കാരത്തെയും ലയിപ്പിച്ചുകൊണ്ടാണ് ഓരോ വ്യവഹാരവും നിലനിൽക്കുന്നതെന്ന് പദങ്ങളുടെ ചരിത്രപശ്ചാത്തലമന്വേഷിക്കുമ്പോൾ മനസിലാക്കാവുന്നതാണ്. ഇന്ന് വാമൊഴി പദങ്ങൾ പൊതുമാധ്യമങ്ങളിലൂടെയെല്ലാം പ്രചരിക്കപ്പെടുന്നുണ്ട്. അങ്ങനെ അവ പൊതുസമൂഹത്തിന്റെ സ്വത്തായിത്തീരുകയും അവയുടെ പ്രയോഗങ്ങൾ അർത്ഥമാറ്റത്തിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. വാമൊഴിയിൽ മാത്രം പ്രചാരത്തിലുള്ള പദങ്ങളെ വരമൊഴിയിൽകൂടി സ്വീകരിക്കുകയും പല വാക്കുകളുടെയും വാമൊഴിവരമൊഴി

ഭേദം തന്നെ ഇല്ലാതാവുകയും ചെയ്യുന്നത് കാണാം. അർത്ഥമാറ്റത്തിന് വിധേയ മായ ഇത്തരം പദങ്ങളെ പത്രമാധ്യമങ്ങളിലും പരസ്യങ്ങളിലും സാഹിത്യകൃതിക ളിലുമെല്ലാം പുതിയ അർത്ഥത്തോടെ സ്വീകരിക്കപ്പെട്ടിട്ടുമുണ്ട്.

ഭാഷാവിജ്ഞാനത്തിൽ രാജാക്കൻമാരായ പണ്ഡിതൻമാരുടെയും വൈയാ കരണന്മാരുടെയും ആജ്ഞകളാണ് പാമരൻമാരും പ്രജകളുമായ സാധാരണക്കാ രുടെ ശരിതെറ്റുകളെ തീരുമാനിച്ചിരുന്നത്. ഉച്ചാരണം, പദപ്രയോഗം, വാക്യഘടന മുതലായവ സാധുവാണോ എന്ന് തീർപ്പ് കൽപ്പിക്കാനുള്ള അധികാരം തമ്പുരാ ക്കാന്മാർക്കായിരുന്നു ഉണ്ടായിരുന്നത് എന്ന് 'തായമൊഴി' എന്ന കൃതിയിൽ എം. എൻ.കാരശ്ശേരി അഭിപ്രായപ്പെടുന്നുണ്ട് (2012: 110). കാലം മാറിയപ്പോൾ വ്യാകരണ ത്തെക്കുറിച്ചുള്ള സങ്കൽപം ദുർബലപ്പെട്ടുവെന്നും ഭാഷയുടെ മുന്നിൽ നടന്ന് ഇന്ന യിന്ന മട്ടിൽ പെരുമാറണമെന്ന വ്യാകരണത്തിന്റെ അധികാര വാഴ്ചയും ഇല്ലാ തായി എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. പാരമ്പര്യഭാഷാപഠനങ്ങൾ മാനകഭാ ഷയ്ക്കും വരമൊഴിയ്ക്കും ശ്രേഷ്ഠത്വം കൽപിക്കുകയും വാമൊഴിഭേദങ്ങളെ മാനകഭാഷയിൽ നിന്നുള്ള വ്യതിയാനമായും അപഭ്രംശമായും വ്യാകരണകാരന്മാർ പരിഗണിക്കുകയും ചെയ്തതിന്റെ ഫലമായി വാമൊഴിപ്രയോഗങ്ങൾ അപകൃഷ്ട മാണെന്ന ധാരണ പൊതുസമൂഹത്തിലുണ്ടായിരുന്നു. എന്നാൽ പുതിയ ഭാഷാപ്ര യോഗങ്ങൾ സാധാരണക്കാർ തന്നെ കൊണ്ടുവരുന്നുണ്ട്. ജനങ്ങളുടെ ഭാഷാ പ്രയോഗങ്ങളെയും അർത്ഥമാറ്റത്തോടെയുള്ള പ്രയോഗങ്ങളെയും പരക്കെ സ്വീക രിക്കപ്പെടാൻ നവമാധ്യമങ്ങൾ കൂടുതൽ സഹായകരമായിത്തീർന്നിട്ടുണ്ട്. സമൂഹം മാറുന്നതോടൊപ്പം ഭാഷയിലും പുതിയവഴി സ്വീകരിക്കപ്പെടുന്നു.

അർത്ഥമാറ്റം സംഭവിച്ച പദങ്ങളെയും അവയുടെ അർത്ഥമണ്ഡലത്തെയും നിഘണ്ടുക്കളിൽ രേഖപ്പെടുത്തിയതെങ്ങനെയെന്ന ചർച്ചയാണ് തുടർന്നുള്ള അദ്ധ്യായം.

## അദ്ധ്യായം 4

# അർത്ഥപരിണാമവും നിഘണ്ടുക്കളും

ഭാഷയെക്കുറിച്ചുള്ള പ്രാമാണികവിവരങ്ങൾ ഉള്ളടങ്ങിയതും സാധാരണക്കാർപോലും വാങ്ങിസൂക്ഷിക്കുന്നതുമായ റഫറൻസുകൃതിയാണ് നിഘണ്ടു. സ്പെല്ലിങ്, ഉച്ചാരണം, അർത്ഥം, ചരിത്രം, നിരുക്തി, ഘടന, സഹസ്ഥിതി, സന്ദർഭപരമായ സവിശേഷതകൾ, ചുരുക്കെഴുത്ത്, സാങ്കേതികചിഹ്നം, വിപരീതപദം, പര്യായപദങ്ങൾ എന്നിങ്ങനെ പ്രസക്തമായ വസ്തുതകളോടെ ഭാഷയിലെ എല്ലാ വാക്കുകളെയും അക്ഷരമാലാക്രമത്തിലടുക്കി പരമാവധി സംഗൃഹീതരൂപത്തിൽ നൽകുന്ന റഫറൻസ് പുസ്തകമാണ് നിഘണ്ടു അഥവാ കോശം. അതതുഭാഷകളിൽ പ്രചാരത്തിലുള്ള പദങ്ങളുടെ അർത്ഥങ്ങളെ അടയാളപ്പെടുത്തുകയാണ് നിഘണ്ടുക്കളുടെ പ്രധാന ധർമ്മം.

പൂർണ്ണങ്ങളും പ്രയോജനങ്ങളുമായ നിഘണ്ടുക്കൾ ഭാഷയിലുണ്ടായത് പത്തൊൻപതാംനൂറ്റാണ്ടിലാണ്. അകാരാദിക്രമത്തിൽ മലയാളഭാഷയെ സഞ്ചയിക്കാനുള്ള ആദ്യത്തെ ശ്രമം വരാപ്പുഴമിഷണറിമാരിൽ നിന്നാണുണ്ടായത്. മതപ്രചരണാർത്ഥം എത്തിയവർക്ക് ഭാഷ പഠിക്കാനുള്ള മാർഗ്ഗമായാണ് ആദ്യകാലനിഘണ്ടുക്കൾ രചിക്കപ്പെട്ടത്. അർണോസ്പാതിരിയുടെ മലയാളം-പോർച്ചുഗീസ് നിഘണ്ടുവിനെയാണ് (1745) മലയാളത്തിലെ ആദ്യനിഘണ്ടുവായി കണക്കാക്കുന്നത്. ബെഞ്ചമിൻബെയ്‌ലി 1864-ൽ പ്രസിദ്ധീകരിച്ച മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും കോളിൻസ് 1864-ൽ പ്രസിദ്ധീകരിച്ച ഏകഭാഷാനിഘണ്ടുവും പിന്നീട് പ്രാധാന്യം നേടി.

ഭാഷയിലെ ആദ്യത്തെ ഏകഭാഷാനിഘണ്ടു കോളിൻസിന്റേതാണെങ്കിലും പ്രതിപാദനരീതികൊണ്ട് വളരെയധികം ശ്രദ്ധേയമായ നിഘണ്ടു 1872-ൽ പ്രസിദ്ധീകരിച്ച ഗുണ്ടർട്ട്നിഘണ്ടുവാണ്. പദങ്ങളുടെ അർത്ഥവിശകലനത്തോടൊപ്പം

വാക്കുകളുടെ പ്രയോഗം, സന്ദർഭം എന്നിവയെക്കുറിച്ചുകൂടി ബോധ്യപ്പെടുത്തിത്ത രുന്നതിന് സഹായകരമാണ് ഗുണ്ടർട്ട്നിഘണ്ടു. സാഹിത്യം, ചരിത്രം, മിഷണറി, ഫോക്‌ലോർ, ശാസ്ത്രം, ദാർശനികസാഹിത്യം തുടങ്ങിയ സ്രോതസ്സുകളിൽ നിന്നായി നിരവധി പ്രയോഗസന്ദർഭങ്ങൾ ഗുണ്ടർട്ട് സ്വീകരിച്ചിട്ടുണ്ട്. പദത്തിന്റെ അർത്ഥവിവരണത്തിൽ പലപ്പോഴും വേഡ്നെറ്റിന്റെ സ്വഭാവം ഗുണ്ടർട്ട്നിഘണ്ടു വിൽ കാണാവുന്നതാണ്. ഉദാഹരണത്തിന് പാമ്പ് എന്ന പദത്തിന് *snake* എന്ന അർത്ഥത്തിന് പുറമെ അതുമായി ബന്ധപ്പെട്ട *ഇരുതലപ്പാമ്പ്, മലമ്പാമ്പ്, പെരുമ്പാ മ്പ്, തെങ്ങൻ പാമ്പ്, കഴുങ്ങൻ പാമ്പ്, കുരുടിപാമ്പ്, ചുരുട്ടുപാമ്പ്, ചെമ്പാമ്പ്, രക്ത മണ്ഡലി, കടൽപാമ്പ്, നല്ല പാമ്പ്, പടമുള്ള പാമ്പ്, ഇരട്ടപ്പടവൻ, പച്ചപ്പാമ്പ്, പച്ചില പ്പാമ്പ്, പച്ചോലപ്പാമ്പ്, വാഴലപ്പാമ്പ്, വെള്ളിക്കണ്ടൻ, വളയപ്പൻ* എന്നിങ്ങനെ അർത്ഥമണ്ഡലം തന്നെ സൃഷ്ടിച്ചിട്ടുണ്ട്. പദമൃതി സംഭവിച്ചതും (ലുപ്തപ്രചാര പദങ്ങൾ) പിൽക്കാലത്ത് അർത്ഥമാറ്റം സംഭവിച്ചതുമായ പദങ്ങളെ ഗുണ്ടർട്ട് രേഖ പ്പെടുത്താൻ ശ്രമിച്ചതിനാൽ തന്നെ സാംസ്ക്കാരികചരിത്രത്തിലേക്കുള്ള ഒരു വഴി കാട്ടിയാണ് ഈ നിഘണ്ടു.

ഗുണ്ടർട്ട്നിഘണ്ടുവിനുശേഷം ഭാഷയിലുണ്ടായ ഏകഭാഷാനിഘണ്ടുക്ക ളിൽ പ്രധാനങ്ങളായ ശബ്ദതാരാവലി (1923), മലയാളമഹാനിഘണ്ടു/മലയാളം ലെക്സിക്കൻ (1965), പച്ചമലയാളനിഘണ്ടു (1975), അഭിനവമലയാളനിഘണ്ടു (1977), കേരളഭാഷാനിഘണ്ടു (1997) എന്നിവയെ താരതമ്യവിശകലനത്തിന് വിധേ യമാക്കിക്കൊണ്ടാണ് ഈ അദ്ധ്യായത്തിന്റെ രചന നടത്തിയിരിക്കുന്നത്. ഇവയെ ല്ലാം ഭാഷാപണ്ഡിതരായ മലയാളികളാൽ രചിച്ചക്കപ്പെട്ട നിഘണ്ടുക്കളാണ്. ഈ നിഘണ്ടുക്കളെ പരിശോധിക്കുമ്പോൾ അമ്പതുവർഷത്തെ ഇടവേള 1872 ൽ രചിച്ച ഗുണ്ടർട്ടുനിഘണ്ടുവും 1923 ൽ രചിച്ച ശബ്ദതാരാവലിയും തമ്മിലുണ്ട്. മലയാളമ ഹാനിഘണ്ടു ശബ്ദതാരാവലിക്കുശേഷം നാൽപ്പത്തിരണ്ടുവർഷം കഴിഞ്ഞാണ് രചിക്കപ്പെട്ടത്. പച്ചമലയാളനിഘണ്ടുവും അഭിനവമലയാളനിഘണ്ടുവും കേരളഭാ

ഷാനിഘണ്ടുവും തമ്മിൽ വലിയ കാലവ്യത്യാസം ഇല്ലെങ്കിലും പ്രധാനമായും ഭാഷയിലുണ്ടായ ഈ നിഘണ്ടുക്കളിൽ അർത്ഥവിവരണത്തിൽ മാറ്റങ്ങൾ ഉണ്ടാവാനുള്ള സാധ്യത ധാരാളമാണ്. അതുകൊണ്ടുതന്നെ മലയാളത്തിലെ നിഘണ്ടുക്കൾ ഒരർത്ഥത്തിൽ പദങ്ങളുടെ നൂറ്റമ്പതോളം വർഷത്തെ ചരിത്രത്തെ രേഖപ്പെടുത്തുന്നവയാണെന്ന് പറയാം. ശബ്ദതാരാവലിയുടെ നാൽപ്പതാംപതിപ്പാണ് (2015) ഈ താരതമ്യവിശകലനത്തിനായി പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്. ഗുണ്ടർട്ടുനിഘണ്ടുവിന്റെ (1962) രണ്ടാംപതിപ്പും പച്ചമലയാളനിഘണ്ടുവിന്റെ (2016) രണ്ടാംപതിപ്പുമാണ് ഈ പഠനത്തിനായി ലഭ്യമായിട്ടുള്ളത്.

### 4.1. നിഘണ്ടുവും അർത്ഥവിവരണവും

അപരിചിതപദങ്ങൾക്ക് പരിചിതപദങ്ങൾ പകരം വെക്കുക, പദത്തെ നിർവ്വചനത്തിലൂടെ അവതരിപ്പിക്കുക, നിർവചനത്തിനു വഴങ്ങാത്തവയുടെ ആശയം വിശദമാക്കുക എന്നീ മാർഗ്ഗങ്ങളാണ് അർത്ഥവിവരണത്തിനായി നിഘണ്ടുക്കളിൽ സ്വീകരിച്ചിട്ടുള്ളത്. പകരപദം നൽകുന്നത് പലപ്പോഴും പൂർണമായും അർത്ഥസംവദേനം സാധ്യമാക്കുന്നില്ല. ഓരോ വാക്കിനും പര്യായങ്ങളും സംബന്ധപദങ്ങളും ഉൾക്കൊള്ളുന്ന അർത്ഥമണ്ഡലമുണ്ടാകുമ്പോഴും ചിലപദങ്ങൾക്ക് അർത്ഥം മാറിപ്പോകുന്നുണ്ട്.

#### 4.1.1. അർത്ഥമണ്ഡലം

പദത്തിന്റെ പര്യായപദങ്ങളും നാനാർത്ഥങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന അർത്ഥത്തിന്റേതായ സവിശേഷമണ്ഡലമാണ് അർത്ഥമണ്ഡലം. ഒരേ അർത്ഥമുള്ള വ്യത്യസ്തപദങ്ങളാണ് പര്യായപദങ്ങൾ. *ഒരുവാക്കിനുപകരമായി പ്രയോഗിക്കുന്നതും അതേ അർത്ഥമുള്ളതുമായ വാക്ക്* എന്നാണ് ശബ്ദതാരാവലിയിൽ പര്യായത്തിന് നൽകിയ നിർവ്വചനം (2015: 1189). എന്നാൽ പര്യായപദങ്ങളായി വരുന്നപദങ്ങൾ പലതിനും മറ്റർത്ഥങ്ങൾക്കൂടി പ്രയോഗത്തിലുണ്ടാവുകയും ചെയ്യുന്നു. അങ്ങനെ പല അർത്ഥങ്ങളുള്ളതിൽ ഒരു അർത്ഥം മറ്റൊരു പദത്തിന്റെ പല

അർത്ഥങ്ങളിൽ ഒന്നിനോട് സമാനമായി നിൽക്കുന്നു എന്നേ പര്യായങ്ങളുടെ അർത്ഥസാമ്യത്തെക്കുറിച്ച് പറയാനാവൂ.

ഒരുപദത്തിന് സമാനമായി നിൽക്കുന്ന മറ്റൊരുപദത്തെ എല്ലായിടത്തും സമാനമായി പ്രയോഗിക്കാനാവുമോ എന്ന് സംശയമാണ്. പ്രയോഗസന്ദർഭവും വാക്യസാഹചര്യവും സമീസ്ഥപദങ്ങളും പരിഗണിക്കുമ്പോൾ പദപ്രയോഗത്തിൽ വ്യാകരണത്തിനും നിഘണ്ടർത്ഥത്തിനും പുറത്ത് ചില നിയന്ത്രണങ്ങൾ നില നിൽക്കുന്നതായി കാണാം. സന്ദർഭ-സാഹചര്യങ്ങൾക്കനുസരിച്ച് ഒരേ അർത്ഥ മുള്ള പര്യായങ്ങളിൽ പലതും പ്രയോഗക്ഷമമല്ലെന്നും കാണാം. ഉദാഹരണത്തിന് വെള്ളത്തിന്റെ പര്യായമാണ് ജലം. എന്നാൽ എല്ലായിടത്തും വെള്ളത്തിന് 'ജലം' പകരംവെക്കാനാവില്ല. ജലരേഖ എന്നതിനുപകരം വെള്ളരേഖ എന്ന് പ്രയോഗി ക്കാറില്ല. വെള്ളവരയെന്ന് പറയാറുമുണ്ട്. ഇത് ഒരുതരത്തിൽ സമസ്തപദയോഗ്യ തയാണ്. സമസ്തപദങ്ങൾ മിക്കവാറും ഒരേഭാഷയിൽ ഉള്ളവയാകും. 'ചായയ്ക്ക് വെള്ളം വെക്കുക' എന്നാണ് പറയാറുള്ളത്. അതിനുപകരം 'ചായയ്ക്ക് ജലം വെക്കുക' എന്നു പറയാറില്ല. ഇത് സമീപപദയോഗ്യതയ്ക്ക് ഉദാഹരണമാണ്. 'മാതാവേ അല്പം ശുദ്ധജലം തന്നാലും' എന്ന ബഷീറിന്റെ പ്രയോഗം സന്ദർഭ യോഗ്യതയ്ക്ക് ഉദാഹരണമാണ്. സാഹചര്യം അവിടെ പദത്തിന്റെ യോഗ്യത നിർണ്ണയിക്കുന്നു.

'വെള്ളപ്പൊക്കം' എന്നതിനുപകരം 'ജലപൊക്ക'മെന്ന് ഉപയോഗിക്കാറില്ല. അതുപോലെ 'വെള്ളച്ചോറ്', 'വെള്ളക്കെട്ട്', 'വെള്ളംകാട്ടുക', 'വെള്ളംകോരുക', 'വെള്ളച്ചാട്ടം' എന്നിടങ്ങളിലൊന്നും ജലം സാധ്യമാവില്ല. ഇവിടെയും പദയോഗ്യ തയെ നിർണ്ണയിക്കുന്നതിൽ ഭാഷ പ്രധാനഘടകമാണ്. മലയാളപദത്തോട് മല യാളം പദം തന്നെ സമാസിക്കുകയോ സംസ്കൃതപദത്തോട് സംസ്കൃതപദം തന്നെ സമാസിക്കുകയോ ചെയ്യുന്നതുകാണാം. അല്ലെങ്കിൽ രണ്ടും അന്യഭാഷാപദ ങ്ങളാവാം. 'ഗവൺമെന്റാശുപത്രി' എന്നതിൽ 'ഗവൺമെന്റ്' ഇംഗ്ലീഷുപദവും 'ആശുപത്രി' സംസ്കൃതവുമാണ്.

തീർത്ഥവും ഉദകവുമെല്ലാം ജലമാണെങ്കിലും അവ വ്യത്യസ്തമേഖലയിൽ മാത്രം ഉപയോഗിക്കുന്നവയാണ്. 'തീർത്ഥം' പരിശുദ്ധമായ വെള്ളവും 'തീർത്ഥയാത്ര' പുണ്യസ്ഥലത്തേക്കുള്ള യാത്രയുമാണ്. ഇതുമായി ബന്ധപ്പെട്ട പദങ്ങളാണ് 'തീർത്ഥക്കുളം', 'തീർത്ഥസ്നാനം', 'തീർത്ഥാടനം', 'തീർത്ഥികൾ' എന്നിവ. മരിച്ചവരുടെ സദ്ഗതിക്കായി ഹിന്ദുക്കൾ നടത്തുന്ന കർമ്മമാണ് 'ഉദകക്രിയ'. പിതൃക്കൾക്ക് ജലം കൊടുക്കുന്നത് 'ഉദകദാനവും' ശേഷക്രിയ 'ഉദകപിണ്ഡ'വുമാണ്. ഇവിടെയൊന്നും ജലമോ ജലത്തിന്റെ മറ്റുപര്യായപദങ്ങളോ ഉപയോഗിക്കാൻ സാധ്യമല്ല. ജലവുമായി ബന്ധപ്പെട്ട ജലജം, ജലക്രീഡ, ജലച്ഛായം, ജലതരംഗം, ജലനിധി, ജലദേവത, ജലപദ്ധതി, ജലപിശാച്, ജലപ്രവാഹം, ജലമാർഗം, ജലയന്ത്രം, ജലസസ്യം, ജലാശയം, ജലോത്സവം എന്നിടത്തും ജലത്തിനു പകരം ജലത്തിന്റെ മറ്റു പര്യായപദങ്ങൾ യോജിക്കുകയില്ല. ഇതുപോലെ അപ്, വാരി, സലിലം, പയസ്സ്, പഥസ്സ്, തോയം, നീരം, അംബു തുടങ്ങിയവയെല്ലാം കവിതയിൽ ജലത്തിന്റെ പര്യായമായി ഉപയോഗിക്കാറുണ്ടെങ്കിലും ഈണത്തിനും പ്രാസത്തിനുമനുസരിച്ചെല്ലാം പദങ്ങൾ ചേരുന്നതിനും യോഗ്യതയുണ്ട്.

പര്യായപദങ്ങളായി വരുന്ന എല്ലാപദങ്ങളും ഒരേ അർത്ഥമണ്ഡലത്തിലുള്ളവയാണെങ്കിലും അവയുടെ ധർമ്മം എല്ലാ സന്ദർഭങ്ങളിലും ഒന്നല്ല. പര്യായപദങ്ങൾക്ക് സൂക്ഷ്മമായ അർത്ഥവ്യത്യാസങ്ങളുണ്ട്. മാത്രമല്ല പര്യായപദങ്ങളായി വരുന്ന എല്ലാപദങ്ങളും ഒരർത്ഥം മാത്രമുള്ളവയുമല്ല. അവയിൽ പലതും ബഹ്വർത്ഥപദങ്ങളാണ്. പയസ്സ്, ക്ഷീരം, വനം, ഭുവനം, കമലം എന്നിവ ജലത്തിന്റെ പര്യായപദങ്ങളാണെങ്കിലും അവ യഥാക്രമം പാൽ, കാട്, ഭൂമി, വനം എന്നീ അർത്ഥങ്ങളിൽ രൂഢിയായിത്തീർന്നിട്ടുണ്ട്. അവ നാനാർത്ഥമാണ്. ഒരുപദത്തിന് ഒന്നിൽക്കൂടുതൽ അർത്ഥമുണ്ടാകുമ്പോൾ പദത്തിന്റെ പ്രധാനവും അപ്രധാനവുമായ അർത്ഥങ്ങൾ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നത് പ്രയോഗാവർത്തനത്തെ അടിസ്ഥാനമാക്കിയാണ്. നിരന്തരമായ പ്രയോഗംകൊണ്ട് പ്രസിദ്ധമായത് മുഖ്യാർത്ഥമായിത്തീരുകയും കുറച്ചുമാത്രം ആവർത്തിച്ചു പ്രയോഗിക്കപ്പെടുന്നത്

അപ്രധാനമായിത്തീരുകയും ചെയ്യുന്നു. ചിലപ്പോൾ മറ്റുപദങ്ങളുടെ അർത്ഥലോപത്തിനും അർത്ഥപരിണാമത്തിനും ഇത് കാരണമായിത്തീരാറുണ്ട്.

വിവിധതരത്തിൽ അർത്ഥമാറ്റത്തിന് വിധേയമായ പദങ്ങളെ വ്യത്യസ്ത നിഘണ്ടുക്കളിൽ എങ്ങനെയാണ് അർത്ഥവിവരണം നടത്തിയതെന്നും അർത്ഥപരിണാമത്തെ എങ്ങനെയെല്ലാമാണ് രേഖപ്പെടുത്തിയതെന്നുമുള്ള വിശകലനമാണ് ഈ അദ്ധ്യായം. അർത്ഥപരിണാമം സംഭവിച്ച പദങ്ങളെ താഴെ നൽകുന്നു. അർത്ഥമാറ്റത്തെ രേഖപ്പെടുത്താത്തവ, അർത്ഥമാറ്റത്തെ വിവിധതരത്തിൽ രേഖപ്പെടുത്തിയവ, അർത്ഥമാറ്റത്തെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാധാന്യം നൽകാത്തവ എന്നിങ്ങനെയാണ് അർത്ഥപരിണാമം സംഭവിച്ച പദങ്ങളെ ഈ അദ്ധ്യായത്തിൽ വർഗ്ഗീകരിച്ചിട്ടുള്ളത്. ശബ്ദതാരാവലിയെ മുൻനിർത്തിക്കൊണ്ടാണ് ഈ വിഭജനം പ്രധാനമായി സ്വീകരിച്ചിട്ടുള്ളത്.

## 4.2. അർത്ഥമാറ്റത്തെ രേഖപ്പെടുത്താത്തവ

സംസ്കൃതത്തിൽ നിന്നുവന്ന മിക്ക പദങ്ങൾക്കും ഭാഷയിലുള്ള അർത്ഥം രേഖപ്പെടുത്താതെ സംസ്കൃതാർത്ഥങ്ങളെ മാത്രം ചേർക്കുന്ന പ്രവണത ശബ്ദതാരാവലിയിൽ ധാരാളമുണ്ട്. അവയ്ക്ക് ഭാഷയിൽ അർത്ഥപരിണാമം സംഭവിച്ചിട്ടുണ്ടെങ്കിലും അവയുടെ ഭാഷയിലെ അർത്ഥത്തെ കൂട്ടിച്ചേർക്കുന്നതിന് നിഘണ്ടുക്കളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ഈ രീതി ശബ്ദതാരാവലിയും പിന്നീടുണ്ടായ നിഘണ്ടുക്കളും പിന്തുടരുന്നതുകാണാം.

### അന്തേവാസി

ഈ ലേഖകം ഗുണ്ടർട്ട്നിഘണ്ടുവിലില്ല. *ശിഷ്യൻ, ചണ്ഡാളൻ* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015:137). ഈ പദത്തിന്റെ അർത്ഥം *ഗുരുവിന്റെ സമീപത്ത് വസിക്കുന്ന ശിഷ്യൻ* എന്ന് മാത്രമായിത്തീരുകയും അർത്ഥസങ്കോചം സംഭവിക്കുകയും ചെയ്തതാണെന്ന് വെള്ളായണി അർജ്ജുനൻ 'ഗവേഷണമേഖല' എന്ന കൃതിയിൽ സൂചിപ്പിക്കുന്നുണ്ട് (1972 : 54).

ലെക്സിക്കനിലും അഭിനവമലയാളനിഘണ്ടുവിലും *ഗുരുവിന്റെ ഭവനത്തിൽ താമസിച്ച് വിദ്യ അഭ്യസിക്കുന്ന ശിഷ്യൻ, മറ്റുള്ളവർക്ക് ശിഷ്യപ്പെട്ടവൻ, ഗ്രാമത്തിന്റെ അന്തത്തിൽ പാർക്കുന്നവൻ, ചണ്ഡാളൻ* എന്നീ അർത്ഥങ്ങൾ തന്നെയാണുള്ളത്. ഇതിൽനിന്ന് വ്യത്യസ്തമായി *അയൽവാസി* എന്ന ഒരർത്ഥം കൂടി കേരളഭാഷാ നിഘണ്ടുവിൽ കാണാം.

നിഘണ്ടുക്കളിൽ നൽകിയിരിക്കുന്ന അർത്ഥത്തിലല്ല ഈ പദം ഭാഷയിൽ ഇന്ന് പ്രയോഗിക്കപ്പെടുന്നത്. *പുറമെനിന്ന് വന്ന് താമസമാക്കിയവൻ* എന്ന അർത്ഥമാണുള്ളത്. *അന്തത്തിൽ വസിക്കുന്നവൻ* എന്ന നിരുക്താർത്ഥം തന്നെ. താമസക്കാരൻ ശിഷ്യനായിക്കൊള്ളണമെന്നില്ല. 'അയാൾ ഹോസ്റ്റൽ അന്തേവാസിയാണ്'എന്ന പ്രയോഗം ഉദാഹരണം. അർത്ഥവികാസം സംഭവിച്ച ഈ പദത്തിന് എല്ലാ നിഘണ്ടുക്കളിലും പഴയ അർത്ഥങ്ങൾ മാത്രമാണ് നൽകിയിരിക്കുന്നത്. ഗുരുകുലസമ്പ്രദായം അവസാനിച്ചിട്ട് ഏറെയായെങ്കിലും നിഘണ്ടുക്കൾ പുതിയ അർത്ഥത്തെ സ്വീകരിക്കാൻ തയ്യാറായിട്ടില്ല എന്നതിനുദാഹരണമാണ് ഈ പദം.

**അന്തം**

നിഘണ്ടുക്കളിൽ ഈ പദങ്ങൾക്ക് നൽകുന്ന അർത്ഥവിവരണം ശ്രദ്ധേയമാണ്.

ഗു. നി. - *അവസാനം, ചന്തം* (1962: 16).

ശ.താ. - *അവസാനം, മരണം, നാശം, അതിര്, സമീപസ്ഥലം, അഗ്രം, ഭാഗം, നിശ്ചയം, ആകെത്തുക* (2015:134).

ലെക്സിക്കനും കേരളഭാഷാനിഘണ്ടുവും അഭിനവമലയാളനിഘണ്ടുവും ശബ്ദതാരാവലിയിലെ അർത്ഥത്തെ അതേപടി നൽകിയിരിക്കുന്നു. 'അന്തംമറിയുക' എന്ന ഉദാഹരണം ഈ നിഘണ്ടുക്കളിലെല്ലാം കാണുന്നുണ്ടെങ്കിലും *വിവരം* എന്ന അർത്ഥത്തെ ഒരു നിഘണ്ടുവിലും നൽകിയിട്ടില്ല. നിശാന്തം എന്ന പദത്തിൽ *അവസാനം* എന്നും സാഗരാന്തത്തിൽ *അതിര്* എന്നും കാനനാന്തത്തിൽ *സമീപ*

*സ്ഥലമെ*ന്നും ഗ്രാമാന്തത്തിൽ *ഉൾപ്രദേശമെ*ന്നും അർത്ഥം ഉണ്ട്. ഈ അർത്ഥങ്ങൾ നിലനിൽക്കുന്നതോടൊപ്പം ഭാഷയിൽ 'അന്തമില്ലാതാവുക', 'അന്തംപോവുക' എന്നീ പ്രയോഗങ്ങൾ *അറിവ്* എന്ന അർത്ഥത്തിലും കാണാം. *ചന്തം* എന്ന അർത്ഥം ആദ്യകാലനിഘണ്ടുക്കളിൽ ഗുണ്ടർട്ട് മാത്രമേ നൽകുന്നുള്ളൂ. *അറിവ്* എന്ന അർത്ഥം ഭാഷയിൽ രൂഢിയായിട്ടുണ്ട് എന്നതിന് തെളിവാണ് പച്ചമലയാളനിഘണ്ടുവിൽ നൽകിയ അർത്ഥവിവരണം. അന്തത്തിന് *സൗന്ദര്യം, അറിവ്, തന്റേടം, വകതിരിവ്* എന്നീ അർത്ഥങ്ങൾ പച്ചമലയാളനിഘണ്ടുവിൽ നൽകിയിട്ടുണ്ട് (2016:44). മറ്റ് ഏകഭാഷാനിഘണ്ടുക്കളിലെ അർത്ഥങ്ങളെയും ഭാഷയിലെ മറ്റർത്ഥങ്ങളെയും സ്വീകരിച്ചിട്ടില്ല എന്നത് പച്ചമലയാളനിഘണ്ടുവിന്റെ മറ്റൊരു ന്യൂനതയാണ്. കാരണം ശബ്ദതാരാവലിയിലെ അർത്ഥങ്ങളെ പാടേ തിരസ്ക്കരിക്കുകയാണ് ഈ നിഘണ്ടുവിൽ 'അന്തം' എന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ ചെയ്തിരിക്കുന്നത്. മറ്റർത്ഥങ്ങൾ ഭാഷയിലുള്ളതുകൊണ്ടുതന്നെ 'അന്ത'ത്തിന് അർത്ഥവികാസമാണ് സംഭവിച്ചിട്ടുള്ളത്.

**അഭ്യാസം**

*Exercise, Ability acquired thereby* എന്നീ അർത്ഥങ്ങളാണ് അഭ്യാസത്തിന് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962:62). *പരിശീലനം, തന്ത്രം, ഉപായം, അടുപ്പം, കച്ചകെട്ടിനടത്തുന്ന ചാട്ടം മറിച്ചിൽ, ഗുണനക്രിയ, ശീലം* എന്നീ അർത്ഥങ്ങളാണ് ലെക്സിക്കനും ശബ്ദതാരാവലിയും അഭിനവമലയാളനിഘണ്ടവും കേരളഭാഷാനിഘണ്ടുവുമെല്ലാം നൽകിയിട്ടുള്ളത്. അർത്ഥവികാസം സംഭവിച്ച ഈ പദത്തിന്റെ പുതിയ അർത്ഥത്തെ നിഘണ്ടുക്കളിൽ ഉൾപ്പെടുത്തിയിട്ടില്ല. *പഠിപ്പ്, പയറ്റുമുറ* എന്നീ അർത്ഥങ്ങളാണ് പച്ചമലയാളനിഘണ്ടു നൽകുന്നത് (2016:48). *കുസൃതി, അതിബുദ്ധി* എന്നീ അർത്ഥങ്ങൾ ഭാഷയിൽ രൂഢിയായിട്ടുണ്ടെങ്കിലും ഭാഷയിലെ ഒരു നിഘണ്ടുവിലും ഈ അർത്ഥങ്ങളെ രേഖപ്പെടുത്തിയിട്ടില്ല.

**അലംഭാവം**

നിഘണ്ടുക്കളിൽ ഒരേതരത്തിൽ അർത്ഥവിവരണം നൽകിയിട്ടുള്ള പദമാണ് അലംഭാവം. ഗുണ്ടർട്ടിൽ തുടങ്ങി എല്ലാ നിഘണ്ടുക്കളും ഒരേ അർത്ഥം നൽകിയിരിക്കുന്നു ഈ പദത്തിന്.

ഗു. നി. - *The feeling of enough, Having enough of it* (1962: 79).

ശ.താ. - *സംതൃപ്തി, മതിയാകൽ* (2015:207).

മ.ലെ. - *സംതൃപ്തി, മതിയാകൽ* (1965:733, വാല്യം 1).

അ.മ.നി - *മതിയെന്നുള്ള ഭാവം, സംതൃപ്തി* (1977: 238)

കേ.ഭാ.നി - *സംതൃപ്തി, മതിയാകൽ* (1997: 153).

അലം എന്ന പദത്തിന് *മതി*യെന്നാണർത്ഥം. എന്നാൽ ഭാഷയിൽ ഈ പദം *അത്രമതി, അലസത, മടി, ശ്രദ്ധയില്ലായ്മ* എന്ന തരത്തിലേക്ക് മാറിയിട്ടുണ്ട്. 'ആ വിഷയത്തിൽ അവൻ അലംഭാവം കാണിച്ചു' എന്ന വാക്യത്തിൽ സംതൃപ്തിയല്ല, *അലസത* എന്നാണുദ്ദേശിക്കുന്നത്. അലസതയുമായി ബന്ധപ്പെട്ട് അലസതാഭാവം എന്നതിന്റെ ചുരുക്കമാണ് അലംഭാവം എന്ന തെറ്റിദ്ധാരണയാവാം ഈ പദത്തിന്റെ അർത്ഥാദേശത്തിന് കാരണം. അലംഭാവത്തിന്റെ പുതിയ അർത്ഥത്തെ ഭാഷയിലെ ഒരുനിഘണ്ടുവിലും രേഖപ്പെടുത്തിയിട്ടില്ല.

**അവസരം**

അവസരത്തിന് *സന്ദർഭം* എന്ന അർത്ഥമാണ് മലയാളനിഘണ്ടുക്കളിൽ നൽകിയിട്ടുള്ളത്. ഈ അർത്ഥത്തിനാണ് പ്രാധാന്യവും. *Opportunity* എന്ന അർത്ഥമാണ് അവസരത്തിന് ഗുണ്ടർട്ട് നൽകുന്നത്. ഉദാഹരണമായി തലശ്ശേരിരേഖകളിലെ 'അത്രത്തോളം പാർപ്പാൻ അവസരമില്ല' എന്ന പ്രയോഗവും നൽകിയിരിക്കുന്നു (1962: 84). സംസ്കൃതാർത്ഥത്തെ ഈ പദത്തിന്റെ വിവരണത്തിൽ ഗുണ്ടർട്ട് സ്വീകരിച്ചിട്ടില്ലെന്ന് പറയാം. ശബ്ദതാരാവലി മുതലുള്ള നിഘണ്ടുക്ക

ളിൽ *സന്ദർഭം* എന്ന അർത്ഥമാണുള്ളത്. 'അവസരവാദി' എന്നതിൽ *സന്ദർഭം* എന്ന അർത്ഥം നിലനിൽക്കുന്നുണ്ട്. *സന്ദർഭം* എന്ന അർത്ഥത്തിനു പുറമെ മികച്ച *അവസരം (opportunity)* എന്ന രീതിയിലാണ് ഈ പദം ഇപ്പോൾ വിവക്ഷിക്കപ്പെടുന്നത്. തൊഴിലുമായും തൊഴിലില്ലായ്മയുമായും ബന്ധപ്പെട്ടാവാം *opportunity* എന്ന അർത്ഥം ഭാഷയിൽ കൈവന്നത്. 'അവസരങ്ങൾ നിങ്ങളെ കാത്തുനിൽക്കില്ല' എന്ന പ്രയോഗം ഉദാഹരണം. അവസരവും സന്ദർഭവും വ്യത്യസ്തമായിത്തന്നെയാണ് നാം ഇന്ന് പ്രയോഗിക്കുന്നത്. അവസരത്തിന് തത്തുല്യമായ പദം ഭാഷയിൽ ഇല്ലെന്നുതന്നെ പറയാം. ഗുണ്ടർട്ട് *opportunity* എന്ന അർത്ഥം നൽകിയത് *മികച്ച അവസരം* എന്ന അർത്ഥത്തിൽ ആയിരിക്കണമെന്നില്ല. വിവർത്തനം ചെയ്തപ്പോൾ തത്തുല്യമായ പദം ലഭിക്കാതിരുന്നതിനാലാവാം.

**ആക്കം**

*ശ്രീ, അഭിവൃദ്ധി* എന്നീ അർത്ഥങ്ങളിൽ ആക്കം എന്നപദം 'രാമചരിത'ത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

> ''നോക്കിപ്പാർക്കുമ്പോഴടയാളം നൂറുകോടിയൊത്തതുക-
> ണ്ടാക്കം മായ്ക്കിന്റങ്കവിതന്റകമേറഴിന്തു തേറുകയാൽ''
>
> (ഇളംകുളം കുഞ്ഞൻപിള്ള, വ്യാഖ്യാ. 1997: 44)

ഇവിടെ *ഐശ്വര്യം* എന്നുതന്നെയർത്ഥം. 'രാമചരിത'ത്തിൽത്തന്നെ *ശക്തി, ക്രമപ്പെടുത്തൽ, സന്തോഷം, തൃപ്തി* എന്നീ അർത്ഥങ്ങളിലും 'ആക്കം' പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. 'പൊയ്ക്കൊള്ളവേണ്ടിയാക്കമിയന്റ പോരിൽ' എന്ന വരിയിൽ *ശക്തിയെന്ന്* അർത്ഥം. ''ആവോളവും വിരന്താക്കമിയറ്റുകെന്റാവിതെളിന്തൊരരക്കനോടേകിനാൻ'' (ഇളംകുളം കുഞ്ഞൻപിള്ള, വ്യാഖ്യാ. 1997: 48) എന്നിടത്ത് *ക്രമപ്പെടുത്തുക* എന്ന അർത്ഥമാണുള്ളത്.

ഗുണ്ടർട്ട് *Layer, stregnth, rest* എന്നീ അർത്ഥങ്ങളെയാണ് നൽകിയിട്ടുള്ളത് (1962: 93). ആക്കത്തിന് *ബലം, ശക്തി* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയും ലെക്സിക്കനും അഭിനവമലയാളനിഘണ്ടുവും പ്രഥമാർത്ഥമായി നൽകിയിട്ടുള്ളത്. *ഐശ്വര്യം, വീര്യം, വൃദ്ധി, ആശ്വാസം, ഗതി, ലാഭം, ആഗ്രഹം, പടവ്, വള്ളിക്ക് പടരാനുള്ള ഏറ്റം, തക്കം, ഈട്* എന്നീ അർത്ഥങ്ങളെ നിഘണ്ടുക്കൾ സൂചിപ്പിക്കുന്നുണ്ട്.

''മുണ്ടക്കെൽക്കെന്റുമാക്കം കരുതിന മറിമാൻ കണ്ണിയാമുണ്ണുനീലി'' എന്നിടത്ത് *ഐശ്വര്യം* എന്നാണർത്ഥം. 'കൃഷ്ണഗാഥ'യിലെ 'താപങ്ങൾപോക്കുവാനാക്കമാണ്ടു' എന്നിടത്ത് അർത്ഥമാക്കുന്നത് *ആഗ്രഹം* എന്നാണ്.

പഴയ കൃതികളിൽ ആക്കത്തിന് വൈവിധ്യമാർന്ന അർത്ഥങ്ങളിൽ പ്രയോഗമുണ്ടായിരുന്നു. *ആക്കം, ആയിത്തീരൽ, ആകെയുള്ളത്, തുടർച്ച, ഗതി, വിശ്രമം, ആശ്വാസം, നിഷ്ഠ, ശക്തി, ബലം, പെരുമ, ആഗ്രഹം, താത്പര്യം, ശ്രീ, അഭിവൃദ്ധി* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലിയിൽ നൽകിയിട്ടുണ്ട് (2015: 81). *ആയിത്തീരൽ, ആകൽ* എന്നീ അർത്ഥങ്ങളേക്കാൾ *ബലം, ആയാസം, വിശ്രമം* എന്നീ അർത്ഥങ്ങൾക്കാണ് ഇപ്പോൾ ഭാഷയിൽ പ്രയോഗമുള്ളത്.

ഗുണ്ടർട്ട് നൽകിയ *rest* എന്ന അർത്ഥം മലയാളനിഘണ്ടുകാരന്മാർ സ്വീകരിക്കുന്നില്ല. *rest* എന്ന അർത്ഥം ഇന്നും ഭാഷയിൽ പ്രയോഗത്തിലുള്ളതുമാണ്. 'ആക്കത്തിൽ ജോലിചെയ്യുക' എന്നിടത്ത് *സാവധാനം, ആശ്വാസത്തോടെ* എന്നീ അർത്ഥങ്ങളാണ്. പച്ചമലയാളനിഘണ്ടുമാത്രമാണ് പുതിയ അർത്ഥത്തിന് പ്രാധാന്യം നൽകിയത്. അതിനുശേഷമുണ്ടായ കേരളഭാഷാനിഘണ്ടു പുതിയ അർത്ഥത്തെ പരിഗണിക്കുന്നേയില്ല.

**ആനുകൂല്യം**

ഗു.നി. - *favour* (1962:102)

ശ.താ. - *അനുകൂലഭാവം* (2015: 269)

മ.ലെ. - *അനുകൂലഭാവം, ദയ, പ്രീതി, സഹായം, ഉപകാരം* (1970: 114, വാല്യം 2).

അ.മ.നി. - *അനുകൂലഭാവം* (1977: 526)

*അനുകൂലഭാവം* എന്ന അർത്ഥമാണ് ഈ പദത്തിന് നിഘണ്ടുക്കൾ നൽകിയത്. ദയ, പ്രീതി, സഹായം, ഉപകാരം എന്നിവയെല്ലാം വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കപ്പെടുന്ന പദമാണ്. അവ യഥാർത്ഥത്തിൽ ആനുകൂല്യത്തിന്റെ പകരപദമാകുന്നില്ല.

**കാശ്**

സാമ്പത്തികവിനിമയരംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഭാഷയിൽ അർത്ഥമാറ്റത്തിന് കാരണമാകുന്നതിന് ഉദാഹരണമാണ് കാശ്, ചക്രം, പണം, പുത്തൻ എന്നിവ. *Gold coin, smallest copper coin* എന്നീ അർത്ഥങ്ങൾ 'കാശിന്' ഗുണ്ടർട്ട് നൽകുന്ന അർത്ഥങ്ങളാണ് (1872: 251). 'അനന്തപുരവർണന'ത്തിൽ പൊൻനാണയത്തെയാണ് കാശ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഭാഷയിലെ നിഘണ്ടുക്കളിൽ *ഏറ്റവും ചെറിയ നാണയം, സ്വർണനാണയം* എന്നീ അർത്ഥങ്ങൾക്കുതന്നെയാണ് പ്രാമുഖ്യം കൽപ്പിക്കുന്നതും. "ദക്ഷിണഭാരതത്തിലും സിലോണിലും പ്രചരിച്ചിരുന്ന ചെമ്പുനാണയങ്ങൾക്ക് പൊതുവിൽ പറഞ്ഞിരുന്ന പേരായിരുന്നു കാശ്. ഈ പദവും അതിന്റെ രൂപഭേദവുമെല്ലാം *ചെമ്പുനാണയം* എന്ന അർത്ഥത്തിൽ പോർച്ചുഗീസുകാർ വഴി മിക്ക പാശ്ചാത്യഭാഷകളിലും എത്തുകയും പിൽക്കാലത്ത് *നാണയം* എന്ന സാമാന്യാർത്ഥത്തിൽ വ്യാപകമാവുകയും ചെയ്തു. ആദ്യകാലങ്ങളിൽ ചെമ്പുനാണയത്തെ മാത്രമേ ഈ പദം കുറിച്ചിരുന്നുള്ളൂ. വെള്ളിക്കാശ്, തങ്കക്കാശ് എന്നിങ്ങനെ മറ്റുലോഹങ്ങളെ കുറിക്കാൻ വിശേഷണപദങ്ങൾ ചേർത്തുപോന്നിരുന്നു. കാലക്രമത്തിൽ ഈ പദം നാണയസാമാന്യത്തെയും ധനത്തെ പൊതുവായും കുറിക്കാൻ തുടങ്ങി എന്ന് ലെക്സിക്കനിൽ വിശദീകരിക്കുന്നുണ്ട് (1976: 773, വാല്യം 3).

ശബ്ദതാരാവലിയിലെയും ലെക്സിക്കനിലെയും വിശദീകരണങ്ങൾ പര്യാപ്തമാണെങ്കിലും തുടർന്നു വന്ന നിഘണ്ടുക്കളും *പണം, സമ്പത്ത്* എന്നീ അർത്ഥങ്ങൾക്ക് പ്രാധാന്യം നൽകിയില്ല. പ്രയോഗത്തിൽ കാശ് സമ്പത്താണ്/രൂപയാണ്. ഏറ്റവും പുതിയ നിഘണ്ടുവായ പച്ചമലയാളനിഘണ്ടുവിൽ പോലും നാണയം, *പൊൻനാണയം, വിലകുറഞ്ഞ ചെമ്പുനാണയം* (2016: 333) എന്ന അർത്ഥത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. അർത്ഥവിവരണസമയത്ത് അതത് കാലത്ത് പ്രാധാന്യമുള്ള അർത്ഥത്തിന് നിഘണ്ടുക്കളിൽ പ്രാധാന്യം കൽപ്പിക്കപ്പെട്ടിട്ടില്ല എന്നതാണിത് വ്യക്തമാക്കുന്നത്.

**കിഴവൻ**

തമിഴിൽ *നായകൻ* എന്ന അർത്ഥമാണ് 'കിഴവൻ' എന്ന പദത്തിനുള്ളത്. കിഴവി നായികയുമാണ്. തൊൽകാപ്പിയത്തിലെ പൊരുളതികാരത്തിൽ നായകനെ കിഴവോർ എന്നാണ് പരാമർശിക്കുന്നത്.

> ''കാമക്കടപ്പിനുൾ പണിന്ത കിളവി
> കാണും കാലൈ കിഴവോർക്കുരിത്തേ
> വഴിപാടു കിഴമൈ അവർക്കു ഇലയാന'' (ഇളയപെരുമാൾ, 1961: 276).

കലിത്തൊകൈയിലെ 'ചേരിക്കിഴവൻ മകളേയൻയാൻ' എന്ന പരാമർശത്തിൽ 'കിഴവൻ' പ്രഭുവാണ്. ഓരോ നാടിന്റെയും അധികാരിയായി ഓരോ കിഴവൻ ഉണ്ടായിരുന്നു എന്നും കിഴവൻ എന്നാൽ പ്രഭുവെന്നാണർത്ഥമെന്നും 'ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ' എന്ന കൃതിയിൽ ഇളംകുളം കുഞ്ഞൻപിള്ള വ്യക്തമാക്കുന്നുണ്ട് (1970: 62).

കിഴവൻ എന്നത് പ്രായമായ ആളെ സൂചിപ്പിക്കുന്നതിനുള്ള പദമാണ്. ഗുണ്ടർട്ട് *old man* എന്ന അർത്ഥമാണ് ഈ പദത്തിന് നൽകിയിട്ടുള്ളത്. *അധികം വയസ്സ് ചെന്നവൻ, മൂപ്പൻ, വൃദ്ധൻ* എന്നീ അർത്ഥങ്ങൾ നൽകുന്നതോടൊപ്പം

പഴയ മലയാളത്തിൽ *തലവൻ, ഭൂസ്വത്തുടമസ്ഥൻ* എന്നീ അർത്ഥങ്ങളുണ്ടായിരുന്നെന്ന് ശബ്ദതാരാവലിയിൽ സൂചിപ്പിക്കുന്നുണ്ട് (2015:580). *കീഴ്പ്പോട്ട് പോകുന്നവൻ* എന്ന നിരുക്താർത്ഥം ലെക്സിക്കനിൽ നൽകിയിട്ടുണ്ട്. മറ്റുള്ള നിഘണ്ടുക്കളും ഇതേ അർത്ഥവിവരണരീതി തന്നെ തുടരുന്നു.

ഗുണ്ടർട്ട് നൽകിയ അർത്ഥത്തിൽത്തന്നെയാണ് കിഴവൻ എന്ന പദത്തിന് ഇന്നും പ്രയോഗത്തിലുള്ള അർത്ഥമെങ്കിലും ആ പദം ബഹുമാനക്കുറവിനെക്കൂടി സൂചിപ്പിക്കത്തക്കതായിതീർന്നിട്ടുണ്ട്. ബഹുമാനമില്ലാതെ/ഇകഴ്ത്തിക്കൊണ്ടുമാത്രമേ കിഴവൻ എന്ന് പ്രയോഗിക്കാറുള്ളൂ. അതുകൊണ്ടുതന്നെ അർത്ഥാപകർഷം സംഭവിച്ചപദമാണ് കിഴവൻ. പ്രായമായവരെ മൃദൂക്തിയായി (യൂഫെമിസം) Senior citizen, വയോജനം എന്നൊക്കെയാണ് ഇപ്പോൾ പരാമർശിക്കപ്പെടുന്നത്.

**കുമാരി**

*അവിവാഹിത* എന്ന അർത്ഥത്തിൽ വികാസം സംഭവിച്ച പദമാണ് കുമാരി. *Daughter, Vigin, Durga* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട്നിഘണ്ടുവിൽ നൽകിയിട്ടുള്ളത് (1962: 270). *കന്യക, പത്ത്വയസ്സ് മുതൽ പന്ത്രണ്ട് വയസ്സുവരെയുള്ള കന്യക (കളിക്കുന്നവൾ, കാമവികാരമില്ലാത്തവൾ)* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് (2015: 615). *യൗവനത്തിലേക്ക് കടന്നിട്ടില്ലാത്തവൾ, പന്ത്രണ്ട് വയസായവൾ, പതിനാറ് വയസുവരെയുള്ള ഋതുമതി* എന്നും അഭിപ്രായവ്യത്യാസമുണ്ടെന്നും ലെക്സിക്കനിൽ സൂചിപ്പിക്കുന്നു (1984: 175, വാല്യം 4). മറ്റ് നിഘണ്ടുക്കളിലും ഇതേ അർത്ഥം തന്നെ പിൻതുടരുന്നു.

അവിവാഹിതരായ സ്ത്രീകളെ കുമാരിയെന്നും വിവാഹിതരെ ശ്രീമതി എന്നും സൂചിപ്പിക്കുന്ന പ്രവണത ഭാഷയിലുണ്ട്. അവിവാഹിതരെ പ്രായഭേദമില്ലാതെയാണ് കുമാരിയെന്ന് സൂചിപ്പിക്കുന്നതും. ഇംഗ്ലീഷിലെ മിസ്. എന്ന പദത്തിനെ അനുകരിച്ചാണ് ഈ രീതി മലയാളത്തിലേക്ക് കടന്നുവന്നിട്ടുള്ളത്.

വിവാഹിതരെ ശ്രീമതിയെന്ന് വിളിക്കുന്നുണ്ടെങ്കിലും നിഘണ്ടുക്കളിൽ ഈ പരാമർശമേയില്ല. ഐശ്വര്യമുള്ളവൾ, സമ്പത്തുള്ളവൾ എന്നീ അർത്ഥങ്ങളാണുള്ളത്. ശബ്ദതാരാവലിയിൽ ശ്രീമതി സമ്പത്തുള്ളവളാണ്. ഭാഷയിൽ കുമാരിയെന്നാൽ അവിവാഹിതയെന്നും ശ്രീമതിയെന്നാൽ വിവാഹിതയെന്നും കൂടി ധ്വനിക്കുന്നുണ്ട്.

**ഗൗരവം**

*ഗുരുത്വം (weight), What belongs the Guru* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1872: 334). *ബഹുമാനം, പ്രൗഢി, ശല്യം, ദൈർഘ്യം, ആഴം* എന്നീ അർത്ഥങ്ങളാണ് സംസ്കൃതത്തിൽ ഈ പദത്തിന് വിവക്ഷിക്കപ്പെടുന്നത് (1973: 317). ശബ്ദതാരാവലിയിൽ *ഗുരുവിന്റെ ഭാവം, ഗുരുത്വം* എന്നീ അർത്ഥങ്ങൾ നൽകിയിരിക്കുന്നു. *ഗുരുവിന്റെ ഭാവം* എന്ന അർത്ഥത്തിനാണ് എല്ലാ നിഘണ്ടുക്കളും പ്രാധാന്യം നൽകിയിരിക്കുന്നത്. ലെക്സിക്കൻ മാത്രമാണ് ഗൗരവം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണെന്ന വ്യക്തത നൽകാൻ സഹായിക്കുന്ന രീതിയിൽ അർത്ഥം നൽകിയിട്ടുള്ളത്. *നർമ്മാദികൾക്ക് വഴങ്ങാത്ത മാനസികാവസ്ഥ, അത് പ്രതിഫലിപ്പിക്കുന്ന ഭാവം* എന്ന വിശദീകരണം ലെക്സിക്കനിൽ നൽകിയിരിക്കുന്നു. ഈയർത്ഥമാണ് 'ഗൗരവം' കൊണ്ട് നാം ഉദ്ദേശിക്കുന്നതും. ഗുണ്ടർട്ട് നൽകിയ അർത്ഥങ്ങളായ *ഗുരുത്വവും ഗൗരവവും* ഇപ്പോൾ വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കപ്പെടുന്ന പദങ്ങളാണ്.

**ചാകര**

ഈ ലേഖകം ഗുണ്ടർട്ട്നിഘണ്ടുവിലില്ല. *കടലോരത്തുണ്ടായ മൺതിട്ട, കടലിന്റെ ജലനിരപ്പിൽ നിന്ന് മുക്കാലടി വിസ്തീർണ്ണത്തിൽ അടിയുന്ന ചെളി (ധാരാളം മത്സ്യങ്ങൾ അടിയുന്നിടം)* എന്നാണ് ശബ്ദതാരാവലിയിലെ അർത്ഥം (2015: 781). കരയ്ക്കടുത്തുള്ള കടൽ ചത്തതുപോലെ ശാന്തമായി കിടക്കുന്നതിനാലാണ്

ഈ പേര് വന്നത് എന്നും അതല്ല ചാകരക്കാലത്തെ ചെളിവെള്ളത്തിൽ മീനുകൾ ശ്വാസംമുട്ടി ചത്തുപോകുന്നതിനാലാണെന്നും അഭിപ്രായമുണ്ടെന്ന് ലെക്സിക്കനിൽ വിശദമാക്കുന്നു (1985:271, വാല്യം 5). *കേരളക്കരയോട് മാത്രം ചേർന്നു കിടക്കുന്ന കടലിൽ കാണുന്ന പ്രതിഭാസം, ചെമ്മീൻ സമൃദ്ധിയായി ഉണ്ടായി കാണപ്പെടുന്നത്* എന്നീ അർത്ഥങ്ങളാണ് കേരളഭാഷാനിഘണ്ടു നൽകിയിട്ടുള്ളത്. അഭിനവമലയാളനിഘണ്ടു ശാസ്ത്രീയമായരീതിയിൽ അർത്ഥം നൽകുന്നുണ്ട്. *മലബാർ പ്രദേശത്തെ തീരക്കടലിൽ ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള വർഷകാല മാസങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും 15 ദിവസം മുതൽ 3 മാസം വരെ ഒരേ സ്ഥാനത്തുനിന്ന ശേഷം സാവധാനം നീന്തിമാറുന്നതുമായ ഒരു പ്ലവഗചെളിത്തിട്ട* എന്നാണ് അഭിനവമലയാളനിഘണ്ടുവിലെ അർത്ഥം (1977:728). ചാകരയുടെ ആഗമനം കാരണമാണ് മത്സ്യം ധാരാളം ലഭിക്കുന്നതെന്നും സൂചിപ്പിക്കുന്നു.

ഈ നിഘണ്ടുക്കളിലെ അർത്ഥവിവരണമെല്ലാം ഉറപ്പിക്കുന്നത് *മൺതിട്ട, ചാവുകര* എന്ന അർത്ഥം തന്നെയാണ്. മത്സ്യം, ധാരാളം ലഭിക്കുന്നത് ചാകരയിൽ നിന്നായതുകൊണ്ടുതന്നെ പിന്നീട് ധാരാളിത്തത്തെ കുറിക്കാനാണ് ഈ പദം ഉപയോഗിച്ചത്. വലക്കാർക്ക് ധാരാളം മീൻ ലഭിച്ചാൽ ചാകരയാണെന്ന് പറയാറുണ്ട്. അവിടെ മൺതിട്ടയെന്ന അർത്ഥമല്ല ഉദ്ദേശിക്കുന്നത്. *ധാരാളിത്തം* എന്നാണ്. അതുപോലെ എന്തും അധികമായി ലഭിച്ചാൽ ചാകരയാണെന്നുകൂടി പറഞ്ഞു തുടങ്ങിയിട്ടുണ്ട്. പച്ചമലയാളനിഘണ്ടു മാത്രമാണ് പുതിയ അർത്ഥത്തിൽ ഊന്നിയിട്ടുള്ളത്.

**തറ**

കേരളത്തിന്റെ സാമൂഹിക-സാംസ്കാരികപരിസരത്തിന്റെ മാറ്റം 'തറ' എന്ന പദത്തിന്റെ അർത്ഥവിശകലനത്തിലൂടെ മനസിലാക്കാവുന്നതാണ്. കേരളത്തിലെ ഭരണനിർവ്വഹണത്തിന്റെ ഏറ്റവും അടിസ്ഥാനഘടകം ആയിരുന്നു തറയെന്നും ഏതാനും തറകൾ ചേർന്ന് ദേശവും ഒന്നിലധികം ദേശങ്ങൾ ചേർന്ന് നാടും

ഉണ്ടായിരുന്നു എന്നും 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' എന്ന കൃതി യിലെ 'തറക്കൂട്ടങ്ങളുടെ സിവിൽഭരണം' എന്ന ലേഖനത്തിൽ പി.കെ. ബാലകൃ ഷ്ണൻ പ്രസ്താവിക്കുന്നുണ്ട് (2003: 137). കാരണവന്മാർ എന്ന പേര് വിളിക്കപ്പെ ടുന്ന നായർസമുദായപ്രതിനിധികളായിരുന്നു തറക്കൂട്ടങ്ങളെ നിയന്ത്രിച്ചിരുന്നത് എന്നും *ദേശം, കര, ഗ്രാമം* എന്നീ അർത്ഥങ്ങളുണ്ടായിരുന്നെന്നും ഗ്രാമങ്ങളെ തറ യെന്ന് പറഞ്ഞിരുന്നെന്നും കേരളചരിത്രത്തിലുള്ളതായി ലെക്സിക്കനിലും പരാ മർശിക്കുന്നുണ്ട് (1988; 229, വാല്യം 6).

*Ground, A small district* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് തറയ്ക്ക് നൽകിയിട്ടുള്ളത് (1962:424). പുരാതനകേരളത്തിൽ ഏർപ്പെടുത്തിയിരുന്ന *ദേശവിഭ ജനത്തിലെ ഏറ്റവും ചെറിയ ഘടകം, സ്ഥലം, ഭൂമി, ദേശം, നാട്, അസ്തിവാരം, കുടിൽ* എന്നുമാണ് തറയ്ക്ക് ശബ്ദതാരാവലിയിലെ അർത്ഥം (2015:921). *സ്ഥലം, അടിത്തറ* എന്നീ അർത്ഥങ്ങൾക്ക് ഗുണ്ടർട്ട്നിഘണ്ടുവിൽ മുൻഗണന നൽകിയതി നാൽ അദ്ദേഹത്തിന്റെ കാലത്തേ ഈ അർത്ഥങ്ങൾക്ക് പ്രാധാന്യം ഉണ്ടായിരുന്ന തായി മനസ്സിലാക്കാം. ഭാഷയിലെ നിഘണ്ടുക്കൾ പഴയ അർത്ഥത്തിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പഴയ അർത്ഥത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടെ ങ്കിലും പുതിയ മറ്റൊരർത്ഥം കൂടി 'തറ' എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നുണ്ട്. വാമൊഴിയിൽ 'അവൻ തറയാണ്' എന്ന പ്രയോഗം *മോശക്കാരൻ* എന്നാണർത്ഥമാ ക്കുന്നത്. ഏറ്റവും താഴെയുള്ളത് എന്ന ഉദ്ദേശത്തിലാണ് ഈ പദത്തിന് പുതിയ അർത്ഥം ലഭിച്ചിട്ടുള്ളത്.

**പീഡനം**

നിഘണ്ടുക്കളിൽ *വേദന, അടിച്ചമർത്തൽ, ദേശഗ്രാമദികൾക്ക് ഉപദ്രവം, നശിപ്പിക്കൽ, നൊമ്പരം* തുടങ്ങിയ അർത്ഥങ്ങളാണ് ഈ പദത്തിനുള്ളത്. *Pressing, pain, oppression* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയത്. ഭാഷ യിൽ പീഡനത്തിന് *ലൈംഗികാതിക്രമം* എന്നാണ് അർത്ഥമാക്കുന്നത്. ലൈംഗികാ

തിക്രമത്തെയാണ് പീഡനം എന്നു പറയുന്നത്. മാനസികമായി ഉപദ്രവിക്കുന്ന തിന് 'മാനസികപീഡനം' എന്ന് വ്യവച്ഛേദിച്ച് തന്നെ പറയുന്നു.

**മന്ത്രി**

*Counselor, minister* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962:719). *രാജ്യകാര്യസംബന്ധമായി രാജാവിനെ ഗുണദോഷിക്കുന്നയാൾ (മന്ത്രിക്കുന്നവൻ, സ്വകാര്യം പറയുന്നവൻ എന്നർത്ഥം), ചതുരംഗത്തിലെ ഒരു കരു, ആലോചനക്കാരൻ, മന്ത്രവാദി, വശീകരിക്കുന്നുവൻ* എന്നിവയാണ് ശബ്ദതാരാവലിയിലെ അർത്ഥങ്ങൾ (2015:1286). *രാജാവിന്റെ രാഷ്ട്രീയോപദേഷ്ടാവ്* എന്ന അർത്ഥം തന്നെയാണ് അഭിനവമലയാളനിഘണ്ടുവും നൽകുന്നത് (1977: 516). കേരളഭാഷാനിഘണ്ടുവിൽ മാത്രമാണ് അൽപ്പം വ്യത്യാസത്തോടെ അർത്ഥവിവരണം നൽകിയിരിക്കുന്നത്. *(രാജഭരണം നിലവിലിരുന്ന കാലത്ത്) രാജ്യകാര്യസംബന്ധമായി രാജാവിനെ ഗുണദോഷിക്കുന്നയാൾ* എന്നും *രാജ്യഭരണം നടത്തുന്നയാൾ* എന്നും അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. *ചതുരംഗത്തിലെ ഒരു കരു, ആലോചനക്കാരൻ, മന്ത്രവാദി, വശീകരിക്കുന്നവൻ* എന്നീ അർത്ഥങ്ങൾ കൂടി നൽകുന്നുണ്ട്. രാജഭരണം നിലവിലുണ്ടായിരുന്ന കാലത്ത് രാജാവിന്റെ ഉപദേഷ്ടാവായിരുന്നു മന്ത്രി. നാം വായിക്കുന്ന കഥകളിൽ കാണുന്നത് ഈ അർത്ഥത്തിലാണ്. എന്നാൽ ജനാധിപത്യം ആരംഭിച്ച ശേഷം ജനങ്ങൾ വോട്ട് ചെയ്ത് അവരുടെ കാര്യങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധിയാണ് മന്ത്രി. 'മുഖ്യമന്ത്രി', 'പ്രധാനമന്ത്രി', 'വകുപ്പ് മന്ത്രിമാർ' ഇവരെല്ലാം ജനപ്രതിനിധികളാണ്. മുഖ്യമന്ത്രി സംസ്ഥാനത്തിന്റെയും പ്രധാനമന്ത്രി രാഷ്ട്രത്തിന്റെയും ചുമതല വഹിക്കുന്നവരാണ്. മലയാളനിഘണ്ടുക്കളിൽ കേരളഭാഷനിഘണ്ടുവിലൊഴികെ മറ്റൊന്നിലും മുഖ്യമന്ത്രി, പ്രധാനമന്ത്രി എന്നീ ലേഖകങ്ങൾ നൽകിയിട്ടില്ല. മുഖ്യം എന്നതിന് *പ്രധാനം* എന്ന അർത്ഥം കൊടുത്തിട്ടുണ്ടെങ്കിലും ഇവ ഇന്ന് രണ്ട് തരത്തിൽ തന്നെ വ്യവഹരിക്കപ്പെടുന്നവയാണ്. പച്ചമലയാളനിഘണ്ടുവിൽ മന്ത്രി

യെന്ന ലേഖകം കൊടുത്തിട്ടില്ല. ശബ്ദതാരാവലിയുടെ രചനാകാലത്ത് രാജഭരണം തന്നെയായിരുന്നു. ശബ്ദതാരാവലി പരിഷ്കരിക്കുമ്പോൾ ധാരാളം പുതുപദങ്ങളെ ചേർക്കാറുള്ളതിനാൽത്തന്നെ ഭാഷയിൽ നിത്യോപയോഗത്തിലുള്ള ഇത്തരം പദങ്ങളെ ലേഖകങ്ങളായി നൽകാതിരിക്കുന്നത് ശബ്ദതാരാവലിയുടെ പരിഷ്കരണത്തിന്റെ പോരായ്മ തന്നെയാണ്. എന്നാൽ അഭിനവമലയാളനിഘണ്ടുവിന്റെ രചനാകാലത്ത് ജനാധിപത്യവ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും ശബ്ദതാരാവലിയെ അനുകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. കേരളഭാഷാനിഘണ്ടുവിൽ മാത്രമാണ് മുഖ്യമന്ത്രിയെന്ന ലേഖകം നൽകിയിട്ടുള്ളത്. *മന്ത്രിമാരിൽ പ്രധാനി* എന്ന അർത്ഥം നൽകുന്നതോടൊപ്പം വിശദീകരണവും കൊടുത്തിട്ടുണ്ട്. *ഭരണത്തിൽനിലവിലുള്ള വഴക്കമനുസരിച്ച് സംസ്ഥാനമന്ത്രിമാരിൽ പ്രധാനിയെ കുറിക്കുന്ന സാങ്കേതികപദം. കേന്ദ്രമന്ത്രിമാരിൽ പ്രധാനിയെ പ്രധാനമന്ത്രിയെന്നും സംസ്ഥാനത്തിലെ മന്ത്രിമാരിൽ പ്രധാനിയെ മുഖ്യമന്ത്രി* എന്നും പറയുന്നു (1997: 1200).

**മിക്ക**

ഈ ലേഖകം ഗുണ്ടർട്ട് നൽകിയിട്ടില്ല. പ്രാചീനകൃതികളിലെല്ലാം തന്നെ ഈ പദം *മികച്ചത്* എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

''തുണയെനിക്കതിനു മിക്കവരുമുൾക്കനമേറ-
ച്ചുരുങ്കിനോരകുതിയെന്ററിഞ്ഞു നല്ലവരെല്ലാം'' (രാമചരിതം)

''കാന്തിയും ചെൽവവും
മിക്ക കാന്തളൂർ ചേലകാണലാം'' (അനന്തപുരവർണനം)

''തണ്ടാർമാതാണ്ടഴകുപൊഴിയും
മിക്കമുണ്ടക്കൽമേവുമുണ്ണുനീലി'' (ഉണ്ണുനീലിസന്ദേശം)

''കാടുകാട്ടിച്ചിലമിരികവും മിക്ക കാക്കത്തിരുത്തി
ത്തോടും പിന്നിട്ടതായ തിരുപ്പോർക്കളം കണ്ടുകണ്ട്'' (കോകസന്ദേശം)

*ഏറിയകൂറും, മിക്കവാറും, ഭാഗികമായി* എന്നീ അർത്ഥങ്ങളാണ് ഇപ്പോൾ 'മിക്ക' പ്രദാനം ചെയ്യുന്നത്. *ശ്രേഷ്ഠം, മികച്ചത്* എന്നീ അർത്ഥങ്ങളിൽ ഈ പദത്തിന് ഭാഷയിൽ ഇപ്പോൾ പ്രയോഗമില്ല. ശബ്ദതാരാവലിയിൽ *മികച്ച* എന്ന അർത്ഥമാണുള്ളത്. കേരളഭാഷാനിഘണ്ടുവിലും അഭിനവമലയാളനിഘണ്ടുവിലും മിക്ക *മികച്ചത്* തന്നെ. പച്ചമലയാളനിഘണ്ടുവിൽ *പൂർണമായ* എന്ന അർത്ഥത്തിനു പുറമെ *മിക്കവാറുമുള്ള, അധികഭാഗവും, പകുതിയിലധികവും* എന്നീ അർത്ഥങ്ങൾ കൂടി നൽകിയിട്ടുണ്ട്.

ഇതുവരെ നൽകിയ ഉദാഹരണങ്ങൾ ചിലത് മാത്രമാണ്. ഇത്തരത്തിലുള്ള മുഴുവൻ പദങ്ങളെയും വിവരിക്കുക എന്നത് ഈ പ്രബന്ധത്തിൽ ദുഷ്കരമാണ്. എന്നാൽ നാം നിത്യേന ഉപയോഗിക്കുന്ന നിരവധി പദങ്ങളുടെ പുതിയ അർത്ഥത്തെ നിഘണ്ടുക്കൾ കൂടുതൽ ഗൗനിക്കേണ്ടതായിരുന്നു.

'അടിപൊളിയ്ക്ക്' *കേമം, ഗംഭീരം* എന്നീ അർത്ഥങ്ങൾ നൽകുന്ന ശബ്ദതാരാവലി പല ക്രിയാപദങ്ങളുടെയും അർത്ഥവികാസത്തെ പരിഗണിച്ചിട്ടില്ല. ക്രിയകൾക്കു വന്ന പുതിയ അർത്ഥത്തെ ശബ്ദതാരാവലിയും തുടർന്നുണ്ടായ നിഘണ്ടുക്കളും രേഖപ്പെടുത്തിയിട്ടില്ല. കത്തി, പാര, തണ്ട്, ചളി, കഞ്ഞി തുടങ്ങിയ വിശേഷണപദങ്ങളുടെ പുതിയ അർത്ഥത്തെയും നിഘണ്ടുക്കൾ രേഖപ്പെടുത്തേണ്ടതാണ്. വാമൊഴിയിൽ മാത്രം പുതിയ അർത്ഥത്തോടെ പ്രയോഗിക്കപ്പെട്ടിരുന്ന ഈ പദങ്ങൾ ഭാഷയിൽ പുതിയ അർത്ഥത്തിൽ ഇന്നും സജീവമാണ്. അതോടൊപ്പം ഭാഷയിലുണ്ടാകുന്ന പുതുപദങ്ങളെയും നിഘണ്ടുക്കൾ രേഖപ്പെടുത്തേണ്ടതുണ്ട്.

### 4.3. അർത്ഥമാറ്റത്തെ വിവിധതരത്തിൽ രേഖപ്പെടുത്തിയവ

പുതിയ അർത്ഥത്തെ നിഘണ്ടുക്കൾ പരിഗണിക്കുമ്പോൾത്തന്നെ എല്ലാ നിഘണ്ടുക്കളിലും ഒരേ രീതിയിലുള്ള അർത്ഥവിവരണം കാണുന്നില്ല. ശബ്ദതാരാവലിയിൽ പുതിയ അർത്ഥത്തെ പരിഗണിക്കുമ്പോൾ മറ്റ് നിഘണ്ടുക്കളിൽ അവയെ പരിഗണിക്കാതിരിക്കുന്നതും ശബ്ദതാരാവലി പരിഗണിക്കുന്ന അർത്ഥത്തെ മറ്റു

ള്ളവ തിരസ്കരിക്കുന്നതും കാണാം. നിഘണ്ടുക്കളുടെ കാലക്രമേണയുള്ള പരിഷ്കരണത്തിന്റെ പോരായ്മയായാണ് ഇതിനെ വിലയിരുത്തുന്നത്.

**അച്ചി**

*അമ്മ, നായർസ്ത്രീ, മൃഗങ്ങളിലെ സ്ത്രീലിംഗം (female of animals)* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് 'അച്ചി'ക്ക് നൽകിയത്. 'അച്ചികടിച്ച പുല്ല് കുട്ടിയും കടിയ്ക്കും' എന്ന പഴഞ്ചൊല്ലും ഉദാഹരണമായി നൽകിയിട്ടുണ്ട് (1962: 36).

അച്ചിയ്ക്ക് അമ്മയെന്നല്ല, *ഭാര്യ*യെന്നാണർത്ഥമെന്ന് പി.എം. ജോസഫ് ചൂണ്ടിക്കാണിക്കുന്നുണ്ട് (1984: 186). അച്ചിയെന്ന ശബ്ദം ബഹുമാനസൂചകമായി ആദ്യം ദേവദാസികൾക്കും പിന്നീട് നായർസ്ത്രീകൾക്കും ഉപയോഗിച്ചിരുന്നു. അച്ചിയാർ ദേവദാസിയും അച്ചിക്കുറുപ്പ് ദേവദാസികളുടെ മേൽനോട്ടം വഹിക്കുന്നയാളുമായിരുന്നു. പിന്നീട് *സ്ത്രീ, ഭാര്യ* എന്നീ അർത്ഥങ്ങൾക്ക് പ്രാമുഖ്യം ലഭിച്ചതായി കാണാൻ സാധിക്കും. *സ്ത്രീ, ഭാര്യ, കൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലും മറ്റും അടിച്ചു തളിക്കുന്നവൾ, വയസ്സിന് മൂത്തവൾ, അമ്മ* എന്നീ അർത്ഥങ്ങളാണ് പത്മനാഭപിള്ള നൽകുന്നത് (2015:67). 'പുത്തനച്ചി പുരപ്പുറം തൂത്തുവാരും' എന്ന പഴഞ്ചൊല്ലിൽ അച്ചിക്ക് *ഭാര്യ, സ്ത്രീ* എന്നീ അർത്ഥങ്ങൾ തന്നെയാണ്. ഉണ്ണിയച്ചി, ചെറിയച്ചി തുടങ്ങിയ കഥാപാത്രങ്ങളിൽനിന്ന് *നായർസ്ത്രീ* എന്ന അർത്ഥത്തിന് പ്രാധാന്യമുണ്ടായിരുന്നെന്ന് മനസ്സിലാക്കാം. നായർസ്ത്രീകളുടെ പേരുകളോട് ചേർത്ത് ബഹുമാനസൂചകമായി പണ്ട് പ്രയോഗിച്ചിരുന്ന ശബ്ദമാണ് അച്ചിയെന്ന് ഗുപ്തൻനായരും ചൂണ്ടിക്കാണിക്കുന്നുണ്ട് (1997:29). *നായർസ്ത്രീ* എന്ന അർത്ഥത്തിനാണ് നിരുക്തനിഘണ്ടുവും പ്രാധാന്യം നൽകുന്നത്. കന്നടത്തിൽ *അമ്മ* എന്ന അർത്ഥമുണ്ടെന്ന സൂചനയും നൽകുന്നു (ബെറോ, എമിനോ, 1966: 5). മലയാളമഹാനിഘണ്ടുവിലും അച്ചി *സ്ത്രീയും അമ്മയു*മാണ്. അച്ചിക്കൊതിയൻ എന്നപദം *സ്ത്രീജിതൻ, പെൺകൊതിയൻ* എന്നീ അർത്ഥത്തിൽ ഭാഷയിൽ രൂഢി

യായിത്തീർന്നിട്ടുണ്ട്. കുഞ്ചൻനമ്പ്യാരുടെ ''അച്ചിക്ക് ദാസ്യപ്രവൃത്തിചെയ്യുന്നവൻ കൊച്ചിക്ക് പോയങ്ങ് തൊപ്പിയിട്ടീടണം'' എന്ന വരികളിൽ അച്ചി ഭാര്യയാണ്. *അമ്മ, ഭാര്യ, സ്ത്രീ, ദാസി, വയസ്സിന് മൂത്തവൾ* എന്നീ അർത്ഥങ്ങൾ അഭിനവമല യാളനിഘണ്ടുവിൽ നൽകിയിട്ടുണ്ട് (1977: 70). ഭാഷയിൽ ഇളയച്ചി, മൂത്തച്ചി എന്നീ പ്രയോഗങ്ങളിലെല്ലാം *സ്ത്രീ* എന്ന അർത്ഥത്തിൽ ഈ പദം ഇപ്പോഴും പ്രയോഗ ത്തിലുണ്ട്. അർത്ഥമാറ്റത്തെ നിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും *സ്ത്രീ* എന്ന അർത്ഥത്തിൽ മാത്രമാണ് ഈ പദത്തിന് ഭാഷയിൽ ഇന്ന് വ്യവഹാരം.

**അച്ച്**

രൂപങ്ങൾ അച്ചടിക്കാനുള്ള മാതൃകയാണ് അച്ച്. അച്ചിന് ഗുണ്ടർട്ട് *Sign, type, mould* എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ട്നിഘണ്ടുവിൽ കാണുന്നുണ്ട് (1962:36). അച്ചടിക്കുക എന്നതിന് *print, stamp*എന്നീ അർത്ഥങ്ങളും നൽകിയിട്ടുണ്ട്. അച്ചിന് *സ്വർണനാണയ*മെന്ന അർത്ഥമാണ് ആദ്യകാലത്തുണ്ടായിരുന്നത് എന്ന് ഇളംകുളം കുഞ്ഞൻപിള്ള 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിൽ വ്യക്തമാക്കുന്നുണ്ട്. 'ഭാഷാകൗടലീയ'ത്തിലെ ''ഹിരണ്യമാവിനു അച്ചടിക്കുമവു. അച്ചു പിഴൈക്കടിക്കുമവുമുറപ്പിപ്പതു. അച്ചുതപ്പുകൊണ്ടുവരുമവനുക്കു പൂർവ്വസാ ഹസദണ്ഡം''എന്ന ഉദ്ധരണി അദ്ദേഹം ഉദാഹരണമായി നൽകുന്നു (1969: 135). സ്വർണനാണയമടിക്കുന്നതിനെയാണ് അച്ചടിക്കുക എന്ന് പറഞ്ഞിരുന്നത്. അക്കാ ലത്ത് കൃതികൾ അച്ചടിക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നില്ല. 'അച്ചുതപ്പ്' എന്ന പദവും *നാണയം* എന്ന അർത്ഥവുമായി ബന്ധപ്പെട്ടുതന്നെയാണ് നിലനിന്നിരുന്ന ത്.

'അച്ചി'ന്റെ അർത്ഥമാറ്റത്തെക്കുറിച്ച് പി.എം. ജോസഫ് അഭിപ്രായപ്പെടുന്നു ണ്ട്. ''പൗരാണികഭാരതത്തിൽ ചെമ്പ്, വെള്ളി, സ്വർണം ഇവ തകിടുകളാക്കി മുറിച്ച് ഏകരൂപമാക്കിയാണ് നാണയം നിർമ്മിച്ചിരുന്നത്. അതിൽത്തന്നെ പഞ്ച്

എന്ന് പറയുന്ന അടയാളം ഇട്ടുതുടങ്ങിയതാണ് നാണയനിർമ്മിതയിലെ അടുത്ത ഘട്ടം. രൂപം കൊത്തിയതാണ് രൂപ്യകം. പഞ്ചടയാളമിട്ട നാണയത്തിന് എന്ന പോലെ തന്നെ അച്ചടിച്ച നാണയത്തിനും അച്ച് എന്ന പേര് വന്നിരിക്കാം. രൂപത്തിന്റെ സ്വഭാവം കൂടി വ്യക്തമാകുന്ന അഴകച്ച്, ആനയച്ച് ഇത്യാദി നാണയസംജ്ഞകൾ ഉദാഹരണം. ക്രമേണ നാണയത്തിന്റെ പേര് അച്ച് എന്ന് മാത്രമായി. അച്ചുവരി കൊത്തിയുണ്ടാക്കുന്ന ടൈപ്പുകൾക്കും അച്ച് എന്ന് പേരായി'' (1984: 168). 'ഉണ്ണിച്ചിരുതേവീചരിത'ത്തിൽ അച്ച് എന്നതിന് 'പകിട' എന്ന അർത്ഥമുണ്ട്. അച്ചാടുക എന്നാൽ പകിടകളിക്കുകയാണ്. ''തമ്പാൻ മകളരുമച്ചാടിയുമിന്റ്'' (ഗോപിനാഥൻ നായർ, വ്യാഖ്യാ. 2005: 85) എന്ന പ്രയോഗം ഉദാഹരണം.

പതിനേഴാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് അക്ഷരങ്ങൾ വാർത്തുണ്ടാക്കിയ രൂപങ്ങളെ കടലാസിൽ പതിപ്പിച്ചെടുത്ത് അച്ചടിക്കാൻ തുടങ്ങിയത്. *അക്ഷരം കൊത്തിയിട്ടുള്ള ആണി* എന്നാണ് ശബ്ദതാരാവലിയിൽ അച്ചിന് അർത്ഥം നൽകിയത്. തുടർന്ന് *പന്ത്രണ്ടാംശതകത്തിലെ ഒരു പഴയനാണയം (അഴകച്ച്), കടച്ചിൽയന്ത്രം, രൂപങ്ങൾ അച്ചടിച്ചെടുക്കുന്ന മാതൃക, നാണയമടിക്കുന്ന ഉപകരണം, സർക്കാർ മുദ്ര, കരു, മൂശ, നെയ്യുമ്പോൾ നൂല് അടുപ്പിക്കാനുള്ള ഉപകരണം* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത് (2015: 67). ലെക്സിക്കനിൽ എത്തുമ്പോൾ *കരു, മാതൃക* എന്നീ അർത്ഥങ്ങൾ പ്രാഥമികമായി നൽകുന്നുണ്ടെങ്കിലും അച്ചടിക്കുക എന്ന പദത്തിന്റെ അർത്ഥവിവരണത്തിൽ കാര്യമായ മാറ്റമൊന്നുമില്ല. 'അച്ചടിക്കുക' നാണയമടിക്കുക തന്നെയാണ് (1965:202, വാല്യം 1). അഭിനവമലയാളനിഘണ്ടുവിൽ അച്ച് എന്നതിന് സ്വരം എന്ന അർത്ഥം ആദ്യമായി നൽകുകയും *അച്ചുതണ്ട്, കടച്ചിൽയന്ത്രം, തേരിന്റെ അച്ചാണി, അക്ഷരങ്ങൾ കൊത്തീട്ടുള്ള ആണി, രൂപങ്ങൾ അച്ചടിച്ചെടുക്കുന്ന മാതൃക, പന്ത്രണ്ടാംശതകത്തിലെ ഒരു പഴയനാണയം* എന്നീ അർത്ഥങ്ങൾ പിന്നീട് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. അച്ചടിക്കുക എന്നത് അച്ച് പതിപ്പിച്ചെടുക്കലുമാണ് (1977: 67).

ആധുനികയുഗത്തിൽ അച്ചടി കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്നതി നാൽത്തന്നെ അച്ച് അക്ഷരങ്ങൾ കൊത്തിയെടുത്ത ആണിയല്ല. അച്ച് എന്നതിന് ലെക്സിക്കനിൽ നൽകിയ *കരു, മൂശ* എന്നീ അർത്ഥത്തെ പ്രാഥമികാർത്ഥമായി സ്വീകരിക്കേണ്ടിവരുന്നു ഇന്ന്. അച്ചടി എന്നാൽ പുസ്തകങ്ങളുടെ പ്രിന്റിങ്ങാണ്. ഭാഷയിലെ എല്ലാ നിഘണ്ടുക്കളിലും അച്ചിന് *അക്ഷരങ്ങളുടെയോ രൂപങ്ങളു ടെയോ മാതൃകയിൽ കൊത്തിയ ലോഹഖണ്ഡം* എന്ന അർത്ഥമാണ് നൽകിയിരി ക്കുന്നത്. 'അച്ചടിക്കുക' എന്നതിന് *രൂപങ്ങളും അക്ഷരങ്ങളും വാർത്തെടുത്ത കരുക്കളുടെ സഹായത്തോടെ കടലാസിലും തുണിയിലും മറ്റും പതിപ്പിക്കുക* എന്നുമാണ് അർത്ഥം. അച്ചിന് ഗുണ്ടർട്ട് നൽകിയ അർത്ഥം ഇന്നും ഭാഷയിൽ പ്രസക്തിയുള്ളതാണ്. 'അച്ചിന്റെ' മാറിയ അർത്ഥത്തെ നിഘണ്ടുക്കൾ രേഖപ്പെടു ത്തുന്നുണ്ടെങ്കിലും അച്ചടിയുടെ മാറിയ അർത്ഥത്തെ ഒരു നിഘണ്ടുവിലും രേഖ പ്പെടുത്തിക്കാണുന്നില്ല.

**അത്താണി**

പ്രാകൃതത്തിൽ *സഭാസ്ഥാനം* എന്ന അർത്ഥത്തിലുണ്ടായിരുന്ന പദമാണി തെന്ന് 'പരകീയപദങ്ങൾ മലയാളത്തിൽ' എന്ന കൃതിയിൽ സൂചിപ്പിക്കുന്നുണ്ട് (ജോസഫ്, 1984: 155). സംസ്കൃതത്തിൽ ഈ പദം *ആസ്ഥാനമണ്ഡപം* എന്ന അർത്ഥത്തിലാണ് പ്രയോഗിക്കപ്പെടുന്നതും. ഭാഷയിൽ അർത്ഥവികാസം സംഭവി ച്ച പദമാണിതെന്ന സൂചന ശബ്ദതാരാവലിയിൽ നൽകുന്നുണ്ട്. 'നളചരിതംതുള്ള ലി'ലെ 'നറുമലർ വിലസിന പൂങ്കാവുകളും തറകളുമന്തണമത്താണികളും' എന്ന വരികൾ ഉദാഹരണമായി നൽകുന്നു (2015: 99). ശബ്ദതാരാവലിയിൽ *ചുമടു താങ്ങി* എന്ന അർത്ഥത്തിനാണ് പ്രാധാന്യം കൽപിച്ചിരിക്കുന്നതും. അർത്ഥവികാ സമല്ല, അർത്ഥാദേശം തന്നെയാണ് ഈ പദത്തിന് സംഭവിച്ചിട്ടുള്ളത്. *ചുമടുതാങ്ങി* എന്ന അർത്ഥത്തിൽ രൂഢിയായിട്ടുണ്ട് ഭാഷയിൽ ഈ പദം. ചുമടുമായി വരുന്നവർക്ക് ഭാരം ഇറക്കിവെക്കാനായി വഴിയിൽ ഉണ്ടാക്കിയിരുന്ന

കൽത്തൂണുകളായിരുന്നു അത്താണികൾ. അത്താണികൾ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങൾക്ക് അതുമായി ബന്ധപ്പെട്ട സ്ഥലപേരുകൾ കേരളത്തിൽ ധാരാളമുണ്ട്. രണ്ടത്താണി, കരിങ്കല്ലത്താണി, അത്താണിക്കൽ എന്നിവ ഉദാഹരണം. *Assembly* എന്ന അർത്ഥത്തിലുണ്ടായിരുന്ന ഈ പദത്തിന് *ചുമടുതാങ്ങി* എന്നാണർത്ഥമെന്ന് ലെക്സിക്കനിലും വിശദമാക്കിയിട്ടുണ്ട് (1965: 245, വാല്യം 1). *ചുമടുതാങ്ങി* എന്ന അർത്ഥത്തിൽനിന്നും വികസിച്ച്, *ആശ്വാസം* എന്ന അർത്ഥത്തിൽക്കൂടി ഈ പദത്തിന് ഇപ്പോൾ പ്രയോഗമുണ്ട്. *ചുമട് താങ്ങുന്നതിനായി റോഡരികിലും മറ്റും നിർമ്മിക്കുന്ന കൽക്കെട്ടാണ് അത്താണി* എന്ന് അഭിനവമലയാളനിഘണ്ടുവും രേഖപ്പെടുത്തുന്നു (1977: 103). ഗുണ്ടർട്ട് *porter's rest* എന്ന അർത്ഥമാണ് നൽകിയിരുന്നത്. 'അത്താണി കാണുക' എന്നതിന് *ആശ്വാസം കാണുക* എന്നാണർത്ഥം. അത്താണിക്ക് *താങ്ങായുള്ളവൻ* എന്ന അർത്ഥംകൂടി പച്ചമലയാളനിഘണ്ടുവിൽ നൽകിയിട്ടുണ്ട് (2016: 41). എന്നാൽ കേരളഭാഷാനിഘണ്ടുവിൽ *ചുമടുതാങ്ങി* എന്ന അർത്ഥം മാത്രമേ നൽകിയിട്ടുള്ളൂ.

**അധികരിക്കുക**

*എന്തിനെയെങ്കിലും കുറിച്ച്, ആധാരമാക്കി* എന്നീ അർത്ഥങ്ങളിൽ പ്രയോഗിച്ചിരുന്ന ഈ പദം *അധികമായി* എന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗിച്ചുകാണുന്നുണ്ട്. 'അസുഖം അധികരിച്ചു' എന്ന് പ്രയോഗിക്കുന്നത് ഉദാഹരണം. ഈ പദത്തിന് നിഘണ്ടുക്കളിൽ നൽകിയ അർത്ഥങ്ങൾ താഴെ കൊടുക്കുന്നു.

ഗു.നി. - *To have power, Put into office* (1962: 49).

ശ.താ. - *അടിസ്ഥാനപ്പെടുത്തുക,വിഷയമാക്കുക,പരാമർശിക്കുക, മേൽനോട്ടം വഹിക്കുക, അധികാരം നടത്തുക* (2015: 108).

മ.ലെ. - *ആധാരമാക്കുക, ആസ്പദമാക്കുക, പരാമർശിക്കുക, മേൽനോട്ടം വഹിക്കുക* (1965: 228, വാല്യം 2).

അ.മ.നി. - *അധികാരപ്പെടുത്തുക, കീഴടക്കുക* (1977: 114).

അധികശബ്ദത്തോട് സംബന്ധമില്ലാത്തതിനാലും അധികപ്പെടുക എന്ന ശരിയായ രൂപംകൊണ്ട് തൃപ്തിപ്പെടാവുന്നതിനാലും *അധികമാവുക* എന്ന അർത്ഥത്തിൽ ഈ പദം സ്വീകാര്യമല്ല എന്ന് ഏ.ആർ. 'സാഹിത്യസാഹ്യ'ത്തിൽ വ്യക്തമാക്കുന്നുണ്ട് (1989:172). ഈ പദത്തിന് അധികാരവുമായാണ് ബന്ധമെന്നും *അധികമാവുക* എന്ന അർത്ഥം തെറ്റാണെന്നും ഉള്ള സൂചന ശബ്ദതാരാവലി യിലും ലെക്സിക്കനിലും അഭിനവമലയാളനിഘണ്ടുവിലുമെല്ലാം നൽകിയിട്ടുണ്ടെ ങ്കിലും പച്ചമലയാളനിഘണ്ടുവിൽ *വർദ്ധിക്കുക, അധികമാവുക* എന്നീ അർത്ഥ ങ്ങൾ മാത്രമേ ഈ പദത്തിന് നൽകിയിട്ടുള്ളൂ (2016: 43). അതായത് തെറ്റാണെന്ന് മറ്റ് നിഘണ്ടുക്കൾ സമ്മതിക്കുന്ന അർത്ഥത്തെ ഭാഷയിൽ കൂടുതലായും പ്രയോഗി ക്കപ്പെടുകയും രൂഢീയായിത്തീരുകയും ചെയ്തിട്ടുണ്ട് എന്നാണ് പച്ചമല യാളനിഘണ്ടു നൽകുന്ന സൂചന.

**അമളി**

അബദ്ധമെന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗിക്കപ്പെടുന്ന പദമാണ് അമ ളി. എനിക്കൊരു അമളി പറ്റി എന്ന് പറയാറുള്ളത് *അബദ്ധം പറ്റി* എന്ന അർത്ഥ ത്തിലാണ്. ഗുണ്ടർട്ട് അമളിയ്ക്ക് നൽകിയ അർത്ഥം *Bed (മെത്ത)* എന്നാണ് (1872:63). 'രാമചരിത'ത്തിലെ 'നല്ലമളിക്കുമേൽ അണൈന്തു പള്ളികൊണ്ടു' എന്ന ഉദാഹരണം ഗുണ്ടർട്ട് നൽകുന്നതുകൊണ്ട് 'രാമചരിത'കാലത്ത് *കിടക്ക* എന്ന അർത്ഥമുണ്ടായിരുന്നതായി മനസിലാക്കാവുന്നതാണ്. മലയാളംലെക്സിക്കനിലും 'അമളി'യ്ക്ക് *കിടക്ക* എന്ന അർത്ഥത്തിനാണ് പ്രധാന്യം നൽകിയിരിക്കുന്നത്. 'രാമചരിത'ത്തിലെയും മറ്റ് പ്രാചീനകാവ്യങ്ങളിലെയും ഉദാഹരണങ്ങൾ *കിടക്ക* എന്ന അർത്ഥത്തിലൂന്നുന്നു. ശബ്ദതാരാവലി മുതലുള്ള മറ്റു നിഘണ്ടുക്കൾ *ബഹ ളം, കുഴപ്പം, അബദ്ധം, ദുർഘടം, വൈഷമ്യം, തെറ്റ്, മണ്ടത്തരം, പരിഹാസ്യ സ്ഥിതി* എന്നീ അർത്ഥങ്ങൾക്ക് പ്രാധാന്യം നൽകുന്നു. *അബദ്ധംപറ്റുക* എന്ന അർത്ഥത്തിൽ പച്ചമലയാളനിഘണ്ടുവിൽ 'അമളിക്കുക', 'അമളിപിണയുക' എന്നീ

ലേഖകങ്ങളും നൽകിയിരിക്കുന്നു. *കിടക്ക* എന്ന അർത്ഥത്തിന് പകരം *അബദ്ധം* എന്ന അർത്ഥം ആദേശം ചെയ്ത പദമാണ് അമളി. കേരളഭാഷാനിഘണ്ടു *കിടക്ക* എന്ന അർത്ഥം നൽകിയിട്ടില്ല. പുതിയ അർത്ഥങ്ങൾക്കുമാത്രം പ്രാധാന്യം നൽകുകയാണ് ചെയ്തിട്ടുള്ളത്.

**അമാന്തം**

*അമളി* എന്ന അർത്ഥത്തിൽ ഗുണ്ടർട്ട് നൽകിയ പദമാണ് അമാന്തം. അമാന്തത്തിന് *Confusion* എന്നാണ് ഗുണ്ടർട്ട് നൽകുന്ന അർത്ഥം (1872: 65) 'അമാന്തപ്പെട്ടു' എന്നതിന് *was confused* എന്നും 'അമാന്തമായിപ്പോയി' എന്നതിന് *was disordered* എന്നും 'അമാന്തക്കാരൻ' എന്നതിന് *mischievous* എന്നും അർത്ഥം നൽകിക്കാണുന്നു. 'അമാന്തക്കൊടിമരം' എന്ന് വെൺമണിക്കവികളെ വിശേഷിപ്പിച്ചത് *അബദ്ധം* എന്ന അർത്ഥത്തിലായിരുന്നു. ശബ്ദതാരാവലി മുതലുള്ള നിഘണ്ടുക്കളിൽ *കാലതാമസം, ഉദാസീനത, കുഴപ്പം, കാര്യം നടത്താതെ ഇട്ടിഴപ്പ്, വിരളത* എന്നീ അർത്ഥങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. എല്ലാ ഭാഷാനിഘണ്ടുക്കളിലും *അമളി* എന്ന അർത്ഥവും കൂടെ നൽകുന്നുണ്ടെങ്കിലും ഗുണ്ടർട്ടിനു ശേഷം അമാന്തത്തിന് *വൈകുക* എന്ന അർത്ഥത്തിലാണ് പ്രയോഗം. പച്ചമലയാളനിഘണ്ടുവിൽ 'അമാന്തംവരുത്തുക' എന്നതിന് *വൈകിക്കുക* എന്നും 'അമാന്തക്കാരന്' *വളരെ സാവധാനത്തിൽ മാത്രം ജോലിയെടുക്കുന്നവൻ* എന്നും 'അമാന്തമാക്കുക' എന്നതിന് *താമസം വരുത്തുക* എന്നും അർത്ഥം നിൽകിയിരിക്കുന്നു. *അബദ്ധം* എന്ന അർത്ഥം ഇന്ന് ഈ പദത്തിനില്ല. എങ്കിലും ഈ അർത്ഥത്തെ പച്ചമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും അടയാളപ്പെടുത്തിയിട്ടില്ല.

**അമ്പലം**

അമ്പലത്തിന് *A place devoted for public use, assemblies etc* എന്നും *ക്ഷേത്രം* എന്നും അർത്ഥങ്ങൾ ഗുണ്ടർട്ട് നൽകുന്നുണ്ട് (1962: 67). ഈ പദത്തന്

*പൊതുജനങ്ങൾക്ക് സമ്മേളിക്കുവാനുള്ള സ്ഥലം* എന്ന അർത്ഥമാണുണ്ടായിരുന്ന തെന്നും കേരളഭാഷയിൽ ആദ്യകാലത്ത് *ഊർക്കൂട്ടങ്ങളുടെ സമ്മേളനസ്ഥലം* എന്നേ അർത്ഥമുണ്ടായിരുന്നുള്ളൂ എന്നും പി.എം. ജോസഫ് അഭിപ്രായപ്പെടു ന്നുണ്ട് (1984: 194). ഈ അർത്ഥത്തിന്റെ പ്രാധാന്യം നഷ്ടപ്പെട്ടതായി ഭാഷയിലെ നിഘണ്ടുക്കൾ പരിശോധിച്ചാൽ മനസിലാകും. *ക്ഷേത്രം, ഹിന്ദുക്കൾ വിഗ്രഹാരാ ധന നടത്തുന്ന സ്ഥലം, യാത്രക്കാർക്ക് വിശ്രമിക്കാനായി വഴികളിൽ ഉണ്ടാക്കിയി ട്ടുള്ള കെട്ടിടം, ചന്ത, ഗ്രാമസഭ* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ നൽകിയിരിക്കുന്നത് (2015: 180). *അമ്പുന്നിടം* അഥവാ *ദേവൻ കുടികൊള്ളുന്നിടം* എന്ന അർത്ഥമാണ് ലെക്സിക്കനിൽ നൽകിയിട്ടുള്ളത്. *വഴിയമ്പലം, ഗ്രാമസഭ* എന്നിവ അർത്ഥവികാസമാണെന്ന് ലെക്സിക്കനിൽ സൂചിപ്പിക്കുന്നു. എന്നാൽ *വഴിയമ്പലം* എന്ന അർത്ഥം ആദ്യമേ ഉള്ളതായിരുന്നു എന്നതിന് ഗുണ്ടർട്ട്നിഘ ണ്ടു തെളിവ് നൽകുന്നുണ്ട്. *ഹിന്ദുക്കൾ വിഗ്രഹാരാധന നടത്തുന്ന സ്ഥലം* എന്ന അർത്ഥത്തിനാണ് പ്രാധാന്യം എന്നതിന് തെളിവാണ് തുടർന്നുവന്ന *നിഘണ്ടു ക്കൾ. വഴിയമ്പലം, ഗ്രാമസഭ, ചന്ത* എന്നീ അർത്ഥങ്ങൾ ലുപ്തപ്രചാരമായിത്തീരു കയാണുണ്ടായത്.

**അറം**

ധർമ്മാർത്ഥകാമങ്ങളുമായി ബന്ധപ്പെടുത്തി മുപ്പാൽ എന്ന സങ്കൽപ്പം തമി ഴ്നാട്ടിലെ നിത്യജീവിതത്തിന്റെ ഭാഗമായി ഉണ്ടായിരുന്നു. അറം, പൊരുൾ, ഇമ്പം എന്നിവയാണവ. ഇവ യഥാക്രമം ധർമ്മത്തിന്റെയും അർത്ഥത്തിന്റെയും കാമത്തി ന്റെയും പ്രതീകമാണ്. അർഹപദത്തിന്റെ തത്ഭവമാണ് അറം എന്ന് എം.പി.ശങ്കു ണ്ണിനായർ അഭിപ്രായപ്പെടുന്നുണ്ട് (1974: 377). ഇല്ലറം (ഗൃഹസ്ഥധർമ്മം), തുറ വറം (സന്യാസിധർമ്മം) എന്നിടങ്ങളിൽ അറത്തിന് *അതിന്നർഹമായ പ്രവൃത്തി/ധർമ്മം* എന്നായിരുന്നു അർത്ഥമെന്നു കൂടി അദ്ദേഹം രേഖപ്പെടുത്തുന്നു ണ്ട്. ഈ പദം ബുദ്ധമതം വഴി വന്നതാവാമെന്നും 'അർഹൻ' ബുദ്ധന്റെ പര്യായമാ

ണെന്നും സംഘസാഹിത്യത്തിൽ അറവോൻ എന്ന് ബുദ്ധനെ പരാമർശിക്കുന്നു ണ്ടെന്നുകൂടി അദ്ദേഹം സൂചിപ്പിക്കുന്നു. *ബുദ്ധധർമ്മം* എന്ന അർത്ഥത്തിലായി രുന്നു ഈ പദത്തിന് ആദ്യകാലത്ത് പ്രചാരം ലഭിച്ചിരുന്നത്. *ധർമ്മം* എന്ന അർത്ഥം തന്നെയാണ് ഗുണ്ടർട്ട് ഈ പദത്തിന് നൽകിയിട്ടുള്ളത്. 'രാമചരിത' ത്തിൽ ധർമ്മം എന്ന അർത്ഥത്തിൽ അറം പ്രയോഗിച്ചിരുന്നതായി ഉദാഹരണസ ഹിതം വ്യക്തമാക്കുന്നുണ്ട്. മലയാളത്തിലെ നിഘണ്ടുക്കളിൽ ഈ അർത്ഥത്തിന് പ്രാധാന്യം കുറഞ്ഞതായി കാണാവുന്നതാണ്. *കവിയ്ക്ക് ദോഷകരമായി പരിണമി ക്കുന്ന സ്വന്തം വാക്ക്* എന്ന അർത്ഥത്തിലാണ് ഈ പദം പ്രചാരത്തിലുള്ളത്. 'കുലമിതഖിലവുമറുതിവന്നിതു' എന്ന പ്രയോഗത്തെ ഉണ്ണായിവാര്യർക്ക് അറംപറ്റി യതിന്റെ സൂചനയായി കൽപിക്കാറുണ്ട്. *ധർമ്മം* എന്ന അർത്ഥം പ്രചാരലുപ്ത മായി എന്ന സൂചന ശബ്ദതാരാവലി നൽകുന്നുണ്ട്. *ധർമ്മം, അറുവാക്ക്* എന്നീ അർത്ഥങ്ങളിലുള്ള പദത്തെ രണ്ട് ലേഖകങ്ങളായാണ് ലെക്സിക്കനിൽ പരിഗണി ച്ചിട്ടുള്ളത്. അഭിനവമലയാളനിഘണ്ടുവിലും കേരളഭാഷാനിഘണ്ടുവിലും ഈ രീതിതന്നെ പിൻതുടരുന്നു. അറത്തിന് പച്ചമലയാളനിഘണ്ടുവിൽ *ഉത്തമകവികൾ ശാപരൂപത്തിൽ പറയുന്ന വാക്ക് ചിലപ്പോൾ അവർക്കുതന്നെ ദോഷമായി പരിണ മിക്കാറുള്ളത്* എന്ന അർത്ഥമാണ് നൽകിയിരിക്കുന്നത് (2016: 76). 'അറംപറ്റുക', 'അറം പിണയുക' എന്നീ പ്രയോഗങ്ങളിൽ *ശാപവാക്ക്* എന്ന അർത്ഥമാണ് ഇന്നു ള്ളത്.

**ആലോചന**

*അന്വേഷണം* എന്ന അർത്ഥത്തിൽ സംസ്കൃതത്തിൽ പ്രയോഗിച്ചിരുന്ന പദ ത്തിന് അർത്ഥവികാസം സംഭവിച്ചിട്ടുണ്ടെന്നതിന് തെളിവാണ് ഈ പദത്തിന്റെ അർത്ഥവിവരണത്തിലൂടെ അനുമാനിക്കാൻ സാധിക്കുന്നത്.

ഗു.നി. - *investigation, reflection* (1962:110) ആലോചിക്ക എന്നതിന് *To consider* എന്ന അർത്ഥവും നൽകുന്നു.

ശ.താ. - *വിചാരം, ചിന്ത, ഗുണദോഷപരിശോധന, ഒന്നിലധികം പേർ കൂടിയിരുന്നുള്ള കാര്യവിചാരം, പരിഗണന, വിവാഹം നടത്താനുള്ള ഗുണദോഷവിചാരം* (2015:207).

അ.മ.നി. - *ചിന്ത, ചിന്തിക്കൽ, ഗുണദോഷവിചാരം* (1977: 352).

പ.മ.നി. - *കൂടിയാലോചന, ചിന്ത, പരിഗണന* (2016: 96).

ലെക്സിക്കനിലും കേരളഭാഷാനിഘണ്ടുവിലും ശബ്ദതാരാവലിയിലെ അതേ അർത്ഥക്രമം പാലിക്കുന്നു. *അന്വേഷണം* എന്ന അർത്ഥത്തിൽ നിന്ന് *ചിന്ത* എന്ന അർത്ഥത്തിലേക്ക് എത്തിനിൽക്കുന്ന പരിണാമം ഈ പദത്തിന്റെ അർത്ഥവിവരണത്തിൽ കാണുന്നു. ആലോചനയുടെ സംസ്കൃതാർത്ഥത്തെ പച്ചമലയാളനിഘണ്ടുവിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണ്ടർട്ട് നൽകിയ അർത്ഥത്തിന് ഇന്നും പ്രസക്തിയുണ്ട് എന്ന് തെളിയിക്കുന്നതിന് പര്യാപ്തമായ ഉദാഹരണമാണ് 'വിവാഹാലോചന' എന്ന പദം. ഇവിടെ *അന്വേഷണം* എന്ന അർത്ഥം തന്നെ. അതുകൊണ്ട് ഗുണ്ടർട്ടിന്റെ അർത്ഥത്തെയും പച്ചമലയാളനിഘണ്ടു പരിഗണിക്കേണ്ടതായിരുന്നു.

**ആശ**

*ദിക്ക്* എന്ന അർത്ഥമാണ് ആശയ്ക്ക് ഗുണ്ടർട്ട് നൽകിയത്. 'അദ്ധ്യാത്മരാമായണ'ത്തിലെ 'എട്ടാശപൊട്ടും വണ്ണം അട്ടഹാസവും ചെയ്തു' എന്നതും 'ബ്രഹ്മാണ്ഡപുരാണ'ത്തിലെ 'പത്താശാന്തവും നിറഞ്ഞു' എന്ന ഉദാഹരണവും ഗുണ്ടർട്ട് നൽകിയിട്ടുണ്ട്. *ആഗ്രഹം* എന്ന അർത്ഥത്തിലാണ് ശബ്ദതാരാവലി മുതലുള്ള നിഘണ്ടുക്കൾ പ്രാധാന്യം നൽകിയത്. *ആഗ്രഹം, കൊതി, അഭിലാഷം, ഏതെങ്കിലും കിട്ടണമെന്നോ വേണമെന്നോ ഉള്ളവിചാരം, പ്രതീക്ഷ* എന്നീ അർത്ഥങ്ങളും *ദിക്ക്* എന്ന അർത്ഥവും മറ്റ് നിഘണ്ടുക്കളിലും ലെക്സിക്കനിലും നൽകിയിരിക്കുന്നു. *ആഗ്രഹം* എന്ന അർത്ഥത്തിനാണ് ഗുണ്ടർട്ടിന്റെ കാലത്ത് ഈ പദത്തിനുണ്ടായിരുന്നില്ല എന്ന സൂചനയാണിതിൽ നിന്നും ലഭിക്കുന്നത്.

**എണ്ണ**

*എൾനെയ്, ഓയിൽ* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകുന്നത് (1962:170). എള്ളിൽ നിന്ന് മാത്രം എടുക്കുന്ന ദ്രവമായിരുന്നു എണ്ണയെങ്കിൽ ശബ്ദ താരാവലിയിൽ *വല്ലതിന്റെയും തൈലം, ഔഷധങ്ങൾ ചേർത്ത് പാകപ്പെടുത്തിയത്* എന്നീ അർത്ഥങ്ങൾ കൂടി കാണാം. ലെക്സിക്കനിലും കേരളഭാഷാനിഘണ്ടുവിലും *പലതരം കുരുക്കളിൽ നിന്നും ഫലങ്ങളിൽ നിന്നും എടുക്കുന്ന ദ്രവപദാർത്ഥം, പക്ഷികളുടെയും ജന്തുക്കളെടുയെടും കൊഴുപ്പ് വാറ്റിയെടുക്കുന്ന ദ്രവം (മീനെണ്ണ, മയിലെണ്ണ)* എന്നീ അർത്ഥങ്ങൾ കൂടി നൽകിയിട്ടുണ്ട്. അഭിനവമലയാളനിഘണ്ടുവിൽ *എണ്ണയുള്ള മറ്റേതെങ്കിലും വസ്തുവിൽ നിന്നോ പ്രകൃതിധാതുക്കളിൽ നിന്നോ എടുക്കുന്ന തൈലം (മണ്ണെണ്ണ, വെളിച്ചെണ്ണ)* എന്ന പുതിയ അർത്ഥവും കൂടി നൽകുന്നുണ്ട് (1977:494). ഇന്ന് പെട്രോളിയം ഉൽപ്പന്നങ്ങളെക്കൂടി ഈ പദം കൊണ്ട് സൂചിപ്പിക്കപ്പെടുന്നു. 'എണ്ണക്കമ്പനികൾ' എന്ന പ്രയോഗത്തിൽ പെട്രോളിയം ഉൽപ്പന്നത്തെയാണ് ഉദ്ദേശിക്കുന്നത്.

അനുദിനം അർത്ഥവികാസം സംഭവിച്ചുകൊണ്ടിരിക്കുന്ന പദമാണിതെന്ന സൂചന നിഘണ്ടുക്കൾ നൽകുന്നുണ്ട്. എന്നാൽ പച്ചമലയാളനിഘണ്ടു പഴയ അർത്ഥത്തെ മാത്രമേ ചേർത്തിട്ടുള്ളൂ. *നല്ലെണ്ണ, എള്ളിൽ നിന്നോ നാളികേരത്തിൽ നിന്നോ മറ്റേതെങ്കിലും വസ്തുവിൽ നിന്നോ എടുക്കുന്ന തൈലം* എന്നു മാത്രമേ പച്ചമലയാളനിഘണ്ടുവിൽ അർത്ഥം നൽകിയിട്ടുള്ളൂ (2016:183).

**എഴുതുക**

പഴയ കൃതികളിൽ ചിത്രങ്ങൾ വരയ്ക്കുകയായിരുന്നില്ല, എഴുതുകയായിരുന്നു. എഴുതുക എന്നതിന് ഗുണ്ടർട്ട് നൽകിയ ആദ്യ അർത്ഥം *to paint* എന്നാണ്. 'വൈരാഗ്യചന്ദ്രോദയ'ത്തിലെ 'ചിത്രങ്ങൾ എഴുതിയ ഭിത്തി' എന്ന ഉദാഹരണം ഗുണ്ടർട്ട് നൽകിയിട്ടുണ്ട്. *To write* എന്ന അർത്ഥത്തേക്കാൾ *വരയ്ക്കുക* എന്ന

അർത്ഥത്തിനാണ് പ്രാധാന്യം ഉണ്ടായിരുന്നത് എന്ന് ഗുണ്ടർട്ട്നിഘണ്ടുവിൽ നിന്ന് വ്യക്തമാക്കുന്നു. 'ഭാഷാകൗടലീയ'ത്തിലും 'ദൂതവാക്യ'ത്തിലുമെല്ലാം 'ചിത്രമെഴുതുക' തന്നെയായിരുന്നു. *അക്ഷരം കുറിക്കുക* എന്ന അർത്ഥമാണ് ശബ്ദതാരാവലിയിൽ നൽകിയത്. ശബ്ദതാരാവലിക്കുശേഷമുള്ള നിഘണ്ടുക്കളും *Write* എന്ന അർത്ഥത്തിനു തന്നെയാണ് പ്രാധാന്യം നൽകിയിരിക്കന്നത്. എന്നാൽ എഴുതുക, വരയ്ക്കുക എന്നീ രണ്ട് പദങ്ങളെ വെവ്വേറെയായിത്തന്നെയാണ് ഭാഷയിൽ പരിഗണിക്കപ്പെടുന്നത്. ചിത്രം വരയ്ക്കുന്നതിനെ ഇന്ന് എഴുതുക എന്ന് പരാമർശിക്കാറില്ലെങ്കിലും കണ്ണിൽമഷിയിടുന്നതിന് 'കണ്ണെഴുതുക' എന്ന് പറയുന്നുണ്ട്. അവിടെ അക്ഷരം കുറിക്കലല്ല, വരയ്ക്കുക തന്നെയാണ്. എന്നാലും പ്രാഥമികമായി എഴുതുക എന്നത് അക്ഷരം കുറിക്കലാണ്.

**കൂത്താടി**

വെള്ളത്തിലെ ചെറിയ പ്രാണിയെയാണ് നാം കൂത്താടി എന്ന് പറയാറുള്ളത്. ഗുണ്ടർട്ട് ഈ പദത്തെ കൂത്തുമായാണ് ബന്ധിപ്പിച്ചിട്ടുള്ളത്. *Male and female dancer* എന്നാണ് ഗുണ്ടർട്ട് നൽകിയ അർത്ഥം. 'കൂത്താടിച്ചി' എന്ന സ്ത്രീലിംഗവും നൽകിയിരിക്കുന്നു. കൂത്തുക എന്നതിന് *നടിക്കുക, നൃത്തം ചെയ്യുക* എന്നീ അർത്ഥങ്ങളും ഉണ്ടായിരുന്നു. കൂത്താടിയ്ക്ക് *നടിക്കുക, നൃത്തം ചെയ്യുക* എന്നീ അർത്ഥങ്ങളോടൊപ്പം *വെള്ളത്തിലെ ഒരു ചെറിയ പ്രാണി* എന്നും *താന്തോന്നി* എന്നും ശബ്ദതാരാവലിയിൽ അർത്ഥം നൽകിയിട്ടുണ്ട് (2015: 635).

കൂത്താടി എന്നതിന് *കൂത്താടുന്നവൻ, ആട്ടക്കാരൻ, ജലത്തിലെ ചെറുപ്രാണി, താന്തോന്നി* എന്നുതന്നെയാണ് അഭിനവമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും കൊടുത്തിരിക്കുന്ന അർത്ഥവും. അതിന്റെ സ്ത്രീലിംഗമായി വരുന്ന പദം കൂത്തിച്ചി എന്നുമാണ്. *വേശ്യ* എന്നാണ് കൂത്തിച്ചി എന്ന പദത്തിന് നിഘണ്ടുക്കൾ അർത്ഥം നൽകിയിട്ടുള്ളതും.

എന്നാൽ ആട്ടക്കാരൻ എന്ന പദത്തിന് നിഘണ്ടുക്കൾ നൽകിയ അർത്ഥവിവരണത്തിൽ വിരോധാഭാസം കാണാവുന്നതാണ്. ആട്ടക്കാരൻ എന്ന പദത്തിന് ശബ്ദതാരാവലിയിൽ *കഥകളി നടൻ, ആടുന്നവൻ* എന്നീ അർത്ഥങ്ങൾ നൽകുകയും 'ആട്ടക്കാരിക്ക്' *ആടുന്നവൾ, നർത്തകി* എന്നീ അർത്ഥങ്ങൾക്ക് പുറമെ *കുഴഞ്ഞാടുന്നവൾ, തോന്ന്യാസക്കാരി* എന്നിവയും നൽകിയിരിക്കുന്നു. ലെക്സിക്കനിൽ *അഹങ്കാരിണി* എന്ന അധികാർത്ഥവും കാണാം.

ഒരു പദത്തിന്റെ തന്നെ പുല്ലിംഗ-സ്ത്രീലിംഗപദങ്ങളിൽ ഒന്ന് ഉൽകൃഷ്ടാർത്ഥത്തിലും അതിന്റെ സ്ത്രീലിംഗപദം അപകൃഷ്ടാർത്ഥത്തിലുമാണ് കാണപ്പെടുന്നത്. ഇത് നിഘണ്ടുവിന്റെ മാത്രം പോരായ്മയല്ല. സാമൂഹികസാഹചര്യങ്ങളാണ് ആട്ടക്കാരി എന്ന പദത്തിന്റെ അർത്ഥമാറ്റത്തിന് കാരണമായിത്തീർന്നത്. ആട്ടക്കാരി, കൂത്തിച്ചി തുടങ്ങിയ പദങ്ങളുടെ അർത്ഥാപകർഷതയുടെ സാമൂഹികകാരണങ്ങളെ മുൻ അദ്ധ്യായത്തിൽ വിശദമാക്കിയിട്ടുണ്ട്. അതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

**കച്ചവടം**

ആദ്യകാലത്ത് വസ്ത്രവ്യാപാരത്തെ മാത്രമാണ് കച്ചവടം എന്ന് പറഞ്ഞിരുന്നതെന്നും പിന്നീട് എല്ലാത്തരം വ്യാപാരവും കച്ചവടമായിപ്പോയി എന്നും പി.എം. ജോസഫ് അഭിപ്രായപ്പെടുന്നുണ്ട് (1984: 120). *Commerce in Cloths* എന്നും *Trade in General* എന്നുമുള്ള അർത്ഥങ്ങളെ ഗുണ്ടർട്ട് നൽകുന്നു (1962:200). *തുണിക്കച്ചവടം* എന്ന അർത്ഥത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് മലയാളനിഘണ്ടുക്കൾ അർത്ഥവിവരണം നൽകുന്നതെങ്കിലും *സാമാനങ്ങൾ ക്രയവിക്രയം ചെയ്യുന്ന ഏർപ്പാട്* എന്ന അർത്ഥം നിഘണ്ടുക്കളിൽ നൽകിയിട്ടുണ്ട്. ജവുളിവ്യാപാരം എന്നതിൽ നിന്ന് സാമാനങ്ങളുടെ വാങ്ങലും വിൽപ്പനയും എന്ന് അർത്ഥവികാസം സംഭവിച്ചു എന്ന് ലെക്സിക്കനിലും അഭിപ്രായപ്പെടുന്നു (1984: 113, വാല്യം 4). ''സംസ്കൃതത്തിലെ 'കക്ഷാപട' എന്നുള്ളതിനു നേരായി പ്രാകൃതത്തിൽ

കാണുന്ന 'കച്ഛാവട' എന്നതിന്റെ തത്ഭവരൂപമാണ് മലയാളത്തിലെ കച്ചവടം. 'കക്ഷാപട' എന്നതിന് സംസ്കൃതത്തിൽ *നഗ്നത മറയ്ക്കാനുള്ള വസ്ത്രം* എന്നുള്ള അർത്ഥമത്രേ കാണുന്നത്. അപ്രകാരമുള്ള *വസ്ത്രങ്ങളുടെ വിൽപ്പന* എന്നുള്ള അർത്ഥത്തെത്തുടർന്ന് ക്രയവിക്രയരൂപമായ ആ തൊഴിലിന് കച്ചവടം എന്ന പേര് സിദ്ധിച്ചു'' എന്ന് ഇളംകുളം കുഞ്ഞൻപിള്ള വ്യക്തമാക്കുന്നു (1962: 216). പച്ചമലയാളനിഘണ്ടു കച്ചവടത്തിന് *വ്യാപാരം, വാണിജ്യം, സാധനങ്ങൾ വാങ്ങിവിൽക്കൽ* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത് (2016: 236). ഏത് തരത്തിലുള്ള സാധനങ്ങളുടെയും കച്ചവടം നടത്തുന്നയാളാണ് ഇന്ന് കച്ചവടക്കാരൻ. വസ്ത്രങ്ങളുടെ വ്യാപാരത്തിന് തുണിക്കച്ചവടം എന്ന് വേർതിരിച്ച് തന്നെ പറയേണ്ടിവരുന്നു.

**കൊട്ടാരം**

*ശേഖരിച്ചുവെക്കുന്ന ഇടം, കളപ്പുര, തൊഴുത്ത്* എന്നീ അർത്ഥത്തിലുപയോഗിച്ചിരുന്ന പദമായിരുന്നു കൊട്ടാരമെന്ന് പി.എം. ജോസഫ് അഭിപ്രായപ്പെടുന്നുണ്ട് (1984:155). *Outhouse, Place Where Temple Affairs are Managed, Royal Residence, Palace* എന്നീ അർത്ഥങ്ങളെയാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962:305). *നെൽപ്പുര, കലവറ* എന്നീ അർത്ഥങ്ങളാണ് കൊട്ടാരത്തിനുണ്ടായിരുന്നതെന്ന് ലെക്സിക്കനിലും സൂചിപ്പിക്കുന്നു. 'ഭാഷാകൗടലീയ'ത്തിലെ 'അറുനൂറ്റു നാഴി നെൽ കൊട്ടാകാരത്തിൽ അളവ് കൊടായ്കിൽ' എന്ന ഉദ്ധരണയിൽ *നെൽപ്പുര* എന്ന അർത്ഥമാണുള്ളതെന്ന് ലെക്സിക്കൻ വ്യക്തമാക്കുന്നുണ്ട് (1984: 558, വാല്യം 4). ലെക്സിക്കനിൽ *നെൽപ്പുര, കലവറ* എന്നീ അർത്ഥങ്ങൾക്ക് ശേഷമാണ് *രാജഭവനം* എന്ന അർത്ഥം നൽകുന്നത്.

ശബ്ദതാരാവലിയിൽ കൊട്ടാരത്തിന് *രാജഭവനം, ക്ഷേത്രത്തോട് സംബന്ധിച്ച ഭവനം, വലിയ കെട്ടിടം, കുതിരാലയം, നെൽപ്പുര* എന്നീ അർത്ഥങ്ങൾ നൽകുന്നു (2015:663). അഭിനവമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും

ഇതേ രീതിയിൽത്തന്നെയാണ് അർത്ഥം നൽകിയിട്ടുള്ളത്. *അരമന, രാജധാനി* എന്നീ അർത്ഥത്തിന് പ്രാധാന്യം നൽകുന്നു. കൊട്ടാരത്തിന് *രാജധാനി* എന്ന അർത്ഥം രൂഢിയായിത്തീർന്നത് ഗുണ്ടർട്ടിന് ശേഷമാണെന്ന് അനുമാനിക്കാം.

**കോഴ**

'കോഴ'യ്ക്ക് ഗുണ്ടർട്ട് നൽകുന്ന അർത്ഥങ്ങൾ ശ്രദ്ധേയമാണ്. *Violence, forced contribution, Bashfulness grief, Shame* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയത്. 'കംസന്നഥ കോഴ നൽകിപോരുന്നേരം', 'അവൾ മേനിയിൽ കോഴ കൾ കാണായ് വന്നു', 'കോഴ പൂണ്ടേറ്റം കേഴും' എന്നീ ഉദാഹരണങ്ങൾ യഥാ ക്രമം *നികുതി, ലജ്ജ, ഭയം* എന്നീ അർത്ഥങ്ങളെ കുറിക്കുന്നു (1962: 320).

''തോഴികൾ തന്നുടെ ചാരത്ത് ചെല്ലുമ്പോൾ കോഴ തുടങ്ങീതു മെല്ലെ മെല്ലെ'' കൃഷ്ണഗാഥയിലെ ഈ വരികളിൽ *ലജ്ജ* എന്നാണർത്ഥം. 'മഹാഭാരത' ത്തിലെ 'കോഴയൊഴിഞ്ഞങ്ങു പോർചെയ്തനാർ' എന്നിടത്ത് *ഭയം* എന്നുമാ ണർത്ഥം. 'അവനോടു രാജാവ് 3000 വരാഹൻ കോഴ കൊടുക്കണമെന്ന് മുട്ടിച്ചു' എന്നിടത്ത് *നികുതി* എന്നാണർത്ഥമാക്കുന്നത്.

കോഴയ്ക്ക് ശബ്ദതാരാവലി നൽകിയ അർത്ഥങ്ങൾ, *കൈക്കൂലി, കപ്പം, കരം, ലജ്ജ, ഭയം, ദുഃഖം, കുറ്റം* എന്നിവയാണ്. കോഴക്കാരൻ, കൈക്കൂലിക്കാരനാ ണെന്ന് ശബ്ദതാരാവലിയിൽ വ്യക്തമാക്കുന്നുണ്ട്. ഇതേ അർത്ഥങ്ങൾ ലെക്സി ക്കനിലും നൽകുന്നുണ്ട്. ഭയപ്പെടുത്തിയോ നിർബന്ധിച്ചോ വാങ്ങുന്ന സംഭാവന എന്ന വിശദീകരണം ഈ പദത്തിന് ലെക്സിക്കൻ നൽകുന്നു (1984: 716, വാല്യം 4). പച്ചമലയാളനിഘണ്ടു *ഭീരു, ലജ്ജ, ലജ്ജാലു* എന്നീ അർത്ഥങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ശബ്ദതാരാവലി മാത്രമാണ് *കൈക്കൂലി* എന്ന അർത്ഥ ത്തിന് പ്രാമുഖ്യം നൽകിയിട്ടുള്ളത് (2015:682). ഭാഷയിൽ ഈ അർത്ഥത്തിൽ മാത്ര മാണ് ഇപ്പോൾ പ്രയോഗമുള്ളത്. 'കോഴക്കേസ്', 'കോഴവിവാദം' എന്നിവയിൽ *കൈക്കൂലി* എന്ന അർത്ഥമാണുള്ളത്.

**കോറുക**

*ആഗ്രഹിക്കുക* എന്ന അർത്ഥത്തിലാണ് ഗുണ്ടർട്ട് ഈ പദം പ്രയോഗിക്കുന്നത്. മാപ്പിളമലയാളത്തിൽ *ആഗ്രഹിക്കുക* എന്ന അർത്ഥമുണ്ടെന്ന് ഗുണ്ടർട്ട് സൂചിപ്പിക്കുന്നുണ്ട്. ഈ അർത്ഥം പ്രയോഗത്തിലില്ലാതാവുകയും *പോറുക, കീറുക* എന്ന രീതിയിൽ അർത്ഥസങ്കോചം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മലയാളനിഘണ്ടുക്കളിൽ *എല്ലാം തന്നെ വരയുക, വരഞ്ഞുകീറുക* എന്നീ അർത്ഥങ്ങൾക്ക് പുറമെ *ആഗ്രഹിക്കുക* എന്ന അർത്ഥം നൽകിയതുകൊണ്ടുതന്നെ ഈ അർത്ഥം ഭാഷയിൽ സജീവമായി ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്.

**നാറ്റം**

നാറുക എന്ന പദത്തെ ഗുണ്ടർട്ട് നറു എന്ന ധാതുവിൽ നിന്ന് നിഷ്പാദിപ്പിക്കുന്നു. നാറ്റത്തിന് *smell, bad smell* എന്നീ അർത്ഥങ്ങളാണ് നൽകുന്നത്. 'നാറ്റിനോക്കുക' എന്നതിന് *മണത്തുനോക്കുക* എന്നും നാറ്റത്തിന് പഴയമലയാളത്തിൽ *മണം, ഗന്ധം* എന്നീ അർത്ഥമാണുണ്ടായിരുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. 'ഭാഷാകൗടലീയ'ത്തിലെ 'താമരപ്പൂപോലെ നാറും' എന്ന ഉദാഹരണത്തെ ഇളംകുളം കുഞ്ഞൻപിള്ള നൽകുന്നുണ്ട് (1969:152). നാരങ്ങയ്ക്ക് *നാറുന്ന കായ്* എന്ന അർത്ഥത്തിലാണ് ആ പേര് സിദ്ധിച്ചത്. കൈനാറിപ്പൂവിലും നല്ല മണം തന്നെ. *പരിശുദ്ധം, നല്ലത്* എന്നീ അർത്ഥത്തിൽ 'നറു' വരുന്ന നിരവധി സന്ദർഭങ്ങൾ ഭാഷയിലുണ്ട്. 'നറുംപാൽ', 'നറുമലർ', 'നറുമണം' തുടങ്ങിയവ ഉദാഹരണം.

ശബ്ദതാരാവലിയിൽ *ദുർഗന്ധം* എന്ന അർത്ഥത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. പഴയമലയാളത്തിൽ നാറ്റത്തിന് *സുഗന്ധമെന്ന* അർത്ഥമാണുള്ളതെന്ന സൂചന ശബ്ദതാരാവലി നൽകുന്നുണ്ട്. ലെക്സിക്കനിൽ *സുഗന്ധം* എന്ന അർത്ഥമാണ് നാറ്റത്തിന് പ്രാഥമികമായി നൽകിയിട്ടുള്ളത്. അഭിനമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും *ദുർഗന്ധം* എന്ന അർത്ഥത്തിൽ മാത്രമാണ്

ഊന്നുന്നത്. പച്ചമലയാളനിഘണ്ടു *മണം, ഗന്ധം* എന്നീ അർത്ഥങ്ങൾക്ക് പുറമെ യാണ് *ദുഷ്കീർത്തി, ദുർഗന്ധം* എന്നീ അർത്ഥങ്ങൾ നൽകുന്നത് (2016:721). *ദുർഗന്ധം* എന്ന അർത്ഥത്തിൽ ഈ പദം രൂഢീയായിത്തീർന്നിട്ടുണ്ടെന്ന് ശബ്ദതാ രാവലിയിൽത്തന്നെ സൂചന നൽകിയിട്ടുണ്ട്. ഇതിൽനിന്ന് ഉണ്ടാക്കിയെടുത്ത 'നാറി' എന്ന പദം ഇപ്പോൾ തെറിവാക്ക് കൂടിയാണ്. വൃത്തിയല്ലായ്മയുമായി ബന്ധപ്പെട്ടാണ് ഈ പദത്തിന് അർത്ഥമാറ്റം സംഭവിച്ചത്.

**പണം**

പണത്തിന് *Coin, money in general, different taxes* എന്നീ അർത്ഥങ്ങ ളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962: 566). പൊൻപണം, വെള്ളിപ്പണം, രാശിപ്പ ണം, കലിയൻപണം, പുത്തൻപണം തുടങ്ങിയ നാണയങ്ങളെക്കുറിച്ചുള്ള സൂച നയും ഗുണ്ടർട്ട് നൽകുന്നു. പണത്തിന് ഭാഷയിലെ നിഘണ്ടുക്കളിലെല്ലാം *തിരുവി താംകൂർ നാണയം* എന്ന അർത്ഥത്തിനാണ് പ്രാധാന്യമുള്ളത്. 'ഒരു പണം' എന്നു വെച്ചാൽ *നാലണ 7 പൈസ* എന്നാണ് അർത്ഥമെന്നും അത് അന്നത്തെ ഇന്ത്യൻ രൂപയുടെ 3½ പണം വരുന്നതാണെന്നും പി. ഭാസ്കരനുണ്ണി വിശദീകരിക്കുന്നു ണ്ട്. അതോടൊപ്പം പഴയകാല നാണയങ്ങളായ അനന്തരാമൻപണം, ചിന്നപ്പണം, വെള്ളിപ്പണം, കാണിപ്പണം, കാന്തിരാജൻപണം, നാമപ്പണം, ചക്രപ്പണം, മയിൽപ്പ ണം, നാകപ്പണം, തഞ്ചാവൂർപ്പണം, വള്ളപ്പണം, കണ്ണൂർപ്പണം, വീരരായൻപണം, സുൽത്താൻപണം, തിരുവിതാംകോട്ടുപണം, കോഴിക്കോട്ടുതങ്കപ്പണം, ദേശപ്പണം, ഐക്കേരിപ്പണം എന്നിവയെക്കൂടി സൂചിപ്പിക്കുന്നുണ്ട് (1988 :655). പണത്തിന് കേര ളഭാഷാനിഘണ്ടുവിൽ നൽകുന്ന നിർവ്വചനം *സാധനങ്ങൾ വിൽക്കാനും വാങ്ങാനും നൽകുന്ന സമ്പത്ത് സൂക്ഷിക്കാനുള്ള സൗകര്യത്തിനുവേണ്ടി ക്ലിപ്ത മായ വില മുദ്രണം ചെയ്ത് സർക്കാർ നിർമ്മിക്കുന്ന ലോഹശകലം* എന്നാണ് (1997:1014). 'അദ്ധ്യാത്മരാമായണ'ത്തിൽ *വ്യവസ്ഥ* എന്ന അർത്ഥത്തിൽ 'പണ'ത്തിന് പ്രയോഗമുണ്ട്. ''മൃത്യുശാസനചാപം മുറിച്ചീടുന്ന പുമാൻ, ഭർത്താവാ

കുന്നത് മത്പുത്രിക്കെന്നൊരുപണം'' എന്ന വരികളിൽ പണത്തിന് *വ്യവസ്ഥ*യെ ന്നാണർത്ഥം (എഴുത്തച്ഛൻ, 2014 : 51) ശബ്ദതാരാവലി നാണയത്തിന് പുറമെ *ധനം, ശമ്പളം, വില, പന്തയം, ചൂത്, പണയം, വ്യവസ്ഥ, പ്രതിഫലം, കട, വിൽപ്പന ച്ചരക്ക്, കരം* തുടങ്ങിയ അർത്ഥങ്ങൾ നൽകിയിട്ടുണ്ട് (2015:1155). എന്നാൽ ഭാഷ യിൽ ഇവയെല്ലാം വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കപ്പെടുന്നവയാണ്.

ധനം എന്ന പൊതുവായ അർത്ഥത്തിലേക്ക് വികാസം വന്ന പദമാണ് പണം. എങ്കിലും പച്ചമലയാളനിഘണ്ടുവിൽ *28 പൈസ, എട്ടുകവിടിയുള്ള നാണ യം, നാലുചക്രം വിലയുള്ള സ്വർണനാണയം, കലിയൻ പണം, പഴയൊരു വീരരാ യൻ നാണയം* എന്നീ പഴയ അർത്ഥങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ഇപ്പോൾ ഭാഷയിലെ അധികപ്രയോഗങ്ങളും *സമ്പത്ത്, ധനം, രൂപ* എന്നീ അർത്ഥ ങ്ങളിലുള്ളവയാണ്. പണക്കാരൻ, പണമിടപാട്, പണംകരുതുക, പണംപറ്റുക, പണംമുടക്കുക, പണംപിടുങ്ങുക, പണംപൊലിക്കുക, പണംവെച്ച്കളിക്കുക, പണ ക്കൊതി, പണച്ചാക്ക്, പണക്കൊഴുപ്പ്, പണച്ചെലവ് തുടങ്ങിയവ ഉദാഹരണം. ഈ അർത്ഥങ്ങളിൽ ഒരു നാണയത്തിന്റെ പേരായിരുന്ന 'പൈസ'യും ഉപയോഗിച്ചുവരു ന്നുണ്ട്. അതിന് പ്രാദേശികവ്യത്യാസംകൂടി കാണാവുന്നതാണ്.

**പനി**

പനിയ്ക്ക് *dew, fever* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട്നിഘണ്ടുവിലുള്ളത്. പനിക്കൂർക്ക, പനിമതി, പനിനീർ തുടങ്ങിയവയെല്ലാം തണുപ്പുമായി ബന്ധപ്പെട്ടു കൊണ്ടുള്ളതാണ്. പനിമതി ചന്ദ്രനെയും പനിമല മഞ്ഞുമലയെയും കുറിക്കുന്നു എന്ന സൂചന ഗുണ്ടർട്ട് നൽകുന്നുണ്ട് (1962: 674). ശബ്ദതാരാവലിയിൽ പനിയ്ക്ക് *ഒരു രോഗം, ദേഹത്തു തൊട്ടുനോക്കിയാൽ (98-ഡിഗ്രിയിലധികം) ചൂടുണ്ടായിരി ക്കൽ, മഞ്ഞ്, തണുപ്പ്, പ്രിയപ്പെട്ടത്* എന്നീ അർത്ഥങ്ങൾ നൽകിയിരിക്കുന്നു (2015:1168). *ജ്വരം* എന്ന അർത്ഥത്തിൽ ഈ പദം രൂഢിയായിട്ടുണ്ട്. 'എനിക്ക് പനി ക്കുന്നു' എന്നതിൽ അസുഖത്തെയാണ് ഉദ്ദേശിക്കുന്നത്. പനിയുള്ളയാൾക്ക് പുറ

മെയുള്ള അന്തരീക്ഷം തണുത്തതായി അനുഭവപ്പെടാറുണ്ട്. ഈ അസുഖത്തിന് പനി എന്ന പേര് വരാൻ കാരണം ഇതാവാം. *ശരീരോഷ്മാവ് ക്രമാതീതമായി വർദ്ധിക്കുന്നതു മൂലമുണ്ടാകുന്ന ഒരു രോഗം* എന്നാണ് ഗുപ്തൻനായർ നൽകുന്ന അർത്ഥം (1997: 1025). എന്നാൽ പച്ചമലയാളനിഘണ്ടു *ജ്വരം* എന്ന അർത്ഥത്തേക്കാൾ നിഘണ്ടുക്കളിൽ പ്രാധാന്യം നൽകുന്നത് *തണുപ്പ്, കുളിർ, മഞ്ഞ്, വെള്ളം* എന്നിവയ്ക്കാണ് (2016:793). ഭാഷയിൽ രൂഢിയായിത്തീർന്ന അർത്ഥത്തിന് പച്ചമലയാളനിഘണ്ടുവിൽ പ്രധാന്യം നൽകിക്കാണുന്നില്ല.

**പള്ളി**

നിഘണ്ടുക്കൾ ഈ പദത്തന് വളരെ വ്യത്യസ്തമായാണ് അർത്ഥം നൽകിയിരിക്കുന്നത്.

ഗു.നി. *A hut, small settlement of jungle tribes (നല്ലേപ്പള്ളി, കോയിപ്പള്ളി, എലപ്പള്ളി), A public building, A place of worship for buddhists, royal dormitory* (1962:593).

ശ.താ. *ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും ദേവാലയം, ബുദ്ധവിഹാരം, എഴുത്തുകളരി, ഗ്രാമം, ജന്തുക്കളുടെ നിലയം, കുടിൽ, കാട്ടുജാതിക്കാരുടെ കോളനി, നിദ്ര, വി. രാജാവിനെയോ ബ്രാഹ്മണനെയോ ദേവനെയോ സംബന്ധിച്ചത്* (2015: 1194).

അഭിനവമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും ഇതേ അർത്ഥക്രമം പാലിക്കുന്നു. *കുടിൽ, പൊതുകെട്ടിടം, ശാല, കൊട്ടാരം, ഗ്രാമം* എന്നീ അർത്ഥങ്ങളെയാണ് പള്ളിയെന്ന പദത്തിന് പച്ചമലയാളനിഘണ്ടു നൽകിയിരിക്കുന്നത്. *തൊഴിൽശാലകളിൽ തൊഴിലാളിസ്ത്രീകളുടെ കുട്ടികളെ കിടത്തുന്ന സ്ഥലം, വാണിയർ, കുറുമ്പൻ, ദൈവികം* തുടങ്ങിയ അർത്ഥങ്ങൾ കൂടി നൽകിയി

രിക്കുന്നു. ഈ അർത്ഥങ്ങൾ മുൻനിഘണ്ടുക്കൾ ഒന്നിലും പരാമർശിക്കപ്പെട്ടിട്ടില്ല. ഇവ പ്രാദേശികമാകാം.

ബുദ്ധഭിക്ഷുക്കളെ 'പള്ളിയാർ' എന്നാണ് വിളിച്ചിരുന്നത്. 'ഭഗവദജ്ജുകം ക്രമദീപിക'യിലെ ''പള്ളിയിൽ ചെന്റു പള്ളിപൂതൈ പൂതം ചെയ്തേൻ. പിന്നെ അച്ചെറുമക്കളുണ്ടു പള്ളിയാർ'' എന്ന ഉദ്ധരണിയിൽ ബുദ്ധഭിക്ഷുക്കളെയാണ് ഉദ്ദേശിക്കുന്നത് (ഇളകുളം കുഞ്ഞൻപിള്ള, 1962 : 163). ബുദ്ധമതത്തിലും ക്രിസ്തുമതത്തിലും ചേരുന്നതിനാണ് 'പള്ളിപുതുക്കുക' എന്ന് പറഞ്ഞിരുന്നത്.

വിദ്യാലയങ്ങളെക്കുറിക്കാൻ 'പള്ളിക്കൂടം' എന്നാണ് പ്രയോഗിച്ചിരുന്നത്. എഴുത്തുപള്ളി എന്നതുകൊണ്ടുദ്ദേശിച്ചിരുന്നതും വിദ്യാലയത്തെത്തന്നെ. സ്കൂൾ എന്ന ഇംഗ്ലീഷുപദത്തിന്റെ സ്വാധീനം പള്ളിക്കൂടത്തെ പ്രചാരലുപ്തമാക്കി. ക്രൈസ്തവരുടേയും മുസ്ലീങ്ങളുടേയും ദേവാലയം മാത്രമാണ് ഇന്ന് 'പള്ളി'യെന്നറിയപ്പെടുന്നത്.

**മടയൻ**

*A stupid person, who has a sort of private temple* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962: 708). *പാചകക്കാരൻ* എന്ന അർത്ഥം അദ്ദേഹം നൽകിയിട്ടില്ല. പഴയ മലയാളത്തിൽ 'മടയൻ' എന്ന പ്രയോഗം *പാചകക്കാരൻ* എന്ന അർത്ഥത്തിലായിരുന്നു. *ബുദ്ധിയില്ലാത്തവൻ* എന്ന അർത്ഥത്തിലേക്ക് ഈ പദം മാറിയതിന്റെ സാഹചര്യം പി.എം. ജോസഫ് വിശദീകരിക്കുന്നുണ്ട്. ''മഠയൻ (*ബുദ്ധിയില്ലാത്തവൻ*) എന്ന ശബ്ദം മടയൻ (*വെപ്പുകാരൻ*) എന്നതിലെ 'ട' മഹാപ്രാണീകരിച്ച് ഉണ്ടായതാണ്. ഇതാകട്ടെ മട (*ആഹാരം പാകം ചെയ്യുക*) എന്നതിനോട് തദ്ധിതപ്രത്യയമായ അൽ ചേർത്തുണ്ടാക്കിയതാണ്'' (1984:33). മടപ്പള്ളി ആഹാരം പാകം ചെയ്യുന്ന സ്ഥലമാണ്. സംസ്കൃതത്തിന്റെ ഉച്ചാരണം അനുകരിച്ചതും 'മൂഢൻ' എന്ന പദത്തോടുള്ള അർത്ഥസാമ്യകൽപ്പനയും ഈ പദത്തിന്റെ അർത്ഥപരിണാമത്തിന് കാരണമായിട്ടുണ്ടാകാം.

*ഭോഷൻ, മടപ്പുരയുള്ളവൻ, പാചകക്കാരൻ* എന്നീ അർത്ഥങ്ങളാണ് ഭാഷയിൽ ഈ പദത്തിനുള്ളത്. ഭാഷയിലെ എല്ലാനിഘണ്ടുക്കളിലും ഈയർത്ഥങ്ങൾ നൽകിയിട്ടുമുണ്ട്. 'ഭാഷാകൗടലീയ'ത്തിൽ *പാചകക്കാരൻ* എന്ന അർത്ഥത്തിൽ മടയൻ പ്രയോഗിച്ചിട്ടുണ്ട്. 'പെരുമടയൻ' വലിയ പാചകക്കാരനാണ് (ഇളംകുളം കുഞ്ഞൻപിള്ള, 1969: 83). കേരളത്തിലെ പറശ്ശിനിക്കടവ് ക്ഷേത്രത്തിന്റെ അധികാരിയെ 'മടയൻ' എന്നാണ് വിശേഷിപ്പിക്കുന്നത്. മടപ്പുരയുടെ രക്ഷാധികാരിയെയാണ് അവിടെ മടയൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എങ്കിലും മടയൻ എന്ന പദത്തിന് പൊതുവിലുള്ള വ്യവഹാരം *ബുദ്ധിഹീനൻ* എന്ന അർത്ഥത്തിലാണ്.

**മണം**

*Smell, reputation, wedding* എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ട് നൽകിയിട്ടുണ്ട് (1962:710). *Smell* എന്ന അർത്ഥത്തിലാണ് ഭാഷയിൽ ഈ പദം രൂഢിയായി ത്തീർന്നിട്ടുള്ളത്. തമിഴർക്ക് 'മണം' വിവാഹം തന്നെയാണ്. അവർ വിവാഹത്തിന് 'തിരുമണം' എന്നാണ് വ്യവഹരിക്കാറുള്ളത്. മണത്തിന് *വിവാഹം* എന്ന അർത്ഥം മലയാളത്തിലും ഭാഗികമായി നിലനിൽക്കുന്നുണ്ട് എന്നതിനുദാഹരണമാണ് 'മണവാട്ടി', 'മണവാളൻ', 'മണവറ' തുടങ്ങിയവ. ഗുണ്ടർട്ടിന്റെ കാലത്തുതന്നെ *Smell* എന്ന അർത്ഥത്തിനാണ് പ്രാധാന്യം ഉണ്ടായിരുന്നത്. ഭാഷയിലെ എല്ലാ നിഘണ്ടുക്കളും *വിവാഹം* എന്ന അർത്ഥം നൽകുന്നുണ്ടെങ്കിലും 'മണം' എന്ന് മാത്രം പറഞ്ഞാൽ ഭാഷയിൽ ഉദ്ദേശിക്കപ്പെടുന്നത് നല്ലതോ ചീത്തതോ ആയ ഗന്ധത്തെയാണ്.

**മലയാളം**

ഭാഷാനാമമായിട്ടല്ല ദേശനാമമായിട്ടാണ് ഗുണ്ടർട്ട് മലയാളത്തെ പരിഗണിക്കുന്നത്. *The hill country, Malabar* എന്നാണ് ഗുണ്ടർട്ട് അർത്ഥം നൽകുന്നത് (1962:553). മലയാളം എന്നത് ദേശനാമമായാണ് അന്നും കരുതി വന്നത് എന്നത്

മൂലമാകണം *ഈ ദേശത്തെ ഭാഷ* എന്ന അർത്ഥത്തിൽ മലയാളഭാഷ എന്നു പറ ഞ്ഞുവന്നത് എന്നും മലയാളമെന്ന ഭാഷ എന്നു വിഗ്രഹിക്കാതെ മലയാളത്തെ ഭാഷ എന്നു വിഗ്രഹിക്കേണ്ട സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത് എന്നും 'ചിതറി പ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും' എന്ന കൃതിയിൽ വേണുഗോപാ ലപ്പണിക്കർ അഭിപ്രായപ്പെടുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മല യാളത്തെ ഭാഷാനാമമായി വ്യവഹരിച്ചത് മിഷണറിമാരാണ് (2006:98). തമിഴ് എന്ന പേരിൽ മലയാളത്തെ വ്യപദേശിക്കുന്നത് അയുക്തമാണെന്ന് ജനങ്ങൾ മന സ്സിലാക്കിയപ്പോൾ 'മലയാൺമ' അല്ലെങ്കിൽ 'മലയായ്മ' എന്ന പേര് അതിന് നൽകി എന്ന് 'കേരളസാഹിത്യചരിത്ര'ത്തിൽ വിശദമാക്കുന്നുണ്ട് (ഉള്ളൂർ, 1953 : 428). മലയാൺമ എന്നാൽ *മലയാളനാട്ടിലെ ജനങ്ങളുടെ രീതി* എന്നാണർത്ഥം. ആ സംജ്ഞ കൊണ്ട് ഭാഷയെയും വട്ടെഴുത്തിൽനിന്ന് വികസിച്ച ലിപിയെയുമാണ് വ്യവഹരിച്ചിരുന്നത്. പോർച്ചുഗീസുകാർ മലബാർ എന്ന പേരിൽതന്നെയായിരുന്നു നാടിനെയും ഭാഷയെയും വ്യവഹരിച്ചിരുന്നതെന്നും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തോടെയാണ് അത് ഭാഷാവാചിയായി പരിണമിച്ചതെന്നും 'പത്തൊ മ്പതാംനൂറ്റാണ്ടിലെ കേരളം' എന്ന കൃതിയിൽ പി. ഭാസ്ക്കരനുണ്ണി വ്യക്തമാക്കു ന്നു (1988 : 662). ബെയ്ലിയും ഗുണ്ടർട്ടുമെല്ലാം മലയാൺമ എന്ന പദമാണ് ഭാഷ യെക്കുറിക്കാൻ ഉപയോഗിച്ചിരുന്നതെങ്കിലും അവരുടെ നിഘണ്ടുക്കൾക്ക് 'മല യാളം - ഇംഗ്ലീഷ്നിഘണ്ടു' എന്നും 'മലയാളനിഘണ്ടു' എന്നുമാണ് പേര് നൽകി യത്. കേരളപാണിനിയുടെ അഭിപ്രായത്തിൽ മലയാളം എന്ന വാക്ക് ആരംഭ ത്തിൽ ദേശനാമം മാത്രമായിരുന്നു. ''മലയാളനാട്ടിലെ ഭാഷ എന്ന അർത്ഥത്തി ലാണ് നാം മലയാളഭാഷ എന്ന് പറയാറുള്ളത്. ദേശത്തിന് മലയാളം എന്നും ഭാഷയ്ക്ക് മലയാൺമ അല്ലെങ്കിൽ മലയായ്മ എന്നും ഒരു വിവേചനം ഉണ്ടായിരു ന്നത് ക്രമേണ നഷ്ടമായി. ആധുനികമലയാളത്തിന്റെ ആവിർഭാവത്തോടുകൂടി യാണ് ദേശനാമം തന്നെ ഭാഷയ്ക്കും ഉപയോഗിക്കാൻ തുടങ്ങിയത്'' (1997:27).

‘കേരളപാണിനീയ’ ത്തിന്റെ പീഠികയിലെ ഈ അഭിപ്രായം അന്നേ മലയാളത്തിന് ഭാഷാനാമം എന്ന അർത്ഥം കൈവന്നതിന്റെ സൂചനയാണ്.

“മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട്” - എന്ന ഗാനത്തിൽ ദേശനാമമാണ് മലയാളം. അതിനുശേഷം തയ്യാറാക്കിയ ശബ്ദതാരാവലിയിൽ മലയാളത്തിന് *കേരളം* എന്ന അർത്ഥമാണ് കൽപ്പിക്കുന്നത്. *ദ്രാവിഡഭാഷകളിൽ ഒന്ന്* എന്ന അർത്ഥം പിന്നീടാണ് നൽകുന്നത്. അഭിനവമലയാളനിഘണ്ടു ദേശനാമത്തിന് തന്നെ പ്രധാന്യം നൽകുന്നു. കേരളഭാഷാനിഘണ്ടുവാണ് മലയാളത്തിന് *ദ്രാവിഡഭാഷകളിൽ ഒന്ന്, കൈരളി* എന്ന അർത്ഥത്തിന് പ്രാധാന്യം നൽകിയിട്ടുള്ളത്. ദേശനാമമായും ഭാഷാനാമമായും മാറിമാറി മലയാളത്തെ പ്രയോഗിക്കാറുണ്ടായിരുന്നു. ഇപ്പോൾ മലയാളം ഭാഷാനാമം മാത്രമായിത്തീർന്നിട്ടുണ്ട്.

**മാടം**

*A house with an upper story, A hut of mountaineers or Pulayas in Trav.* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിട്ടുള്ളത് (1962:135). ‘രാമചരിത’ ത്തിലും ‘മുദ്രരാക്ഷസ’ത്തിലും മാടത്തിന് *മാളിക*യെന്നായിരുന്നു അർത്ഥമെന്ന് ഗുണ്ടർട്ട് നൽകിയ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ‘എഴുനിലമാടം’, ‘പൊൻമാടം’, ‘വെൺമാടം’ എന്നീ പ്രയോഗങ്ങൾ മാളികയെയാണ് സൂചിപ്പിച്ചിരുന്നത്. *മാളിക* എന്ന അർത്ഥം പ്രചാരലുപ്തമായതായി ശബ്ദതാരാവലിയിലും സൂചനയുണ്ട്. എന്നാലും *മാളിക, രാജാക്കൻമാർക്ക് എഴുന്നള്ളിയിരിക്കാനുള്ള മഞ്ചം* എന്ന അർത്ഥങ്ങൾക്കാണ് ശബ്ദതാരാവലി പ്രധാന്യം നൽകിയിരിക്കുന്നത് (2015:1405). അഭിനവമലയാളനിഘണ്ടുവിൽ *മാളിക*യെന്ന അർത്ഥത്തിലുള്ള മാടത്തെയും *കുടിൽ* എന്ന അർത്ഥത്തിലുള്ള മാടത്തെയും വേറെ വേറെ ലേഖകങ്ങളായി പരിഗണിക്കുന്നു (1977: 548). കേരളഭാഷാനിഘണ്ടു ശബ്ദതാരാവലിയുടെ അതേ രീതിയിലാണ് അർത്ഥവിവരണം നൽകിയിരിക്കുന്നത്. ഈ പദത്തിന്

അർത്ഥസങ്കോചം സംഭവിക്കുകയാണ് ചെയ്തത്. *കുടിൽ* എന്ന അർത്ഥത്തിന് പ്രധാന്യം നൽകിക്കൊണ്ടാണ് പച്ചമലയാളനിഘണ്ടു അർത്ഥം നൽകിയിരിക്കുന്നത്. 'മാടം കെട്ടിക്കുക' എന്നതിന് *പാടത്ത് കാവൽച്ചാള കെട്ടുക* എന്നും 'മാടപ്പുര'യ്ക്ക് *കാവൽപ്പുര* എന്നും അർത്ഥം നൽകിയിരിക്കുന്നു (2016: 991). ''മലയപ്പുലയനാമാടത്തിൻ മുറ്റത്ത്, മഴവന്ന നാളൊരു വാഴനട്ടു.'' ചങ്ങമ്പുഴയുടെ ഈ വരികളിൽ മാടത്തിന്റെ അർത്ഥം *കുടിൽ* എന്നുതന്നെയാണ്.

### 4.4. അർത്ഥമാറ്റത്തെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാധാന്യംനൽകാത്തവ

പദങ്ങളുടെ നിരുക്താർത്ഥത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സംസ്കൃതരീതിയിൽ അർത്ഥം നൽകുകയും പിന്നീട് മലയാളത്തിലെ അർത്ഥത്തെ സൂചിപ്പിക്കുകയും ചെയ്യുന്ന പ്രവണത നിഘണ്ടുക്കളിൽ കാണാവുന്നതാണ്. മറ്റ് നിഘണ്ടുക്കളെ അപേക്ഷിച്ച് ശബ്ദതാരാവലിയിൽ ഈ പ്രവണത വളരെ കൂടുതലാണ്. തുടർന്നുണ്ടായ നിഘണ്ടുക്കൾ പദത്തിന്റെ അർത്ഥവിവരണത്തിൽ ശബ്ദതാരാവലിയെ അനുകരിക്കുന്നതും കാണാം. അപൂർവ്വം, അക്രമം, അനുസ്യൂതം, അവകാശം, ആദർശം, ആഘോഷം, സംവരണം, സാവധാനം തുടങ്ങിയവ ഉദാഹരണം.

**അടിയന്തിരം**

*A fixed interval of time, term, feast, started ceremonies* എന്നാണ് അടിയന്തിരത്തിന് ഗുണ്ടർട്ട് നൽകുന്ന ആദ്യ അർത്ഥം. ഇതിനുശേഷം *Urgent* എന്ന അർത്ഥവും അടിയന്തിരംകഴിക്കുക എന്നതിന് *Celebrate the marriage* എന്ന അർത്ഥവും നൽകുന്നു (1962:41). ഗുണ്ടർട്ടിനെ പിൻതുടർന്നുകൊണ്ടാണ് ശബ്ദതാരാവലിയിൽ ഈ പദത്തിന്റെ അർത്ഥവിവരണം നടത്തിയിട്ടുള്ളത്. *ആഘോഷം, വിവാഹം, പുലകുളി മുതലായവ, മുടക്കുവാൻ വയ്യാത്തകർമ്മം, ചടങ്ങുസംബന്ധിച്ച സദ്യ, വേഗത്തിൽ നിർവ്വഹിക്കേണ്ട കാര്യം, നിർബന്ധം, അത്യാവശ്യം* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത് (2015: 82).

ഒടിയന്ത്രവുമായി ബന്ധപ്പെടുത്തിയാണ് അടിയന്തിരത്തിന്റെ അർത്ഥമാറ്റത്തെ പി.എം.ജോസഫ് വിശദീകരിക്കുന്നത്. പണ്ട് മന്ത്രവാദത്തിനുവേണ്ടി എഴുതിക്കെട്ടുക, എഴുതിക്കുഴിച്ചിടുക എന്നിവ ഒരു വിശേഷചടങ്ങായിരുന്നു എന്ന് അദ്ദേഹം പറയുന്നുണ്ട്. ഒടിയന്ത്രത്തിന്റെ ഫലസിദ്ധി ഉടനുണ്ടാകും എന്ന വിശ്വാസത്തിൽനിന്നുമാണ് അടിയന്തിരാവസ്ഥ തുടങ്ങിയ പദങ്ങളിൽ *Urgent* എന്ന അർത്ഥവും ഉരുത്തിരിഞ്ഞത് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു (1984: 244).

ലെക്സിക്കനിലാണ് അടിയന്തിരത്തിന് കാലാനുസൃതമായരീതിയിൽ അർത്ഥം നൽകിയിട്ടുള്ളത്. *അത്യാവശ്യം, അനുപേക്ഷണീയമായി നടക്കേണ്ട കാര്യം അത്യാവശ്യമായ അറിയിപ്പ്* എന്നീ അർത്ഥങ്ങളും അവയ്ക്ക് കൃത്യമായ ഉദാഹരണങ്ങളും നൽകിയിട്ടുണ്ട്. 'അടിയന്തിരാവസ്ഥ' ഉദാഹരണം. *ആചാരമനുസരിച്ച് നടത്തുന്ന വിശേഷാൽചടങ്ങ് എന്നും ചടങ്ങുകളോട് ചേർത്ത് നടത്തുന്ന സദ്യ* എന്നും അർത്ഥം കൊടുക്കുന്നു (1965: 192, വാല്യം 1). അതിനുശേഷം വന്ന അഭിനവമലയാളനിഘണ്ടുവിലും കേരളഭാഷാനിഘണ്ടുവിലുമെല്ലാം ഒന്നാമത്തെ അർത്ഥം *മുടക്കിക്കൂടാത്ത കാര്യം, വേഗത്തിൽ നടത്തേണ്ട കാര്യം* എന്നാണ് നൽകിയിട്ടുള്ളതെങ്കിലും ശബ്ദതാരാവലിയെ പിൻതുടരുകയാണ് ചെയ്യുന്നത്. അത്യാവശ്യം എന്നതിനുപുറമെ മരണവുമായി ബന്ധപ്പെട്ട ചടങ്ങിനും സദ്യക്കുമാണ് നാം അടിയന്തിരം എന്ന് വിവക്ഷിക്കാറുള്ളത്. മരണശേഷം വേഗത്തിൽ നടക്കേണ്ടകാര്യം എന്ന രീതിയിലാവാം പിന്നീട് അടിയന്തിരം എന്ന പദം *മരണവുമായി ബന്ധപ്പെട്ടു നടത്തുന്ന ചടങ്ങും സദ്യയും* എന്ന അർത്ഥത്തിലേക്കു കൂടി വികസിച്ചത്. എന്നാൽ ഈ അർത്ഥം നിഘണ്ടുക്കളിൽ നൽകിയിട്ടുണ്ടെങ്കിലും പ്രാധാന്യം പഴയ അർത്ഥത്തിനുതന്നെയാണ്.

**അട്ടം**

അഷ്ടം എന്നതിന്റെ തത്ഭവരൂപമായ അട്ടത്തെയും ദ്രാവിഡപദമായ അട്ടത്തെയും രണ്ട് ലേഖകങ്ങളായാണ് നിഘണ്ടുക്കളിൽ നൽകിയിട്ടുള്ളത്. അട്ടം

എന്ന ദ്രാവിഡപദത്തിന് നാം വിവക്ഷിക്കുന്ന അർത്ഥം *തട്ട്, അട്ടിയാക്കിയത്* എന്നൊക്കെയാണ്. അട്ടത്തിന് നിഘണ്ടുക്കളിൽ നൽകിയ അർത്ഥങ്ങൾ താഴെ കൊടുക്കുന്നു.

ഗു.നി. - *What is across* (1962: 49)

ശ.താ. - *മാളിക, മാളികയുടെ ഉപരിഗ്രഹം, കൊത്തളം, ചന്ത, വരൾച്ച, ആധിക്യം, ചോറ്, യുദ്ധം ചെയ്യാൻ കെട്ടിയ തേര്, നേർത്ത തുണി* (2015:84)

അ.മ നി - *ചേർക്കപ്പെട്ടത്, അടുക്കായി വെക്കപ്പെട്ടത്, കൂപ്പുകൈ, അഞ്ജലി, കുറുക്ക്, പാർശ്വം, വിരോധം* (1977:87).

കേ.ഭാ.നി. - *മുകളിലത്തെ നില, മേട, ഗോപുരം, മാളിക, ചന്ത, നേരിയ തുണി, തട്ട്, മേൽത്തട്ട്, അടുപ്പിന്റെ മുകളിലായി വിറകും മറ്റും വെക്കുവാൻ കെട്ടുന്ന തട്ട്* (1997: 40).

അട്ടത്തിന് കൃത്യമായ അർത്ഥം നൽകി വിശദീകരണം നടത്തിയിരിക്കുന്നത് ലെക്സിക്കനിലും ശബ്ദസാഗരത്തിലുമാണ്. *അടുക്കിവെക്കപ്പെട്ടത്, ചേർക്കപ്പെട്ടത്, തട്ട്* എന്നീ അർത്ഥങ്ങൾക്കാണ് അവയിൽ പ്രാധാന്യം. മറ്റർത്ഥങ്ങളെയും നൽകിയിട്ടുണ്ടെങ്കിലും അട്ടത്തിന് നൽകിയ ഉദാഹരണങ്ങൾ ഈ അർത്ഥത്തെ ഉൾക്കൊള്ളുന്നവയാണ്. 'അട്ടത്തിട്ട കൊട്ടത്തേങ്ങ', 'അട്ടത്തുണ്ടൊരു കുട്ടിച്ചാത്തൻ' തുടങ്ങിയവ ഉദാഹരണങ്ങളായി നൽകിയിട്ടുണ്ട്. ശബ്ദതാരാവലിയിലെ അർത്ഥവിശദീകരണം സംസ്കൃതത്തിന്റെ രീതിയനുസരിച്ചാണ്. ശബ്ദതാരാവലിയിൽ അട്ടത്തിന് നൽകിയ അർത്ഥങ്ങളൊന്നും ഭാഷയിൽ പ്രയോഗത്തിലുള്ളവയല്ല.

**അദ്ധ്യാപകൻ**

അദ്ധ്യാപകൻ എന്ന ലേഖകം ഗുണ്ടർട്ട് നൽകിയിട്ടില്ല. അദ്ധ്യാപനം എന്നതിന് *Teaching esp. Vedas* എന്ന അർത്ഥം ഗുണ്ടർട്ട്നിഘണ്ടുവിൽ കാണാം.

(1962:50). ശബ്ദതാരാവലിയിൽ അദ്ധ്യാപകന് *(വേദം) പഠിപ്പിക്കുന്നവൻ, ഉപാ ദ്ധ്യായൻ (അദ്ധ്യയനം ചെയ്യിക്കുന്നവൻ), ഓത്ത് ചൊല്ലിക്കുന്നവൻ* എന്നീ അർത്ഥങ്ങളാണ് പ്രധാനമായി നൽകിയിട്ടുള്ളത്. ഉപചാരാൽ മറ്റുവിദ്യകൾ പഠിപ്പിക്കുന്നവർക്കും പറയാം എന്നുകൂടി ചേർത്തിട്ടുണ്ട് (2015: 113)

സംസ്കൃതവഴിക്കാണ് പലപദങ്ങളുടെയും അർത്ഥവിവരണം ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത് എന്നതിന് ഉദാഹരണമാണ് ഈ പദം. അഭിനവമലയാളനിഘണ്ടുവും *വേദം പഠിപ്പിക്കുന്നവൻ* എന്ന അർത്ഥത്തിനു തന്നെ മുൻതൂക്കം നൽകുന്നു. ലെക്സിക്കനിലും കേരളഭാഷാനിഘണ്ടുവിലും അദ്ധ്യാപകൻ അദ്ധ്യാപനം ചെയ്യുന്നയാളാണ്. *പഠിപ്പിക്കുന്നവൻ, ആശാൻ* എന്നീ അർത്ഥങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് അർത്ഥവിവരണം നടത്തിയിരിക്കുന്നത്. ഈ പദത്തിന്റെ പുതിയ തലത്തിലേക്കുള്ള അർത്ഥവിവരണരീതിയ്ക്ക് തുടക്കം ലെക്സിക്കനിൽ കാണാവുന്നതാണ്. വേദങ്ങൾ മാത്രം പഠിപ്പിച്ചിരുന്ന കാലത്ത് വേദപഠിപ്പിക്കുന്നയാളായിരുന്നു അദ്ധ്യാപകൻ. എന്നാൽ അദ്ധ്യാപനം ചെയ്യുന്നയാൾ എന്ന അർത്ഥത്തിലേക്ക് ഈ പദത്തിന് അർത്ഥവികാസം സംഭവിച്ചിട്ടുണ്ടെങ്കിലും ശബ്ദതാരാവലി കൂടുതൽ പ്രാധാന്യം നൽകിയത് പഴയ അർത്ഥത്തിനു തന്നെയാണ്.

**അവധി**

സംസ്കൃതാർത്ഥത്തെ അതേ രീതിയിൽ നിഘണ്ടുക്കളിൽ വിവരണം ചെയ്തിരിക്കുന്ന പദമാണ് അവധി. ഗുണ്ടർട്ട് *പരിധി, അതിർത്തി* എന്നീ അർത്ഥങ്ങൾ മാത്രമേ ഈ പദത്തിന് നൽകിയിട്ടുള്ളൂ. 'അലകടൽ നാലും അവധിയായുള്ള അവനി' എന്ന ഉദാഹരണവും നൽകിയിട്ടുണ്ട് (1962:82). മലയാളനിഘണ്ടുക്കളിൽ അതിർത്തിക്ക് പുറമെ *മുറ, നിശ്ചിതിസമയം, തവണ, ഗഡു, അവസാനം* എന്നീ അർത്ഥങ്ങൾക്ക് ശേഷമാണ് *ഒഴിവ്* എന്ന അർത്ഥം നൽകിയത്. 'ഇന്ന് അവധിയാണ്' എന്ന് പറയുമ്പോൾ *ഒഴിവ്* എന്നേ ഭാഷയിൽ അർത്ഥമാക്കുന്നുള്ളൂ. ഈ പദത്തിന് മറ്റുള്ള അർത്ഥങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഇന്നും ഭാഷ

യിൽ നിലനിൽക്കുന്നുണ്ട്. പരമാവധി എന്നിടത്ത് *അതിർത്തി* എന്നുതന്നെയാണ് വിവക്ഷ. *അവധിക്ക് ഒഴിവ്, ജോലിയില്ലാത്ത ദിവസം* എന്നീ അർത്ഥങ്ങൾ മാത്രമേ പച്ചമലയാളനിഘണ്ടുവിൽ നൽകിയിട്ടുള്ളൂ (2016: 70). മറ്റർത്ഥങ്ങളെ നിഘണ്ടുകാരി പാടേ തിരസ്ക്കരിക്കുന്നു.

**ആക്രാന്തം**

പ്രാചീനകൃതികളിൽ *ആക്രമണം* എന്ന അർത്ഥത്തിലാണ് ആക്രാന്തം എന്ന പദം ഉപയോഗിച്ചിട്ടുള്ളത്. 'ഉണ്ണിയച്ചീചരിത'ത്തിലെ 'കൊലയപ്പടയാലാക്രാന്തനിലം' എന്ന വരിയിൽ ആക്രമിക്കപ്പെട്ടത് എന്നുതന്നെയാണർത്ഥം (ഗോപിനാഥൻനായർ, വ്യാഖ്യാ. 2006:112). 'പൂജാപുഷ്പ'ത്തിലെ "ശാന്തമംബരം നിദാഘോഷ്മള സ്വപ്നാക്രാന്തം" എന്ന വരിയിലും *ആക്രമണം* എന്ന അർത്ഥത്തിലാണ് പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. ഭാഷയിൽ ആക്രാന്തത്തിന് *തീറ്റക്കൊതി* എന്ന അർത്ഥമാണുള്ളത്. ഗുണ്ടർട്ട് ആക്രാന്തത്തിന് *ആക്രമണം* എന്ന അർത്ഥമാണ് നൽകിയിട്ടുള്ളത് (1962: 95). ശബ്ദതാരാവലി, ലെക്സിക്കൻ, കേരളഭാഷാനിഘണ്ടു എന്നിവയെല്ലാം ഒരേ തരത്തിലാണ് അർത്ഥവിവരണം നടത്തിയിരിക്കുന്നത്. *ആക്രമിക്കപ്പെട്ട, പിടിച്ചടക്കപ്പെട്ട, തോൽപ്പിക്കപ്പെട്ട, ബലാൽക്കാരമായി പ്രവേശിച്ച* തുടങ്ങിയ അർത്ഥങ്ങളോടൊപ്പം *ഭക്ഷണത്തോടുള്ള ആർത്തി* എന്ന സൂചനയും നൽകുന്നുണ്ട്. അഭിനവമലയാളനിഘണ്ടുവിൽ *ഭക്ഷണത്തോടുള്ള ആർത്തി* എന്ന അർത്ഥം നൽകിയിട്ടേയില്ല. സംസ്കൃതാർത്ഥങ്ങളെമാത്രം സ്വീകരിക്കപ്പെട്ടിരിക്കുന്നു (1977: 300). ആക്രാന്തത്തിന് *അത്യാർത്തി, കലശലായ വിശപ്പ്, വിശപ്പടക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥ സഹിച്ചുകൂടായ്മ* എന്നീ അർത്ഥങ്ങളാണ് പച്ചമലയാളനിഘണ്ടു നൽകുന്നത്. ആക്രമണം എന്ന അർത്ഥമേയില്ല. ആക്രാന്തം പിടിച്ചുതിന്നുക എന്നതിന് *അത്യാർത്തിയോടെ വാരിവലിച്ചു വിഴുങ്ങുക* എന്ന അർത്ഥവും നൽകിയിട്ടുണ്ട്. ഈ അർത്ഥം ഭാഷയിൽ ഉറച്ചുപോയിട്ടുണ്ട് എന്ന് പച്ചമലയാളനിഘണ്ടു (2016:84) പ്രസ്താവിക്കുന്നു. പച്ചമലയാളനിഘണ്ടുവിൽ ഈ പദത്തിന്റെ മലയാള അർത്ഥങ്ങളെ മാത്രമേ പ്രാധാന്യത്തോടെ രേഖപ്പെടുത്തിയിട്ടുള്ളൂ.

**ആദർശം**

ഗുണ്ടർട്ട് ഈ പദത്തിന് *Looking Glass* എന്ന അർത്ഥമാണ് നൽകിയിരിക്കുന്നത് (1962:100). സംസ്കൃതത്തിൽ ആദർശത്തിന്റെ അർത്ഥം *കണ്ണാടി* എന്നാണ്. *ദർശിക്കാനുള്ളത്* എന്ന് നിരുക്തം. ഭാഷയിലെ എല്ലാ നിഘണ്ടുക്കളും ശബ്ദതാരാവലിയിൽ ആദർശത്തിന് *കണ്ണാടി*യെന്ന അർത്ഥമാണ് ഒന്നാമതായി നൽകിയിട്ടുള്ളത്. *മൂലമാതൃക, കൈയെഴുത്തുപ്രതി, ഉൽകൃഷ്ടലക്ഷ്യം* എന്നീ അർത്ഥങ്ങളെ പിന്നീട് നൽകിയിരിക്കുന്നു. *മൂലമാതൃക, ഭാവനയിലോ സങ്കൽപ്പത്തിലോ ഉള്ള ഏറ്റവും ഉൽകൃഷ്ടമായ രൂപം, ഉൽകൃഷ്ടലക്ഷ്യം* എന്നീ അർത്ഥങ്ങളെ ലെക്സിക്കനിലും നൽകിയിട്ടുണ്ട്.

അഭിനവമലയാളനിഘണ്ടുവിൽ *കണ്ണാടി, കണ്ണാടിയുടെ ഉപരിതലം, മാതൃക, പകർപ്പ്, കൈയെഴുത്തുപ്രതി, വ്യാഖ്യാനം, മണ്ഡലം, വട്ടത്തിൽ പുള്ളികളോട് കൂടിയ പാമ്പ്* എന്നീ അർത്ഥങ്ങൾ ആദർശത്തിന് നൽകുകയും ആദർശവാദിക്ക് *ആദർശത്തിനു വേണ്ടി വാദിക്കുന്നവൻ, ആദർശം മുറുകെപ്പിടിക്കുന്നവൻ* എന്നും അർത്ഥം നൽകുന്നു. ആദർശത്തിന്റെ അർത്ഥം *കണ്ണാടി*യെന്ന് നൽകുന്നതുകൊണ്ടുതന്നെ കണ്ണാടിക്ക് വേണ്ടി വാദിക്കുന്നവൻ, കണ്ണാടി മുറുകെപ്പിടിക്കുന്നവൻ എന്ന ധാരണയുണ്ടാക്കുന്നതിന് പര്യാപ്തമായതരത്തിലാണ് അഭിനവമലയാളനിഘണ്ടുവിൽ ഈ പദത്തിന്റെ അർത്ഥവിവരണം.

**ആദേശം**

ആദേശത്തിനും നിഘണ്ടുക്കളിൽ സംസ്കൃതാർത്ഥത്തിനാണ് പ്രാമുഖ്യം. 'ഭാഷാകൗടലീയ'ത്തിൽ *ഉത്തരവ്* എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്നതായി ലെക്സിക്കനിൽ സൂചന നൽകുന്നുണ്ട്. 'രാജാവിനുടയ ആദേശം സവിശേഷമാ അനുഷ്ഠിപ്പതു' എന്ന ഉദാഹരണത്തിൽ *കൽപ്പന* എന്നു തന്നെയർത്ഥം. നിഘണ്ടുക്കളിൽ ഈ പദത്തിന് നൽകിയ അർത്ഥം ഒരേ രീതിയിൽത്തന്നെ.

ഗു.നി. - *order, command, substitute (Grammar)* (1962: 101).

ശ.താ. - *കല്പന, ഉത്തരവ്, ഒന്നിനുപകരം മറ്റൊന്ന്* (2015:215)

മ.ലെ. - *കല്പന, ഉത്തരവ്, ആജ്ഞ* (1970:108, വാല്യം 2)

അ.മ.നി. - *നിർദ്ദേശം, ചൂണ്ടിക്കാണിക്കൽ, സൂചന, ഉപദേശം, ആജ്ഞ, കല്പന* (1977: 320).

കേ.ഭാ.നി. - *കല്പന, ഉത്തരവ്, ആജ്ഞ, ഉപദേശം, ശിക്ഷണം, നിർദ്ദേശം* (1997:219)

*ഒന്നിനുപകരം മറ്റൊന്ന്* എന്ന അർത്ഥം നൽകുന്നുണ്ടെങ്കിലും ആദേശിക്കുക എന്ന പദത്തിന് ശബ്ദതാരാവലിയിൽ *നിർദ്ദേശിക്കുക* എന്ന അർത്ഥത്തിനാണ് പ്രാധാന്യമുള്ളത്. 'ആദേശംചെയ്യുക' എന്നതിന് *ആജ്ഞാപിക്കുക* എന്നും 'ആദേശനം' എന്നതിന് *ഉപദേശിക്കൽ* എന്നും 'ആദേശകരൻ' എന്നതിന് *ആജ്ഞാകരൻ* എന്നും അർത്ഥങ്ങൾ അഭിനവമലയാളനിഘണ്ടുവിലും നൽകുന്നു. ഭാഷയിലെ പ്രസക്താർത്ഥം നിഘണ്ടുകാരന്മാർ നൽകിയിട്ടില്ല. ശബ്ദതാരാവലി മാത്രമാണ് *ഒന്നിനുപകരം മറ്റൊന്ന്* എന്ന അർത്ഥം നൽകുന്നതെങ്കിലും അവിടെയും പ്രാധാന്യം സംസ്കൃതാർത്ഥത്തിനാണ് നൽകിയിട്ടുള്ളത്.

**ആലാപം**

*പറയുക, പാടുക, രാഗം വിസ്തരിക്കുക* എന്നീ അർത്ഥങ്ങളുണ്ടായിരുന്ന ഈ പദത്തിന്റെ അർത്ഥം *പാടുക* എന്നതിലേക്ക് ചുരുങ്ങുകയാണുണ്ടായത്. അർത്ഥസങ്കോചം സംഭവിച്ച ഈ പദത്തിന് ഗുണ്ടർട്ട് തുടങ്ങിയ നിഘണ്ടുകാരന്മാരെല്ലാം തന്നെ *സംസാരിക്കുക, പാടുക* എന്നീ അർത്ഥങ്ങളെ നൽകുന്നുണ്ടെങ്കിലും *പറയുക/സംസാരിക്കുക* എന്ന അർത്ഥത്തിനാണ് പ്രാധാന്യം നൽകുന്നത്. *പാടുക* എന്ന അർത്ഥത്തിന് രണ്ടാംസ്ഥാനമേ നൽകുന്നുള്ളൂ. ആലാപത്തിന് *സംഭാഷണ*മെന്നും ആലാപനത്തിന് *രാഗവിസ്താര*മെന്നും ശബ്ദതാരാവലി വ്യത്യസ്ത അർത്ഥങ്ങൾ നൽകിയിട്ടുണ്ട് (2015:286). അഭിനവമലയാളനിഘണ്ടുവിൽ മാത്രമേ *പാടുക, രാഗം വിസ്തരിക്കുക* എന്ന അർത്ഥങ്ങൾക്ക് പ്രാധാന്യം

നൽകിക്കാണുന്നുള്ളൂ. കാലക്രമമനുസരിച്ച് മാറിവരുന്നതും രൂഢിയായിത്തീരുന്നതുമായ അർത്ഥത്തിന് പ്രാമുഖ്യം നൽകി രേഖപ്പെടുത്താൻ നിഘണ്ടുകാരന്മാർ ശ്രദ്ധിച്ചിട്ടില്ല.

**ഉദ്യോഗം**

'ഉദ്യോഗിച്ചു വിദഗ്ധനാം ഖഗവരൻ' എന്ന് ഉണ്ണായിവാര്യർ പ്രയോഗിച്ചത് *ഒരുക്കം* എന്ന അർത്ഥത്തിലാണ്. ഗുണ്ടർട്ട് ഉദ്യോഗത്തിന് *Exertion* എന്നും *Office employment* എന്നും അർത്ഥം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥന് *Officer of Govt.* എന്ന അർത്ഥവും കാണാം (1962:132). *ജോലി, സർക്കാർ ജോലി* എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ടിന്റെ കാലത്തു തന്നെ ഈ പദത്തിനുണ്ടായിരുന്നു എന്നതിന്റെ സൂചനയാണിത്. എന്നാൽ ഭാഷാനിഘണ്ടുവായ ശബ്ദതാരാവലിയിൽ *ഏറ്റെടുപ്പ്, തുടക്കം, ഉത്സാഹം, പ്രത്യേകതാത്പര്യം, പ്രയത്നം* എന്നീ അർത്ഥങ്ങൾക്കുശേഷമാണ് *അധികാരവും ചുമതലയുമുള്ള ജോലി* എന്ന അർത്ഥം നൽകുന്നത് (2015:356). തുടർന്നുവന്ന ലെക്സിക്കനും ശബ്ദതാരാവലിയുടെ പാത പിൻതുടരുന്നു. ഇതേ രീതിയിൽത്തന്നെയാണ് അഭിനവമലയാളനിഘണ്ടുവും കേരളഭാഷാനിഘണ്ടുവും അർത്ഥവിവരണം നടത്തിയിട്ടുള്ളത്. പച്ചമലയാളനിഘണ്ടുവിൽ ഉദ്യോഗത്തിന് *ശമ്പളമുള്ള ജോലി, പ്രവൃത്തി* എന്നീ അർത്ഥങ്ങളാണ് നൽകിയിരിക്കുന്നത് (2016:154). 'ഉദ്യോഗസ്ഥൻ' ശമ്പളമുള്ള ജോലി വഹിക്കുന്നയാളുമാണ്. ഇന്ന് ഈ അർത്ഥത്തിന് മാത്രമേ പ്രാമുഖ്യമുള്ളൂ എന്ന ധ്വനി പച്ചമലയാളനിഘണ്ടുവിലെ അർത്ഥവിശകലനം വ്യക്തമാക്കുന്നു. എന്നാൽ മറ്റർത്ഥങ്ങളെ പാടേ തിരസ്കരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

**ഒപ്പിക്കുക**

*അലങ്കരിക്കുക, വസ്ത്രം ധരിക്കുക* എന്നീ അർത്ഥങ്ങളിലാണ് ഈ പദം പ്രയോഗിക്കപ്പെട്ടിരുന്നതെന്ന് 'കേരളഭാഷയുടെവികാസപരിണാമങ്ങൾ' എന്ന

കൃതിയിൽ ഇളംകുളം കുഞ്ഞൻപിള്ള സൂചിപ്പിക്കുന്നുണ്ട്. 'ഭാഷാകൗടലീയ'ത്തിൽ 'ഒപ്പിക്കുമവൻ' പ്രസാധകനും അലങ്കരിക്കുന്നവനുമാണ് (1969: 143).

പ്രാചീനകൃതികളിലെ ഈ അർത്ഥം ഗുണ്ടർട്ട് നൽകിക്കാണുന്നില്ല. *To requlise, to adjust, to please, to prove, to settle* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയത് (1962: 186). *ഒക്കുമാറാക്കുക, തികയ്ക്കുക, തുല്യമാക്കുക, അലങ്കരിക്കുക, ബോധ്യപ്പെടുത്തുക, ചതിക്കുക, വഴിപാട് കഴിക്കുക* എന്നീ അർത്ഥങ്ങൾ ശബ്ദതാരാവലി നൽകുന്നു (2015: 433). ഈ അർത്ഥങ്ങൾക്ക് പുറമെ *കഴിച്ചുകൂട്ടുക, മറ്റൊന്നിന് യോജിച്ചതാക്കുക, ഏൽപ്പിക്കുക, ചേർക്കുക* എന്നീ അർത്ഥങ്ങൾകൂടി ലെക്സിക്കനിൽ ചേർത്തിട്ടുണ്ട്. *ശരിപ്പെടുത്തുക, തുല്യമാക്കുക, രാജിപ്പെടുത്തുക, അലങ്കരിക്കുക, വസ്ത്രം ധരിപ്പിക്കുക, ബോധ്യപ്പെടുത്തുക, വഞ്ചിക്കുക* എന്നീ അർത്ഥങ്ങളെ അഭിനവമലയാളനിഘണ്ടു നൽകുന്നു (1977: 524).

*അലങ്കരിക്കുക* എന്ന അർത്ഥം പച്ചമലയാളനിഘണ്ടുവിലും നൽകിയിട്ടുണ്ട് (2016: 216). ഭാഷയിൽ ഈ അർത്ഥം പ്രയോഗത്തിലുണ്ടായിരുന്നു എന്നതിനെ ഉറപ്പിക്കുകയാണ് എല്ലാ മലയാളനിഘണ്ടുകാരന്മാരും ചെയ്യുന്നത്. ഭാഷയിൽ ഈ പദത്തിന് *അലങ്കരിക്കുക* എന്ന അർത്ഥം ഇല്ലാതാവുകയും *തുല്യമാവുക* എന്നതിനു പുറമേ *വേണ്ടാത്തരം ചെയ്യുക* എന്ന അർത്ഥത്തിലേക്കു കൂടി വികസിക്കുകയും ചെയ്തിട്ടുണ്ട്. 'അവൻ എന്തോ ഒപ്പിച്ചിട്ടുണ്ട്' എന്നതിൽ 'നല്ലതല്ലാത്ത എന്തോ കാര്യം അവൻ ചെയ്തിട്ടുണ്ട്' എന്നാണ് ഉദ്ദേശിക്കുന്നത്. ഈ പുതിയ അർത്ഥം നിഘണ്ടുക്കളിൽ രേഖപ്പെടുത്തിയിട്ടില്ല. ശബ്ദതാരാവലിയിൽ നൽകിയ *ചതിക്കുക* എന്ന അർത്ഥത്തിന്റെ തുടർച്ചയായിട്ടാവാം ഈ പദത്തിന് *വേണ്ടാത്തരം ചെയ്യുക* എന്ന അർത്ഥം കൂടി കൈവന്നത്.

**ഒരുമ്പെടുക**

*To join, To resolve* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് ഈ പദത്തിന് നൽകുന്നത്. *എന്തിനും തയ്യാറാവുക* എന്ന അർത്ഥത്തിൽ ഭാഷയിൽ പ്രയോഗമു

ണ്ടായിരുന്നു എന്ന് തെളിയിക്കുന്നതാണ് ഗുണ്ടർട്ട് നൽകിയ ഉദാഹരണം. 'കേരള വർമ്മരാമായണ'ത്തിലെ 'സേന ഒരുമ്പാട് കൂടി പുറപ്പെട്ടു' എന്ന ഉദാഹരണത്തിന് പുറമെ 'പെണ്ണ് ഒരുമ്പെട്ടാൽ ബ്രഹ്മനും തടുത്തുകൂടാ' എന്ന ചൊല്ല് കൂടി നൽകു ന്നുണ്ട്. *യുദ്ധത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പ്* എന്ന അർത്ഥത്തിൽ 'ഭാഷാകൗടലീ യ'ത്തിലും ഈ പദം പ്രയോഗിക്കപ്പെടുന്നുണ്ട്.

ശബ്ദതാരാവലിയിൽ *ഒരുങ്ങുക, ഉദ്യമിക്കുക, ആരംഭിക്കുക, ഒരുമപ്പെടുക, യോജിക്കുക* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. മലയാളമഹാനിഘണ്ടുവും ഈ അർത്ഥവിവരണത്തെ പിൻതുടരുന്നു. *ഒരുങ്ങുക, തുനിഞ്ഞിറങ്ങുക, ഉദ്യമിക്കു ക, ആരംഭിക്കുക, ധൈര്യപ്പെടുക* എന്നീ അർത്ഥങ്ങൾ അഭിനവമലയാളനിഘണ്ടു നൽകുന്നു (1977: 526).

*എന്തിനും തയ്യാറാകുന്നയാൾ* എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോ ഗിക്കപ്പെടുന്നത്. പച്ചമലയാളനിഘണ്ടു *തയ്യാറാവുക, ഉദ്യമിക്കുക, കൂടിച്ചേരുക, ധൈര്യപ്പെടുക* എന്നീ അർത്ഥങ്ങൾ നൽകുന്നുണ്ടെങ്കിലും 'ഒരുമ്പെട്ടവൾ' എന്ന ലേഖകത്തിന് *ധിക്കാരി, കുലട* എന്നീ അർത്ഥങ്ങളാണ് നൽകിയിരിക്കുന്നത് (2016: 218).

പ്രാചീനകൃതികളിൽ യുദ്ധത്തിനു തയ്യാറാവുക എന്ന ധ്വനിയുണ്ടായിരുന്നു. 'മഹാഭാരത'ത്തിലെ 'വില്ലെടുത്താശുകുലച്ചീടുവാനൊരുമ്പെട്ടു' എന്ന വരി യുദ്ധ ത്തിനുവേണ്ടിയുള്ള ഒരുങ്ങലായിരുന്നെങ്കിൽ ഇന്ന് ഒരുമ്പെടുക എന്നതിനർത്ഥം *മോശം പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ടിയുള്ള ഒരുക്കം/എന്തിനും തയ്യാറാ വുക/തുനിഞ്ഞിറങ്ങുക* എന്നതാണ്. ഗുണ്ടർട്ട് നൽകിയ അർത്ഥത്തെ ഭാഷാനിഘ ണ്ടുക്കളിൽ പച്ചമലയാളനിഘണ്ടുവിലല്ലാതെ ഒന്നിലും നൽകിക്കാണുന്നില്ല.

**ഔദാര്യം**

ഗുണ്ടർട്ട് *Munificence, Liberality* എന്നീ അർത്ഥങ്ങൾ നൽകിയിട്ടുണ്ട് (1962:198). ഉദാരത, മഹത്വം എന്നീ അർത്ഥങ്ങളാണ് നിഘണ്ടുക്കളിൽ ഈ പദ

ത്തിന് നൽകിയിട്ടുള്ളത്. ഉദാരമനോഭാവം നൽകുന്നയാളിലാണെങ്കിലും സ്വീകരിക്കപ്പെടുന്നയാളെ മോശക്കാരനായാണ് പരിഗണിക്കുന്നത്. അതുകൊണ്ടുതന്നെ ഔദാര്യത്തിന് അപകർഷം സംഭവിച്ചിട്ടുണ്ട് ഭാഷയിൽ.

**കല്യാണം**

*മംഗളം, ശുഭം* എന്നീ അർത്ഥങ്ങളിൽ സംസ്കൃതത്തിൽ വ്യവഹരിച്ചിരുന്ന ഈ പദത്തിന് *Fine, Lucky, Happiness, Marriage* എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ട് നൽകുന്നു (1962:220). *ശുഭം, ക്ഷേമം, സ്വർണ്ണം, ആഘോഷം, സ്വർഗം, വേങ്ങ, പൈൻ, സത്ഗുണം* എന്നീ അർത്ഥങ്ങൾക്കുശേഷമാണ് ശബ്ദതാരാവലിയിൽ *വിവാഹം* എന്ന അർത്ഥം നൽകുന്നത് (2015: 512). തുടർന്നുവന്ന നിഘണ്ടുക്കളും ഇതേ രീതിയിൽത്തന്നെയാണ് അർത്ഥവിവരണം നടത്തിയിരിക്കുന്നതും. *ശുഭമായ, നന്മയുള്ള, അനുഗ്രഹീതമായ* എന്നീ അർത്ഥങ്ങൾ കേരളഭാഷാനിഘണ്ടുവും നൽകുന്നു. പച്ചമലയാളനിഘണ്ടു *വിവാഹം, തിരണ്ടുകല്ല്യാണം, പൂണൂൽ ധരിക്കുന്ന ഉത്സവം* എന്നീ അർത്ഥങ്ങൾ കൊടുക്കുന്നുണ്ട് (2016:293). എന്നാൽ ഈ നിഘണ്ടുക്കളിലെല്ലാം തന്നെ 'കല്യാണക്കളി'യെന്നതിന് *താലികെട്ട്കല്യാണം സംബന്ധിച്ച ഒരു വിനോദമെന്നും* 'കല്യാണക്കോടിക്ക്' *വിവാഹസമയത്ത് വരൻ വധുവിന് നൽകുന്ന വസ്ത്രമെന്നും* അർത്ഥം നൽകുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റ് ലേഖകങ്ങളിലെല്ലാം തന്നെ കല്യാണത്തിന് *വിവാഹം* എന്ന അർത്ഥം തന്നെയാണ്. 'കല്യാണപ്പെണ്ണ്', 'കല്യാണച്ചെക്കൻ', 'കല്യാണദിനം', 'കല്യാണക്കത്ത്', 'കല്യാണപ്പാട്ട്', 'കല്യാണപ്പൊരുത്തം', 'കല്യാണനിശ്ചയം', 'കല്യാണക്കുറി', 'കല്യാണച്ചെലവ്', 'കല്യാണത്തിരക്ക്' എന്നിവയെല്ലാം *വിവാഹ*മെന്ന അർത്ഥത്തെ ഉറപ്പിക്കുന്നവയാണ്. മംഗളകരമായ എല്ലാ കർമ്മങ്ങളെയും കല്യാണമെന്നതുകൊണ്ട് പരാമർശിക്കുന്നില്ല. *വിവാഹ*ത്തെ മാത്രമേ ഇന്ന് കല്യാണം കൊണ്ട് അർത്ഥമാക്കുന്നുള്ളൂ.

**കൂറ്റൻ**

ഗുണ്ടർട്ട് *ശത്രു, കാള* എന്നീ അർത്ഥങ്ങളാണ് നൽകിയിരിക്കുന്നത്. 'രാമചരിത'ത്തിൽ 'മാറ്റാർകൂറ്റൻ' എന്ന പ്രയോഗത്തിനർത്ഥം *ശത്രു* എന്നാണെന്ന സൂചനയും നൽകുന്നുണ്ട്. ഭാഷയിലെ നിഘണ്ടുക്കളെല്ലാം *ശത്രു* എന്ന അർത്ഥം നൽകിയിട്ടുണ്ടെങ്കിലും *ബലവാൻ, കാള* എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. *കാള, വലിയ, യമൻ, പന്നി, ബലവാൻ, ശത്രു, നാശകൻ* എന്നീ അർത്ഥങ്ങളാണ് ശബ്ദതാരാവലിയിൽ കൊടുത്തിട്ടുള്ളത് (2015:636). മറ്റു നിഘണ്ടുക്കളും ഇതേ അർത്ഥവിവരണരീതിതന്നെ തുടരുന്നു. 'പടുകൂറ്റൻമരം' എന്നിടത്ത് *വലിയ, ബലമുള്ള* എന്നീ അർത്ഥമാണുള്ളത്. കൂറ്റൻ എന്നതിന് മാത്രമായി *കാള* എന്ന അർത്ഥം ധ്വനിപ്പിക്കാനും ആവുന്നില്ല. 'കൂറ്റൻകാള', 'കാളക്കൂറ്റൻ' എന്നിങ്ങനെ 'കൂറ്റൻ' ചേർത്ത് തന്നെ ഉപയോഗിക്കേണ്ടി വരുന്നു. ഇതിനുപുറമെ ആണത്തം, ലൈംഗികശേഷി എന്നിവയെക്കൂടി ഈ പദം ധ്വനിപ്പിക്കുന്നുണ്ട്. 'അമ്പലക്കൂറ്റൻ' എന്ന പ്രയോഗം ഉദാഹരണം. *ബലമുള്ള, വലിയ, തടിയുള്ള, ഉറപ്പുള്ള, അഹങ്കാരമുള്ള* എന്നീ അർത്ഥങ്ങളിലാണ് ഈ പദം ഭാഷയിൽ പ്രയോഗത്തിലുള്ളത്.

**ക്ഷേത്രം**

സംസ്കൃതത്തിൽനിന്ന് ഭാഷയിലേക്ക് വന്നപ്പോൾ അർത്ഥസങ്കോചം സംഭവിച്ച മറ്റൊരു പദമാണ് ക്ഷേത്രം. *വഴിയമ്പലം, സമ്മേളനസ്ഥലം* എന്നീ അർത്ഥങ്ങളിലുള്ള അമ്പലം ഹിന്ദുദേവാലയമായതുപോലെതന്നെ *വിളഭൂമി, വയൽ, കൃഷിസ്ഥലം, ഉത്പത്തിസ്ഥാനം, ശരീരം, ഭാര്യ, പുണ്യസ്ഥലം, നല്ല വിദ്യാർത്ഥി, പാത്രമായ ആൾ, സ്ഥാനം, ഇരിപ്പിടം, ദേഹതത്ത്വം, പ്രവർത്തനകേന്ദ്രം* എന്നീ അർത്ഥങ്ങളുണ്ടായിരുന്ന ക്ഷേത്രവും *ഹിന്ദുദേവാലയം* എന്ന അർത്ഥത്തിൽ ഭാഷയിൽ രൂഢിയായിത്തീർന്നിട്ടുണ്ട്. ശബ്ദതാരാവലി ഈ അർത്ഥങ്ങളെ അതേപടി സ്വീകരിക്കുകയാണ് ചെയ്തത്. സംസ്കൃതാർത്ഥങ്ങൾക്ക് പ്രാധാന്യം നൽകിത്തന്നെയാണ് മറ്റുനിഘണ്ടുക്കളും ഈ പദത്തിന്റെ അർത്ഥവിവരണം നടത്തിയിരിക്കുന്ന

ത്. *അമ്പലം* എന്ന അർത്ഥത്തിന് പ്രഥമസ്ഥാനം പ്രയോഗത്തിലുണ്ടെങ്കിലും നിഘണ്ടുക്കളിൽ പ്രാമുഖ്യം നൽകിക്കാണുന്നില്ല.

**ചട്ടമ്പി**

ഭാഷയിൽ അർത്ഥദേശം സംഭവിച്ച പദമാണ് ചട്ടമ്പി, ചട്ടമ്പിയെന്ന ലേഖകം ഗുണ്ടർട്ട് നിഘണ്ടുവിലില്ല. എന്നാൽ ചട്ടം എന്നതിന് *Rule, law, regulation* എന്നീ അർത്ഥങ്ങൾ ഗുണ്ടർട്ട് നൽകുന്നുണ്ട് (1962:340). 'ഉണ്ണിയച്ചീചരിത'ത്തിൽ ഉണ്ണിയച്ചിയെ കാണാൻ കൊതിച്ച് ഭൂമിയിലെത്തിയ ഗർന്ധർവ്വയുവാവിനോട് ഒരു 'ചട്ട'നാണ് അവളുടെ കഥ പറഞ്ഞു കേൾപ്പിക്കുന്നതും സൗന്ദര്യം വർണിക്കുന്ന തും. ചട്ടൻ, ഛാത്രൻ എന്നീ പദങ്ങൾക്ക് *ബ്രാഹ്മണവിദ്യാർത്ഥി* എന്നാണർത്ഥ മെന്ന് 'ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ' എന്ന കൃതിയിൽ ഇളംകുളം കുഞ്ഞൻപിള്ള സൂചിപ്പിക്കുന്നുണ്ട് (1962: 48). ചട്ടൻ എന്ന പദത്തിന് പ്രധാന മായും *ചട്ടുകാലൻ, മുടന്തി നടക്കുന്നവൻ* എന്നാണർത്ഥമാക്കുന്നത്.

*ആശാൻ, പ്രമാണി, യജമാനൻ, അദ്ധ്യാപകൻ, മെയ്പ്പയറ്റിൽ സാമർത്ഥ്യമു ള്ളവൻ, മുട്ടാളൻ* എന്നീ അർത്ഥങ്ങൾ ഭാഷയിലെ നിഘണ്ടുക്കളിൽ നൽകിയിട്ടു ണ്ട്. ക്ലാസിലെ ലീഡറായിരുന്നു ചട്ടമ്പി. വിദ്യാർത്ഥികളുടെ മേൽനോട്ടം വഹി ക്കുന്നയാളായിരുന്നു. അവരുടെ മേൽ അധികാരം സ്ഥാപിക്കാൻ ശ്രമിച്ചതിന്റെ ഭാഗമായിട്ടാവാം ചട്ടമ്പി എന്ന പദത്തിന് *തെമ്മാടി, അക്രമി* എന്നീ അർത്ഥങ്ങൾ കൈവന്നത്. 'ചട്ടമ്പിത്തരം', 'ചട്ടമ്പിക്കല്യാണി' എന്നീ പ്രയോഗങ്ങൾ ഈ അർത്ഥ ത്തിൽ മലയാളത്തിൽ രൂഢിയായിത്തീർന്നിട്ടുണ്ട്.

**പത്രം**

*A feather, A leaf, letter* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട്നിഘണ്ടുവിലു ള്ളത് (1962:572). *കത്ത്* എന്ന അർത്ഥത്തിൽ 'ശിവപുരാണ'ത്തിലും 'നളചരിത' ത്തിലും 'മുദ്രാരാക്ഷസ'ത്തിലുമുണ്ടായിരുന്ന പ്രയോഗങ്ങളെയും ഗുണ്ടർട്ട് ഉദാഹ

രിക്കുന്നുണ്ട്. ഗുണ്ടർട്ട് നൽകിയ അർത്ഥങ്ങൾക്ക് തന്നെയാണ് ശബ്ദതാരാവലിയും മുൻതൂക്കം നൽകിയത്. സംസ്കൃതത്തിൽ പത്രത്തിന് *ഇല, താമരയില, എഴുത്തോല, ഘനംകുറഞ്ഞ ലോഹത്തകിട്* എന്നീ അർത്ഥങ്ങൾക്കാണ് പ്രാധാന്യമുള്ളത് (1973:489). ശബ്ദതാരാവലിയുടെ രചനാകാലമായപ്പോഴേക്കും ദിനപ്പത്രം എന്ന രീതിയിൽ പത്രത്തിന് പ്രചാരമുണ്ടായിരുന്നെങ്കിലും പ്രാമുഖ്യം ഇലയ്ക്കും തൂവലിനും തന്നെയാണ് നൽകിയിരിക്കുന്നത്. ശബ്ദതാരാവലി ഇത്രയേറെ പതിപ്പുകൾ പരിഷ്ക്കരിച്ചിട്ടും പത്രത്തിന്റെ പഴയ അർത്ഥത്തിന് തന്നെയാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. എന്നാൽ ശബ്ദതാരാവലിയിൽത്തന്നെ പത്രപ്രവർത്തകൻ *(പത്രം നടത്തുന്നവൻ)*, പത്രപ്രവർത്തനം (*വർത്തമാനപത്രം നടത്തുന്ന ജോലി*), പത്രലേഖകൻ (*വർത്തമാനപത്രത്തിലേക്കും മറ്റും ലേഖനങ്ങൾ എഴുതുന്നവൻ)*, പത്രാധിപർ (*ദിനപത്രത്തിന്റെയും മറ്റും ആധിപത്യം നയിക്കുന്നയാൾ*) എന്നീ ലേഖകങ്ങൾ നൽകുകയും ഇവിടങ്ങളിലെല്ലാം *ദിനപ്പത്രം* എന്ന അർത്ഥത്തിനു പ്രാധാന്യം നൽകുകയും ചെയ്തിരിക്കുന്നു. തുടർന്നുവന്ന നിഘണ്ടുക്കളിലും ഇല, തൂവൽ എന്നിവയ്ക്കു തന്നെയാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. ഗുണ്ടർട്ടാണ് ഭാഷയിൽ വൃത്താന്തപത്രം കൊണ്ടുവന്നിട്ടുള്ളതെങ്കിലും അന്ന് ദിനപ്പത്രം എന്ന രീതിയിലേക്ക് ഈ പദത്തിന്റെ അർത്ഥം വികസിച്ചിട്ടുണ്ടായിരുന്നില്ല. ഇന്ന് 'പത്രവാർത്ത', 'പത്രലേഖകൻ', 'പത്രക്കുറിപ്പ്', 'പത്രപ്രവർത്തനം', 'പത്രധർമ്മം', 'പത്രാധിപർ', 'പത്രരചന' തുടങ്ങിയ പ്രയോഗങ്ങളിലെല്ലാം *ദിനപ്പത്രം* എന്ന അർത്ഥം തന്നെ. പച്ചമലയാളനിഘണ്ടുവാകട്ടെ *കടലാസ്, വർത്തമാനകടലാസ്, വൃത്താന്തപത്രം* എന്നീ അർത്ഥം മാത്രം നൽകുകയും *ഇല, തൂവൽ* തുടങ്ങിയ സംസ്കൃതാർത്ഥങ്ങളെ തിരസ്കരിക്കുകയും ചെയ്യുന്നു. ആയുർവേദത്തിൽ ഇന്നും പത്രത്തിന് *ഇല* എന്ന അർത്ഥത്തിൽ പ്രയോഗമുണ്ട്. താലിസപത്രം താലീസത്തിന്റെ ഇലയാണ്. എങ്കിലും പൊതുവ്യവഹാരത്തിൽ പത്രം എന്ന് മാത്രം പറഞ്ഞാൽ ദിനപ്പത്രം എന്നേ ഉദ്ദേശമുള്ളൂ.

**സൗജന്യം**

സൗജന്യത്തിന് *generosity, liberality* എന്നീ അർത്ഥങ്ങളാണ് ഗുണ്ടർട്ട് നൽകിയിരിക്കുന്നത് (1962:951). *A present* എന്ന അർത്ഥവും ഗുണ്ടർട്ട് നൽകിയിട്ടുണ്ട്. 'സൗജന്യം ചെയ്ക' എന്നതിന് *To make free gifts* എന്ന അർത്ഥം കൊടുത്തിട്ടുണ്ട്.

മലയാളനിഘണ്ടുക്കളിൽ *Free* എന്ന അർത്ഥം സ്വീകരിച്ചിട്ടില്ല. ശബ്ദതാരാവലിയിൽ *സുജനഭാവം, സ്നേഹം, പരോപകാരതാത്പരത്വം, ഔദാര്യം* എന്നീ അർത്ഥങ്ങളാണ് നൽകിയിട്ടുള്ളത്. മലയാളത്തിൽ *സമ്മാനം* എന്നാണ് അർത്ഥമെന്നും സൂചിപ്പിക്കുന്നു (2015:1734). സമ്മാനം വെറുതെ ലഭിക്കുന്നതാണെങ്കിലും സൗജന്യം എന്ന വിവക്ഷ അതിനില്ല. ഇതേ അർത്ഥം തന്നെയാണ് കേരളഭാഷാനിഘണ്ടുവും അഭിനവമലയാളനിഘണ്ടുവും പിൻതുടരുന്നത്. *സുജനഭാവം* എന്ന അർത്ഥത്തിലല്ല സൗജന്യം എന്നതുകൊണ്ട് ഭാഷയിൽ അർത്ഥമാക്കുന്നത്. *വെറുതെ ലഭിക്കുക* എന്നതാണ്. 'ഒന്ന് വാങ്ങുമ്പോൾ മറ്റൊന്ന് തികച്ചും സൗജന്യം' എന്ന പരസ്യവാചകത്തിൽ *വെറുതെ ലഭിക്കുക* എന്നതേ അർത്ഥമാക്കുന്നുള്ളൂ. *പണം കൊടുക്കാതെ തന്നെ ലഭിക്കുന്നത്* എന്നർത്ഥം.

സന്ദർഭം എന്ന പദത്തിന് *പൂമാലയും മറ്റും കോർക്കൽ, കൂട്ടിക്കെട്ടൽ, കൂട്ടം, കലർപ്പ്, യോജിപ്പ്, ഗ്രന്ഥരചന* എന്നീ അർത്ഥങ്ങൾക്കുശേഷമാണ് അവസരം എന്ന അർത്ഥം ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത്. അക്രമത്തിന് ക്രമമില്ലാത്തത് എന്ന അർത്ഥത്തിനുശേഷമാണ് മര്യാദയില്ലാത്തത് എന്ന അർത്ഥം നൽകിയിട്ടുള്ളത്. എന്നാൽ ക്രമമില്ലാത്തത് എന്ന അർത്ഥത്തെക്കാൾ ഭാഷയിൽ പ്രാധാന്യം ആക്രമണം എന്ന അർത്ഥത്തിനാണ്. ഇതുപോലെ അപൂർവ്വം, അനുസ്യൂതം, ആഘോഷം, സംവരണം, സാവധാനം തുടങ്ങി നിരവധിപദങ്ങളെ നിരുക്താർത്ഥത്തിനു പ്രാധാന്യം നൽകിക്കൊണ്ട് ശബ്ദാതാരാവലിയിൽ അർത്ഥവിവരണം നടത്തിയിട്ടുണ്ട്.

എല്ലാ സംസ്കൃതപദങ്ങൾക്കും സംസ്കൃതാർത്ഥത്തിനുതന്നെ പ്രാധാന്യം നൽകിക്കാണുന്നുമില്ല. *ഇഷ്ടം, മമത* എന്നീ അർത്ഥങ്ങൾ സ്നേഹത്തിന് നൽകിയതിന് ശേഷമാണ് *എണ്ണ* എന്ന അർത്ഥത്തെ ശബ്ദതാരാവലിയിൽ നൽകിയിട്ടുള്ളത്. സാഹിത്യത്തിന് *Literature* എന്ന അർത്ഥം നൽകിയതിന് ശേഷമാണ് സംസ്കൃതാർത്ഥമായ *സഹിതഭാവം* എന്ന അർത്ഥത്തെ നൽകിയിരിക്കുന്നത്. ഇത് എല്ലാ സംസ്കൃതപദങ്ങളെയും നിരുക്താർത്ഥത്തിന് പ്രാധാന്യം നൽകിക്കൊണ്ടല്ല അർത്ഥവിവരണം നൽകിയത് എന്നതിന് ഉദാഹരണമാണ്.

### 4.5. മലയാളനിഘണ്ടുക്കളുടെ പരിമിതികൾ

ഭാഷയിലെ പ്രയോഗങ്ങളെ അടിസ്ഥാനമാക്കിയും ഉദാഹരണങ്ങൾ നൽകിയുമാണ് ഗുണ്ടർട്ട് അർത്ഥങ്ങളെ വിശദീകരിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന പല അർത്ഥങ്ങളും മാറിയതായി ശബ്ദതാരാവലിയെ നിരീക്ഷിച്ചാൽ മനസ്സിലാകും. ഭാഷയിലെ മൂല്യവത്തായ ഒരു നിഘണ്ടുവാണ് ശബ്ദതാരാവലി. അർത്ഥം നോക്കുന്നതിനുവേണ്ടി കൂടുതൽ ആളുകളും ആശ്രയിക്കുന്നത് ശബ്ദതാരാവലിയെയാണ്. മറ്റ് നിഘണ്ടുക്കളേക്കാൾ എന്തുകൊണ്ടും മുൻപന്തിയിൽ നിൽക്കുന്നതും മലയാളത്തിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ടിട്ടുള്ളതുമായ നിഘണ്ടുവാണിത്. 1923- ൽ രചിച്ച ഈ കൃതിയ്ക്ക് നാൽപ്പത്തിമൂന്ന് പതിപ്പുകൾ പുറത്തിറങ്ങിയിട്ടുണ്ടെങ്കിലും അർത്ഥവിവരണത്തിൽ കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. പദവർദ്ധനയിലാണ് പരിഷ്ക്കർത്താക്കൾ ശ്രദ്ധിച്ചിട്ടുള്ളത്.

ശബ്ദവ്യുത്പത്തി, ശബ്ദവിഭാഗസൂചന, പരകീയപദമാണെങ്കിൽ സൂചന, അർത്ഥവിവരണം എന്നിവയെല്ലാം മിക്ക പദങ്ങൾക്കും നൽകിയിട്ടുണ്ട്. ശബ്ദതാരാവലിയുടെ രചനാകാലത്ത് പദസ്വീകരണത്തിനായി മിക്കവാറും ആശ്രയിച്ചിരുന്നത് സാഹിത്യകൃതികളെയായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യകാലം വരെ സാഹിത്യകൃതികളിൽ സംസ്കൃതസ്വാധീനം വളരെ പ്രകടവുമാണ്. പ്രാചീനകൃതി

കളിൽ തുടങ്ങി ആധുനികകവിത്രയങ്ങളിൽ വരെ സംസ്കൃതപദാതിപ്രസരം നമുക്ക് ദീക്ഷിക്കാവുന്നതാണ്. ശബ്ദതാരാവലിയൽ മിക്ക പദങ്ങൾക്കും ഭാഷയിൽ പ്രയോഗത്തിലുള്ള അർത്ഥത്തേക്കാൾ സംസ്കൃതാർത്ഥങ്ങൾക്ക് പ്രാധാന്യം നൽകിയതായി കാണാവുന്നതാണ്. 'അ' എന്ന പദത്തിന് വിഷ്ണു, ബ്രഹ്മാവ്, ശിവൻ, ആമ, കങ്കണം, യുദ്ധം, ഗൗരവം, അന്തഃപുരം, ഹേതു, ആഭരണം, കാൽ, പാർവ്വതി, ഞാൻ എന്നീ അർത്ഥങ്ങൾ കൽപ്പിച്ചിരിക്കുന്നത് സംസ്കൃതസ്വാധീനത്തിന് ഉദാഹരണമാണ്. ഭാഷയിലേക്ക് സംസ്കൃതത്തിൽ നിന്ന് ആദാനം ചെയ്യപ്പെട്ട മിക്കപദങ്ങൾക്കും അർത്ഥം നൽകുമ്പോൾ ആ പദത്തിന്റെ സംസ്കൃതാർത്ഥത്തിനാണ് പ്രധാന്യം നൽകിയിട്ടുള്ളത്. അതിനുശേഷമാണ് ഭാഷയിലുള്ള അർത്ഥത്തെ പരിഗണിക്കുന്നത്. അക്രമം എന്ന പദത്തിന് ക്രമമില്ലായ്മ എന്ന നിരുക്താർത്ഥത്തിനാണ് ശബ്ദതാരാവലി പ്രാധാന്യം നൽകിയിട്ടുള്ളത്.

ശബ്ദതാരാവലിയിൽ 'സാധാരണസ്ത്രീ' എന്ന ഒരു ലേഖകം നൽകിയിട്ടുണ്ട്. മറ്റ് നിഘണ്ടുക്കളിൽ ഈ ലേഖകം നൽകിക്കാണുന്നില്ല. സംസ്കൃതാർത്ഥത്തെ പിൻപറ്റിക്കൊണ്ടാണ് പത്മനാഭപിള്ള ഈ പദത്തിനും അർത്ഥം നൽകിയിട്ടുള്ളത്. സംസ്കൃതത്തിൽ 'സാമാന്യവനിത' എന്ന പദത്തിന് *വേശ്യ* എന്ന അർത്ഥമാണുള്ളത്. അതേ രീതിയിൽത്തന്നെ 'സാധാരണസ്ത്രീ'ക്ക് ശബ്ദതാരാവലിയിൽ *വേശ്യ* എന്ന അർത്ഥം നൽകിയിരിക്കുന്നു (2015: 1707). ഭാഷയിൽ സാധാരണസ്ത്രീ സാധാരണക്കാരിയായ സ്ത്രീയാണ്. ശബ്ദതാരാവലിയുടെ പുതിയ പതിപ്പിൽപോലും ഈ അർത്ഥത്തെ തിരുത്തിയിട്ടില്ല എന്നത് ഖേദകരമാണ്.

'മുഖ്യമന്ത്രി' എന്ന പദം കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്താൽ അർത്ഥമാറ്റം സംഭവിച്ചിട്ടുള്ളതാണ്. 'മുഖ്യൻ' എന്ന ലേഖകം മാത്രമേ ശബ്ദതാരാവലി നൽകിയിട്ടുള്ളത്. അതിന് *പ്രമാണി, നായകൻ* എന്നീ അർത്ഥങ്ങൾക്കുപുറമെ *പ്രമുഖൻ, പ്രവേകൻ, അനുത്തമൻ, വര്യൻ, വരേണ്യൻ, പ്രബർഹൻ, പരാർധ്യൻ,*

*അഗ്രൻ, അഗ്രിയൻ* എന്നിങ്ങനെ സംസ്കൃതബഹുലമായ പര്യാപദങ്ങളും നൽകി യിരിക്കുന്നു (2015:1428). എന്നാൽ 'മുഖ്യമന്ത്രി' എന്ന ലേഖകം നൽകിയിട്ടില്ല. എന്നാൽ 'രാഷ്ട്രപതി', 'രാഷ്ട്രപിതാവ്' എന്നീ ലേഖകങ്ങളെ പുതിയ അർത്ഥ ത്തിൽ നൽകിയിട്ടുമുണ്ട്. 1977-ൽ രചിച്ച അഭിനവമലയാളനിഘണ്ടുവിലും ഈ ലേഖകം നൽകിക്കാണുന്നില്ല. പത്രം, മന്ത്രി, സാഹചര്യം, സാഹിത്യം, സാവധാ നം, പ്രബന്ധം തുടങ്ങി നിരവധി പദങ്ങൾക്ക് സംസ്കൃതാർത്ഥങ്ങൾക്ക് പ്രാധാന്യംനൽകി അർത്ഥവിവരണം നടത്തുന്നുണ്ട്. പ്രചാരത്തിൽ വന്നുകൊണ്ടി രിക്കുന്ന ധാരാളം പുതിയ അർത്ഥങ്ങളെയും പദങ്ങളെയും ഇനിയും ഉൾക്കൊള്ളി ക്കേണ്ടിയുമിരിക്കുന്നു. ഉദാഹരണത്തിന് മുന്നണി, അവിശ്വാസപ്രമേയം, നീക്കു പോക്ക്, നയപ്രഖ്യാപനം, വിമതശല്യം തുടങ്ങി രാഷ്ട്രീയവുമായിബന്ധപ്പെട്ടതും അല്ലാത്തതുമായ നിരവധിപദങ്ങളെ കൂട്ടിച്ചേർക്കേണ്ടതുണ്ട്.

അർത്ഥപരിണാമം സംഭവിച്ച പദങ്ങൾക്ക് പുതിയ രീതിയിലുള്ള അർത്ഥം നൽകാൻ ഒരുപരിധിവരെ മലയാളമഹാനിഘണ്ടു ശ്രമിച്ചിട്ടുണ്ട്. നിലവിൽ ഈ നിഘണ്ടു അപൂർണമാണ്. 'അ' മുതൽ 'പീ' വരെയുള്ള പദങ്ങളെ മാത്രമേ നിഘ ണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആഗമികവും ചരിത്രപരവുമാണ് ഈ നിഘണ്ടു. പദങ്ങൾക്ക് ഉദാഹരണങ്ങൾ നൽകി വിശദീകരിക്കുമ്പോൾ ചിലയിടങ്ങളിൽ കാലാ നുക്രമം പാലിച്ചിട്ടില്ലായെന്നത് ഇതിന്റെ പോരായ്മതന്നെയാണ്. പല പദ ങ്ങൾക്കും പുതിയ അർത്ഥത്തെ ആദ്യം നൽകുന്നതും കാണാം. ചരിത്രാത്മകനി ഘണ്ടുക്കളിൽ പഴയ അർത്ഥത്തിന് പ്രാധാന്യംകൽപ്പിച്ചുകൊണ്ട് അർത്ഥമാറ്റ ത്തിന്റെ ക്രമം ദീക്ഷിക്കുകയാണ് വേണ്ടത് എന്നതിനാൽത്തന്നെ മലയാളമഹാനി ഘണ്ടുവിലെയും അർത്ഥവിവരണത്തിൽ അപര്യാപ്തതയുണ്ടെന്ന് പറയാം.

പച്ചമലയാളനിഘണ്ടുവാകട്ടെ, ഭാഷയിൽ പ്രയോഗത്തിലുള്ള മുഴുവൻ പദ ങ്ങളെയും ഉൾക്കൊള്ളിച്ചിട്ടില്ല. മലയാളപദങ്ങൾ മാത്രം ചേർക്കുക എന്ന ആശയ ത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിഘണ്ടു രചിക്കപ്പെട്ടത്. എങ്കിലും സാധാരണ

അർത്ഥത്തിലുള്ള തനിമലയാളപദങ്ങൾ മാത്രമല്ല ഇതിലുപയോഗിച്ചിട്ടുള്ളത്. ധാരാളം സംസ്കൃതപദങ്ങളെയും ഈ നിഘണ്ടുവിൽ കാണാം. സംസ്കൃതപദങ്ങളുടെ മലയാള അർത്ഥത്തെ മാത്രമാണ് ഈ നിഘണ്ടുവിൽ ചേർത്തിട്ടുള്ളത്. അവയുടെ സംസ്കൃതാർത്ഥത്തെ പൂർണമായും ഒഴിവാക്കിയിരിക്കുന്നു. ജാതിഭേദങ്ങളിലെയും പ്രാദേശികഭാഷകളിലെയും പദങ്ങളെ ലേഖകങ്ങളായി നൽകിയിട്ടുണ്ടെങ്കിലും ഇവ ആര്, എവിടെ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ചുള്ള സൂചനയൊന്നും പച്ചമലയാളനിഘണ്ടുവിൽ നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ ഭാഷാഭേദനിഘണ്ടുവിന്റെയും മലയാളനിഘണ്ടുവിന്റെയും ഇടയിലാണ് ഈ നിഘണ്ടുവിന്റെ സ്ഥാനം. മാത്രമല്ല, പല പദങ്ങൾക്കും മാറിവന്ന പുതിയ അർത്ഥം മാത്രം നൽകുകയും പഴയ അർത്ഥങ്ങളെ പാടേ തിരസ്കരിക്കുകയുമാണ് നിഘണ്ടുകാരി ചെയ്തിരിക്കുന്നത്.

അഭിനവമലയാളനിഘണ്ടു ശബ്ദതാരാവലിയെ അനുകരിക്കുന്ന രീതിയിലാണ് മിക്കപദങ്ങൾക്കും അർത്ഥവിവരണം നൽകിയിട്ടുള്ളത്. ശബ്ദതാരാവലിയിലെ 'ചീരിപ്പത്രം' എന്ന ലേഖകത്തെ അഭിനവമലയാളനിഘണ്ടു അനുകരിച്ചതിനെക്കുറിച്ച് 'നിഘണ്ടുനിർമ്മാണം മലയാളത്തിൽ' എന്ന ലേഖനത്തിൽ നടുവട്ടം ഗോപാലകൃഷ്ണൻ ഉദാഹരിക്കുന്നുണ്ട്. ''ചീരിപ്പത്രം എന്ന വാക്കിന് ശബ്ദതാരാവലിയുടെ ആദ്യപതിപ്പിൽ 'പാവൽ' എന്ന ശരിയായ അർത്ഥം കൊടുത്തിട്ടുണ്ട്. പിന്നീടുണ്ടായ പതിപ്പുകളിൽ പാവൽ> വാവൽ ആയി. നോട്ടപ്പിശകുകാരണം പ>വ ആയത് ആരും തിരുത്തിയില്ല. ഈ വാവൽ സി. മാധവൻപിള്ളയുടെ ഇംഗ്ലീഷ്-മലയാളനിഘണ്ടുവിലും അഭിനവമലയാളനിഘണ്ടുവിലും കടന്നുകൂടിയിട്ടുണ്ട്'' (1997:532).

കേരളഭാഷാനിഘണ്ടു പുതിയ രീതിയിൽ മിക്കപദങ്ങൾക്കും അർത്ഥവിവരണം നൽകാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ശബ്ദതാരാവലിക്ക് ലഭിച്ച പ്രചാരം കിട്ടിയിട്ടില്ല. ഉദാഹരണത്തിന് 'പൂവാലൻ' എന്ന ലേഖകം ശബ്ദതാരാവലിയിലില്ല.

*അറ്റത്ത് പുള്ളിയുള്ള വാലുള്ളവൻ, പെൺകുട്ടികളെ ശല്യം ചെയ്യാൻ അണി ഞ്ഞൊരുങ്ങി നടക്കുന്നവൻ* എന്നീ രണ്ടർത്ഥങ്ങളും ഈ പദത്തിന് നൽകിയിട്ടുണ്ട്. പ്രയോഗത്തിൽ ഈ രണ്ടർത്ഥങ്ങളും നിലനിൽക്കുന്നുമുണ്ട്. 'മന്ത്രി', 'മുഖ്യമന്ത്രി' എന്നീ ലേഖകങ്ങളെ പുതിയ അർത്ഥത്തോടെ നിഘണ്ടുവിൽ നൽകിയിട്ടുണ്ട്. എങ്കിലും പലയിടത്തും ശബ്ദതാരാവലിയെ അനുകരിക്കാൻ കേരളഭാഷാനിഘ ണ്ടുവും ശ്രമിച്ചിട്ടുണ്ട്.

രാജകൊട്ടാരത്തിലും പാവങ്ങളുടെ കുടിലുകളിലും താളിയോലകളിലും അച്ചടിച്ചപുസ്തകങ്ങളിലും മറ്റുമായി എഴുതപ്പെട്ടും എഴുതപ്പെടാതെയും ജീവി ക്കുന്ന ഒരു ഭാഷയിലെ പല പദങ്ങളും പ്രയോഗങ്ങളും ഒരു നിഘണ്ടുകാരന്റെ തൂലികത്തുമ്പിൽനിന്ന് ഒഴിഞ്ഞുമാറിയെന്നു വരാം എന്ന് 'നിഘണ്ടുവിജ്ഞാന' ത്തിൽ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ നിഘണ്ടുകാരന്റെ ശ്രദ്ധക്കുറവുകൊണ്ടുവ രുന്ന പദങ്ങൾ ചേർക്കപ്പെടുന്നില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം നിഘണ്ടുകാര നാണെന്നുകൂടി ഈ കൃതിയിൽ സൂചിപ്പിക്കുന്നു (1982:25). നിത്യോപയോഗത്തിൽ സജീവമായതും അർത്ഥമാറ്റത്തോടെ പ്രയോഗിക്കുന്നതുമായ നിരവധിപദങ്ങളെ ഇനിയും നിഘണ്ടുക്കളിൽ ചേർത്തേണ്ടിയിരിക്കുന്നു. ഓക്സ്ഫോർഡ് ഡിക്ഷണ റിയുടെ മാതൃകയെ അവലംബമാക്കി വ്യവഹാരഭാഷയ്ക്ക് ആദ്യവും മുൻകാലഭാ ഷയ്ക്ക് പിന്നീടും പ്രാധാന്യം കൽപ്പിച്ച് അത്യാവശ്യങ്ങളായ സാങ്കേതികപദങ്ങ ളെയും ഉൾപ്പെടുത്തിക്കൊണ്ട് പദങ്ങളുടെ രൂപപരവും അർത്ഥപരവുമായ പരിണാ മങ്ങൾക്കുകൂടി പ്രാധാന്യം നൽകിക്കൊണ്ടുള്ളതും ഒരേസമയം ഒതുക്കവും പ്രയോ ജനവുമുള്ള കാലാനുസൃതമായ ഒരു മലയാളനിഘണ്ടു ഇനിയും ഉണ്ടാകേണ്ടിയിരി ക്കുന്നു.

# ഉപസംഹാരം

ഓരോ ജനസമൂഹവും പലതരം മാറ്റങ്ങൾക്കു വിധേയമായി തുടരുന്നതു പോലെ അവരുപയോഗിക്കുന്ന ഭാഷയും കാലാന്തരത്തിലും ദേശാന്തരത്തിലും പ്രയോഗാന്തരത്തിലും മാറുന്നുണ്ട്. ചലനാത്മകമാണ് സാമൂഹികജീവിതമെന്നതിനാൽ പുതിയ ആശയങ്ങളും അതോടൊപ്പം അവയെ ആവിഷ്ക്കരിക്കാനുള്ള പുതുഭാഷാരീതികളും ഉണ്ടാകുന്നു. ഭാഷയിലെ അർത്ഥത്തെ പരിഗണിക്കുമ്പോൾ ഏകകമായി സ്വീകരിക്കാവുന്നത് പദത്തെയാണ്. പദവും അർത്ഥവും തമ്മിലുള്ള ബന്ധമാകട്ടെ സ്വാഭാവികമോ നിത്യമോ അല്ല മറിച്ച് സ്വേച്ഛാപരമാണ്. അതിനാൽ ഏതൊരു ഭാഷയിലും പുതിയപദങ്ങൾ പ്രയോഗത്തിൽവരുകയും നിലവിലുള്ള പദങ്ങൾക്കുതന്നെ അർത്ഥപരിണാമം സംഭവിക്കുകയും ചെയ്യുന്നത് സാധാരണമാണ്. എന്നാൽ നിത്യജീവിതത്തിൽ പദങ്ങൾക്കുവരുന്ന അർത്ഥപരിണാമത്തെ ഭാഷകസമൂഹം വിശകലനം ചെയ്ത് മനസ്സിലാക്കാൻ ശ്രമിക്കണമെന്നില്ല. അതിനാൽ മാറിവരുന്ന അർത്ഥങ്ങളെ സമൂഹം എവിടെയും ശേഖരിച്ചുവെയ്ക്കണമെന്നില്ല. പഴയ എഴുത്തുകളിലെ പദപ്രയോഗത്തിന്റെ വിവക്ഷകളെ ആന്തരികവും ബാഹ്യവുമായ സന്ദർഭ-സാഹചര്യങ്ങൾ പരിഗണിച്ച് നിർദ്ധാരണം ചെയ്തെടുക്കാനേ കഴിയൂ. അത്തരം പരിശ്രമങ്ങൾക്ക് അതതുകാലത്ത് നടപ്പിലുണ്ടായ നിഘണ്ടുക്കൾ വലിയ സഹായം ചെയ്യും. അഥവാ അർത്ഥപരിണാമങ്ങളെ രേഖപ്പെടുത്തിവെയ്ക്കാൻ ഉത്സാഹിക്കുന്നത് പ്രധാനമായും നിഘണ്ടുക്കളാണ്.

ഒരു പദത്തിന് ഒരേ സമയം പല അർത്ഥങ്ങളുണ്ടെന്ന് ഏതു നിഘണ്ടു മറിച്ചുനോക്കിയാലും മനസ്സിലാവും. ഇങ്ങനെ ഒരുപദത്തിനുള്ള അർത്ഥവൈവിധ്യങ്ങളെ പദത്തിന്റെ അർത്ഥമണ്ഡലമായി പരിഗണിച്ച് അതിനുപുറത്തുള്ള അർത്ഥസൂചനകളിലേയ്ക്കുകൂടി അത് വികസിക്കുന്നതാണ് അർത്ഥപരിണാമം എന്ന് സാമാന്യമായി പറയാം. അതേപോലെ നിലവിലുള്ള അർത്ഥമണ്ഡലത്തിന്റെ ചില

ഭാഗങ്ങൾ പദത്തിന്റെ അർത്ഥസൂചനയിൽനിന്ന് നഷ്ടപ്പെട്ടുപോകുന്നതും അർത്ഥ പരിണാമമാണ്. പദവും അർത്ഥവും അവയുടെ പരിണാമവും ആലോചനാവിഷയ മായി സ്വീകരിച്ച് അതിന്റെ പ്രയോഗമാതൃകകളെ മലയാളത്തിൽ വ്യത്യസ്തകാല ഘട്ടങ്ങളിലുണ്ടായ നിഘണ്ടുക്കളെ ആധാരമാക്കി വിലയിരുത്താനാണ് ഈ പഠന ത്തിൽ ശ്രമിച്ചത്.

നിരന്തരവും വ്യത്യസ്തവുമായ പ്രയോഗങ്ങളിലൂടെ പദങ്ങൾക്ക് പ്രകടമായ വിധത്തിൽ അർത്ഥപരിണാമം സംഭവിക്കുന്നത് പ്രധാനമായും അന്യഭാഷാ സമ്പർക്കങ്ങളുടെ സാഹചര്യത്തിലാണ്. മറ്റുഭാഷകളിൽനിന്ന് വിവർത്തനം ചെയ്യു മ്പോൾ പലപ്പോഴും ലക്ഷ്യഭാഷയിൽ നടപ്പിലുള്ള പദങ്ങൾ മാത്രം മതിയാകാതെ വരും. അത്തരം ഘട്ടങ്ങളിൽ നിലവിലുള്ള പദത്തിന് അധികാർത്ഥം നൽകിയോ പുതിയ പദചേർച്ചകളിലൂടെയോ വിവർത്തനത്തിൽ സമമൂല്യത നിലനിർത്താൻ ശ്രമിക്കുന്നത് അർത്ഥപരിണാമത്തിന് പശ്ചാത്തലമാകുന്നു. ലക്ഷ്യഭാഷാപദ ങ്ങൾക്കൊണ്ട് സമമൂല്യത സാധ്യമാകാതെ വരുമ്പോൾ പലപ്പോഴും അന്യഭാഷാപ ദങ്ങൾതന്നെ ലക്ഷ്യഭാഷയിൽ ഉപയോഗിക്കേണ്ടിവരും. അതിന് രണ്ടുരീതികളുണ്ട്. സ്രോതഭാഷാപദത്തിന്റെ ഉച്ചാരണരീതി അങ്ങനെതന്നെ പിന്തുടരുന്ന തത്സമരീ തിയും ലക്ഷ്യഭാഷയുടെ ഉച്ചാരണവ്യവസ്ഥയിലേക്ക് സ്രോതഭാഷാപദത്തെ പരി വർത്തിപ്പിച്ചെടുക്കുന്ന തത്ഭവരീതിയും. ഇങ്ങനെ തത്സമങ്ങളായും തത്ഭവങ്ങ ളായും ഭാഷയിലേക്കു ധാരാളം പദങ്ങൾ കടന്നുവന്നിട്ടുള്ളത് സംസ്കൃതത്തിൽ നിന്നാണ്. തത്സമങ്ങളായി വന്ന പദങ്ങളിൽ ചില പദങ്ങളുടെ അർത്ഥങ്ങൾ സവി ശേഷമായ ഓരോ മേഖലയിലേക്കുമാത്രം ഒതുങ്ങിനിൽക്കുന്നതായി കാണാം. സ്വീകരിക്കുന്ന പദത്തിന്റെ അർത്ഥമണ്ഡലത്തിനു സംഭവിക്കുന്ന മാറ്റത്തെ മുൻനിർത്തി അവയെ പ്രധാനമായും അർത്ഥവികാസം, അർത്ഥസങ്കോചം, അർത്ഥാദേശം എന്നിങ്ങനെ വേർതിരിക്കാം.

വിവർത്തനംപോലെ ഭാഷയിലെ പദങ്ങളുടെ അർത്ഥപരിണാമത്തിൽ പ്രകട മായ പങ്കുവഹിച്ച മറ്റൊരു മേഖല സാങ്കേതികപദനിർമ്മിതിയാണ്. സാങ്കേതികപദ

ങ്ങളായി പ്രയോഗിക്കപ്പെടുന്നവ മിക്കപ്പോഴും അന്യഭാഷാപദങ്ങളോ പുതുപദങ്ങളോ ആണ്. മിക്കവാറും വിവർത്തനത്തിന്റെ രീതികളാണ് ഇവിടെയും പ്രയോഗിക്കുന്നത്. എങ്കിലും നേരിട്ടുള്ള വിവർത്തനങ്ങളല്ലാതെ പുതിയ ജ്ഞാനമേഖലയെ പരിചയപ്പെടുത്തുന്ന പാഠപുസ്തകങ്ങളും പുതിയ ആശയമേഖലകളെയോ പ്രയോഗമണ്ഡലങ്ങളെയോ പരിചയപ്പെടുത്തുന്ന പഠനസഹായികളും മറ്റും നിർമ്മിക്കുമ്പോൾ നിലവിലുള്ള സമാനാർത്ഥകപദങ്ങളിൽ ഒന്നിനെ സാങ്കേതികപദമായി നിശ്ചയിക്കുന്നത് മറ്റു സാമാന്യപ്രയോഗങ്ങളിൽനിന്ന് അതിനെ മാറ്റിനിർത്തുന്നതിന് കാരണമാകുന്നു. ഭാഷയിൽ നിയതമായ ഒരു ആശയം പ്രകാശിപ്പിക്കുന്ന ഒരു പദം നിലവിലിരിക്കെ അതേ ആശയത്തെ ദ്യോതിപ്പിക്കുന്ന മറ്റൊരുപദം കടംകൊള്ളേണ്ടിവന്നാൽ സമാനാർത്ഥകമായ ആ രണ്ടുപദങ്ങൾക്കമുള്ള അർത്ഥപരമായ പ്രയോഗമൂല്യം വ്യത്യസ്തമായിത്തീരുന്നു. ചിലപ്പോൾ അവയിൽ ഒരുപദം ലുപ്തപ്രചാരമാവുകയോ പുതിയ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുകയോ ചെയ്യാം. രണ്ടായാലും അത് അർത്ഥപരിണാമത്തിന്റെ പരിധിയിൽപ്പെടുന്നു.

ഭാഷാസൂത്രണത്തിന്റെ ഭാഗമായി വരമൊഴിയിൽ വരുന്ന ഇത്തരം അർത്ഥപരിണാമങ്ങൾപോലെ മാനകവും അല്ലാത്തതുമായ വാമൊഴിപ്രയോഗങ്ങളിലും വ്യത്യസ്ത സന്ദർഭങ്ങൾക്കനുസരിച്ച് പദങ്ങളുടെ അർത്ഥങ്ങൾ ഓരോരോ മേഖലകളിലേക്കു കേന്ദ്രീകരിക്കുന്ന പ്രവണത കാണുന്നുണ്ട്. പുതിയ സന്ദർഭ-സാഹചര്യങ്ങൾക്കനുസരിച്ചുള്ള പുതുപദനിർമ്മിതിയും വാമൊഴി ധാരാളമുണ്ട്. പുതുവ്യവഹാരങ്ങളും പുതുപദങ്ങളും ഭാഷയിൽ സൃഷ്ടിക്കുന്നതിനും പ്രചരിക്കുന്നതിനും മാധ്യമങ്ങൾ ഇന്ന് വലിയ പങ്കുവഹിക്കുന്നുണ്ട്. പരസ്യങ്ങൾ, പത്രമാധ്യമങ്ങൾ, മൊബൈൽഫോൺ, ഇന്റർനെറ്റ്, വാട്സ്ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയവയിലൂടെയെല്ലാം നിലവിലുള്ള ഭാഷാമാറ്റങ്ങൾ വളരെപ്പെട്ടെന്നുതന്നെ പൊതുസമൂഹത്തിനിടയിലെത്തുന്നു. അവയുടെ പ്രചരണം അർത്ഥപരിണാമത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നു.

നിലവിലുള്ള ഒരുപദത്തിന് പുതിയ പ്രയോഗാർത്ഥം അംഗീകരിക്കപ്പെടുന്നതിനും പുതിയ ഒരു പദം ഭാഷയിൽ പ്രതിഷ്ഠ നേടുന്നതിനും അനുസരിച്ച് അവയെ അതതുകാലത്ത് വ്യക്തമായ കാലസൂചനയോടെ നിഘണ്ടുക്കളിൽ രേഖപ്പെടുത്തുന്ന സമ്പ്രദായം മലയാളത്തിൽ ഇല്ല. എന്നുമാത്രമല്ല പദങ്ങളുടെ അർത്ഥപരിണാമത്തിന്റെ സാമാന്യസൂചനപോലും മലയാളനിഘണ്ടുക്കളിൽ സാമാന്യമായി കണ്ടെത്തുവരില്ല. മലയാളത്തിലെ പ്രധാന നിഘണ്ടുവായ ശബ്ദതാരാവലി നാൽപ്പത്തിമൂന്ന് പതിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടും പദസംഖ്യ വർദ്ധിപ്പിക്കുന്നതിൽ മാത്രമാണ് കാര്യമായി ശ്രദ്ധിച്ചിട്ടുള്ളത്. സംസ്കൃതത്തിൽ നിന്നുംവന്ന പദങ്ങളെ നിരുക്താർത്ഥത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടും അല്ലാതെയും അർത്ഥവിവരണം നൽകിയിട്ടുണ്ട്. പുതിയതായി വരുന്ന നിരവധിപദങ്ങളെ ഇനിയും കൂട്ടിച്ചേർക്കേണ്ടതുമുണ്ട്. മലയാളത്തിലെ പദങ്ങളുടെ അർത്ഥത്തിന്റെ സമഗ്രതയ്ക്കുവേണ്ടി തയ്യാറാക്കിയ മലയാളമഹാനിഘണ്ടു ചരിത്രാത്മകനിഘണ്ടുവാണെങ്കിലും പലപ്പോഴും പുതിയ അർത്ഥങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് അർത്ഥമാറ്റത്തിന്റെ ക്രമത്തെ ദീക്ഷിച്ചിട്ടില്ല. പിന്നീടുണ്ടായ പച്ചമലയാളനിഘണ്ടുവാകട്ടെ മലയാളപദങ്ങൾ മാത്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും ധാരാളം സംസ്കൃതപദങ്ങൾ ഈ നിഘണ്ടുവിലുണ്ട്. അവിടെയെല്ലാം സംസ്കൃതപദങ്ങളുടെ മലയാളത്തിലുള്ള അർത്ഥത്തെ മാത്രം രേഖപ്പെടുത്തുകയാണ് നിഘണ്ടുകാരി ചെയ്തിട്ടുള്ളത്. തുടർന്നുവന്ന അഭിനവമലയാളനിഘണ്ടു ഒരുപരിധിവരെ ശബ്ദതാരാവലിയെ അനുകരിക്കുകയാണ് ചെയ്യുന്നത്. കേരളഭാഷാനിഘണ്ടു അർത്ഥവിവരണത്തിൽ വ്യത്യസ്തരീതി പുലർത്തുന്നുണ്ടെങ്കിലും അതിന് വേണ്ടത്ര പ്രസക്തി ലഭിച്ചിട്ടില്ല. പുതിയ പദങ്ങളെ പുതിയ അർത്ഥത്തിൽ രേഖപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ നിഘണ്ടുവും അടിസ്ഥാനപരമായി ശബ്ദതാരാവലിയെ അനുകരിക്കുന്നുണ്ടെന്നു തന്നെ പറയാം. നിഘണ്ടുക്കൾ ഭാഷയിലെ അർത്ഥങ്ങളെ ശ്രദ്ധിച്ചിട്ടുണ്ടെങ്കിൽക്കൂടി അർത്ഥപരമായ പരിണാമങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് കാലാനുസൃതമായ രീതിയിൽ രചന

നടത്താൻ ശ്രദ്ധിച്ചിട്ടില്ല. പുതുകാലത്തെ വ്യവഹാരാർത്ഥങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ട് നിഘണ്ടുക്കളെ പരിഷ്ക്കരിക്കുകയോ കാലാനുസൃതമായ പുതിയ നിഘണ്ടു ഉണ്ടാവുകയോ ചെയ്യേണ്ടിയിരിക്കുന്നു.

'അർത്ഥപരിണാമം മലയാളപദങ്ങളിൽ' എന്ന ഈ പ്രബന്ധത്തിന്റെ നാലദ്ധ്യായങ്ങളിലൂടെ കണ്ടെത്തിയ ആശയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

- വിവക്ഷിക്കേണ്ട അർത്ഥത്തെ കൂടുതൽ സൂക്ഷ്മമാക്കാൻവേണ്ടിയാണ് അന്യഭാഷാപദങ്ങളെ സ്വീകരിക്കുന്നത്. അന്യഭാഷകളിൽനിന്നും അർത്ഥാദേശത്തോടെ ഭാഷയിലേക്ക് വന്ന പല പദങ്ങൾക്കും അർത്ഥമാറ്റം സംഭവിച്ചത് അർത്ഥസാമ്യമോ രൂപസാമ്യമോ ഉണ്ടാക്കുന്ന സാമാന്യമായ ചില ആശയക്കുഴപ്പങ്ങൾ കാരണമാണെന്ന് മനസ്സിലാക്കാം. അക്രമത്തെ ആക്രമണവുമായും മംഗലത്തെ മാംഗല്യവുമായും ഭ്രമത്തെ ഭ്രമണവുമായും ബന്ധപ്പെടുത്തിക്കൊണ്ട് മനസിലാക്കിയതിനാൽ ആ അർത്ഥത്തിന്റെ നീട്ടിവെക്കലായാണ് അർത്ഥപരിണാമം സംഭവിച്ചത്.

- അർത്ഥാദേശം സംഭവിച്ച പദങ്ങളുടെ വിവക്ഷകൾ തമ്മിൽ പ്രകടമായ വ്യത്യാസങ്ങൾ തോന്നാമെങ്കിലും മിക്കവയിലും ആരാഞ്ഞുനോക്കിയാൽ മൂലാർത്ഥത്തിന്റെ ചില സൂചനകൾ നീണ്ടുകിടക്കുന്നത് കാണാവുന്നതാണ്.

- വാമൊഴിയിൽ അർത്ഥമാറ്റം സംഭവിച്ച പദങ്ങൾ പലതും കുറഞ്ഞകാലത്തേക്ക് മാത്രം സ്വീകരിക്കപ്പെടുന്നതും പുതിയമാറ്റങ്ങൾക്കനുസരിച്ച് പഴയ അർത്ഥത്തെ വളരെപ്പെട്ടെന്ന് തിരസ്ക്കരിക്കുന്ന പ്രവണതയും കാണാവുന്നതാണ്.

- സമൂഹമില്ലാത്ത ഭാഷയില്ല എന്നതുകൊണ്ടുതന്നെ ഓരോ സമൂഹത്തിന്റെയും സംസ്കാരത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ചും ആവശ്യങ്ങൾക്കനുസരിച്ചുമാണ് പുതിയപദങ്ങൾ രൂപം കൊള്ളുന്നത്. പുതിയ പദ

ങ്ങളെ സ്വീകരിക്കുന്നതോടൊപ്പം സമാനാർത്ഥത്തിലുള്ള പദങ്ങളെ നേരിയ അർത്ഥവ്യത്യാസത്തോടെ ഉപയോഗിക്കുകയും ചെയ്യുന്നു. അത്തരം പദങ്ങളുടെ ഉപയോഗം കൂടുതലാകുമ്പോൾ പുതിയ അർത്ഥങ്ങളിൽ ആ പദങ്ങൾ രൂഢിയായിത്തീരുന്നു.

- ഭാഷയിലെ വിവിധ പ്രയോഗസന്ദർഭങ്ങൾ അർത്ഥത്തെ ഓരോരോ മേഖലയിൽമാത്രം ഒതുക്കിനിർത്തുന്നു. ഒരേ പദങ്ങൾ കൂട്ടായ്മയ്ക്ക് പുറത്തേക്ക് പ്രചരിക്കുമ്പോൾ പുതിയ അർത്ഥത്തെക്കൂടി സംവേദനം ചെയ്യപ്പെടുകയും പ്രതിഷ്ഠ നേടുകയും ചെയ്യുന്നു.

- തുല്യാർത്ഥമുള്ള ഒന്നിലധികം പദങ്ങളെ ഒഴിവാക്കാനുള്ള പ്രവണത ഭാഷയിൽ കാണാവുന്നതാണ്.

- ഭാഷയിൽ നിയതമായ ഒരാശയം പ്രകാശിപ്പിക്കുന്ന ഒരു പദം നിലവിലിരിക്കെ അതേ ആശയം ദ്യോതിപ്പിക്കുന്ന മറ്റൊരു പദം കടംകൊള്ളേണ്ടിവന്നാൽ കാലക്രമേണ ഒരു പദം ലുപ്തപ്രചാരമാവുകയോ പുതിയ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുകയോ ചെയ്യാം. അതുപോലെ, ഒരേ അർത്ഥത്തിൽ ചില പ്രദേശങ്ങളിൽ ഒരു പദവും മറ്റുചിലിടത്ത് മറ്റേപ്പദവും പ്രചരിച്ചെന്നും വരാം.

- ഒരു പദത്തിന് ഒന്നിൽക്കൂടുതൽ പര്യായപദങ്ങളുണ്ടാവുകയും അവയിൽ ചിലതിന് നാനാർത്ഥങ്ങളുണ്ടാവുകയും സ്വാഭാവികമാണ്. പ്രയോഗാവർത്തനം കൊണ്ട് ചില പദങ്ങൾ രൂഢിയായിത്തീരുകയും മറ്റുള്ളവ വ്യത്യസ്തമായ അർത്ഥത്തിലേക്ക് മാറുകയും തീരെ പ്രയോഗിക്കാത്തവ ലുപ്തപ്രചാരമായിത്തീരുകയും ചെയ്യുന്നു.

- സങ്കേതബദ്ധമായി ഉപയോഗിക്കുന്ന പദങ്ങൾ പൊതുവെ അർത്ഥമാറ്റത്തിന് വിധേയമാകാതെ ചെറുത്തുനിൽക്കുന്നുണ്ട്.

- സക്രിയമാണ് ഭാഷയും ഭാഷകസമൂഹവും എന്നതിനാൽ അർത്ഥപരിണാമം സാധാരണവും സ്വാഭാവികവുമാണ്. എന്നാൽ ചെറിയ ഒരു കാലഘട്ടത്തിനിടെ ഒരു ഭാഷയിലെ ഭൂരിപക്ഷം പദങ്ങൾക്കും അർത്ഥമാറ്റം സംഭവിച്ചാൽ ബാബേലിലെ ഭാഷാകലക്കത്തിലെന്നപോലെ പരസ്പരവിനിമയം അസാദ്ധ്യമായിത്തീരും. ഭാഷ നിരന്തരം പരിണാമിയായിരിക്കുമ്പോഴും സ്ഥിരമായി നിലനിൽക്കുന്നുണ്ട്. അർത്ഥപരിണാമത്തിന്റെ വ്യാപ്തി കുറവായതുകൊണ്ടാണ് ഭാഷ ചലനാത്മകസ്ഥിരത കൈവരിക്കുന്നത്.

- ഭാഷയിൽ നിലവിൽ പ്രയോഗത്തിലുള്ള നിരവധി പദങ്ങളുടെ പുതിയ അർത്ഥത്തെക്കൂടി നിഘണ്ടുക്കളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

- അർത്ഥപരിണാമം സംഭവിച്ച പദങ്ങൾക്ക് നിഘണ്ടുക്കളിൽ അർത്ഥവിവരണം നൽകുമ്പോൾ പഴയ അർത്ഥങ്ങളെ ആവർത്തിക്കുന്നത് കാണാം. ചരിത്രപരമായി അത് യുക്തമാണ്. എന്നാൽ പുതിയ അർത്ഥത്തെ സ്വീകരിക്കാൻ നിഘണ്ടുക്കൾ വിമുഖത കാണിക്കുന്നു. പുതിയ അർത്ഥത്തെ പാടേ തിരസ്ക്കരിക്കുന്ന രീതിയും നിഘണ്ടുക്കളിൽ കാണാവുന്നതാണ്.

- 1923-ൽ ആദ്യപതിപ്പ് പ്രസിദ്ധീകരിച്ച ശബ്ദതാരാവലിയ്ക്ക് നാൽപ്പത്തിമൂന്ന് പതിപ്പുകൾ ഇറങ്ങിയിട്ടും പദവർദ്ധനയിൽ മാത്രമേ ശ്രദ്ധിച്ചിട്ടുള്ളൂ. തെറ്റായി നൽകിയ അർത്ഥത്തെപ്പോലും തിരുത്തിയിട്ടില്ല. പ്രധാനമെങ്കിലും താരതമ്യേന പുതിയ അർത്ഥങ്ങളെ അവസാനമാണ് നൽകിയിരിക്കുന്നതും. ഇത് നിഘണ്ടുവിന്റെ സമകാലികത നഷ്ടപ്പെടാൻ കാരണമാകുന്നു. ധാരാളം പദങ്ങളുടെ അർത്ഥമാറ്റത്തെ സൂചിപ്പിച്ചിട്ടുമില്ല. മാത്രമല്ല, പദങ്ങളുടെ അർത്ഥവിവരണത്തിൽ സംസ്കൃതനിഘണ്ടുക്കളെയാണ് ആശ്രയിച്ചിരിക്കുന്നത്. സംസ്കൃതാർത്ഥങ്ങളിൽ അപ്രധാനമായതുപോലും വിവരിച്ച ശേഷമാണ് പ്രധാനമായ മലയാളാർത്ഥം നൽകിയിരിക്കുന്നതും. തുടർന്നു

വരുന്ന നിഘണ്ടുക്കൾ ഒരു പരിധിവരെ ശബ്ദതാരാവലിയെ അനുകരിക്കുന്നതും കാണാം.

- പുതുകാലത്തെ വ്യവഹാരാർത്ഥങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരേ സമയം ഒതുക്കവും പ്രയോജനവുമുള്ള കാലാനുസൃതമായ ഒരു മലയാളനിഘണ്ടു ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

# ഗ്രന്ഥസൂചി


അച്യുതനുണ്ണി, ചാത്തനാത്ത്. 2005. *ഭാരതീയസാഹിത്യദർശനം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

_________. 2006. *ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

അച്യുതനുണ്ണി, ചാത്തനാത്ത് & രാഘവവാര്യർ, എം. ആർ. (പഠനം, വ്യാഖ്യാനം) 2007. *കോകസന്ദേശം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

അച്യുതൻ, എം. 2011. *പാശ്ചാത്യസാഹിത്യദർശനം.* കോട്ടയം: ഡി.സി.ബുക്സ്.

അജു, കെ. നാരായണൻ. 2017: *താക്കോൽവാക്കുകൾ: വിചാരമാതൃകകൾ, കേരളീയ നോട്ടങ്ങൾ.* ആലുവ: വിദ്വാൻ പി.ജി. നായർ സ്മാരകഗവേഷണകേന്ദ്രം.

അനിൽ, കെ.എം. (എഡി). 2017. *സംസ്കാരനിർമ്മിതി.* കോഴിക്കോട്: പ്രോഗ്രസ് ബുക്സ്.

അന്നംഭട്ടൻ. 2009. *തർക്കസംഗ്രഹദീപിക.* (വിവ.) ആര്യാദേവി, ടി. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

അബൂട്ടി, ഒ. 2006. *ഇംഗ്ലീഷിലെ ദ്വയാർത്ഥപ്രയോഗങ്ങൾ.* തൃശ്ശൂർ: കറന്റ് ബുക്സ്.

അബൂബക്കർ, പി.എ. 2015. *വടക്കൻമലയാളം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അർജ്ജുനൻ, വെള്ളായണി. 1972. *ഗവേഷണമേഖല.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

ആൻഡ്രൂസുകുട്ടി, ഏ.പി. 2008. *ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ആന്റണി, സി.എൽ. 2011: *ഭാഷാപഠനങ്ങൾ.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

ഉണിത്തിരി, എൻ.വി.പി. 2009. *ശബ്ദാർത്ഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഉഷാനമ്പൂതിരിപ്പാട്. 1994. *സാമൂഹികഭാഷാവിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

എഴുത്തച്ഛൻ, തുഞ്ചത്ത്. 2014. *അദ്ധ്യാത്മരാമായണം* (സംശോ). മാടമ്പ് കുഞ്ഞുക്കുട്ടൻ, തൃശൂർ: ഗ്രീൻ ബുക്സ്.

ഓമന, പി.വി. 1990. *നിഘണ്ടുക്കൾ മലയാളത്തിൽ.* കോട്ടയം: കറന്റ് ബുക്സ്.

കരുണാകരൻ, തിരുനെല്ലൂർ. 1965. *മലയാളഭാഷാപരിണാമം : സിദ്ധാന്തങ്ങളും വസ്തുതകളും.* തിരുവനന്തപുരം: പ്രഭാത് ബുക്ക്ഹൗസ്.

കാരശ്ശേരി, എം.എൻ. 2005. *തെളിമലയാളം.* കോട്ടയം: ഡി. സി. ബുക്സ്.

_________. 2012. *തായ്മൊഴി.* കോട്ടയം: ഡി. സി. ബുക്സ്.

_________. 2013. *വാക്കിന്റെ വരവ്.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________. (എഡി). 2017. സാഹിത്യസിദ്ധാന്തചർച്ച, കോഴിക്കോട്: വിദ്യാർത്ഥി പബ്ലിക്കേഷൻസ്.

കാർത്തികേയൻ, ഷൊർണൂർ. 2012. *മധ്യകാലകേരളഭാഷ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുഞ്ഞൻപിള്ള, ഇളംകുളം. (വ്യാഖ്യാ.). 1962. *കേരളഭാഷയുടെ വികാസപരിണാമങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

_________. 1962. *ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

_________. 1970. *ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

_________. (വ്യാഖ്യാ.). 1997. *രാമചരിതം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

_________. 2011. *ലീലാതിലകം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

കുഞ്ഞുണ്ണിരാജ, കെ. 1960. *ഭാഷാചിന്തകൾ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

_________. 1963. *ഭാഷാഗവേഷണം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

_________. 2000. *ഭാഷാദർശനവും ചരിത്രവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കുമാരൻ വയലേരി. 1999. *വാമൊഴി ഫലിതങ്ങൾ.* തൃശ്ശൂർ: കറന്റ് ബുക്സ്.

_________. 2004. *ഭാഷയും സമൂഹവും.* കോഴിക്കോട്: പാപ്പിയോൺ.

കുറുപ്പ്, കെ.കെ. എൻ. 1988. *സമൂഹം ചരിത്രം സംസ്കാരം.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻ.

കോൺഡ്രറ്റോവ്, ഏ. 1990. *ശബ്ദങ്ങളും ചിഹ്നങ്ങളും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗണേഷ്, കെ.എൻ. 1990. *കേരളത്തിന്റെ ഇന്നലെകൾ.* കേരളസർക്കാർ: സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്.

ഗിരീഷ്കുമാർ, എസ്. 2011. *ക്യാമ്പസ്ഭാഷയുടെ സാമൂഹികസ്വഭാവം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

ഗിരീഷ്, പി.എം. 2001. *അധികാരവും ഭാഷയും.* കോഴിക്കോട്: പാപ്പിയോൺ.

_________. 2012. *അറിവും ഭാഷയും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

________. 2013. *മലയാളം: സ്വത്വവും വിനിമയവും*. ശുകപുരം: വള്ളത്തോൾവിദ്യാപീഠം.

ഗുപ്തൻനായർ, എസ്. (സമ്പാ.) 1997. *ഗോദവർമ്മയുടെ പ്രബന്ധങ്ങൾ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

________. 2003. *വാഗർത്ഥവിചാരം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗുണ്ടർട്ട്, ഹെർമ്മൻ. 1991. *മലയാളഭാഷാവ്യാകരണം.* കോട്ടയം: ഡി.സി. ബുക്സ്.

ഗോദവർമ്മ. കെ. 1996. *കേരളഭാഷാവിജ്ഞാനീയം*. തിരുവനന്തപുരം: കേരളസർവ്വകലാശാല.

ഗോപാലകൃഷ്ണൻ, നടുവട്ടം.(സമ്പാ.) 2015. *മലയാളഭാഷാചരിത്രം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഗോപിക്കുട്ടൻ, 1996. *കോകസന്ദേശം: പഠനവും വ്യാഖ്യാനവും*. തൃശ്ശൂർ: കറന്റ് ബുക്സ്.

ഗോപിനാഥൻനായർ, എൻ. (വ്യാഖ്യാ.) 2005. *ഉണ്ണിച്ചിരുതേവീചരിതം.* കാലിക്കറ്റ് സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം.

________. (എഡി.) 2006. *ഭാഷയും സമൂഹവും: ഭാഷാശാസ്ത്ര പഠനങ്ങൾ*. കാലിക്കറ്റ് സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം.

________. 2006. *വാക്കിന്റെ സഞ്ചാരം.* കാലിക്കറ്റ് സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം.

ഗോപീചന്ദ്നാരംഗ്. 2013. *ഘടനാവാദവും ഉത്തര-ഘടനാവാദവും പൗരസ്ത്യകാവ്യശാസ്ത്രവും.* (വിവ.) കൃഷ്ണൻ, പി. ന്യൂഡൽഹി: കേന്ദ്രസാഹിത്യഅക്കാദമി.

ചന്ദ്രശേഖരൻനായർ, സി.കെ. 1968. *മലയാളത്തിന്റെ വളർച്ച: ചില വശങ്ങൾ.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

ജോർജ്ജ്, കെ.എം. 1979. *വളരുന്നകൈരളി.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ

_________. 1994. *ഭാരതീയ സാഹിത്യസമീക്ഷ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോർജ്ജ്മാത്തൻ, റവ. 2000. *മലയാഴ്മയുടെ വ്യാകരണം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോസഫ് പി.എം.1984. *മലയാളത്തിലെ പരകീയപദങ്ങൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ജോസഫ്സ്കറിയ. 2015. *പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ*. കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണസംഘം.

_________. 2016. *ഭാഷയുടെ വർത്തമാനം*. കോട്ടയം: സാഹിത്യപ്രവർത്തകസഹകര ണസംഘം.

തോമസ്, കെ.വി. 2007. *ആധുനികമലയാളശൈലി.* കോഴിക്കോട്: ഒലിവ് പബ്ലിക്കേ ഷൻസ്.

നമ്പൂതിരി, ഇ.വി.എൻ. 2005. *കേരളഭാഷാവ്യാകരണം*. കോട്ടയം: ഡി.സി. ബുക്സ്.

_________. 1997. *വാക്യഘടന,* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നാരായണപിള്ള, പി.കെ. സാഹിത്യപഞ്ചാനൻ & ഗോപാലകൃഷ്ണൻ നായർ, എം. (സമ്പാ.) 1995. *വ്യാകരണപ്രവേശിക.* തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പവിത്രൻ, ടി. 2012. *സാമൂഹ്യഭാഷാഭേദപഠനം.* പയ്യന്നൂർ: പുസ്തകഭവൻ.

പ്രബോധചന്ദ്രൻനായർ, വി.ആർ. 1973. *വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________. 1999. *മലയാളം മലയാളിയോളം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്.

_________. 2009. *ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രഭാകരവാര്യർ, കെ.എം. 1978. *ഭാഷയും മനഃശാസ്ത്രവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________. 1982. *പൂർവ്വകേരളഭാഷ.* മദ്രാസ്: മദിരാശി സർവ്വകലാശാല.

_________. 1999. *ഭാഷാവലോകനം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

_________. 2002. *ഭാഷാശാസ്ത്രവിവേകം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

_________. 2007. *ഭാഷസാഹിത്യംവിമർശനം*, തൃശ്ശൂർ: കറന്റ് ബുക്സ്.

_________. 2007. *മലയാളം മാറ്റവും വളർച്ചയും.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

പ്രഭാകരവാര്യർ, കെ.എം. ശാന്താഅഗസ്റ്റിൻ. 1994. *ആധുനികഭാഷാശാസ്ത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാലകൃഷ്ണൻ, ബി.സി. 1994. *സംസ്കൃതസ്വാധീനം മലയാളഭാഷയിൽ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാലകൃഷ്ണൻനായർ, ടി. ചിറയ്ക്കൽ. 1993. *കേരളഭാഷാഗാനങ്ങൾ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബെഞ്ചമിൻ, ഡി. 2010. *സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം.* തിരുവനന്തപുരം:മാളുബൻ പബ്ലിക്കേഷൻസ്.

ബേബി, എം.എ. (എഡി). 2001. *ചോംസ്കി - നൂറ്റാണ്ടിന്റെ മനഃസ്സാക്ഷി.* കോട്ടയം: ഡി.സി. ബുക്സ്.

മലയാളപഠനസംഘം. 2007. *സംസ്കാരപഠനം: ചരിത്രം സിദ്ധാന്തം പ്രയോഗം.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

മാധവപ്പണിക്കർ, നിരണത്ത്. 2001. പഠനം: പുതുശ്ശേരി രാമചന്ദ്രൻ . *ഭാഷാഭഗവത് ഗീത.* തിരുവല്ല : കണ്ണശ്ശ സ്മാരക ട്രസ്റ്റ്.

മാർക്കോസ്, വി.പി. (എഡി.) 2010. *ഭാഷ: നവീനപഠനവഴികൾ.* ആലുവ: വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണകേന്ദ്രം മലയാളവിഭാഗം,യു.സി.കോളേജ്.

മുരളീധരൻ, നെല്ലിക്കൽ. 2011. *വിശ്വസാഹിത്യദർശനങ്ങൾ.* കോട്ടയം: ഡി.സി. ബുക്സ്.

രത്നമ്മ, കെ. (വ്യാഖ്യാ). 1997. *അനന്തപുരവർണനം: പാഠവും പഠനങ്ങളും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________. 2005. *പ്രാചീനശാസനങ്ങളും മലയാളപരിഭാഷയും.* തിരുവനന്തപുരം: സാംസ്കാരികപ്രസിദ്ധീകരണവകുപ്പ്.

രാജരാജവർമ്മ, ഏ.ആർ. 1989. *സാഹിത്യസാഹ്യം.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

_________. 1997. *കേരളപാണിനീയം.* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്.

രാജീവ്, വി. 2015. *നവനിരൂപണം സിദ്ധാന്തവും പ്രയോഗവും.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാജേന്ദ്രൻ, സി. 2000. *സൊസ്സ്യൂർ ഘടനാവാദത്തിന്റെ ആചാര്യൻ.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ലീലാവതി, എം. 2006. *സാഹിത്യനിരൂപണത്തിലെ ദിശാബോധം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

വാങ്മയി. 1998. *ഭാഷാപര്യടനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വേണുഗോപാലപണിക്കർ, ടി.ബി. 1997. *ഭാഷാർത്ഥം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

_________. 1999. *വാക്കിന്റെ വഴികൾ.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം.

________. 2006. *ചിതറിപ്പോയ സിംഹനാദവും ചില ഭാഷാവിചാരങ്ങളും.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

വേദബന്ധു. 1972. *അർത്ഥവിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

________. (സമ്പാ.) 2004. *യാസ്കമുനിയുടെ നിരുക്തോപക്രമം.* (സമ്പാ.) ഗുപ്തൻ നൻനായർ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വേലായുധൻ പണിക്കശ്ശേരി. 1980. കേരളചരിത്രപഠനങ്ങൾ ...........

ശേഷഗിരിപ്രഭു എം. 2003. *വ്യാകരണമിത്രം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീകുമാർ, എം. 1998. *ഭർത്തൃഹരിയുടെ ഭാഷദർശനം.* ദേവതിയാൽ: മുദ്ര പ്രിന്റേഴ്സ്.

ശ്രീനാഥൻ എം. (എഡി.). 2017. *മിഷണറിഭാഷാശാസ്ത്രം.* തിരൂർ: തുഞ്ചെഴുത്തച്ഛൻ മലയാളസർവ്വകലാശാല.

________. (എഡി.). 2016. *മലയാളഭാഷാചരിത്രം.* പുതുവഴികൾ. തിരൂർ: തുഞ്ചെഴുത്തച്ഛൻ മലയാളസർവ്വകലാശാല.

ശ്രീനാഥ്, എം. 2014. *പാശ്ചാത്യഭാഷാപഠനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശ്രീരാജ്, കെ.കെ. 2016. *മാധ്യമഭാഷാമാറ്റങ്ങൾ.* തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

ശ്രീഷമീം. (എഡി.). 2016. *വിശ്വവിഖ്യാത തെറി.* കോട്ടയം: ഡി.സി. ബുക്സ്.

ഷാജി ജേക്കബ് (എഡി.). 2016. *ഫേസ്ബുക്ക് : നവമലയാളത്തിന്റെ മാനിഫെസ്റ്റോ.* കണ്ണൂർ: കൈരളി ബുക്സ്.

സുകമാരപിള്ള, കെ. 1980. *കൈരളീശബ്ദാനുശാസനം.* തിരുവനന്തപുരം : കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

സുനീത, ടി.വി. (എഡി.) 2009. *സൈബർ മലയാളം.* തൃശ്ശൂർ: കറന്റ് ബുക്സ്.

സേതുരാമൻ, കെ. 2011. *മലയാളത്തിന്റെ ഭാവി.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

സോമൻ, പി. *ദേവദാസികളും സാഹിത്യചരിത്രവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സോമശേഖരൻനായർ, പി. 1982. *നിഘണ്ടുവിജ്ഞാനം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

__________. 1973. *ഭാഷാഭേദവിജ്ഞാനം.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

സോളി, വി.ആർ. & ജോയ്പോൾ, കെ. 2015. *ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും.* തൃശ്ശൂർ: മലയാളഭാഷാപഠനഗവേഷണകേന്ദ്രം.

റോയ്, സി.ജെ. 1982. *ഭാഷാദർശനം.* കോട്ടയം: നാഷണൽ ബുക്സ്റ്റാൾ.

1966. *നിഘണ്ടുനിർമ്മാണം.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

**ഇംഗ്ലീഷ് കൃതികൾ**

Bloomfield. L. 1961. *Language.* Delhi: Motilal Banarsidass.

Godavarma, K. 2017. *Indo-Aryan Loanwords in Malayalam.* Thirur: Thunchath Ezhuthachan Malayalam University.

Chomsky, Noam. 1965. *Aspects of the theory of Syntax.* Massachusetts: Massachutts Institute of Technology Press.

Leech, Jefry. 1986. *Semantics.* New Delhi: Penguin.

Kunjunni Raja, K. 1998. *Indian Theories of Meaning.* Madras: Adayar Library.

Sassure, Ferdinand de. 1959. *Course in General Linguistics*. Trans. Wade Baskine. New York: New York Philosophical Library.

**നിഘണ്ടുക്കൾ**

*അഭിനവമലയാളനിഘണ്ടു*. 1977. മാധവൻപിള്ള, സി. കോട്ടയം: ഡി.സി. ബുക്സ്.

*കേരളഭാഷാനിഘണ്ടു*. 1997. ഗുപ്തൻനായർ, എസ്. (എഡി.) തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

*ഗുണ്ടർട്ട്നിഘണ്ടു*. (രണ്ടാം പതിപ്പ്), 1962. ഗുണ്ടർട്ട്, ഹെർമ്മൻ. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

*പച്ചമലയാളനിഘണ്ടു*. (രണ്ടാം പതിപ്പ്) 2016. സുമംഗല. തൃശ്ശൂർ: ഗ്രീൻബുക്സ്.

*ഭാഷാശാസ്ത്രനിഘണ്ടു*. 2010. പ്രബോധചന്ദ്രൻനായർ, വി.ആർ. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

*മലയാളമഹാനിഘണ്ടു* (വാല്യം 1) 1965. (എഡി.) കുഞ്ഞൻപിള്ള, ശൂരനാട്. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 2) 1970. (എഡി.) കുഞ്ഞൻപിള്ള, ശൂരനാട്. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 3) 1976. (എഡി.) നമ്പൂതിരിപ്പാട്, കെ.വി. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 4) 1984. (എഡി.) ബാലകൃഷ്ണൻ, ബി.സി. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 5) 1985. (എഡി.) ബാലകൃഷ്ണൻ, ബി.സി. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 6) 1988. (എഡി.) ബാലകൃഷ്ണൻ, ബി.സി. തിരുവനന്തപുരം: കേരളസർവ്വകലാശാല.

_______. (വാല്യം 7) 1997. (എഡി.) സോമശേഖരൻനായർ, പി. തിരുവനന്തപുരം: കേരളസർവ്വകലാശാല.

*മലയാളശൈലീനിഘണ്ടു*. 1975. രാമലിംഗപിള്ള, ടി. കോട്ടയം: ഡി.സി.ബുക്സ്.

*ശബ്ദതാരാവലി (40-ാം പതിപ്പ്)* 2015. പത്മാനപിള്ള, ജി. ശ്രീകണ്ഠേശ്വരം. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

*സംസ്കൃത-മലയാളനിഘണ്ടു*. 1973. ബാലകൃഷ്ണൻ,വി. & ലീലാദേവി,ആർ. കോട്ടയം: വിദ്യാർത്ഥിമിത്രം പ്രസ്സ്.

*A Practical Vedic Dictionary*. 1981. Suryakanta. Delhi: Oxford University Press.

*Dravidian Etymological Dictionary*. 1961. Burrowt & Emeneau M.B. Oxford Clarendon Press.

*NTC'S Dictionary of BRITISH SLANG and COLLOQUIAL EXPRESSIONS*. 2000. Ewart James. USA: NTC Publishing Group.

*Oxford Dictionary and Thesaurus*. 2001. Julia Elliot. (Ed.). New York: Oxford University Press.

**ആനുകാലികങ്ങൾ**

അച്യുതനുണ്ണി, ചാത്തനാത്ത്. 1974. നവംബർ. *ധ്വനിദർശനം*. വിജ്ഞാനകൈരളി, വാല്യം 6. ലക്കം 6.

അജയകുമാർ, എൻ. 2010 മെയ്. *ഘടനാവാദവും സാഹിത്യവിമർശനവും*. മലയാളം റിസർച്ച്ജേണൽ, വാല്യം 3. ലക്കം 2.

അനു, പി.പി. 2012. ഒക്ടോബർ. *മാധ്യമമലയാളത്തിന്റെ പരിണാമങ്ങൾ.* വിജ്ഞാന കൈരളി.

ആദർശ്, വി.കെ. 2012 ഡിസംബർ. *ഇ-ലോകത്തെ വാസ്തവങ്ങൾ.* മാധ്യമം ആഴ്ച പ്പതിപ്പ് 3.

ഉണിത്തിരി,എൻ.വി.പി. 2007 മെയ്. *നാനാർത്ഥപദങ്ങളും പര്യായപദങ്ങളും*, വിജ്ഞാനകൈരളി, വാല്യം 43. ല. 10.

________. 2007. സെപ്റ്റംബർ. *നിരുക്തിയും ജനകീയപ്രയോഗവും*. വിജ്ഞാന കൈരളി, വാല്യം 38. ലക്കം 9.

ഉണ്ണിക്കൃഷ്ണൻനായർ. 1984 ജൂലൈ-ആഗസ്റ്റ്. *ശബ്ദം*. വിജ്ഞാനകൈരളി, വാല്യം 15. ല. 7.

കൃഷ്ണൻനായർ, പൂജപ്പുര. 2005 സെപ്റ്റംബർ. *അഭിനവഗുപ്തനും ഡിഫ റാൻസും*. വിജ്ഞാനകൈരളി, വാല്യം 36. ലക്കം 9.

ഗോപാലകൃഷ്ണൻ, നടുവട്ടം. 1997 ജൂലൈ. *നിഘണ്ടുനിർമ്മാണം മലയാളത്തിൽ (20-ാം നൂറ്റാണ്ട്).* വിജ്ഞാനകൈരളി, വാല്യം 28. ല.7.

ഗോപാലകൃഷ്ണൻ, വി.എൻ. 2013. *മലയാളം: ഉൽപ്പത്തി മുതൽ ശ്രേഷ്ഠപദവി വരെ.* വിശാലകേരളം, ഓണപ്പതിപ്പ്.

തോമസ്, കടങ്കാവിൽ. 1973 സെപ്തംബർ. *അർത്ഥവും അതിന്റെ യാഥാർത്ഥ്യവും.* വിജ്ഞാനകൈരളി, വാല്യം 5. ല. 4.

നാരായണപിള്ള, കെ. 1997 മാർച്ച്. *മലയാളത്തിലെ സാങ്കേതികസംജ്ഞകൾ.* വിജ്ഞാനകൈരളി, വാല്യം 8. ല. 10.

നികിതസേവ്യർ. 2013 സെപ്റ്റംബർ. *നിഘണ്ടുക്കളും ലിംഗസൂചകപദങ്ങളും.* വിജ്ഞാനകൈരളി, വാല്യം 44. ലക്കം. 7.

പ്രബോധചന്ദ്രൻനായർ, വി.ആർ. 2007 ഡിസംബർ. 'പദം' *എന്നാൽ?* വിജ്ഞാന കൈരളി, വാല്യം 38. ലക്കം 12.

__________. 2008 ജനുവരി. *പദത്തിന്റെ വ്യാകരണികഘടന.* വിജ്ഞാനകൈരളി, വാല്യം 39. ല. 1.

പ്രസാദ്, സി.ആർ. 2015 ജനുവരി. *ഭാഷാപരിണാമത്തിലെ ജനാധിപത്യവും സ്വകാര്യവത്കരണവും.* ഭാഷാപോഷിണി, പുസ്തകം 39. ലക്കം 1.

ഫിലിപ്പ്, മണിമല. 1980 ഫെബ്രുവരി. *ഫലിതം പറയുന്ന ഭാഷ,* ഭാഷാപോഷിണി, പുസ്തകം 4. ലക്കം 2.

ബെഞ്ചമിൻ, ഡി. 2008 മെയ്-സെപ്തംബർ. *മലയാളഗദ്യത്തിന്റെ പരിണാമം, ഒരന്വേഷണം.* മലയാളം റിസർച്ച്ജേണൽ, വാല്യം 1. ലക്കം 33.

മധുസൂദനൻനായർ, പി. 1997 ജൂലൈ. *വാക്കിന്റെ കീഴും കിഴക്കും.* വിജ്ഞാനകൈരളി, വാല്യം 28. ലക്കം 9.

രവികുമാർ, കെ.എസ്. 2008 നവംബർ. *മാറുന്ന മലയാളം.* ജനപഥം.

രാജശേഖരൻ. 1983 ഫെബ്രുവരി, *ഭാഷാപരിണാമം പാട്ടുകൃതികളിൽ.* വിജ്ഞാനകൈരളി, വാല്യം 14. ലക്കം 2.

രാജേന്ദ്രൻ, സി. 1977 സെപ്തംബർ. *ഭാഷ: ഒരു ബിഹേവ്യറിസ്റ്റ് ദർശനം.* വിജ്ഞാനകൈരളി, വാല്യം 9. ലക്കം 4.

____________. 1997 ഫെബ്രുവരി. *ഘടനാവാദവും ചിഹ്നശാസ്ത്രവും.* വിജ്ഞാനകൈരളി, വാല്യം 28. ലക്കം 2.

വാസുദേവഭട്ടതിരി, സി.വി. 1993 ഏപ്രിൽ. *മലയാളനിഘണ്ടുക്കൾ.* ഭാഷാപോഷിണി.

_______ . 1989 ആഗസ്ത് -സെപ്തംബർ. *അർത്ഥവും അനർത്ഥവും,* ഭാഷാപോഷിണി, പുസ്തകം 13. ലക്കം 2.

വേണുഗോപാലപ്പണിക്കർ, ടി.ബി. 2004 ഡിസംബർ. *മാറുന്ന മലയാളസംസാരഭാഷ.* ഭാഷാപോഷിണി, പുസ്തകം 28. ലക്കം 7.

വേലായുധൻപിള്ള, പി.വി. 1984 ഫെബ്രുവരി. *മലയാളഭാഷയുടെ പരിണാമഘട്ടങ്ങൾ.* ഭാഷാപോഷിണി, പുസ്തകം 7. ലക്കം 5.

ശങ്കുണ്ണി, എം.പി. 1974 ഒക്ടോബർ. *മലയാളത്തിലും തമിഴിലുമുള്ള ചില പ്രാകൃത പദങ്ങൾ.* വിജ്ഞാനകൈരളി, വാല്യം 6. ലക്കം 5.

ശ്രീജൻ, വി.സി. 1996 സെപ്തംബർ- ഒക്ടോബർ, *ദെറിദായുടെ പ്രശ്നലോകം.* സാഹിത്യലോകം, പുസ്തകം 21. ലക്കം 5.

ശ്രീനാഥൻ, എം. (എഡി.) 2017 മെയ്. *മലയാളഭാഷാശാസ്ത്രം ഗവേഷണ ജേണൽ.* തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലാ പ്രസിദ്ധീകരണം.

സത്യജിത്ത്, ആർ. 2013 ആഗസ്ത്. *മലയാളഭാഷയുടെ പ്രാക്തനത.* വിജ്ഞാനകൈരളി, വാല്യം 44. ലക്കം 8.

സന്ധ്യ, പി.പി. 2016 ഫെബ്രുവരി. *സ്റ്റൈലൻപദങ്ങൾ: ഭാഷയുടെ ചലനാത്മകസൂചകങ്ങൾ.* സാഹിത്യലോകം, പുസ്തകം 44. ലക്കം 1.

________. 2017 മാർച്ച്. *ആദാനപദങ്ങളിലെ അർത്ഥവ്യതിയാനം.* റിസർച്ച് സ്കോളർ, വാല്യം 7. ലക്കം 1.

________. 2018 മാർച്ച്. *മലയാളത്തിലെ പാലീപദങ്ങളും അർത്ഥപരിണാമവും.* മലയാളവിമർശം 28.

സാനു, എം. കെ. 2008 ഫെബ്രുവരി. *മലയാളത്തിന്റെ ഭാവി.* വിജ്ഞാനകൈരളി, വാല്യം 39. ലക്കം 2.

റോയ്, സി.ജെ. 1984 ഒക്ടോബർ-നവംബർ. *പദസഞ്ചയം.* ഭാഷാപോഷിണി, പുസ്തകം 8. ലക്കം 3.

**ഗവേഷണ പ്രബന്ധം**

ഫ്രാൻസിസ്, ടി.എ. 1995. *വിലക്കുപദങ്ങളുടെ സാമൂഹികഭാഷാസ്വഭാവം.* എം.ഫിൽ പ്രബന്ധം. കോഴിക്കോട് സർവ്വകലാശാല.

ബാബുരാജ്, കെ.കെ. 2005. *കേരളത്തിലെ രഹസ്യഭാഷ ഒരു സാമൂഹികഭാഷാശാസ്ത്രപഠനം*. കോഴിക്കോട് സർവ്വകലാശാല.

**വെബ്സൈറ്റ്**

bookzz.org

https://ml.wikionary.org.

https://ml.wikibooks.or.

https://ml.wikisource.org.

https://olam.in.dictionary

www.wikipedia.com